പാരിസ്ഥിതിക സ്ത്രീവാദവും മലയാളകവിതാസാഹിത്യവും –

സുഗതകുമാരി, വിജയലക്ഷ്മി, റോസ്മേരി, ലളിതാലെനിൻ, വി.എം.ഗിരിജ എന്നിവരുടെ കവിതകളെ മുൻനിർത്തി ഒരു പഠനം

(സംശോധിതപ്പതിപ്പ്)

ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി

കാലിക്കറ്റ് സർവ്വകലാശാലയിൽ സമർപ്പിക്കുന്ന

ഗവേഷണ പ്രബന്ധം

സൗമ്യ. സി.എസ്.

മലയാള ഗവേഷണവിഭാഗം

ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ

മെയ് 2020

സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന 'പാരിസ്ഥിതിക സ്ത്രീവാദവും മലയാളകവിതാസാഹിത്യവും - സുഗതകുമാരി, വിജയലക്ഷ്മി, റോസ്മേരി, ലളിതാലെനിൻ, വി.എം. ഗിരിജ എന്നിവരുടെ കവിതകളെ മുൻനിർത്തി ഒരു പഠനം' എന്ന ഈ പ്രബന്ധം സൗമ്യ. സി.എസ്. എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : തൃശ്ശൂർ,

തിയ്യതി : 02-05-2020.

ഡോ. എൻ. ആർ. ഗ്രാമപ്രകാശൻ

രാഗലയ, എം.ജി. നഗർ

തൃശ്ശൂർ - 680 002.

സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന 'പാരിസ്ഥിതിക സ്ത്രീവാദവും മലയാളകവിതാസാഹിത്യവും - സുഗതകുമാരി, വിജയലക്ഷ്മി, റോസ്മേരി, ലളിതാലെനിൻ, വി.എം. ഗിരിജ എന്നിവരുടെ കവിതകളെ മുൻനിർത്തി ഒരു പഠനം' എന്ന ഈ പ്രബന്ധം സൗമ്യ. സി.എസ്. എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : തൃശ്ശൂർ,

തിയ്യതി : 02-05-2020.

ഡോ. എം. ആർ. രാജേഷ്

അസി. പ്രൊഫസർ, മലയാളവിഭാഗം

ശ്രീ കേരളവർമ്മ കോളേജ്

തൃശ്ശൂർ.

സത്യപ്രസ്താവന

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിന് സമർപ്പിക്കുന്ന 'പാരിസ്ഥിതിക സ്ത്രീവാദവും മലയാള കവിതാ സാഹിത്യവും - സുഗതകുമാരി, വിജയലക്ഷ്മി, റോസ്മേരി, ലളിതാലെനിൻ, വി.എം.ഗിരിജ എന്നിവരുടെ കവിതകളെ മുൻനിർത്തി ഒരു പഠനം' എന്ന ഈ പ്രബന്ധം ഇതിന് മുമ്പ് ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് അടിസ്ഥാനമായിട്ടില്ലെന്ന് ഇതിനാൽ സത്യം ചെയ്തുകൊള്ളുന്നു.

സ്ഥലം : തൃശ്ശൂർ

തിയ്യതി : 02-05-2020.

സൗമ്യ. സി.എസ്.
ഗവേഷണവിഭാഗം
ശ്രീ കേരളവർമ്മ കോളേജ്,
തൃശ്ശൂർ.

കൃതജ്ഞത

എന്റെ ഗവേഷണ പ്രബന്ധം തയ്യാറാക്കുന്നതിന്റെ ഭാഗമായി തക്കതായ മാർഗ്ഗനിർദ്ദേശം നല്കിയ പ്രധാന മാർഗ്ഗദർശിയായ ഡോ.എൻ.ആർ. ഗ്രാമപ്രകാശൻ, അദ്ദേഹത്തിന് ശേഷം സഹമാർഗ്ഗനിർദ്ദേശകരായി സ്ഥാനമേറ്റ ഡോ. പി.വി. പ്രകാശ്ബാബു, ഡോ.എം.ആർ.രാജേഷ് എന്നീ അദ്ധ്യാപകരോടുള്ള നന്ദി ആത്മാർത്ഥമായി രേഖപ്പെടുത്തുന്നു. അതോടൊപ്പം ഗവേഷണത്തിന്റെ ഓരോ ഘട്ടത്തിലും വിവരശേഖരണത്തിനായി സഹകരിച്ച ശ്രീ കേരളവർമ്മ കോളേജ് ലൈബ്രറി, അപ്പൻ തമ്പുരാൻ ലൈബ്രറി, കേരള സാഹിത്യഅക്കാദമി ലൈബ്രറി എന്നിവിടങ്ങളിലെ എല്ലാ പ്രവർത്തകരോടുമുള്ള കടപ്പാട് രേഖപ്പെടുത്തുന്നു. പ്രബന്ധത്തിന്റെ മൂല്യനിർണ്ണയത്തിനുശേഷം സംശോധിതപ്പതിപ്പിന്റെ സമർപ്പണത്തിന്റെ ഭാഗമായി തക്കതായ നിർദ്ദേശങ്ങൾ നൽകിയ ഡോ. പി. ആർ. രാമചന്ദ്രൻ മാഷിനോടുള്ള തികഞ്ഞ ആദരവും നന്ദിയും കൂടി സ്നേഹത്തോടെ രേഖപ്പെടുത്തുന്നു. ഗവേഷണ കാലയളവിൽ ആത്മാർത്ഥമായി കൂടെ നിന്ന എല്ലാ പ്രിയ സുഹൃത്തുക്കളോടും കുടുംബാംഗങ്ങളോടുമുള്ള നന്ദിയും രേഖപ്പെടുത്തുന്നു. എല്ലാറ്റിനുമുപരി സർവ്വേശ്വരനേയും നന്ദിയോടെ സ്മരിക്കുന്നു.

ചുരുക്കെഴുത്തു പട്ടിക

മലയാളം		ഇംഗ്ലീഷ്	
ചുരുക്കെഴുത്ത്	പൂർണ്ണരൂപം	ചുരുക്കെഴുത്ത്	പൂർണ്ണരൂപം
എഡി.	എഡിറ്റർ	Ed.	Editor
ടിപു.	മേല്പടി	No.	Number
പ.	പതിപ്പ്	pp.	Pages
പു.	പുറം	Vol.	Volume
ഭാ.	ഭാഗം	Trans.	Traslator
വിവ.	വിവർത്തകൻ		Translation
സമ്പാ.	സമ്പാദകൻ		

ഉള്ളടക്കം

പുറം

പ്രസ്താവന I

ചുരുക്കെഴുത്തുസൂചിക II

0. ഉപോദ്ഘാതം 1-8

0.1. പഠനലക്ഷ്യം

0.2. പഠനത്തിന്റെ പ്രസക്തി

0.3. പഠനത്തിന്റെ രീതി

0.4. പഠന മേഖല

0.5. പൂർവ്വകാലപഠനങ്ങൾ

0.6. പ്രബന്ധഘടന

1. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ചരിത്രവും വർത്തമാനവും

1.1. പരിസ്ഥിതിവാദം 9-52

1.1.1. മാർക്സിയൻപരിസ്ഥിതിവാദം

1.1.2. സാമൂഹികപരിസ്ഥിതിവാദം

1.1.3. ആത്മീയപരിസ്ഥിതിവാദം

1.1.4. ഗഹനപരിസ്ഥിതിവാദം

1.2. സ്ത്രീവാദം

1.2.1. ലിബറൽഫെമിനിസം

1.2.2. റാഡിക്കൽഫെമിനിസം

1.2.3. മാർക്സിയൻഫെമിനിസം

1.2.4. കൾച്ചറൽഫെമിനിസം

1.2.5. സോഷ്യലിസ്റ്റ്ഫെമിനിസം

1.2.6. ദളിത്ഫെമിനിസം

1.3. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ വികാസം

1.3.1. ലിബറൽപാരിസ്ഥിതിക സ്ത്രീവാദം

1.3.2. സാംസ്കാരിക - പാരിസ്ഥിതിക സ്ത്രീവാദം

1.3.3. സാമൂഹിക,സമത്വവാദ പാരിസ്ഥിതിക സ്ത്രീവാദം

1.3.4. വെജിറ്റേറിയൻ പാരിസ്ഥിതിക സ്ത്രീവാദം

1.4. പാരിസ്ഥിതിക സ്ത്രീവാദവും സമീപനങ്ങളും

1.4.1. കൊളോണിയൽ അധികാരഘടനയും പാരിസ്ഥിതിക സ്ത്രീവാദവും

1.4.2. വംഗാരിമാതായിയും ഗ്രീൻബെൽറ്റ് പ്രസ്ഥാനവും

1.4.3. ചിപ്കോപ്രസ്ഥാനവും സ്ത്രീപക്ഷരാഷ്ട്രീയവും

1.4.4. മേധാപട്കർ

1.4.5. വന്ദനശിവ

2. പാരിസ്ഥിതിക സ്ത്രീവാദകവിതകളും സാമൂഹികപശ്ചാത്തലവും

2.1. പിതൃമേധാവിത്വവ്യവസ്ഥിതി 53-99

2.1.1. ജന്മിത്തവ്യവസ്ഥിതി

2.1.2. ആധുനിക കുടുംബസങ്കല്പം

2.1.3. ആധുനികവികസനം

2.1.4. ആദിവാസിസ്ത്രീ സമൂഹവും വനമേഖലയും

2.1.5. സൈലന്റ് വാലി ജലവൈദ്യുതപദ്ധതിയും പ്രതിരോധങ്ങളും

2.1.6. വിത്തും വികസനവും

2.1.7. നഗരവത്ക്കരണം

3. പാരിസ്ഥിതിക സ്ത്രീവാദവും അറുപതുകൾക്ക് ശേഷമുള്ള കവിതകളും

3.1. ഗ്രാമ-നഗര ദ്വന്ദ്വം 100-184

3.2. പാരിസ്ഥിതിക സ്ത്രീവാദവും ആധുനിക കവികളും

3.2.1. അയ്യപ്പപ്പണിക്കർ

3.2.2. എൻ.എൻ.കക്കാട്

3.2.3. കടമ്മനിട്ട രാമകൃഷ്ണൻ

3.2.4. സച്ചിദാനന്ദൻ

3.2.5. കെ.ജി.ശങ്കരപ്പിള്ള

3.3. സ്ത്രീയും പ്രകൃതിയും എൺപതുകൾക്ക് ശേഷമുള്ള കവിതയിൽ

3.3.1. പി.പി.രാമചന്ദ്രൻ

3.3.2. എസ്.ജോസഫ്

3.3.3. സാവിത്രി രാജീവൻ

3.3.4. വീരാൻകുട്ടി

4. പാരിസ്ഥിതിക സ്ത്രീവാദവും സുഗതകുമാരിക്കവിതകളും

4.1. പാരിസ്ഥിതിക സ്ത്രീവാദം - സുഗതകുമാരി 185-238

4.1.1. പ്രകൃതിപക്ഷകവിതകളിലെ സാമൂഹ്യപരത

4.1.2. സുഗതകുമാരിയുടെ കവിതയും വിമോചന സങ്കൽപവും

5. പാരിസ്ഥിതിക സ്ത്രീവാദവും വിജയലക്ഷ്മിക്കവിതകളും

5.1. പാരിസ്ഥിതിക സ്ത്രീവാദം - വിജയലക്ഷ്മി 239-284

5.1.1. ഗാർഹികം

5.1.2. ദളിത്പക്ഷം

5.1.3. പ്രകൃതിപരം

5.1.4. വീണ്ടെടുപ്പുകൾ

6. പാരിസ്ഥിതിക സ്ത്രീവാദവും ലളിതാലെനിൻ, റോസ്മേരി, വി.എം. ഗിരിജ എന്നിവരുടെ കവിതകളുടെ അവലോകനവും

6.1. പാരിസ്ഥിതിക സത്രീവാദം - ലളിതാലെനിൻ 285-374

6.1.1. സ്ത്രീയും കുടുംബവും

6.1.2. സ്ത്രീയും സമൂഹവും

6.1.3. പ്രതിലോമപരതയും പ്രതിരോധവും

6.1.4. സ്ത്രീയും പ്രകൃതിപക്ഷവും

6.2. പാരിസ്ഥിതിക സ്ത്രീവാദം - റോസ്മേരി

6.3. പാരിസ്ഥിതിക സ്ത്രീവാദം - വി.എം.ഗിരിജ

6.3.1. ഉടലും സ്ത്രൈണപ്രതിനിധാനവും

6.3.2. സ്വത്വപരമായ തിരിച്ചറിവുകൾ

6.3.3. സ്ത്രീ/പുരുഷൻ = പ്രകൃതി

7. ഉപസംഹാരം 375-385

8. ഗ്രന്ഥസൂചി 386-403

a. മലയാള കൃതികൾ

b. ഇംഗ്ലീഷ് ബുക്സ്

c. ആനുകാലികങ്ങൾ

d. ഓൺലൈൻ റഫറൻസ്

9. **അനുബന്ധം**

1. സ്ത്രൈണപക്ഷത്തിലെ പ്രകൃതിപക്ഷം: കവയിത്രി ലളിതാലെനിനുമായി നടത്തിയ അഭിമുഖം 404-412

0. ഉപോദ്ഘാതം

പാരിസ്ഥിതിക സ്ത്രീവാദം ഇരുപതാംനൂറ്റാണ്ടിൽ രൂപം കൊണ്ട സംയുക്ത പരവും സ്വതന്ത്രവുമായ ഒരു ആശയമേഖലയാണ്. സ്ത്രീയുടെയും പ്രകൃതിയുടെയും സ്വത്വപരമായ ഉൺമയെ വെളിപ്പെടുത്തിക്കൊണ്ടാണ് സാഹിത്യത്തിലും കലയിലും കോളനിവത്കരണാനന്തര സമൂഹം ഈ വാദത്തിന്റെ സാധ്യതകളെ സ്വരൂപിക്കുന്ന ത്. മലയാള കവിതാസാഹിത്യവും ഇതിൽ നിന്ന് ഭിന്നമല്ല. യഥാർത്ഥത്തിൽ ഈ ആശയമേഖല പ്രസക്തമാകുന്ന സാമൂഹിക രാഷ്ട്രീയ സാഹചര്യം സ്ത്രീക്കും പ്രകൃതിക്കുമെതിരെയുള്ള അധികാരസമുച്ചയങ്ങളുമായി ബന്ധപ്പെട്ടാണ് നിലനിൽക്കു ന്നത്. അതുകൊണ്ടുതന്നെ ഈ അർത്ഥപരിസരത്ത് നിന്നുകൊണ്ട് പാരിസ്ഥിക സ്ത്രീ വാദ പരിപ്രേക്ഷ്യത്തിൽ സുഗതകുമാരി, വിജയലക്ഷ്മി, ലളിതാലെനിൻ, റോസ്മേരി, വി.എം.ഗിരിജ എന്നിവരുടെ തിരഞ്ഞെടുത്ത കവിതകളുടെ വിമർശനാത്മക അവലോകനമാണ് പ്രബന്ധത്തിൽ നിർവ്വഹിച്ചിട്ടുള്ളത്. പ്രബന്ധ ശീർഷകത്തിന കത്തെ എഴുത്തുകാരികളുടെ ശരിയായ കാലക്രമം താഴെ ചേർക്കുന്നു. സുഗതകുമാ രി, വിജയലക്ഷ്മി, ലളിതാലെനിൻ, റോസ്മേരി, വി.എം. ഗിരിജ. ഈ കാലക്രമത്തിന നുസരിച്ചാണ് പ്രബന്ധത്തിനകത്ത് പഠനം നിർവ്വഹിക്കുന്നത്.

0.1 പഠനലക്ഷ്യം

പാരിസ്ഥിതിക സ്ത്രീവാദം സമൂഹത്തിലും സാഹിത്യത്തിലും പ്രതി ബോധത്തെ രൂപപ്പെടുത്തുന്ന സാഹചര്യം ജാതി, വർഗ്ഗ, ലിംഗാധികാരങ്ങളുമായും കൊളോണിയൽ അധിനിവേശങ്ങളുമായും ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. സ്ത്രീയെയും പ്രകൃതിയെയും മുൻനിർത്തിയിട്ടുള്ള പൂർവ്വധാരണകളെയാണ് ഈ വാദം സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ട് തിരുത്തുന്നത്. സ്ത്രീക്കും പ്രകൃതിക്കും മീതെ പ്രവർത്തിക്കുന്ന പുരുഷാധികാരത്തിന്റെ സൂക്ഷ്മവും സ്ഥൂലവുമായ തലങ്ങളെ വിമർശനാത്മകമായി സമീപിച്ചുകൊണ്ട് മാത്രമെ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രത്യയശാസ്ത്രത്തിന് ഒരു തുടർച്ച സാധ്യമാകൂ. ഈ ദൗത്യത്തെ സുഗതകുമാരി, വിജയലക്ഷ്മി, ലളിതാലെനിൻ, റോസ്മേരി,വി.എം.ഗിരിജ എന്നിവരുടെ കവിതകൾ എത്രമാത്രം ഉൾക്കൊള്ളുന്നു എന്ന അന്വേഷണമാണ് പഠനത്തിന്റെ ലക്ഷ്യം.

0.2. പ്രസക്തി

ജീവന്റെ തുടർച്ച സാമൂഹികമായും വൈയക്തികമായും സാധ്യമാകുന്നത് പ്രകൃതിയിലൂടെയും സ്ത്രീയിലൂടെയുമാണ്. ആർത്തവം, ഗർഭം, പ്രസവം,മുലയൂട്ടൽ എന്നിങ്ങനെയുള്ള ജൈവിക സവിശേഷതകൾ കൊണ്ടാണ് സ്ത്രീ പുരുഷനിൽ നിന്ന് വ്യത്യസ്തയാകുന്നത്. ഭാവിതലമുറയുടെ ശാരീരികവും മാനസികവുമായ ആരോഗ്യം സ്ത്രീസമൂഹത്തിനെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. എന്നാൽ കാലങ്ങളായി സ്ത്രീസമൂഹം ശുദ്ധമായ വെള്ളത്തിന്റെ, വായുവിന്റെ അഭാവം, അനാരോഗ്യകരമായ വാസസ്ഥാനം, തൊഴിലിടങ്ങൾ എന്നീ പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. ഖനനപ്രവർത്തനങ്ങളിലൂടെയും ആണവവത്കരണത്തിലൂടെയും പ്രകൃതിയിലേക്ക് അധികാരത്തെ പ്രയോഗിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സ്ത്രീക്കും പ്രകൃതിക്കും വേണ്ടിയുള്ള സാമൂഹികക്കൂട്ടായ്മകളും അക്കാദമിക പഠനങ്ങളും അനിവാര്യമാണ്. ഈ അർത്ഥപരിസരത്തിലാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പരിപ്രേക്ഷ്യത്തിൽ സുഗതകുമാരി, വിജയലക്ഷ്മി, ലളിതാലെനിൻ, റോസ്മേരി, വി.എം.ഗിരിജ എന്നിവരുടെ കവിതകളെ മുൻനിർത്തിയുള്ള പഠനത്തിന് പ്രസക്തി കൈവരുന്നത്.

0.3. പഠനരീതി

പാരിസ്ഥിതിക സ്ത്രീവാദത്തിനെ മുൻനിർത്തിയിട്ടുള്ള പൂർവ്വപഠനങ്ങളെയും ആനുകാലികങ്ങളെയും ശേഖരിക്കുകയാണ് ഗവേഷണത്തിന്റെ ആദ്യഘട്ടത്തിൽ ചെയ്തത്. തുടർന്ന് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ അടിസ്ഥാനത്തിൽ സുഗതകുമാരി, വിജയലക്ഷ്മി,ലളിതാലെനിൻ,റോസ്മേരി, വി.എം.ഗിരിജ എന്നിവരുടെ കവിതകളുടെ വിമർശനാത്മക പഠനമാണ് നിർവ്വഹിച്ചത്. യഥാർത്ഥത്തിൽ പാരിസ്ഥിതിക സ്ത്രീവാദം മലയാളകവിതാ സാഹിത്യപരിസരത്തിൽ ആധുനികാനന്തര ചിന്താപദ്ധതികളുമായി ഇടകലർന്ന് നിരവധി സാദ്ധ്യതകളെ സൃഷ്ടിക്കുന്ന സൈദ്ധാന്തിക മേഖലയാണ്. അതുകൊണ്ടുതന്നെ സുഗതകുമാരി, വിജയലക്ഷ്മി, ലളിതാലെനിൻ, റോസ്മേരി, വി.എം. ഗിരിജ എന്നിങ്ങനെ തിരഞ്ഞെടുത്ത എഴുത്തുകാരികളുടെ കവിതകളെമാത്രം ആസ്പദമാക്കിയുള്ള പഠനം പ്രബന്ധത്തിന്റെ പരിമിതി കൂടിയാണ്. ഈ പരിമിതിയിൽ നിന്നുകൊണ്ടാണ് തിരഞ്ഞെടുത്ത എഴുത്തുകാരികളുടെ കവിതകളിലെ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സാദ്ധ്യതകളെ പരിശോധിക്കുന്നത്. അപ

ഗ്രഥനാത്മക രീതിശാസ്ത്രമാണ് പ്രബന്ധത്തിൽ കൂടുതലായും ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിലും സന്ദർഭാനുസരണമായി വിമർശനാത്മക രീതിശാസ്ത്രവും ഉപയോഗിച്ചിട്ടുണ്ട്.

0.4. പഠനമേഖല

സുഗതകുമാരി, വിജയലക്ഷ്മി, ലളിതാലെനിൻ, റോസ്മേരി, വി.എം. ഗിരിജ എന്നിവർ 1960 മുതൽ 2016 വരെ പ്രസിദ്ധീകരിച്ച കൃതികളിൽ നിന്നും പ്രകൃതി, സ്ത്രീവാദത്തോട് അടുത്തുനിൽക്കുന്ന കവിതകളെയാണ് പ്രധാനമായും പഠനമേഖലയായി തിരഞ്ഞെടുത്തിട്ടുള്ളത്.

0.5. പൂർവ്വകാലപഠനങ്ങൾ

പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ അടിസ്ഥാനത്തിൽ മലയാളത്തിലെ സാഹിത്യരൂപങ്ങൾ പഠനവിധേയമായിട്ടുണ്ട്. ജി.മധുസൂദനൻ എഡിറ്റ് ചെയ്തിട്ടുള്ള 'ഹരിതനിരൂപണം മലയാളത്തിൽ' എന്ന കൃതിയിലാണ് പാരിസ്ഥിതിക സ്ത്രീവാദം എന്ന തലക്കെട്ടിൽ മഹമൂദബീഗത്തിന്റെ ലേഖനം കടന്നുവരുന്നത്. പാരിസ്ഥിതിക സ്തീവാദത്തിന്റെ ചരിത്രത്തെയും വ്യത്യസ്തതലങ്ങളെയും ഈ ലേഖനം പരിചയപ്പെടുത്തുന്നുണ്ട്. ജി.മധുസൂദനന്റെ തന്നെ 'കഥയും പരിസ്ഥിതിയും' എന്ന കൃതിയിലും പാരിസ്ഥിതിക സ്ത്രീവാദചിന്തകൾ കടന്ന് വരുന്നുണ്ട്. ആർ.വിശ്വനാഥന്റെ 'അനന്വയം' എന്ന കൃതിയിലും പാരിസ്ഥിതിക സ്ത്രീവാദം എന്ന തലക്കെട്ടിൽ ഒരു ലേഖനം ചേർത്തിട്ടുണ്ട്. ഈ ലേഖനം പാരിസ്ഥിതിക പ്രതിസന്ധികൾ സാമൂഹിക ദുരന്തങ്ങളായി മാറുന്ന സാഹചര്യങ്ങളെ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പക്ഷത്ത് നിന്ന് വിശദീകരിക്കുന്നു. ജാൻസി ജെയിംസ് എഡിറ്റ് ചെയ്ത 'ഫെമിനിസം' എന്ന കൃതിയിലാണ് എസ്.ശാരദക്കുട്ടിയുടെ പാരിസ്ഥിതിക സ്ത്രീവാദം എന്ന ലേഖനം കടന്നുവരുന്നത്. സ്ത്രീയെയും പ്രകൃതിയെയും മുൻനിർത്തി പരമ്പരാഗതമായി പിന്തുടരുന്ന ഭാരതീയ വിശ്വാസസംഹിതകളിൽ ഊന്നി നിന്നുകൊണ്ടാണ് എസ്.ശാരദക്കുട്ടി ഈ ലേഖനത്തിൽ പാരിസ്ഥിതിക സ്ത്രീവാദത്തെ പരിചയപ്പെടുത്തുന്നത്.

എൻ.എം.പിയേഴ്സണിന്റെ 'ഇക്കോഫെമിനിസം' എന്ന കൃതിയിലും ഇക്കോഫെമിനിസം ഒരദ്ധ്യായമായി കടന്നുവരുന്നുണ്ട്. മാർക്സിയൻ പ്രത്യയശാസ്ത്രത്തോട് ചേർത്ത്വെച്ചാണ് ഇക്കോഫെമിനിസത്തെ ഈ അദ്ധ്യായത്തിൽ പഠിക്കുന്നത്.

പാരിസ്ഥിതിക സ്ത്രീവാദിയായ ഏരിയൽ സാലിയുടെ ആശയങ്ങളെ മുൻനിർത്തി അരികുവത്ക്കരിക്കപ്പെടുന്ന സ്ത്രീ, പ്രകൃതി, ദളിത് വിഭാഗത്തിനൊട്ടാകെയുള്ള വിമോചനപ്രസ്ഥാനമായിട്ടാണ് എൻ.എം.പിയേഴ്സൺ പാരിസ്ഥിതിക സ്ത്രീവാദത്തെ പരിചയപ്പെടുത്തുന്നത്. ആനന്ദ് കാവാലത്തിന്റെ മലയാളകവിതയും പരിസ്ഥിതിയുമെന്ന കൃതിയിലും പാരിസ്ഥിതിക സ്ത്രീവാദവും മലയാളകവിതയും എന്ന തലക്കെട്ടിനുകീഴെ സുഗതകുമാരി, ലളിതാലെനിൻ, വിജയലക്ഷ്മി, എന്നിവരുടെ കവിതകളെ വിശകലനം ചെയ്യുന്നുണ്ട്. പ്രധാനമായും സുഗതകുമാരിയുടെ കാവ്യവ്യക്തിത്വത്തിൽ ഊന്നി നിന്നുകൊണ്ടാണ് പഠനം പുരോഗമിക്കുന്നത്. അതുകൊണ്ട് തന്നെ സുഗതകുമാരിയുടെ കവിതയ്ക്കകത്തെ ആദ്ധ്യാത്മിക പരിസരങ്ങളും സ്ത്രീ, പ്രകൃതിയോഗവും, സാമൂഹികതയും ചർച്ചാവിഷയമാകുന്നുണ്ട്. ഇതോടൊപ്പം വിജയലക്ഷ്മി, ലളിതാലെനിൻ എന്നിവരുടെ കവിതകളിലെ പ്രകൃതിയെയും സൂചിപ്പിച്ച് പോകുന്നു. ആശാലതയുടെ 'പരിസ്ഥിതി സ്ത്രീ മുന്നേറ്റത്തിന്റെ നാൾവഴികൾ' എന്ന കൃതിയിൽ പ്രകൃതിക്കുവേണ്ടി ആഗോളതലത്തിൽ രൂപപ്പെട്ടിട്ടുള്ള സ്ത്രീമുന്നേറ്റങ്ങളെയാണ് പരിചയപ്പെടുത്തുന്നത്. റീജാ വി.എസ്. എഡിറ്റ് ചെയ്ത 'സ്ത്രൈണ കർത്തൃത്വം ആഖ്യാനം പ്രതിനിധാനം രാഷ്ട്രീയം' എന്ന കൃതിയിലാണ് പാരിസ്ഥിതിക സ്ത്രീവാദവും മലയാളസാഹിത്യവും എന്ന മിനിപ്രസാദിന്റെ ലേഖനം കടന്നുവരുന്നത്. സാറാ ജോസഫിന്റെ കഥകളെയാണ് ഈ ലേഖനത്തിൽ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നത്. പരിസ്ഥിതി ദർശനത്തെ പ്രകൃതിപൂജയിൽ നിന്ന് വേറിട്ട് നോക്കിക്കാണുന്നു എന്നുള്ളതാണ് ഈ ലേഖനത്തിന്റെ പ്രത്യേകത. പാരിസ്ഥിതിക സ്ത്രീവാദ വീക്ഷണത്തെ അമ്മദൈവസങ്കൽപ്പത്തിന്റെ ഉത്ഥാനത്തിൽ നിന്ന് വേർപ്പെടുത്തി പുരുഷാധിപത്യ മൂല്യങ്ങൾക്കെതിരെയുള്ള സമീപനമായി ഈ ലേഖനം അടയാളപ്പെടുത്തുന്നു.

സാഹിത്യ വിമർശനഗ്രന്ഥങ്ങൾക്കുപരി ഇതര സാഹിത്യമാസികകളിലും പാരിസ്തിക സ്ത്രീവാദത്തിന്റെ അടിസ്ഥാനത്തിലുള്ള ലേഖനങ്ങൾ കടന്നുവരുന്നുണ്ട്. സാഹിത്യലോകത്തിൽ പ്രസിദ്ധീകരിച്ച പ്രസൂൻ.വി.എസിന്റെ "സ്ത്രീവാദചിന്തകൾ കവിതയിൽ" എന്ന ലേഖനം സാവിത്രിരാജീവന്റെ 'ചരിവ്' എന്ന കവിതയെ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെയടിസ്ഥാനത്തിൽ പഠിക്കുന്നുണ്ട്. മിനിപ്രസാദിന്റെ സാഹിത്യലോകത്തിൽ പ്രസിദ്ധീകരിച്ച 'ഭൂമിയും സ്ത്രിയും അവരുടെ ഗർജനങ്ങളും'

എന്ന ലേഖനവും പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സാധ്യതകളെ ചർച്ചചെയ്യുന്നുണ്ട്. സംഘടിത എന്ന മാസികയും പാരിസ്ഥിതിക സ്ത്രീവാദം എന്ന തലക്കെട്ടിൽ മിനിപ്രസാദിന്റെ ഒരു ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലേഖനത്തിൽ അവസാനത്തെ ജീവിതോപായമായിട്ടാണ് പാരിസ്ഥിതിക സ്ത്രീവാദത്തെ പരിചയപ്പെടുത്തുന്നത്. വിജ്ഞാനകൈരളി പ്രസിദ്ധീകരിച്ച സജിത കിഴിനിപ്പുറത്തിന്റെ 'പാരിസ്ഥിതിക സ്ത്രീവാദം: സ്വരൂപവും സിദ്ധാന്തവും' എന്ന ലേഖനം സ്ത്രീ, പ്രകൃതി ബന്ധത്തിൽ ഊന്നിക്കൊണ്ടാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രസക്തി വിവരിക്കുന്നത്. സംഘടിത പ്രസിദ്ധീകരിച്ച സജിത കിഴിനിപ്പുറത്തിന്റെ 'പരിസ്ഥിതിരാഷ്ട്രീയത്തിലെ പെണ്ണിടങ്ങൾ' എന്ന ലേഖനം പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രത്യയശാസ്ത്രത്തെ ജനകീയവത്കരിക്കുന്നതിലെ ലിംഗാധിഷ്ഠിത സമീപനങ്ങളെയാണ് തുറന്ന് കാട്ടുന്നത്. വിജ്ഞാനകൈരളി പ്രസിദ്ധീകരിച്ച പ്രസീത പി.യുടെ 'സ്ത്രീവാദത്തിന്റെ രാഷ്ട്രീയം' എന്ന ലേഖനത്തിൽ സോഷ്യലിസ്റ്റ് പാരിസ്ഥിതിക സ്ത്രീവാദത്തെ മുൻനിർത്തി സാറാജോസഫ്, പി.സുരേന്ദ്രൻ, വത്സല എന്നിവരുടെ കഥകളെയാണ് വിശകലനം ചെയ്യുന്നത്. 'ഊരുകാക്കുന്ന പെണ്ണാലികൾ' എന്ന സമാഹൃത കൃതിയിൽ സിജോ ജോസ് പ്രസിദ്ധപ്പെടുത്തിയ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സമകാലിക മുഖം മലയാളനോവലിൽ എന്ന ലേഖനം സാറാ ജോസഫിന്റെ 'ആതി' എന്ന നോവലിനെ പാരിസ്ഥിതിക സ്ത്രീവാദപരിപ്രേഷ്യത്തിൽ വിശകലനം ചെയ്യുന്നുണ്ട്. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സൈദ്ധാന്തിക പരിസരത്തെ ആധുനികാനന്തര പരിസ്ഥിതി, സ്ത്രീ രാഷ്ട്രീയവുമായി ബന്ധപ്പെടുത്തിയാണ് ഈ ലേഖനം മുന്നോട്ട് പോകുന്നത്. ഇത്തരത്തിൽ പാരിസ്ഥിതിക സ്ത്രീവാദത്തിനെ മുൻനിർത്തി മലയാളത്തിൽ നിരവധി ലേഖനങ്ങളും ഗവേഷണ പ്രബന്ധങ്ങളും ഉണ്ടായിട്ടുണ്ട്. ഇവയിൽ 'മണ്ണും പെണ്ണും രചനയുടെ പരിപ്രേഷ്യം' എന്ന തലക്കെട്ടിന് കീഴിൽ മ്യൂസ് മേരി ജോർജ് തയ്യാറാക്കിയ പി.വത്സലയുടെയും, സാറാജോസഫിന്റെയും ചെറുകഥകളെ മുൻനിർത്തിയുള്ള ഗവേഷണ പ്രബന്ധം എടുത്തുപറയത്തക്കതാണ്. ഈ വിഷയത്തിന്റെ ഗഹനതയും സൈദ്ധാന്തിക പരിസരത്തിന്റെ ആധുനികാനന്തരപ്രസക്തിയുമാണ് ഈ രീതിശാസ്ത്രത്തെ മുൻനിർത്തി സുഗതകുമാരി, വിജയലക്ഷ്മി, ലളിതാലെനിൻ, റോസ്മേരി, വി.എം. ഗിരിജ എന്നിവരുടെ കവിതകളെ വിശകലനം ചെയ്യാൻ പ്രേരകമായത്.

0.6. പ്രബന്ധഘടന

ഒന്നാമത്തെ അദ്ധ്യായം വിശകലനം ചെയ്യുന്നത് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ രൂപീകരണത്തിന് നിദാനമായ ആഗോളസാഹചര്യങ്ങളെയാണ്. സ്ത്രീയും പ്രകൃതിയും ഒരേ സ്വത്വത്തോടെ പരിചരിക്കപ്പെടുന്ന ലിംഗകേന്ദ്രിതമായ സാമൂഹികവും രാഷ്ട്രീയപരവുമായ സാഹചര്യങ്ങളെ ഈ അദ്ധ്യായം പരിചയപ്പെടുത്തുന്നു. സമൂഹത്തിന്റെ അടിസ്ഥാനഘടകം മുതൽ ഉന്നത വൈജ്ഞാനികതലങ്ങൾവരെ ഉൾക്കൊള്ളുന്ന ഈ സ്ത്രീ, പ്രകൃതി ബന്ധത്തിനെ ആസ്പദമാക്കി വാണിജ്യാടിസ്ഥാനത്തിൽ വർത്തിക്കുന്ന ലിംഗകേന്ദ്രിതമായ അധികാരസ്ഥാനങ്ങളേയും ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം പാരിസ്ഥിതിക സ്ത്രീവാദ സമീപനത്തെ ശക്തിപ്പെടുത്തിയ പരിസ്ഥിതി, സ്ത്രീവാദഘടകങ്ങളെയും സൂചിപ്പിച്ച് പോകുന്നു. അടിസ്ഥാനപരമായി സ്ത്രീയെയും പ്രകൃതിയെയും കീഴായ്മയിൽ നില നിർത്തുന്ന സാമൂഹികവും രാഷ്ട്രീയപരവും സാമ്പത്തികപരവുമായ ലിംഗകേന്ദ്രിത പരിസരങ്ങളെ വിമർശനാത്മകമായി സമീപിക്കുന്ന ഇന്ത്യൻ പാരിസ്ഥിതിക സ്ത്രീവാദവക്താവായ വന്ദനാശിവയുടെ ആശയപരിസരങ്ങളോടാണ് പ്രബന്ധം കടപ്പെട്ട് നിൽക്കുന്നത്.

രണ്ടാമത്തെ അദ്ധ്യായത്തിൽ പാരിസ്ഥിതിക സ്തീവാദസമീപനത്തെ ആവശ്യപ്പെടുന്ന കേരളത്തിലെ സാമൂഹിക സാഹചര്യങ്ങളെ വിലയിരുത്തുന്നു. ആഗോള തലത്തിൽ നിലനിൽക്കുന്ന പിതൃകേന്ദ്രീകൃതമായ സാമൂഹികാധികാരങ്ങളോട് ചേർന്ന് നിന്നാണ് ഈ വിലയിരുത്തൽ നടത്തുന്നത്. സ്ത്രീക്കും പ്രകൃതിക്കും മീതെ ദൃഢപ്പെട്ട സവർണപരമായ പുരുഷസങ്കൽപ്പത്തെയാണ് ഈ അദ്ധ്യായം ചർച്ചാവിഷയമാക്കുന്നത്. ഉത്പാദനവ്യവസ്ഥയിൽ സംഭവിക്കുന്ന പരിണതികൾക്കിടയിൽ സ്ത്രീ, പ്രകൃതി സത്തകൾക്ക് സംഭവിക്കുന്ന ശൈഥില്യങ്ങളും ഈ അദ്ധ്യായത്തിൽ വിഷയമാകുന്നുണ്ട്. അതോടൊപ്പം പ്രകൃതിക്കുവേണ്ടിയുള്ള സാമൂഹികമായ കൂട്ടായ്മകളെയും സമരമാർഗ്ഗങ്ങളെയും ഈ അദ്ധ്യായത്തിൽ തന്നെ വിശദീകരിക്കുന്നുണ്ട്. നഗരവത്കരണത്തിന്റെ ആന്തരികവും ബാഹ്യവുമായ ഫലങ്ങളെ കൂടി സൂചിപ്പിച്ചുകൊണ്ടാണ് രണ്ടാമത്തെ അദ്ധ്യായം അവസാനിപ്പിക്കുന്നത്.

രണ്ടാമത്തെ അദ്ധ്യായത്തിൽ വിശകലനം ചെയ്ത സ്ത്രീ, പ്രകൃതി സത്ത

കൾക്ക് സംഭവിക്കുന്ന പരിണതികളെ അറുപതുകൾക്ക് ശേഷമുള്ള കവിത എത്ര മാത്രം ഉൾക്കൊള്ളുന്നു എന്നന്വേഷിക്കുകയാണ് മൂന്നാമത്തെ അദ്ധ്യായത്തിൽ ചെയ്യുന്നത്. പ്രധാനമായും ഈ അദ്ധ്യായത്തിൽ രണ്ട് ഘട്ടങ്ങളെയാണ് വിശദീകരിക്കുന്നത്. അറുപതുകൾ തൊട്ട് തൊണ്ണൂറ് വരെയുള്ള കവിതകളെയാണ് ആദ്യഘട്ടമായി പരിഗണിക്കുന്നത്. രണ്ടാമത്തെ ഘട്ടത്തിൽ എൺപതുകൾക്ക് ശേഷമുള്ള കവിതകളെയാണ് എടുത്തിട്ടുള്ളത്. ഇതിൽതന്നെ രണ്ടായിരത്തി പതിനഞ്ച് വരെ പ്രസിദ്ധീകരിച്ചിട്ടുള്ള കവിതകളിൽ തിരഞ്ഞെടുത്തിട്ടുള്ള കവിതകളെയാണ് പാരിസ്ഥിതിക സ്ത്രീവാദ പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് അവലോകനം ചെയ്യുന്നത്. ഈ അവലോകനത്തിൽ സ്ത്രീ, പ്രകൃതി ബന്ധത്തെ മുൻനിർത്തി രൂപപ്പെട്ടിട്ടുള്ള സ്ത്രീ, പ്രകൃതി വിമോചന സങ്കൽപത്തിനാണ് ഊന്നൽ നൽക്കുന്നത്. അയ്യപ്പപ്പണിക്കർ, എൻ.എൻ. കക്കാട്, കടമ്മനിട്ട രാമകൃഷ്ണൻ, സച്ചിദാനന്ദൻ, കെ.ജി. ശങ്കരപ്പിള്ള എന്നിവരുടെ കവിതകളെയാണ് ഈ ഘട്ടത്തിൽ പാരിസ്ഥിതിക സ്ത്രീവാദ പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് പര്യാലോചനക്ക് വിധേയമാക്കുന്നത്. രണ്ടാമത്തെ ഘട്ടത്തിൽ പി.പി.രാമചന്ദ്രൻ, എസ്.ജോസഫ്, സാവിത്രി രാജീവൻ, വീരാൻകുട്ടി എന്നിവരുടെ കവിതകളിലെ സ്ത്രീ, പ്രകൃതി സത്തകളെയാണ് വിശകലനം ചെയ്യുന്നത്. ഈ ഘട്ടത്തിൽ മൂലധനാധിഷ്ഠിതമായി തുടരുന്ന സ്ത്രീ, പ്രകൃതിസത്തകളുടെ വാണിജ്യവത്കരണം, അരികുവത്ക്കരണം എന്നിവയുടെ അടിസ്ഥാനത്തിലാണ് കവിതയ്ക്കകത്തെ സ്ത്രീ, പ്രകൃതിസമീപനങ്ങളെ വിശദീകരിക്കുന്നത്. ആത്യന്തികമായി മാറിവരുന്ന ഉത്പാദനവ്യവസ്ഥ സ്ത്രീയെയും പ്രകൃതിയെയും അധിനിവേശപ്പെടുത്തുന്ന ഗാർഹികപരവും സാമൂഹികവുമായ സാഹചര്യങ്ങളെയാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് ഒന്നും രണ്ടും മൂന്നും അദ്ധ്യായങ്ങൾ വിശദീകരിക്കുന്നത്. ഈ അദ്ധ്യായങ്ങളുടെ പിൻബലത്തിൽ തിരഞ്ഞെടുത്ത കവയിത്രികളായ സുഗതകുമാരി, വിജയലക്ഷ്മി, ലളിതാലെനിൻ, റോസ്മേരി, വി.എം.ഗിരിജ എന്നിവരുടെ തിരഞ്ഞെടുത്ത കവിതകളുടെ പഠനമാണ് നാലും, അഞ്ചും, ആറും അദ്ധ്യായത്തിൽ നിർവ്വഹിക്കുന്നത്.

നാലാമത്തെ അദ്ധ്യായത്തിൽ സുഗതകുമാരിയുടെ കവിതകളെയാണ് പഠിക്കുന്നത്. ലിംഗകേന്ദ്രിത സാമൂഹ്യവ്യവസ്ഥിതിക്ക് കീഴ്പ്പെടുന്ന സ്ത്രീ, പ്രകൃതി സത്തകളെയാണ് പാരിസ്ഥിതിക സ്ത്രീവാദപരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് ഈ അദ്ധ്യായം

വിശകലനം ചെയ്യുന്നത്. സുഗതകുമാരി കവിതകളെ പ്രധാനമായും മൂന്ന് ഉപശീർഷകങ്ങളിൽ ഒതുക്കി നിർത്തിയാണ് പഠനം നിർവ്വഹിച്ചിട്ടുള്ളത്. ഒന്നാമത്തെ ശീർഷകത്തിനുകീഴിൽ വിശകലനം ചെയ്യുന്നത് സുഗതകുമാരിയുടെ കവിതകളിലെ സ്ത്രീ, പ്രകൃതിസമീപനങ്ങളിൽ പിന്തുടരുന്ന ഏകാത്മതയെയാണ്. രണ്ടാമത്തെ ശീർഷകത്തിനുകീഴിൽ പ്രകൃതിപക്ഷ കവിതകളിലെ സാമൂഹ്യപരതയെയാണ് വിശകലനം ചെയ്യുന്നത്. ഈ ഘട്ടത്തിൽ പ്രകൃതിക്കുവേണ്ടി എഴുപതുകളോടെ രൂപപ്പെട്ട സാംസ്കാരിക അവബോധത്തോടും കൂട്ടായ്മയോടും ബന്ധപ്പെടുത്തിയാണ് സുഗതകുമാരിയുടെ പ്രകൃതിപക്ഷ കവിതകളുടെ വിശകലനം നിർവ്വഹിക്കുന്നത്. മൂന്നാമത്ത ശീർഷകത്തിനുകീഴിൽ സ്ത്രീക്കും പ്രകൃതിക്കും വേണ്ടിയുള്ള വിമോചന സങ്കല്പത്തെയാണ് സൂക്ഷ്മമായി വിശകലനം നടത്തുന്നത്. അഞ്ചാമത്തെ അദ്ധ്യായത്തിലാണ് വിജയലക്ഷ്മി കവിതകളെ പഠിക്കുന്നത്. വിജലക്ഷ്മി കവിതകളിലേക്ക് കടക്കുമ്പോൾ പഠനം മുന്നോട്ട് പോകുന്നത് വിജയലക്ഷ്മിയുടെ തിരഞ്ഞെടുത്ത കവിതകളിലെ ഗാർഹികം, ദളിത്, പ്രകൃതി എന്നീ സമീപനങ്ങളെ വിശകലനം ചെയ്തുകൊണ്ടാണ്. അടിസ്ഥാനപരമായി വിജയലക്ഷ്മികവിതകളുടെ പഠനം മുൻതൂക്കം നൽകുന്നത് സമൂഹത്തിനകത്ത് ഈ വിഭാഗീയതകളെ നിലനിർത്തുന്ന ലിംഗ കേന്ദ്രിതനയത്തിനെതിരെ വിജയലക്ഷ്മി കവിത സ്വീകരിക്കുന്ന പ്രതിബോധതലങ്ങളെ കണ്ടെത്തുന്നതിനാണ്.

ആറാമത്തെ അദ്ധ്യായത്തിൽ ലളിതാലെനിൻ, റോസ്മേരി, വി.എം.ഗിരിജ എന്നിവരുടെ തിരഞ്ഞെടുത്ത കവിതകളുടെ പഠനമാണ് നിർവ്വഹിക്കുന്നത്. സ്ത്രീപക്ഷത്ത് നിന്നുകൊണ്ടുള്ള ലളിതാലെനിന്റെ കവിതകളുടെ പരിണാമത്തെയാണ് അദ്ധ്യായത്തിന്റ ആദ്യഭാഗത്തിൽ വിശദീകരിക്കുന്നത്. രണ്ടാമത്തെ ഭാഗത്തിൽ റോസ്മേരി കവിതകളിലെ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സാധ്യതകളെ അന്വേഷിക്കുന്നു. മൂന്നാമത്തെ ഭാഗത്തിൽ വി.എം.ഗിരിജയുടെ കവിതയ്ക്കകത്തെ സ്ത്രീ, പ്രകൃതി പ്രതിനിധാനത്തെ വിശകലനം ചെയ്യുന്നു. അടിസ്ഥാനപരമായി ഈ അദ്ധ്യായങ്ങൾ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രത്യയശാസ്ത്രത്തോട് ആശയപരമായും പ്രമേയപരമായും നീതി പുലർത്തുന്ന കാവ്യമേഖലയെ കണ്ടെത്താനാണ് പരിശ്രമിക്കുന്നത്.

ഉപസംഹാരത്തിൽ മുകളിൽ പ്രസ്താവിച്ച അദ്ധ്യായങ്ങളിലൂടെ ഉരുത്തിരിഞ്ഞ നിഗമനങ്ങളെ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സൈദ്ധാന്തികപരിസരത്തിൽനിന്നുകൊണ്ട് ക്രോഡീകരിക്കുന്നു.

അദ്ധ്യായം - 1

പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ചരിത്രവും വർത്തമാനവും

സ്ത്രീക്കും പ്രകൃതിക്കും വേണ്ടി എഴുപതുകളോടെ രൂപംകൊണ്ട പ്രസ്ഥാനമാണ് പാരിസ്ഥിതിക സ്ത്രീവാദം (Eco-feminism)*. ഇക്കോഫെമിനിസം എന്ന ദർശനം ആദ്യമായി അവതരിപ്പിച്ചത് റാഡിക്കൽ ഫെമിനിസ്റ്റായ (Shulamith Firestone 1945-2012) ഷുലാമിത്ത് ഫയർസ്റ്റോൺ ആണ്.[1] ഫ്രാൻസ്വ ദ യൂബോൺ എന്ന ഫ്രഞ്ച് എഴുത്തുകാരിയാണ് ഇക്കോഫെമിനിസത്തെ വ്യാഖ്യാനിച്ചുകൊണ്ട് പ്രചാരം നല്കിയത്. കാലങ്ങളായി സ്ത്രീയെയും പ്രകൃതിയെയും കീഴടക്കിക്കൊണ്ട് നിർമിച്ചെടുത്തിട്ടുള്ള സാമൂഹിക രാഷ്ട്രീയ സാംസ്കാരിക ബോധങ്ങളോടുള്ള വിമർശനമായിട്ടാണ് പാരിസ്ഥിതിക സ്ത്രീവാദം കടന്നുവന്നത്. 1974-ൽ ഷുലാമിത്ത് ഫയർ സ്റ്റോൺ ഫ്രഞ്ച് ഭാഷയിൽ പ്രസിദ്ധീകരിച്ച 'ഫെമിനിസം അല്ലെങ്കിൽ മരണം' എന്ന കൃതിയിൽ ഇക്കോഫെമിനിസത്തിന്റെ കാലം എന്ന അദ്ധ്യായത്തിലാണ് ആദ്യമായി പാരിസ്ഥിതിക സ്ത്രീവാദദർശനം പ്രത്യക്ഷപ്പെടുന്നത്.[2] 1978-ൽ പുറത്തിറങ്ങിയ മേരിഡാലിയുടെ (Mary Daly 1928-2010) 'ഗൈൻ ഇക്കോളജി' (*Gyn/Ecology*), സൂസൻ ഗ്രിഫിന്റെ (Susan Griffin 1943 -) 'സ്ത്രീയും പ്രകൃതിയും' (*Women and Nature*) 1980-ൽ പുറത്തിറങ്ങിയ കരോളിൻ മർച്ചന്റിന്റെ (Carolyn Merchant 1936-) 'പ്രകൃതിയുടെ മരണം' (*The Death of Nature*), എന്നിവ പാരിസ്ഥിതിക സ്ത്രീവാദത്തിന് ആഗോള ശ്രദ്ധ നേടിക്കൊടുത്ത കൃതികളാണ്.[3]

യഥാർത്ഥത്തിൽ പാരിസ്ഥിതിക സ്ത്രീവാദം പ്രശ്നവത്കരിക്കുന്ന സാമൂഹികസാഹചര്യം ജാതി, വർഗ, ലിംഗ വൈരുദ്ധ്യങ്ങൾ നിറഞ്ഞതാണ്. സമൂഹത്തിന്റെ എല്ലാ തലങ്ങളിലേയും കീഴടക്കപ്പെട്ട ജനതയുടെ വിമോചനമാണ് പാരിസ്ഥിതിക സ്ത്രീവാദം ലക്ഷ്യംവെക്കുന്നത്. പ്രകൃതിയെയും ജീവസമൂഹങ്ങളെയും കുറിച്ചുള്ള കരുതലും അധികാരിവർഗത്തിന്റെ ലിംഗകേന്ദ്രീകൃത സമീപനങ്ങളിൽനിന്ന് സ്ത്രീയുടെയും പുരുഷന്റെയും വിമോചനവും പാരിസ്ഥിതികസ്ത്രീവാദം ഉൾക്കൊള്ളുന്നു.

* Ecological Feminism or Eco-Feminism

എഴുപതുകളിൽ വംശീയതയേയും ന്യൂക്ലിയർ റിയാക്ടറുടെ പ്രവർത്തനങ്ങളെയും ഖനനനിലയങ്ങളെയും തടഞ്ഞുകൊണ്ടാണ് ആഗോളതലത്തിൽ പാരിസ്ഥിതിക സ്ത്രീ വാദം ജനശ്രദ്ധ നേടിയത്. യു.എസ്.എ, ജപ്പാൻ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ ന്യൂക്ലിയർ ശക്തിക്കെതിരെയുള്ള സ്ത്രീകൂട്ടായ്മ ശക്തമായിരുന്നു. WANE (Women Against Nuclear Energy), WAND (Women Against Nuclear Development), WILPF (Woman's International League For Peace and Freedom) എന്നിവ പ്രകൃതിക്കും സ്ത്രീക്കും വേണ്ടി നിലകൊണ്ട സ്ത്രീകൂട്ടായ്മകളാണ്.[4] 1980 മാർച്ചിൽ യു.എസ്.എ.യിൽ വെച്ചാണ് പാരിസ്ഥിതികസ്ത്രീവാദത്തിന്റെ ആദ്യസമ്മേളനം നടന്നത്. സ്ത്രീ എപ്രകാരമാണോ ആൺകോയ്മയ്ക്ക് (Masculinity) കീഴിൽ ചൂഷ ണത്തിന് വിധേയമാകുന്നത് ഇതേ അധികാരത്തിന് കീഴിലാണ് പ്രകൃതിയും ചൂഷണ ത്തിന് വിധേയമാകുന്നത് എന്ന കാഴ്ചപ്പാട് ഈ സമ്മേളനത്തിലൂടെ ദൃഢപ്പെട്ടു. ഉത്പാദനവ്യവസ്ഥിതി, സൈനികവത്കരണം, നൂതന സാങ്കേതികരംഗം എന്നിങ്ങനെ വ്യത്യസ്ത തലങ്ങളിൽ നിന്നുകൊണ്ടുള്ള ആൺകോയ്മയുടെ ഇടപെടൽ സ്ത്രീയെയും പ്രകൃതിയെയും എങ്ങിനെ ദോഷകരമായി ബാധിക്കുന്നു എന്ന ചിന്തകൾ എൺപതുകളോടെ സജീവമായി.[5]

പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ വക്താക്കൾ സ്ത്രീ പ്രകൃതിബന്ധത്തെ വ്യത്യസ്തതലങ്ങളിൽ നിന്നുകൊണ്ട് വിശകലനം ചെയ്യാൻ ശ്രമിച്ചു. സ്ത്രീയുടെ ആർത്തവം, ഗർഭം, പ്രസവം എന്നീ ജൈവിക ശേഷികളോട് ബന്ധപ്പെടുത്തിയാണ് ആദ്യകാലങ്ങളിൽ സ്ത്രീ പ്രകൃതി ബന്ധത്തെ വിശദീകരിച്ചത്. പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതിയുമായി ബന്ധപ്പെട്ടാണ് ഈ ബന്ധം രൂപപ്പെട്ട് വന്നത്. ഈ പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതിയേയും ലിംഗകേന്ദ്രീകൃത ലോകക്രമത്തെയും വിമർശിച്ചുകൊണ്ടാണ് പാരിസ്ഥിതിക സ്ത്രീവാദം നിൽവിൽവന്നത്. അതിഭൗതിക തയിലൂന്നിയ ലിംഗകേന്ദ്രിതമായ ഒരാശയലോകത്തെ ഇത് എതിർക്കുന്നു. യഥാർത്ഥ ത്തിൽ പാശ്ചാത്യസാമൂഹ്യരാഷ്ട്രീയചിന്തകളുടെ തുടക്കം ലിംഗകേന്ദ്രിതമായ ഒരാദർശലോകത്തെ സൃഷ്ടിച്ചുകൊണ്ടായിരുന്നു. ഈ ആശയലോകം പുരുഷനെ നന്മയുടെയും ക്രിയാത്മകതയുടെയും യുക്തിബോധത്തിന്റേയും മൂർത്തിമദ്രൂപമായി വാഴ്ത്തി. ഈ ചിന്തയ്ക്ക് കീഴിൽ സ്ത്രീയും പ്രകൃതിയും നിഷ്ക്രിയരായി പരിചരി ക്കപ്പെട്ടു.[6]

"സ്ത്രീ എന്നാൽ യുക്തിബോധമില്ലാത്തവളാണ് വിലോഭിനീയയാണ്. ഭൂമി മാതാവാണ് ഇരുണ്ടവളാണ് തണുത്തവളും നിഷ്ക്രിയയുമാണ്. അതേസമയം പുരുഷൻ പൗരുഷത്തിന്റേയും യുക്തിയുടെയും സൂര്യന്റെയും പ്രവൃത്തിയുടെയും നന്മയുടെയും ശക്തിയുടെയും ഒക്കെ പ്രതീകമാണ്. ഇതേ യുക്തി തന്നെയാണ് കറുത്തവർഗക്കാരന്റെ അടിമത്തത്തിന് ന്യായീകരണമായി അധീശവർഗം പുലർത്തിയിരുന്നത്. ഈ മനോഭാവം പാശ്ചാത്യരാഷ്ട്രീയതയുടെ പാരമ്പര്യമാണ്."[7]

പ്രകൃതിയെയും സ്ത്രീയെയും കായികശക്തികൊണ്ടും ആണവശക്തികൊണ്ടും കീഴ്പ്പെടുത്താൻ പാശ്ചാത്യസമൂഹത്തിന് പ്രേരണ നല്കിയത് ഈ പാശ്ചാത്യ അതിഭൗതികചിന്താപാരമ്പര്യമാണ്. ലിംഗകേന്ദ്രിത സമൂഹത്തിന്റെ ഈ അധികാര പരമായ നാൾവഴികളെ തിരിച്ചറിഞ്ഞാണ് പാരിസ്ഥിതിക സ്ത്രീവാദം രൂപം കൊണ്ടത്. അതുകൊണ്ടുതന്നെ സ്ത്രീ പ്രകൃതിബന്ധത്തെ പ്രകൃതി/സംസ്കൃതി എന്ന ആധുനിക ദ്വന്ദ്വത്തിന്റെ അടിസ്ഥാനത്തിലും ശരീരകേന്ദ്രിതമായും വിലയിരുത്തിക്കൊണ്ടാണ് പാരിസ്ഥിതിക സ്ത്രീവാദം കാലാകാലങ്ങളിൽ വിപുലപ്പെടുന്നത്. സ്ത്രീ, പുരുഷനേക്കാൾ പ്രകൃതിയോട് കൂടുതൽ ഇണങ്ങി നിൽക്കുന്നു എന്ന് നിരീക്ഷിക്കുക വഴി കാലങ്ങളായി ലിംഗകേന്ദ്രിത സമൂഹം സ്ത്രീക്ക് നേരെ നടത്തുന്ന അതിക്രമങ്ങളെ പ്രകൃതിയെ മുൻനിർത്തി സാധൂകരിക്കുന്നു എന്ന നിലപാടാണ് ഈ വിഷയത്തിൽ പാരിസ്ഥിതിക സ്ത്രീവാദിയായ സൂസൻ ഗ്രിഫിൻ സ്വീകരിക്കുന്നത്.[8] ഇതോടൊപ്പം പാരിസ്ഥിതിക ചൂഷണങ്ങളിലും ഈ ലിംഗകേന്ദ്രിതമായ അധികാരം നിലനിർത്തുന്നുണ്ടെന്ന് പാരിസ്ഥിതിക സ്ത്രീവാദം ചൂണ്ടികാണിക്കുന്നു. പിതൃകേന്ദ്രിത അധികാരവ്യവസ്ഥിതിയെയാണ് സ്ത്രീയും പ്രകൃതിയും നേരിടുന്ന ശോച്യാവസ്ഥയ്ക്ക് മൂലകാരണമായി പാരിസ്ഥിതിക സ്ത്രീവാദം കണ്ടെത്തുന്നത്. അടിസ്ഥാനപരമായി സ്ത്രീയും പ്രകൃതിയും ഈ അധികാരവ്യവസ്ഥയ്ക്ക് കീഴിൽ വസ്തുവത്കരിക്കപ്പെടുന്ന ആധുനിക സാഹചര്യങ്ങളെ പാരിസ്ഥിതിക സ്ത്രീവാദം എതിർക്കുന്നു. ഇതേ അർത്ഥപരിസരത്തിൽ നിന്നുകൊണ്ടാണ് ശാസ്ത്രസാങ്കേതിക രംഗത്തെ വമ്പിച്ച മുന്നേറ്റത്തിലൂടെ സ്ത്രീയുടെയും പ്രകൃതിയുടെയും ഉത്പാദനവ്യവസ്ഥയിലേയ്ക്കുള്ള വാണിജ്യാടിസ്ഥാനത്തിലുള്ള കടന്നുകയറ്റത്തെ പാരിസ്ഥിതിക സ്ത്രീവാദം എതിർക്കുന്നത്. സ്ത്രീയും പ്രകൃതിയും ആധുനിക ഉത്പാദനവ്യവസ്ഥിതിയുടെ ഭാഗമായി കോളനിവത്കരിക്കപ്പെടുകയും, കമ്പോളവത്കരിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം

തിരുത്തപ്പെടേണ്ടതുണ്ട്. മുതലാളിത്ത ഉത്പാദനവ്യവസ്ഥയിൽ ശാസ്ത്ര-സാങ്കേതിക തികവിലൂടെ ആൺകോയ്മ ക്രിയാത്മകതയുടെ ഭാഗമാകുമ്പോൾ സ്ത്രീയും പ്രകൃതിയും കേവലശരീരങ്ങളായി വസ്തുവത്കരിക്കപ്പെടുന്നു.[9] ഇത്തരത്തിൽ സാമൂഹികമായും ഉത്പാദനപരമായും സ്ത്രീയെയും പ്രകൃതിയെയും കീഴ്പ്പെടുത്തിക്കൊണ്ട് നിലനില്ക്കുന്ന ലിംഗകേന്ദ്രിത മേൽക്കോയ്മയെ വിമർശിച്ചുകൊണ്ടാണ് പാരിസ്ഥിതിക സ്ത്രീവാദം നിലനില്ക്കുന്നത്. ആത്യന്തികമായി പാരിസ്ഥിതികസ്ത്രീവാദം പരിസ്ഥിതി, സ്ത്രീവാദ ആശയങ്ങളോട് കടപ്പെട്ടാണ് നിലനില്ക്കുന്നത്. അതുകൊണ്ടുതന്നെ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ചരിത്രവിശകലനം ഈ രണ്ട് വാദങ്ങളുടെ ആശയപരിസരങ്ങളെ സൂചിപ്പിച്ചുകൊണ്ട് മാത്രമേ പൂർണമാകുകയുള്ളൂ.

1.1. പരിസ്ഥിതിവാദം

1866 ൽ സർ ഏണസ്റ്റ് ഹെക്കലാണ് ഇക്കോളജി എന്ന പദത്തിന് ആദ്യമായി നിർവചനം നല്കിയത്.[10] ഓയിക്കോസ് എന്ന ഗ്രീക്ക് പദത്തോടാണ് ഇക്കോളജി കടപ്പെട്ടിരിക്കുന്നത്. ചെടികളെയോ മൃഗങ്ങളെയോ മനുഷ്യനെയോ സ്ഥാപനങ്ങളേയോ പരിസരങ്ങളേയോ ആസ്പദമാക്കിയിട്ടുള്ള പഠനമെന്നാണ് ഈ പദത്തിന്റെ അർത്ഥം.[11] തനിക്ക് ചുറ്റുമുള്ള പ്രകൃതി നാശത്തിന്റെ പ്രത്യാഘാതങ്ങളെ ഓസോൺ വിള്ളലായും ആഗോളതാപനമായും അമ്ലമഴയായും ജനിതക വൈകല്യങ്ങളായും അനുഭവിക്കേണ്ടിവന്നപ്പോൾ ആധുനിക മനുഷ്യൻ ഭൗമകേന്ദ്രിതമായി ചിന്തിക്കാൻ തുടങ്ങിയതിന്റെ പരിണിതഫലമായാണ് പാരിസ്ഥിതികവാദങ്ങളും പ്രസ്ഥാനങ്ങളും രൂപം കൊണ്ടത്. എഴുപതുകളോടെ രൂപംകൊണ്ട ഈ വാദം മനുഷ്യനെ പ്രകൃതിയുടെ ഭാഗമായി കാണാൻ പ്രേരിപ്പിച്ചു. മസനോബു ഫുക്കുവോക്കയുടെ (Masanobu Fukuoka 1913-2008) 'ഒറ്റവൈക്കോൽ വിപ്ലവം' (*The One Straw Revolution 1975*), പ്രകൃതിയിലേക്ക് മടങ്ങാൻ എന്നീ കൃതികൾ പ്രകൃതിയെ പരമായി നോക്കിക്കാണുവാൻ ആധുനിക സമൂഹത്തെ പ്രേരിപ്പിച്ചു. പാരിസ്ഥിതികനഷ്ടങ്ങൾക്ക് നേരെ മനുഷ്യസമൂഹം അനുവർത്തിക്കേണ്ട വഴിയെ ഫുക്കുവോക്ക ചൂണ്ടികാണിക്കുന്നത് ഇപ്രകാരമാണ്.

"നമുക്ക് പ്രകൃതിയുമായി പൊരുത്തപ്പെട്ട് പ്രവർത്തിക്കുകയേ വേണ്ടൂ, നേരായ ഈശ്വരനും പ്രകൃതിക്കും ജീവിതത്തിനും വേണ്ടി സോത്സാഹം അന്വേഷിക്കുക

യല്ലാതെ മറ്റു മാർഗങ്ങളില്ല. മനുഷ്യരാശിയുടെ മുന്നിലെ അവസാനപാത അതാണ്. ഞാൻ പ്രകൃതി കൃഷിയിലൂടെ പ്രകൃതിയിലേക്ക് മടങ്ങുന്നു. ഇതു മാത്രമാണ് ഞാൻ മുന്നിൽ കണ്ട വഴി."[12]

ഫുക്കുവോക്കയെപ്പോലെതന്നെ ശാസ്ത്രം മനുഷ്യനെ എത്രമാത്രം പ്രകൃതിയിൽനിന്ന് അകറ്റി നിർത്തുന്നു എന്ന് വിശദീകരിക്കാനാണ് ഇവാൻ ഇല്ലിച്ച് (Ivan Illich 1926 - 2002) തന്റെ കൃതികളിലൂടെ ശ്രമിച്ചത്. 'ഡി സ്കൂളിങ്ങ് സൊസൈറ്റി' (*Deschooling Society 1971*), 'ലിമിറ്റ്സ് റ്റു മെഡിസിൻ' (*Limits to Medicine 1976*), 'ദി റൈറ്റ് ടു യൂസ് ഫുൾ അൺ എംപ്ലോയ്മെന്റ്' (*The Right to Useful Unemployment 1978*) എന്നീ കൃതികളിലൂടെയാണ് ഇവാൻ ഇല്ലിച്ച് ശ്രദ്ധേയനായത്. ആദ്യത്തെ പരിസ്ഥിതി വിമർശനഗ്രന്ഥമായി അറിയപ്പെടുന്നത് 1974-ൽ പ്രസിദ്ധപ്പെടുത്തിയ ജോസഫ് മീക്കറുടെ (Joseph Meeker 1932-) 'നിലനിൽപ്പിന്റെ കോമഡി: സാഹിതീയ ഇക്കോളജിപഠനങ്ങൾ' (*The Comedy of Survival Studies in Literary Ecology 1974*) എന്ന ഗ്രന്ഥമാണ്.[13] ഇതോടൊപ്പം തന്നെ നിശബ്ദ വസന്തത്തെ വിഭാവനം ചെയ്തു കൊണ്ട് ആഗോളതലത്തിൽ പരിസ്ഥിതി നാശത്തിന്റെ ഗൗരവത്തെ ബോധ്യപ്പെടുത്താൻ റേച്ചൽ കാഴ്സന (Rachel Carson 1907-1964) കഴിഞ്ഞു. ലിംഗ കേന്ദ്രിതമായി നിലനിന്നിരുന്ന ജ്ഞാനമണ്ഡലത്തിലേയ്ക്ക് പ്രവേശിച്ച് തന്റേതായ ഇടം കണ്ടെത്തിയ ശാസ്ത്രജ്ഞയാണ് റേച്ചൽ കാഴ്സൺ. 'ഇൻസെക്ട് ബോംബ്' എന്നറിയപ്പെടുന്ന ഡിഡിറ്റിയുടെ പ്രയോഗത്തെക്കുറിച്ച് 'ദ ബോസ്റ്റൺ ഹൊറാൾഡ്' എന്ന ദിനപ്പത്രത്തിൽ അച്ചടിച്ച് വന്ന ഒരു കത്താണ് 1962-ൽ നിശബ്ദവസന്തം (*Silent Spring 1962*) എന്ന കൃതിക്ക് കാരണമായത്. മിസിസ് ഓർഗ ഓവൻസ് ഹക്കിൻസ് ആണ് കത്ത് അയച്ചത്. ഡി.ഡി.റ്റി.യുടെ പ്രയോഗം അവരുടെ പുരയിടത്തിന് ചുറ്റിലെ പക്ഷി ജാലങ്ങൾക്ക് വരുത്തിയ നാശമായിരുന്നു കത്തിന്റെ ഉള്ളടക്കം. കാർഷികവ്യവസ്ഥിതിയെ അഗ്രിബിസിനസ്സായി മാറ്റിയ സാമ്രാജ്യത്വ ശക്തികളുടെ പ്രകൃതിവിരുദ്ധമായ നയങ്ങൾക്കെതിരെയാണ് റേച്ചൽ കാഴ്സൺ നിശബ്ദവസന്തമെന്ന കൃതി ഒരുക്കിയത്. കടൽക്കാറ്റിന് കീഴിൽ, നമുക്ക് ചുറ്റുമുള്ള കടൽ, കടലിന്റെ ഓരം തുടങ്ങിയ കൃതികളിലൂടെ സൂക്ഷ്മവും സ്ഥൂലവുമായ ജീവസമൂഹത്തിന്റെ സഞ്ചയമാണ് പ്രകൃതിയെന്നും, മനുഷ്യന്റെ കടന്നുകയറ്റം ഈ പ്രകൃതിയെ എത്രമാത്രം ദോഷകരമായി ബാധിക്കുന്നുവെന്നും റേച്ചൽ കാഴ്സൺ ആധുനികസമൂഹത്തെ ബോധ്യ

പ്പെടുത്തി. ഇതോടൊപ്പം സ്ത്രീകൾക്ക് പ്രകൃതി പരിജ്ഞാനം നൽകുന്നതിനായി 'സ്ത്രീകളുടെ ഗാർഹിക സുഹൃത്ത്' എന്ന മാസികയിൽ നിരവധി ലേഖനങ്ങളും റേച്ചൽ കാഴ്സൺ എഴുതിയിരുന്നു.[14] അർബുദബാധയെത്തുടർന്ന് മരണപ്പെടുന്നതു വരെ രാസമാലിന്യങ്ങളും ആണവവികിരണങ്ങളും വിഷമയമാക്കിയിരുന്ന പ്രകൃതിയുടെ അതിജീവനത്തിന് വേണ്ടിയാണ് റേച്ചൽ കാഴ്സൺ നിലകൊണ്ടത്. ആഗോളതലത്തിൽ രൂപം കൊണ്ട ഈ പരിസ്ഥിതിയവബോധത്തിന്റെ പരിണിതഫലമാണ് 1977 ൽ ഐക്യരാഷ്ട്രസംഘടന സ്റ്റോക്ക് ഹോമിൽ ചേർന്ന പരിസ്ഥിതി സമ്മേളനം. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളും ഭോപ്പാൽ ദുരന്തവും ചെർണോബിലെ അണുപ്രസരണവും പരിസ്ഥിതിനാശങ്ങൾക്ക് എതിരെയുള്ള ഒരു പ്രതിരോധ നയമായി ആധുനിക പരിസ്ഥിതിദർശനത്തെ രൂപപ്പെടുത്തി. അധിനിവേശാനന്തര സമൂഹത്തിന്റെ രാഷ്ട്രീയമായി ആധുനിക പരിസ്ഥിതി ദർശനം ക്രമേണ രൂപമാറ്റങ്ങൾക്ക് വിധേയമായി. മാർക്സിയൻ പരിസ്ഥിതിവാദം, സാമൂഹിക പരിസ്ഥിതിവാദം, ആത്മീയ പരിസ്ഥിതിവാദം, ഗഹനപരിസ്ഥിതിവാദം എന്നിവ ഇവയിൽ ചിലതാണ്.

1.1.1 മാർക്സിയൻ പരിസ്ഥിതിവാദം

വർഗാധിഷ്ഠിതമായ സാമൂഹിക അവലോകനത്തിലൂടെയാണ് മാർക്സിയൻ ചിന്തകൾക്ക് പ്രചാരം സിദ്ധിച്ചത്. മാർക്സിയൻ സൈദ്ധാന്തികപരിസരത്തിൽ പ്രകൃതി വിഷയമാകുന്നത് ഉത്പാദനവ്യവസ്ഥിതിയുടെ മൂലധനാധിഷ്ഠിത കേന്ദ്രം എന്ന നിലയിലാണ്. അധികാരത്തിന്റെയും സമ്പത്തിന്റെയും കേന്ദ്രീകരണം പ്രകൃതിയെ ആസ്പദമായി സംഭവിക്കുകയും പ്രകൃതി ഇരയുടെ സ്ഥാനത്ത് അപരവത്കരിക്കപ്പെടുകയും ചെയ്യുന്ന സാമൂഹിക സാഹചര്യങ്ങളെ മാർക്സിയൻ പരിസ്ഥിതിവാദം വിമർശനാത്മകമായി സമീപിക്കുന്നു. വ്യക്തിപരമായ അദ്ധ്വാനത്തെ സാമൂഹികമായ തലത്തിലേയ്ക്ക് തുല്യപങ്കാളിത്തത്തോടെ പുനഃക്രമീകരിച്ചുകൊണ്ടാണ് മാർക്സിയൻ ചിന്തകൾ പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നത്.

1.1.2 സാമൂഹിക പരിസ്ഥിതിവാദം

1962 ൽ അമേരിക്കൻ ചിന്തകനായ മുറെ ബുക്ചിന്റെ (Murray Bookchin 1921-2006) 'കൃത്രിമ പരിസ്ഥിതി' (*Our Synthetic Environment 1962*) എന്ന ഗ്രന്ഥം

പ്രസിദ്ധപ്പെടുത്തിയതോടെയാണ് സാമൂഹ്യപരിസ്ഥിതി വാദം ജനകീയമാകുന്നത്. സാമൂഹിക വിതാനങ്ങൾക്കകത്തെ ഉയർച്ച താഴ്ചകളെയും ചൂഷണത്തെയുമാണ് സാമൂഹിക പരിസ്ഥിതിവാദം പരിസ്ഥിതിനാശത്തിന് കാരണമായി വിലയിരുത്തുന്നത്. കുടുംബത്തിനകത്തെയും സമൂഹത്തിലേയും അസമത്വപൂർണമായ എല്ലാ അധികാരക്രമത്തെയും സാമൂഹിക പരിസ്ഥിതിവാദം നിരാകരിക്കുന്നു. സമൂഹത്തിനകത്തെ സാമ്പത്തിക അസമത്വങ്ങളുടെ അടിസ്ഥാനമായ ഉത്പാദനവ്യവസ്ഥിതിയിൽ നിന്ന് എല്ലാ വിഭാഗത്തിലും ഉൾപ്പെടുന്ന ജനതയുടെ വിമോചനത്തിലൂടെയാണ് സാമൂഹിക പരിസ്ഥിതിവാദം ഒരു പുതുലോകത്തെ വിഭാവനം ചെയ്യുന്നത്. യഥാർത്ഥത്തിൽ അധികാരത്തിന്റെ വികേന്ദ്രീകരണത്തിലൂടെയും വ്യക്തിയുടെ സ്വയം പര്യാപ്തതയിലൂടെയും നിർമ്മിച്ചെടുക്കുന്ന പ്രകൃതി സൗഹാർദ്ദപരമായ പ്രത്യയ ശാസ്ത്രമാണ് സാമൂഹിക പരിസ്ഥിതി വാദത്തിന്റെ അടിസ്ഥാനം.

1.1.3 ആത്മീയ പരിസ്ഥിതിവാദം

പ്രകൃതിയെ മുൻനിർത്തി മനുഷ്യസമൂഹത്തിൽ ദൃഢപ്പെട്ട് കിടക്കുന്ന വിശ്വാസങ്ങളേയും നീതിബോധത്തെയുമാണ് ആത്മീയ പരിസ്ഥിതിവാദം പ്രയോജനപ്പെടുത്തുന്നത്. സർവജീവസമൂഹത്തെയും കണ്ണിചേർത്തുകൊണ്ടുള്ള ആത്മീയമായ ഒരതിജീവനരീതിയാണ് ഈ വാദം മുന്നോട്ടുവെക്കുന്നത്. പ്രകൃതിയെ മുൻനിർത്തിയിട്ടുള്ള മതപരമായ ആഖ്യാനത്തെക്കാൾ ജീവസമൂഹത്തെ പ്രകൃതിയുമായി ബന്ധപ്പെടുത്തുന്ന ജൈവികവും ആത്മീയവുമായ തലങ്ങൾക്കാണ് ആത്മീയ പരിസ്ഥിതിവാദം ഊന്നൽ നൽകുന്നത്. എന്നാൽ പ്രകൃതിയെ സവർണപരവും ലിംഗ കേന്ദ്രിതവുമായ പ്രത്യയശാസ്ത്രങ്ങൾക്ക് കീഴ്പ്പെടുത്തി ഭാവി തലമുറയ്ക്ക് മുൻപിൽ പൊതുബോധമായി രൂപാന്തരപ്പെടുത്തുന്ന വർത്തമാനകാല സാഹചര്യങ്ങൾ കൂടി ഈ വാദത്തിന് കീഴിൽ ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. ജീവസമൂഹത്തിന്റെ നിലനില്പിനെ തന്നെ ആശങ്കാജനകമാക്കുന്ന ആഗോളസാഹചര്യങ്ങളെ വ്യവസായിക മാലിന്യങ്ങൾ കൊണ്ടും, ആണവവത്കരണം കൊണ്ടും സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സാമ്രാജ്യത്വ ശക്തികൾ മൂല്യനിർണയത്തിന് വിധേയപ്പെടുന്ന പുതിയ കാലഘട്ടത്തിൽ ആത്മീയ പരിസ്ഥിതിവാദത്തിലൂടെ രൂപപ്പെടുന്ന സമതുലിതമായ മാനവികതലത്തിന് ഏറെ പ്രസക്തിയുണ്ട്.

1.1.4 ഗഹന പരിസ്ഥിതിവാദം

ആധുനികപരിസ്ഥിതി ദർശനത്തിന്റെ പ്രത്യയശാസ്ത്രം ഷാളൊ (Shallow), ഡീപ് (Deep) എന്നിങ്ങനെ രണ്ട് രീതിയിലാണ് മുന്നോട്ട് പോകുന്നതെന്ന് ആദ്യമായി ചൂണ്ടികാണിച്ചത് നോർവെ പരിസ്ഥിതിവാദിയായ ആർനെനെസ് (Arne Naess - 1912-2009) ആണ്.[15] ആദ്യത്തേത് വികസിത രാജ്യങ്ങളുടെ പരിസ്ഥിതിതാത്പര്യത്തിനനുസരിച്ച് മുന്നോട്ടുപോകുമ്പോൾ രണ്ടാമത്തേത് പരിസ്ഥിതി പ്രശ്നങ്ങളുടെ മൂലകാരണത്തെ അന്വേഷിക്കുന്നു. നോർവീജിയൻ ശാസ്ത്രജ്ഞനായ അർനെനെസിലൂടെയാണ് 'ഗഹനപരിസ്ഥിതി' എന്ന പദം ജനശ്രദ്ധ നേടുന്നത്. മനുഷ്യനുൾപ്പടെയുള്ള ജീവസമൂഹങ്ങളുടെ പരസ്പര വിനിമയത്തിനുള്ള ഇടമായാണ് അർനെനെസ് പ്രകൃതിയെ കണ്ടത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വർഗപരവും സാമൂഹികമായ അസമത്വങ്ങൾക്കും വിഭവമലിനീകരണത്തിനും എതിരെയുള്ള സമരം ജൈവസമത്വത്തിനും സന്തുലിതാവസ്ഥയ്ക്കും വേണ്ടിയുള്ള സമരം കൂടിയാണ്. പ്രകൃതിക്ക് മേലെയുള്ള ശാസ്ത്രീയമേധാവിത്വവും ചരക്കുവത്കരണവും ഗഹനപരിസ്ഥിതിവാദത്തിന്റെ വിമർശനപരിധിയിൽപ്പെടുന്ന ഘടകങ്ങളാണ്. ശാസ്ത്രത്തിന്റെ പിൻബലത്തോടെയുള്ള മനുഷ്യകേന്ദ്രിത വികസന സങ്കല്പങ്ങൾ പ്രകൃതിയെ ചരക്കുവത്കരിക്കുന്നതിനെതിരെ വിമർശനാത്മക സമീപനമാണ് ആർനെനെസ് കൈക്കൊണ്ടത്. ജൈവസമത്വത്തിനാണ് പ്രധാനമായും ഗഹനപരിസ്ഥിതിവാദം ഊന്നൽ നൽകിയത്.[16] പാരിസ്ഥിതിക സ്ത്രീവാദം മുന്നോട്ട് വെക്കുന്നത് ജൈവികമായ സമത്വം എന്ന ആശയമാണ്. ഭൂലോകം സർവചരാചരങ്ങൾക്കും ഒരുപോലെ അവകാശപ്പെട്ടതാണ്. ജാതി, വർഗ, ലിംഗപരമായ മേൽക്കോയ്മയ്ക്ക് കീഴിലും അധിനിവേശശക്തികൾക്ക് കീഴിലും പ്രകൃതിവിഭവങ്ങൾ അസമത്വപൂർണമായി വിനിമയം ചെയ്യപ്പെടുന്ന സാഹചര്യങ്ങളെയും താഴെതട്ടിലുള്ളവർക്കായി നീക്കിവെക്കുന്ന വൃത്തിഹീനമായ ജീവിത സാഹചര്യങ്ങളെയും ശുദ്ധമായ അവശ്യവിഭവങ്ങളുടെ ലഭ്യതക്കുറവിനെയുമാണ് പാരിസ്ഥിതിക സ്ത്രീവാദം വിമർശനാത്മകമായി സമീപിക്കുന്നത്.

തങ്ങളുടെ ജീവിതത്തെ ദുസ്സഹമാക്കുന്ന സാമൂഹികസാഹചര്യങ്ങളും ജീവിതത്തെ നിലനിർത്താനുള്ള അവശ്യവിഭവങ്ങളുടെ ലഭ്യതക്കുറവുമാണ് സ്ത്രീയെ നീതിക്കുവേണ്ടി എക്കാലത്തും ശബ്ദമുയർത്താൻ പ്രേരിപ്പിക്കുന്നത്. കുടുംബത്തിന്റെ നിലനില്പ് സ്ത്രീയെ കേന്ദ്രീകരിക്കുന്നതുകൊണ്ട് പ്രകൃതി സ്ത്രീക്ക് ഒരാശ്രയ സ്ഥാന

മാണ്. ഭക്ഷണം, പാചകം, ജീവിതമാർഗ്ഗം എന്നിങ്ങനെ വ്യത്യസ്തതലങ്ങളിൽ പ്രകൃതിയെ ആശ്രയിച്ചാണ് അടിസ്ഥാന സ്ത്രീസമൂഹം ഇന്നും നിലനിൽക്കുന്നത്. അതുകൊണ്ട്തന്നെ പാരിസ്ഥിതികമായ ചൂഷണത്തിന്റെ ഇരയായി ശാരീരികമായും മാനസികമായും മാറുന്നത് സ്ത്രീസമൂഹമാണ്. ഈ ലോകത്തിന്റെ നിലനില്പ്പിന് വേണ്ടി സ്ത്രീസമൂഹത്തിനായി ആരോഗ്യപൂർണമായ ജീവിതസാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. സമൂഹം ജാതി, വർഗ, ലിംഗപരമായി വ്യത്യസ്ത തട്ടുകളിൽ തുടരുന്നതുകൊണ്ടും ഉത്പാദനവ്യവസ്ഥിതി ലിംഗകേന്ദ്രിതമായി നിലനില്ക്കുന്നതു കൊണ്ടും ഒരു പ്രായോഗിക പരിഹാരം ഗഹനപരിസ്ഥിതിവാദത്തിന്റെ പ്രത്യയശാസ്ത്രത്തിൽ നിന്നുകൊണ്ട് മാത്രം സാധ്യമല്ല. ഈ വിഷമസ്ഥിതിയെ സ്ത്രീവാദആശയങ്ങളെക്കൂടി കടമെടുത്താണ് പാരിസ്ഥിതിക സ്ത്രീവാദം പരിഹരിക്കുന്നത്.

1.2 സ്ത്രീവാദം

നൂറ്റാണ്ടുകളായി ഗാർഹികപരമായും സാമൂഹ്യപരമായും സ്ത്രീസമൂഹം നേരിട്ട വിമോചനങ്ങളിൽനിന്നും ചൂഷണങ്ങളിൽനിന്നുമാണ് സ്ത്രീവിമോചനാശയങ്ങൾ ഉയർന്നുവന്നിട്ടുള്ളത്. കുടുംബത്തിനകത്തും തൊഴിലിടങ്ങളിലും ഏല്ക്കേണ്ടിവന്ന ശാരീരികവും മാനസികവുമായ പീഡനങ്ങൾ, ലിംഗപരമായ ആധിപത്യങ്ങൾ, സമൂഹത്തിനകത്തെ കീഴായ്മ, ആരോഗ്യപരമല്ലാത്ത തൊഴിൽ സാഹചര്യങ്ങൾ, കുറഞ്ഞ വേതനം, വോട്ടവകാശം നിഷേധിക്കൽ എന്നിങ്ങനെ സ്ത്രീസമൂഹം നേരിടേണ്ടി വന്ന കഷ്ടതകൾ അനവധിയാണ്. സ്ത്രീ വിമോചനം എന്ന ആശയം ശക്തിപ്പെടുന്നത് അറുപതുകളോടെയാണെങ്കിലും അതിന് മുൻപ് തന്നെ അടിച്ചമർത്തപ്പെടുന്ന സ്ത്രീവർഗത്തിന്റെ വിമോചനത്തിനായുള്ള ശ്രമങ്ങൾ ആഗോളതലത്തിൽ നടന്നിരുന്നു. ഒരു വ്യക്തിയുടെ സാമൂഹികമൂല്യം ജാതി, വർഗ, ലിംഗത്തിനാസ്പദമായി നിർണയിക്കപ്പെട്ടിരുന്ന ഫ്യൂഡൽ കാലഘട്ടത്തിൽ ഗാർഹികാദ്ധ്വാനത്തിന്റെ മൂല്യത്തെ തിരിച്ചറിഞ്ഞുകൊണ്ടാണ് സ്ത്രീസമൂഹം വിമോചനാശയങ്ങളുടെ ഭാഗമായി പ്രവർത്തിച്ചുതുടങ്ങുന്നത്. ഫ്രഞ്ചുവിപ്ലവും അടിമവർഗത്തിന്റെ സാമൂഹികമായ ഉത്ഥാനശ്രമങ്ങളും സ്ത്രീവിമോചനാശയങ്ങളുടെ രൂപീകരണത്തിൽ നിർണായക സ്വാധീനം ചെലുത്തിയിരുന്നു. ആഹാരം, വസ്ത്രധാരണം, വിദ്യാഭ്യാസം, ഗർഭഛിദ്രം എന്നീ വിഷയങ്ങളിൽ നിലനിന്നിരുന്ന വിവേചനങ്ങളാണ് സ്ത്രീവിമോചനാശയങ്ങളെ

ശക്തിപ്പെടുത്തിയത്. ജർമ്മനിയിൽ ക്ലാരാ സെറ്റ്കിനും (Clara Zetkin 1857-1933), റഷ്യയിൽ അലക്സാൻഡ്ര കൊല്ലൻതായ്യുമാണ് (Alexandra Kollontai 1872-1952) സ്ത്രീവിമോചനശ്രമങ്ങൾക്ക് ആക്കം കൂട്ടിയത്. 1893ൽ ന്യൂസ്ലാന്റിലെ സ്ത്രീകൾ വോട്ടവകാശത്തിനായി ഒന്നിച്ച് നിന്നത് ചരിത്രപരമായ ഒരു നേട്ടമായിരുന്നു.

1792-ൽ പ്രസിദ്ധീകൃതമായ മേരിവുൾ സ്റ്റൺ ക്രാഫ്റ്റിന്റെ (ങമ്യൂ ണീഹഹൗീല ഇൃമളേ 17591797) വനിതാവകാശസമർത്ഥനം (*A Vindication of the Right of Women*) സത്രീവിമോചനചിന്തകൾക്ക് രാഷ്ട്രീയമാനം നൽകിയിരുന്നു. ഫ്രഞ്ച് ചിന്തകനായ റൂസ്സോയുടെ വിദ്യഭ്യാസ ചിന്തകളെ പിൻപറ്റിയാണ് മേരി വുൾസ്റ്റൺ ക്രാഫ്റ്റ് (Mary Wollstone Craft) തന്റെ സ്ത്രീവിമോചനാശയങ്ങളെ പരിചയപ്പെടുത്തുന്നത്. സ്ത്രീയുടെ കീഴായ്മയെ ജൈവീകമായി നീതികരിക്കുന്ന ലിംഗകേന്ദ്രിത നിലപാടുകളെ തന്റെ കൃതിയിലൂടെ മേരി വുൾസ്റ്റൺ ക്രാഫ്റ്റ് പുനർവിചിന്തനത്തിന് വിധേയമാക്കുന്നുണ്ട്. സ്ത്രീയുടെയും പുരുഷന്റെയും തുല്യവിദ്യാഭ്യാസത്തിനാണ് മേരി വുൾസ്റ്റൺ ക്രാഫ്റ്റ് വനിതാവകാശസമർത്ഥനത്തിൽ ഊന്നൽ നൽകുന്നത്. ലിംഗ കേന്ദ്രിത സാമൂഹികവ്യവസ്ഥിതി, ഗാർഹികജീവിതപരിസരങ്ങൾ എന്നിവയെ മുൻനിർത്തിയാണ് സ്ത്രീവിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ മുന്നോട്ട് വെക്കുന്നത്. ആത്യന്തികമായി സ്ത്രീസമൂഹത്തിന്റെ സാമൂഹികമായ അധമാവസ്ഥകളെ, സാമൂഹികപരിസരങ്ങളിലെ ലിംഗകേന്ദ്രിതനയങ്ങളെ അടിസ്ഥാനപ്പെടുത്തി മേരി വുൾസ്റ്റൺ ക്രാഫ്റ്റ് ഈ കൃതിയിൽ വിശദീകരിക്കുന്നു.[17]

വെർജിനിയ വുൾഫിന്റെ (Virginia Woolf 1882-1941) 'സ്വന്തമായൊരു മുറി' (*A Room of One's Own*) എന്ന കൃതി ഫെമിനിസ്റ്റ് ആശയങ്ങളുടെ ബൈബിൾ ആയിട്ടാണ് പ്രത്യക്ഷപ്പെട്ടത്. പത്തൊമ്പതാം നൂറ്റാണ്ടിൽ ഉയർന്നുവന്ന മധ്യവർഗ എഴുത്തുകാരികളെ മുൻനിർത്തിയാണ് വെർജിനിയ വുൾഫ് 'സ്വന്തമായൊരു മുറി' എന്ന ആശയത്തെ പരിചയപ്പെടുത്തിയത്. സ്ത്രീകൾക്ക് തങ്ങളുടെ ആശയങ്ങളെ സ്വതന്ത്രമായി മനനം ചെയ്യാനോ അവയ്ക്കിണങ്ങിയ രൂപഘടനയിലേയ്ക്ക് ആലേഖനം ചെയ്യാനോ സാധിക്കാതിരുന്ന ഒരു കാലഘട്ടത്തെയാണ് വെർജിനിയ വുൾഫ് ഈ കൃതിയിൽ സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ട് നോക്കിക്കാണുന്നത്. സ്ത്രീസമൂഹം എക്കാലത്തും തങ്ങളുടെ സ്വത്വത്തെ മറച്ചുവെച്ചാണ് ജീവിച്ചിരുന്ന

തെന്ന് വെർജിനിയ വുൾഫ് വ്യക്തമാക്കുന്നുണ്ട്. സ്ത്രീസമൂഹത്തിനകത്ത് പ്രവർത്തിച്ചിരുന്ന ഈ പ്രതിലോമപരതയാണ് സാഹിത്യത്തിന്റെ ഇതരമേഖലകളിലേയ്ക്ക് സ്ത്രീയുടെ വ്യാപനത്തെ തടസ്സപ്പെടുത്തിയതെന്ന് വെർജിനീയ വുൾഫ് തന്റെ അന്വേഷണങ്ങളിലൂടെ ഈ കൃതിയിൽ കണ്ടെത്തുന്നുണ്ട്.[18] ആൺകോയ്മയിലധിഷ്ഠിതമായ ഒരു ലോകക്രമത്തെയാണ് വെർജീനിയവുൾഫ് ഈ കൃതിയിൽ പെൺ സമൂഹത്തിന്റെ എഴുത്തിന്റെ മേഖലയിലുള്ള ക്രിയാത്മകതയുടെയും സർഗാത്മകതയുടെയും എതിർസ്ഥാനത്ത് നിർത്തുന്നത്. ആത്യന്തികമായി സ്ത്രീസമൂഹം വസ്തുവത്കരിക്കപ്പെടുന്ന സാമൂഹ്യബോധങ്ങളുടെ പുനർനിർണയനമാണ് വെർജിനിയ വുൾഫ് തന്റെ ചിന്തകളിലൂടെ പങ്കുവെക്കുന്നത്. സ്ത്രീ പുരുഷന്റെ സ്വകാര്യ അടിമയായി മാറുന്ന വിവാഹസമ്പ്രദായത്തിലും സാമൂഹികപദവികളിലും മാറ്റമുണ്ടാകണമെന്ന് വുൾഫ് ആഗ്രഹിച്ചു. സ്ത്രീയുടെയും പുരുഷന്റെയും സാമൂഹികമായ സമത്വത്തെയും ജൈവികമായ വ്യത്യസ്തതകളെയും ഉൾക്കൊണ്ട് രൂപപ്പെടേണ്ട മൂല്യ വ്യവഹാരങ്ങളായിട്ടാണ് വെർജിനിയ വുൾഫ് സാഹിത്യകൃതികളെ നിരീക്ഷിച്ചത്. സിമോൺ ദ ബുവ്വയുടെ (Simone De Beauvoir 1908-1986) 'സെക്കന്റ് സെക്സ്' (*The Second Sex 1949*), എന്ന കൃതി സ്ത്രീവാദ ആശയങ്ങളുടെ പ്രചരണത്തെ ശക്തിപ്പെടുത്തുന്നതായിരുന്നു.

1963-ൽ പുറത്തിറങ്ങിയ ബെറ്റി ഫ്രൈദാന്റെ (Betty Friedan 1921-2006) 'ദി ഫെമിനൈൻ മിസ്റ്റിക്' (*The Feminine Mystique 1963*) എന്ന കൃതി ആധുനിക ഫെമിനിസ്റ്റ് നിരീക്ഷണത്തിന്റെ സൂക്ഷ്മവശങ്ങളെ ഉൾക്കൊള്ളുന്നതായിരുന്നു. 'പേരില്ലാത്ത പ്രശ്നങ്ങൾ' എന്ന തലക്കെട്ടിന് കീഴെയാണ് ബെറ്റി ഫ്രൈദാൻ സ്ത്രീ സമൂഹത്തിന് ഗാർഹികമായും സാമൂഹികമായും പിൻതുടരേണ്ടിവന്ന കീഴായ്മയെ അവതരിപ്പിച്ചത്. നല്ല വീട്ടമ്മ അല്ലെങ്കിൽ ഭാര്യ എന്ന സങ്കല്പമാണ് സ്ത്രീ ജീവിതത്തെ മുൻനിർത്തി സമൂഹവും മാധ്യമങ്ങളും നിലനിർത്തിയിരുന്നതെന്ന് അമേരിക്കൻ സ്ത്രീസമൂഹത്തെ സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ട് ബെറ്റിഫ്രൈദാൻ അഭിപ്രായപ്പെട്ടു.[19] കുടുംബത്തിനപ്പുറത്ത് സ്ത്രീസമൂഹത്തിന് അവരുടെ ഭാഗധേയം നിശ്ചയിക്കേണ്ടതുണ്ടെന്ന് ഈ കൃതി ഓർമപ്പെടുത്തുന്നു. ആത്യന്തികമായി സ്ത്രീകളുടെ അവകാശങ്ങളുടെ നിഷേധത്തിൽ നിന്നാണ് സ്ത്രീവിമോചനാശയങ്ങൾ

എക്കാലത്തും രൂപപ്പെട്ടിട്ടുള്ളത്. കാലാകാലങ്ങളിൽ സ്ത്രീകളുടെ സാമൂഹികാവകാശങ്ങളെ പരിഷ്കരിച്ചുകൊണ്ടാണ് ഈ ആശയങ്ങൾ മുന്നോട്ടുപോകുന്നത്. വീക്ഷണത്തിലെ വ്യത്യസ്തതകളെ മുൻനിർത്തി സ്ത്രീവിമോചനാശയങ്ങളെ ലിബറൽ, സോഷ്യലിസ്റ്റ്, മാർക്സിസ്റ്റ്, കൾച്ചറൽ, റാഡിക്കൽ എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്.

1.2.1 ലിബറൽ ഫെമിനിസം

സ്ത്രീസമൂഹത്തിന്റെ വ്യക്തിസ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും വേണ്ടിയുള്ള ശ്രമങ്ങൾക്ക് പിന്നിലെ ചിന്താപരമായ ഐക്യമാണ് ലിബറൽ ഫെമിനിസത്തിന് കാരണമായത്. സ്ത്രീ, പുരുഷ, വ്യവഹാരങ്ങളിലെ തുല്യതയ്ക്ക് വേണ്ടിയാണ് ലിബറൽ ഫെമിനിസം നിലകൊണ്ടത്. കുടുംബത്തിനകത്തെ സ്ത്രീയുടെയും പുരുഷന്റെയും തുല്യപങ്കാളിത്തത്തിനാണ് ലിബറൽ ഫെമിനിസം മുഖ്യമായും ഊന്നൽ നൽകിയത്. 1866-ൽ സ്ത്രീകളുടെ വോട്ടവകാശത്തിനുവേണ്ടി ബ്രിട്ടീഷ് പാർലമെന്റിനെ സമീപിച്ചത് ലിബറൽ ഫെമിനിസ്റ്റായ ജോൺ സ്റ്റുവർട്ട് (John Stuart Mill 1806-1873) മിൽ ആണ്.[20] ഇദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പുരുഷസമൂഹം സ്ത്രീസമൂഹത്തിന്റെ പ്രധാന വ്യവഹാരമേഖലയായി വിലയിരുത്തിയിരുന്നത് ഭാര്യ, അമ്മ എന്നീ പദവികൾ ആവശ്യപ്പെടുന്ന പ്രവർത്തനങ്ങളെയാണ്. വിവാഹത്തിലൂടെ പുരുഷൻ സ്ത്രീയുടെ ഉടമസ്ഥാവകാശത്തിലേയ്ക്ക് എത്തിയിരുന്ന സാമൂഹിക സാഹചര്യത്തിലാണ് മില്ലിന്റെ ഈ നിരീക്ഷണം സാധുവായിരുന്നത്. സ്ത്രീസമൂഹത്തിന് ഈ കാലയളവിൽ സ്വന്തമായ അഭിപ്രായങ്ങളുണ്ടായിരുന്നില്ല. പുരുഷനാൽ കൈമാറ്റം ചെയ്യപ്പെടുന്ന ഒരു ഉരുമാത്രമായിരുന്നു സ്ത്രീ. ഭാര്യ എല്ലാ അർത്ഥത്തിലും ഭർത്താവിന്റെ അടിമയായിരുന്നു. സ്ത്രീ പുരുഷനാൽ ഭരിക്കപ്പെടേണ്ടവളാണ് എന്ന ലിംഗകേന്ദ്രിതമായ അധികാരചിന്തയെ സ്ത്രീയുടെയും പുരുഷന്റെയും വളർച്ചയുടെ ഘട്ടങ്ങളിൽനിന്ന് ഒഴിവാക്കിക്കൊണ്ടാണ് മിൽ ഈ ലിംഗപരമായ സാമൂഹ്യഅസമത്വത്തിന് പരിഹാരം നിർദ്ദേശിക്കുന്നത്.[21]

സാന്മാർഗ്ഗിക വിദ്യാഭ്യാസം ലിംഗപരമായ സമത്വത്തിന് ഊന്നൽ നൽകുന്നതായിരിക്കണം എന്ന മില്ലിന്റെ അഭിപ്രായം എക്കാലത്തും സ്വാഗതാർഹമാണ്. ലിംഗസമത്വത്തിലൂന്നുന്ന വിദ്യാഭ്യാസത്തിന് പുറമെ സ്ത്രീയുടെ ബൗദ്ധികശേഷികളെ

ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ടെന്നും മിൽ ചൂണ്ടികാണിക്കുന്നുണ്ട്. അടിസ്ഥാന പരമായി സമത്വപൂർണമായ കുടുംബഘടനയെയാണ് മിൽ ആഗ്രഹിക്കുന്നത്. ഇന്ത്യയിൽ സതി സമ്പ്രദായത്തിനെതിരെ ഉണ്ടായ നിയമപരവും സാമൂഹികവുമായ മുന്നേറ്റത്തെ ലിബറൽ ഫെമിനിസത്തിന്റെ തലത്തിൽ നിന്നുകൊണ്ട് വീക്ഷിക്കാവു ന്നതാണ്. സ്ത്രീപുരുഷ സമത്വം കുടുംബഘടനയിൽനിന്ന് തുടങ്ങി സാമൂഹികമായി വളർന്നുവരേണ്ട ഒന്നാണ്. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രത്യയശാസ്ത്രം സമത്വപൂർണമായ കുടുംബഘടനയുമായി ബന്ധപ്പെട്ടാണ് നിലനില്ക്കുന്നത്. കുടുംബത്തിനകത്തും സമൂഹത്തിലും പുരുഷസമൂഹത്തിന്റെ അധികാരപരമായ മേൽക്കോയ്മക്കകത്താണ് സ്ത്രീയും പ്രകൃതിയും കീഴായ്മയുടെ പ്രതീകമായി മാറുന്നത്. ഈ ചിന്താപരമായ ഔന്നത്യത്തെ വിമർശനാത്മകമായി സമീപിച്ചു കൊണ്ടാണ് സ്ത്രീ വിമോചനാശയങ്ങൾ വിപുലപ്പെട്ടിട്ടുള്ളത്.

1.2.2 റാഡിക്കൽ ഫെമിനിസം

ലിബറൽ ഫെമിനിസത്തിൽനിന്ന് റാഡിക്കൽ ഫെമിനിസത്തിലേയ്ക്കുള്ള വളർച്ചയെ സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ടുള്ള പുരോഗമനപരമായ സമീപനമായി വീക്ഷിക്കാവുന്നതാണ്. സമൂഹത്തിനകത്തെ പുരുഷമേൽക്കോയ്മക്കെതിരെയാണ് റാഡിക്കൽ ഫെമിനിസം നിലകൊണ്ടത്. കുടുംബമെന്ന അടിസ്ഥാനസാമൂഹ്യഘടകം പ്രവർത്തിക്കുന്നത് ആൺകോയ്മക്കനുസൃതമായിട്ടാണെന്ന് റാഡിക്കൽ ഫെമിനിസം വ്യക്തമാക്കി. റാഡിക്കൽ ഫെമിനിസത്തിന് കരുത്ത് നൽകിയതിൽ നേരത്തെ സൂചിപ്പിച്ച ഷുലാമിത്ത് ഫയർ സ്റ്റോണിന്റെ (Shulamith Firestone 1945-2012) ചിന്തകൾക്ക് പ്രമുഖസ്ഥാനമുണ്ട്. ഷുലാമിത്ത് ഫയർ സ്റ്റോണിന്റെ നിരീക്ഷണങ്ങളെ വ്യത്യസ്തമാക്കുന്നത് അവർ സ്ത്രീയുടെ കർത്തൃത്വത്തിന് നൽകുന്ന സവിശേഷ സ്ഥാനമാണ്. സ്ത്രീയുടെ പദവിയെ കുടുംബം സമൂഹം എന്നിങ്ങനെയുള്ള ആൺ കോയ്മയുടെ അധികാരസ്ഥാനങ്ങളിൽനിന്ന് വേർപ്പെടുത്തിയാണ് അവർ നിരീക്ഷിച്ചത്. ഷുലാമിത്ത് ഫയർ സ്റ്റോണിന്റെ അഭിപ്രായത്തിൽ സ്ത്രീസമൂഹത്തിന്റെ കീഴായ്മയ്ക്ക് ആധാരം സ്ത്രീയുടെ തന്നെ ജൈവികമായ സവിശേഷതകളായ ആർത്തവം, ഗർഭധാരണം, പ്രസവം എന്നിവയാണ്. ഈ ജൈവികമായ പ്രത്യേകതക ളാണ് സ്ത്രീയെ പുരുഷന് അടിമപ്പെടുത്തുന്നത്.

ലിംഗകേന്ദ്രിതസമൂഹത്തിന്റെ നിലനില്പിനുവേണ്ടി പുരുഷസമൂഹം മേൽക്കോയ്മ നിലനിർത്തുന്ന ഈ പ്രത്യുത്പാദനവ്യവസ്ഥയിൽനിന്ന് ആധുനികശാസ്ത്രസാങ്കേതിക വിദ്യയുടെ ഗുണപരമായ പ്രയോഗത്തിലൂടെ സ്ത്രീകളെ മോചിപ്പിക്കാൻ കഴിയും എന്ന നിർദ്ദേശമാണ് ഷുലാമിത്ത് ഫയർ സ്റ്റോൺ മുന്നോട്ടു വെക്കുന്നത്.[22] സ്ത്രീയുടെ സാമ്പത്തികമായ സുസ്ഥിരതയും സ്വത്വപരമായ സ്വയം നിർണയനവും ലക്ഷ്യബോധത്തോടെയുള്ള ജീവിതവും സംഭവ്യമാകണമെങ്കിൽ ലിംഗകേന്ദ്രിതമായ എല്ലാ സാമൂഹികാധികാരങ്ങളിൽ നിന്നും സ്ത്രീ മുക്തയാകേണ്ടതുണ്ട് എന്ന കാഴ്ചപ്പാടാണ് ഷുലാമിത്ത് ആജീവനാന്തം നിലനിർത്തിയത്. സ്ത്രീസമൂഹത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ഉദ്ഗ്രഥനത്തിന് ലിംഗഭേദത്തിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസക്രമങ്ങളിൽനിന്ന് സമൂഹം പിൻവാങ്ങേണ്ടതുണ്ട് എന്നും ഷുലാമിത്ത് കൂട്ടിച്ചേർക്കുന്നു. യഥാർത്ഥത്തിൽ സ്ത്രീയെയും പ്രകൃതിയെയും ഉത്പാദനപരമായി കീഴടക്കുന്ന ഒരു പുരുഷസങ്കല്പം റാഡിക്കൽ ഫെമിനിസത്തോടാണ് കടപ്പെട്ട് നിൽക്കുന്നത്.[23]

സ്ത്രീയുടെ ലൈംഗികസ്വാതന്ത്ര്യത്തെയും പ്രത്യുത്പാദനശേഷിയേയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും പിൻബലത്താൽ നിയന്ത്രിക്കുന്ന പുരുഷാധികാരത്തിനെയാണ് റാഡിക്കൽ ഫെമിനിസ്റ്റായ മേരിഡാലിയും (Mary Daly 1928-2010) ഗൈൻ/എക്കോളജി (*Gyn/Ecology*) എന്ന ഗ്രന്ഥത്തിലൂടെ പ്രതിസ്ഥാനത്ത് നിർത്തുന്നത്. സ്ത്രീയുടെ ആന്തരികാവയവങ്ങൾ, സ്തനങ്ങൾ, കാൽവണ്ണയിലെ എല്ല് എന്നിവയെല്ലാം മുറിച്ചും തുന്നിയും പുരുഷന്റെ സ്വേച്ഛാപരമായ താത്പര്യത്തിനനുസൃതമായി പാകപ്പെടുത്തിയെടുക്കുന്ന ആഫ്രിക്കയിലെ സ്ത്രീസമൂഹത്തിന്റെ ജീവിതപരിസരത്തിനെ മുൻനിർത്തിയാണ് മേരിഡാലി സ്ത്രീശരീരത്തിന് മീതെ ആചാരാനുഷ്ഠാനങ്ങളുടെ പേരിൽ നടന്നിരുന്ന അതിക്രമങ്ങളെ വിശദീകരിക്കുന്നത്. അമേരിക്കൻ ജീവിതപരിസരങ്ങളിൽ താഴെത്തട്ടിലുള്ള സ്ത്രീകളുടെ ശരീരത്തെ പരീക്ഷണത്തിനുവേണ്ടി ദുരുപയോഗം ചെയ്തിരുന്നതായും മേരിഡാലി ചൂണ്ടികാണിക്കുന്നുണ്ട്.[24] പെണ്ണനുഭവങ്ങളിലെ ഈ ദൈന്യതകൾക്ക് കാരണം ലിംഗകേന്ദ്രിതമേധാവിത്വ വ്യവസ്ഥിതിയാണെന്ന് റാഡിക്കൽ ഫെമിനിസം അടിവരയിടുന്നു. ഷുലാമിത്ത് ഫയർ സ്റ്റോണിന്റെ (Shulamith Firestone 1945-2012)

ദി ഡയലറ്റിക് ഓഫ് സെക്സ് (*The Dialectic of Sex*) കെയ്റ്റ് മില്ലറ്റിന്റെ (Kate Millett 1934-2017) ലൈംഗിക രാഷ്ട്രീയം (*Sexual Politics*) മേരിഡാലിയുടെ ഗൈൻ/ എക്കോളജി (*Gyn Ecology*) എന്നിവ റാഡിക്കൽ ഫെമിനിസത്തിന് അടിത്തറ നൽകിയ കൃതികളാണ്. റാഡിക്കൽ ഫെമിനിസം പ്രശ്നവത്കരിച്ച ലിംഗകേന്ദ്രിതമായ ഗാർഹികപരവും സാമൂഹികപരവുമായ ജീവിതപരിസരങ്ങളോടാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രത്യയശാസ്ത്രവും കടപ്പെട്ട് നിൽക്കുന്നത്.

1.2.3 മാർക്സിയൻ ഫെമിനിസം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് മാർക്സിയൻ സൈദ്ധാന്തിക പരികല്പനകൾ സ്ത്രീവാദ ആശയങ്ങളുടെ ഭാഗമായി മാറുന്നത് ഓഗസ്റ്റ് ബെബലിന്റെ (Ferdinand August Bebel 1840-1913) സ്ത്രീയും സോഷ്യലിസവും (*Women And Socialism*) ഏംഗൽസിന്റെ (Engles) കുടുംബം സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം (*The Origin of Family, Private Property and the State*) എന്നീ കൃതികൾ സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ടുള്ള മാർക്സിയൻ പര്യാലോചനകൾക്ക് കാരണമായി. മുതലാളിത്ത സമൂഹത്തിൽ സ്ത്രീ പ്രാതിനിധ്യത്തെ ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തികൊണ്ടാണ് മാർക്സിസ്റ്റ് ഫെമിനിസം (Marxist Faminism) സൈദ്ധാന്തികമായി വിപുലപ്പെട്ടത്. സാമൂഹ്യപരവും മുതലാളിത്ത പരവുമായ ഉത്പാദനത്തിനകത്തെ അടിമ-ഉടമ ബന്ധത്തിനപ്പുറത്ത് സ്ത്രീസമൂഹത്തിന് കുടുംബത്തിനകത്തും തൊഴിലിടങ്ങളിലും തുടരേണ്ടിവന്ന കീഴായ്മ സമൂഹത്തിന്റെ സർവതലങ്ങളിലേയ്ക്കും വ്യാപിച്ച് നിൽക്കുന്ന ലിംഗഭേദത്തിന്റെ സ്വാധീനം കൊണ്ടാണെന്ന ചിന്തകൾക്ക് മാർക്സിയൻ ഫെമിനിസം കാരണമായി. മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിക്കകത്ത് നിന്നുള്ള സാമൂഹിക വിമോചനത്തെ മാർക്സ് വർഗാധിഷ്ഠിതമായി വിശകലനം ചെയ്തപ്പോൾ സ്ത്രീവാദചിന്തകൾ വ്യാപരിച്ചത് സ്ത്രീകളുടെ ഗാർഹികാദ്ധ്വാനത്തിലാണ്.[25] വർഗപരമായ അദ്ധ്വാനത്തെ ലിംഗഭേദവുമായി ബന്ധിപ്പിച്ച് മാർക്സിയൻ ഫെമിനിസം സ്ത്രീകളുടെ ഗാർഹികാദ്ധ്വാനത്തിന്റെ മൂല്യത്തെ പൊതുസമൂഹത്തിന് മുൻപിൽ വെളിപ്പെടുത്തി. മാർക്സ് സ്വകാര്യസ്വത്തിന്റെ അഭാവത്തിൽ സംഭവ്യമായേക്കാവുന്ന പൊതുപങ്കാളിത്തത്തിനെക്കുറിച്ചും സാമൂഹികവും സാമ്പത്തികവുമായ സമത്വത്തെക്കുറിച്ചും ചിന്തിച്ചപ്പോൾ സ്ത്രീവാദം ഗാർഹി

കപരമായും തൊഴിൽപരമായും നിലനിന്നിരുന്ന സാമൂഹിക അടിമത്തത്തിൽനിന്നുള്ള സ്ത്രീസമൂഹത്തിന്റെ മോചനത്തിനാണ് ഊന്നൽ നൽകിയത്. അടിമാവസ്ഥ സ്ത്രീ സമൂഹത്തിന് മേൽ രണ്ട് രീതിയിലാണ് പ്രവർത്തിക്കുന്നതെന്ന് മാർക്സിസ്റ്റ് ഫെമിനിസ്റ്റുകൾ മനസ്സിലാക്കി. സ്ത്രീശരീരത്തെ അടിമവത്കരിക്കുന്ന സാമൂഹിക സാഹചര്യങ്ങളെ പ്രതിരോധിക്കാനാണ് മാർക്സിയൻ ഫെമിനിസം ശ്രദ്ധ പതിപ്പിച്ചത്.

സാമ്പത്തിക മേഖലയിലെ സ്വയം നിർണയനം കൊണ്ട് മാത്രം സാധ്യമാകുന്ന ഒന്നല്ല ലിംഗകേന്ദ്രിതസമൂഹത്തിൽ നിന്നുള്ള സ്ത്രീയുടെയും പുരുഷന്റെയും മോചനമെന്നത് മാർക്സിയൻ ഫെമിനിസത്തിന്റെ പോരായ്മയായി നിലനില്ക്കുന്നുണ്ട്. എന്നിരുന്നാലും കുടുംബത്തെ മുൻനിർത്തിയുള്ള സ്വകാര്യസ്വത്തിന്റെ വിശകലനത്തിലൂടെ ഏംഗൽസ് 'കുടുംബം' എന്ന അധികാരവ്യവസ്ഥയെ മുൻനിർത്തി സാമൂഹികം, വ്യക്തിപരം എന്നിങ്ങനെയുള്ള തലങ്ങളിൽ നിന്നുകൊണ്ടുള്ള സാമൂഹിക വിമർശനത്തിന്റെ സാധ്യതകളെ തുറന്നിടുന്നുണ്ട്. ഈയർത്ഥപരിസരത്തിലാണ് സ്ത്രീയെ മുൻനിർത്തി നിലനിന്നിരുന്ന ലിംഗകേന്ദ്രിതമായ പൂർവധാരണകളെ പുനർനിർണയിക്കാൻ സ്ത്രീപക്ഷവാദികൾ തയ്യാറാകുന്നത്. യഥാർത്ഥത്തിൽ മാർക്സിയൻ ഫെമിനിസ്റ്റ് ചിന്തകൾ വ്യവഹരിക്കുന്ന സാമൂഹികതലം ഉത്പാദന വ്യവസ്ഥയിലെ വർഗപരമായ തുല്യപങ്കാളിത്തത്തിൽ ഊന്നികൊണ്ട് ചെന്നുതൊടുന്നത് സമത്വ സുന്ദരമായ ഭാവിയെയാണ്. ആത്യന്തികമായി കാലാകാലങ്ങളിൽ നിലവിലുണ്ടായിരുന്ന ഫ്യൂഡൽപരവും മുതലാളിത്തപരവുമായ അധികാരരൂപങ്ങളോട് സംവദിച്ചാണ് ഓരോ സ്ത്രീവാദഘടകങ്ങളും രൂപംകൊള്ളുന്നത്. സാമൂഹിക വിമോചനത്തിലൂന്നിക്കൊണ്ടുള്ള ചിന്തകളുടെ വികാസം ഇവയിലെല്ലാം പ്രകടമാണ്.

1.2.4 കൾച്ചറൽ ഫെമിനിസം

ആലിസ് എക്കോൾസ് (Alice Echols 1951-) ആണ് കൾച്ചറൽ ഫെമിനിസം എന്ന പദം ആദ്യമായി നിർദ്ദേശിച്ചത്. സ്ത്രീകളുടെ ആർത്തവം, പ്രസവം, മുലയൂട്ടൽ തുടങ്ങിയ ജൈവിക ശേഷികൾക്ക് പ്രാധാന്യം നൽകുന്ന വാദമാണ് കൾച്ചറൽ ഫെമിനിസം. സ്ത്രീകളുടെ ജൈവികമായ ശേഷികളാണ് അവളുടെ സ്വഭാവത്തെ നിർണയിക്കുന്നതെന്ന അഭിപ്രായമാണ് കൾച്ചറൽ ഫെമിനിസം മുന്നോട്ടുവെക്കുന്നത്.

സ്ത്രീയുടെ പ്രത്യുത്പാദന ശേഷികളിൽ ഊന്നിക്കൊണ്ടാണ് സ്ത്രീവാദപരമായ പുനരുജ്ജീവനതലത്തെക്കുറിച്ച് കൾച്ചറൽ ഫെമിനിസം ചിന്തിച്ചത്.[26] ആത്യന്തികമായി സ്ത്രൈണതയുമായി ചേർത്തിണക്കിയിട്ടുള്ള സാമൂഹ്യമൂല്യങ്ങളുടെ അനുഭവമേഖലയെയാണ് കൾച്ചറൽ ഫെമിനിസം പഠനവിധേയമാക്കുന്നത്. സ്ത്രീ സമൂഹത്തിന്റെ ശാരീരികമായ പ്രത്യേകതകളെ മുൻനിർത്തിയാണ് കൾച്ചറൽ ഫെമിനിസം ആൺകോയ്മയെ പ്രതിരോധിക്കുന്നത്. മേരിഡാലി (Mary Daly) ആൻഡ്രിനറിച്ച് (Andrienne Rich 1929-2012), കാതലിൻ ബറി (Kathleen Barry 1941-) എന്നീ സ്ത്രീപക്ഷ വക്താക്കൾ കൾച്ചറൽ ഫെമിനിസത്തിന് ആശയപരമായ പ്രചാരവും വ്യാപ്തിയും നൽകിയവരാണ്.

1.2.5 സോഷ്യലിസ്റ്റ് ഫെമിനിസം

സ്ത്രീ സമൂഹത്തിന്റെ കീഴായ്മയെ ജാതി, വർഗം, ലിംഗം എന്നിങ്ങനെയുള്ള വിഭാഗീയതകളുമായി ചേർത്തുവെച്ചാണ് സോഷ്യലിസ്റ്റ് ഫെമിനിസം നിരീക്ഷിച്ചത്. അറുപതുകളോടെയാണ് സോഷ്യലിസറ്റ് ഫെമിനിസം ജാഗരൂകമാകുന്നത്. സ്ത്രീ സമൂഹത്തിന്റെ സാമൂഹികമൂല്യത്തെ സോഷ്യലിസ്റ്റ് ഫെമിനിസം മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയുമായി ബന്ധപ്പെടുത്തിയാണ് വിലയിരുത്തിയത്. സ്ത്രീ സമൂഹത്തിന്റെ ഗാർഹികവൃത്തികളെ പിതൃകേന്ദ്രിതവ്യവസ്ഥിതിയുമായും മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയുമായും ബന്ധപ്പെടുത്തിക്കൊണ്ട് സോഷ്യലിസ്റ്റ് ഫെമിനിസം സ്ത്രീകളുടെ അദ്ധ്വാനത്തിന്റെ മൂല്യത്തെ വെളിപ്പെടുത്തി. 1843 ൽ ഫ്ളോർ ട്രിസ്റ്റാൻ (Flora Tristan 1803-1844) രചിച്ച ദ വർക്കേഴ്സ് യൂണിയൻ (*The Worke's Union 1843*) എന്ന കൃതി സോഷ്യലിസ്റ്റ് ഫെമിനിസത്തിന് ഊന്നൽ നൽകുന്നതായിരുന്നു. സോഷ്യലിസ്റ്റ് ഫെമിനിസത്തെ കൾച്ചറൽ ഫെമിനിസത്തിൽ നിന്ന് വ്യത്യസ്തമാക്കുന്നത് സ്ത്രീയും പുരുഷനും ഉൾപ്പെടുന്ന മനുഷ്യാദ്ധ്വാനത്തിന് സോഷ്യലിസ്റ്റ് ഫെമിനിസം നല്കുന്ന പ്രാമുഖ്യമാണ്.

1.2.6 ദളിത് ഫെമിനിസം

വർഗപരമായും ലിംഗപരമായും നിലനിന്നിരുന്ന സാമൂഹികവും രാഷ്ട്രീയപരവുമായ വിഭാഗീയതകളാണ് കീഴാളഫെമിനിസത്തിന്റെയടിസ്ഥാനം. കീഴാള സ്ത്രീ

സമൂഹത്തിന്റെ ചരിത്രം ഈ വിഭാഗീയതകളോട് കീഴ്പ്പെട്ടാണ് നിലനിന്നിരുന്നത്. വർഗ പരമായ വിമോചനത്തേക്കാൾ കീഴാള ഫെമിനിസം ഊന്നൽ നല്കിയത് ലിംഗ പരമായ വിമോചനത്തിനാണ്. ലിംഗകേന്ദ്രിതനയം അധിനിവേശപരമായും സാമൂഹ്യ പരമായും കയ്യടക്കുന്ന കീഴാള സ്ത്രീ ശരീരങ്ങളും, ഭൗതികജീവിത സാഹചര്യങ്ങളു മാണ് ഈ വാദത്തിനെ സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ട് പ്രബലപ്പെടുത്തിയത്. സവർണരായ സ്ത്രീസമൂഹത്തിൽ നിന്ന് ഭിന്നമായ ഗാർഹികപരിസരങ്ങളെയും തൊഴിൽ സാഹചര്യങ്ങളേയും ഉൾക്കൊള്ളുന്നവരാണ് കീഴാള സ്ത്രീകൾ. സാമൂഹിക പ്രാതിനിധ്യത്തിനായുള്ള സവർണസ്ത്രീകളുടെ ശ്രമങ്ങൾക്ക് കീഴാള സ്ത്രീ സമൂഹ ത്തിന്റെ ജീവിത പ്രശ്നങ്ങളെ പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിയില്ലായെന്ന തിരിച്ചറി വാണ് ആഞ്ജലഡേവീസിനെ (Angelay Davis 1944 -) ദളിത് സ്ത്രീസമൂഹത്തെ മുൻനിർത്തികൊണ്ട് വുമൺ റെയ്സ് ആന്റ് ക്ലാസ് (*Women Race & Class*) എന്ന കൃതി എഴുതാൻ പ്രേരിപ്പിച്ചത്. ദളിത് സ്ത്രീസമൂഹം ഭാഗഭാക്കാവുന്ന സാമൂഹിക വിമോചന പ്രസ്ഥാനങ്ങളെയും, ഗൃഹത്തിനകത്തേയും തൊഴിലിടങ്ങളിലേയും അടിമവത്കരണത്തെയും, ദളിത് സ്ത്രീശരീരത്തിന് മുകളിലുള്ള വർഗീയമായ കടന്ന് കയറ്റത്തെയും ഈ കൃതി അവലോകനം ചെയ്യുന്നു.[27] വർഗീയപരമായും വംശീയ പരമായും ഉള്ള വിഭാഗീയതകൾക്കപ്പുറത്തേയ്ക്ക് സ്ത്രീസമൂഹത്തിനെ പരിവർത്തന പ്പെടുത്തുകയെന്നത് ദളിത്ഫെമിനിസത്തെപ്പോലെത്തന്നെ പാരിസ്ഥിതികസ്ത്രീവാദ ത്തിന്റെയും നിർണായക ലക്ഷ്യമാണ്.

മുകളിൽ വിശദീകരിച്ച സ്ത്രീവാദത്തിന്റെ ശാഖകൾക്ക് പുറമെ സൈക്കോള ജിക്കൽ ഫെമിനിസം, എക്സിസ്റ്റൻഷ്യലിസ്റ്റ് ഫെമിനിസം, ഉത്തരാധുനിക ഫെമിനിസം എന്നിങ്ങനെ വ്യത്യസ്ത സ്ത്രീവിമോചന ചിന്തകളിലൂടെയാണ് സ്ത്രീവാദ ആശയങ്ങൾ മുന്നോട്ട് പോകുന്നത്. മേലെ വിവരിച്ച ആശയമേഖലയിലുണ്ടായ വിജ്ഞാന വികാസമാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ വികാസത്തിന് കാരണ മായത്.

1.3 പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ വികാസം

സ്ത്രീക്കും പ്രകൃതിക്കും വേണ്ടി രൂപപ്പെട്ട വിമോചന ആശയങ്ങളെ സ്വാംശീകരിച്ചുകൊണ്ടാണ് എഴുപതുകളോടെ പാരിസ്ഥിതിക സ്ത്രീവാദം ഒരു സ്വതന്ത്ര

ആശയ വ്യാപ്തിയിലേക്ക് കടക്കുന്നത്. പാരിസ്ഥിതിക സ്ത്രീവാദം വ്യത്യസ്തമാകുന്നത് അധികാരസമൂഹത്തിന്റെയും മുതലാളിത്ത ഉത്പാദന വ്യവസ്ഥിതിയുടെയും ലിംഗ കേന്ദ്രിത നയങ്ങളോടുള്ള വിമർശനാത്മക സമീപനം കൊണ്ടാണ്. അതുകൊണ്ട് തന്നെ വ്യത്യസ്ത ആശയധാരയിലൂടെയാണ് പാരിസ്ഥിതിക സ്ത്രീവാദം മുന്നോട്ടുപോയിട്ടുള്ളത്.

1.3.1 ലിബറൽ പാരിസ്ഥിതിക സ്ത്രീവാദം

ലിംഗപദവിയെ മുൻനിർത്തിയിട്ടുള്ള സ്ത്രീ, പ്രകൃതി പ്രശ്നങ്ങളുടെ വിമർശനാത്മകമായ നിരീക്ഷണത്തിന്റെ അഭാവമാണ് ലിബറൽ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രത്യേകത. സ്ത്രീ, പ്രകൃതി ബന്ധത്തിൽ ഊന്നി നിന്നു കൊണ്ടുള്ള പ്രവർത്തനപദ്ധതികളാണ് ഈ വാദത്തിന് കീഴിൽ പ്രാവർത്തികമാക്കുന്നത്. സ്ത്രീയുടെയും പുരുഷന്റെയും തുല്യപങ്കാളിത്തത്തോടെയുള്ള പ്രകൃതി വിഭവങ്ങളുടെ ആരോഗ്യപരമായ വിനിമയത്തിനാണ് ലിബറൽ പാരിസ്ഥിതിക സ്ത്രീവാദം ഊന്നൽ നല്കുന്നത്.

1.3.2 സാംസ്കാരിക-പാരിസ്ഥിതിക സ്ത്രീവാദം

സ്ത്രീയെ പ്രകൃതിയുമായി സമരസപ്പെടുത്തുന്ന ആദിമബോധമനസ്സിനെ ശക്തിപ്പെടുത്തി എടുക്കാനാണ് സാംസ്കാരിക പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ വക്താക്കൾ ശ്രമിക്കുന്നത്. അതോടൊപ്പം സ്ത്രീകളുടെ ജൈവികമായ സിദ്ധിവിശേഷങ്ങളെ പുരുഷകേന്ദ്രീകൃതമായ ആധിപത്യവ്യവസ്ഥിതിക്കുള്ളിൽ ന്യൂനവത്കരിക്കുന്നതിനെ സാംസ്കാരിക പാരിസ്ഥിതിക സ്ത്രീവാദികൾ എതിർക്കുന്നു. സ്ത്രീയെ ഭൗതികശരീരം മാത്രമായി കാണുന്ന ആധിപത്യ പ്രവണതയ്ക്കെതിരെയാണ് സാംസ്കാരിക ഇക്കോ ഫെമിനിസം മുന്നോട്ടുപോകുന്നത്. സ്ത്രീക്കും പ്രകൃതിക്കും മേലെ പ്രവർത്തിക്കുന്ന ശാസ്ത്രാധിഷ്ഠവും ക്രിയാത്മകവുമായ പുരുഷമനസ്സിനെ തിരിച്ചറിഞ്ഞുകൊണ്ട് ഉർവരതയിലധിഷ്ഠിതമായ പുരാതന സ്ത്രീ-പ്രകൃതി സങ്കല്പങ്ങളെ പുനരുജ്ജീവിപ്പിച്ചുകൊണ്ട് ഭാവിയിലേയ്ക്ക് സുസ്ഥിരവും ജൈവ സമത്വത്തിന് ഊന്നൽ നൽകുന്നതുമായ ഒരു രാഷ്ട്രീയം രൂപപ്പെടുത്തിയെടുക്കാനാണ് സാംസ്കാരികപാരിസ്ഥിതിക സ്ത്രീവാദം ശ്രമിക്കുന്നത്.[28] സ്ത്രൈണശക്തിയെ ദീപ്തമാക്കിക്കൊണ്ട് സാംസ്കാരിക പാരിസ്ഥിതികവാദം പുരുഷമേൽക്കോയ്മയെ

പ്രതിരോധിക്കുന്നു. സാംസ്കാരിക പാരിസ്ഥിതിക സ്ത്രീവാദം ഊന്നൽ നൽകുന്ന ഉർവരതയിലധിഷ്ഠിതമായ സ്ത്രീ-പ്രകൃതി സങ്കല്പങ്ങൾക്കാണ് ആത്മീയ പാരിസ്ഥിതിക സ്ത്രീവാദവും മുൻഗണന നൽകുന്നത്. ആത്മീയവാദികളായ ഇക്കോഫെമിനിസ്റ്റുകൾ ഇംഗ്ലീഷ് ശാസ്ത്രജ്ഞനായ ജെയിംസ് ലവ് ലോക്കിന്റെ ഗേയ സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ പുരുഷദൈവസങ്കല്പങ്ങൾക്കെതിരായി അമ്മ ദൈവ സങ്കല്പങ്ങളെ ചേർത്തിണക്കുന്നതായി കെ.എൻ. ഗണേശ് അഭിപ്രായപ്പെടുന്നുണ്ട്.[29] അടിസ്ഥാനപരമായി പുരുഷകേന്ദ്രീകൃതമായ മേധാവിത്വങ്ങളെയാണ് സംസ്കാരികവും ആത്മവാദപരവുമായ ഇക്കോഫെമിനിസം എതിർത്തത്.

1.3.3 സാമൂഹിക സമത്വവാദ പാരിസ്ഥിതിക സ്ത്രീവാദം

സ്ത്രീയെയും പ്രകൃതിയെയും വസ്തുവത്കരിക്കുന്ന പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതിയുടെ സാമൂഹ്യപ്രത്യയശാസ്ത്രത്തെ അപനിർമ്മിക്കുക എന്നതാണ് സാമൂഹിക പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ലക്ഷ്യം. ലിംഗകേന്ദ്രിത നയത്തിന് ഊന്നൽ നൽകുന്ന സ്ത്രീ/പുരുഷൻ, പ്രകൃതി/സംസ്കാരം തുടങ്ങിയ ആധുനികതയുടെ ദ്വന്ദ്വപരിസരങ്ങളെ ഈ വാദം നിരാകരിക്കുന്നു. അടിസ്ഥാനപരമായി സമത്വത്തിലൂന്നികൊണ്ട് സമൂഹത്തിന്റെ അടിസ്ഥാനഘടകങ്ങളിൽ നിന്നുള്ള വളർച്ചയെയാണ് ഈ വാദം പരിപോഷിപ്പിക്കുന്നത്. സർവജീവവിഭാഗങ്ങളുടേയും തുല്യ ജീവിതാവകാശത്തിന് പ്രാധാന്യം നൽകുന്ന സാമൂഹിക പാരിസ്ഥിതിക സ്ത്രീവാദം ഗഹനപരിസ്ഥിതിവാദത്തോട് കടപ്പെട്ടാണ് നിലനില്ക്കുന്നത്.[30] യൂറോപ്പിലേയും അമേരിക്കയിലേയും സ്ത്രീവാദചിന്തകരായ ഫ്രാൻസ്വാ ദ യൂബോൺ (Francoise d ' Eaubonne 1920-2005), നേസ് തരാ കിംഗ് (Ynestra King), മേരി ഡാലി (Mary Daly 1928-2010), സൂസൻഗ്രിഫിൻ (Susan Griffin 1943-), ബർബറാ ഡെമിംഗ് (Barbara Deming 1917-1984) തുടങ്ങിയ എഴുത്തുകാരികൾ സ്ത്രീകൾക്ക് നേരെയുള്ള അക്രമപ്രവർത്തനങ്ങളെ 'റേപ്പ് ഓഫ് എർത്ത്' (Rape of Earth) എന്ന് വിശേഷിപ്പിക്കുകയും അവയ്ക്ക് നേരെ കൂട്ടായ്മയോടെ ശബ്ദമുയർത്തുകയും ചെയ്തു.[31] വർഗാധിഷ്ഠിത സാമൂഹ്യവ്യവസ്ഥിതിയിൽ സ്ത്രീക്കും പ്രകൃതിക്കും മേൽ നിലനിർത്തുന്ന അധികാര സ്വഭാവത്തെ തന്നെയാണ് മുതലാളിത്ത ഉത്പാദന വ്യവസ്ഥിതിയും പിൻതുടരുന്നത്. അതുകൊണ്ടുതന്നെ ഉല്പാദന മേഖലയുടെ

ഉടമസ്ഥാവകാശം പുരുഷസമൂഹത്തിന്റേതായി മാറി. തൽഫലമായി യന്ത്രവത്കൃത മായ മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയിൽ സ്ത്രീയും പ്രകൃതിയും കൂടുതൽ കൂടുതൽ വസ്തുവത്കരിക്കപ്പെട്ടുകൊണ്ടിരുന്നു. പുരുഷനെക്കാൾ സ്ത്രീ പ്രകൃതി യുമായി അടുത്തിടപഴകുന്നതുകൊണ്ട് പ്രകൃതി നേരിടുന്ന കടന്നാക്രമണങ്ങളുടെയും ചൂഷണത്തിന്റെയും ഫലങ്ങൾ സ്ത്രീയാണ് കൂടുതലായി അനുഭവിക്കേണ്ടി വരുന്നത്. ഇത് ഗർഭാവസ്ഥ തൊട്ടുള്ള ഒരു ശിശുവിന്റെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു. മനുഷ്യകേന്ദ്രീകൃതമായ വികസനനയങ്ങളാണ് ഭൂമിയുടെ നാശത്തിന് വഴിവെയ്ക്കുന്നത്. ആധുനിക സമൂഹത്തിന്റെ ഈ പ്രകൃതിവിരുദ്ധ നയങ്ങളെയാണ് സോഷ്യലിസ്റ്റ് സമത്വവാദ പാരിസ്ഥിതിക സ്ത്രീവാദികൾ വിമർശനവിധേയ മാക്കുന്നത്.

1.3.4 വെജിറ്റേറിയൻ പാരിസ്ഥിതിക സ്ത്രീവാദം

അക്കാദമിക ചിന്താവിഷയമായിട്ടാണ് വെജിറ്റേറിയൻ പാരിസ്ഥിതിക സ്ത്രീവാദം കടന്ന് വരുന്നത്. സ്ത്രീക്കും പ്രകൃതിക്കും മീതെ പ്രയോഗിക്കപ്പെടുന്ന ലിംഗകേന്ദ്രിത അധികാരമാണ് വെജിറ്റേറിയൻ പാരിസ്ഥിതികവാദത്തിനകത്തും വിഷയമാകുന്നത്. ഈ അധികാരമാണ് പ്രകൃതിയ്ക്കകത്തെ ഇതര ജീവജാലങ്ങൾക്ക് മീതെയും പ്രയോഗിക്കപ്പെടുന്നതെന്ന് വെജിറ്റേറിയൻ പാരിസ്ഥിതിക സ്ത്രീവാദം അഭിപ്രായപ്പെടുന്നു.[32] പ്രകൃതിയിലെ ഇതര ജീവിവർഗത്തെ മാംസാഹാരത്തിനുവേണ്ടി വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന പുത്തൻ മുതലാളിത്ത നയത്തെ വെജിറ്റേറിയൻ പാരിസ്ഥിതിക സ്ത്രീവാദം പിതൃകേന്ദ്രീകൃത അധികാര വ്യവസ്ഥി തിയുമായി ബന്ധിപ്പിക്കുന്നു. കരോൾ.ജെ.ആദംസ് (Carol.J.Adams 1951 -) തന്റെ സെക്ഷ്വൽ പൊളിറ്റിക്സ് ഓഫ് മീറ്റ് (*Sexual Politics of Meat - 1990*) എന്ന കൃതിയിൽ മാംസാഹാരത്തെ പിതൃകേന്ദ്രിത അധികാരവ്യവസ്ഥിതിയുടെ പ്രതീക മായിട്ടാണ് അവതരിപ്പിക്കുന്നത്.[33] ആത്യന്തികമായി മനുഷ്യസമൂഹത്തിന്റെ വളർച്ച യുടെ ഘട്ടങ്ങളിൽ മാംസാഹാരത്തിന് ലഭിച്ച പ്രാമുഖ്യം ലിംഗകേന്ദ്രിത നയവുമായി ബന്ധിപ്പിച്ചാണ് വെജിറ്റേറിയൻ പാരിസ്ഥിതിക സ്ത്രീവാദം പഠിക്കാൻ ശ്രമിക്കുന്നത്.

ഇത്തരത്തിൽ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ രാഷ്ട്രീയം ഗഹന പരിസ്ഥിതിവാദവുമായും സ്ത്രീ വിമോചന ആശയങ്ങളുമായും കൂടി ചേർന്നാണ്

രൂപപ്പെട്ടിട്ടുള്ളത്. സാംസ്കാരിക പാരിസ്ഥിതിക സ്ത്രീവാദം ശക്തിപ്പെടുത്തിയെടുക്കാൻ ശ്രമിക്കുന്നത് സ്ത്രീസമൂഹത്തിന്റെ ഉർവരതയുമായി ബന്ധപ്പെട്ട് വളർന്ന് വന്നിട്ടുള്ള അനുഷ്ഠാനപരമായ പ്രാമുഖ്യത്തെയാണ്. സ്ത്രൈണതയെ പ്രകൃതിശക്തിയുമായി സംയോജിപ്പിച്ചുകൊണ്ട് ലിംഗകേന്ദ്രീകൃത സംസ്കാരത്തെ പുനർനിർമിക്കാനാണ് സാംസ്കാരിക പാരിസ്ഥിതിക സ്ത്രീവാദം ശ്രമിക്കുന്നത്. എന്നാൽ സോഷ്യൽ ആന്റ് സോഷ്യലിസ്റ്റിക് ഇക്കോ ഫെമിനിസം പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതിക്കും മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിക്കും എതിരെയാണ് നിലനില്ക്കുന്നത്. ആത്യന്തികമായി ലിംഗകേന്ദ്രീകൃത സാമൂഹ്യപ്രത്യയശാസ്ത്രത്തെ തകർത്തുകൊണ്ട് സ്ത്രീയുടെയും പുരുഷന്റെയും പ്രകൃതിയുടെയും വിമോചനമാണ് പാരിസ്ഥിതിക സ്ത്രീവാദം ലക്ഷ്യംവെക്കുന്നത്. അതുകൊണ്ടുതന്നെ ആഗോളതലത്തിൽ സ്ത്രീക്കും പ്രകൃതിക്കും മേൽ പ്രവർത്തിക്കുന്ന അധികാരശക്തികളുടെ രാഷ്ട്രീയപരവും സാമ്പത്തികവുമായ വ്യവഹാരങ്ങളെ സൂക്ഷ്മമായി അപഗ്രഥിച്ചുകൊണ്ടാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ വക്താക്കൾ ഈ പാരിസ്ഥിതിക രാഷ്ട്രീയത്തെ ജനകീയവത്കരിക്കാൻ ശ്രമിക്കുന്നത്. സ്ത്രീപക്ഷത്ത് നിന്നുകൊണ്ടുള്ള സംഘടിത ശ്രമങ്ങളിലൂടെയാണ് സ്ത്രീക്കും പ്രകൃതിക്കും വേണ്ടിയുള്ള ചെറുത്തുനില്പ്പുകൾ ലോകശ്രദ്ധയാകർഷിച്ചത്.

ഗ്രീൻ ബെൽറ്റ് പ്രസ്ഥാനത്തിലൂടെ ശ്രദ്ധേയയായ വംഗാരിമാതായ്, സോവിയറ്റ് യൂണിയന്റെ സാമൂഹ്യപരിസ്ഥിതി സംഘടനയുടെ സ്ഥാപകയായ മരിയ ചെർക്കസോവ, ഹോങ്കോംഗിലെ ഫ്രണ്ട്സ് ഓഫ് എർത്ത് എന്ന സംഘടനയുടെ ഡയറക്ടർ ആയിരുന്ന മേയിങ് എന്നിവരെല്ലാം സ്ത്രീക്കും പ്രകൃതിക്കും വേണ്ടി നിലകൊണ്ടവരാണ്. സമൂഹത്തിന്റെ അധികാരഘടനയ്ക്കകത്തും ഉത്പാദനവ്യവസ്ഥിതിയ്ക്കകത്തും വ്യവഹരിക്കുന്ന സ്ത്രീ, പ്രകൃതി വിരുദ്ധനയങ്ങളെ എഴുത്തുകൊണ്ടും സംഘടിതശ്രമങ്ങൾകൊണ്ടും പ്രതിരോധിക്കുന്ന സ്ത്രീപക്ഷസമീപനങ്ങളെ കൂടുതൽ അടുത്തറിയേണ്ടതുണ്ട്.

1.4 പാരിസ്ഥിതിക സ്ത്രീവാദവും സമീപനങ്ങളും

കൊളോണിയൽ അധികാരഘടന ജൈവവൈവിധ്യങ്ങൾക്കുമേൽ സവർണ

പരവും ലിംഗാധിഷ്ഠിതവുമായ നയത്തെ നിലനിർത്തിയാണ് മുന്നോട്ടുപോകുന്നത്. ഈ അധികാരഘടനയ്ക്ക് കീഴിൽ സാമ്രാജ്യത്വവ്യാപനത്തിന്റെ ഭാഗമായി സ്ത്രീക്കും പ്രകൃതിക്കും നേരിടേണ്ടിവന്ന ദുരന്തങ്ങളാണ് സ്ത്രീസമൂഹത്തെ ഇരുപതാം നൂറ്റാണ്ടോടെ ഗഹന പരിസ്ഥിതിവാദവുമായി കൂടിചേർന്ന് പാരിസ്ഥിതിക സ്ത്രീവാദം എന്ന ആശയത്തിലേക്ക് നയിച്ചത്. പ്രകൃതിയിലേയ്ക്കുള്ള കടന്നുകയറ്റം ആവാസ വ്യവസ്ഥയുടെ നാശം, ആണവദുരന്തങ്ങൾ, ജലക്ഷാമം, കാലാവസ്ഥാവ്യതിയാനം, ഭക്ഷ്യലഭ്യതക്കുറവ്, ജനിതകവൈകല്യങ്ങൾ, സംസ്കരിക്കാൻ കഴിയാത്ത മാലിന്യ ങ്ങളുടെ കൂമ്പാരം എന്നിങ്ങനെ മൂന്നാംലോകരാഷ്ട്രങ്ങളിലെ ജീവിതത്തെ ദുഃസ്സഹ മാക്കുന്ന സാഹചര്യങ്ങൾ കൊളോണിയൽ അധികാരഘടനയുടെ സൃഷ്ടിയാണ്. ദക്ഷിണാർദ്ധഗോളത്തിലെ ജൈവവൈവിധ്യമാണ് സാമ്രാജ്യത്വശക്തികളെ മൂന്നാം ലോകരാഷ്ട്രങ്ങളിലേക്ക് ആകർഷിച്ചത്. സ്ത്രീക്കും പ്രകൃതിക്കും മേൽ സവർണ പരവും ക്രിയാത്മകവുമായ ലിംഗാധിഷ്ഠിത മനസ്സാണ് കൊളോണിയൽ അധികാരഘടന കൈക്കൊണ്ടത്.[34] സ്ത്രീയും പ്രകൃതിയും കീഴടക്കപ്പെടേണ്ട ഭൗതിക ശരീരങ്ങളായിട്ടാണ് വിലയിരുത്തപ്പെട്ടത്. സ്ത്രീക്കും പ്രകൃതിക്കും മീതെ യുള്ള ഈ അധികാരഘടനയെ നിരാകരിച്ചുകൊണ്ടാണ് പാരിസ്ഥിതിക സ്ത്രീവാദ ത്തിന്റെ രാഷ്ട്രീയം രൂപപ്പെട്ടത്.

1.4.1 കൊളോണിയൽ അധികാരഘടനയും പാരിസ്ഥിതിക സ്ത്രീവാദവും

പാരിസ്ഥിതിക സ്ത്രീവാദം രൂപപ്പെടാനുള്ള സാമൂഹികവും രാഷ്ട്രീയപരവു മായ സാഹചര്യങ്ങളെ ആഴത്തിൽ മനസ്സിലാക്കണമെങ്കിൽ കൊളോണിയൽ അധികാരഘടനയുടെ പ്രകൃതി, സ്ത്രീ വിരുദ്ധമായ കീഴ്വഴക്കങ്ങളെ യഥാവിധം പരിചയപ്പെടേണ്ടതുണ്ട്. മൂന്നാംലോകരാഷ്ട്രങ്ങൾക്കു മേലെയുള്ള കൊളോണിയൽ അധികാരഘടനയുടെ ചരിത്രം സ്ത്രീക്കും പ്രകൃതിക്കും നേരെയുള്ള ചൂഷണങ്ങളു ടേയും അരിക്വത്കരണത്തിന്റേയും ചരിത്രം കൂടിയാണ്. പ്രകൃതിയുടെ നൈസർഗി കതയെ തകർത്ത് കൊണ്ട്, ജൈവവൈവിധ്യങ്ങളെ തുടച്ച് നീക്കിക്കൊണ്ട് സാമ്പത്തി കമൂല്യത്തിൽ ഊന്നിക്കൊണ്ടുള്ള തോട്ടവത്കരണത്തിലൂടെയാണ് കൊളോണിയൽ അധികാരഘടന ആദ്യകാലങ്ങളിൽ ശക്തിപ്പെട്ടത്. സ്ത്രീകളുൾപ്പെടെയുള്ള അടിമ വർഗത്തിന്റെ അദ്ധ്വാനത്തിനെ മൂല്യരഹിതമായി പ്രയോജനപ്പെടുത്തിക്കൊണ്ടാണ്

തോട്ടവത്കരണം നടന്നത്. പരുത്തി, കരിമ്പ് തുടങ്ങിയ നാണ്യവിളകളുടെ ഉത്പാദനത്തിൽനിന്ന് തുടങ്ങിയ തോട്ടവത്കരണം ഇന്ന് ജൈവഇന്ധനങ്ങളുടെ വ്യാവസായിക ഉത്പാദനത്തിലെത്തിനിൽക്കുന്നു. നിലവിലുണ്ടായിരുന്ന ജൈവസമ്പത്തിനെ ഇല്ലാതാക്കി, തദ്ദേശവാസികളെ ആട്ടിയകറ്റി, മണ്ണിനെ ജലത്തെ വായുവിനെ മലിനപ്പെടുത്തിയാണ് വികസിതരാജ്യങ്ങളുടെ മേൽനോട്ടങ്ങൾക്ക് കീഴിൽ ആയുധവത്കരിക്കപ്പെട്ട് ഇന്ന് തോട്ടങ്ങൾ നിലനിൽക്കുന്നത്.

തോട്ടനിർമാണത്തിന്റെ ഭാഗമായി ജീവിതമാർഗങ്ങളിൽനിന്ന് വേർപ്പെടുത്തപ്പെടുന്ന സ്ത്രീകളുൾപ്പെടെയുള്ള സമൂഹം പിന്നീട് ജീവിതത്തെ പുലർത്താനായി കൊളോണിയൽ അധികാരഘടനയേയും വിപണിയേയും ആശ്രയിക്കേണ്ടി വരുന്നു. ഫലത്തിൽ ജിവിതാവശ്യങ്ങളെ നിറവേറ്റാനായി വെള്ളത്തിനും ഭക്ഷണത്തിനും വേണ്ടി അവർക്ക് ദൂരങ്ങൾ താണ്ടേണ്ടിവരുന്നു. കൊളോണിയൽ അധികാരഘടനയും ലിംഗാധിഷ്ഠിതമായ സാമൂഹ്യക്രമവും സ്ത്രീസമൂഹത്തിന്മേൽ ഒരേ സമയം സമ്മർദ്ദം ചെലുത്തുന്നു. അവർക്ക് തുടർന്നുള്ള ജീവിതത്തിൽ പൊതുസമൂഹത്തിൽനിന്ന് തിരസ്കൃതരായി കുടുംബത്തിനകത്തേയും പൊതുയിടങ്ങളിലേയും തൊഴിൽ വിഭാഗമായി മാറേണ്ടിവരുന്നു. ഇത് മൂന്നാം ലോകരാഷ്ട്രങ്ങളിലെ താഴെ തട്ടിലെ സ്ത്രീസമൂഹത്തിന്റെ മുഖ്യഅവസ്ഥാവിശേഷമായിരുന്നു. ആദ്യകാലങ്ങളിലെ കരിമ്പ് കൃഷിയെയും പഞ്ചസാര ഉത്പാദനത്തെയും മോണോ കൾച്ചറിലേക്കുള്ള (Mono Culture) ആദ്യചുവട് വയ്പായി കാണാവുന്നതാണ്. ഈ മാറ്റം സ്ത്രീക്കും പ്രകൃതിക്കും മേലുള്ള അധികാരവ്യവസ്ഥിതിയുടെ കേന്ദ്രീകൃത സ്വഭാവത്തിലേയ്ക്കാണ് നയിച്ചത്. ഇംഗ്ലണ്ടിലെ ധനകാര്യമന്ത്രിയായിരുന്ന ഫ്രാൻസിസ് ബേക്കണിന്റെ (Francis Bacon 1561-1626) വാക്കുകളിൽനിന്ന് കൊളോണിയൽ കാലഘട്ടത്തിലെ പ്രകൃതിയോടുള്ള അധികാരഘടനയുടെ സ്വഭാവം വ്യക്തമാണ്.

"പ്രകൃതിയെ കീഴടക്കുക എന്നതാണ് മനുഷ്യന്റെ യഥാർത്ഥദൗത്യം അതിലാണ് മനുഷ്യവംശത്തിന്റെ ഭാവി കുടികൊള്ളുന്നത്. മനുഷ്യൻ തന്റെ കയ്യും വിരുതുകളും ഉപയോഗിച്ച് പ്രകൃതിയെ അവളുടെ പ്രാകൃതാവസ്ഥയിൽനിന്ന് പുറത്ത് ചാടിക്കണം. പരുവപ്പെടുത്തിയെടുക്കണം. മനുഷ്യന്റെ മേൽ മേധാവിത്വം തുടരാൻ അവളെ അനുവദിക്കരുത്. മനുഷ്യനെ സേവിക്കുന്ന ഒരു അടിമയാക്കി അവളെ മാറ്റണം." [35]

പ്രകൃതിയെ കീഴടക്കപ്പെടേണ്ട ഭൗതികശരീരമായി കണ്ട കൊളോണിയൽ അധികാരഘടനയുടെ പുരുഷശബ്ദമാണ് ഫ്രാൻസിസ് ബേക്കണിലൂടെ ലോകം കേട്ടത്. കീഴടക്കപ്പെടേണ്ടതും വിപണിക്കനുസൃതമായി പുനർനിർമ്മിക്കേണ്ടതുമായ ഒന്നാണ് പ്രകൃതിയെന്ന ചിന്ത തോട്ടവത്കരണത്തിലൂടെയും വ്യവസായവത്കരണത്തിലൂടെയും തുടർന്നുള്ള നൂറ്റാണ്ടുകളിൽ രൂഢമൂലമായിത്തീർന്നു. പ്രകൃതിക്കകത്ത് കൊളോണിയൽ മൂലധനകേന്ദ്രീകരണത്തിന്റെ ഭാഗമായി വേറൊരു നിർമ്മിത പ്രകൃതിയെ സൃഷ്ടിച്ചുകൊണ്ടാണ് തോട്ടവത്കരണം യാഥാർത്ഥ്യമായത്. കാട് വെട്ടിതെളിയിച്ച് തദ്ദേശിയരെ ആട്ടിയകറ്റി കൊളോണിയൽ സാമ്രാജ്യത്വവ്യവസ്ഥിതിക്കനുസൃതമായ പ്രകൃതിയെ പരുവപ്പെടുത്തിയെടുക്കുകയാണ് നാണ്യവിളകൃഷിയിലൂടെ ചെയ്തത്. പതിനഞ്ചാം നൂറ്റാണ്ടിൽ തുടക്കമിട്ട നാണ്യവിള കൃഷിയായ കരിമ്പ് കൃഷിയും പഞ്ചസാര ഉത്പാദനവും അറ്റ്ലാന്റിക് ദ്വീപസമൂഹത്തിലുള്ള മദിര, കാനറീസ് എന്നിവിടങ്ങളിൽനിന്ന് തുടങ്ങി 17-ാംനൂറ്റാണ്ടോടെ സ്പാനിഷ് കോളനികളിലും ബ്രസീലിലും തുടർന്ന് ബ്രിട്ടീഷ്, ഫ്രഞ്ച് കോളനിയായ കരീബിയൻ ദ്വീപ് സമൂഹങ്ങളിലും വൻതോതിൽ വ്യാപിക്കുകയും ചെയ്തു. കാനറീസ് ദ്വീപിലെ തദ്ദേശവാസികളേയും വടക്കേ ആഫ്രിക്കയിൽ നിന്നുള്ള അടിമകളുടേയും അമരേന്ത്യൻ അടിമകളുടേയും മനുഷ്യാദ്ധ്വാനത്തെ പ്രയോജനപ്പെടുത്തിയാണ് തോട്ടവത്കരണം നടന്നത്.[36] പ്രകൃതിക്ക് മേലുള്ള ആധിപത്യവും വാണിജ്യവത്കരണവുമാണ് യൂറോപ്യൻ രോമവ്യാപാരത്തിനകത്തും നടന്നത്. 18-ാംനൂറ്റാണ്ടിന്റെ അവസാനത്തോടെ യൂറോപ്യൻ രോമ, തോൽ വ്യാപാരത്തിന്റെ ഭാഗമായി സബളുകൾ, വടക്കൻ പസഫിക് ദ്വീപുകളിലെ നീർനായ്ക്കൾ, കടൽസീലുകൾ, ബീവർ, മാർട്ടൻ, ഓട്ടർ റക്കൂൺ തുടങ്ങിയ ജീവിവർഗങ്ങൾ വൻതോതിൽ കൊലചെയ്യപ്പെട്ടു.[37]

വ്യവസായവത്കരണ കാലഘട്ടത്തിന്റെ ആവിർഭാവം പ്രകൃതിയുടെ വാണിജ്യവത്കരണത്തിന് ശാസ്ത്രീയമാനങ്ങൾ നൽകി. വ്യവസായവത്കരണ കാലഘട്ടം പ്രകൃതിയ്ക്കകത്തെ ശ്രേണീബന്ധത്തെ നിശ്ചലമാക്കികൊണ്ട് പ്രകൃതിയുടെ ചലനവ്യവസ്ഥയ്ക്ക് ശാസ്ത്രീയയുക്തിക്ക് അധിഷ്ഠിതമായ വ്യാഖ്യാനം നൽകി. ആധുനികസമൂഹത്തിന്റെ യുക്തിയധിഷ്ഠിത ശാസ്ത്രീയഭാഷ പ്രകൃതിയെ യന്ത്രാധിഷ്ഠിതമായ ഉത്പാദനവ്യവസ്ഥിതിയുടെ ഭാഗമാക്കി മാറ്റി. ഈ യന്ത്രാധിഷ്ഠിത

ഉത്പാദനവ്യവസ്ഥിതി ക്രമേണ കൊളോണിയൽ അധികാരഘടനയുടെ ഭാഗമായി മാറി. 'നീരാവി എഞ്ചിൻ, കൽക്കരി, ഫോസിൽ ഇന്ധനങ്ങൾ ഗതാഗത സംവിധാനത്തിനകത്തെ ദ്രുതഗതിയിലുള്ള മാറ്റങ്ങൾ എല്ലാംതന്നെ മൂന്നാം ലോകരാഷ്ട്രങ്ങൾക്ക് മേലുള്ള ആധിപത്യത്തെ ശക്തിപ്പെടുത്തി. ശാസ്ത്രസാങ്കേതികരംഗത്തെ പുരോഗതിയിലൂടെ പ്രകൃതിയെ മൂലധനവത്കരിക്കുവാൻ കൊളോണിയൽ അധികാരഘടനയ്ക്ക് എളുപ്പം കഴിഞ്ഞു. മൂലധനാധിഷ്ഠിതമായി പ്രകൃതിക്ക് മേൽ പ്രവർത്തനനിരതമായ ഈ ശാസ്ത്രീയ മനസ്സിനെ കെ.എൻ.ഗണേഷ് വിശദീകരിക്കുന്നതിപ്രകാരമാണ്.

"സ്വതാത്പര്യങ്ങൾക്കുവേണ്ടി പ്രകൃതിയിലെ ബലത്തെയും ഊർജ്ജത്തെയും പദാർത്ഥങ്ങളെയും സ്വാംശീകരിക്കുകയും അതിനെ മാറ്റത്തിന് വേണ്ടി മനുഷ്യാദ്ധ്വാനത്തെയും മനുഷ്യാദ്ധ്വാനത്തിന്റെ പൂരകമായ യാന്ത്രികാദ്ധ്വാനരൂപങ്ങളെയും ഉപയോഗിക്കുകയും ചെയ്യുമ്പോൾ മൂലധനം രൂപംകൊള്ളുന്നു."[38]

ഈ മൂലധനരൂപീകരണം കാലക്രമേണ കൊളോണിയൽ അധികാരഘടനയുടെ സ്ഥായിയായ സാമ്പത്തികസ്രോതസ്സായി മാറി. കൊളോണിയൽ അധികാരഘടനയ്ക്ക് കീഴിലാണ് പ്രകൃതി ഇപ്രകാരം മൂലധന ഉല്പാദനവ്യവസ്ഥിതിയുടെ ഭാഗമായി മാറുന്നത്. തോട്ടവത്കരണത്തിൽ ഉത്പാദനവ്യവസ്ഥിതിയുടെ ഭാഗമായി നിർമിച്ച തോട്ടങ്ങളാണ് ജൈവവൈവിധ്യങ്ങളെ ഇല്ലാതാക്കിയത്. എന്നാൽ വ്യവസായവത്കരണത്തിന് ശേഷം കടന്നുവന്ന ഫോസിൽ ഇന്ധനങ്ങൾ സൂപ്പർ ഹൈവേകൾക്കും അന്താരാഷ്ട്രവിമാനത്താവളങ്ങൾക്കും വേണ്ടി പച്ചപ്പിനെ നശിപ്പിച്ചു. ഹൈവേകൾ യാഥാർത്ഥ്യമാകുന്നത് പ്രകൃതിയിലെ പച്ചപ്പിനെയും ജലസ്രോതസ്സുകളെയും നശിപ്പിച്ചുകൊണ്ടാണ്. ഹൈവേയോട് ചേർന്നുള്ള നഗരവത്കരണം ജലസ്രോതസ്സുകളെ, വായുവിനെ മലിനപ്പെടുത്തുന്നു. മൂന്നാംലോകരാഷ്ട്രങ്ങളിലെ പരിസ്ഥിതി മലിനീകരണത്തിലും ജൈവവൈവിധ്യങ്ങളുടെ നാശത്തിലും ഫോസിൽ ഇന്ധനങ്ങൾക്ക് നിർണായകമായ പങ്കുണ്ട്. കോളനിവത്ക്കരണാനന്തര ഘട്ടത്തിൽ ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗത്തിലുണ്ടായ വർദ്ധനവും ആധുനികരാഷ്ട്രനിർമിതിയുമായി ചേർന്നുകൊണ്ട് അവതരിപ്പിക്കപ്പെട്ട അണക്കെട്ട് നിർമാണവും ജലസേചനപദ്ധതികളും ഹരിതവിപ്ലവവും ഉൾപ്പടെ കാർഷിക ഉത്പാദനവ്യവസ്ഥിതിയ്ക്കകത്തുണ്ടായ വിപ്ലവകരമായ മാറ്റങ്ങളും പ്രകൃതിയെ വാണിജ്യാടിസ്ഥാനത്തിൽ പുനർനിർമിക്കാനാണ് ശ്രമിച്ചത്.

പ്രകൃതിയ്ക്കകത്തെ ജൈവവൈവിധ്യങ്ങളെ തുടച്ച് നീക്കികൊണ്ട് വിത്തുകളെ വാണിജ്യവത്കരിച്ചാണ് ഹരിതവിപ്ലവം പ്രചാരം നേടിയത്. സങ്കരവിത്തുകൾ കർഷകരെയും പരമ്പരാഗത ഉത്പാദനവ്യവസ്ഥിതിയേയും മുതലാളിത്തഉത്പാദനവ്യവസ്ഥിതിക്ക് കീഴ്പ്പെടുത്തി. പരസ്പരം കൊടുക്കൽ വാങ്ങലുകളിലൂടെ പ്രകൃതി നിലനിർത്തിയിരുന്ന സംതുലനാവസ്ഥയെ ഹരിതവിപ്ലവം ഇല്ലാതാക്കി. പരമ്പരാഗത കാർഷിക വ്യവസ്ഥിതിയുടെ ഭാഗമായിരുന്ന കന്നുകാലിവളർത്തലും പരിപാലനവും കൃഷിയുടെ ഭാഗമല്ലാതായി. ഇടവിള കൃഷിയിലൂടെ കന്നുകാലികളിലേയ്ക്കും കന്നുകാലികളിൽനിന്ന് മണ്ണിലേയ്ക്കും എത്തിയിരുന്ന പോഷകാംശങ്ങളുടെ കൊടുക്കൽ വാങ്ങലുകൾ തടസ്സപ്പെട്ടു. കൃഷിയും കന്നുകാലി വളർത്തലും മോണോ കൾച്ചർ സമ്പ്രദായത്തിന് കീഴിലേക്ക് ഒതുക്കപ്പെട്ടു. യഥാർത്ഥത്തിൽ മോണോ കൾച്ചർ സമ്പ്രദായം കുത്തക മുതലാളിത്തത്തിന്റെ പ്രകൃതിക്ക്മേലുള്ള ആധിപത്യപരവും സാമ്രാജ്യത്വപരവുമായ നയത്തെയാണ് വ്യക്തമാക്കുന്നത്.

ഹരിതവിപ്ലവം മുന്നോട്ട് വെച്ച അമിതോത്പാദനം സാധ്യമായത് രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗത്തിലൂടെയാണ്. കോളനിവത്കരണാനന്തരവികസനത്തിന്റെ ഭാഗമായാണ് കീടനാശിനികൾ, രാസവളങ്ങൾ, കൃത്രിമ നാരുകൾ, ഡിറ്റർജന്റുകൾ, പ്ലാസ്റ്റിക് തുടങ്ങിയ പെട്രോ കെമിക്കൽ ഉൽപന്നങ്ങൾ വിപണിയിലേയ്ക്കെത്തുന്നത്. ഇതോടെ പ്രകൃതി വൻതോതിൽ മലിനീകരിക്കപ്പെട്ടു. രാസവളങ്ങളും കീടനാശിനികളും പ്രകൃതിയിലെ മണ്ണിര, ഷഡ്പദങ്ങൾ തുടങ്ങി അടിസ്ഥാന ജീവിവർഗങ്ങളെ ഇല്ലാതാക്കുകയും ജലസ്രോതസ്സുകളെ മലിനപ്പെടുത്തുകയും ചെയ്തു. കോളനിവത്കരണം മൂന്നാംലോകരാഷ്ട്രങ്ങളിലെ പ്രകൃതിക്ക്മേൽ വരുത്തിയ നാശനഷ്ടങ്ങളേക്കാൾ അധികമാണ് ഹരിതവിപ്ലവം പ്രകൃതിക്ക്മേൽ വരുത്തിയ നഷ്ടങ്ങളെന്ന് വന്ദനശിവ അഭിപ്രായപ്പെടുന്നുണ്ട്. ഇത് പ്രകൃതിയുടെ സംതുലനാവസ്ഥയെ നശിപ്പിച്ചു.[39] പെട്രോ കെമിക്കൽ ഉൽപന്നങ്ങളുടെ അധീശ സ്വഭാവത്തെ ജോൺ ബെല്ലമി ഫോസ്റ്റർ (John Bellamy Foster 1953-)വിശദീകരിക്കുന്നത് താഴെ ചേർക്കുന്നു.

"പ്രെട്രോകെമിക്കൽ ഉൽപാദനത്തിന്റെ പാരിസ്ഥിതിക ആഘാതം ശരിയായി മനസ്സിലാക്കാൻ കൃഷിക്കും വ്യവസായത്തിനും ഇടയ്ക്ക് അത് നിലയുറപ്പിച്ചിട്ടുള്ള

സ്ഥാനം കണക്കിലെടുക്കുന്നത് നന്നായിരിക്കും. ഒരു വശത്ത് പെട്രോകെമിക്കൽ വ്യവസായം കാർഷികരാസവസ്തുക്കൾ വിപണനം ചെയ്യുന്നു. മറുവശത്ത് അത് കാർഷികോത്പന്നങ്ങളോട് മത്സരിക്കുന്ന സിന്തറ്റിക് ഉൽപന്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. അങ്ങനെ വൻകിട കുത്തകകൾ ഒരേസമയം രാജ്യത്തെ കാർഷിക വ്യവസ്ഥയെ സൗകര്യപ്രദമായ ഒരു വിപണിയായും മറുവശത്ത് ദുർബലമാക്കപ്പെട്ട എതിരാളിയായും വാർത്തെടുക്കുന്നു."[40]

പരിസ്ഥിതിയിലേക്ക് പുറന്തള്ളപ്പെടുന്ന അമിതമായ രാസവളങ്ങളും കീടനാശിനികളും ഇന്നും പരിസ്ഥിതിക്ക് ഭീഷണിയായി നിലനില്ക്കുന്നു. കൃഷിയും കാലിവളർത്തലും വിപണിയുടെ ഭാഗമായതോടെയാണ് രാസമാലിന്യങ്ങൾ പ്രകൃതിയുടെ ജൈവസന്തുലിതാവസ്ഥയെ തകർത്തു തുടങ്ങിയത്. ഗംഗാജലത്തിലെ ഡി.ഡി.റ്റി, ബി.എച്ച്.എസ്. മലാത്തിയോൺ തുടങ്ങിയ നിരോധിത കീടനാശിനിയുടെ സ്വാധീനത്തെ മേനകഗാന്ധി ചൂണ്ടികാണിച്ചിട്ടുണ്ട്.[41] രണ്ടാംലോക മഹായുദ്ധത്തിന് ശേഷമാണ് കീടനാശിനികൾ മൂന്നാംലോക രാഷ്ട്രങ്ങളിലേക്ക് വൻതോതിൽ കടന്നു വന്നത്. രാസായുധങ്ങളുടെ ഉത്ഭവവും പ്രകൃതിയ്ക്കും ജീവസമൂഹത്തിനും മീതെയുള്ള പ്രയോഗവും ലിംഗകേന്ദ്രീകൃതമായ അധികാരസ്ഥാനങ്ങളുടെ നിർമിതിയുമായി ചേർത്ത് വായിക്കപ്പെടേണ്ടതുണ്ട്. സാമ്രാജ്യത്വശക്തികളുടെ പ്രകൃതിക്കുമേലെയുള്ള ആധിപത്യനയത്തിന്റെ ഭാഗമായിരുന്നു ജൈവരാസായുധങ്ങളുടെ നിർമാണവും ഉപയോഗവും. യുദ്ധാനന്തരം ഈ രാസായുധക്കൂട്ടുകൾ കീടനാശിനികളായി വിപണിയിലേക്കെത്തി. സാമ്രാജ്യത്വശക്തികളുടെ അധീശത്വപരമായ ഇടപെടലുകളെ ഓർമപ്പെടുത്തികൊണ്ട് വളഞ്ഞ് പിടിക്കുക (Roundup) ഊരാകുടുക്കുകൾ (Lasso), പാത്ത് നടപ്പ് (Prowe), ഇടിമിന്നൽ (lighting) എന്നീ പേരുകളാണ് കീടനാശിനികൾക്ക് നൽകിയിരുന്നത്.[42] ഹരിതവിപ്ലവത്തിനകത്ത് ഈ കീടനാശിനികൾക്ക് നിർണായക സ്വാധീനമുണ്ട്. ഹരിതവിപ്ലവത്തിനോട് അനുബന്ധമായാണ് ആധുനികവികസനത്തിന്റെ ഭാഗമായി ജലവൈദ്യുതപദ്ധതികളും കടന്നുവന്നത്.

സ്വാതന്ത്ര്യാനന്തരം ആധുനികസാമ്പത്തിക ഘടനയെ പുഷ്ടിപ്പെടുത്തുന്ന പദ്ധതികളായിട്ടാണ് ഹരിതവിപ്ലവവും അണക്കെട്ട് നിർമ്മാണങ്ങളും അവതരിപ്പിക്കപ്പെട്ടത്. ആധുനിക ഭാരതത്തിലെ ക്ഷേത്രങ്ങളായാണ് അണക്കെട്ടുകളെ വിശേഷിപ്പി

ച്ചത്. അണക്കെട്ട് നിർമ്മാണത്തിലൂടെ ജലസ്രോതസ്സുകളെ ആധുനികരാഷ്ട്രനിർമിതിയുടെ ഭാഗമായി പരിവർത്തനപ്പെടുത്തിയെടുക്കാൻ ശ്രമിക്കുകയാണ് ചെയ്തത്. അണക്കെട്ട് നിർമാണം നദീജലപ്രവാഹങ്ങളെ തടസ്സപ്പെടുത്തുകയും നദികളുമായി ബന്ധപ്പെട്ട ആവാസവ്യവസ്ഥയെ തകർക്കുകയും ചെയ്തു. വൻതോതിലുള്ള വനമേഖലയുടെയും ജീവിവർഗങ്ങളുടെയും നാശത്തിന് അണക്കെട്ട് നിർമാണം കാരണമായി. വൻതോതിലുള്ള വനമേഖലയുടെ നഷ്ടം സ്ത്രീകളുൾപ്പെടെയുള്ള ജനവിഭാഗങ്ങളുടെ ജീവിതമാർഗങ്ങളെ ഇല്ലാതാക്കി. നദീതടവുമായി ബന്ധപ്പെട്ട് നിലനിർത്തിയിരുന്ന കാർഷികവ്യവസ്ഥിതിയെയും അനുബന്ധസംസ്കാരങ്ങളെയും അണക്കെട്ട് നിർമാണം നശിപ്പിച്ചു. തദ്ദേശീയ ജനവിഭാഗങ്ങളുടെ അതിജീവന ശ്രമങ്ങൾ അധികാരിവർഗങ്ങൾക്ക് നേരെയുള്ള സമരമാർഗങ്ങളായി മാറി. ഹിരാക്കുഡ് അണക്കെട്ട്, സർദാർ സരോവർ അണക്കെട്ട് എന്നിവ ഉദാഹരണങ്ങളാണ്. സർദാർ സരോവർ അണക്കെട്ട് നിർമാണം നിഷ്കാസിതരാക്കിയ ജനതയുടെ ജീവിതാവസ്ഥയെ അരുന്ധതിറോയ് വിവരിക്കുന്നതിപ്രകാരമാണ്.

"തങ്ങൾക്കാവശ്യമുള്ളതെല്ലാം കിട്ടിയിരുന്ന ആഹാരം, വിറക്, കാലിത്തീറ്റ, കയർ, പശു, പുകയില, പാൽപ്പൊടി, പച്ചമരുന്നുകൾ, വീടുപണി സാധനങ്ങൾ-വനത്തിന്റെ സ്ഥാനത്ത് ഇപ്പോഴവർക്കുള്ളത് ദിനം പ്രതികിട്ടുന്ന പത്തോ ഇരുപതോ രൂപയാണ്. നദിക്കുപകരം കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന ഒരു പമ്പ്. അവരുടെ പഴയഗ്രാമങ്ങളിൽ കൈയ്യിൽ പണമില്ലെങ്കിലും അവർ സുരക്ഷിതരായിരുന്നു. മഴ ചതിച്ചാൽ കാടിനെ ആശ്രയിക്കാം. പുഴയിൽനിന്ന് മീൻപിടിക്കാം. കന്നുകാലികളായിരുന്നു അവരുടെ സ്ഥിരനിക്ഷേപം. ഇതൊന്നുമില്ലാത്ത തികഞ്ഞ നിരാശ്രയത്വത്തിലേക്ക് അവരെ തള്ളിവിട്ടു."[43]

അമേരിക്കപോലുള്ള വൻകിടശക്തികൾ അണക്കെട്ടുകളെ ബഹിഷ്കരിച്ച് തുടങ്ങിയ കാലഘട്ടത്തിലാണ് മൂന്നാം ലോകരാഷ്ട്രങ്ങൾ വികസനസങ്കല്പത്തിന്റെ ഭാഗമായി നദികളെ അണക്കെട്ട് നിർമാണത്തിന്റെ ഭാഗമാക്കുന്നത്. അണക്കെട്ട് നിർമാണത്തിലൂടെ തദ്ദേശീയമായ ജീവിതാവസ്ഥകളിൽനിന്നും ഉത്പാദനവ്യവസ്ഥിതികളിൽനിന്നും ആട്ടിയകറ്റപ്പെടുന്ന സ്ത്രീകളുൾപ്പെടെയുള്ള ജനവിഭാഗങ്ങൾ പിന്നീട് വിപണിയുടെ ആശ്രിതരായി നിലനില്ക്കേണ്ടിവരുന്നു. അതുകൊണ്ടാണ്

'നർമ്മദാബചാവോ മാനവ് ബചാവോ' എന്ന മുദ്രാവാക്യം മനുഷ്യരാശിയെ മുഴുവൻ ശാസ്ത്രീയ മേധാവിത്വശക്തികളിൽനിന്ന് രക്ഷിക്കാനുള്ള ഒന്നായി മാറുന്നതെന്ന് മേധാ പട്കർ ചൂണ്ടികാണിക്കുന്നത്.[44] പ്രകൃതിക്കുമേൽ നിലനിർത്തപ്പെടുന്ന ഈ ക്രിയാത്മകവും ശാസ്ത്രീയാധിഷ്ഠിതവുമായ മനസ്സാണ് ഊർജ്ജലഭ്യതയ്ക്കായും പ്രതിരോധത്തിനുവേണ്ടിയും ആണവശക്തികളെ ഉപയോഗപ്പെടുത്തുന്നത്. മൂന്നാം ലോകരാഷ്ട്രങ്ങളിലെ കുറഞ്ഞ ഉത്പാദനചെലവും ഭൂമിയുടെ ലഭ്യതയും മാലിന്യ സംസ്കരണത്തിന് നീക്കിവെക്കേണ്ട കുറഞ്ഞ തുകയും വികസിതരാജ്യങ്ങളുടെ സഹായത്തോടെയുള്ള ഇതരവ്യവസായസംരംഭങ്ങളെപ്പോലെത്തന്നെ ആണവശക്തിയേയും മൂന്നാം ലോകരാഷ്ട്രങ്ങളിൽ നിലനിർത്തുന്നു. ജീവസമൂഹത്തെ ഒന്നായി തുടച്ച് നീക്കാൻപ്രാപ്തിയുള്ള ആണവശക്തി കോളനിവത്കരണാനന്തരമാണ് ഇന്ത്യയിൽ വികസനത്തിന്റെ ഭാഗമായി കടന്നുവന്നത്. സാമ്രാജ്യത്വശക്തികളുടെ ആണവപ്രയോഗം ജീവസമൂഹത്തിന് ഏൽപ്പിച്ച മുറിവുകൾക്ക് നമ്മളിന്നും സാക്ഷിയാണ്. എന്നിരുന്നാലും ആണവശക്തി മുതലാളിത്ത വികസനത്തിന്റെ ഭാഗമായി നമ്മുടെ ജീവിതപരിസരത്തിൽ ഇടം നേടുന്നു. ആണവോർജ്ജപദ്ധതികൾ വികസിക്കുന്നു. ആണവദുരന്തങ്ങളെ നേരിടേണ്ടി വന്ന സോവിയറ്റ് യൂണിയന്റെയും ജപ്പാന്റെയും അനുഭവങ്ങൾ നമുക്ക് മുന്നിലുണ്ട്. 1986-ലെ ചെർണോബിൽ ആണവദുരന്തവും നമുക്ക് നൽകുന്ന പാഠവും മറ്റൊന്നല്ല. പ്രകൃതിയെ മനുഷ്യൻ ശാസ്ത്രീയയുക്തികൊണ്ട് കീഴ്പ്പെടുത്താൻ ശ്രമിച്ചതിന്റെ ദുരന്തഫലങ്ങളാണ് ഹിരോഷിമയിലെയും നാഗാസാക്കിയിലെയും ജനതയ്ക്ക് അനുഭവിക്കേണ്ടിവന്നത്.

താരാപ്പൂരിലെ ആണവറിയാക്ടറിൽനിന്ന് ക്രിപ്ടോൺ, സിനോൺ ആർഗൺ എന്നീ ആണവമാലിന്യങ്ങൾ അറബിക്കടലിലേക്കൊഴുക്കുകവഴി അത് കടലിനകത്തെ ആവാസവ്യവസ്ഥയെയും ജീവജാലങ്ങളെയും ദോഷകരമായി ബാധിക്കുന്നു.[45] യുറേനിയം സംസ്കരണത്തിന്റെ ഭാഗമായി രാസമലിനീകരണത്തിനെ നേരിട്ട്കൊണ്ട് ജീവിക്കുന്നവരാണ് ഝാർഖണ്ഡിലെ ഹൊ, സാന്താൾവിഭാഗത്തിൽപ്പെട്ട ആദിവാസികൾ. പുറന്തള്ളപ്പെടുന്ന പാറപ്പൊടിയ്ക്കകത്തെ തോറിയം 230, റേഡിയം 226, റാഡോൺ 222 തുടങ്ങിയ റേഡിയോ ആക്ടീവ് വസ്തുക്കൾ അന്തരീക്ഷത്തെയും ജലാശയങ്ങളെയും മലിനപ്പെടുത്തുന്നു. 1967-ലാണ് ഝാർഖണ്ഡിൽ സിംഗ്ബും ജില്ലയിലെ

ജാദുഗുഡയിലെ യുറേനിയം ഖനി ആരംഭിക്കുന്നത്. ഖനിയുടെ പ്രവർത്തനം സമീപ പ്രദേശങ്ങളിൽ സ്ത്രീകളിൽ ആർത്തവപ്രശ്നങ്ങൾക്കും ഗർഭഛിദ്രത്തിനും ഇടയാക്കുന്നു. ആണവമാലിന്യങ്ങൾ ജനിതകവൈകല്യങ്ങൾക്കും ഇടയാക്കുന്നു.[46]

ഫോസിൽ ഇന്ധനങ്ങളും ആണവോർജ്ജവും ഖനനവ്യവസായങ്ങളും ആത്യന്തികമായി കുത്തക മുതലാളിത്തഉല്പാദനവ്യവസ്ഥിതിയെ പുഷ്ടിപ്പെടുത്തി കൊണ്ടാണ് നിലനില്ക്കുന്നത്. അതുകൊണ്ടാണ് അണക്കെട്ട് നിർമ്മാണം ആണവ നിലയങ്ങളുടെ പ്രവർത്തനം എന്നിവയുമായി ബന്ധപ്പെട്ട് ആദിവാസി ജനതയ്ക്ക് ദുസ്സഹമായ ജീവിതസാഹചര്യങ്ങളെ നേരിടേണ്ടിവരുന്നത്, സ്ത്രീകളുൾപ്പെടെയുള്ള വിഭാഗങ്ങൾ അരികുവത്ക്കരിക്കപ്പെടുന്നത്. ഈ അരികുവത്ക്കരണവും ആണവ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള രാസമാലിന്യങ്ങളും നവകോളനീകരണത്തിന്റെ (Neocolonialism) സൃഷ്ടിയാണ്. ആണവവത്കരണത്തെ വിപണികേന്ദ്രീകൃതമായ നവകോളനീകരണനീക്കമായി കാണാവുന്നതാണ്. തൊണ്ണൂറുകളോടെ സംഭവിച്ച ഉദാരവത്കരണവും, സ്വകാര്യവത്കരണവും ആഗോളവത്കരണവും ഈ ആണവനയത്തിന് പിന്നിൽ ഐക്യപ്പെടുന്നുണ്ട്.[47] മഹാരാഷ്ട്രയിലെ ജയ്ത്താപ്പൂർ, കന്യാകുമാരിയിലെ കൂടംകുളം, പശ്ചിമബംഗാളിലെ ഹരിപ്പൂർ, ഗുജറാത്തിലെ മിതി വിർഡി, ആന്ധ്രയിലെ കൊവാഡ എന്നിവ ആണവപദ്ധതികൾകൊണ്ട് ശ്രദ്ധിക്കപ്പെട്ട ഭൂവിഭാഗങ്ങളാണ്. വികസിതരാജ്യങ്ങൾ ആണവപദ്ധതികളെക്കുറിച്ച് പുനർവിചിന്തനം നടത്തിതുടങ്ങി. പക്ഷെ നമ്മുടെ തീരപ്രദേശങ്ങൾ ആണവമാലിന്യങ്ങളുടെ സംഭരണ ഇടങ്ങളായി മാറിക്കൊണ്ടിരിക്കുന്നു.

പ്രകൃതി ഇത്തരത്തിൽ സൂക്ഷ്മമായും സ്ഥൂലമായും വസ്തുവത്കരിക്കപ്പെടുന്നത് പുരുഷാധിപത്യത്തിന് മുൻതൂക്കം നൽകുന്ന മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയ്ക്കകത്താണ്. പ്രകൃതിയുടെയും സ്ത്രീയുടെയും ജൈവികമായ ഉത്പാദനവ്യവസ്ഥിതിയ്ക്ക് മേൽ കാലാകാലങ്ങളിൽ മേധാവിത്വത്തെ നിലനിർത്തിയാണ് ഈ മുതലാളിത്ത ഉത്പാദനവ്യവസ്ഥിതി രൂപപ്പെട്ടിട്ടുള്ളത്. കൊളോണിയൽ അധികാരഘടനയോടാണ് ഈ മുതലാളിത്ത ഉത്പാദനവ്യവസ്ഥിതി കടപ്പെട്ടിരിക്കുന്നത്. നവകൊളോണിയൽ കാലഘട്ടത്തിൽ ജൈവസാങ്കേതികരംഗത്തെ വളർച്ചയെ ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രകൃതിയുടെ സ്വാഭാവികമായ ഉത്പാദനവ്യവസ്ഥിതിയ്ക്ക്

മേലെ ആധിപത്യത്തെ സ്ഥിരപ്പെടുത്തിയെടുക്കാൻ മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയ്ക്ക് കഴിയുന്നുണ്ട്. ബൗദ്ധികസ്വത്തവകാശവും പേറ്റന്റും പരമ്പരാഗത കാർഷികവ്യവസ്ഥിതിയ്ക്ക് മേലുള്ള കൊളോണിയൽ അധികാരഘടനയുടെ സമർദ്ദങ്ങളായിട്ടാണ് അനുഭവപ്പെടുന്നത്. മോൺസാന്റോ, കാർഗിൽ മുതലായ അന്താരാഷ്ട്ര വിത്തുകമ്പനികൾ വിത്തുകളെ ജൈവികസാങ്കേതികശാസ്ത്രത്തിന് അടിമപ്പെടുത്തുന്നു. ഫലത്തിൽ മോണോ കൾച്ചർ സമ്പ്രദായത്തെ പ്രചരിപ്പിക്കുന്നു. പ്രകൃതിക്ക് മേലെയുള്ള ശാസ്ത്രീയ മേധാവിത്വം ജീവിവർഗങ്ങളുടെ ജനിതകഘടനയിൽ മാറ്റം വരുത്തികൊണ്ട് അവയെ ഉത്പാദനവ്യവസ്ഥിതിയുടെ ഭാഗമാക്കി നിലനിർത്താൻ കൊളോണിയൽ അധികാരഘടനയ്ക്ക് പ്രേരണ നൽകുന്നു.

ഔഷധവ്യവസായത്തിന്റെ ഭാഗമായി ഫാർമസ്യൂട്ടിക്കൽ പ്രോട്ടീൻസ് ലിമിറ്റഡിന്റെ സൃഷ്ടിയാണ് ട്രാസി. ഔഷധവ്യവസായത്തിന്റെ ഭാഗമായി ആൽഫ-ആന്റിട്രിപ്സിൻ എന്ന പ്രോട്ടിൻ നിർമിക്കത്തക്കവിധത്തിൽ മനുഷ്യജീനുകളെ കൂട്ടിചേർത്താണ് ട്രാസി എന്ന ചെമ്മരിയാടിനെ സൃഷ്ടിച്ചിട്ടുള്ളത്. പി.പി.എല്ലിന്റെ ഡയറക്ടറായ റോൺ ജെയിംസ് ട്രാസിയെ വ്യവസായികഉത്പന്നമായാണ് നോക്കിക്കാണുന്നത്.[48] ജെൻഫാം എന്ന ജൈവസാങ്കേതിക കമ്പനിയാണ് കുഞ്ഞുങ്ങൾക്ക് പ്രകൃതിദത്ത പ്രോട്ടീൻ അടങ്ങിയ പാൽ ലഭ്യമാക്കുന്നതിനായി ഹെർമൻ എന്ന വിത്തുകാളയെ സൃഷ്ടിച്ചത്.[49] ജീവിവർഗങ്ങളുടെ സ്വാഭാവികമായ ഉത്പാദനവ്യവസ്ഥയെ തിരസ്കരിച്ചുകൊണ്ടാണ് വ്യവസായിക ഉൽപന്നങ്ങൾ എന്ന നിലയിൽ ഇവയുടെ പേറ്റന്റ് വൻകിടകമ്പനികൾ നേടിയെടുക്കുന്നത്. ശാസ്ത്രത്തിന്റെ കച്ചവടവത്കരണത്തിന്റെ പരമോന്നത തലമായാണ് വന്ദനശിവ ജനിതകസാങ്കേതികതയെയും പേറ്റന്റുകളെയും വീക്ഷിക്കുന്നത്. ഇത്തരത്തിൽ പ്രകൃതിയുടെ നൈസർഗിക ഉത്പാദനവ്യവസ്ഥയെയും ചയാപചയ പ്രക്രിയകളെയും ഇല്ലാതാക്കിക്കൊണ്ടാണ് കൊളോണിയൽ മുതലാളിത്ത വ്യവസ്ഥിതി എക്കാലത്തും പ്രകൃതിക്ക് മേലും സ്ത്രീക്ക് മേലും ആധിപത്യം നേടിയിട്ടുള്ളത്. ഉത്പാദനവ്യവസ്ഥിതിയ്ക്ക് മേലെയുള്ള ഈ ആധിപത്യത്തെ ലിംഗ കേന്ദ്രിതമായി നിലനിർത്തുന്ന സമീപനം സംസ്കാരത്തെ ആൺകോയ്മകൊണ്ട് ചലനാത്മകമാക്കുന്ന സമൂഹത്തിന്റേതാണ്. മനസ്സ്/ശരീരം എന്ന ഭൗതികശരീരത്തെ അപരവത്കരിക്കുന്ന ദ്വന്ദ്വം ഈ സമൂഹത്തിന്റെ സൃഷ്ടിയാണ്. സ്ത്രീയും പ്രകൃതിയും

ഭൗതികശരീരങ്ങളായി വസ്തുവത്കരിക്കപ്പെടുമ്പോൾ പുരുഷൻ ക്രിയാത്മകവും ശാസ്ത്രാധിഷ്ഠിതവുമായ മനസിന്റെ ഭാഗമാവുന്നു. അതുകൊണ്ട് തന്നെ പുരുഷന് മേൽക്കോയ്മയുള്ള അധികാരഘടനയ്ക്കും ഉത്പാദനവ്യവസ്ഥിതിക്കും കീഴിൽ സ്ത്രീയും പ്രകൃതിയും നിരന്തരം ചൂഷണങ്ങൾക്ക് വിധേയപ്പെടുന്നു. ആഗോളതലത്തിൽ സ്ത്രീക്കും പ്രകൃതിക്കും മേലെ നിലനില്ക്കുന്ന ഈ അധീശത്വനയത്തെയാണ് വന്ദനശിവയെപ്പോലുള്ള പാരിസ്ഥിതിക സ്ത്രീവാദവക്താക്കൾ വ്യക്തമാക്കാൻ ശ്രമിക്കുന്നത്.

"സ്ത്രീകളുടെയും പ്രകൃതിയുടെയും മേലുള്ള പുരുഷാധിപത്യത്തിന് സ്രോതസ്സായി വർത്തിക്കുന്നത് അകറ്റി നിർത്തലും വിഘടനവുമാണ്. പ്രകൃതി സംസ്കൃതിയിൽ നിന്ന് അകറ്റി നിർത്തപ്പെടുകയും സംസ്കൃതിക്ക് വിധേയപ്പെടുകയും ചെയ്യുന്നു. മനസ്സിനെ പദാർത്ഥങ്ങളിൽനിന്ന് വിഘടിച്ച് ഉയർന്ന ഒരു തലത്തിൽ പ്രതിഷ്ഠിക്കുന്നു. സ്ത്രീയെ പുരുഷനിൽനിന്നുമകറ്റി പ്രകൃതിയുടെയും പദാർത്ഥങ്ങളുടെയും ഗണത്തിൽ ഉൾപ്പെടുത്തുന്നു. സ്ത്രീകളുടെയും പ്രകൃതിയുടെയും മീതെയുള്ള ആധിപത്യമാണ് ഇതിന്റെ പരിണതികളിലൊന്ന്. മറ്റൊന്ന് പുനരുജ്ജീവന ചക്രങ്ങളുടെ ഭ്രംശവും." [50]

സ്ത്രീയുടെയും പ്രകൃതിയുടെയും ഉത്പാദനവ്യവസ്ഥിതിയ്ക്ക് മീതെയുള്ള മേൽക്കോയ്മയെ കായികപരമായും ബുദ്ധിപരമായും നിലനിർത്തിയാണ് പുരുഷാധിപത്യസമൂഹം എക്കാലത്തും മുന്നോട്ട് പോയിട്ടുള്ളത്. പുരുഷാധിപത്യസംസ്കൃതിയിൽനിന്ന് സ്ത്രീയും പ്രകൃതിയും ഭൗതികശരീരങ്ങളായി വേർതിരിക്കപ്പെടുന്നത് പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതിയുടെ ഉദയത്തോടെയാണ്. പുരുഷകേന്ദ്രീകൃത അധികാരവ്യവസ്ഥിതിയെ ശക്തിപ്പെടുത്തിയ ഫ്യൂഡൽവ്യവസ്ഥിതിയും, വ്യവസായ വിപ്ലവത്തിലൂടെയും ശാസ്ത്രസാങ്കേതികരംഗത്തെ മുന്നേറ്റത്തിലൂടെയും രൂപപ്പെട്ട മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയും സ്ത്രീയെയും പ്രകൃതിയെയും എളുപ്പം കീഴടക്കാൻ കഴിയുന്ന ഭൗതികശരീരങ്ങളായി നിലനിർത്തിയാണ് മുന്നോട്ടുപോയത്. നവകൊളോണിയൽ കാലഘട്ടം ശാസ്ത്രസാങ്കേതികരംഗത്തെ വളർച്ചയെ പ്രയോജനപ്പെടുത്തികൊണ്ട് മനുഷ്യനുൾപ്പെടെയുള്ള ജീവസമൂഹത്തിന്റെ ഉടലുകളെയും ജന്മവാസനകളെയും ലാഭേച്ഛയെ മുൻനിർത്തി പുനർനിർമിച്ച് വിപണിയുമായി

കണ്ണി ചേർക്കുന്നു. അതോടൊപ്പം മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയുടെ സൃഷ്ടിയായ അമിതമായ ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗവും ആണവശക്തികളും ആഗോളവത്കരണത്തിന്റെ സൃഷ്ടിയായ ഉപഭോഗസംസ്കാരവും പ്രകൃതിയെ മാലിന്യങ്ങളെ നിക്ഷേപിക്കാനുള്ള ഇടങ്ങളായിമാറ്റിക്കഴിഞ്ഞു. സ്ത്രീയും പ്രകൃതിയും ചരക്ക്വത്കരിക്കപ്പെടുന്ന കുത്തക മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയുടെ ഈ ആഗോളസാഹചര്യത്തെ ജൈവസമത്വത്തെ മുൻനിർത്തി വിമർശനാത്മകമായി സമീപിക്കുന്നതുകൊണ്ടാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന് പ്രസക്തി കൈവരുന്നത്. ആധുനികവികസനവും മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയും പാർശ്വവത്കരിക്കുന്ന ജനവിഭാഗങ്ങൾക്കുവേണ്ടി നിലനില്ക്കുമ്പോൾ പാരിസ്ഥിതിക സ്ത്രീവാദ രാഷ്ട്രീയം ജനകീയമായി മാറുന്നു. നവസാമ്രാജ്യത്വശക്തികളുടെ സ്ത്രീ, പ്രകൃതിവിരുദ്ധ വികസനനയങ്ങളെ തിരിച്ചറിഞ്ഞ് കൊണ്ട് പാരിസ്ഥിതികസ്ത്രീവാദം സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ട് ഭൗമകേന്ദ്രിതമായ വികസനസങ്കല്പങ്ങൾക്ക് രൂപം നൽകുന്നു. ആത്യന്തികമായി ലിംഗകേന്ദ്രീകൃത സാമൂഹ്യപ്രത്യയശാസ്ത്രത്തെ തകർത്തുകൊണ്ട് സ്ത്രീയുടെയും പുരുഷന്റെയും പ്രകൃതിയുടെയും വിമോചനമാണ് പാരിസ്ഥിതിക സ്ത്രീവാദം ലക്ഷ്യംവെക്കുന്നത്. നിലവിലുള്ള ആൺകോയ്മ വ്യവസ്ഥിതിയോട് കലഹിച്ചുകൊണ്ടാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ വക്താക്കൾ ജൈവസമത്വത്തിനായി യത്നിക്കുന്നത്.

1.4.2 വംഗാരി മാതായിയും (Wangari Maathai 1940 - 2011) ഗ്രീൻബെൽറ്റ് പ്രസ്ഥാനവും

ഗ്രീൻബെൽറ്റ് പ്രസ്ഥാനം സ്ത്രീക്കും പ്രകൃതിക്കും വേണ്ടി നിലകൊണ്ട പ്രസ്ഥാനമാണ്. നാഷണൽ കൗൺസിൽ ഓഫ് വിമൻസ് ഓഫ് കെനിയ സംഘടിപ്പിച്ച സ്ത്രീ കൂട്ടായ്മയിൽനിന്നാണ് കെനിയയിലെ സ്ത്രീസമൂഹം നേരിട്ടിരുന്ന അവശ്യവിഭവങ്ങളുടെ ലഭ്യതക്കുറവ് പാരിസ്ഥിതികമായ അധിനിവേശങ്ങളുടെ ഫലമാണെന്ന് വംഗാരി മാതായ് തിരിച്ചറിഞ്ഞത്.[51] ഈ തിരിച്ചറിവാണ് സ്ത്രീക്കും പ്രകൃതിക്കും വേണ്ടി മരം നട്ട് കൊണ്ട് ഗ്രീൻബെൽറ്റ് പ്രസ്ഥാനത്തിന് ജന്മം നല്കിയത്. ഭൂമിയുടെ ഉടമസ്ഥാവകാശത്തിനകത്തെ സ്വകാര്യവത്കരണവും തോട്ടവത്കരണവും കെനിയയിലെ കാടുകളേയും അരുവികളേയും നഷ്ടപ്പെടുത്തി

ക്കഴിഞ്ഞിരുന്നു. അതുകൊണ്ടാണ് കെനിയൻ സ്ത്രീസമൂഹത്തിന് ഭക്ഷണം, വെള്ളം, വിറക് തുടങ്ങി ജീവിതാവശ്യങ്ങളുടെ ലഭ്യതക്കുറവിനെ നേരിടേണ്ടിവന്നത്. തോട്ടവത്കരണം തദ്ദേശിയജീവിതമാർഗങ്ങളെ നഷ്ടപ്പെടുത്തിക്കഴിഞ്ഞിരുന്നു. ഈ സാഹചര്യത്തിലാണ് മരം നട്ടുകൊണ്ട് പ്രകൃതിക്കും സ്ത്രീസമൂഹത്തിനും വംഗാരി മാതായി പുത്തൻ ഉണർവ് നൽകുന്നത്. എൺപതുകളോടെ കെനിയൻ സർക്കാരിന്റെ പ്രകൃതി വിരുദ്ധ വികസനസമീപനങ്ങളോട് എതിരിട്ട് ഗ്രീൻബെൽറ്റ് പ്രസ്ഥാനം കൂടുതൽ ശക്തിപ്പെട്ടു. തനിക്ക് ചുറ്റുമുള്ള സ്ത്രീസമൂഹം നേരിട്ടിരുന്ന സാമൂഹ്യ പ്രശ്നങ്ങൾക്ക് ഉചിതമായ പരിഹാരം കണ്ടെത്തുന്നതിലുപരി വംഗാരിമാതായിയുടെ പ്രവർത്തനം ഭാവിതലമുറയുടെ സുസ്ഥിരമായ ജീവിതത്തിനുവേണ്ടി കൂടിയായിരുന്നു. റേച്ചൽ കാഴ്സൺ, വംഗാരിമാതായി എന്നിവരോടൊപ്പം എടുത്ത് പറയേണ്ട പേരുകളാണ്. മരിയ ചെർക്ക സോവയുടെയും മേയിങ്ങിന്റെയും. മരിയ ചെർക്കസോവ സാമൂഹ്യപരിസ്ഥിതി സംഘടന സ്ഥാപിച്ച് റഷ്യയിൽ പരിസ്ഥിതിപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയപ്പോൾ മേയിങ് ഹോങ്കോംഗിലെ ഫ്രണ്ട്സ് ഓഫ് എർത്ത് എന്ന സംഘടനയുടെ ഡയറക്ടർ സ്ഥാനം വഹിച്ചുകൊണ്ട് ചൈനയിൽ പാരിസ്ഥിതിക വിദ്യാഭ്യാസത്തെ ജനകീയമാക്കാൻ ശ്രമിച്ചു.

1.4.3 ചിപ്കോപ്രസ്ഥാനവും സ്ത്രീപക്ഷ രാഷ്ട്രീയവും

ഭാരതത്തിൽ സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ടുള്ള പരിസ്ഥിതിരാഷ്ട്രീയത്തിന് ശക്തി പകർന്നത് ചിപ്കോപ്രസ്ഥാനമാണ്. സ്ത്രീകളുടെ കൂട്ടായ്മയാണ് ചിപ്കോ പ്രസ്ഥാനത്തിന്റെയടിസ്ഥാനം. അമൃതാദേവിയെന്ന ബിഷ്ണോയി വംശജയായ ഒരു സാധാരണ സ്ത്രീയിൽനിന്നാണ് ഈ പ്രസ്ഥാനത്തിന്റെ തുടക്കം. ഹിമാലയത്തിലെ വനനശീകരണമാണ്, സ്ത്രീകൾ ഉൾപ്പെടെയുള്ള ജനസമൂഹം നേരിടേണ്ടിവന്ന വെള്ളപ്പൊക്കത്തിന്റേയും ശുദ്ധജലം, വിറക് തുടങ്ങിയ അവശ്യവിഭവങ്ങളുടെ ലഭ്യതക്കുറവിന്റേയും കാരണമെന്ന തിരിച്ചറിവാണ് മീരാബഹൻ, സരളാബഹൻ എന്നിവരെ പരിസ്ഥിതി സംരക്ഷണപരിപാടികളിലേക്ക് നയിച്ചത്. ഖജരിമരങ്ങളുടെ സംരക്ഷണത്തിനായി അമൃതാദേവിയുടെ നേതൃത്വത്തിൽ മീരാബഹൻ, സരളാബഹൻ, ഹിമദേവി, ഗൗരീദേവി, ഗംഗാദേവി തുടങ്ങിയ സ്ത്രീകൾ ഖജരി മരങ്ങളെ സ്വന്തം ജീവിതത്തോട് ചേർത്തുപിടിച്ച് നടത്തിയ പോരാട്ടങ്ങളിലൂടെ വ്യക്തമാകുന്നത്

സ്ത്രീകളുടെ ദീർഘവീക്ഷണത്തോട് കൂടിയ പാരിസ്ഥിതിക അവബോധമാണ്. പ്രകൃതിക്കുവേണ്ടി കൈകൊണ്ട ഈ സമരപാതയെ പിൻതുടർന്നാണ് 1970-ൽ ഹിമാലയത്തിലെ മരം മുറിക്കലിനെതിരെ സുന്ദർലാൽ ബഹുഗുണ, ചന്ദിപ്രസാദ് ഭട്ട് തുടങ്ങിയവരുടെ നേതൃത്വത്തിൽ ഒരു പറ്റം സ്ത്രീകൾ സമരരംഗത്ത് ഇറങ്ങിയത്. പ്രകൃതിക്ക് വേണ്ടിയുള്ള ഈ സമരസംരംഭത്തിന് മരങ്ങളെ കെട്ടിപ്പിടിച്ചുനിന്നുകൊണ്ടുള്ള പഴയ സമരമാർഗങ്ങളെ സ്മരിച്ച് കൊണ്ട് ചിപ്കോ പ്രസ്ഥാനമെന്ന് പേര് നൽകി. പ്രകൃതിക്ക് വേണ്ടിയുള്ള ഈ സംരംഭത്തിന് സുന്ദർലാൽ ബഹുഗുണയെ പ്രാപ്തനാക്കിയത് പ്രാദേശികസ്ത്രീകളുടെ പാരിസ്ഥിതിക ഉൾക്കാഴ്ച്ചകളാണ്.[52] ആത്യന്തികമായി ചിപ്കോ പ്രസ്ഥാനം പ്രകൃതിക്ക് വേണ്ടി ശബ്ദമുയർത്താനും പ്രവർത്തിക്കാനും പ്രേരണ നൽകുന്നു. ചിപ്കോ പ്രസ്ഥാനത്തിന് പുറമെ 1983 ൽ രൂപം കൊണ്ട കർണാടകയിലെ അപികൊപ്രസ്ഥാനം, ജംഗിൽ ബചാവോ ആന്തോളൻ അഥവാ വന സംരക്ഷണ സമിതി, ഗംഗാരക്ഷാസമിതി എന്നീ കൂട്ടായ്മകളുടെയെല്ലാം പ്രവർത്തന പദ്ധതികൾ കേന്ദ്രീകരിക്കപ്പെട്ടത് ആധുനിക വികസനം കയ്യേറിയ വനമേഖലയെ തിരിച്ച് പിടിക്കുന്നതിലും മലിനമായ ജലത്തെ ശുദ്ധീകരിക്കുന്നതിലുമാണ്. ആഗോളതലത്തിൽ നിലനിന്നിരുന്ന പരിസ്ഥിതിയനുഭാവത്തിന്റെ സ്വാധീനം ഈ പ്രവർത്തന പദ്ധതികളിൽ പ്രകടമായിരുന്നു. ചിപ്കോ പ്രസ്ഥാനവും അനുബന്ധ പ്രകൃതി സംരക്ഷണ ശ്രമങ്ങൾക്ക് ശക്തി പകർന്നു.

1.4.4 മേധാപട്കർ (Medha Patkar 1954 -)

കൊളോണിയൽ അധികാര ഘടനയുമായി കണ്ണിചേർന്ന് സ്വകാര്യവത്കരിക്കപ്പെടുന്ന ജനാധിപത്യസംവിധാനങ്ങൾക്കെതിരെ ശബ്ദമുയർത്തിയ പരിസ്ഥിതി പ്രവർത്തകയാണ് മേധാപട്കർ. ആധുനിക വികസനത്തിന്റെ പേരിൽ കുടിയിറക്കപ്പെട്ട ജനവിഭാഗങ്ങൾക്കുവേണ്ടി നിലകൊണ്ടാണ് മേധാപട്കർ സാമൂഹ്യപ്രവർത്തന രംഗത്തേക്ക് കടന്നുവന്നത്. നർമ്മദാസരോവർപദ്ധതി പരിസ്ഥിതിക്കും തദ്ദേശീയ ജനവിഭാഗങ്ങൾക്കും ഏൽപ്പിക്കുന്ന ആഘാതങ്ങളെ ചൂണ്ടികാണിച്ചുകൊണ്ട് അധികാരിവർഗത്തിനെതിരെ അഹിംസാമാർഗത്തെ സ്വീകരിച്ചുകൊണ്ടാണ് മേധാപട്കർ സമരം തുടരുന്നത്. തദ്ദേശീയമായ ജനസംസ്കാരത്തെയും ജീവിതമാർഗങ്ങളെയും തുടച്ച് നീക്കികൊണ്ട് കടന്നുവരുന്ന വൻകിട അണക്കെട്ടുപദ്ധതികൾ നദീപ്രവാഹത്തെ

തടസ്സപ്പെടുത്തിക്കൊണ്ടാണ് സ്ഥാനപ്പെടുന്നത്. ഇത് പരമ്പരാഗത കാർഷിക ഉത്പാദന വ്യവസ്ഥയേയും മനുഷ്യനുൾപ്പെടെയുള്ള ജീവസമൂഹത്തിന്റെ ആവാസ വ്യവസ്ഥയെയും നശിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ സ്ത്രീസമൂഹത്തിന്റെ ഉൾപ്പെടെ പ്രകൃതിയോടിണങ്ങിയുള്ള ജീവിതമാർഗങ്ങളെ നഷ്ടപ്പെടുത്തുന്നു. ഫലത്തിൽ സ്ത്രീസമൂഹത്തിന് കുടുംബത്തെ പരിപാലിക്കാനായി ശുദ്ധജലത്തിനും ഭക്ഷണത്തിനും വിറകിനും വേണ്ടി ദൂരങ്ങൾ താണ്ടേണ്ടിവരുന്നു. ഈ ദുഃസ്സഹമായ ജീവിത സാഹചര്യങ്ങളുടെ യഥാർത്ഥകാരണമായി മേധാപട്കർ ചൂണ്ടികാണിക്കുന്നത് അധികാരിവർഗം പിൻതുടരുന്ന പാശ്ചാത്യവികസനസമ്പ്രദായങ്ങളെയാണ്.[53]

മേധാപട്കറുടെ അഭിപ്രായത്തിൽ വികസനം പരമ്പരാഗത കാർഷിക ഉത്പാദനവ്യവസ്ഥിതിക്ക് അനുകൂലവും, മണ്ണും മനുഷ്യനും ജീവസമൂഹവും തമ്മിലുള്ള ബന്ധത്തെ നിലനിർത്തുന്നതുമായിരിക്കണം. എന്നാൽ ആധുനിക വികസനം ജൈവവൈവിധ്യങ്ങളെ മൂല്യരഹിതമായി കാണുകയും മോണോകൾച്ചർ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുന്നതുമാണ്. ഗാട്ട് പോലുള്ള വ്യാപാരകരാറുകൾ പ്രാദേശിക ഉത്പാദനമേഖലയെയും വിപണിയെയും തകർക്കുന്നു. വിദ്യാഭ്യാസമേഖലയുൾപ്പെടെ ജീവിതത്തിന്റെ സകലമേഖലകളിലേക്കും കടന്നുവരുന്ന സ്വകാര്യവത്കരണം ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അകലം കൂട്ടുന്നു. ജനവിഭാഗങ്ങൾ ജാതി, വർഗ, ലിംഗാധിഷ്ഠിതമായി വിഭാഗീകരിക്കപ്പെട്ട് വിപണിയുമായി കണ്ണിചേർക്കുന്ന ഈ പുത്തൻ കൊളോണിയൽ സമീപനങ്ങൾക്കെതിരെ ഇടതുപക്ഷത്തോട് കൂടിചേർന്നുകൊണ്ട് ഒരു ജനകീയശക്തിയായി പരിസ്ഥിതി രാഷ്ട്രീയം വളർന്നു വരേണ്ടതുണ്ടെന്ന് മേധാപട്കർ പ്രത്യാശിക്കുന്നുണ്ട്.[54] അതോടൊപ്പം മനുഷ്യന്റെയും ഇതരജീവസമൂഹങ്ങളുടെയും സുസ്ഥിരമായ ഭാവിക്കുവേണ്ടി നിലകൊള്ളുവാൻ ജന്മസിദ്ധമായ മമതയും സഹജാവബോധവും കൊണ്ട് സ്ത്രീസമൂഹം പ്രാപ്തരാണെന്ന് കൂടി മേധാപട്കർ കൂട്ടിചേർക്കുന്നുണ്ട്.

1.4.5 വന്ദനശിവ (Vandana Siva 1952 -)

കൊളോണിയൽ അധികാരഘടനയുടെയും മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയുടെയും ലിംഗകേന്ദ്രിതമായ നയങ്ങളുടെ പരിണിതഫലമായിട്ടാണ് വന്ദനശിവ

മൂന്നാംലോക രാഷ്ട്രങ്ങളിലെ പരിസ്ഥിതി പ്രശ്നങ്ങളെയും സ്ത്രീകളുടെ അനാരോഗ്യപരമായ സാമൂഹ്യാവസ്ഥകളെയും നോക്കിക്കണ്ടത്. തന്റെ എഴുത്തിലൂടെ മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയ്ക്കകത്തെ ലിംഗകേന്ദ്രീകൃത നയത്തെ തുറന്ന് കാട്ടാൻ വന്ദനശിവക്ക് കഴിഞ്ഞു. മണ്ണിന്റെയും ജൈവവൈവിധ്യങ്ങളുടെയും തനത് സ്വഭാവത്തെ നിലനിർത്തുന്ന പ്രകൃതിയോടിണങ്ങിചേർന്ന ഉത്പാദനവ്യവസ്ഥക്കാണ് വന്ദനശിവ ഊന്നൽ നൽകിയത്. 1991-ൽ വന്ദനശിവ നേതൃത്വം നൽകിയ 'നവധാന്യ' എന്ന പ്രസ്ഥാനം ഉത്പാദനവ്യവസ്ഥിതിയ്ക്കകത്തെ അധിനിവേശനയങ്ങളെ പ്രതിരോധിച്ച്, മൂന്നാംലോകരാഷ്ട്രമായ ഭാരതത്തെ ആരോഗ്യപൂർണമായ സമ്പദ് വ്യവസ്ഥയിലേക്കും ജൈവവൈവിധ്യങ്ങളെ സുസ്ഥിരമായ ഭാവിയിലേക്കും നയിക്കാൻ പ്രാപ്തമായിരുന്നു. കൃഷിയെ അഗ്രിബിസിനസ്സാക്കി മാറ്റുകയും മൂന്നാംലോകരാഷ്ട്രങ്ങളെ മാലിന്യങ്ങളെ തള്ളാനുള്ള ഇടങ്ങളായി നിലനിർത്തുകയും ചെയ്യുന്ന വികസിതരാജ്യങ്ങളുടെ കൊളോണിയൽ നയത്തെ ചൂണ്ടികാണിക്കുന്നതോടൊപ്പം വന്ദനശിവ തന്റെ എഴുത്തുകളിലൂടെ ഫോസിൽ, ജൈവ ഇന്ധനങ്ങളും ആണവ മാലിന്യങ്ങളും പ്രകൃതിക്ക് മേൽ ഉയർത്തുന്ന ഭീഷണികളേയും പങ്കുവെക്കുന്നുണ്ട്. ജീവസമൂഹത്തിന്റെ ജനിതകഘടനയിലേക്ക് വരെ കടന്നുകയറുന്ന ശാസ്ത്രാധിഷ്ഠിതമായ വ്യവസായിക മനസ്സിനെ ആധുനികത പിൻതുടരുന്ന മനസ്സ്/ശരീരം, പ്രകൃതി/സംസ്കൃതി തുടങ്ങിയ ദ്വന്ദ്വങ്ങളിലൂടെയാണ് വന്ദനശിവ വിശദീകരിക്കാൻ ശ്രമിച്ചത്.

പ്രകൃതിയെ നിഷ്ക്രിയമായ ഭൗതികശരീരമായി നിലനിർത്തിക്കൊണ്ട് ഉല്പാദന വ്യവസ്ഥിതിയ്ക്ക് മേൽ ആധിപത്യം നേടുന്ന പുരുഷാധിഷ്ഠിത മനസ്സാണ് ബൗദ്ധിക സ്വത്തവകാശനിയമങ്ങൾ, പേറ്റന്റ് തുടങ്ങിയ ജൈവസമ്പത്തിന്റെ സ്വകാര്യവത്കരണത്തിന് പിന്നിലുള്ളതെന്ന് വന്ദനശിവ വ്യക്തമാക്കുന്നുണ്ട്. പുരുഷാധിപത്യസമൂഹത്തിന്റെ ക്രിയാത്മകതയുടെ സൂചകമായിരുന്ന 'വിത്ത്' മുതലാളിത്ത ഉത്പാദന വ്യവസ്ഥിതിയ്ക്കകത്ത് സാങ്കേതിക തികവിനെ സ്വീകരിച്ചുകൊണ്ട് നിഷ്ക്രിയമായ പ്രകൃതിയുടെ ഭാഗമായി മാറുന്ന സാഹചര്യത്തെ ഉദാഹരിച്ചുകൊണ്ടാണ് വന്ദനശിവ പ്രകൃതിക്ക് മേലുള്ള ശാസ്ത്രീയമായ അറിവിന്റെ ആധിപത്യത്തെ വിശദീകരിക്കുന്നത്.[55] സാങ്കേതിക തികവിലൂടെ വിത്തിനെ നിഷ്ക്രിയമായി നോക്കികാണുന്ന മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിക്കുകത്ത് ശാസ്ത്രീയമായ അറിവുകൾക്കാണ്

പ്രാമുഖ്യം. പ്രകൃതിയോടിണങ്ങി ചേർന്ന് രൂപപ്പെട്ട സാമാന്യബോധത്തെ ഈ ശാസ്ത്രീയവബോധം കീഴ്പ്പെടുത്തുന്നു. ആധുനികസമൂഹത്തിന്റെ പ്രകൃതിയെ അപരവത്കരിക്കുന്ന ഈ ശാസ്ത്രാധിഷ്ഠിതമായ മനസ്സാണ് പ്രകൃതിക്ക് മേൽ ആധിപത്യം നേടുന്നതെന്ന് വന്ദനശിവ ആവർത്തിച്ച് പറയുന്നുണ്ട്. വന്ദനശിവയുടെ അഭിപ്രായത്തിൽ ഈ ആധിപത്യത്തിൽ നിന്നുള്ള വിമോചനമാണ് നേടേണ്ടത്.

"പുതിയ ജൈവ സാങ്കേതികശാസ്ത്രങ്ങൾ പ്രവർത്തനക്ഷമത/നിഷ്ക്രിയത, സംസ്കൃതി/പ്രകൃതി എന്നിങ്ങനെയുള്ള പഴയ പുരുഷാധിപത്യ വിഭജനങ്ങളെ സക്രിയമാക്കുന്നു. സസ്യങ്ങളുടെയും മനുഷ്യരുടെയും പുനരുജ്ജീവനശേഷികളിൽ അധിനിവേശം നടത്തുന്നതിനായി മുതലാളിത്ത പുരുഷാധിപത്യത്തിന്റെ ഉപാധികളെന്ന നിലയിൽ ഈ ദ്വന്ദ്വങ്ങൾ ഉപയോഗിക്കപ്പെടുന്നു. പുനരുജ്ജീവനശേഷിയെ അധിനിവേശ വിമുക്തമാക്കുന്നതിലൂടെ മാത്രമേ സ്ത്രീകളുടെയും പ്രകൃതിയുടെയും പ്രവർത്തനക്ഷമതയെയും സൃഷ്ടിപരതയെയും വീണ്ടെടുക്കാൻ സാധിക്കുകയുള്ളു."[56]

സ്ത്രീയെയും പ്രകൃതിയെയും മുൻനിർത്തി വന്ദനശിവ മുന്നോട്ടുവെക്കുന്ന പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ഈ ആശയ പരിസരത്തിൽ നിന്നുകൊണ്ടാണ് ഈ പ്രബന്ധം വിപുലപ്പെടുന്നത്. ഇത്തരത്തിൽ സ്ത്രീവാദപരിസരത്ത് നിന്നു കൊണ്ടും അല്ലാതെയും സ്ത്രീക്കും പ്രകൃതിക്കും വേണ്ടിയുള്ള സംഘടിതയത്നങ്ങളെ ആവശ്യപ്പെടുന്ന കേരളത്തിലെ സാമൂഹ്യസാഹചര്യങ്ങളെ പിതൃകേന്ദ്രീകൃത അധികാരത്തെയും ലിംഗകേന്ദ്രിത വികസന നയങ്ങളെയും മുൻനിർത്തി വിശകലനം ചെയ്യുകയാണ് അടുത്ത അദ്ധ്യായത്തിൽ ചെയ്യുന്നത്.

കുറിപ്പുകൾ

1. Barbara. T. Gates, *A Root of Ecofeminism: Ecofeminisme, Ecofeminist Literary criticism.* ed.Greta Gaard (Marstone book service, oxford, 1951),PP.16.
2. Donald.P.St.John. "Ecofeminism". Ecospirit a publication of the Institute For Ecosophical studies. III. 2 (1985): 5.3 August 2019.<https:// www.worldcat.org>ecospirit.
3. പി.പ്രസീത, 'പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ രാഷ്ട്രീയം', വിജ്ഞാനകൈരളി, 40, 9 (2009), പുറം. 13.
4. Ariel Salleh, *'Ecofeminist Actions', Ecofeminism As Politics*, trans.Vandana Shiva (Zed book, London,1997), PP.46.
5. Mariamies, *Eco feminism* (Rewat publication, Jaipur 1993), PP.14.

   - ആൺകോയ്മ (Masculinity) സാംസ്കാരികമായി നിർമ്മിച്ചെടുക്കുന്ന ലിംഗ കേന്ദ്രിതമായ മേധാവിത്വം ആണ്. ജൈവികമായ പ്രത്യേകതകളും ഈ മേധാ വിത്വ നിർമിതിയെ സ്വാധീനിക്കുന്നുണ്ട്. ആൺകോയ്മയെ മുൻനിർത്തിയിട്ടുള്ള സൈദ്ധാന്തിക പഠനങ്ങളിൽ ആസ്ട്രേലിയൻ സോഷ്യോളജിസ്റ്റായ റെയ്വൻ കേണലിന്റെ (Raewyn Connell 1944-) നിരീക്ഷണങ്ങൾ ശ്രദ്ധേയങ്ങളാണ്. ജൻഡർ ആന്റ് പവർ (Gender and Power), ദി മെൻ ആന്റ് ബോയ്സ് (The Men and Boys) എന്നിവ ആൺകോയ്മയെ മുൻനിർത്തിയിട്ടുള്ള റെയ്വൻ കേണലിന്റെ കൃതികളാണ്. ലിംഗഭേദം, ലിംഗപദവി എന്നിവയെ മുൻനിർത്തിയി ട്ടുള്ള ആധുനികാനന്തര സ്ത്രീവാദപഠനങ്ങൾ ഈ ലിംഗമേധാവിത്വത്തെ കേന്ദ്രീ കരിച്ചുകൊണ്ടാണ് പെണ്ണവസ്ഥകളെ ചരിത്രപരമായും സാംസ്കാരികമായും വിശ കലനം ചെയ്യുന്നത്.
6. Ariel Salleh, *'Man/woman = Nature', Ecofeminism As politics*, trans.Vandana Shiva (Zed book, London,1997), PP.91.

7. എൻ.എം. പിയേഴ്സൺ, *ഇക്കോഫെമിനിസം: ഇക്കോടൂറിസം, മാർക്സിസം* (കറന്റ് ബുക്സ്, കോട്ടയം, 2003), പു.20.

8. Susan Griffin, 'Ecofeminism and Meaning', *Ecofeminism, Women, Culture, Nature.* ed.Karen J Warren (Rewat Publications, Jaipur, 1997), PP.219.

9. വന്ദനശിവ, *ജീവന്റെ നിലനില്പ്പ്*, വിവ. പി.എസ്. മനോജ്കുമാർ (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2014), പു.40.

10. പി.പി.കെ. പൊതുവാൾ, *പരിസ്ഥിതിബോധനവും സംസ്കാരവും* (മാതൃഭൂമി ബുക്സ്, കോട്ടയം, 2007), പു.9.

11. *R.L.S.M. 'Ecology'. The new Encyclopedia Britanica.VI,197-200.*

12. മസനോബു ഫുക്കുവോക്ക, *പ്രകൃതിയിലേയ്ക്ക് മടങ്ങാൻ*, വിവ. മോഹൻ. കെ.എം.ആർ (ഡി.സി. ബുക്സ്, കോട്ടയം, 1999), പു.274.

13. Cheryll Glotfelty, 'Preface', Ecocriticism Reader (The University of Georgia Press, Athens, 1996), PP.19.

14. രതിമേനോൻ, *റേച്ചൽ കാഴ്സൺ പ്രകൃതിയുടെ പരിവ്രാജിക* (കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, തൃശ്ശൂർ, 2008), പു.51-57.

15. David Pepper, *Modern Environmentalism An introduction* (Routledge, London, 1996), പു.17.

16. S. Ravikumar, "*Deep Ecology and Ecofeminism an approach to sustainable Development*". *Indian Journal of Research.* 3.10.(2014):38.23 August 2019.<http:www.world wide journal>.

17. Marry Wollstone Craft, *A Vindication of the Right of Women*, London: Johnsonson, N°72, St.Paul's Church Yard. 1792. 15 August 2019.<http:// digital library.ise.ac.u/c> .

18. വെർജീനിയ വുൾഫ്, *സ്വന്തമായൊരു മുറി*, സമ്പാ. പി.കെ. രാജശേഖരൻ (ഡി.സി. ബുക്സ്, കോട്ടയം, 2013), പു.70.

19. Betty Fridan, *the Feminine mystique*, united state: ww. Narton and Company. 1963.26 August 2019.<https://.national humanities centre.org>.

20. എം.കെ. രാമകൃഷ്ണൻ, *സ്ത്രീ വിമോചനം ചരിത്രം സിദ്ധാന്തം സമീപനം* (പ്രസക്തി ബുക്ക് ഹൗസ്, പത്തനംതിട്ട, 1989), പു.46.

21. John Stuart Mill, *The Subjection of women*, London: Lonygmans, GreenReader, and Dyer,1869.18 July 2019<http://www.early modern texts.com>.

22. Shulamith firestone, *The dialectic of sex*, united states:William morrow and company ,1970.26 August 2019.<http://teoria evolutiva.files.world press.com>.

23. ജാൻസി ജെയിംസ്, *ഫെമിനിസം സിദ്ധാന്തവും പ്രയോഗവും*, 1 ഭാ, സമ്പാ. ജാൻസി ജെയിംസ് (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000), പു.8.

24. Mary Daly. *Gyn/Ecology* : The Metaethics of Radical feminism, Boston: Beacon press.1990.23 August 2019.<https://www.feminstes-radicales.org>.

25. ടി.കെ. ആനന്ദി, *മാർക്സിസവും ഫെമിനിസവും ചരിത്രപരമായ വിശകലനം* (സമത എ കലക്ടീവ് ഫോർ ജൻഡർ ജസ്റ്റിസ്, തൃശ്ശൂർ, 2017), പു.408-422.

26. Linda Alcoff, *"Cultural feminism versus post structuralism: The identity crisis in feminist theory"*, Journal of woman in culture and society.13.3 (1988): 405.15 August 2019.<https://www. Journals.uchicago.edu>.

27. Angelay.y.devis, Women Race and class, Newyork:Vintage .1983.26 August 2019. <http://legal form files.worldpress.com>.

28 David pepper, *Modern Environmentalism An Introduction* (Routledge, London & Newyork, 1996), P.107.

29. കെ.എൻ. ഗണേഷ്, *പ്രകൃതിയും മനുഷ്യനും* (കേരള ശാസ്ത്രസാഹിത്യപരിഷത്ത്, തൃശ്ശൂർ, 2014), പു.181

30. David pepper, *Modern Environmentalism An Introduction* (Routledge, London & Newyork, 1996), P.111.

31. ജി. മധുസൂദനൻ, *ഹരിതനിരൂപണം മലയാളത്തിൽ* (കറന്റ് ബുക്സ്, തൃശ്ശൂർ, 2002), പു.93.

32. Greta Guard, "Vegetarian ecofeminism: A Review Essay", frontiers: A journals of women studies.23. 3(2002):117-146.26 August 2019.<https://muse.thu.edu>article>.

33. Carol J adams, *The sexual politics of meat*, Newyork: centinum.1983.26 August 2019.<https://we.riseup.net>assets>.

34. വന്ദനശിവ, *ജീവന്റെനിലനില്പ്*, വിവ. പി.എസ്. മനോജ്കുമാർ (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2014), പു.51.

35. ജോൺ ബെല്ലമിഫോസ്റ്റർ, *വ്രണിതഭൂമി*, വിവ. പി.കെ. ദേവൻ (കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, തൃശ്ശൂർ, 2013), പു.44.

36. ടി.പു.47.

37. ടി.പു.46.

38. കെ.എൻ. ഗണേഷ്, *പ്രകൃതിയും മനുഷ്യനും* (ശാസ്ത്രസാഹിത്യപരിഷത്ത്, തൃശ്ശൂർ, 2004), പു.109.

39. വന്ദനശിവ, *ജൈവചോരണം*, വിവ. പി.എസ്. മനോജ്കുമാർ (പ്രസക്തി, പത്തനംതിട്ട, 2003), പു.140.

40. ജോൺ ബെല്ലമി ഫോസ്റ്റർ, *വ്രണിതഭൂമി*, വിവ. പി.കെ. ദേവൻ (കേരള ശാസ്ത്രസാഹിത്യപരിഷത്ത്, തൃശ്ശൂർ, 2013), പു.123.

41. മേനകാ ഗാന്ധി, 'മൂന്നാം ലോകത്തകർച്ചയ്ക്ക് പാശ്ചാത്യരുടെ സംഭാവന', *പരിസ്ഥിതിയുടെ രാഷ്ട്രീയം*, എഡി. സി. റഹിം (ഫേബിയൻ ബുക്സ്, നൂറനാട്, 2003), പു.146.

42. കെ.ടി. കുഞ്ഞിക്കണ്ണൻ, 'പാരിസ്ഥിതിക പ്രതിസന്ധിയും മാർക്സിസവും,' *ഇക്കോസോഷ്യലിസം*, എഡി.ഷാജി ജോസഫ് (ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം,2014), പു.58.

43. അരുന്ധതി റോയ്, *അരുന്ധതി റോയിയുടെ ലേഖനങ്ങൾ*, വിവ. കെ. എം. വേണുഗോപാൽ (ഡി.സി.ബുക്സ്, കോട്ടയം, 2004), പു.85.

44. കെ. ശ്രീധരൻ, *നർമ്മദ തടയപ്പെടുന്ന ജീവിതപ്രവാഹം* (കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, കൊച്ചി, 2001), പു.108.

45. വി.ടി. പത്മനാഭൻ, 'നമ്മുടെയെല്ലാം രക്തത്തിൽ ചെർണോബിൽ വിഷമുണ്ട്', *ഇക്കോസോഷ്യലിസം*, എഡി. ഷാജി ജോസഫ് (ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2014), പു.164.
46. വന്ദനശിവ, *മണ്ണോ എണ്ണയോ*, വിവ. ആർ. പ്രശാന്ത്കുമാർ (ഡി.സി.ബുക്സ്, കോട്ടയം, 2011), പു.38.
47. പി.കെ. ശിവദാസ്, 'വിഷപുഷ്പങ്ങൾ ഇനിയും വിടരണോ?' *ഇക്കോസോഷ്യലിസം*, എഡി. ഷാജിജോസഫ് (ചിന്തപബ്ലിഷേഴ്സ്, തിരുവനന്തപുരം, 2014), പു.143.
48. വന്ദനശിവ, *ജൈവചോരണം*, വിവ. പി. എസ്. മനോജ്കുമാർ (പ്രസക്തി, പത്തനംതിട്ട, 2003), പു.34.
49. ടി.പു. 36.
50. ടി.പു. 37.
51. വംഗാരിമാതായ്, *തലകുനിക്കാതെ ഒരു പെണ്ണിന്റെ ആത്മകഥ*, വിവ. കബനി (സമത, തൃശ്ശൂർ, 2012), പു.153.
52. വന്ദനശിവ, *ജീവന്റെ നിലനില്പ്*, വിവ. പി. എസ്. മനോജ്കുമാർ (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2014), പു.122.
53. കെ. ശ്രീധരൻ, *നർമദ തടയപ്പെടുന്ന ജീവിത പ്രവാഹം* (കേരള ശാസ്ത്രസാഹിത്യപരിഷത്ത്, കൊച്ചി, 2001), പു.48.
54. മേധാപട്കർ, വേരുകളില്ലാത്ത വികസനപദ്ധതികൾ, *അതിജീവനത്തിന്റെ സമരങ്ങൾ*, എഡി. പ്രഭാകരൻ കടാങ്കോട് (ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2004), പു.41.
55. വന്ദനശിവ, *ജൈവചോരണം*, വിവ. പി. എസ്. മനോജ്കുമാർ (പ്രസക്തി, പത്തനംതിട്ട, 2013), പു.62 to 72.
56. ടി.പു.62.

അദ്ധ്യായം - 2

പാരിസ്ഥിതിക സ്ത്രീവാദകവിതകളും സാമൂഹികപശ്ചാത്തലവും

പ്രകൃതിയെയും സ്ത്രീയെയും മുൻനിർത്തിയിട്ടുള്ള ജൈവപരവും അല്ലാതെയുമുള്ള ഉത്പാദനവ്യവസ്ഥിതിയെ കയ്യടക്കിക്കൊണ്ടാണ് ലിംഗകേന്ദ്രിത ലോകക്രമം സാമൂഹിക രാഷ്ട്രീയ സാമ്പത്തിക മേഖലകളിൽ സ്വാധീനം ചെലുത്തിയിട്ടുള്ളത്. നൂറ്റാണ്ടുകളിലൂടെയാണ് ഈ പരിവർത്തനം സംഭവിച്ചത്. കേരളത്തിന്റെ സാമൂഹിക ചരിത്രവും ഈ ലിംഗകേന്ദ്രിത അധികാരത്തോട് ബന്ധപ്പെട്ടിട്ടാണ് വളർന്ന് വന്നിട്ടുള്ളത്. കേരളത്തിന്റെ സാമൂഹികമായ വളർച്ചയുടെ ഘട്ടങ്ങളിൽ പിതൃകേന്ദ്രിത അധികാരവ്യവസ്ഥയും, ഉത്പാദനവ്യവസ്ഥയിലെ മാറികൊണ്ടിരിക്കുന്ന അധികാര രൂപങ്ങളും സ്ത്രീക്കും പ്രകൃതിക്കും മേൽ നടത്തിയിട്ടുള്ള അരികുവത്ക്കരണം പ്രകടമാണ്. അതുകൊണ്ടുതന്നെ സ്ത്രീയും പരിസ്ഥിതിയും വിഷയമാകുന്ന കവിതകളുടെ സാമൂഹിക പശ്ചാത്തലം മനസ്സിലാക്കുന്നതിനായി ഈ സാമൂഹികമായ പരിണതികളെ വിശദമായി അവലോകനം ചെയ്യേണ്ടതുണ്ട്.

2.1 പിതൃമേധാവിത്വവ്യവസ്ഥിതി

മനുഷ്യവംശത്തിന്റെ പ്രത്യുത്പാദന വ്യവസ്ഥിതിയുമായി ചേർത്തിണക്കിയാണ് ആദിമസമൂഹം പ്രകൃതിയെ പഠിക്കാൻ ശ്രമിച്ചത്. പ്രകൃതിയുടെ സൃഷ്ടിപരതയെ സ്ത്രീയുടെ ലൈംഗികതയുമായും പ്രസവവുമായും ചേർത്തിണക്കിയാണ് പഠിച്ചത്. ഉർവരതാനുഷ്ഠാനങ്ങൾ, യോനിപൂജ തുടങ്ങിയ ആചാരാനുഷ്ഠാനങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്നത് പ്രകൃതിയെ സ്ത്രൈണമായി വീക്ഷിക്കാൻ ആദിമസമൂഹത്തിനുണ്ടായിരുന്ന ഉൾപ്രേരണയാണ്. പ്രകൃതിയുമായുള്ള പരസ്പരാശ്രയത്വം മനുഷ്യമാതാവുമായുള്ള ആശ്രയത്വത്തിന്റെ രൂപഭേദമായി വ്യാഖ്യാനിക്കപ്പെട്ടു. പ്രകൃതി സ്ത്രൈണമായി മനുഷ്യമനസ്സിൽ അടയാളപ്പെടുത്തപ്പെട്ടതിന്റെ സാമൂഹ്യ സാഹചര്യത്തെ പി.സോമൻ വിശദീകരിക്കുന്നത് ഇപ്രകാരമാണ്.

"ഉത്പാദനം പ്രജനനം എന്നീ പ്രത്യക്ഷ ജീവിതാനുഭവങ്ങളിലൂടെ പ്രപഞ്ചത്തെയും പ്രകൃതിയെയും മനസ്സിലാക്കാൻ പ്രാചീനമനുഷ്യൻ ശ്രമിച്ചിരുന്നു. പ്രകൃതിയുടെയും ഭൂമിയുടെയും ഉത്പാദനക്ഷമതയെ മനുഷ്യമാതാവിന്റെ പ്രജനനപ്രക്രിയയും ലൈംഗിക ജീവിതവുംകൊണ്ടാണ് അളന്നതും വിവരിച്ചതും. മാതാവിൽ ശിശു അന്നവും ആശ്രയവും തന്റെ പ്രതിരൂപവും കാണുന്നതുപോലെ മനുഷ്യൻ പ്രകൃതിയിൽ അന്നവും ആശ്രയവും തന്നെതന്നെയും കണ്ടെത്തുന്നു. അതുകൊണ്ട് അമ്മയെ പ്രകൃതിയുമായി സാദൃശ്യപ്പെടുത്തുകയോ അഭേദം കല്പിക്കുകയോ ചെയ്തുപോന്നു. ലോക കവിതയിലും പുരാവൃത്തങ്ങളിലും പ്രകൃതി സ്ത്രൈണസത്തയാണ്. പ്രകൃതിമാതാവ് എന്ന സങ്കല്പത്തിന് അടിസ്ഥാനം ഈയൊരു അഭേദകല്പനയാണ്." [1]

പ്രകൃതിയെ സ്ത്രൈണമായികണ്ട് ആരാധിക്കുന്ന സമ്പ്രദായത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെന്ന് മുകളിൽ ചേർത്ത വിലയിരുത്തലുകളിൽനിന്ന് വ്യക്തമാണ്. മനുഷ്യബോധത്തിൽ ആഴത്തിൽ പതിഞ്ഞിട്ടുള്ള ഒന്നാണ് സൃഷ്ടിയുമായി ബന്ധപ്പെട്ട ഈ സ്ത്രീ, പ്രകൃതി സമീകരണം. പ്രകൃതിയെ അമ്മയായി ആരാധിക്കുന്ന ദ്രാവിഡപാരമ്പര്യവും പിൻതുടരുന്നത് സാർവലൗകികമായി രൂപപ്പെട്ടിട്ടുള്ള ഈ സ്ത്രീ പ്രകൃതി സമീകരണമാണ്. നമ്മുടെ ദുർഗയും ഭഗവതിയും അന്നപൂർണയും കാലോചിതമായി പരിഷ്കരിക്കപ്പെട്ട ആദിമസമൂഹത്തിന്റെ പ്രകൃതി ദേവതകളാണ്.[2] ആദിമസമൂഹം ഉർവരതാനുഷ്ഠാനങ്ങളിലൂടെ പ്രകൃതിയുടെ അപാരമായ ശക്തിയെ സ്ത്രൈണതയിലേക്ക് കേന്ദ്രീകരിക്കാനാണ് ശ്രമിച്ചത്. പ്രാഥമിക ഉത്പാദന വ്യവസ്ഥയ്ക്കകത്ത് സ്ത്രൈണതയ്ക്ക് ലഭിച്ചിരുന്ന പ്രാമുഖ്യം കാലക്രമേണ നഷ്ടപ്പെട്ടു. ആചാരാനുഷ്ഠാനങ്ങളുടെ ആധിപത്യം പുരുഷസമൂഹത്തിന്റേതായി. കുടുംബം, ഏകപത്നി സമ്പ്രദായം, സ്വകാര്യസ്വത്ത്, പിതൃമേധാവിത്വവ്യവസ്ഥിതി എന്നിവയുടെ ഉത്ഭവത്തോടെ പുരുഷാധിപത്യം ഉത്പാദനവ്യവസ്ഥിതിയ്ക്ക് മേൽ ഊട്ടിയുറപ്പിക്കപ്പെട്ടു. ഉത്പാദനവ്യവസ്ഥയ്ക്കകത്തെ പുരുഷലോകത്തിന്റെ മേൽക്കോയ്മ സ്ത്രീയെയും പ്രകൃതിയെയും സ്വകാര്യസ്വത്ത് എന്ന നിലയിലേക്ക് തരം താഴ്ത്തി. സ്ത്രീയും പ്രകൃതിയും സ്വകാര്യസ്വത്തെന്ന നിലയിൽ പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതിക്ക് കീഴിലായി. കാർഷിക വ്യവസ്ഥിതിയുടെ ആരംഭത്തോടെ പ്രാചീന സമൂഹത്തിൽ ഉത്പാദനവ്യവസ്ഥിതിയ്ക്കകത്ത് പുരുഷന് മേൽക്കൈ നല്കിക്കൊണ്ട് ഏകപത്നി സമ്പ്രദായം ദൃഢപ്പെട്ടുവെന്ന് എസ്.രാജശേഖരൻ അഭിപ്രായപ്പെടുന്നു.

"മനുഷ്യചരിത്രത്തിലെ അലഞ്ഞ് നടക്കൽ കാലഘട്ടത്തിനുശേഷം (Nomadic period) കൃഷിയുമായി ബന്ധപ്പെട്ട് സ്ഥിരവാസമാരംഭിച്ചതോടെയാണ് സ്ഥിരമായ വീടും കുടുംബവും ചരിത്രത്തിലേക്കും സങ്കല്പത്തിലേക്കും കടന്നുവരുന്നത്. സ്വത്ത് ഉത്പാദനം അതിന്റെ സൂക്ഷിപ്പ്, കൈകാര്യ കർത്തൃത്വം അനന്തരതലമുറയിലേക്ക് അവകാശം കൈമാറൽ ഇവയെല്ലാം നിർണായകമായതോടുകൂടി ഏകപതി-ഏകപത്നി നിഷ്ഠമായ കുടുംബം അനിവാര്യമാവുകയും കെട്ടുറപ്പിക്കപ്പെടുകയുമായിരുന്നു. ഗർഭധാരണവും പ്രസവവും മുലയൂട്ടലും ശിശുപരിചരണവും മറ്റുമായി വീട്ടിലടയ്ക്കപ്പെട്ട സ്ത്രീ, ധനപരവും പൊതുവ്യവഹാരപരവും സാമൂഹികവുമായ അധികാരങ്ങളിൽനിന്ന് അതോടെ ബഹിഷ്കൃതയായെങ്കിലും അവൾക്ക് വിധിക്കപ്പെട്ട ഗാർഹിക വൃത്തികൾ സ്വന്തം അധികാരമെന്ന് അഹങ്കരിക്കാൻ കൂടി അതോടെ ശീലിപ്പിക്കപ്പെടുകയും ചെയ്തു. ആ ശീലനം അവളെ പുരുഷന്റെ മാത്രമല്ല കുടുംബത്തിന്റെയും അതിലൂടെ സമൂഹത്തിന്റെയും കൂടി അടിമയാക്കി." [3]

പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതിക്ക് കീഴിൽ സ്ത്രീയും പ്രകൃതിയും വ്യവഹാരഘടകങ്ങളായി. ഭൂമി പൊതുസ്വത്തായിരുന്ന ഒരു കാലഘട്ടത്തിലെ വ്യക്തി സ്വാതന്ത്ര്യം ക്രമേണ നഷ്ടപ്പെട്ടു. പിതൃഅവകാശത്തെ നിലനിർത്താനായി സ്ത്രീക്ക് മേൽ പുരുഷാധിപത്യസമൂഹം കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ചാരിത്ര ശുദ്ധി, പാതിവ്രത്യം എന്നീ സങ്കല്പങ്ങൾ സ്ത്രീയെ പുരുഷാധിപത്യത്തിന് കീഴിലേക്ക് ഒതുക്കി. ഇത്തരത്തിൽ സ്ത്രീവർഗത്തിന് മേലെയുള്ള പുരുഷസമൂഹത്തിന്റെ ആധ്യപത്യത്തെ എക്കാലത്തെയും സ്ത്രീസമൂഹത്തിന്റെ പരാജയമായിട്ടാണ് ഏംഗൽസ് നോക്കിക്കാണുന്നത്.[4] ചാരിത്രശുദ്ധിയിലൂടെയും ഏകപത്നി സമ്പ്രദായത്തിലൂടെയും സ്വകാര്യസ്വത്തവകാശത്തെ ലിംഗകേന്ദ്രിതമായി നിലനിർത്താൻ പിതൃകേന്ദ്രീകൃത കുടുംബവ്യവസ്ഥയിലൂടെ കഴിഞ്ഞു. ഈ അധികാരവ്യവസ്ഥിതിക്ക് കീഴിൽ സ്ത്രീക്ക് ഒപ്പം ഭൂമിയും കൈമാറ്റം ചെയ്യപ്പെടുന്ന ഉരുവായി മാറി. സമൂഹത്തിൽ സ്വകാര്യസ്വത്തവകാശവും ഏകപത്നി സമ്പ്രദായവും പ്രബലപ്പെടുന്നതോടെ സ്ത്രീയുടെ ലോകവും പരിമിതപ്പെട്ടു. പ്രകൃതിയെ സ്ത്രൈണരൂപത്തിൽ ആരാധിച്ചിരുന്ന ആചാരാനുഷ്ഠാനങ്ങൾക്ക് മേൽ പുരുഷലോകം ആധിപത്യം നേടി. അതോടെ പ്രകൃതിയുടെ ശക്തിയെ ആവാഹിച്ചിരുന്ന സ്ത്രീ പുരുഷസമൂഹത്തിന്റെ ആരാധിക

യായി മാറി. സമൂഹത്തിൽ പുരുഷമേൽക്കോയ്മയെ സ്ഥിരപ്പെടുത്തിക്കൊണ്ട് ദൈവസങ്കല്പങ്ങളും പുരോഹിതവിഭാഗവും ഉദയംകൊണ്ടു.

"പ്രകൃത്യാരാധനാപരമായ മാതൃദായക്രമത്തിലെ പ്രകൃതിയുമായി സമരസപ്പെട്ട്, പ്രകൃതിയെ മാതൃബിംബത്തിൽ ആരാധിച്ച് പ്രകൃതിയുടെ ഭാഗമായി നിന്ന മനുഷ്യൻ പിതൃദായക്രമത്തിൽ സ്ത്രീയുടെ മേൽ അധീശത്വം സ്ഥാപിച്ചതോടെ പ്രകൃതിയുടെ മേലും അധിനിവേശസ്വഭാവം പുലർത്താൻ തുടങ്ങി. സ്ത്രീയെയും പ്രകൃതിയെയും കീഴടക്കി നിയന്ത്രിച്ചു നിർത്തുക, കായിക ശക്തി ഉപയോഗിച്ച് ഉല്പാദനം നിർവഹിക്കുക, അതിന്റെ കർത്തൃത്വവും ഗുണഭോക്തൃത്വവും പുരുഷൻ തന്നെയായിരിക്കുക എന്നൊരവസ്ഥ സംജാതമായി. സ്ത്രീക്കും പുരുഷനും തുല്യ പങ്കാളിത്തമുണ്ടായിരുന്ന കാലത്ത് പുരുഷന് പ്രകൃതി അമ്മയും ദേവതയുമായിരുന്നു. സ്ത്രീയായിരുന്നു ലോക ജനയിത്രി. എന്നാൽ സ്ത്രീയും പ്രകൃതിയും കീഴ്പ്പെട്ടതോടെ പിതൃദായക്രമത്തിൽ അധിഷ്ഠിതമായ ഭരണക്രമം സ്ഥാപിതമായി. അമ്മദൈവങ്ങൾക്ക് പകരം പുരുഷദൈവങ്ങൾ ആരാധനാകേന്ദ്രങ്ങളായിത്തീർന്നു. പുരുഷശക്തി പ്രപഞ്ച സ്രഷ്ടാവായി." [5]

ആര്യാധിനിവേശവും ജാതിവ്യവസ്ഥയുമാണ് ലിംഗകേന്ദ്രീകൃതമായ പൗരോഹിത്യത്തെ ശക്തിപ്പെടുത്തിയത്. മനുഷ്യനെ തൊഴിലിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത തട്ടുകളിലായി നിലനിർത്തിയ ചാതുർവർണ്യവ്യവസ്ഥിതിയാണ് ജാതിവ്യവസ്ഥയ്ക്ക് ആധാരം. സമൂഹത്തെ തൊഴിലിന്റെ അടിസ്ഥാനത്തിൽ വേർതിരിച്ചിരുന്ന ചാതുർവർണ്യവ്യവസ്ഥിതിയെ പൗരോഹിത്യസമൂഹം സ്ഥിരപ്പെടുത്തിയത് പ്രകൃതിക്കതീതമായ ഒരു പുരുഷസങ്കല്പത്തെ വാർത്തെടുത്തുകൊണ്ടാണ്. പുരുഷനെ പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന ശക്തിവിശേഷമായി അവതരിപ്പിക്കുന്ന ഋഗ്വേദത്തിലെ പുരുഷസൂക്തത്തിലാണ് ചാതുർവർണ്യത്തെക്കുറിച്ച് ആദ്യത്തെ പരാമർശം കാണുന്നത്.[5] വിരാട് പുരുഷനാണ് പുരുഷസൂക്തപ്രകാരം ബ്രാഹ്മണന്റെയും ക്ഷത്രിയ-വൈശ്യ-ശൂദ്ര വിഭാഗങ്ങളുടെയും ഉത്ഭവ ഹേതു.

"ബ്രാഹ്മണോസ്യമുഖമാസീ
ദ് ബാഹൂരാജന്യഃ കൃതഃ
ഊരു തദസ്യയദ്വൈശ്യഃ
പദ്ഭ്യാം ശൂദ്രോ അജായത" [7]

ഇത്തരത്തിൽ മനുഷ്യചിന്തയ്ക്ക് അപ്പുറത്തുള്ള ഒരു ശക്തിയുടെ രൂപകല്പനയിലൂടെ വ്യവസ്ഥിതിയെ ലിംഗകേന്ദ്രിതമായി ബ്രാഹ്മണപൗരോഹിത്യത്തിന് കീഴ്പ്പെടുത്താൻ കഴിഞ്ഞു. സൃഷ്ടിയുമായി ബന്ധപ്പെട്ട് അദ്ധ്യാത്മികതലത്തിൽ പുരുഷസങ്കല്പത്തിന് ലഭിച്ച ഈ അമിതപ്രാമുഖ്യത്തെ കെ.എൻ. ഗണേഷ് സാംഖ്യദർശനത്തെയും ബൗദ്ധരുടെ ലോകവീക്ഷണത്തെയും ഉൾചേർത്തുകൊണ്ടു വിശദീകരിക്കുന്നുണ്ട്.

"ബോധിസത്വന്മാർ ധർമപ്രചാരണത്തിനുവേണ്ടി ലോകത്തിൽ നിലകൊള്ളുകയും അവിടെ ചെയ്യുന്ന കർമ്മങ്ങൾ മൂലം പുനർജനിക്കുകയും ചെയ്യുന്നവരാണ്. അവർ ചെയ്യുന്ന കർമത്തിന്റെ ഉദാത്തതകൊണ്ട് അവർ ബോധിസത്വന്മാരായി തുടരുന്നു. പിൽക്കാലത്ത് ഇതേ കർമസിദ്ധാന്തം ഇന്ത്യയിലെ ജാതിവ്യവസ്ഥയുടെ നീതികരണത്തിന് ഉപയോഗിച്ചിട്ടുണ്ട്. ബ്രാഹ്മണആശയസംഹിതയനുസരിച്ച് സത്കർമികൾ ബ്രാഹ്മണരാവുകയും ദുഷ്കർമങ്ങൾ ചെയ്യുന്നവർ നീചരായി ജനിക്കുകയും ചെയ്യുന്നു. അതായത് ജാതിവ്യവസ്ഥ കർമഫലമാണെന്നുവരുന്നു. സാംഖ്യദർശനത്തിന്റെ പരിണാമവാദത്തെ ബ്രാഹ്മണരുടെ കർമസിദ്ധാന്തവുമായി ബന്ധപ്പെടുത്തി ലോകവീക്ഷണമായി അവതരിപ്പിക്കുകയാണ് ഭഗവദ്ഗീതയിൽ ചെയ്യുന്നത്. സാംഖ്യത്തിൽ തന്നെയുള്ള പുരുഷപ്രകൃതി സംയോഗത്തെ പുരുഷനിൽത്തന്നെ ഉൾകൊള്ളുന്നതായും പരിണമിക്കുന്നതായും കാണിക്കുകയാണ് ഗീതയിലെ വിശ്വരൂപദർശനത്തിൽ ചെയ്യുന്നത്. ബൗദ്ധരുടെ കർമസങ്കല്പം പുരുഷനെ പ്രകൃതിയുടെ ഭാഗമാക്കുമ്പോൾ ഭഗവദ്ഗീത നേരെ തിരിച്ചാണ് സങ്കല്പിക്കുന്നത്." [8]

അടിസ്ഥാനപരമായി ഈ ബൃഹത്പുരുഷസങ്കല്പത്തിലൂടെ സ്ഥാപിക്കപ്പെടുന്നത് പ്രകൃതിക്കും സ്ത്രീക്കും മേലുള്ള പൗരോഹിത്യപുരുഷമനസ്സിന്റെ വ്യാപാരമാണ്. പ്രകൃതിയും സ്ത്രീയും അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന് തുല്യരായി സമൂഹത്തിൽ തരംതാഴ്ത്തപ്പെടുമ്പോൾ ബ്രാഹ്മണ പുരുഷമനസ്സ് ഇവയ്ക്കുമേൽ ആധിപത്യം നേടുന്നു. സ്ത്രീയുടെയും അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെയും സാമാന്യബോധം പ്രകൃതി കേന്ദ്രിതമായാണ് നിലനിൽക്കുന്നത്. എന്നാൽ ബ്രാഹ്മണ പൗരോഹിത്യം മനുഷ്യകേന്ദ്രിതമായി നിലനിന്നുകൊണ്ട് ഉത്പാദനവ്യവസ്ഥിതിയ്ക്കകത്ത് ആധിപത്യം നേടുന്നത് സമൂഹത്തിനകത്ത് ഉൾചേർന്ന ഈ വൈരുദ്ധ്യം

കൊണ്ടാണ്. സ്ത്രീയും പ്രകൃതിയും അടിസ്ഥാനജനവിഭാഗങ്ങളും ബ്രാഹ്മണ പൗരോഹിത്യം മുന്നോട്ടുവയ്ക്കുന്ന മനുഷ്യകേന്ദ്രിതമായ ജ്ഞാനവ്യവസ്ഥിതിയ്ക്ക് പുറത്ത് ഭൗതിക ശരീരമായി നിലനിർത്തപ്പെട്ടു. സമൂഹത്തിനകത്തെ ചാതുർവർണ്യത്തെ ശക്തിപ്പെടുത്തിക്കൊണ്ട് ബ്രാഹ്മണപൗരോഹിത്യം ഉല്പാദന വ്യവസ്ഥയെ സവർണപരമായും ലിംഗകേന്ദ്രിതമായും നിലനിർത്തി. പുരുഷസമൂഹത്തിന് ആധിപത്യമുള്ള ഉത്പാദനവ്യവസ്ഥിതിയ്ക്കകത്താണ് സ്ത്രീയും പ്രകൃതിയും വസ്തുവത്കരിക്കപ്പെടുന്നത്. സ്ത്രീയുടെ ലോകം ഗൃഹമായി കല്പിക്കപ്പെട്ടത്. സ്ത്രീ ഭക്ഷണം പാകം ചെയ്യുന്ന ഭൂമിയുമായി താരതമ്യം ചെയ്യപ്പെടുന്നത്. അഥർവവേദ പ്രകാരം പുരുഷന് ബീജദാനത്തിനുള്ള ഉർവരഭൂമിയാണ് സ്ത്രീ. തികച്ചും പുരുഷന് അടിമപ്പെടുത്തിയ ജീവിതമാണ് സ്ത്രീക്ക് ഋഗ്വേദവും നിർദ്ദേശിക്കുന്നത്.[9] പുരുഷന് മേധാവിത്വമുള്ള ഉത്പാദനവ്യവസ്ഥിതിയ്ക്കകത്താണ് സ്ത്രീ ഇപ്രകാരം ഗൃഹമായും സർവംസഹയായ ഭൂമിയായും സങ്കല്പിക്കപ്പെടുന്നത്. ഈ സങ്കല്പങ്ങളുടെ അടിസ്ഥാനം നിഷ്ക്രിയത/ക്രിയാത്മകത, മനസ്സ്/ശരീരം എന്നീ ലിംഗകേന്ദ്രീകൃതമായ പുരുഷാധിപത്യസാമൂഹ്യനിർമിതിയാണെന്ന് വന്ദനശിവ ചൂണ്ടികാണിക്കുന്നുണ്ട്.

"സ്ത്രീകൾക്കുമേൽ പുരുഷന്മാരുടേതായ ആധിപത്യമുണ്ടെന്ന കാഴ്ചപ്പാട് ചില സാമൂഹികനിർമിതികളെ അടിത്തറയായി സ്വീകരിക്കുന്നു. സ്ത്രീകളെയും മൃഗങ്ങളെയും സംബന്ധിച്ച സർവംസഹത്വം/മാതൃത്വം എന്ന സാമൂഹികനിർമിതിയും തികച്ചും മാനവികമെന്ന് വിവക്ഷിക്കപ്പെടുന്ന പുരുഷത്വത്തെ സംബന്ധിച്ച പ്രവർത്തനനിരതത്വം/ആത്മീയത എന്ന സാമൂഹികനിർമിതിയുമാണ് അത്തരം വീക്ഷണങ്ങളുടെ അടിത്തറയായി വർത്തിക്കുന്നത്. മനസ്സ്/ശരീരം എന്ന തരത്തിലുള്ള ദ്വന്ദ്വങ്ങളിലാണ് ഇത് പ്രതിഫലിക്കപ്പെടുന്നത്. ഇതിൽ മനസ്സ് അഭൗതികവും പൗരുഷവും പ്രവർത്തനനിരതവുമാണ്. ദേഹം കായികവും സ്ത്രൈണവും നിഷ്ക്രിയവുമാണ്."[10]

വിവാഹജീവിതത്തിലേക്ക് പാകപ്പെടുത്തിക്കൊണ്ടാണ് ഓരോ സ്ത്രീയും തങ്ങളുടെ ജീവിതകാലയളവ് പിന്നിടുന്നത്. കന്യക, ഭാര്യ, അമ്മ എന്നീ ജീവിതാവസ്ഥകളിൽ സ്ത്രീക്കുണ്ടാകേണ്ട ഗുണങ്ങൾ, പാലിക്കേണ്ട ധർമങ്ങൾ എന്നിവ പ്രാചീനകൃതികളിലൂടെ സമൂഹത്തിൽ ആഴത്തിൽ പതിപ്പിക്കാൻ പുരുഷസമൂഹത്തിന് കഴിഞ്ഞു. മനുസ്മൃതി, അർത്ഥശാസ്ത്രം, ശാങ്കരസ്മൃതി എന്നിവ ഇക്കൂട്ടത്തിൽ

എടുത്തുപറയേണ്ടതാണ്. മനുസ്മൃതിപ്രകാരം സ്ത്രീ കൈമാറ്റം ചെയ്യപ്പെടാനുള്ള ഉരുവാണ്. വംശത്തിന്റെ നിലനില്പിനും ഐശ്വര്യത്തിനും വേണ്ടി ആടയാഭരണങ്ങൾ നല്കി പ്രീതിപ്പെടുത്തേണ്ടവളാണ്. ഫലത്തിൽ സ്ത്രീ പുരുഷാധിപത്യസമൂഹത്തിൽ ഉപഭോഗവസ്തുവിന്റെ സ്ഥാനത്തേക്ക് അധഃപതിച്ചു. പുരുഷസമൂഹത്തെ തൃപ്തിപ്പെടുത്തുക, മക്കളെ പെറ്റ് പോറ്റുക എന്നതു മാത്രമായി സ്ത്രീയുടെ ജന്മലക്ഷ്യം. ഭർതൃപൂജ സ്ത്രീകളുടെ ജീവിതവ്രതമായി മാറി. സ്ത്രീയെ വസ്തുവത്കരിച്ചുകൊണ്ട് അവളുടെ അദ്ധ്വാനത്തെ മൂല്യരഹിതമായി നിലനിർത്തുകയാണ് മനുസ്മൃതി ചെയ്തത്. അതോടൊപ്പം ജീവിതകാലയളവിലുടനീളം സംരക്ഷിക്കപ്പെടേണ്ട ഭൗതികശരീരമായി അവളെ മാറ്റുകയും ചെയ്തു.

1. " അസ്വതന്ത്രാഃ സ്ത്രീയഃ കാര്യാഃ
പുരുഷൈഃ സ്വൈർദ്ദിവാനിശം

2. പിതാരക്ഷതി കൗമാരേ ഭർത്താ രക്ഷതി യൗവനേ
രക്ഷന്തി സ്ഥാവിരേ പുത്രാ ന
സ്ത്രീ സ്വാതന്ത്ര്യമർഹതി"[11]

സവർണപുരുഷകേന്ദ്രിതമായ സമൂഹസൃഷ്ടിക്കാണ് മനുസ്മൃതി ഊന്നൽ നൽകിയത്. അതുകൊണ്ട് തന്നെ അറിവിനെ സവർണകേന്ദ്രിതമായി നിലനിർത്താനുള്ള നിർദ്ദേശങ്ങൾ മനുസ്മൃതിയിൽ അടക്കം ചെയ്തിട്ടുണ്ട്. സ്ത്രീകൾ ഉൾപ്പെടെയുള്ള ശൂദ്രവിഭാഗങ്ങൾക്ക് അറിവ് അപ്രാപ്യമാകുന്നത് അറിവിന്റെ വിനിമയം സവർണകേന്ദ്രിതമായ മനസ്സിനെ കേന്ദ്രീകരിച്ച് മുന്നോട്ടുപോയതുകൊണ്ടാണ്. ഈ സവർണപുരുഷാധിപത്യമനസ്സാണ് പിതൃകേന്ദ്രീകൃത ഉത്പാദനവ്യവസ്ഥിതിയിൽ സ്ത്രീയുടെയും പ്രകൃതിയുടെയും സ്ഥാനത്തെ നിർണയിക്കുന്നത്. ഇവയെ ഉത്പാദനവ്യവസ്ഥിതിയ്ക്കകത്തെ വ്യവഹാരഘടകങ്ങളാക്കി മാറ്റുന്നത്. പിതൃകേന്ദ്രീകൃത കുടുംബവ്യവസ്ഥിതിയിൽ സ്ത്രീയുടെ ലോകം കുടുംബമാണ്. സ്ത്രീ=ഗൃഹം, സ്ത്രീ=ഭൂമി=സർവ്വംസഹ എന്നീ പരികല്പനകൾ രൂപപ്പെടുന്നത് ഈ സാമൂഹ്യ സാഹചര്യത്തിലാണ്. ഇവിടെ ഗൃഹം എന്നത് പുരുഷമേധാവിത്വത്താൽ നിയന്ത്രിക്കപ്പെടുന്ന സാമൂഹ്യഘടകമാണ്. ഭൂമിയാകട്ടെ പുരുഷമേധാവിത്വത്തിന് കീഴിലെ വ്യവഹാരഘടകവും. അതുകൊണ്ടാണ് സർവംസഹ എന്ന പദം സ്ത്രീക്കും ഭൂമിക്കും

ചേർത്ത് പ്രയോഗിക്കുന്നത്. മനുഷ്യവർഗത്തിന്റെ കീഴടക്കലുകളെ സഹിച്ചുകൊണ്ട് മക്കൾക്കുവേണ്ടി സർവവും ത്യജിക്കുന്ന സർവംസഹയായ അമ്മയായാണ് 'പ്രകൃതി' പുരുഷാധിപത്യസമൂഹത്തിൽ പ്രതിഷ്ഠിക്കപ്പെടുന്നത്. ഇതുവഴി സ്ത്രീയെയും പ്രകൃതിയെയും ക്രിയാത്മകമായ പുരുഷമനസ്സിന് കീഴ്പ്പെടുത്തി നിലനിർത്താൻ പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതിയ്ക്ക് കഴിഞ്ഞു. അധികാരത്തിന്റെ രാഷ്ട്രീയത്തെ വിശദീകരിക്കുന്ന അർത്ഥശാസ്ത്രത്തിൽ ഈ വിഭജനം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. അർത്ഥശാസ്ത്രപ്രകാരം സ്ത്രീയും ഭൂമിയും അധികാരത്തെ നിലനിർത്താനുള്ള ഉപാധികളാണ്. ചാതുർവർണ്യവ്യവസ്ഥിതിയും ബ്രാഹ്മണ മേൽക്കോയ്മയും ശക്തിപ്പെടുന്ന കാലഘട്ടത്തിലാണ് അർത്ഥശാസ്ത്രം രൂപപ്പെടുന്നത്. ചാരിത്രശുദ്ധിക്ക് നല്കുന്ന പ്രാമുഖ്യവും പുത്രലാഭത്തെ മുൻനിർത്തിയ വിവാഹസമ്പ്രദായത്തിന്റെ വിശദീകരണങ്ങളും അർത്ഥശാസ്ത്രം പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥയ്ക്ക് നല്കുന്ന പ്രാധാന്യത്തെ വ്യക്തമാക്കുന്നു. ഗോത്രഭരണത്തിൽനിന്ന് രാജഭരണത്തിലേയ്ക്ക് വഴിമാറുന്ന ജനസമൂഹം പാലിക്കേണ്ട ജീവിതക്രമങ്ങളും അധികാരം നിലനിർത്താനായി രാജാവ് പിൻതുടരാനുള്ള നിർദ്ദേശങ്ങളുമാണ് അർത്ഥശാസ്ത്രത്തിന്റെ ഉള്ളടക്കം. അർത്ഥം എന്നാൽ ധനം, സ്വത്ത് എന്നൊക്കെയാണ് വ്യവഹരിക്കപ്പെടുന്നത്. അർത്ഥശാസ്ത്രപ്രകാരം സ്വത്ത് എന്നാൽ മുഖ്യമായും കീഴടക്കപ്പെട്ട ഭൂസ്വത്താണ്. ഭൂമിക്ക് മേൽ അധികാരം നിലനിർത്താനുള്ള മാർഗങ്ങളാണ് അർത്ഥശാസ്ത്രത്തിന്റെ അടിസ്ഥാനം.

"അർത്ഥമെന്നാൽ മനുഷ്യരുടെ വൃത്തി; മനുഷ്യവതിയായ ഭൂമി എന്നർത്ഥം. അങ്ങനെയുള്ള പൃഥ്വിയുടെ ലബ്ധിക്കും പാലനത്തിനും ഉപായമായിട്ടുള്ള ശാസ്ത്രം അർത്ഥശാസ്ത്രം".[12]

അർത്ഥശാസ്ത്രപ്രകാരം മണ്ണും പെണ്ണും അധികാരത്തെ നിലനിർത്താൻ ഉപയോഗിക്കപ്പെട്ടു. ശത്രുവിനും ശത്രുപക്ഷത്തുള്ളവനും കുലീനനും കൈമാറേണ്ട ഭൂമിയുടെ സവിശേഷതകൾ അർത്ഥശാസ്ത്രം അക്കമിട്ട് നിരത്തുന്നുണ്ട്. അതോടൊപ്പം ശത്രുപക്ഷത്തുള്ള സേനാമുഖ്യന്മാരെ വശീകരിച്ച് തമ്മിൽ ശത്രുതയുണ്ടാക്കേണ്ട ഉപഭോഗവസ്തുവായി സ്ത്രീശരീരത്തെ ചിത്രീകരിക്കുന്നുണ്ട്. അർത്ഥശാസ്ത്രപ്രകാരം അർത്ഥത്തെ നേടുകയെന്നാൽ അധികാരത്തെ നിലനിർത്തുകയെന്നാണ് അർത്ഥം.

ഈ അധികാരത്തിന് കീഴിലാണ് ഭൂമിയും സ്ത്രീയും വ്യവഹാരഘടകങ്ങളാവുന്നത്. സ്ത്രീയുടെ ശരീരവും രൂപഗുണവും ശത്രുവിനെ കീഴടക്കാനുള്ള ഉപാധിയായി സ്വീകരിക്കുമ്പോൾ, ഭൂമിയെ എതിർശക്തിയെ ജയിക്കാനും രമ്യതാബന്ധം പുലർത്താനുമുള്ള മാധ്യമമായി വിനിയോഗിക്കുന്നു.[13] ആത്യന്തികമായി പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതിയെ രാഷ്ട്രീയപരമായും സാമൂഹ്യപരമായും നിലനിർത്താനാണ് അർത്ഥശാസ്ത്രവും മനുസ്മൃതിയും ശ്രമിച്ചത്. സാഹിത്യപരമായും സാംസ്കാരിക പരമായും വ്യവഹരിക്കപ്പെടുകയും നിലനിർത്താൻ ശ്രമിക്കുകയും ചെയ്ത ഈ ആൺകോയ്മവ്യവസ്ഥിതി ജന്മിത്ത ഉത്പാദനവ്യവസ്ഥിതിയിലൂടെ സമൂഹത്തിൽ ഊട്ടിയുറപ്പിക്കപ്പെട്ടു.

2.1.1 ജന്മിത്തവ്യവസ്ഥിതി

ക്ഷേത്രവ്യവസ്ഥിതിയുമായി ബന്ധപ്പെട്ട് ഊരാളന്മാരായി സമൂഹത്തിൽ ഉന്നത സ്ഥാനം പുലർത്തിയ ബ്രാഹ്മണവിഭാഗത്തിന്റെ കൈവശാവകാശത്തിൽനിന്നാണ് ജന്മി എന്ന പദത്തിന്റെ ഉത്ഭവം. തുടക്കത്തിലെ കൈവശാവകാശം പിന്നീട് സ്ഥിരവും പരമ്പരാഗതവുമായ അവകാശമായി മാറി. ഭൂമിയുടെ ഉടമസ്ഥാവകാശം ബ്രാഹ്മണ മേൽക്കോയ്മയ്ക്ക് കീഴിലാവുകയും ചെയ്തു.

"ഊരാണ്മാവകാശം പാരമ്പര്യവഴിക്കായിത്തീരുന്നതിന് മുമ്പ് ജീവിതകാലം അതായത് ജന്മം മുഴുവൻ വച്ച് പുലർത്തുന്ന ഒരന്തരാളഘട്ടം ഉണ്ടായിരുന്നു. ആ ജന്മാവകാശത്തിൽനിന്നാണ് ജന്മിയുടെ ഉത്ഭവം"[14]

പൂജാകർമ്മങ്ങളിലെ പ്രാവീണ്യവും സംസ്കൃതഭാഷയുടെ പ്രയോഗവും ബ്രാഹ്മണവിഭാഗത്തെ സമൂഹത്തിന്റെ മുൻനിരയിലെത്തിച്ചു. അറിവും വിശ്വാസങ്ങളിലൂടെ രൂപപ്പെടുത്തിയ ബ്രാഹ്മണപ്രതിപത്തിയും ജാതിയേയും ഭൂവുടമസ്ഥതയേയും കേന്ദ്രീകരിച്ചുള്ള ജന്മിത്വവ്യവസ്ഥിതിയിലേയ്ക്ക് സമൂഹത്തെ നയിക്കാൻ ബ്രാഹ്മണ വിഭാഗത്തെ പ്രാപ്തമാക്കി. ഭൂമിക്ക് മേലുള്ള അവകാശം അധികാരകേന്ദ്രത്തിന്റെ രൂപീകരണത്തിലേയ്ക്ക് നയിച്ച സാഹചര്യത്തെക്കുറിച്ച് വില്യം ലോഗന്റെ വിശദീകരണം താഴെ ചേർക്കുന്നു.

"ഭൂമിയുടെ കൈമാറ്റം 'ദാനം' എന്ന ഒരു സമുദായാചാരപ്രകാരമാണ്

അട്ടിപ്പേറായി നടത്തി വന്നത്. ഈ ദാനം പരമ്പരയാ ലഭിക്കുകയും ചെയ്യുന്നു. വിടുപേർ, അട്ടിപ്പേർ, അട്ടിപെറോല, പെറുമർത്ഥം, എപ്പേറുപെറ്റത് മുതലായ പദങ്ങളിൽ കാണുന്ന പേറ് 'പെറുക' എന്ന ക്രിയാപദത്തിൽ നിന്നുണ്ടായതാണ്. പില്ക്കാലത്ത് പേറ് ജന്മമായി. ഈ ദാനം നീർ വീഴ്ത്തിയാണ് നടത്തിയത്. ബ്രാഹ്മണർ ഭൂദേവനാകയാൽ മന്ത്രോച്ചാരണങ്ങളും ഹോമകർമാദികളും കൊണ്ട് ഈശ്വരൻമാരെ പ്രസാദിപ്പിച്ച് ഉദ്ദിഷ്ടകാര്യങ്ങൾ നേടുവാനും നേടിയെടുക്കുവാനും പോന്നവനാണെന്നായിരുന്നു വിശ്വാസം. ഈ ബ്രാഹ്മണ പ്രസാദമാണ് ഐഹികപാരത്രികമോക്ഷത്തിന് കാരണമെന്നറിഞ്ഞ് ഭൂമി അവർക്ക് ദാനമായി നല്കി" [15]

സാമൂഹ്യപദവിയിൽ ബ്രാഹ്മണർക്ക് ലഭിച്ച ഔന്നത്യം അവരെ ഭൂവുടമസ്ഥതയിലേയ്ക്ക് നയിച്ചു. അദ്ധ്വാനിക്കുന്ന വിഭാഗത്തിന് ഭൂമിയിലുണ്ടായിരുന്ന അധികാരവും സ്വാതന്ത്ര്യവും കാലക്രമേണ നഷ്ടപ്പെട്ടു. ഭൂമിക്ക് മേലുള്ള അധികാരത്തെ നിലനിർത്തികൊണ്ട് സവർണപുരുഷാധിപത്യം ജന്മിത്തവ്യവസ്ഥിതിയിലൂടെ ശക്തിപ്പെട്ടു. ബ്രാഹ്മണപുരുഷമേധാവിത്വം സമൂഹത്തിന്റെ എല്ലാതലങ്ങളിലും പ്രകടമായി. സ്ത്രീയുൾപ്പെടെയുള്ള കീഴാളസമൂഹത്തിന്റെ സാമൂഹികമായ പദവിയെ നിശ്ചയിച്ചത് ഈ ബ്രാഹ്മണപുരുഷമേധാവിത്വമായിരുന്നു. സവർണരും അവർണരുമായ സ്ത്രീകളുടെയും സാമൂഹികസ്ഥാനത്തെ നിശ്ചയിച്ചത് ഈ ബ്രാഹ്മണപുരുഷമേധാവിത്വമായിരുന്നു. സവർണരും അവർണരുമായ സ്ത്രീകളുടെയും കീഴാളരുടെയും ജീവിതരീതിയും വസ്ത്രധാരണവും ശരീരചലനങ്ങളും സവർണപുരുഷ മേധാവിത്വത്തെ നിലനിർത്തുന്ന രീതിയിലാണ് ചിട്ടപ്പെടുത്തിയിരുന്നത്. തൊട്ടുകൂടായ്മയും തീണ്ടലും ബ്രാഹ്മണസമൂഹം ഉൾപ്പെടെയുള്ള സവർണസമൂഹത്തെ താഴെതട്ടിലുള്ള സമൂഹത്തിന് അപ്രാപ്യമായ അധികാരസ്ഥാനമായി നിലനിർത്തി. സവർണപുരുഷാധിപത്യത്തിന് കീഴിൽ വിധേയത്വം പൂണ്ട ശരീരങ്ങളായാണ് സ്ത്രീകളെ ബ്രാഹ്മണസമൂഹം നോക്കിക്കണ്ടത്. സ്വന്തം ശരീരത്തിന് മേലുള്ള അധികാരം സ്ത്രീക്ക് ഉണ്ടായിരുന്നില്ല. ജാതിപരവും ലിംഗപരവുമായ നിയമാവലികളെ പിൻതുടർന്നാണ് സ്ത്രീസമൂഹം ജീവിച്ചത്. സ്ത്രീ ശരീരത്തെ പുരുഷസമൂഹത്തിന് കീഴടങ്ങി നിൽക്കുന്ന വസ്തുവായാണ് അധികാരസ്ഥാനങ്ങൾ വിലയിരുത്തിയത്. അതുകൊണ്ടുതന്നെ 'മാറുമറയ്ക്കുക' എന്നത് സവർണ പുരുഷാധിപത്യസമൂഹത്തോടുള്ള നിന്ദാസൂചകമായ പ്രവൃത്തിയായി വ്യാഖ്യാനിക്കപ്പെട്ടു.

"അരയിൽ ഒരു മുണ്ടുമാത്രം ചുറ്റി മാറു മറക്കാതെ നടക്കുന്ന കൂട്ടരായിരുന്നു കേരളത്തിലെ സ്ത്രീകൾ. അഥവാ യാദൃച്ഛികമായി ഒരു സ്ത്രീ മാറുമറച്ചു നടക്കാൻ മുതിർന്നാൽത്തന്നെയും അഹങ്കരിച്ച് വേഷംകെട്ടി നടക്കുന്നുവെന്നു പറയാതിരിക്കാൻ വേണ്ടി മാന്യരുടെ സന്നിധിയിൽ മേൽമുണ്ടെടുത്തു മാറ്റിക്കളയുന്നതായിരുന്നു പതിവ്" [16]

ഇത്തരത്തിൽ സ്ത്രീയുടെ ശരീരത്തിനും ലൈംഗികതയ്ക്കും മേൽ ആധിപത്യം നേടിക്കൊണ്ടാണ് സവർണപുരുഷാധിപത്യം കേരളീയസമൂഹത്തിൽ പുലർന്നത്. ഭൂവുടമസ്ഥതയും ദായക്രമങ്ങളും ഈ സവർണപുരുഷാധിപത്യത്തെ ശക്തിപ്പെടുത്തി. ഈ ആധിപത്യവ്യവസ്ഥിതിക്ക് കീഴിലാണ് ജന്മിത്വം നിലനിന്നത്. മക്കത്തായത്തിലൂടെയും മരുമക്കത്തായത്തിലൂടെയും ഭൂമിയുടെ നിയന്ത്രണവും നടത്തിപ്പും പുരുഷന്റെ കൈകളിൽ വന്നുചേർന്നു. സവർണപുരുഷസമൂഹം നാടിനും വീടിനും അധികാരികളായിമാറി. ജന്മിത്തവ്യവസ്ഥിതിയുടെ അടിസ്ഥാനം ലിംഗപരവും ജാതിപരവുമായ ഉച്ചനീചത്വങ്ങളായതുകൊണ്ട് സമൂഹത്തിന്റെ ഓരോ തട്ടിലും സ്ത്രീ അരികുവത്ക്കരിക്കപ്പെട്ടു. സവർണ സ്ത്രീകളും അവർണരായ സ്ത്രീകളും പുരുഷകേന്ദ്രീകൃത അധികാരവ്യവസ്ഥയ്ക്ക് കീഴിലായിരുന്നു.

ജന്മിത്തവ്യവസ്ഥിതി ഭൂമിക്ക് മേലുള്ള അധികാരത്തെ പാരമ്പര്യമായി നിലനിർത്തുന്നതിനായി നമ്പൂതിരിസ്ത്രീകളുടെ ജീവിതത്തിന് മേൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. പാതിവ്രത്യം നമ്പൂതിരിസ്ത്രീകൾക്കിടയിൽ കർശനമായി പാലിക്കപ്പെട്ടു. നമ്പൂതിരി സ്ത്രീകൾക്ക് സ്വന്തം ഇഷ്ടപ്രകാരം വിവാഹം ചെയ്യാനുള്ള അധികാരം ഉണ്ടായിരുന്നില്ല. നമ്പൂതിരി കുടുംബത്തിൽ മുതിർന്ന നമ്പൂതിരിക്ക് മാത്രമേ സ്വസമുദായത്തിൽനിന്ന് വിവാഹം ചെയ്യാനുള്ള അധികാരം നല്കിയിരുന്നുള്ളൂ. അതുകൊണ്ടുതന്നെ പ്രായാധിക്യം ജ്യേഷ്ഠനമ്പൂതിരിക്ക് വിവാഹത്തിന് ഒരു തടസ്സമായിരുന്നില്ല. ഫലത്തിൽ ജ്യേഷ്ഠനമ്പൂതിരിക്ക് ഒന്നിൽ കൂടുതൽ ഭാര്യമാരുണ്ടാകുന്ന അവസ്ഥ സംജാതമായി. പല നമ്പൂതിരിസ്ത്രീകൾക്കും ചെറുപ്പത്തിലെ വൈധവ്യം സ്വീകരിക്കേണ്ടിവന്നു. വൈധവ്യം ജീവിതാസക്തികളിൽനിന്ന് നമ്പൂതിരിസ്ത്രീയെ അകറ്റികൊണ്ട് ജീവിച്ചിരിക്കുന്ന 'ശരീരം' മാത്രമായി നിലനിർത്തി. പുനർവിവാഹത്തിനുള്ള സാധ്യതകളെ തടഞ്ഞുകൊണ്ട്

സ്വത്തവകാശത്തെ പിതൃകേന്ദ്രീകൃതമായി നിലനിർത്തി. ഇത്തരത്തിൽ ജീവിതം ദുസ്സഹമായ നമ്പൂതിരി സ്ത്രീകളുടെ ജീവിതാനുഭവങ്ങൾ വി.ടി. ഭട്ടതിരിപ്പാട്, എം.ആർ.ബി, പ്രേംജി എന്നിവരുടെ കൃതികളിൽ പ്രകടമായി കാണാവുന്നതാണ്. എം.ആർ.ബി.യുടെ മറക്കുടയ്ക്കുള്ളിലെ മഹാനരകം എന്ന കൃതിയിലെ 'ഇട്ടിപ്പാപ്തി' ആത്മഹത്യയിൽ അഭയം തേടുന്നത് നമ്പൂതിരിസ്ത്രീകൾ അനുഭവിക്കേണ്ടിയിരുന്ന ജീവിതസാഹചര്യം കൊണ്ടാണ്.

" ഈ ചരട് കഴ്ത്തിൽ കെട്ട്യേപ്പിന്നെ എനിയ്ക്ക് നരകേണ്ടായിട്ട്ള്ളു. എന്നേങ്കിലും ഞാൻ വേണ്ടോണം ഒന്നുട്ത്ത്ട്ട് ണ്ടോ, ഉണ്ട്ട്ട് ണ്ടോ, ഒറങ്ങീട്ട് ണ്ടോ? ഇപ്പ ദാ പട്ട്യേപ്പോലെ വടക്കോർത്തെരേത്ത് തണ്ത്ത് വെറച്ച് ങ്ങനെ കെടക്കേണ്ടീം വന്നു."[17]

ഭക്ഷണം, വസ്ത്രം, പാർപ്പിടം, സാമൂഹികം എന്നിങ്ങനെ വ്യത്യസ്തതലങ്ങളിൽ ഒരു വ്യക്തിക്ക് ലഭിക്കേണ്ട അവകാശത്തെ, സ്വാതന്ത്ര്യത്തെ പാടെ നിഷേധിച്ചുകൊണ്ട് ബ്രാഹ്മണപുരുഷാധിപത്യം സമൂഹത്തിൽ ആധിപത്യം നിലനിർത്തിയത്. ഈ പാർശ്വവത്കരണത്തിന് തെളിവാണ് 'ഇട്ടിപ്പാപ്തി' എന്ന കഥാപാത്രം. വാക്കും നോക്കും, ശരീരചലനങ്ങളും വിധേയപ്പെടുത്തികൊണ്ടാണ് സ്ത്രീസമൂഹം നൂറ്റാണ്ടുകൾ പിന്നിട്ടത്. അതിന്റെ തെളിവുകളാണ് മണ്ണാപ്പേടിയും പുലപ്പേടിയുമൊക്കെ.

കാര്യനിർവ്വഹണത്തിൽ മന്ത്രിയായും ദാസിയായും കിടപ്പുമുറിയിൽ വേശ്യയായും പ്രത്യക്ഷപ്പെടേണ്ട പുരുഷസൃഷ്ടിയായ ആദർശസ്ത്രീസങ്കല്പമാണ് യഥാർത്ഥ ജീവിതത്തിലെ സ്ത്രീക്ക് മാതൃകയാക്കേണ്ടി വന്നത്. സ്വത്വത്തെ മറച്ച് കൊണ്ട് പുരുഷന്റെ സുഖലോലുപമായ ജീവിതത്തെ തൃപ്തിപ്പെടുത്തിക്കൊണ്ട് സ്ത്രീസമൂഹം കുടുംബധർമ്മങ്ങളെ വിധേയത്വത്തോടെ നിറവേറ്റി സമൂഹത്തെ മുന്നോട്ട് നടത്തി. രണ്ട് ദായക്രമങ്ങളാണ് ഈ കാലഘട്ടത്തിൽ പ്രധാനമായും ഉണ്ടായിരുന്നത്. മക്കത്തായവും മരുമക്കത്തായവും. മക്കത്തായത്തിലും മരുമക്കത്തായത്തിലും സ്ത്രീക്ക് പൂർണമായ സ്വാതന്ത്ര്യം നല്കിയിരുന്നില്ല. പുരുഷന്റെ അധികാരസ്ഥാനത്തിന് കീഴിലാണ് രണ്ടും നിലനിന്നത്. സമൂഹത്തിന്റെ ആവശ്യങ്ങളെ നിറവേറ്റികൊണ്ട് സ്ത്രീ നിർണായകഘടകമായി നിലനില്ക്കുമ്പോഴും പൊതുസമൂഹത്തിലേയ്ക്കുള്ള സ്ത്രീയുടെ രംഗപ്രവേശം പുരുഷാധിപത്യസമൂഹത്തിന്റെ ചട്ടക്കൂടുകൾക്ക് വിരുദ്ധമായിരുന്നു. സൃഷ്ടിയും സ്ഥിതിയും സ്ത്രീയുടെ കർമമേഖലയായി ചിട്ടപ്പെടുത്തി

അധികാരം ലിംഗകേന്ദ്രീകൃതമായി തുടർന്നു. അറിവും സമ്പത്തും പുരുഷാധിപത്യസ മൂഹത്തെ സ്ഥിരപ്പെടുത്തി.

"സ്ത്രീ പ്രമുഖമായ ദായക്രമെന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന മരുമക്കത്തായം യഥാർത്ഥത്തിൽ സ്ത്രീക്ക് പ്രത്യേക സ്ഥാനമോ അധികാരമോ നല്കിയിരുന്നില്ല. അധികാരം കൈയ്യാളുന്നതിൽ സ്ത്രീയെ ഇടനിലക്കാരിയാക്കുകയും, ഇടനിലക്കാരി യുടെ പ്രാധാന്യം പോലും അവൾക്ക് നല്കാതെ കാരണവരെന്ന പുരുഷൻ അധികാരത്തിന്റെ ഉഗ്രമൂർത്തിയായി വളരുകയും ചെയ്യുന്നതിന് വഴിയൊരുക്കുകയാണ് ആ സമ്പ്രദായം ചെയ്തത്." [18]

സമ്പത്തിന്റെയും പെരുമയുടെയും അടിസ്ഥാനത്തിൽ സംബന്ധകാരനെ നിശ്ചയിച്ചിരുന്ന മരുമക്കത്തായ ദായക്രമത്തിൽ സ്വത്ത്വകകളെ കൈകാര്യം ചെയ്യാനുള്ള അധികാരം സ്ത്രീക്ക് പൂർണമായി നൽകിയിരുന്നില്ലെന്ന് സി.എസ്. ചന്ദ്രികയും അഭിപ്രായപ്പെടുന്നുണ്ട്.[19] ആത്യന്തികമായി ജന്മിത്ത ഉത്പാദനവ്യവസ്ഥിതി ബ്രാഹ്മണപുരുഷമേൽക്കോയ്മയ്ക്കാണ് പ്രാമുഖ്യം നൽകിയത്. ആധുനിക ഉത്പാദന വ്യവസ്ഥിതിയുടെ ഭാഗമായി ദൃഢപ്പെട്ട മക്കത്തായം പുരുഷകേന്ദ്രീകൃതമായ അണു കുടുംബത്തെ വിഭാവനം ചെയ്തുകൊണ്ടാണ് മുന്നോട്ടു പോയത്.

2.1.2 ആധുനിക കുടുംബസങ്കല്പം

സാമൂഹ്യനവോത്ഥാന പരിശ്രമങ്ങളിലൂടെ സ്ത്രീസമൂഹം പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതിയോടും മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയോടും ആധുനിക അണുകുടുംബസങ്കല്പത്തിനനുസൃതമായി കണ്ണി ചേർക്കപ്പെട്ടു. പൗരാണിക സവർണ പുരുഷാധിപത്യത്തിന്റേതായ വിധേയത്വമാർന്ന കുലീനത്വത്തെ ഉൾവഹിക്കുന്ന, പുരുഷനെ എതിർക്കാത്ത സ്ത്രീ സങ്കല്പമാണ് ആധുനിക അണുകുടുംബങ്ങളും നിലനിർത്താൻ ശ്രമിച്ചത്. സ്വന്തം സ്വത്വത്തിന്റെ ഉണർച്ചകളെയും പ്രതിരോധങ്ങളെയും മറച്ചുവെച്ച് കൊണ്ട് പൊതുസമൂഹത്തിന്റെ ലിംഗകേന്ദ്രീകൃതനയത്തോട് സമരസപ്പെട്ട് കൊണ്ട് കുടുംബത്തെ നിലനിർത്തുക എന്നത് സ്ത്രീസമൂഹത്തിന്റെ ധാർമിക ഉത്തര വാദിത്വമായി മാറി. വി.ടി.യുടെ 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' എന്ന നാടകം സ്ത്രീക്ക് പൊതുസമൂഹത്തിലേയ്ക്കുള്ള വഴി വെട്ടിയെടുക്കുന്നുണ്ടെങ്കിലും സ്ത്രീയുടെ ഇടം ഗൃഹമാണെന്ന് അടിവരയിട്ടുറപ്പിക്കാനും മറക്കുന്നില്ല.

മാധവൻ: (വധുവിനെ മുമ്പോട്ട് ആനയിച്ച് സദസ്യർക്കഭിമുഖമായി നിർത്തി അത്യുച്ചത്തിൽ ആവേശത്തോട് കൂടി) "പുരുഷന്റെ മേന്മയ്ക്കുവേണ്ടി സ്ത്രീ അബല യായിത്തന്നെ ഇരിക്കട്ടെ, എന്നാൽ അവളുടെ ആനതമയ തോളിലാണ് ഗൃഹമെന്ന മഹാസ്ഥാപനത്തിന്റെ ഭാരം; അവളുടെ മാതൃഹൃദയത്തിന്നലിവുണ്ടാകണം, സമുദായത്തിന്റെ വളർച്ചയ്ക്ക്; അവളുടെ പട്ടുടയാട തന്നെ ചീന്തേണ്ടിവരും, രാജ്യത്തിന്റെ മുറി കെട്ടാൻ..."[20]

ക്ഷമയും സഹനവും കുലീനത്വവും കലർന്ന ഈ പെൺസങ്കല്പത്തിന്റെ സൃഷ്ടിക്ക് പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതിയുടെ ഉത്ഭവത്തോളം പഴക്കമുണ്ട്. സർവംസഹയായ കുടുംബിനിയായും കരുണാമയിയായ അമ്മയുമായാണ് സ്വാമി വിവേകാനന്ദൻ ഭാരതീയസ്ത്രീകളുടെ ഭാവശുദ്ധിയെ വിശദീകരിച്ചത്.

"ഭാരതീയ വനിതാദർശം മാതൃത്വത്തിൽ മാത്രമാണ് അന്തർഭവിച്ചിരിക്കുന്നത്. പരമപരിശുദ്ധയും സ്വാർത്ഥരഹിതയും ത്യാഗസമ്പന്നയും കരുണാമയിയുമായ അമ്മയേക്കാൾ, ഏതൊരപരാധവും എപ്പോഴും ക്ഷമിക്കുവാൻ തയ്യാറുള്ള സർവം സഹയായ അമ്മയേക്കാൾ ഉൽക്കൃഷ്ടമായ ആരാദ്ധ്യ മാതൃക ഭാരതത്തിന് വേറെയില്ല. അവിടെ ആ മാതൃകാമാതാവിന്റെ പിറകിൽ, ആ ആരാദ്ധ്യദേവതയുടെ നിഴലിൽ ഭാര്യസഞ്ചരിക്കുന്നു. അവൾ അമ്മയുടെ ജീവിതരീതിയെ അക്ഷരംപ്രതി അനുകരിക്കണം. അത് അവളുടെ കടമയാണ്. സ്നേഹസ്വരൂപിണിയായ അമ്മ കുടുംബഭരണം നടത്തുന്നു. കുടുംബത്തിന്റെ സർവതോമുഖമായ ചുമതല അമ്മ സ്വയം ഏറ്റെടുക്കുന്നു." [21]

ഇത്തരത്തിൽ പിൻതുടരേണ്ട ആദർശസ്ത്രീമാതൃകയെ പാകിയെടുത്തു കൊണ്ടാണ് ആധുനിക കുടുംബസങ്കല്പം പിറന്നത്. നവോത്ഥാനനായകരിൽ പ്രധാനിയായ ശ്രീനാരായണഗുരു സ്വാമി വിവേകാനന്ദനെപ്പോലെ കേരളത്തിലെ ജാതി ചിന്തകളേയും അനാചാരങ്ങളേയും എതിർക്കുകയും തന്റെ സമുദായ പരിഷ്കരണ ശ്രമങ്ങളിലൂടെ സമൂഹത്തെ നവീകരിക്കാൻ ശ്രമിച്ചിരുന്നെങ്കിലും ലിംഗകേന്ദ്രീകൃത മായ കുടുംബവ്യവസ്ഥിതിയെ എതിർക്കാൻ ശ്രമിച്ചിരുന്നില്ല. സ്ത്രീപുരുഷ സമത്വം എന്ന ആശയം അദ്ദേഹത്തിന്റെ ആശയ പരിസരത്തിലുണ്ടായിരുന്നില്ലെന്ന് ഉദയൻ. എസ് ചൂണ്ടികാണിക്കുന്നുണ്ട്.

"ഭേദചിന്തകളില്ലാത്ത, തുല്യനീതി നിലനിൽക്കുന്ന ഒരു സമൂഹം വിഭാവനം ചെയ്യുമ്പോഴും അതിനായി പ്രവർത്തിക്കുമ്പോഴും ലിംഗസമത്വം/ലിംഗനീതി എന്നൊരു വിഷയം ശ്രീനാരായണഗുരുവിന്റെ മുമ്പിലുണ്ടായിരുന്നില്ല. ഗുരുവിന്റെ ദർശനങ്ങളും കർമ്മങ്ങളും സാമൂഹികതലത്തിൽ സ്ത്രീയുടെ പദവിയെ പരിഷ്കൃതമാക്കി. അതേ സമയം പുരുഷകേന്ദ്രീകൃത സമൂഹം സൃഷ്ടിച്ച വാർപ്പുമാതൃകകളെ അത് ഒരു വിധത്തിലും അതിലംഘിക്കുന്നുമില്ല. കുടുംബത്തിനുള്ളിലെ ആദർശസ്ത്രീ മാത്രമായിരുന്നു അദ്ദേഹത്തിന്റെ ചിന്താവിഷയം." [22]

ശ്രീനാരായണഗുരു മുന്നോട്ട് വെച്ച കുടുംബത്തിനുള്ളിലെ സ്ത്രീ സങ്കല്പം പിതൃകേന്ദ്രീകൃതവ്യവസ്ഥിതിയുടെ സ്ത്രീ സങ്കല്പത്തോട് നീതിപുലർത്തുന്നതായി രുന്നു. പിതൃകേന്ദ്രീകൃത കുടുംബത്തിന്റെ നിലനില്പിന് അനിവാര്യമായ വിധേയത്വം, ക്ഷമ, സഹനം, പാതിവ്രത്യം എന്നീ സവിശേഷതകളാണ് ഗുണവതിയായ ഒരു സ്ത്രീയിൽ നിന്ന് ഗുരു പ്രതീക്ഷിക്കുന്നത്. ഈ ഗുണങ്ങളാണ് കുടുംബത്തെ ലിംഗ കേന്ദ്രിതമായ ഒരധികാരസ്ഥാപനമായി എക്കാലത്തും നിലനിർത്തുന്നത്.. സമൂഹത്തി നകത്തെ സമത്വചിന്തകൾ കുടുംബത്തിനകത്തേയ്ക്ക് ഈ കാലയളവിൽ കടന്ന് വരുന്നില്ല എന്ന് വേണം കരുതാൻ. അതുകൊണ്ടാണ് ദൈവത്തിനെയും പുരുഷനെയും ഒരേ സ്ഥാനത്ത് കരുതുന്ന ഉത്തമ ഭാര്യയെ ഗുരു സങ്കല്പിക്കുന്നത്.

"ഗുണം കുടുംബിനിക്കില്ലാതാകിലെല്ലാമിരിക്കിലും
ഗുണമില്ല കുടുംബത്തിനില്ലാതാകും കുടുംബവും
ചാരിത്രശുദ്ധിയാകുന്ന ഗുണത്തോടൊത്തു ചേർന്നിടിൽ
ഗൃഹനായികയെക്കാളും വലുതെന്തു ലഭിച്ചിടാൻ?
ദൈവത്തിനെത്തൊഴുതാത്മനാഥനെ തൊഴുതെന്നുമേ
എഴുന്നേൽപ്പവൾ പെയ്യെന്നു ചൊല്ലീടിൽ മഴ പെയ്തീടും" [23]

നവോത്ഥാനപരിശ്രമങ്ങൾ ഉയിര് കൊടുത്ത സ്ത്രീസങ്കല്പമാണ് ആധുനിക കുടുംബസങ്കല്പത്തിന്റെ അടിസ്ഥാനമായത്. ആധുനിക സ്ത്രീ സങ്കല്പത്തിന് പിന്നിലെ പുരുഷസമൂഹത്തോടുള്ള വിധേയത്വം ആഗോളതലത്തിൽ രൂപപ്പെട്ടിട്ടുള്ള

ലിംഗകേന്ദ്രീകൃത സമൂഹത്തിന്റെ തുടർച്ച കൂടിയാണ്. ഈ വിഷയത്തിൽ സെമറ്റിക് മതങ്ങളുടെ പങ്ക് എടുത്തു പറയേണ്ടതുണ്ട്. സെമറ്റിക് മതങ്ങൾ മിഷണറി പ്രവർത്തനങ്ങളിലൂടെ വിക്ടോറിയൻ സദാചാരത്തെയും പുരുഷാധിപത്യത്തിലൂന്നിയ പൗരോഹിത്യസംസ്കാരത്തെയുമാണ് കുടുംബങ്ങളിൽ പകരാൻ ശ്രമിച്ചത്. സമൂഹത്തിലെ നേതൃസ്ഥാനം പുരുഷനു നല്കികൊണ്ട് സ്ത്രീകളെ 'കുടുംബം' എന്ന പിതൃകേന്ദ്രീകൃത വ്യവസ്ഥയെ നിലനിർത്തുന്ന രീതിയിൽ പാകപ്പെടുത്തിയെടുക്കാനാണ് മിഷണറി വിദ്യാഭ്യാസം മുൻഗണന നൽകിയത്. അതുകൊണ്ട് തന്നെ പാചകവും ശിശുക്ഷേമവും ഗൃഹപരിചരണവുമെല്ലാം മതവിദ്യാഭ്യാസത്തിന്റെ ഭാഗമായി. ആദ്ധ്യാത്മികതലത്തിലും ജീവിതത്തിലും നിലനിന്നിരുന്ന ലിംഗാധിപത്യത്തെ പിൻതുടരാനാണ് സെമറ്റിക് മതങ്ങളും ശ്രമിച്ചത്. കുടുംബത്തിനകത്തും പുറത്തും സ്ത്രീയുടെ സ്ഥാനം പുരുഷന് പിന്നിലാണെന്ന ചിന്തയെ അരക്കെട്ടുറപ്പിക്കാനാണ് മതപൗരോഹിത്യം ശ്രമിച്ചത്. പുതിയനിയമത്തിൽ പൗലോസ് കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം സമൂഹത്തിനകത്തെ സ്ത്രീ പുരുഷസ്ഥാനത്തെ നിർണയിക്കുന്നുണ്ട്.

"സ്ത്രീകളും ശിരോവസ്ത്രവുമെന്ന സുഭാഷിതത്തിൽ പുരുഷൻ ശിരോവസ്ത്രം ധരിക്കരുതെന്നും സ്ത്രീകൾക്ക് അത് കൂടിയേ തീരൂവെന്നും പറയുന്നു. പുരുഷന്റെ ശിരസ്സ് ക്രിസ്തുവും സ്ത്രീയുടെ ശിരസ്സ് ഭർത്താവും ക്രിസ്തുവിന്റെ ശിരസ്സ് ദൈവവുമാണ്. ദൈവം-ക്രിസ്തു-പുരുഷൻ-ഭർത്താവായ പുരുഷനിലൂടെ സ്ത്രീ ദൈവത്തിലേക്കെത്തുന്നു. ശിരോവസ്ത്രം ധരിക്കുന്നില്ലെങ്കിൽ മുടി മുറിച്ച് കളയാനാണ് സ്ത്രീക്ക് നിർദ്ദേശം. പുരുഷൻ ദൈവത്തിന്റെ മഹിമയാകയാൽ അവൻ തലമൂടരുത്; സ്ത്രീ പുരുഷന്റെ മഹിമയാണ്. പുരുഷൻ/ദൈവം=സ്ത്രീ/പുരുഷൻ അത്രത്തോളമെത്തുമ്പോൾ പുരുഷൻ മനുഷ്യന് പകരം നിൽക്കുകയും സ്ത്രീ മനുഷ്യകർത്തൃത്വ പരിധിക്ക് പുറത്താവുകയും ചെയ്യുന്നു." [24]

ഇസ്ലാംമതത്തിന്റെ അനുയായികളും സ്ത്രീയെ പുരുഷന്റെ കീഴിൽ നില നിർത്താനാണ് ശ്രമിച്ചത്. ഭാര്യഭർത്തൃബന്ധത്തെ കൃഷിക്കാരനും/കൃഷിഭൂമിയുമായി സങ്കല്പിക്കുന്നതിലൂടെ ഇസ്ലാംമതം സ്ത്രീയെ അടിമപ്പെടുത്തുകയും വസ്തുവത്കരിക്കുകയും ചെയ്യുന്നതായി ഗീത സൂചിപ്പിക്കുന്നുണ്ട്. [25] ലിംഗകേന്ദ്രിതമായി

നിലനിർത്തപ്പെട്ടിരുന്ന മതപൗരോഹിത്യങ്ങളുടെ നിയമാവലിക്കനുസൃതമായാണ് ആധുനിക കുടുംബസങ്കല്പവും വാർത്തെടുത്തിട്ടുള്ളത്. സ്വാഭാവികമായും കുടുംബത്തിനകത്ത് പുരുഷമേധാവിത്വം നിലനിർത്തപ്പെട്ടു. ദായക്രമത്തിനകത്തെ മാറ്റവും, അണുകുടുംബങ്ങളുടെ രൂപീകരണവും മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയ്ക്കകത്തെ പുതിയ തൊഴിലിടങ്ങളും, സ്ത്രീകളുടെ അദ്ധ്വാനത്തെ ഇരുപുറങ്ങളായി നിലനിർത്തി. ഒരുപുറം പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതിയ്ക്കകത്ത് മൂല്യരഹിതമായി, കുടുംബത്തോടുള്ള ധാർമികചുമതലയായി നിലനിന്നപ്പോൾ മറുപുറം സ്ത്രീകളുടെ അദ്ധ്വാനത്തെയും ശരീരത്തെയും വാണിജ്യവത്കരിച്ചുകൊണ്ട് സ്ത്രീസമൂഹത്തെ മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയുടെ ഭാഗമാക്കി. ഫലത്തിൽ ജന്മിത്തഉത്പാദനവ്യവസ്ഥിതിയ്ക്കകത്തും മുതലാളിത്ത ഉത്പാദനത്തിനകത്തും സ്ത്രീസമൂഹത്തിന് പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതി പടുത്തുയർത്തിയ ആദർശസ്ത്രീസങ്കല്പത്തെ ശിരസ്സാവഹിക്കേണ്ടിവന്നു. മുതലാളിത്ത ഉത്പാദന വ്യവസ്ഥിതിയ്ക്കകത്ത് സ്ത്രീസമൂഹം ദ്വന്ദ്വസ്വഭാവത്തോടെയാണ് നിലനിർത്തപ്പെട്ടത്. സ്ത്രീ ഒരേ സമയം വാണിജ്യവത്കരിക്കപ്പെടുകയും ആധുനിക കുടുംബത്തിനകത്ത് ആദർശവത്കരിക്കപ്പെടുകയും ചെയ്തു. സ്ത്രീസമൂഹം പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതിയോടും മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയോടും ഒരേസമയം കണ്ണിചേർക്കപ്പെടുന്നതുകൊണ്ടാണ് സ്ത്രീകളോടുള്ള സമീപനത്തിൽ ഈ വൈരുദ്ധ്യം സൃഷ്ടിക്കപ്പെടുന്നത്. ആത്യന്തികമായി രണ്ട് വ്യവസ്ഥിതിയ്ക്കകത്തും സ്ത്രീകൾ ഭൗതിക ശരീരങ്ങളായി വസ്തുവത്കരിക്കപ്പെടുന്നു.

2.1.3 ആധുനിക വികസനം

പാശ്ചാത്യവികസന സങ്കല്പങ്ങളെ മാനദണ്ഡമായി നിലനിർത്തിയാണ് ആധുനികവികസനം കടന്നുവന്നത്. അതുകൊണ്ടുതന്നെ തോട്ടവത്കരണവും ജല വൈദ്യുതപദ്ധതികളും വ്യവസായവത്കരണവും നഗരവത്കരണവും ആധുനിക വികസനത്തിന്റെ മുഖമുദ്രകളായി മാറി. മുഖ്യധാരാസമൂഹത്തിന്റെ ഉയർച്ചയ്ക്കാണ് പാശ്ചാത്യവികസനം മുൻതൂക്കം നല്കിയത്. സ്ത്രീകളുൾപ്പെടെയുള്ള അധഃസ്ഥിത വിഭാഗങ്ങളും പ്രകൃതിയും ആധുനികവികസനത്തിന്റെ ഗുണം അനുഭവിക്കുന്ന ഉപഭോക്താക്കളായിരുന്നില്ല. സാമ്രാജ്യത്വശക്തികൾക്ക് കീഴിലുള്ള നീണ്ട അധിനിവേശ

കാലയളവ് സ്ത്രീകളുൾപ്പെടെയുള്ള അധസ്ഥിതവിഭാഗത്തിന്റെ അദ്ധ്വാനത്തെയും, പ്രകൃതിയെയും നിരന്തരമായ ചൂഷണത്തിന് വിധേയപ്പെടുത്തിയിരുന്നു. മൂന്നാം ലോകരാഷ്ട്രങ്ങളിലെ പ്രകൃതിയിലേയ്ക്കുള്ള കടന്നുകയറ്റം പരമ്പരാഗത ഉത്പാദന വ്യവസ്ഥിതിയിലേക്കുള്ള കടന്നുകയറ്റം കൂടിയായിരുന്നു. കൊള്ളയടിക്കപ്പെട്ട പ്രകൃതിയും മനുഷ്യാദ്ധ്വാനവുമാണ് കൊളോണിയൽ കാലഘട്ടത്തിന്റെ ഫലം. പതിനെട്ടാം നൂറ്റാണ്ടിൽ തന്നെ കേരളത്തിൽ തോട്ടവത്കരണവും നാണ്യവിളകളിലേയ്ക്കുള്ള മാറ്റവും തുടങ്ങിയിരുന്നു. കുരുമുളക്, ഏലം എന്നിവയിൽനിന്ന് തുടങ്ങി കാപ്പി, തേയില, സിങ്കോണ, റബർ എന്നീ നാണ്യവിളകളിലൂടെ തോട്ടവത്കരണം കാലക്രമേണ വ്യാപിച്ചു. 1798ൽ വടക്കെ മലബാറിലും 1824ൽ തിരുവിതാംകൂറിലും 1862ൽ കൊച്ചിയിലും തോട്ടങ്ങൾ നിർമിച്ചുകൊണ്ട് പുതിയ ഉത്പാദനവ്യവസ്ഥിതിക്ക് കൊളോണിയൽ കാലഘട്ടത്തിൽത്തന്നെ തുടക്കം കുറിച്ചിരുന്നു. പാരി ആന്റ് കമ്പനി വയനാട് കോഫി പ്ലാന്റേഷൻ പ്രവർത്തനമാരംഭിച്ചതോടെ തോട്ടവത്കരണം കൂടുതൽ ശക്തിപ്പെട്ടു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയോടെ നെല്ലിയാമ്പതി, കോടശ്ശേരി എന്നിവിടങ്ങൾ കാപ്പിയുടെയും തെക്കൻ തിരുവിതാംകൂർ പീരുമേട്, വണ്ടിപ്പെരിയർ, കണ്ണൻ ദേവൻ കുന്നുകൾ തേയിലയുടെയും തോട്ടങ്ങളായി മാറി.[26] അധിനിവേശാനന്തരം രൂപംകൊണ്ട പുതിയ ഉത്പാദനവ്യവസ്ഥിതിയുടെ ഭാഗമായ തോട്ടങ്ങളാണ് കേരളത്തിലെ വ്യാപകമായ വനശോഷണത്തിന് കാരണമായത്. ഈ പാരിസ്ഥിതിക നഷ്ടത്തെ ഉൾക്കൊണ്ടാണ് ആധുനികാനന്തര കാലഘട്ടത്തിൽ കവിക്ക് തന്റെ 'ചായകുടി' എന്ന ശീലം തന്നെ നിർത്തുകയാണെന്ന് പറയേണ്ടിവരുന്നത്.

"സുഹൃത്തേ,
ഈ ചായകുടി ഞാൻ നിർത്തുകയാണ്
ഇത്രനാളും സിരാവ്യൂഹത്തെ
പ്രലോഭിപ്പിച്ച ഈ ദ്രാവകം
പ്രിയ സഹ്യന്റെ
കടും ചോരയാണെന്ന്
എനിക്കിപ്പോഴാണ് മനസ്സിലായത്.
മൂന്നാർ,
കരിയിലയുടെ കനത്ത മെത്തയും

ഇടതിങ്ങിയ പച്ചിലപ്പടർപ്പുകളും
നിബിഢവനത്തിന്റെ മരതകപ്പന്തലും
ഒരു നാൾ ഇവിടെ
ജീവജാലത്തിന്റെ ഉറവിടം
താഴ്വരകൾക്ക് പയസ്വനി.

ഇന്ന്,
വന്ധീകരിക്കപ്പെട്ട മലമടക്കുകൾ
എയ്ഡ്സ് പോലെ പടർന്നുപിടിച്ച
തേയിലത്തോട്ടങ്ങൾ
വെള്ളം തളിക്കാൻ
കറങ്ങുന്ന യന്ത്രക്കുഴലുകൾ."[27]

1907-ൽ കൊച്ചിയിലെ ഫോറസ്റ്റ് കൺസർവേറ്ററായ ജെ.സി. കോലോഫിന്റെ നേതൃത്വത്തിൽ ചാലക്കുടിയിൽനിന്ന് പറമ്പിക്കുളം നിബിഡവനങ്ങളിലേക്ക് പണിത ട്രാംവേ വഴി നമ്മുടെ വനസമ്പത്ത് ഇംഗ്ലണ്ടിലെ നേവിയുടെ കപ്പലുകളും അവരുടെ റെയിൽവേ സ്ലിപ്പറുകളുമായി മാറി എന്ന ജി. മധുസൂദനന്റെ നിരീക്ഷണത്തിന് പ്രായോഗിക പ്രസക്തിയുണ്ട്.[28] 1960 വരെ ഈ ട്രാംവേ ഉപയോഗപ്പെടുത്തിയിരുന്നു. കൂടാതെ മലബാർ കുടിയേറ്റങ്ങളും കേരളഹൈക്കോടതിയുടെ സ്വകാര്യ വനനിയമ റദ്ദാക്കലും കേരളത്തിന്റെ വനമേഖലയെ വ്യാപകമായി നഷ്ടപ്പെടുത്തി എന്ന് സി.കെ. കരുണാകരൻ നിരീക്ഷിക്കുന്നുണ്ട്.[29] സ്വാതന്ത്ര്യാനന്തരം തേക്ക്, ഈട്ടി തുടങ്ങിയ മരങ്ങളുടെ തോട്ടവത്കരണത്തിനാണ് സർക്കാർ ശ്രദ്ധ പതിപ്പിച്ചത്. തോട്ടവത്കരണത്തോടൊപ്പം തോട്ടം മേഖലയിലേക്കുള്ള റോഡുകളും പാലങ്ങളും കെട്ടിടനിർമാണങ്ങളും വനമേഖലയിൽനിന്ന് വൈവിധ്യങ്ങളായ സസ്യജന്തുജാലങ്ങളെ ഇല്ലാതാക്കി. കാട്ടുതീയും തിരഞ്ഞെടുത്ത മരംമുറിക്കലും കാടിന്റെ നിത്യഹരിത വനങ്ങളെയും ശീതോഷ്ണവനങ്ങളെയും ദോഷകരമായി ബാധിച്ചു. പുനരുജ്ജീവനശേഷിയെ നഷ്ടപ്പെടുത്തി. സാമൂഹ്യവനവത്കരണത്തിന്റെ ഭാഗമായി അക്കേഷ്യപോലുള്ള മരങ്ങളുടെ കടന്നുവരവും വനമേഖലയുടെ ജലസംഭരണശേഷിയെ നഷ്ടപ്പെടുത്തി.

ആധുനിക വികസനത്തിന്റെ ഭാഗമായി കടന്നുവന്ന ജലവൈദ്യുതപദ്ധതികളും വനമേഖലയെ കേന്ദ്രീകരിച്ചാണ് മുന്നോട്ടുപോയത്. പള്ളിവാസൽ, ചെങ്കുളം, ഇടുക്കി, പണിയാർ, നേരിയമംഗലം, ഇടമലയാർ, ലോവർ പെരിയാർ, ശബരിഗിരി

തുടങ്ങി കേരളത്തിൽ 58-ൽ പരം ഡാമുകൾ ഉള്ളതായാണ് കണക്കാക്കപ്പെടുന്നതെന്ന് ജി. മധുസൂദനൻ രേഖപ്പെടുത്തുന്നുണ്ട്.[30] സ്വാതന്ത്ര്യാനന്തരം ആധുനികവികസനത്തിന്റെ ക്ഷേത്രങ്ങളായാണ് നെഹ്റു അണക്കെട്ടുകളെ വിശേഷിപ്പിച്ചത്. പിന്നീട് അദ്ദേഹം വികസനത്തിന്റെ ഭാഗമായ ബൃഹദ്പദ്ധതികളെ പുനർവിചിന്തനത്തിന് വിധേയമാക്കുന്നുണ്ടെന്ന് അരുന്ധതിറോയ് വിശദമാക്കുന്നുണ്ട്.[31] മണ്ണൊലിപ്പും ഭൂചലനങ്ങളും ജീവിവർഗങ്ങളുടെ വംശനാശവും പ്രകൃതിയിലേയ്ക്കുള്ള ഈ കടന്ന് കയറ്റത്തിന്റെ അനന്തരഫലങ്ങളാണ്. അതുകൊണ്ടാണ് ഡാമുകൾ സർവനാശത്തിന്റെ ഇരിപ്പിടങ്ങളായി മാറുന്നത്. തോട്ടവത്കരണം ജലവൈദ്യുതപദ്ധതികൾ പ്രകൃതിയെ മാത്രമല്ല ബാധിച്ചത്. വനമേഖലയെ ആവാസസ്ഥാനങ്ങളായി പരിപാലിച്ചിരുന്ന ആദിവാസി സമൂഹങ്ങളും ആധുനിക വികസനത്തിന്റെ ഇരകളായി മാറി.

2.1.4 ആദിവാസി സ്ത്രീസമൂഹവും വനമേഖലയും

ആദിവാസി വിഭാഗത്തിന്റെ അജ്ഞതയെയും ഭയത്തെയും പ്രയോജനപ്പെടുത്തിയാണ് വ്യാപകമായി വയനാടൻ മലനിരകളിൽ തോട്ടവത്കരണവും കുടിയേറ്റങ്ങളും നടന്നത്. ഇത് സ്ത്രീകളുൾപ്പെടെയുള്ള അധസ്ഥിതവിഭാഗത്തിനെ പുതിയ ഭൂവുടമകളുടെ ആശ്രിതരാക്കി മാറ്റി. ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെ മലബാറിലെ ആദിവാസി മേഖലകളിലേക്കുള്ള കുടിയേറ്റം ദ്രുതഗതിയിലായി. വയനാട്, പാലക്കാട് ജില്ലകളിൽ ഭൂരിഭാഗം വരുന്ന അടിയ, പണിയ വിഭാഗങ്ങളിലെ ആദിവാസി വിഭാഗങ്ങൾ പുറന്തളപ്പെട്ടു. ഇടുക്കി, ചിമ്മിണി, കരാപ്പുഴ, പെരിയാർ, വന്യജീവി സംരക്ഷണ കേന്ദ്രങ്ങളും പാർക്കുകളും ആദിവാസികളെ ഭൂരഹിതരാക്കിയ ആധുനിക പദ്ധതികളാണ്.[32] യഥാർത്ഥത്തിൽ സ്ത്രീകളുൾപ്പെടെയുള്ള ആദിവാസിസമൂഹത്തിന്റെ പാർശ്വവത്കരണത്തിന് കൊളോണിയൽ കാലഘട്ടത്തോളം പഴക്കമുണ്ട്. ഭൂപരിഷ്ക്കരണ നിയമം ആദിവാസിസമൂഹത്തിന് ഗുണത്തെക്കാൾ ദോഷമാണ് ഉണ്ടാക്കിയത്. ആദിവാസി സമൂഹത്തിന്റെ ഭൂമി അന്യായമായി കുടിയേറ്റക്കാർ പതിച്ചെടുത്തു. അവരെ തൊഴിലിടങ്ങളിൽനിന്ന് വേർപ്പെടുത്തി. സ്വയം പാട്ടക്കാരായി മാറി. ഇത് ആദിവാസി സമൂഹത്തെ കടുത്ത ദാരിദ്ര്യത്തിലേക്ക് നയിച്ചു. പട്ടിണിമരണങ്ങൾ സാധാരണമായി. ആദിവാസി സമൂഹത്തിലേക്കുള്ള കുടിയേറ്റം അവരുടെ മണ്ണിനെപ്പോലെ പെണ്ണിനെയും കീഴ്പ്പെടുത്തി. അതിന്റെ ഫലമാണ് അവിവാഹിതരായ അമ്മമാർ. ആധുനിക

വികസനപദ്ധതി ആദിവാസി വിഭാഗത്തിന് ഉണ്ടാക്കിയ ഈ കെടുതികളെ പാനൂർ വിശദീകരിക്കുന്നത് ഇപ്രകാരമാണ്.

"എത്രപേർ ആരുമറിയാതെ പട്ടിണികിടന്ന് മരിച്ചിരിക്കണം, എത്രപേർ ആത്മഹത്യ ചെയ്തിരിക്കണം എത്ര പെണ്ണുങ്ങൾ പിഴച്ചിരിക്കണം, എത്ര കുട്ടികൾ പോഷകാഹാരക്കുറവുമൂലം രോഗികളായി കഷ്ടപ്പെട്ടിരിക്കണം! ഇതിനെല്ലാം കാരണം നാടുനന്നാക്കാനുള്ള ഗവൺമെന്റ് പദ്ധതികളാണെന്ന് വരുന്നത് എന്തൊരു വിരോധാഭാസമാണ്!" [33]

ആവാസവ്യവസ്ഥയും ജീവിതമാർഗങ്ങളും നഷ്ടപ്പെട്ട ആദിവാസി വിഭാഗത്തിന്റെ അതിജീവനശ്രമങ്ങളാണ് ഗോത്രസഭയുടെ നേതൃത്വത്തിൽ മുത്തങ്ങ സമരത്തിലെത്തിച്ചത്. ആദിവാസികളുടെ ഭൂമി തിരിച്ചുനൽകാനായി 1975ൽ സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവിനെ മറികടന്ന് ദരിദ്രരും അവശരുമായ സ്ത്രീകളും കുഞ്ഞുങ്ങളും ഉൾപ്പെടെയുള്ള ഒരു വിഭാഗത്തിന് നേരെ നിറയൊഴിച്ചാണ് അധികാരിവർഗം മുത്തങ്ങസമരത്തെ നേരിട്ടത്. മുത്തങ്ങ സമരദൃശ്യങ്ങൾ കൊളോണിയൽ കാലഘട്ടത്തിലെ വംശീയകലാപങ്ങളെ ഓർമപ്പെടുത്തുന്നതായി പുനത്തിൽ ചൂണ്ടികാണിക്കുന്നുണ്ട്.

"ഒക്കത്ത് കുഞ്ഞിനെയേന്തിയ എല്ലിൻ കൂടുകളെ വെടിയുതിർക്കുന്ന തോക്കുമായി പോലീസ് വ്യൂഹം നേരിടുന്നതും ഒരു എത്യോപ്യൻ വംശീയകലാപത്തിലെന്നപോലെ ഉണങ്ങിയ പുൽപരപ്പിൽ ആദിവാസികൾ ചിതറിവീണ് കിടക്കുന്നതും എന്നെ പേരിട്ട് വിളിക്കാനാവാത്ത അസ്വസ്ഥതകളുടെ തടവുകാരനാക്കി." [34]

ഫലത്തിൽ ആദിവാസി സ്ത്രീസമൂഹം സുരക്ഷിതമായ ജീവിതസാഹചര്യങ്ങൾക്കും തൊഴിൽമേഖലയ്ക്കും പുറത്താണ് ഇന്നും നിലനില്ക്കുന്നത്. ആധുനിക സമൂഹത്തിന്റെ ഉത്പാദനവ്യവസ്ഥിതിയ്ക്കകത്തെ വിപണികേന്ദ്രിതമായ കടന്നുകയറ്റമാണ് സ്ത്രീയെയും പ്രകൃതിയെയും അപരമായി നിലനിർത്തുന്നതും ചൂഷണത്തിന് വിധേയമാക്കുന്നതും. ആധുനികവികസനസമീപനത്തിനകത്തെ അധീശത്വപരമായ ഇടപെടലുകൾക്കെതിരെ കൂട്ടായ മുന്നേറ്റം എഴുപതുകളിൽ സൈലന്റ് വാലി പ്രക്ഷോഭത്തിനകത്ത് പ്രകടമാണ്.

2.1.5 സൈലന്റ് വാലി ജലവൈദ്യുതപദ്ധതിയും പ്രതിരോധങ്ങളും

സൈലന്റ് വാലി പ്രക്ഷോഭം പ്രകൃതിവിരുദ്ധ വികസനസങ്കല്പങ്ങൾക്ക് എതിരെയുള്ള സമരം കൂടിയായിരുന്നു. ഭാരതപ്പുഴയുടെ പോഷകനദിയായ കുന്തിപ്പുഴയിൽ 52 കോടി യൂണിറ്റ് വൈദ്യുതിയാണ് സൈലന്റ് വാലി പ്രോജക്ടിന്റെ ലക്ഷ്യമായിരുന്നത്. പദ്ധതിയിൽ പാലക്കാട്, മലപ്പുറം ജില്ലയിലേക്ക് ജലസേചനവും ഉൾപ്പെടുത്തിയിരുന്നു. യഥാർത്ഥത്തിൽ സൈലന്റ് വാലി പദ്ധതിക്ക് കൊളോണിയൽ കാലഘട്ടത്തോളം പഴക്കമുണ്ട്. 1847 മുതൽ പദ്ധതിക്കായുള്ള ശ്രമങ്ങൾ തുടങ്ങിയിരുന്നു.[35] 1958 മുതൽ 120 mv വൈദ്യുതോത്പാദനശേഷി അവകാശപ്പെടുന്ന ഒരു പദ്ധതി കെ.എസ്.ഇ.ബി നിർദ്ദേശിക്കുന്നതിന് മുമ്പുതന്നെ ബ്രിട്ടീഷ് സർക്കാർ കുന്തിപ്പുഴയുടെ തീരത്ത് സൈരന്ധ്രിവനപ്രദേശം പദ്ധതിയ്ക്കായി കണ്ടെത്തിയിരുന്നു. വിവിധഘട്ടങ്ങളിലൂടെയാണ് പദ്ധതിക്കായുള്ള ശ്രമങ്ങളും പ്രതിരോധ ശ്രമങ്ങളും നടന്നത്. 1972ലെ സ്റ്റോക്ക്ഹോമിലെ പരിസ്ഥിതി സമ്മേളനവും റേച്ചൽ കാഴ്സന്റെ 'നിശബ്ദ വസന്തവും' ആഗോളതലത്തിൽ പരിസ്ഥിതിയനുഭാവ അന്തരീക്ഷം സൃഷ്ടിച്ചിരുന്നു. അതുകൊണ്ടുതന്നെ അഞ്ച് കോടിയിൽപരം വർഷങ്ങളുടെ പഴക്കമുള്ള സൈലന്റ് വാലി നിത്യഹരിത വനമേഖലയ്ക്കായി കേരളത്തിലെ ശാസ്ത്രസാഹിത്യരംഗത്തുള്ളവർ ഒരുമിച്ച് രംഗത്തിറങ്ങി. 1977-ൽ ശാസ്ത്രഗതിയിൽ പ്രസിദ്ധീകരിച്ച എം.കെ. പ്രസാദിന്റെ 'സൈലന്റ് വാലി ഒരു ഇക്കോളജീയ സമീപനം' എന്ന ലേഖനമാണ് സൈലന്റ് വാലിപദ്ധതിയുടെ ദോഷഫലങ്ങളെ ജനശ്രദ്ധയിലെത്തിച്ചത്. ന്യൂയോർക്ക് സുവോളജിക്കൽ സൊസൈറ്റിയിൽ പ്രവർത്തിച്ചിരുന്ന സ്റ്റീവൻഗ്രിൻ, ചെന്നൈ സ്നേക്ക് പാർക്കിന്റെ സ്ഥാപകനായ റോമുലസ് എന്നിവർ ഇന്ത്യൻ സമൂഹത്തിന് ഈ ജൈവവൈവിധ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അറിവ് നൽകി. ഇന്ത്യയിൽ പരിസ്ഥിതിശാസ്ത്രജ്ഞനായ സഫർഫത്തേഹള്ളി, പക്ഷിശാസ്ത്രജ്ഞനായ സലിംഅലി എന്നിവരുടെ അവസരോചിതമായ ഇടപെടൽ പദ്ധതിക്ക് എതിരെ പ്രതിരോധത്തെ സൃഷ്ടിക്കാൻ സഹായിച്ചു.

സൈലന്റ് വാലി പദ്ധതിക്കെതിരായി കേരളത്തിൽ വിവിധസംഘടനകൾ രൂപം കൊണ്ടു. കോഴിക്കോട് കേന്ദ്രീകരിച്ച് സൈലന്റ് വാലി പ്രൊട്ടക്ഷൻ സമിതി, തിരുവനന്തപുരത്ത് സേവ് സൈലന്റ് വാലി ഇത് പിന്നീട് എൻ.വി. കൃഷ്ണവാര്യരുടെ

അദ്ധ്യക്ഷതയിൽ രൂപംകൊണ്ട പ്രകൃതിസംരക്ഷണസമിതിയിൽ ലയിച്ചു. ഒ.എൻ.വി.കുറുപ്പ്, അയ്യപ്പപ്പണിക്കർ, കടമ്മനിട്ട, സുഗതകുമാരി, കെ.വേലായുധൻ, വിഷ്ണുനാരായണൻനമ്പൂതിരി എന്നിവർ ഈ സംഘടനയിൽ അംഗങ്ങളായിരുന്നു. 'മരക്കവിതകൾ' എന്ന പേരിൽ ഒട്ടനവധി കവിതകൾ എഴുതപ്പെട്ടു. 1978 IUCN (ഐ.യു.സി.എൻ.) സോവിയറ്റ് യൂണിയനിൽവെച്ചു നടന്ന പരിസ്ഥിതി സമ്മേളനത്തിൽ സൈലന്റ് വാലി സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു. 1980-ൽ സൈലന്റ് വാലി സംരക്ഷിച്ചുകൊണ്ട് തന്നെ പദ്ധതി നടപ്പിലാക്കാനായി ശ്രമിച്ചുവെങ്കിലും ആഗോളതലത്തിൽ രൂപംകൊണ്ട പരിസ്ഥിതിയവബോധത്തിന്റെ പിൻബലത്താലും സൈലന്റ് വാലി പദ്ധതിക്കെതിരായുള്ള കലാസാഹിത്യശാസ്ത്രരംഗത്തുള്ളവരുടെ ഊർജ്ജിതപ്രവർത്തനങ്ങളാലും ഇന്ദിരാഗാന്ധി പദ്ധതി ഉപേക്ഷിക്കാൻ കേരളസർക്കാരിനോട് ആവശ്യപ്പെട്ടു. 1984 നവംബർ 15ന് സൈലന്റ് വാലി ദേശീയോദ്യാനമായി പ്രഖ്യാപിച്ചു.[36]

ആത്യന്തികമായി സൈലന്റ് വാലി പ്രൊജക്ടിന് എതിരെയുള്ള സമരം വികസനത്തിനെതിരായിരുന്നില്ല. പ്രകൃതി വിരുദ്ധമായ വികസന നയങ്ങൾക്ക് പിന്നിലെ ലാഭേച്ഛയെയാണ് കേരളം എതിർത്തത്. പ്രത്യക്ഷത്തിൽ അണക്കെട്ട് പദ്ധതിയുടെ ഗുണങ്ങളെ നിരത്തിക്കൊണ്ട് അമ്പത് കോടിയിൽപരം വർഷം പഴക്കമുള്ള ജീവസമ്പത്തിനെയാണ് പദ്ധതിയിലൂടെ ഇല്ലാതാക്കാൻ ശ്രമിച്ചത്. സൂക്ഷ്മാർത്ഥത്തിൽ പദ്ധതി പ്രകൃതിയുടെ ഉത്പാദനശേഷിയെ നിഷ്ക്രിയമാക്കിക്കൊണ്ട് സാങ്കേതിക വിദ്യയുടെ ഫലങ്ങളെ ഭാവിയുടെ ഗുണാനുഭവങ്ങളായി നിലനിർത്താനാണ് ശ്രമിച്ചത്. പ്രകൃതിക്ക് മേലെയുള്ള ഈ ശാസ്ത്രീയമേധാവിത്വം സ്ത്രീയെയും പ്രകൃതിയെയും അപരവത്കരിച്ചുള്ള സാമൂഹ്യനിർമിതിയുടെ ഫലമാണ്. പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കൾ വിപണിയെ മുൻനിർത്തിയാണ് പദ്ധതിയെ മുന്നോട്ടു വെച്ചത്.

"വെട്ടിവെളുപ്പിച്ചവിടെ പുതിയൊരു
പദ്ധതിയുണ്ടായ് തീരുമ്പോൾ
നമുക്ക് നഷ്ടം നാടിനു നഷ്ടം
കള്ളന്മാർക്കും കരാറുകാരനു
മല്ലാതാർക്കാണൊരു ലാഭം" [37]

കേരളം, തമിഴ്നാട്, കർണാടകം, ഗോവ, മഹാരാഷ്ട, ഗുജറാത്ത് തുടങ്ങിയ ആറ് സംസ്ഥാനങ്ങളിലായാണ് പശ്ചിമഘട്ടമലനിരകൾ നിലനില്ക്കുന്നത്. സ്വകാര്യ തോട്ടവത്കരണവും ജലവൈദ്യുതപദ്ധതികളും ഖനനപ്രവർത്തനങ്ങളും പശ്ചിമ ഘട്ടമലനിരകളെ കേന്ദ്രമാക്കിയാണ് വികസിച്ചത്. കേരളത്തിലെ മാവൂൺ റയോൺസും, വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ്സും, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റും, പ്ലാന്റേഷൻ കോർപ്പറേഷനും, റിഹാബിലിറ്റേഷനും പ്ലാന്റേഷനും പശ്ചിമഘട്ടത്തിലെ മരനിരകളെ ലക്ഷ്യമാക്കി പ്രവർത്തിച്ചവയാണ് എന്ന് മോഹൻകുമാർ നിരീക്ഷിക്കുന്നുണ്ട്.[38] അതു കൊണ്ടാണ് 2012-ൽ പ്രസിദ്ധപ്പെടുത്തിയ മാധവ്ഗാഡ്ഗിലിന്റെ പശ്ചിമഘട്ട മലനിരക ളുടെ പാരിസ്ഥിതിക പ്രാധാന്യത്തെക്കുറിച്ചുള്ള റിപ്പോർട്ട് പ്രകൃതിവിരുദ്ധമായ ആധു നികവികസന സങ്കല്പങ്ങൾക്ക് ബദൽ സമീപനമായി മാറിയത്. കേരളത്തിലെ പശ്ചിമ ഘട്ടഭൂഭാഗത്തെ പ്രധാനമായി മൂന്ന് പരിസ്ഥിതി പ്രധാനമേഖലകളായി തിരിച്ചാണ് റിപ്പോർട്ടിൽ വിശദീകരിക്കുന്നത്. കെട്ടിടനിർമ്മാണം, കൃഷി, ജലസംരക്ഷണം, ഭൂമിയുടെ സ്വകാര്യവത്കരണം, വൈദ്യുതോത്പാദനം എന്നീ വികസന പദ്ധതികളിൽ അനുവർത്തി ക്കേണ്ട പരിസ്ഥിതി സഹവർത്തിത സമീപനത്തിലൂന്നിക്കൊണ്ടാണ് ഗാഡ്ഗിൽ റിപ്പോർട്ട് നിലനിന്നത്. ആധുനിക വികസനത്തിന്റെ ഭാഗമായി പ്രകൃതിയെ മൂലധനമായി സ്വീക രിക്കുന്ന വിഭാഗത്തെ 'സർവം വിഴുങ്ങികൾ' എന്നാണ് ഗാഡ്ഗിൽ വിശേഷിപ്പിക്കുന്ന ത്.[39] സൈലന്റ് വാലി പദ്ധതി ഉപേക്ഷിക്കപ്പെട്ടെങ്കിലും പശ്ചിമഘട്ടമലനിരകൾ ഇന്നും ആധുനികവികസനത്തിന്റെ മൂലധന ഉപാധിയായാണ് നിലനില്ക്കുന്നത്. ഈ പരിതസ്ഥിതിയെ ആധുനികാനന്തര കവിത സൂചിപ്പിച്ച് പോകുന്നുണ്ട്.[40]

ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ഒരു സവിശേഷത ജനിതകമാറ്റം വരുത്തിയ വിത്തുകളെ പശ്ചിമഘട്ടമലനിരകളിൽ നിരസിക്കുന്നു എന്നുള്ളതാണെന്ന് കെ.പി. നിതീഷ്കുമാർ നിരീക്ഷിക്കുന്നുണ്ട്.[41] ആധുനിക കേരളത്തിൽ അമിതവിളവ് എന്ന ഉത്പാദനലക്ഷ്യത്തെ മുൻനിർത്തിയുള്ള ഹരിത വിപ്ലവത്തിലൂടെയാണ് ജനിതകമാറ്റം വരുത്തിയ വിത്തുകൾ പ്രചരിക്കപ്പെട്ടത്. അധികാരത്തോട് ചേർന്നാണ് വിത്ത് എക്കാ ലത്തും നിലനിന്നിട്ടുള്ളത്.

2.1.6 വിത്തും വികസനവും

ഹരിതവിപ്ലവം അത്യുത്പാദനശേഷിയുള്ള ജനിതകമാറ്റത്തിന് വിധേയപ്പെടുത്തിയ

വിത്തുകളിലൂടെ ഏകവിള സംസ്കാരത്തെയാണ് ഉദ്ഘാടനം ചെയ്തത്. നിലവിലുണ്ടായിരുന്ന ജൈവവൈവിധ്യങ്ങൾക്കുമേൽ ഇത് ആധിപത്യസ്വഭാവത്തെ നില നിർത്തി. പ്രകൃതിയുടെ നൈസർഗ്ഗികമായ ഉത്പാദനശേഷിയെയും ക്രിയാത്മകതയേയും സാമ്രാജ്യത്വഉത്പന്നമായ വിത്തുകൾ നിരാകരിക്കുന്നതായി സി.എസ്. സൗമ്യ രേഖപ്പെടുത്തുന്നുണ്ട്.[42] അമിത രാസവളങ്ങളും കീടനാശിനിയുമാണ് ഹരിതവിപ്ലവം ആവശ്യപ്പെട്ടത്. മുലപ്പാലിനകത്തെ ഡി.ഡി.റ്റി.യുടെ സാന്നിധ്യം ഈ അമിതരാസവളപ്രയോഗത്തിന്റെ ആന്തരിക ഫലമാണ്. അതുകൊണ്ടാണ് കടമ്മനിട്ടയ്ക്ക് ഇങ്ങനെ പാടേണ്ടിവന്നത്.

"കുഞ്ഞേ മുലപ്പാൽ കുടിക്കരുത്
ധാത്രിതൻ മടിയിൽ കിടക്കരുത്
മാറിൽ തിമിർക്കരുത്"[43]

അമിതമായ രാസവളപ്രയോഗം നമ്മുടെ കുട്ടനാട്ടിലെ മണ്ണിനെയും വെള്ളത്തെയും മലിനപ്പെടുത്തി. IR8, IR 20, H4 തുടങ്ങിയ പുതിയ വിത്തിനങ്ങളുടെ കടന്നുവരവാണ് വയനാട്ടിലെ പാരമ്പര്യകൃഷിയെ ഇല്ലാതാക്കിയത്.[44] ഫലത്തിൽ ഹരിതവിപ്ലവം പ്രകൃതിയെ സ്വകാര്യവത്കരിച്ചുകൊണ്ട് സ്ത്രീയെ കൂടുതൽ കൂടുതൽ വിപണിയുടെ ആശ്രിതയാക്കി. ഓർഗാനോക്ലോറിൻ പോലുള്ള രാസവളങ്ങളുടെ പ്രയോഗത്തോടൊപ്പം യന്ത്രവത്കൃത കൃഷിരീതികളും സ്ത്രീകളുൾപ്പെടെയുള്ള കർഷകസമൂഹത്തെ വിപണിക്ക് കീഴ്പ്പെടുത്തി. ബഹുവിള കൃഷി സമ്പ്രദായങ്ങളിൽനിന്ന് ഏകവിളകളിലേക്കുള്ള മാറ്റം യഥാർത്ഥത്തിൽ ഏകീകൃത അധികാരശക്തിയെ നിലനിർത്തി.[45] ഇരുപതാംനൂറ്റാണ്ടിന്റെ രണ്ടാംപാദത്തിലാണ് ഇന്ത്യൻ അഗ്രികൾച്ചർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ തലവനായ എം.എസ്. സ്വാമിനാഥന്റേയും കൃഷിമന്ത്രിയായ സി.സുബ്രഹ്മണ്യത്തിന്റേയും നേതൃത്വത്തിൽ ഹരിതവിപ്ലവത്തിന് തുടക്കം കുറിച്ചത്. ശാസ്ത്രാധിഷ്ഠിതമായ ഈ കൃഷിക്ക് പിന്നിലെ അമേരിക്കയുടെ വിത്തുകളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വ്യാപാരനയം ചർച്ചാവിഷയമായിരുന്നു. അത്യുത്പാദനശേഷി അവകാശപ്പെടുന്ന വിത്തുകൾ സാമ്രാജ്യത്വവിത്തുകൾ എന്നാണ് അറിയപ്പെട്ടതെന്ന് ജോൺ ബെല്ലമി ഫോസ്റ്റർ വ്യക്തമാക്കുന്നുണ്ട്.[46] പ്രകൃതിയുടെ ഉത്പാദനവ്യവസ്ഥിതിയ്ക്ക് മേലെയുള്ള ശാസ്ത്രാധിഷ്ഠിതവും സാമ്രാജ്യത്വപരവുമായ ഈ ആധിപത്യത്തെ സാധ്യമാക്കിയത് പ്രകൃതിയെ, സ്ത്രീയെ വിധേ

യപ്പെടുത്തിയിട്ടുള്ള ലിംഗകേന്ദ്രിത അധികാരമാണ്. സാംസ്കാരികമായി മനുഷ്യവത്കരിക്കപ്പെട്ട പ്രകൃതിയ്ക്കകത്താണ് വിത്ത് ജനിതകമാറ്റത്തിന് വിധേയപ്പെട്ട് മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയുടെ ഭാഗമാവുന്നത്. മനുഷ്യവത്കരിക്കപ്പെട്ട പ്രകൃതിയെന്നാൽ ജൈവികമായ സവിശേഷതകളാൽ മനുഷ്യൻ നിർമിച്ചെടുത്ത സംസ്കാരമെന്നർത്ഥം. വിത്തിന് പേറ്റന്റ് നിശ്ചയിക്കുന്നതിലൂടെ മുതലാളിത്ത അധികാരശക്തിയുടെ ഏകീകൃതവും ലിംഗ കേന്ദ്രീകൃതവുമായ ആധിപത്യനയമാണ് ജനിതകമാറ്റത്തിന് വിധേയമായ വിത്തിന്റെ വിതരണത്തിലൂടെ സാധ്യമാകുന്നത്. സാമ്രാജ്യത്വവിത്തുകൾ തുടച്ച് നീക്കുന്ന പ്രാദേശികവിത്തുകളുടെ സംഭരണത്തിലൂടെ വന്ദനശിവ മൂന്നാംലോക രാഷ്ട്രങ്ങൾക്ക് മേലെയുള്ള നവകൊളോണിയൽ അധിനിവേശത്തെയാണ് ചെറുക്കാൻ ശ്രമിക്കുന്നത്.

"വിത്തിൽ പരിസ്ഥിതി പ്രശ്നങ്ങളോടൊപ്പം സാമൂഹികനീതിയും ഉൾച്ചേർന്നിരിക്കുന്നു. സ്വതന്ത്രവ്യാപാരത്തിലൂടെ പുനർകോളനിവത്കരണത്തിന്റെ കാലഘട്ടത്തിൽ വിത്ത് ഗാന്ധിജിയുടെ ചർക്കയുടെ സ്ഥാനമാണ് ഏറ്റെടുത്തിരിക്കുന്നത്. കുത്തകാവകാശങ്ങൾക്കും ഏകവിളസംസ്കാരത്തിനും നേരെയുള്ള പ്രതിരോധത്തിന്റെ സംവിധാനമായി പ്രാദേശിക വിത്തിനെകാണാം" [47]

വിത്ത് സാമൂഹ്യനീതിയുടെ പ്രതിനിധാനമായി ഇവിടെ മാറുന്നത് പ്രകൃതിയുടെ സൃഷ്ടിപരതയെ അംഗീകരിച്ചുകൊണ്ടാണ്. ജീവവംശത്തിന്റെ ജനിതകഘടനയിലേക്ക് വിപണിയുടെ നോട്ടങ്ങൾ പതിയുന്ന ഈ കാലഘട്ടത്തിൽ ഈ പുനർവിചിന്തനത്തിന് സാധ്യതകളേറെയാണ്. ദക്ഷിണാർദ്ധഗോളത്തിലെ ജൈവവൈവിധ്യങ്ങളാണ് അന്താരാഷ്ട്രവിത്ത് കമ്പനികളുടെ മൂലധനസ്രോതസ്സായി വർത്തിക്കുന്നത്. ഹരിത വിപ്ലവം ഈ ആഗോളജൈവകച്ചവടത്തിന്റെ മുന്നോടിയായിരുന്നു. അതുകൊണ്ടുതന്നെ കാലാന്തരത്തിൽ നമ്മുടെ ആര്യവേപ്പ്, മഞ്ഞൾ, കീഴാർനെല്ലി എന്നിവയുടെ ഔഷധഗുണങ്ങൾ ബൗദ്ധികസ്വത്തവകാശത്തിന് കീഴ്പ്പെടുത്തികൊണ്ട് പുതിയ കോർപ്പറേറ്റ് നിർമിതികളായി വിപണിയിലെത്തി. യു.എസ്, ജർമ്മനി, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിലാണ് ഇവയുടെ പേറ്റന്റ് നിലനില്ക്കുന്നത്.[48] പ്രകൃതിയുടെ ഈ ചരക്ക്വത്കരണം ആഗോള തലത്തിൽ പ്രകൃതിക്ക് മേൽ നിലനിർത്തുന്ന ആധിപത്യത്തെയാണ് വ്യക്തമാക്കുന്നത്. വിപണിയോട് ചേർത്തിണക്കിയാണ് പ്രകൃതിവിഭവങ്ങളുടെ

മൂല്യത്തെ നിർണയിച്ചത്. വിപണിയുടെ മൂല്യപരിധിയിൽപെടാത്തവ അതുകൊണ്ടുതന്നെ നശിപ്പിക്കപ്പെടുകയോ പാർശ്വവത്കരിക്കപ്പെടുകയോ ചെയ്തു. പ്രകൃതിയുടെ സ്വാഭാവിക ഉത്പാദനവ്യവസ്ഥിതിയുടെ ഭാഗമായ സൂക്ഷ്മജന്തുജാലങ്ങളെ നശിപ്പിച്ചുകൊണ്ടാണ് ഹരിതവിപ്ലവത്തിലൂടെ അത്യുത്പാദനശേഷിയുള്ള വിത്തുകൾ ഉദ്ഘാടനം ചെയ്തത്. പ്രകൃതിയിലെ ചയാപചയ പ്രവർത്തനങ്ങളിലെ ശൃംഖലയെ ഇത് നഷ്ടപ്പെടുത്തി. ജൈവവൈവിധ്യങ്ങളെ അപ്രത്യക്ഷമാക്കുന്ന, പുനരുത്പാദന ശേഷിയില്ലാത്ത അന്തകൻ വിത്തുകളുടെ തിരഞ്ഞെടുപ്പിനെ ആധുനികാനന്തര കവി മരണത്തിലേയ്ക്കുള്ള വഴിയായിട്ടാണ് നോക്കിക്കാണുന്നത്.

"കൈവിട്ട വിത്തിനായ്
കേഴുന്ന കർഷകൻ
സ്വന്തമാം ജീവിത
പ്പാടങ്ങളൊക്കെയും
വന്ധ്യത വാരി-
വിതയ്ക്കുന്നു പിന്നെയും.
കുത്തകക്കമ്പനി
പ്പടികളിൽപ്പേടിച്ച്
വിത്തിനായ് യാചിച്ചു-
നിൽക്കയാണിന്നവൻ
ക്യൂവിന്റെ നീളം
പെരുകുന്ന കണ്ടുവോ
മരണത്തിലേക്കുള്ള
വേഗത പോലവേ...!"[49]

ഹരിതവിപ്ലവത്തെ തുടർന്ന് അമിതരാസവളപ്രയോഗവും കീടനാശിനികളും പിന്നീട് ഉത്പാദനവ്യവസ്ഥിതിയുടെ ഭാഗമായി. തേയില കൊതുകുകളെ കൊല്ലുന്നതിനായി കാസർകോടിലെ പദ്രെ എന്ന ഗ്രാമത്തിലെ കശുവണ്ടി തോട്ടങ്ങളിൽ തളിച്ച എൻഡോസൾഫാൻ (1976) നശിപ്പിച്ചത് പ്രകൃതിയ്ക്കകത്തെ സൂക്ഷ്മജീവജാലങ്ങളെ കൂടിയാണ്. കാസർകോട്ടെ തേനീച്ച വളർത്തലിനെ ഇത് ഇല്ലാതാക്കി. കാറ്റിലും

ജലത്തിലും മണ്ണിലും വ്യാപിച്ച് കീടനാശിനി മനുഷ്യനുൾപ്പെടെയുള്ള ജീവ സമൂഹത്തിന്റെ ജനിതകഘടനയിൽ മാറ്റം വരുത്തി. ജനിതക മാറ്റം വന്ന ജന്തുക്കളും, മനുഷ്യരും കാസർകോട് പിറന്നുവീണു. ഒരു മനുഷ്യായുസ്സു മുഴുവൻ ഭാരമേറിയ തലയുമായും നാവുനീണ്ടും നടക്കാൻ കഴിയാതെയും കീടനാശിനിപ്രയോഗത്തിന്റെ ഇരയായവർ കഴിച്ചുകൂട്ടുന്നു. കരൾ, തൈറോയിഡ് രോഗങ്ങൾ, സ്ത്രീകളിലെ ആർത്തവ പ്രശ്നങ്ങൾ, സിരാക്ഷോഭം, വിറയൽ, മോട്ടോർ രോഗങ്ങൾ, ബുദ്ധിമാന്ദ്യം, ഓർമക്കുറവ്, പഠനവൈകല്യം, അപസ്മാരം, ശ്വാസതടസ്സം, ചർമരോഗങ്ങൾ എന്നിവയും ഈ കീടനാശിനി പ്രയോഗത്തിന്റെ ഫലങ്ങളാണ്.[50] ശ്രീപദ്ര എന്ന പത്ര പ്രവർത്തകനാണ് കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങളെ മാധ്യമശ്രദ്ധയിൽപ്പെടുത്തിയത്. ഫലത്തിൽ ജനങ്ങളുടെ പ്രതിരോധവും ശാസ്ത്രസാഹിത്യപരിഷത്ത്, പരിസ്ഥിതി സംഘടനയായ തണൽ, കേരളകാർഷിക സർവകലാശാല എന്നിവയുടെ വിഷയത്തെക്കുറിച്ചുള്ള ഗൗരവപൂർണമായ പഠനങ്ങളും 2005ൽ കീടനാശിനി പ്രയോഗം കേരളത്തിൽ തടയുന്നതിലേയ്ക്ക് നയിച്ചു. എൻഡോസൾഫാൻ വിരുദ്ധ സമരത്തിൽ എടുത്ത് പറയേണ്ട പേരാണ് കൃഷിവകുപ്പിലെ ഉദ്യോഗസ്ഥയായ ലീലാകുമാരിയമ്മ യുടേത്. അവരുടെ നിശ്ചയദാർഢ്യമാണ് പരിസ്ഥിതി സംഘടനകളുടെ പിൻബലത്താൽ ലക്ഷ്യം കണ്ടത്. സഹജീവികളോടുള്ള കരുതലാണ് സ്ത്രീകളെ ഇത്തരത്തിൽ പരിസ്ഥിതിവിരുദ്ധനടപടികൾക്കെതിരെ സമരമുഖത്ത് എത്തിക്കുന്നത്. എന്നാൽ എൻഡോസൾഫാന്റെ ഉത്പാദനം കേന്ദ്രഭരണത്തിന് കീഴിൽ പൊതുമേഖലാ സ്ഥാപനത്തിൽ ഇപ്പോഴും തുടരുന്നു. ഫലത്തിൽ അധികാരത്തിന്റെ സ്വേച്ഛാപരമായ ലാഭതാൽപര്യങ്ങളാണ് പ്രകൃതിവിരുദ്ധമായ കീടനാശിനികളെ നിലനിർത്തുന്നത് എന്ന് വ്യക്തം. ആത്യന്തികമായി സ്ത്രീയുടെയും പ്രകൃതിയുടെയും ജൈവികമായ ഉത്പാദനവ്യവസ്ഥിതിയെയാണ് വിപണിയിലെ വീര്യം കൂടിയ കീടനാശിനികൾ ദോഷകരമായി ബാധിക്കുന്നത്. സ്ത്രീയും പ്രകൃതിയും നേരിടുന്ന ഈ ചൂഷണത്തെ എൻമകജെ എന്ന നോവലിനെ മുൻനിർത്തി സമീറ നീം വിശദീകരിക്കുന്നത് ഇപ്രകാരമാണ്

"സ്ത്രീ പ്രകൃതിയാണ്! പ്രകൃതി സ്ത്രീയാണ് എന്നൊക്കെ പറയുന്ന ഒരു സമൂഹം അതിന്റെ പ്രാവർത്തികമേഖലയിൽ വെച്ചുപുലർത്തുന്ന വൈരുദ്ധ്യതയുടെ ഫലം തന്നെയാണ് ഇന്നു കാണുന്ന നാശങ്ങൾ".[51]

പരമ്പരാഗത കാർഷിക ഉത്പാദനവ്യവസ്ഥിതിയിൽനിന്ന് നാണ്യവിളകളിലേക്കും അഗ്രിബിസിനസ്സിലേക്കുമുള്ള മാറ്റം സ്ത്രീയുടെയും പ്രകൃതിയുടെയും സുസ്ഥിരമായ നിലനില്പിനെ തകരാറിലാക്കിക്കൊണ്ടാണ് മുന്നോട്ടുപോയത്. കേരളത്തിലെ തീരദേശമത്സ്യബന്ധനരംഗത്തുണ്ടായ സാങ്കേതികമുന്നേറ്റത്തെയും ആധുനിക വികസനത്തിന്റെ പ്രകൃതിയുടെ ചരക്കുവത്കരണത്തോട് ചേർത്ത് വായിക്കുവാനാകുന്നതാണ്. അതിവിശാലമായ മത്സ്യസമ്പത്ത് അവകാശപ്പെടാവുന്ന സംസ്ഥാനമാണ് കേരളം. കൊളോണിയൽ കാലഘട്ടം ആഭ്യന്തരവിപണിക്കാണ് മുൻഗണന നല്കിയത്. 1950 കാലഘട്ടത്തിൽ മത്സ്യബന്ധനരംഗത്ത് ട്രോളറുകൾക്ക് കിട്ടിയ പ്രചാരമാണ് തീരദേശമത്സ്യബന്ധനരംഗത്ത് മാറ്റങ്ങൾ കൊണ്ട് വന്നത്. കൊല്ലം ജില്ലയിലെ "ഇന്തോ-നോർവീജിയൻ പ്രോജക്ട്' എന്ന സ്ഥാപനമാണ് ട്രോളറുകൾ വിതരണം ചെയ്തത്. ചെമ്മീനിന്റെ കയറ്റുമതിക്കാണ് പ്രാധാന്യം നൽകിയത്. കാലക്രമേണ മത്സ്യബന്ധനം കൂടുതൽ യന്ത്രവത്കൃതമായി. കൂടുതൽ വ്യാപാരികൾ ഈ രംഗത്തേക്ക് കടന്നുവന്നു. പരമ്പരാഗത മത്സ്യബന്ധനം മൂലധനകേന്ദ്രിതമായി പരിവർത്തനപ്പെട്ടപ്പോൾ മത്സ്യത്തിന്റെ അതിജീവനത്തെ ഇത് ബാധിച്ചു.[52] ബോട്ടം ട്രോൾ വല, പഴ്സിൻ എന്നിവയുടെ തുടരെതുടരെയുള്ള പ്രയോഗം കടലിലെ ആവാസവ്യവസ്ഥയെ നശിപ്പിക്കുന്നു. പരമ്പരാഗത മത്സ്യബന്ധനരംഗത്തെ മാറ്റം സ്ത്രീകളുൾപ്പെടെയുള്ള തദ്ദേശീയരുടെ ജീവിതത്തെ ദുരിതത്തിലാഴ്ത്തി. എൺപതുകളിൽ മത്സ്യത്തൊഴിലാളികൾ കടലിലെ മത്സ്യസമ്പത്തിനും അതിജീവനത്തിനുംവേണ്ടി സമരമാർഗം സ്വീകരിച്ചു. അവരുടെ ശ്രമഫലമായി 1988ൽ മൺസൂൺട്രോളിംഗ് നിരോധനം നടപ്പിലായി. അതോടൊപ്പം തന്നെ എൺപതുകളിൽ മത്സ്യബന്ധനമേഖലയിൽ പ്രവർത്തിച്ചിരുന്ന സ്ത്രീകൾക്കെതിരെയുള്ള തൊഴിൽപരമായും ഗാർഹികപരമായുമുള്ള ചൂഷണങ്ങളെ ചെറുക്കാനുള്ള ശ്രമങ്ങളും നടന്നിരുന്നു. 1986-ൽ ഏലിയാമ വിജയൻ, സിസ്റ്റർ പട്രീഷ്യ എന്നിവരുടെ നേതൃത്വത്തിൽ തീരദേശമഹിളാവേദി രൂപീകരിച്ചു.[53] നളിനി നായിക് മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ജീവിത പ്രശ്നങ്ങളുടെ നേരെ ആഗോളതലത്തിൽ ജനശ്രദ്ധ നേടിയെടുത്തു. ഫലത്തിൽ പരമ്പരാഗത ഉത്പാദനവ്യവസ്ഥിതിയെ യന്ത്രാധിഷ്ഠിതമാക്കിക്കൊണ്ടും വിത്തിനെ പരിഷ്കരിച്ചുകൊണ്ടും ജലവൈദ്യുതപദ്ധതികളെ മുന്നോട്ട്വെച്ചുകൊണ്ടും നടന്ന ആധു

നികവികസനം അക്ഷരാർത്ഥത്തിൽ മൂലധന ഉത്പാദനവ്യവസ്ഥിതിക്ക് ബദലായി ഒരു പ്രതിരോധ സംവിധാനത്തെ രൂപപ്പെടുത്തിയെടുക്കാനാണ് സ്ത്രീ സമൂഹത്തെ പ്രേരിപ്പിച്ചത്. നഗരവത്കരണം ഈ പ്രതിരോധത്തെ കൂടുതൽ ശക്തിപ്പെടുത്താൻ പര്യാപ്തമായിരുന്നു.

2.1.7 നഗരവത്ക്കരണം

നഗരവത്ക്കരണം പാശ്ചാത്യവികസന മാതൃകകളോടാണ് കടപ്പെട്ടിരിക്കുന്നത്. മൂലധനകേന്ദ്രിതമായി പ്രകൃതിക്ക് മേലെ ആധുനിക ശാസ്ത്രസാങ്കേതിക സഹായത്താൽ ഒരു നിർമിത പ്രകൃതിയെ രൂപപ്പെടുത്തിയാണ് പാശ്ചാത്യവികസനം മുന്നോട്ട് പോയിട്ടുള്ളത്. വ്യവസായവത്ക്കരണവും ഫോസിൽ ഇന്ധനങ്ങളും ജൈവികപ്രകൃതിയിൽനിന്ന് നിർമിതപ്രകൃതിയിലേക്കുള്ള ഈ രൂപമാറ്റത്തെ ത്വരിതപ്പെടുത്തി. മൂന്നാം ലോക രാഷ്ട്രങ്ങൾ സ്വീകരിച്ചത് ഈ വികസനമാതൃകയെയാണ്. ആഗോളതലത്തിൽ പ്രകൃതിക്ക് മേലെ രൂപപ്പെട്ടിട്ടുള്ള ലിംഗകേന്ദ്രിത സാമൂഹ്യനിർമിതിയോട് ഐക്യപ്പെട്ടുകൊണ്ടാണ് ഈ വികസനമാതൃക നിലനില്ക്കുന്നത്. അതുകൊണ്ട് തന്നെ പ്രകൃതി വിധേയസ്വത്വമായി കരുതപ്പെടുകയും പ്രകൃതി വിഭവങ്ങൾ വിപണിക്കനുസൃതമായി രൂപമാറ്റത്തിനും വിധേയമായി. കൂടാതെ പ്രകൃതി മനുഷ്യകേന്ദ്രിതമായ വികസനത്തിന്റെ മാലിന്യങ്ങളെ നിക്ഷേപിക്കുന്ന ഇടമായും മാറി. മൂന്നാംലോകരാഷ്ട്രങ്ങൾ സാമ്രാജ്യത്വശക്തികളുടെ മാലിന്യകൂമ്പാരങ്ങളായി മാറുന്നതിന്റെ വർത്തമാനകാലസാഹചര്യവും മറ്റൊന്നല്ല. ഭൂമിയുടെ ലഭ്യതയിലും മാലിന്യസംസ്കരണത്തിലും ഉള്ള കുറഞ്ഞ ചിലവുകളാണ് വൻകിട ശക്തികളെ മൂന്നാം ലോകരാഷ്ട്രങ്ങളെ വ്യവസായികസംരംഭങ്ങൾക്കുള്ള ഇടങ്ങളായി തിരഞ്ഞെടുക്കാനുള്ള കാരണം. അതുകൊണ്ടുതന്നെ മൂന്നാം ലോകരാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം നഗരവത്ക്കരണം ഭാവിയിലേക്ക് നീട്ടിവെക്കുന്ന യാഥാർത്ഥ്യങ്ങൾ പരിസ്ഥിതിമലിനീകരണത്തോടും അതിജീവനത്തോടും ബന്ധപ്പെട്ടതാണ്.

പരമ്പരാഗത കാർഷികവ്യവസ്ഥിതിയിൽനിന്നുള്ള മാറ്റമാണ് കേരളം പോലുള്ള കൊച്ചുനാടിനെ നഗരവത്ക്കരണത്തിന്റെ കെടുതികളിലേക്ക് എളുപ്പം എത്തിച്ചത്. 1971 -ലെ ഭൂപരിഷ്കരണനിയമം ഭൂമിയുടെ സ്വകാര്യവത്ക്കരണത്തെയും കർഷകരുടെ തോട്ടവിളകളിലേക്കുള്ള മാറ്റത്തേയും ത്വരിതപ്പെടുത്തി.[54] ഭൂവിനിമയങ്ങളിലെ

മൂല്യവർധന ഉത്പാദനവ്യവസ്ഥിതിയെ നഗരകേന്ദ്രിതമായി വളർത്തി. അതോടൊപ്പം ഭൂമിയുടെ വിപണനമൂല്യം വർദ്ധിച്ചു. ഫോസിൽ ഇന്ധനങ്ങളുടെ കടന്നുവരവ് കേരളത്തിലെ വയലോരങ്ങളെയും പച്ചപ്പിനെയും സൂപ്പർഹൈവേകളാക്കി മാറ്റി. ഹൈവേകൾക്കിരുവശം വ്യാപാരസമുച്ചയങ്ങൾ ഉയർന്നുവന്നു. വ്യവസായ സംരംഭങ്ങളിലേക്ക് ആളുകൾ കൂടുതൽ കൂടുതലായി ആകർഷിക്കപ്പെട്ടു. ഗൾഫ്മേഖലയിൽ നിന്നുള്ള സാമ്പത്തികനേട്ടവും ഗ്രാമങ്ങളെ നഗരങ്ങളായി രൂപാന്തരപ്പെടുത്തി. പ്രകൃതിക്ക് മേലെയുള്ള കടന്നുകയറ്റം ആധുനികവികസനത്തിന്റെ പേരിൽ നീതികരിക്കപ്പെട്ടു. കേരളത്തിലെ തണ്ണീർത്തടങ്ങളും നദികളും വികസനകേന്ദ്രിതമായ മനുഷ്യനിർമിതികളാൽ കൂടുതൽ കൂടുതൽ നശിപ്പിക്കപ്പെട്ടുക്കൊണ്ടിരുന്നു. ആധുനിക വികസനത്തിന്റെ ഭാഗമായ നിർമിത പ്രകൃതി തണ്ണീർത്തടങ്ങളേക്കാളും ബഹുനില കെട്ടിടങ്ങൾക്കും വ്യവസായ സംരംഭങ്ങൾക്കുമാണ് മുൻഗണന നൽകിയത്. വനമേഖലയേക്കാൾ നാണ്യവിള തോട്ടങ്ങളിലാണ് ശ്രദ്ധ പതിപ്പിച്ചത്. യഥാർത്ഥത്തിൽ വനമേഖലകളും തണ്ണീർത്തടങ്ങളും നദികളും സമുദ്രവും ജൈവവൈവിധ്യങ്ങളെ നിലനിർത്തുന്നവയും പരസ്പരം ചേർത്തിണക്കപ്പെട്ട ആവാസവ്യവസ്ഥയുമാണ്.

കേരളത്തിൽ നഗരവത്ക്കരണം പ്രകൃതിയുടെ സംതുലനാവസ്ഥയെ ചയാപചയ പ്രവർത്തനങ്ങളെ തകർത്തുകൊണ്ടാണ് നടന്നത്. ജലത്തിന്റെ തോതുയർത്തി ജൈവവൈവിധ്യങ്ങളുടെ നിലനിൽപ്പിനും അതിജീവനത്തിനും ഉതകുന്ന ആവാസവ്യവസ്ഥ പ്രദാനം ചെയ്യുന്നവയാണ് തണ്ണീർത്തടങ്ങൾ. കണ്ടൽക്കാടുകൾ, അഴിമുഖങ്ങൾ, കുളങ്ങൾ, കായലുകൾ, ചതുപ്പുനിലങ്ങൾ, തടാകങ്ങൾ എന്നിവയാണ് തണ്ണീർത്തടങ്ങളിൽ ഉൾപ്പെടുന്നത്. വ്യവസായിക മാലിന്യങ്ങളും തോട്ടങ്ങളിൽനിന്നുള്ള രാസവളങ്ങളും കിടനാശിനികളും ഇന്ന് തണ്ണീർത്തടങ്ങളിലെ ആവാസവ്യവസ്ഥയെ തകർക്കുന്നു. ബണ്ടുകൾ, ഡാമുകൾ റിസർവൊയറുകൾ എന്നിവയുടെ നിർമാണവും ഖനനപ്രവർത്തനങ്ങളും തണ്ണീർത്തടങ്ങളിലേക്കുള്ള കടന്നുകയറ്റമായി മാറുന്നുണ്ട്. വനനശീകരണവും വയൽ നികത്തലും കേരളത്തിന്റെ തണ്ണീർത്തടങ്ങളുടെ വിസ്തൃതിയെ ബാധിച്ചിട്ടുണ്ട്. സർവ്വെ ഓഫ് ഇന്ത്യയുടെ 1968 ലെ പഠനപ്രകാരം കേരളത്തിലെ കായലുകളുടെ വിസ്തീർണം 43.833 ച.കി.മീറ്റർ ആയിരുന്നു. എന്നാൽ 1983 ആയപ്പോഴേക്കും അത് 34.773 ച.കി.മീറ്ററായി കുറഞ്ഞു.[55]

അറുപതുകളിലാണ് ഐക്യരാഷ്ട്രസഭ തണ്ണീർത്തട സംരക്ഷണത്തിന് തുടക്കം കുറിച്ചത്. 1971-ൽ ഇറാനിലെ റംസാർ എന്ന നഗരം തണ്ണീർത്തട സംരക്ഷണത്തിനുള്ള ഒരു ഉടമ്പടിക്ക് വേദിയായി. ആഗോളതലത്തിൽ തണ്ണീർത്തട സംരക്ഷണത്തിനായുള്ള ഏകോപനമാണ് ഉടമ്പടി ലക്ഷ്യംവെച്ചത്. കേരളത്തിലെ വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട, കോഴിക്കോടിലെ കോടുളി തണ്ണീർത്തടം, കടലുണ്ടി തണ്ണീർത്തടം എന്നിവ റംസർ തണ്ണീർത്തടങ്ങളിൽ ഉൾപ്പെടുന്നവയാണ്.[56] കായലുകളും ലഗൂണുകളും ചതുപ്പുകളും നെൽവയലുകളും കണ്ടൽക്കാടുകളും നിറഞ്ഞ ഇന്ത്യയിലെത്തന്നെ അതിവിശാലമായ തടാകമാണ് വെമ്പനാട്. നഗരവത്ക്കരണത്തിന്റെ ദൂഷ്യവശങ്ങളെ മലിനീകരണമായും ചെമ്മീൻ ബണ്ടുകളായും, മണ്ണിട്ട് നികത്തലായും ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുന്നു. കൊച്ചിനഗര പ്രാന്തങ്ങളായ പള്ളുരുത്തി, ഇടക്കൊച്ചി, കുമ്പളങ്ങി, നെട്ടൂർ, പനങ്ങാട്, തേവര, കോന്തുരുത്തി, പച്ചാളം, വടുതല, ചിറ്റൂർ എന്നീ പ്രദേശങ്ങളാണ് കൂടുതൽ വ്യവസായകേന്ദ്രങ്ങളായും റോഡുകളായും ആവാസകേന്ദ്രങ്ങളായും മാറികൊണ്ടിരിക്കുന്നത്.[57] കൊഞ്ച്, കക്കകൾ, കുളക്കോഴി, അപൂർവ പക്ഷിവർഗമായ പെലിക്കൻ പക്ഷികൾ, കൂള എന്നിവ വെമ്പനാട് തണ്ണീർത്തടങ്ങളുടെ പ്രത്യേകതകളിൽ ഉൾപ്പെടുന്നതാണ്.

അമിതമായ ഖനനപ്രവർത്തനങ്ങൾ, ക്ലോറിൻ കലർന്ന മലിനജലം, വ്യവസായിക മാലിന്യങ്ങൾ, അറവുശാലകളിൽനിന്നും ആശുപത്രികളിൽനിന്നും ഉള്ള മാലിന്യങ്ങൾ, ജലത്തിലെ കോളിഫോം ബാക്ടീരിയയുടെ അമിതമായ സാന്നിധ്യം എന്നിവയാണ് ശാസ്താംകോട്ട തടാകം നേരിടുന്ന പ്രശ്നങ്ങൾ. തടാകത്തിലെ ബാസിലാരിയോ ഫൈസിയ വിഭാഗത്തിൽപ്പെട്ട പ്ലവങ്ങൾ ശാസ്താംകോട്ട തടാകത്തിന്റെ അനാരോഗ്യകരമായ സ്ഥിതിയെ വ്യക്തമാക്കുന്നു.[58] അനധികൃതമായ കയ്യേറ്റങ്ങളാണ് വെള്ളായണി തടാകത്തിന്റെ വിസ്തൃതി കുറച്ചത്. കൃഷിക്കായുള്ള കയ്യേറ്റങ്ങളും, രാസവളങ്ങളും കീടനാശിനികളും ഉപയോഗപ്പെടുത്തിയ കൃഷിരീതിയും വെള്ളായണി തടാകത്തെയും മലിനപ്പെടുത്തി. വനനശീകരണവും തോട്ടനിർമാണവും ടൂറിസപ്രവർത്തനങ്ങളുമാണ് പൂക്കോട് ശുദ്ധജല തടാകത്തെ ബാധിച്ചത്. വ്യവസായിക മാലിന്യങ്ങളും അത്യുത്പാദനത്തെ ലക്ഷ്യമാക്കിയ ആധുനികകൃഷിരീതിയും നദികളെയും മലിനപ്പെടുത്തിയിരുന്നു. പെരിയാർ, ചാലിയാർ, ഭാരതപ്പുഴ, ചാലക്കുടി, വളപ്പട്ടണം, പമ്പ, കല്ലട തുടങ്ങിയ നദികളെല്ലാം വ്യവസായവത്ക്കരണത്തി

ന്റെയും നഗരവത്ക്കരണത്തിന്റെയും മാലിന്യങ്ങളെ പേറിയാണ് ഒഴുകിയത്. ചെമ്പ്, സിങ്ക്, ഇരുമ്പ്, അമോണിയ, സൾഫ്യൂറിക് ആസിഡ് എന്നിവയ്ക്കുപുറമെ തോറിയം, യുറേനിയം തുടങ്ങിയ റേഡിയോ ആക്ടീവ് മാലിന്യങ്ങളുടെയും വാഹകരായി പുഴകൾ മാറി.[59] ഫാക്ട് ടി.സി.സി., ഐ.ആർ.ഇ., ഇന്ത്യൻ അലുമിനിയം, ഐ.എൽ. ബി.നി കൊച്ചിൻ റിഫൈനറീസ് തുടങ്ങിയ വ്യവസായ സംരംഭങ്ങൾ പെരിയാറിനെ വിഷമയമാക്കി. മാവൂരിലെ ഗ്വാളിയർ റയോൺസിൽനിന്നുള്ള മാലിന്യങ്ങളാണ് കോഴിക്കോടിലെ ചാലിയാർ പുഴയെ മലിനപ്പെടുത്തിയത്. 1963-ലാണ് മാവൂർ ഗ്വാളിയർ റയോൺസ് കമ്പനി പ്രവർത്തനമാരംഭിക്കുന്നത്. കമ്പനിയുടെ പ്രവർത്തനം തദ്ദേശവാസികളിൽ ക്യാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്ക് കാരണമായി.

"ജലമലിനീകരണം മൂലം ഫാക്ടറിക്കു താഴെ 22 കി.മീ. നീളത്തിൽ പുഴയിൽ വെള്ളം ഉപയോഗശൂന്യമായി. കുടിക്കാനോ കുളിക്കാനോ തുണിയലക്കാനോ ജലസേചനത്തിനോ പറ്റാതായി. നിരവധി അവസരങ്ങളിൽ വെള്ളത്തിൽ ഓക്സിജന്റെ കുറവുകൊണ്ട് മത്സ്യങ്ങൾ ചത്തുപൊങ്ങി. വെള്ളത്തിലുള്ള ഓർഗാനിക് മെർക്കുറി ക്യാൻസർ രോഗത്തിനും ഞരമ്പ് രോഗത്തിനും കാരണമായി. വാഴക്കാട് പഞ്ചായത്തിൽമാത്രം 213 പേർ ക്യാൻസർ മൂലം മരിച്ചു. അടുത്തുള്ള പഞ്ചായത്തുകളിൽ 79 പേരും." [60]

വാഴക്കാട് പഞ്ചായത്ത് പ്രസിഡന്റായ കെ.എ. റഹ്മാന്റെ നേതൃത്വത്തിൽ നടന്ന ജനകീയ പ്രക്ഷോഭങ്ങളുടെയും ശാസ്ത്രസാഹിത്യപരിഷത്തിന്റെയും ശ്രമഫലമായി 2001-ൽ ഫാക്ടറി പ്രവർത്തനം അവസാനിപ്പിക്കേണ്ടിവന്നു. സ്വതന്ത്ര കേരളത്തിലെ ആദ്യത്തെ പാരിസ്ഥിതിക പ്രതിരോധമായിട്ടാണ് ജി. മധുസൂദനൻ ചാലിയാർസമരത്തെ അടയാളപ്പെടുത്തുന്നത്. [61] പ്രകൃതിയുടെ ചയാപചയപ്രവർത്തനങ്ങളും വ്യത്യസ്ത ആവാസസ്ഥാനങ്ങളും തമ്മിലുള്ള ശൃംഖലാബന്ധത്തെ തകർത്തുകൊണ്ടുള്ള വ്യവസായിക വികസനവും നഗരരൂപീകരണവുമാണ് കണ്ടൽ പ്രദേശങ്ങളെയും നഷ്ടപ്പെടുത്തിയത്. കണ്ടൽകാടുകൾ അവയുടെ ലവണാംശം ഉള്ള ആവാസ വ്യവസ്ഥകൊണ്ട് പാരിസ്ഥിതികമായി ഏറെ പ്രാധാന്യമുള്ള തണ്ണീർത്തടങ്ങളാണ്. ശ്രേണിബദ്ധമായ ജൈവ സന്തുലിതാവസ്ഥയെ നിലനിർത്തുന്നതിൽ കണ്ടൽ കാടുകൾക്ക് നിർണായക സ്ഥാനമുണ്ട്. ജനങ്ങൾക്ക് ആവശ്യാനുസരണമുള്ള വിറക്,

തേൻ, തടി, മത്സ്യം എന്നീ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം കടലേറ്റത്തെ നിയന്ത്രിക്കുന്നു. വിവിധങ്ങളായ പക്ഷിമൃഗാദികളുടെ ആവാസസ്ഥാനമാണ് കണ്ടൽ കാടുകൾ. മത്സ്യങ്ങളുടെ വംശവർദ്ധനവിനെ ഇത് പോഷിപ്പിക്കുന്നു. കേരളത്തിൽ കണ്ണൂർ, തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ ജില്ലകളിലാണ് കണ്ടൽ കാടിന്റെ ശേഖരം ഉള്ളത്.[62]

എന്നാൽ കാലങ്ങളായി കണ്ടൽകാടുകൾ കൃഷിക്കും വ്യവസായികനിർമിതികൾക്കുമായി കയ്യേറിക്കൊണ്ടിരിക്കുന്നു. നഗരമാലിന്യങ്ങൾ കണ്ടൽകാടുകളെ കയ്യേറിക്കൊണ്ടുള്ള താപ വൈദ്യുതനിലയങ്ങൾ, കയർ വ്യവസായങ്ങൾ, മരമില്ലുകൾ, അശാസ്ത്രീയ ബണ്ട് നിർമ്മാണങ്ങൾ, സൂപ്പർ ഹൈവേകൾ, റെയിൽവേ ലൈനുകൾ, ടൂറിസം എല്ലാം തന്നെ കണ്ടൽകാടുകൾക്ക് ഇന്ന് ഭീഷണി ഉയർത്തിക്കൊണ്ടിരിക്കുന്നു. ഇത്തരത്തിൽ പ്രകൃതിയിലേക്കുള്ള മനുഷ്യന്റെ കടന്ന് കയറ്റത്തെ കണ്ടൽ ചെടികളെ നട്ടുകൊണ്ട് പ്രതിരോധിക്കുന്ന കല്ലേൻ പൊക്കുടന്റെ (കല്ലേൻ പൊക്കുടൻ 1930-2015) ജീവിതത്തെ പാരിസ്ഥിതികപ്രതിരോധ ശ്രമങ്ങളോട് ചേർത്ത് വായിക്കേണ്ടതാണ്. നഗരവത്ക്കരണം കൊണ്ടാടപ്പെട്ടത് കേരളത്തിലെ ഭൂപ്രകൃതിക്ക് മേൽ നിലനിർത്തിയ വിപണനമൂല്യത്തെ ആശ്രയിച്ചായിരുന്നുവെന്ന് പാരിസ്ഥിതികക്ഷതങ്ങൾ മനസ്സിലാക്കിത്തരുന്നുണ്ട്. വ്യാപകമായ നെൽവയൽ നികത്തലും നാണ്യവിളകളിലേക്കുള്ള മാറ്റവും സ്ത്രീകളുൾപ്പെടെയുള്ള സമൂഹത്തിന് തൊഴിൽ നഷ്ടത്തിനിടയാക്കി, അതോടൊപ്പം വയലുകളുടെ നഷ്ടം ഭൂഗർഭജലത്തിന്റെ അളവിനെയും ബാധിച്ചിട്ടുണ്ട്. ശുദ്ധജലസ്രോതസ്സുകളിലേക്ക് ലവണാംശം കയറുന്നതിനും ഇത് കാരണമാകുന്നു.

"1955-56 മുതൽ 7.6 ലക്ഷം ഹെക്ടറിൽ നെൽകൃഷിയുണ്ടായിരുന്നത് 1970-71 ആകുമ്പോഴേക്കും 8.8 ലക്ഷം ഹെക്ടറായി വർദ്ധിച്ചിരുന്നു. എന്നാൽ 1980 മുതൽ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ തോത് ക്രമാനുഗതമായി കുറഞ്ഞ് തുടങ്ങി. 1980-81ൽ 8.5ലക്ഷം ഹെക്ടറായിരുന്നത് 1990-91 ആകുമ്പോഴേക്കും 5.6 ലക്ഷം ഹെക്ടറായും 2001-02ൽ 3.2ലക്ഷം ഹെക്ടറയും 2015-16ൽ 1.96 ലക്ഷം ഹെക്ടറായും കുറഞ്ഞു. മൊത്തം നെൽകൃഷിയുടെ 78% വിസ്തൃതിയുടെ 35 വർഷം കൊണ്ട് നമുക്ക് നഷ്ടമായി." [63]

വയൽപ്രദേശങ്ങളെ കീഴടക്കിയുള്ള നഗരനിർമിതികൾ ഇന്നും തുടരുന്നു. തൃശൂരിലെ കോൾനിലങ്ങൾ മൂലധനഉത്പാദനവ്യവസ്ഥിതിക്ക് കീഴ്പ്പെട്ട് കഴിഞ്ഞതിന്റെ ഏറ്റവും അടുത്ത ഉദാഹരണമാണ് ശോഭാസിറ്റി. തൃശൂരിലെ പുഴയ്ക്കൽ പാടശേഖരങ്ങളിൽ കിൻഫ്ര നടത്തിയ നികത്തലുകളും എടുത്ത് പറയേണ്ടതാണ്. ലോക പൈതൃകപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തണ്ണീർത്തടപ്രദേശങ്ങളാണ് ഇത്തരത്തിൽ നികത്തപ്പെടുന്നതെന്ന് സാറാജോസഫ് ചൂണ്ടികാണിക്കുന്നുണ്ട്.[64] മുരിയാട് സമരവും എരയാൻകുടി സമരവും നെൽ വയൽ സംരക്ഷണത്തിനായുള്ള ശ്രമങ്ങളുടെ തുടർച്ചയാണ്. കളിമൺ ഖനനമാണ് മുരിയാട് നെൽ വയലുകൾക്ക് ഭീഷണിയായത്. വർഗീസ് തൊടുപറമ്പിലിന്റെ നേതൃത്വത്തിൽ മുരിയാട് നെൽവയലുകൾക്കായി നടത്തിയ സമരങ്ങൾ വിജയം കണ്ടു. തൃശൂർ ജില്ലയിലെ അന്നമനാട്, പാറക്കടവ് എന്നീ പഞ്ചായത്തുകളിലായി വ്യാപിച്ച് കിടക്കുന്ന പാടമാണ് എരയാംകുടി. സി. ജയശ്രീ ടീച്ചറാണ് എരയാംകുടി സമരത്തിന് നേതൃത്വം കൊടുത്തത്. നെൽവയലുകളെപ്പോലെത്തന്നെ നഗരവത്ക്കരണത്തിന്റെ ഭാഗമായി വലിയതോതിൽ അപ്രത്യക്ഷമായവയാണ് കുളങ്ങളും കാവുകളും. കുളങ്ങൾക്ക് ഭൂഗർഭ ജലസ്രോതസ്സിനെ നിലനിർത്തുന്നതിൽ നിർണായകസ്ഥാനമുണ്ട്. കോടികൾ മുടക്കി നിർമ്മിച്ചെടുക്കുന്ന വൻകിട നഗരങ്ങൾക്ക് ബദലായി നമ്മൾ നഷ്ടപ്പെടുത്തുന്ന പ്രകൃതിയുടെ ജൈവികമായ ആവാസസ്ഥാനങ്ങളാണിവ. നഗരങ്ങളുടെ നിർമിതിക്കായി ചതുപ്പുനിലങ്ങളെ, കുളങ്ങളെ നികത്തുന്നതിലൂടെ ശുദ്ധമായ ജലത്തിനും വായുവിനും വേണ്ടി നാം കോർപ്പറേറ്റുകളുടെ കടക്കാരായി മാറുന്നു. കാവുകൾ ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള ജൈവ വൈവിധ്യങ്ങളാലും ജന്തുജാലങ്ങളാലും നിറഞ്ഞ ആവാസവ്യവസ്ഥയാണ്. മണ്ണിന്റെ ജലസംഭരണശേഷി നിലനിർത്തുന്നതിൽ കാവുകൾക്ക് നിർണായകസ്ഥാനമുണ്ട്. വിശ്വാസങ്ങളുടെ പിൻബലത്തോടെയാണ് നാം കാവുകളെ പരിചരിച്ചിരുന്നത്. കാവു തീണ്ടിയാൽ നഷ്ടപ്പെടുന്ന പ്രകൃതിയുടെ സംതുലനാവസ്ഥയെക്കുറിച്ച് നമുക്കിന്ന് ബോധ്യപ്പെട്ട് തുടങ്ങി. കാലാവസ്ഥാവ്യതിയാനങ്ങളും വരൾച്ചയും മണ്ണൊലിപ്പും സൂര്യതാപവും നമുക്കിന്ന് അസഹനീയമായി മാറിക്കഴിഞ്ഞു. ഈ ജീവിതയാഥാർത്ഥ്യങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടാണ് ഒ.എൻ.വി.ക്ക് ഇങ്ങനെ പാടേണ്ടി വന്നത്.

"ആറുകളൊഴുക്കു തിരയുന്നു.

സർഗലയതാളങ്ങൾ തെറ്റുന്നു

ജീവരഥചക്രങ്ങൾ ചാലിലുറയുന്നു" [65]

യഥാർത്ഥത്തിൽ മനുഷ്യകേന്ദ്രിതമായ വികസനത്തെ രൂപപ്പെടുത്തിയ യൂറോപ്യൻ പുരുഷാധിപത്യനയമാണ് ഈ പാരിസ്ഥിതിക പ്രതിസന്ധിക്ക് ആധാരം.[66] ആധുനികവികസനത്തിന് ബദലായി നമ്മുടെ പ്രകൃതിവിഭവങ്ങളെ വാണിജ്യാടിസ്ഥാനത്തിലും അല്ലാതെയും പകരം വയ്ക്കാൻ തുടങ്ങിയപ്പോഴാണ് നാം നിർമിതപ്രകൃതിയുടെ ഭാഗമായി ഉപഭോഗസംസ്കാരത്തിന് കീഴ്പ്പെട്ടത്. ആഗോളകുത്തക മുതലാളിത്തവ്യവസ്ഥിതിയുടെ ഉൽപന്നമാണ് ഉപഭോഗസംസ്കാരം. അതുകൊണ്ട് തന്നെ പ്രകൃതിവിഭവങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനത്തിനും വിനിമയത്തിനുമാണ് ഉപഭോഗസംസ്കാരത്തിനകത്ത് ഊന്നൽ നൽകിയിട്ടുള്ളത്. പ്രകൃതിവിഭവങ്ങളെ മൂലസ്രോതസ്സുകളിൽനിന്ന് വേർപ്പെടുത്തി വിപണിയുടെ ഭാഗമാക്കി. മരങ്ങളും ജലവും മണ്ണും വില്പനചരക്കുകളായി മാറി. 'അനുഭവമലിനീകരണം' എന്നാണ് എം.എൻ.വിജയൻ ഈ അവസ്ഥാന്തരത്തെ വിശേഷിപ്പിക്കുന്നത്.[67] മൂന്നാംലോക രാഷ്ട്രങ്ങളിലെ ജനതയുടെ പരമ്പരാഗത അനുഭവങ്ങളെ, അദ്ധ്വാനത്തെ അവരിൽ നിന്നകറ്റി അവരെ വിപണിയുടെ ആശ്രിതരാക്കി മാറ്റുന്നു. ആഫ്രിക്കക്കാരുടെ ലഹരിപാനീയമായ കോള മുതലാളിത്ത ഉൽപന്നമായി മാറുന്ന നവകൊളോണിയൽ പരിസരത്തെ അവതരിപ്പിച്ചുകൊണ്ടാണ് എം.എൻ.വിജയൻ അനുഭവമലിനീകരണത്തെ വിശദീകരിക്കുന്നത്.

നമ്മുടെ കുടിവെള്ളം വില്പനചരക്കായി കമ്പോളത്തിലെത്തുന്നതിന്റെ ഭൗതികസാഹചര്യവും മറ്റൊന്നല്ല. ഇന്ത്യയിലുടനീളം ശീതളപാനീയ-മിനറൽ വാട്ടർ പ്ലാന്റുകൾ സ്ഥാപിച്ച അമേരിക്കൻ കോള കമ്പനി തൊണ്ണൂറുകളിലാണ് കേരളത്തിലെ ഭൂഗർഭജലത്തെ ലക്ഷ്യമിട്ട് പ്ലാച്ചിമടയിൽ ഫാക്ടറി തുടങ്ങുന്നത്. 34, 64 ഏക്കർ പൂന്തൽപാടങ്ങൾ നികത്തിയും അനധികൃതമായി കിണറുകൾ കുത്തിയും കമ്പനി ഭൂഗർഭജലം ഊറ്റിയെടുത്തുകൊണ്ടിരുന്നു.[68] കമ്പനി പ്രവർത്തനങ്ങൾക്കായുള്ള നിരന്തരമായ ജലമൂറ്റൽ സമീപപ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമത്തിനിടയാക്കി. ഫാക്ടറിയിൽ നിന്നുള്ള ഖരമാലിന്യങ്ങൾ പ്രദേശവാസികളിൽ ത്വക്ക് രോഗങ്ങൾക്കും കണ്ണെരിച്ചിലിനും ഇടയാക്കി. ആഗോളവത്കരണ കാലഘട്ടത്തിലെ ഉദാരനയമാണ് കമ്പനിയെ ആദിവാസി ഭൂമിയിൽ നിലനിർത്തിയത്. ഫാക്ടറിയിൽ നിന്നുള്ള മലിന

ജലം അംഗൻവാടിയിലെ കുഞ്ഞുങ്ങളുടെ ഭക്ഷണത്തെ ബാധിച്ചതോടെയാണ് പ്ലാച്ചി മടയിൽ കമ്പനിയുടെ നടത്തിപ്പിനെതിരായി സ്ത്രീക്കൂട്ടായ്മ ശക്തിപ്പെട്ടത്. ആദിവാസിയായ മയിലമ്മയുടെ നേതൃത്വത്തിൽ ശുദ്ധജലത്തിനുവേണ്ടിയുള്ള പ്രതിരോധസമരങ്ങൾ ഊർജ്ജിതമായി.പ്ലാച്ചിമടയിലെ ആദിവാസി സംരക്ഷണസംഘം, മനുഷ്യാവകാശപ്രവർത്തകർ, അയ്യങ്കാളിപ്പട ഉൾപ്പെടെയുള്ള പരിസ്ഥിതിപ്രവർത്തകരും കോള കമ്പനിക്കെതിരായുള്ള സമരത്തിൽ പങ്കാളികളായി. മയിലമ്മയുടെ സമരം യഥാർത്ഥത്തിൽ പ്രകൃതിക്കുമേലെയുള്ള നവകൊളോണിയൽ അധിനിവേശത്തിനെതിരെയുള്ള ചുവട് വെയ്പായിരുന്നു. മയിലമ്മയ്ക്ക് ഇടയ്ക്കുവെച്ച് സമരമുഖത്ത് നിന്ന് പിൻമാറേണ്ടി വന്നെങ്കിലും ആത്യന്തികമായി അവർ ഉയർത്തികൊണ്ട് വന്നത് പ്രകൃതിയിലെ വിഭവങ്ങൾക്ക് മേലെയുള്ള തുല്യപങ്കാളിത്തത്തിന്റെ ചിന്തകളാണ്. അതോടൊപ്പം തന്നെ കോള പോലുള്ള പാനീയങ്ങൾ നമ്മുടെ ആരോഗ്യത്തിന് എന്ത് നൽകുന്നു എന്നുള്ളതും ചിന്തനീയമാണ്. കോളയിലെ രാസഘടകങ്ങളെ സാറാ ജോസഫ് പരിചയപ്പെടുത്തുന്നുണ്ട്.

"ഒരു കുപ്പി കോളയിൽനിന്ന് നിങ്ങൾക്ക് എന്ത് കിട്ടും? 89% വെള്ളം 10% പഞ്ചസാര ബാക്കി ഒരു ശതമാനം രഹസ്യചേരുവയും കാർബൺ ഡൈ ഓക്സൈഡും. രഹസ്യച്ചേരുവയിൽ നിന്നാണ് കിട്ടാനുള്ളതത്രയും കിട്ടിക്കൊണ്ടിരിക്കുന്നത്! ലിൻ ഡെയ്ൻ, ഡി.ഡി.ടി, ക്ളോർപയറിഫോസ്, മാലത്തിയോൺ, ആൽഫ-എച്ച് സി.എച്ച്, ഡെൽറ്റ-എച്ച്. സി.എച്ച്, ബീറ്റ-എച്ച്, സി.എച്ച്, പെപ്റ്റാക്ലോർ ഓർഗാനോ ക്ലോറിൻസ്, ഓർഗാനോ ഫോസ്ഫേറ്റ് തുടങ്ങിയ കീടനാശിനികളും മാരകവിഷവസ്തുക്കളുമാണ് ഹരംപിടിപ്പിക്കുന്ന കോളയുടെ രഹസ്യചേരുവയ്ക്ക് കാരണം എന്ന് തെളിഞ്ഞിരിക്കുന്നു."[69]

പുതിയ കാലഘട്ടത്തിലെ കവികൾ ഈ നേരിനെ തിരിച്ചറിയുന്നുണ്ട്.

"കോളേ...
ഞാൻ
മോരുവെള്ളം
ഈ വിഹാരം എന്റേത്
ഈ കടത്തിണ്ണ,

മൺകുട വയറ്റിലെ തണുപ്പ്,
ഗ്രാമവൃദ്ധർ
ചുണ്ണാമ്പു വിരലിനാൽ
വെള്ളവീശിയ
തകരവീട്.
ഓർമ്മയുടെ
ഉറവിലൂടെ
ഒരകിടിലേക്ക്
എനിക്ക് വഴിയുണ്ട്
അമ്മയിലേക്കും.
നിനക്കോ...?"[70]

ഇത്തരത്തിൽ വിപണികേന്ദ്രിതമായി നിലനിർത്തപ്പെടുന്ന വ്യവസായിക നിർമിതികളാണ് നഗരവത്ക്കരണത്തെ പുഷ്ടിപ്പെടുത്തുന്നത്. പ്രകൃതിയുടെ സ്വാഭാവിക ഉത്പാദനവ്യവസ്ഥയെ ഇവ തകർക്കുന്നു. പ്രകൃതിവിഭവങ്ങളെ മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയുടെ ഉത്പന്നങ്ങളായി രൂപമാറ്റത്തിന് വിധേയ മാക്കുന്നു. പ്രകൃതിയുടെ ഉത്പാദനം എന്നത് മുതലാളിത്തസമൂഹത്തിന്റെ നില നില്പിനുവേണ്ടിയുള്ള ഉത്പാദനമായി മാറുന്നു. ഭൂഗർഭജലസ്രോതസ്സുകളെ സാങ്കേതികസഹായത്താൽ ഒപ്പിയെടുത്ത് വിപണിയുടെ ഭാഗമാക്കുന്ന മുതലാളിത്ത താത്പര്യങ്ങളാണ് ഖനനപ്രവർത്തനങ്ങളിലും തുടരുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ കേരളത്തിൽ മെസ്സേർസ് മോർഗൻ ക്രൂസിബിൾ എന്ന കമ്പനി വ്യാവസായിക ഖനനത്തിന് തുടക്കം കുറിച്ചിരുന്നു.[71] പരമ്പരാഗതരീതിയിലുള്ള ഖനനപ്രവർത്തന ങ്ങളാണ് തുടക്കത്തിൽ നടന്നിരുന്നത്. പിന്നീട് ഖനനമേഖല യന്ത്രാധിഷ്ഠിതമായി മാറിയപ്പോൾ ഭൂഗർഭജലത്തിന്റെ തോത് താരതമ്യേന കുറയുന്നതിനും, മേൽമണ്ണി ന്റെയും വെട്ടുകല്ലിന്റെയും വ്യാപകമായ നഷ്ടം ഭൂഗർഭജലം മലിനപ്പെടുന്നതിനും കാരണമായി. വെട്ടുകല്ലിന്റെയും കരിമണലിന്റെയും ഖനനങ്ങളും അനധികൃതമായ മണൽവാരലും കരിങ്കൽ ക്വാറികളുടെ പ്രവർത്തനങ്ങളും ഒരു മനുഷ്യകേന്ദ്രിതമായ നിർമിതപ്രകൃതിയ്ക്കായുള്ള നീണ്ട കാലത്തെ ശ്രമങ്ങളായിട്ടാണ് തുടരുന്നത്. പുത്തൻ

റോഡുകൾക്കായുള്ള നെൽവയൽ നികത്തലും കുന്നിടിച്ചിലും ആത്യന്തികമായി സ്വാഗതം ചെയ്യുന്നത് മുതലാളിത്തത്തിന്റെ നഗരസംസ്കാരത്തെയാണ്. ഈ ഉപഭോഗസംസ്കാരത്തിനെതിരെ നിലകൊള്ളുന്ന പരസ്പരം കണ്ണിചേർക്കപ്പെട്ട ഏകീകൃതസത്തയാണ് പ്രകൃതിയെന്ന ബോധമാണ് ഓരോ പാരിസ്ഥിതിക ദുരന്തങ്ങളും മുന്നോട്ടുവയ്ക്കുന്നത്. ഹരിതവിപ്ലവം തൊട്ട് ആണവോർജ്ജപദ്ധതികൾ വരെ നീളുന്ന വികസനരീതികൾ ഈ ഏകീകൃതസത്തയെയാണ് തകർക്കാൻ ശ്രമിക്കുന്നത്. വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയും മനുഷ്യനുൾപ്പെടെയുള്ള ജീവ സമൂഹത്തിലൂടെ സംക്രമിപ്പിക്കുന്ന ആണവമാലിന്യത്തിന്റെ ദോഷവശങ്ങളെ താരാപ്പൂരിലെയും ചെർണോബിലെയും ആണവ റിയാക്ടറുകളെ മുൻനിർത്തി വി.ടി. പത്മനാഭൻ വിശദീകരിക്കുന്നുണ്ട്.

"1992-ലാണ് തിരുവനന്തപുരത്ത് ചെർണോബിൽ റേഡിയോ വികിരണം കണ്ടെത്തിയത്. 1986- മെയിലാണ് ചെർണോബിൽ നിന്നുള്ള വികിരണത്തെ കൽപ്പാക്കത്ത് കണ്ടത്. മെയ് ജൂൺ മാസങ്ങളിലെ മഴയിലായിരിക്കണം വികിരണത്തെ കേരളത്തിലുമെത്തിച്ചത്. പൊതുവെ തൈറോയിഡ് ക്യാൻസർ സ്ത്രീകളിലാണ് കൂടുതൽ കണ്ടെത്തിയതെങ്കിലും ചെർണോബിലിന് ശേഷം തിരുവനന്തപുരത്തെ സ്ത്രീകളിൽ വളരെയധികമാണെന്ന് ഐ.സി.എം.ആർ. പഠനത്തിൽ വ്യക്തമായിട്ടുണ്ട്." [72]

താരാപ്പൂരിലെ ആണവറിയാക്ടറിൽ നിന്നുള്ള ക്രിപ്റ്റോൺ, സിനോൺ , ആർഗൺ തുടങ്ങിയ ന്യൂക്ലിഡുകൾ കലർന്ന വെള്ളം അറബിക്കടലിലേയ്ക്കൊഴുക്കുക വഴി അത് നമ്മളിലേക്കെത്താനുള്ള സാധ്യതയെ അദ്ദേഹം ചൂണ്ടികാണിക്കുന്നുണ്ട്. സമീപ പ്രദേശങ്ങളിലെ കടലിലെ അയഡിന്റെ ക്രമാതീതമായ വർദ്ധനവ് ഇത് കൂടുതൽ ഉറപ്പിക്കുന്നു. കൂടാതെ തമിഴ്നാട്ടിലെ കൂടംകുളം ആണവറിയാക്ടറും കേരളത്തിന് നേരെ ഉയർത്തുന്ന ആശങ്കകളെ അദ്ദേഹം പങ്കുവെക്കുന്നുണ്ട്. നഗരവത്കരണം ഉയർത്തുന്ന ആരോഗ്യപ്രദമായ മാലിന്യസംസ്കരണമെന്ന വിഷയത്തിൽ ആണവ മാലിന്യങ്ങൾക്കും നിർണായകമായ പങ്കുണ്ട്. നമ്മുടെ തീരദേശമേഖലയിന്ന് തോറിയം പോലുള്ള ആണവമാലിന്യങ്ങളുടെ സംരക്ഷിത ഇടങ്ങൾ കൂടിയാണ്. ഏലൂരിലെ IRE തോറിയം മില്ലിങ് പ്ലാന്റ് പ്രവർത്തിക്കുന്നത് പെരിയാറിനെയും കൊച്ചികായലിനെയും

അറബിക്കടലിനെയും ഉൾക്കൊള്ളുന്ന തീരപ്രദേശമേഖലയിലാണ്. ഭാവിയിലെ ഊർജ്ജ പ്രതിസന്ധിയാണ് ആണവോർജ്ജങ്ങളുടെ ആവശ്യകതയെ ഉന്നയിക്കുന്നത്. യഥാർത്ഥത്തിൽ ആണവമാലിന്യങ്ങൾ ഉൾപ്പെടെയുള്ള ഇ വേയ്സ്റ്റുകൾ നഗരവത്കരണത്തിനകത്ത് പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളായി ഇന്ന് മാറിക്കഴിഞ്ഞു.

കരിമണൽ ഖനനവും കേരളത്തിലെ തീരപ്രദേശങ്ങളിൽ ഭീഷണിയുയർത്തുന്നുണ്ട്. ഖനനപ്രവർത്തനങ്ങൾ ഇന്ന് നഗരവത്കക്കരണത്തിന്റെ അവിഭാജ്യഘടകമായി മാറിയ സാഹചര്യത്തിൽ അവ ഉയർത്തുന്ന മാലിന്യപ്രശ്നങ്ങളും ഗൗരവപൂർവം കാണേണ്ട ഒന്നാണ്. അതോടൊപ്പം തന്നെ തിരുവനന്തപുരം വിളപ്പിൻശാല, തൃശൂർ ലാലൂർ തുടങ്ങി നഗരപ്രാന്തങ്ങൾ നഗരവത്ക്കരണത്തിന്റെ മാലിന്യങ്ങളെ നിക്ഷേപിക്കുന്നതിനുള്ള ഇടങ്ങളായി മാറുന്നു. ഉപഭോഗകേന്ദ്രിതമായി മാത്രം നിലനില്ക്കേണ്ടിവരുന്ന ഒരു സമൂഹത്തിനകത്താണ് മാലിന്യസംസ്കരണം പരിഹരിക്കാൻ കഴിയാത്ത വിഷയമായി മാറുന്നത്. നഗരവത്ക്കരണം സാമ്രാജ്യത്വശക്തികൾക്ക്, മുതലാളിത്തസമൂഹത്തിന് അനുകൂലമായ സാമ്പത്തികമേഖലയെ സൃഷ്ടിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ പ്രകൃതിവിഭവങ്ങളെ കേന്ദ്രീകരിച്ച് വൻകിടപദ്ധതികൾ മെനഞ്ഞെടുക്കുകയും അവയെ വികസനത്തിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്യുന്നു. ശുദ്ധമായ ജലവും വായുവും മണ്ണും മനുഷ്യനുൾപ്പെടെയുള്ള ജീവസമൂഹത്തിന് നിഷേധിക്കുന്ന ഈ ഉത്പാദനമേഖലയെ പുനർവിചിന്തനത്തിന് വിധേയമാക്കേണ്ടതുണ്ട്. സംരക്ഷിത വനൃജീവിസങ്കേതങ്ങളിലേക്കും ജൈവവൈവിധ്യങ്ങൾ നിറഞ്ഞ വനമേഖലയിലേയ്ക്കും കയറി വരുന്ന വികസനപദ്ധതികളെയും പ്രകൃതിയുടെ സുസ്ഥിരഭാവിയെ മുൻനിർത്തി പുനഃപരിശോധിക്കേണ്ടതുണ്ട്. പ്രകൃതിയെ വിധേയപ്പെടുത്തികൊണ്ട് ഉയർത്തികൊണ്ട് വന്നിട്ടുള്ള സാമ്പത്തിക മേഖലയാണ് മുതലാളിത്തസമൂഹത്തിന്റെ എന്നത്തേയും ആധാരം. അതുകൊണ്ടുതന്നെ ഈ വിധേയത്വത്തെ പ്രതിരോധിച്ചുകൊണ്ടുള്ള വിമോചനാത്മകശ്രമങ്ങളാണ് പരിസ്ഥിതിക്കുവേണ്ടിയുള്ള സമരങ്ങൾക്ക് പിന്നിലുള്ളത്. പ്രകൃതി ഈ വിധേയത്വത്തിൽനിന്ന് മോചിപ്പിക്കപ്പെടുന്നതിലൂടെ സ്ത്രീയും പുരുഷനും ഉൾപ്പെടെയുള്ള ജീവസമൂഹത്തിന്റെ ഭാവി സുസ്ഥിരമാകും.

പാരിസ്ഥിതിക സ്ത്രീവാദത്തിന് പ്രത്യയശാസ്ത്രപരമായി പ്രതിപ്രവർത്തിക്കേ

ണ്ടിവരുന്ന സാമൂഹിക സാഹചര്യങ്ങളെയാണ് മുകളിൽ വിവരിച്ചത്. സ്ത്രീയും പ്രകൃതിയും കോളനിവത്കരിക്കപ്പെടുന്ന ആധുനിക സാമൂഹികസാഹചര്യങ്ങളെ തിരിച്ചറിഞ്ഞു കൊണ്ടാണ് പാരിസ്ഥിതിക സ്ത്രീവാദം കലയിലും ജീവിതത്തിലും ചുവടുറപ്പിക്കുന്നത്. സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ടുള്ള സന്തുലിതമായ ജീവിതാന്തരീക്ഷത്തിന്റെ വീണ്ടെടുപ്പാണ് ഈ വാദത്തിന്റെ അടിസ്ഥാനം. മണ്ണ്, വെള്ളം, വായു എന്നിവയെ മലിനപ്പെടുത്തുകയും, മണ്ണിന്റെയും പെണ്ണിന്റെയും ഉടമസ്ഥാവകാശത്തെ സ്വയം ഏറ്റെടുക്കുകയും ചെയ്യുന്ന ലിംഗകേന്ദ്രിതമായ ആധിപത്യ മനസ്സിനെതിരെയുള്ള ശക്തമായ സമീപനങ്ങളാണ് പാരിസ്ഥിതിക സ്ത്രീവാദത്തെ വ്യത്യസ്തമാക്കുന്നത്. ഈ സമീപനത്തെ അറുപതുകൾക്ക്ശേഷമുള്ള മലയാള കവിത എത്രമാത്രം ഉൾക്കൊള്ളുന്നു എന്ന അന്വേഷണമാണ് തുടർ അദ്ധ്യായങ്ങളിൽ നിർവ്വഹിക്കുന്നത്.

കുറിപ്പുകൾ

1. പി. സോമൻ, *അമ്മദൈവവും സംസ്ക്കാരവും* (പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, 2003), പു.19.

2. ആനന്ദ് കാവാലം, *മലയാളകവിതയും പരിസ്ഥിതിയും* (കറന്റ് ബുക്സ്, തൃശ്ശൂർ, 2013), പു.14.

3. എസ്. രാജശേഖരൻ, *സ്ത്രീവാദം ഉടലും പരിസരങ്ങളും* (പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, 2016), പു.16.

4. ഏംഗൽസ്, *കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ഉത്ഭവം*, സമ്പാ. ദാമോദരൻപിള്ള (ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1979), പു.38.

5. പി. സോമൻ, *അമ്മദൈവവും സംസ്കാരവും* (പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, 2003), പു.28.

6. പി.വി. രാമൻകുട്ടി, *ഋഗ്വേദഭൂമിക* (ശങ്കരൻനമ്പൂതിരിപ്പാട് സ്മാരക ഗ്രന്ഥശാല, കാണിപ്പയ്യൂർ, 2007), പു.183.

7. ടി.പു.186.

   – വിരാട്പുരുഷന്റെ മുഖത്ത് നിന്ന് ബ്രാഹ്മണനും കൈകളിൽ നിന്ന് ക്ഷത്രിയനും തുടയിൽ നിന്ന് വൈശ്യനും പാദങ്ങളിൽ നിന്ന് ശൂദ്രനും ജനിച്ചു.

8. കെ.എൻ. ഗണേഷ്, *പ്രകൃതിയും മനുഷ്യനും* (കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശൂർ, 2014), പു.153.

9. ഗീത, *ആധുനിക മലയാള കവിതയിലെ സ്ത്രീപക്ഷ സമീപനങ്ങൾ* (ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2002), പു.22.

10. വന്ദനശിവ, *ജൈവചോരണം*, വിവ. പി.എസ്. മനോജ്കുമാർ (പ്രസക്തി ബുക്ക്ഹൗസ്, പത്തനംതിട്ട, 2003), പു.62.

11. മനുസ്മൃതി, എഡിറ്റർ. മേൽക്കുളങ്ങര അജികുമാർ (യൂണിവേഴ്സൽ പ്രസ്സ് & പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2005), പുറം 398.

    1. സ്ത്രീകളുടെ നിയന്ത്രണം എപ്പോഴും കുടുംബത്തിലെ പുരുഷനിൽ നിക്ഷിപ്തമായിരിക്കണം.

2. കൗമാരത്തിൽ പിതാവിനാലും യൗവ്വനത്തിൽ ഭർത്താവിനാലും വാർദ്ധക്യത്തിൽ പുത്രനാലും സ്ത്രീ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഈ സംരക്ഷണത്തിന് കീഴിൽ സ്ത്രീ സ്വതന്ത്ര്യം അർഹിക്കുന്നില്ല.

12. കൗടല്യൻ, *അർത്ഥശാസ്ത്രം,* വിവ. കെ.വി.എം. (കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ, 1935), പു 52.

13. ടി.പു.476.

14. ഇളംകുളം പി.എൻ. കുഞ്ഞൻപിള്ള, *ജന്മി സമ്പ്രദായം കേരളത്തിൽ* (സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 1959), പു.103.

15. പി. ഭാസ്കരനുണ്ണി, *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം* (കേരളസാഹിത്യ അക്കാദമി, തൃശൂർ, 1988), പു.943.

16. പി. ഭാസ്കരനുണ്ണി, *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം* (കേരളസാഹിത്യ അക്കാദമി, തൃശൂർ, 1988), പു.65.

17. എം.ആർ. ഭട്ടതിരിപ്പാട്, *മറക്കുടയ്ക്കുള്ളിലെ മഹാനരകം* (രംഗചേതന, തൃശൂർ, 2010), പു. 47.

18. എസ്. രാജശേഖരൻ, *സ്ത്രീവാദം ഉടലും പരിസരങ്ങളും* (പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, 2016), പു.97.

19. സി.എസ്. ചന്ദ്രിക, *കേരളത്തിന്റെ സ്ത്രീ ചരിത്രങ്ങൾ മുന്നേറ്റങ്ങൾ* (ഡി.സി. ബുക്സ്, കോട്ടയം, 2016), പു.87.

20. വി.ടി. ഭട്ടതിരിപ്പാട്, *അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്ക്* (എക്സ് ബുക്സ്, കോട്ടയം, 1930), പു. 61.

21. സ്വാമി വിവേകാനന്ദൻ, *ഭാരതീയവനിതകൾ,* വിവ. മുതുകുളം പാർവ്വതിയമ്മ (എ. ആർ.പി, കായംകുളം, 1951), പു.706.

22. എസ്. ഉദയൻ, *ഗുരുദർശനത്തിലെ സ്ത്രീ, കേരളീയ ചിന്തകൾ* (കെ.കെ.ടി.എം. ഗവൺമെന്റ് കോളേജ്, കൊടുങ്ങല്ലൂർ, 2017), പു. 95.

23. വിജയാലയം ജയകുമാർ, *ശ്രീനാരായണ ഗുരു ഒരു സമഗ്രപഠനം* (ജയകൃഷ്ണ പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1992), പു.178.

24. ഗീത, *കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന് ?* (കറന്റ് ബുക്സ്, തൃശൂർ, 1997), പു.146.

25. ടി.പു.146.

26. ജി. മധുസൂദനൻ, *നഷ്ടമാകുന്ന നമ്മുടെ സ്വപ്ന ഭൂമി* (കേരള ശാസ്ത്രസാഹിത്യ അക്കാദമി, തൃശ്ശൂർ, 2017), പു.56-57.

27. രാജൻ കൈലാസ്, *'ഒന്നാം പാഠം' , അകം കാഴ്ചകൾ* (സോളിഡാരിറ്റി പബ്ലിക്കേഷൻസ്, കോഴിക്കോട്, 1997), പു.17.

28. ജി. മധുസൂദനൻ, *നഷ്ടമാകുന്ന നമ്മുടെ സ്വപ്നഭൂമി* (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2017), പു.33.

29. സി.കെ. കരുണാകരൻ, *കേരളത്തിലെ വനങ്ങൾ നൂറ്റാണ്ടുകളിലൂടെ* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000), പു.160.

30. ജി. മധുസൂദനൻ, നഷ്ടമാകുന്ന നമ്മുടെ സ്വപ്നഭൂമി (കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ, 2017), പു.105.

31. അരുന്ധതി റോയി, *അരുന്ധതി റോയിയുടെ ലേഖനങ്ങൾ*, വിവ. കെ.എം. വേണുഗോപാൽ (ഡി.സി.ബുക്സ്, കോട്ടയം, 2004), പു.54.

32. സി.ആർ. ബിജോയ്, 'നിയമം കയ്യിലെടുക്കുന്ന സർക്കാർ : ആദിവാസി വഞ്ചനയുടെ തുടർക്കഥകൾ', *തണ്ടേടങ്ങൾ: കേരളസമൂഹം ഭൂപടം മുത്തങ്ങസമരത്തിനുശേഷം*, എഡി. ദിലീപ് രാജ് (ഡി.സി.ബുക്സ്, കോട്ടയം, 2003), പു.18-20.

33. കെ. പാനൂർ, *കേരളത്തിലെ അമേരിക്ക* (നാഷണൽ ബുക് സ്റ്റാൾ, കോട്ടയം, *1989*), പു.106.

34. പുനത്തിൽ കുഞ്ഞബ്ദുള്ള, 'ദൈവത്തിന്റെ സ്വന്തം നാട്ടിൽ ജനാധിപത്യത്തിന്റെ പൂക്കാലം', *തണ്ടേടങ്ങൾ: കേരളസമൂഹഭൂപടം മുത്തങ്ങ സമരത്തിനുശേഷം*, എഡി. ദിലീപ് രാജ് (ഡി.സി.ബുക്സ്, കോട്ടയം, 2003), പു.109.

35. ആർ. രാധാകൃഷ്ണൻ, *സൈലന്റ് വാലി: ചെറുത്തു നിൽപ്പിന്റെ നാൾവഴി* (കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, തൃശ്ശൂർ, 2010), പു.173.

36. ടി.പു.85.

37. ടി.പു.169.

38. എ. മോഹൻകുമാർ, 'കാൽനൂറ്റാണ്ടായ കാലടികൾ', *മാധവഗാഡ്ഗിലും പശ്ചിമഘട്ട സംരക്ഷണവും*, എഡി. മനില.സി. മോഹൻ (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2014), പു.14.

39. ഐ. ഷൺമുഖദാസ്, 'പവിത്രവനങ്ങൾ ബ്രാഹ്മണിക്കലല്ല', *മാധവ് ഗാഡ്ഗിലും പശ്ചിമഘട്ടസംരക്ഷണവും*, എഡി. മനില.സി. മോഹൻ (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2014), പു.216.

40. വീരാൻകുട്ടി, 'ഇക്കോ-ടൂറിസം', *വീരാൻകുട്ടിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2013), പു.52.

41. കെ.പി. നിതീഷ്കുമാർ, 'എങ്കാക്കുചത്തുപോയ കുയിച്ചിടുവാ തലവുങ്കാണി.....,

മാധവഗാഡ്ഗിലും പശ്ചിമഘട്ട സംരക്ഷണവും, എഡി. മനില.സി. മോഹൻ (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2014), പു.189.

42. സി. എസ്. സൗമ്യ, 'വിത്ത്: പ്രാതിനിധ്യത്തിന്റെ രാഷ്ട്രീയം', ജനസംസ്കാരവും നവ സാഹിത്യവ്യവഹാരങ്ങളും, എഡി. മൈന ഉമൈബാൻ (എം.ഇ.എസ്. കോളേജ്, മമ്പാട്, 2019), പു. 53-51.

43. കടമ്മനിട്ട രാമകൃഷ്ണൻ, 'കുഞ്ഞേ മുലപ്പാൽ കുടിക്കരുത്', *വനപർവ്വം* (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, *1983*), പു.39.

44. കെ.പി. നിതീഷ്കുമാർ, 'എങ്കാക്കു ചത്തു പോയ കുയിച്ചിടുവാ തലവുങ്കാണി.....', *മാധവ്ഗാഡ്ഗിലും പശ്ചിമഘട്ട സംരക്ഷണവും*, എഡി. മനില സി. മോഹനൻ (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2014), പു.188-189.

45. ടി.ടി. ശ്രീകുമാർ, 'കൃഷി ഗീതയുടെ സംസ്കാര സന്ദർഭങ്ങൾ', *കൃഷിഗീത പരിസ്ഥിതി അറിവടയാളങ്ങൾ*, എഡി. സി.ആർ. രാജഗോപാലൻ (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2013), പു.32.

46. ജോൺ ബെല്ലമിഫോസ്റ്റർ, *വ്രണിതഭൂമി*, വിവ. പി.കെ. ദേവൻ (കേരളശാസ്ത്ര സാഹിത്യപരിഷത്ത്, തൃശ്ശൂർ, 2013), പു.102.

47. വന്ദന ശിവ, *ആഗോളവത്കരണത്തിന്റെ പുതുയുദ്ധങ്ങൾ: വിത്ത്, ജലം, ജൈവ രൂപങ്ങൾ*, വിവ. രമ. കെ (ഡി.സി.ബുക്സ്, കോട്ടയം, 2007), പു.56.

48. ടി.പു.93–100.

49. രാജൻ കൈലാസ്,'അന്തകം', *ഒറ്റയിലത്തണൽ*, (ഫേബിയൻ ബുക്സ്, മാവേലിക്കര, 2015), പു.35.

50. എ. അച്യുതൻ, *പരിസ്ഥിതി പഠനത്തിന് ഒരാമുഖം* (കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ, 2013), പു.216.

51. സമീറ നീം, 'എൻമകജെയിലെ ഒറ്റമുലച്ചി', *എൻമകജെ പഠനങ്ങൾ*, എഡി. സന്തോഷ് എച്ചിക്കാനം (കറന്റ് ബുക്സ്, കോട്ടയം, 2010), പു.62.

52. കെ.എം. ഷാജഹാൻ, *അശാന്തമാകുന്ന കേരള തീരങ്ങൾ* (കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, കോഴിക്കോട്, 1990) പു.41.

53. സി.എസ്. ചന്ദ്രിക, *കേരളത്തിന്റെ സ്ത്രീ ചരിത്രങ്ങൾ, സ്ത്രീ മുന്നേറ്റങ്ങൾ* (ഡി.സി. ബുക്സ്, കോട്ടയം, 2017), പു.146.

54. കെ.എൻ. ഗണേഷ്, *കേരള സമൂഹം: ഇന്ന് നാളെ* (സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷ്ണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2012), പു.34.

55. ഗിരിജാകുമാരി, *അപ്രത്യക്ഷമാകുന്ന തടാകങ്ങൾ* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011), പു.26.

56. എ.അച്യുതൻ, 'ആവാസവ്യവസ്ഥയുടെ നിലനില്പിന് തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക', *ഭൂമി ഒരു പൊതുസ്വത്ത്*, സമ്പാ. വി.ആർ. രഘുനന്ദൻ (കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ, 2010), പു. 71–72.

57. ടി.പു.73.

58. എസ്. ഗിരിജാകുമാരി, *അപ്രത്യക്ഷമാകുന്ന തടാകങ്ങൾ* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011), പു.67.

59. ടി.പു.116.

60. എം. അച്യുതൻ, *പരിസ്ഥിതി പഠനത്തിന് ഒരാമുഖം* (കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, തൃശ്ശൂർ, 2013), പു.197.

61. ജി. മധുസൂദനൻ, *നഷ്ടമാകുന്ന നമ്മുടെ സ്വപ്ന ഭൂമി, കേരളത്തിന്റെ പാരിസ്ഥിതിക ചരിത്രം* (കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ, 2017), പു.224.

62. എസ്. ഗിരിജാകുമാരി, *അപ്രത്യക്ഷമാകുന്ന തടാകങ്ങൾ* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011), പു.120.

63. ജി. മധുസൂദനൻ, *നഷ്ടമാകുന്ന നമ്മുടെ സ്വപ്നഭൂമി: കേരളത്തിന്റെ പാരിസ്ഥിതിക ചരിത്രം* (കേരളസാഹിത്യഅക്കാദമി, തൃശൂർ, 2017), പു.126.

64. സാറാജോസഫ്, *ആത്മരോഷങ്ങളും ആകുലതകളും* (ഗ്രീൻ ബുക്സ്, തൃശ്ശൂർ, 2009), പു.63.

65. ഒ.എൻ.വി. കുറുപ്പ്, 'ഭൂമിക്ക് ഒരു ചരമഗീതം', *ഒ.എൻ.വി യുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2001), പു.319.

66. സാറാജോസഫ്, *ആത്മരോഷങ്ങളും ആകുലതകളും* (ഗ്രീൻ ബുക്സ്, തൃശൂർ, 2009), പു.22.

67. എം.എൻ. വിജയൻ, 'അനുഭവമലിനീകരണം', *പരിസ്ഥിതിയുടെ രാഷ്ട്രീയം*, എഡി. സി. റഹീം, (ഫേബിയൻ ബുക്സ്, നൂറനാട്, 2003), പു.48.

68. ജി. മധുസൂദനൻ, *നഷ്ടമാകുന്ന നമ്മുടെ സ്വപ്നഭൂമി: കേരളത്തിന്റെ പാരിസ്ഥിതിക ചരിത്രം* (കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ, 2017), പു.250.

69. സാറാ ജോസഫ്, *ആത്മരോഷങ്ങളും ആകുലതകളും* (ഗ്രീൻബുക്സ്, തൃശ്ശൂർ, 2009), പു.56.

70. വീരാൻകുട്ടി, 'കുടിവെപ്പുകൾ', *വീരാൻകുട്ടിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2013), പു.70.

71. എസ്. ശ്രീകുമാർ, 'ഖനനവും പരിസ്ഥിതി പ്രശ്നങ്ങളും', *ഭൂമി ഒരു പൊതു സ്വത്ത്*, സമ്പാ. വി.ആർ. രഘുനന്ദനൻ (കേരള ശാസ്ത്രസാഹിത്യപരിഷത്ത്, തൃശ്ശൂർ, 2019), പു.85.

72. അമിയമിത്തൽ, 'നമ്മുടെയെല്ലാം രക്തത്തിൽ ചെർണോബിൽ വിഷമുണ്ട്', *ഇക്കോ സോഷ്യലിസം*, എഡി. ഷാജി ജോസഫ് (ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം 2014), പു.165.

അദ്ധ്യായം -3

പാരിസ്ഥിതിക സ്ത്രീവാദവും അറുപതുകൾക്ക് ശേഷമുള്ള കവിതകളും

മലയാള കവിത സ്വത്വപരമായ ശൈഥില്യത്തെ, സംഘർഷങ്ങളെ, വൈരുദ്ധ്യങ്ങളെ ഉൾക്കൊള്ളുന്ന കാലയളവാണ് അറുപതുകൾ തൊട്ട് തൊണ്ണൂറ് വരെയുള്ള കാലഘട്ടം. ആധുനിക വികസനത്തിന്റെ ഭാഗമായി പ്രകൃതിയുടെ അപരവത്കരണവും ഉത്പാദനവ്യവസ്ഥിതിയിൽ സംഭവിച്ച വ്യവസായികവും യന്ത്രാധിഷ്ഠിതവുമായ പരിവർത്തനങ്ങളും ശിഥില രൂപത്തിലുള്ള വ്യക്തിസത്തയുടെ കവിതയിലെ ആവിഷ്കരണത്തിന് കാരണമായിട്ടുണ്ട്. യഥാർത്ഥത്തിൽ മലയാള കവിത സ്ത്രീ, പ്രകൃതി, ദളിത് സത്തകളുടെ ഭാഗത്ത് നിന്ന് കൊണ്ട് പ്രത്യയശാസ്ത്രപരമായി ഏകീകരിക്കപ്പെട്ട ഒരു വിമോചന സങ്കല്പത്തിലേയ്ക്ക് കടക്കുന്ന ഘട്ടം കൂടിയാണിത്. അറുപതുകൾ തൊട്ടുള്ള ആദ്യ കാലയളവിൽ നഗര, ഗ്രാമ ആവിഷ്കരണത്തിനിടയ്ക്കാണ് സ്ത്രീ, പ്രകൃതി, ദളിത് സത്തകൾ നിലവിലുള്ള ഉത്പാദന വ്യവസ്ഥിതിയുമായി സംഘർഷപ്പെടുന്നത്. അതുകൊണ്ട് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പരിപ്രേക്ഷ്യത്തിൽ നിന്നു കൊണ്ട് കവിതയ്ക്കകത്ത് ആധുനികതയുടെ ഭാഗമായി സ്ത്രീക്കും പ്രകൃതിക്കും സംഭവിച്ച സ്വത്വപരമായ ശൈഥില്യങ്ങളെയും പ്രതിരോധങ്ങളെയും കണ്ടെത്താനാണ് ആദ്യം ശ്രമിക്കുന്നത്.

3.1. ഗ്രാമ-നഗരദ്വന്ദ്വം

ആധുനികപഠനം വിമർശനാത്മകമായി പരിണമിക്കുന്നത് കേരളീയ ബൗദ്ധിക സാഹചര്യം കൊളോണിയൽ ആധുനികതയെ പിൻപറ്റി ആധുനികാനന്തരപഠനങ്ങളിലേക്ക് പ്രവേശിക്കുന്നതോടെയാണ്. കൊളോണിയൽ ആധുനികത ലിബറൽ മാനവികമൂല്യങ്ങളിൽ അധിഷ്ഠിതമായാണ് സമൂഹത്തെ രൂപപ്പെടുത്തിയെടുക്കാൻ ശ്രമിച്ചത്. പാശ്ചാത്യ വിദ്യാഭ്യാസം സമൂഹത്തിന്റെ ഉന്നതതലത്തെ പാശ്ചാത്യദർശനങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ട് സവർണപരവും പുരുഷകേന്ദ്രിതവുമായി നിലനിർത്തി. ഈ ബൗദ്ധിക സാഹചര്യത്തിലാണ് കൊളോണിയൽ ആധുനികതയ്ക്ക് ദായക്രമത്തിലെ മാറ്റത്തിലൂടെയും അണുകുടുംബത്തിന്റെ രൂപീകരണത്തിലൂടെയും

പ്രചാരം സിദ്ധിച്ചത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെത്തന്നെ കേരളത്തിന്റെ ബൗദ്ധിക സാഹചര്യം ഈ കൊളോണിയൽ ആധുനികതയ്ക്ക് കീഴ്പ്പെട്ടിരുന്നു.[1] പാശ്ചാത്യ മാനവിക സങ്കല്പങ്ങളാണ് കേരളത്തിലെ സാമൂഹിക പരിഷ്കരണശ്രമങ്ങളുടെ അടിത്തറയായി സ്വീകരിക്കപ്പെട്ടത്. ജാതിനിഷ്ഠമായ കേരളത്തിന്റെ പരമ്പരാഗത ഉത്പാദനവ്യവസ്ഥിതിയെ പിൻതള്ളി ആധുനികതയുടെ ജ്ഞാനവ്യവഹാരങ്ങൾ നഗരവത്കരണത്തിനും വ്യവസായവത്കരണത്തിനും പ്രാമുഖ്യം നൽകി. കേരളത്തിലെ ഭൂപരിഷ്ക്കരണനയങ്ങളും, മൂലധനാധിഷ്ഠിതമായ ഭൂമിയുടെ ക്രയവിക്രയങ്ങളും പരമ്പരാഗത കർഷിക ഉത്പാദനവ്യവസ്ഥിതിയെ അപ്രായോഗികമാക്കി. പ്രകൃതി ഈ കാലയളവിൽ മൂലധനാധിഷ്ഠിതമായ ഉത്പാദനവ്യവസ്ഥിതിയുടെ ഭാഗമായി മാറി. കൊളോണിയൽ ആധുനികതയുടെ ജ്ഞാനപരിസരമാണ് പ്രകൃതിയെ ഇത്തരത്തിൽ മൂലധനാധിഷ്ഠിതമായ ഉപഭോഗവസ്തുവാക്കി മാറ്റിയത്. കേരളത്തിലെ വയലുകളും, കുന്നുകളും, കാവുകളും പച്ചപ്പും നഗരവത്കരണത്തിന്റെ വ്യവഹാരങ്ങളുടെ ഭാഗമായി നഷ്ടപ്പെട്ടു. ഈ ശൂന്യതാബോധം നഗര/ഗ്രാമസംഘർഷത്തിന്റെ രൂപത്തിൽ അമ്പതുകളിലെ കവിതകളിൽ പ്രത്യക്ഷമായിരുന്നു. 'കുറ്റിപ്പുറം പാലം' എന്ന കവിതയിൽ ഇടശ്ശേരി (ഇടശ്ശേരി ഗോവിന്ദൻ നായർ 1906–1974) പ്രകൃതിയുടെ നഷ്ടത്തെ ഗൃഹാതുരമായ ഗ്രാമീണസ്മൃതികളിലൂടെയാണ് അനുഭവപ്പെടുത്തുന്നത്. ഇരുപത്തിമൂന്നോളം ലക്ഷം രൂപ ചെലവാക്കി നിർമിച്ച പാലത്തിന് മുകളിൽനിന്ന് കവി ഓർത്തെടുക്കുന്നത് പേരാറിനടുത്ത് കഴിച്ചുകൂട്ടിയ ബാല്യകാലത്തെയാണ്. 'കുറ്റിപ്പുറം പാലം' എന്ന കവിതയിലൂടെ ഗ്രാമം, നഗരം എന്നീ സ്ഥലകാലങ്ങളെയാണ് കവി ബന്ധിപ്പിക്കുന്നത്. അതുകൊണ്ടാണ് പാലത്തിന് മുകളിൽ അഭിമാനത്തോടെ കയറി നിൽക്കുമ്പോഴും കവി തന്റെ ഗ്രാമത്തെ ഓർത്ത് ആശങ്കപ്പെടുന്നത്. കവി തന്റെ ഗ്രാമത്തെ മാധുര്യം നിറഞ്ഞ കളിക്കൂട്ടുകാരിയായിട്ടാണ് കരുതുന്നത്. അതുകൊണ്ട് തന്നെ പുതിയ പാലത്തിന്റെ കടന്നുവരവ് ഈ കളിക്കൂട്ടുകാരിയെ, ഗ്രാമത്തെ എന്നന്നേക്കുമായി നഷ്ടപ്പെടുത്തിയേക്കുമെന്ന് കവി ആകുലപ്പെടുന്നു.[2]

പാടങ്ങളും കുന്നുകളും തോട്ടങ്ങളും നിറഞ്ഞ ഗ്രാമീണഭംഗി പിന്നിലേക്ക് മറയുകയാണെന്ന യാഥാർത്ഥ്യത്തെ കവി പാലത്തിന് മുകളിൽ നിന്നുകൊണ്ട് അഭിമുഖീകരിക്കുന്നുണ്ട്. പകരമെത്തുന്നത് ഖനിജ ഇന്ധനങ്ങളുടെ നാഗരിക ലോകമാണ്. ഈ ഗ്രാമ/നഗര സംഘർഷം കൊളോണിയൽ ആധുനികതയുടെ സൃഷ്ടി

യാണ്. അറുപതുകളിലെത്തുമ്പോൾ മലയാളകവിത ഈ ആധുനികതയുടെ തന്നെ സൃഷ്ടിയായ മധ്യവർഗ പുരുഷന്റെ സ്വത്വസംഘർഷങ്ങളോട് കടപ്പെട്ടിട്ടാണ് നില നിൽക്കുന്നത്. ആദ്ധ്യാത്മിക സാംസ്കാരികപരിസരത്തോടും, ആധുനികത പകർന്ന് നൽകിയ ശാസ്ത്രീയമായ അറിവുകളോടും ഐക്യപ്പെട്ടുകൊണ്ട് സ്വീകരിക്കുന്ന ദ്വന്ദ്വാത്മക നിലപാടാണ് ഈ കാലഘട്ടത്തിന്റെ പൊതുവെയുള്ള പ്രത്യേകത. അതുകൊണ്ടുതന്നെ കൊളോണിയൽ ആധുനികതയുടെ ജ്ഞാനവ്യവഹാരങ്ങളിലൂടെ ഉയർന്നുവന്ന കർത്തൃത്വം ആധുനിക മലയാളകവിതയിൽ സവർണ പരിപ്രേക്ഷ്യത്തിനകത്തെ മധ്യവർഗത്തെയാണ് പ്രതിനിധീകരിക്കുന്നത്. മധ്യവർഗപ്രത്യയശാസ്ത്ര രൂപീകരണത്തിന്റെ ഈ ഘട്ടത്തിൽ കിരാതനായും, കാട്ടാളനായും വജ്രകുണ്ഡലം തേടുന്ന പുരാണകഥാപാത്രമായും യക്ഷനായുമാണ് ഈ കർത്തൃത്വം തന്റെ സ്വത്വത്തെ അന്വേഷിക്കുന്നത്.[3] നഗരവത്കരണത്തെ പ്രശ്നവത്കരിച്ചുകൊണ്ട് സ്ത്രീയെയും പ്രകൃതിയെയും ഇരകളുടെ സ്ഥാനത്ത് ഒരേ സ്വത്വത്തോടെ നിർമിച്ചെടുക്കുകയാണ് ഈ കാലയളവിൽ കവിത ചെയ്യുന്നത്. മധ്യവർഗപുരുഷന്റെ സ്വത്വ സംഘർഷങ്ങളിലൂടെയാണ് ഇത് സാധ്യമാക്കുന്നത്. കൊളോണിയൽ ആധുനികത രൂപപ്പെടുത്തിയ മധ്യവർഗത്തിന്റെ അനുഭവപരിസരങ്ങളിൽനിന്നാണ് മാധവൻ അയ്യപ്പത്തും, കക്കാടും, അയ്യപ്പപ്പണിക്കരും നഗരവത്കരണത്തെക്കുറിച്ചും പരിസ്ഥിതി നഷ്ടത്തെക്കുറിച്ചും എഴുതുന്നത്.

മാധവൻ അയ്യപ്പത്തിന്റെ മണിയറക്കവിതകൾ നാഗരിക മനുഷ്യജീവിതത്തിന്റെ പ്രവചനഗീതികളായിട്ടാണ് വിലയിരുത്തപ്പെടുന്നത്.[4] കാലത്തെ പിന്നിലേക്ക് ചലിപ്പിച്ചുകൊണ്ട് അശ്രാന്തവും യുദ്ധഭരിതവുമായ നാഗരികലോകത്ത് നിന്ന് പലായനം ചെയ്യാനാണ് മാധവൻ അയ്യപ്പത്ത് തന്റെ കവിതകളിൽ ശ്രമിക്കുന്നത്. ആധുനിക മാനവികത എന്നത് കൊളോണിയൽ ആധുനികതയുടെ സാമ്രാജ്യത്വതാല്പര്യങ്ങളെ ഉൾക്കൊള്ളുന്നതായിരുന്നുവെന്ന് നഗരത്തിന്റെ വർണനകൾ തെളിയിക്കുന്നു.

> "കുന്നുകുന്നായിക്കിടക്കും ശവങ്ങൾ തൻ
> പിന്നിൽ നിൽപ്പുണ്ടൊരാൾ-ഏകാകി,
> വിഹ്വലൻ
> പിന്നോട്ടു നീക്കുകയാണു ഘടികാര
> സൂചികളയാൾ വിറയ്ക്കുന്ന കൈകളാൽ"[5]

നാഗരിക ലോകത്ത് വിശ്വാസരാഹിത്യത്തെ, സ്വത്വസംഘർഷത്തെ നേരിടുന്ന വ്യക്തിയാണ് കാലഘടികാരത്തെ പുറകിലോട്ട് നീക്കുന്നത്. നഗരാന്തരീക്ഷത്തിന്റെ അതിഭാവുകത്വങ്ങളെയാണ് കവി സ്ത്രീപുരുഷബന്ധത്തിനേയും, ഈശ്വരനിർമിതിയിൽ വ്യത്യസ്ത മതവിഭാഗങ്ങൾ പുലർത്തുന്ന അന്തരങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഈ കവിതയിൽ അവതരിപ്പിക്കുന്നത്. പ്രകൃതി ഇവിടെ നഗരത്തിന്റെ ബീഭത്സതകൾക്ക് കീഴിൽ അടിമപ്പെട്ട് കിടക്കുന്ന സത്തയാണ്. നഗരത്തിൽ എത്തിപ്പെടുന്ന വ്യക്തിയുടെ സംഘർഷങ്ങളിലൂടെയാണ് വായനക്കാരനിൽ നൈസർഗികമായ പ്രകൃതിയുടെ സാന്നിധ്യം ഉന്നിദ്രമാക്കുന്നത്. കക്കാടിന്റെ കവിതകളിൽ പ്രകൃതിയിലെ പരിണതികൾ നേർകാഴ്ചയായിട്ടാണ് അനുഭവപ്പെടുന്നത്. ഗ്രാമത്തിന്റെ ഓർമകളും നഗരത്തിന്റെ കാഴ്ചകളും വായനക്കാരനെ ഉപജീവിക്കുന്നത് രണ്ട് വേറിട്ട കാലങ്ങളിലെ അനുഭവങ്ങളെ നിരത്തിക്കൊണ്ടാണ്.

"നഗരജീവിതത്തിന്റെ ബീഭത്സത ഗ്രാമത്തെളിമയുടെ പരഭാഗമായിട്ടും, പട്ടിണിയിൽ അമർന്ന ഗ്രാമദൈന്യത്തെ നഗരം വെച്ചുനീട്ടുന്ന പ്രലോഭനത്തിന്റെ പശ്ചാത്തലമായിട്ടും മാറി മാറി വരച്ച് ചേർത്താണ്, സമൂഹത്തെ ആകമാനം ഗ്രസിച്ചിരിക്കുന്ന യന്ത്രസംസ്കൃതിയുടെ കരാളമായ മുഖം കക്കാട് കാട്ടിത്തരുന്നത്." [6]

"കുലപതിയെവിടെ
ഇവിടെയായിരുന്നല്ലോ ആശ്രമം?
എന്നും നിറഞ്ഞ പൊയ്കയും അതിൽ
എന്നും വിളഞ്ഞ ഒരു നെൽക്കതിരും
ആശ്രമത്തിന്റെ തൊട്ടുണ്ടായിരുന്നു
ഇപ്പോഴിതാ, ഇവിടെ
കോൺക്രീറ്റ് കാടുകൾ വളർന്നിരിക്കുന്നു." [7]

പൗരാണിക കഥാസന്ദർഭങ്ങളെ നിലനിർത്തിക്കൊണ്ട് ഇവിടെ കക്കാടിന്റെ കവിത പ്രകൃതിയുടെ സ്വാഭാവികതകളുടെ നഷ്ടത്തെയോർത്ത് വിലപിക്കുന്ന നാഗരിക വ്യക്തിത്വത്തെയാണ് നമ്മുടെ മുന്നിൽ നിർത്തുന്നത്. ആത്യന്തികമായി പാരമ്പര്യവും നാഗരികതയും തമ്മിലുള്ള സംഘർഷത്തിൽ നിന്നാണ് കക്കാടിന്റെ കവിതകൾ ഉരുത്തിരിയുന്നത്. [8]

എൺപതുകളോടെ ഈ ഗ്രാമ/നഗര സംഘർഷം കവിതയിൽ സൈലന്റ് വാലി പ്രക്ഷോഭത്തെ തുടർന്നുണ്ടായ പാരിസ്ഥിതികാവബോധവുമായി കൂടിചേരുന്നുണ്ട്. അയ്യപ്പപ്പണിക്കരുടെ 'കാടെവിടെ മക്കളേ?' എന്ന കവിത ഈയർത്ഥത്തിലാണ് പ്രസക്തമാകുന്നത്. ഈ കവിതയിൽ വ്യവസായികവികസനത്തിനുവേണ്ടി നഷ്ടപ്പെടുത്തിയ ഭൂവിഭാഗങ്ങളെക്കുറിച്ചും ജലസ്രോതസ്സുകളെക്കുറിച്ചുമാണ് ഉച്ചത്തിൽ പാടുന്നത്. കാടും മേടും കാട്ടുപൂഞ്ചോലയും നഷ്ടപ്പെട്ട് കഴിഞ്ഞു. അതോടൊപ്പം നന്മയുടെ ഒരു കാലവും കൂടി പടിയിറങ്ങിപ്പോയി. ഇനി പുതുതലമുറയ്ക്കായ് അവശേഷിക്കുന്നത് മലിനമായ ആകാശവും ഭൂമിയും മാത്രാമാണെന്ന് കവി ഓർമപ്പെടുത്തുന്നു.

"വിഷവാതമുതാത്ത
വിഷവാണി കേൾക്കാത്ത
വിഷനീർ കുടിക്കാത്ത
നാടെവിടെ മക്കളേ?" [9]

വിഷ്ണുനാരായണൻ നമ്പൂതിരിയുടെ 'കാടിന്റെ വിളി' എന്ന കവിതയിൽ ഈ കാടിന്റെ നഷ്ടം പ്രകൃതി സാന്നിധ്യങ്ങളുടെ നഷ്ടത്തിനപ്പുറത്ത് ആദ്ധ്യാത്മിക സാംസ്കാരിക പൈതൃകത്തിന്റെ നഷ്ടത്തിനെകൂടി ഉൾവഹിക്കുന്നുണ്ട്.[10] പ്രകൃതിയുടെ ഭാഗമാണെന്ന് സ്വയം കണ്ടറിഞ്ഞ് മോക്ഷാർത്ഥം പ്രകൃതിയുമായി ഇണങ്ങിക്കഴിയുന്ന ആദ്ധ്യാത്മികത കലർന്ന സ്വത്വത്തെയാണ് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിലുടനീളം കാണാൻ കഴിയുക. അദ്ദേഹത്തിന്റെ കവിതയിൽ കാടിന്റെ നഷ്ടം അമ്മയെന്ന നിലയിൽ പ്രകൃതിയിൽനിന്നുള്ള വേർപെടലാണ്.

"പ്രകൃതിചൈതന്യത്തെ ഈശ്വരചൈതന്യമായിത്തന്നെ കണ്ട് തന്നിലെ ജീവചൈതന്യവുമായി അതിനെ ബന്ധപ്പെടുത്തി സ്വന്തം സ്വത്വത്തെ അഥവാ ഉണ്മയെ പ്രകൃതിയുടെ ഭാഗമായി കാണുന്ന ഒരു ആദ്ധ്യാത്മിക വീക്ഷണത്തെയാണ് വിഷ്ണുനാരായണൻ നമ്പൂതിരി തന്റെ കവിതകളിൽ സ്വാംശീകരിച്ചിട്ടുള്ളതെന്ന് കാണാൻ വിഷമമില്ല." [11]

നാടിന്റെ നിലനില്പ് കാടിന്റെ നിലനില്പുമായി ബന്ധപ്പെട്ടതാണെന്ന് വിശദീകരിക്കുന്നിടത്താണ് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിത സ്വകീയം

എന്നതിനപ്പുറത്തേക്ക് സാമൂഹ്യപ്രതിബദ്ധതയോടെ ഉയരുന്നത്.

"നാടു നാടായിത്തുടരണമെങ്കിലോ
കാടു വളർത്തുവിൻ നാട്ടാരേ
നാടു കാടായിത്തുലയാതിരിക്കാനും
കാടു വളർത്തുവിൻ നാട്ടാരെ!"[12]

പൗരാണിക പ്രകൃതിസങ്കല്പത്തോട് ചേർന്ന് നിന്നാണ് പാരിസ്ഥിതികാവ ബോധത്തിന്റെ വിമർശനാത്മകസമീപനത്തെ ഉൾക്കൊള്ളുന്ന 'യുഗളപ്രസാദൻ', 'പിതൃയാനം', 'കാടിന്റെ വിളി' എന്നീ കവിതകൾ അദ്ദേഹം എഴുതിയത്. വിഷ്ണു നാരായണൻ നമ്പൂതിരിയിൽനിന്ന് ഭിന്നമായി ചെറിയാൻ കെ. ചെറിയാൻ കവിതക ളിൽ പ്രകൃതി വർഗാധിഷ്ഠിതമായ സ്വത്വബോധത്തെ അന്തർവഹിക്കുന്നുണ്ട്. 'രണ്ടു കൊമ്പുള്ള മരം' എന്ന കവിതയിൽ പ്രകൃതി, നഗരം തടവിലാക്കിയ നിരപരാധിയായ അടിമയാണ്. 'ഭസ്മാസുരൻ' എന്ന കവിതയിലെ ഭസ്മാസുരനും ഈ നാഗരികസത്ത യുടെ പ്രതിരൂപമായി പരിഗണിക്കാവുന്നതാണ്. സൃഷ്ടിയേക്കാൾ സംഹാരത്തെ ഉള്ളം കയ്യിൽ ഒതുക്കുന്ന ആധുനികമനുഷ്യന്റെ പ്രതീകമാണ്. മനുഷ്യകേന്ദ്രിതമായ പുരോഗമന താല്പര്യത്താൽ പ്രകൃതിയെ കീഴടക്കുന്നവനാണ് ആധുനിക മനുഷ്യൻ. പ്രകൃതിക്കുമേലേയുള്ള അധീശത്വമാണ് ആധുനികമനുഷ്യന്റെ വ്യവഹാരങ്ങളുടെ അടിസ്ഥാനം. കവിതയിലെ ഭസ്മാസുരൻ പ്രകൃതിയ്ക്ക് മേലെയാണ് തന്റെ സ്ഥാനമുറപ്പിക്കുന്നത്. നൂറ്റാണ്ടുകളിലൂടെ സഞ്ചരിച്ച അവന്റെ ജ്ഞാനതൃഷ്ണയാണ് പ്രകൃതിക്ക് മീതെയുള്ള ആധിപത്യത്തെ നേടികൊടുത്തത്. തന്റെ ഇംഗിതങ്ങൾക്കനു സരിച്ച് രൂപപ്പെടുത്തിയെടുക്കുന്ന പ്രകൃതിയാണ് അവന്റെ മുന്നിലുള്ളത്.[13]

പ്രകൃതിയെക്കൂടാതെ സാമൂഹ്യപരമായ മേധാവിത്വനോട്ടങ്ങൾക്ക് കീഴിൽ തടവിലാക്കപ്പെട്ട പെൺശരീരങ്ങളും അദ്ദേഹത്തിന്റെ കവിതയുടെ ഭാഗമാണ്. 'പെണ്ണു കാണൽ' എന്ന കവിതയിൽ സ്ത്രീ പ്രദർശനവസ്തുവാണ്. സ്ത്രീ കുടുംബത്തിൽ സാമ്പത്തികാധിഷ്ഠിതമായി വ്യവഹാരം ചെയ്യപ്പെടുന്നതിന്റെ നേർക്കാഴ്ചയാണ് ഈ കവിത. വിവാഹകമ്പോളത്തിൽ സമ്പത്തും ശരീരവുമാണ് സ്ത്രീയുടെ വില നിർണയിക്കുന്നത്. ഈ സാമൂഹ്യ സാഹചര്യത്തെയാണ് കവിതയിൽ ഉപയോഗപ്പെ ടുത്തിയിട്ടുള്ളത്.

സമൂഹത്തിന്റെ ലിംഗകേന്ദ്രീകൃത സ്വഭാവത്തിന്റെ കാലികമായ മാറ്റത്തിനുതകും വിധത്തിലാണ് ചെറിയാൻ കെ. ചെറിയാൻ ഈ കവിതയുടെ അവസാനഘട്ടത്തെ രൂപപ്പെടുത്തിയിട്ടുള്ളത്. കവിത സ്ത്രീപുരുഷ സമത്വത്തിന്റെ പരിസരത്തെ സൃഷ്ടിക്കുന്നുണ്ട്. ആറ്റൂരിന്റെ 'സംക്രമണം' എന്ന കവിതയിലും സ്ത്രൈണസത്തയുടെ സ്വത്വാധിഷ്ഠിതമായ പരിണതി അഭിലഷിക്കുന്നുണ്ട്. പക്ഷേ സ്ത്രൈണസത്തയിലേക്ക് മൃഗവീര്യത്തെ പകർന്ന് നൽകുക വഴി ഒരതിഭാവുകത്വമാണ് കവിത പ്രകടിപ്പിക്കുന്നത്. ആന്തരികമായി കവിത ഗ്രാമ/നഗര ദ്വന്ദ്വപരിസരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. കവിത തുടങ്ങുന്നത് ഭൂതകാലത്തെയും വർത്തമാനകാലത്തെയും ബന്ധിപ്പിച്ചുകൊണ്ടാണ്. ഭൂതകാലം ഇറങ്ങിച്ചെല്ലുന്നത് ഗ്രാമീണതയിലെ പിതൃകേന്ദ്രീകൃത കുടുംബവ്യവസ്ഥയ്ക്കകത്തേക്കാണ്. ഈ വ്യവസ്ഥയ്ക്ക് കീഴിലാണ് സ്ത്രീസമൂഹം സ്വത്വം നഷ്ടപ്പെട്ട് ജഡതുല്യമായി കഴിഞ്ഞ് കൂടിയിരുന്നത്.

"കുറെ നാളായുള്ളി-
ലൊരുത്തി തൻ ജഡമളിഞ്ഞു നാറുന്നു,
വിരലുകൾ മൂക്കിൽ
തിരുകിയാണു ഞാൻ നടപ്പതെങ്കിലും
അരികത്തുള്ളോരു-
മകലത്തുള്ളോരുമൊഴിഞ്ഞു മാറുന്നു."[14]

തന്റെയുള്ളിലാണ് കവി ഒരു പെണ്ണിന്റെ ജഡം അളിഞ്ഞുനാറുന്നതായി കണ്ടെത്തുന്നത്. ഈ നിരീക്ഷണം രണ്ടുതലത്തിലാണ് അർത്ഥത്തെ ഉത്പാദിപ്പിക്കുന്നത്. ഒന്ന് എഴുത്തുകാരന്റെ പക്ഷത്ത് നിന്നുള്ളതും രണ്ടാമത്തേത് സമൂഹത്തിന്റെ പക്ഷത്ത് നിന്നുള്ളതും. എഴുത്തുകാരൻ പെൺജീവിതത്തിന്റെ ജഡാവസ്ഥയോട് ഒരകൽച്ച കവിതയിലുടനീളം പാലിക്കുന്നുണ്ട്. മൂക്കുപൊത്തി കൊണ്ടാണ് കവിയുടെ നടപ്പ്. സ്ത്രീയെ 'അത്' എന്നാണ് കവിതയുടെ തുടക്കത്തിൽ സംബോധന ചെയ്യുന്നത്. എന്നാൽ സാമൂഹികമായി ഉത്പാദിപ്പിക്കപ്പെടുന്ന അർത്ഥം വ്യവഹാരങ്ങളിൽ പിൻതുടരുന്ന അധികാരസമുച്ചയങ്ങളുമായി ബന്ധപ്പെട്ടതാണ്. ഇവിടെ സ്ത്രീ കുടുംബത്തിന്റെ പരിധിയിൽനിന്ന് സമൂഹത്തിന്റെ ഉത്പാദനവ്യവസ്ഥയോട് ബന്ധപ്പെട്ട് വളരുന്നു. ഈ ഉത്പാദനവ്യവസ്ഥിതി നിർണയിക്കുന്ന തൊഴിൽ പരിസരങ്ങളിലാണ് സ്ത്രീ കുറ്റിച്ചൂല്, നാറത്തേപ്പ്, ഞെണുങ്ങിയ വക്കാർന്ന കഞ്ഞിപ്പാത്രം

എന്നീ സുചിതാർത്ഥങ്ങളിലേക്ക് വ്യാപരിക്കുന്നത്. ആത്യന്തികമായി കവിത വ്യക്തിപ രതയിൽനിന്ന് സാമൂഹ്യപരതയിലേയ്ക്ക് സംക്രമിക്കുന്നു. ആധുനികാനന്തരപഠനങ്ങ ളുടെ പിൻബലത്തിൽ ഈ കവിതയിലെ അധികാരപരിസരങ്ങളെ പഠിക്കാവുന്നതാണ്. അധികാരവുമായി ബന്ധപ്പെട്ട് കവിത ഉത്പാദിപ്പിക്കുന്ന അർത്ഥങ്ങളിലൂടെ കവിയുടെ സ്ഥാനത്തെ പുനർനിർണയിക്കാവുന്നതാണ്. പ്രത്യക്ഷത്തിൽ കവിത കവിയുടെ പക്ഷത്ത് നിന്നുകൊണ്ട് സ്ത്രൈണശക്തിയുടെ ഉയിർത്തെഴുന്നേൽപ്പിനായി ശ്രമിക്കുന്നുണ്ടെങ്കിലും സ്ത്രീയുടെ സാമൂഹികപദവിയിൽ കാര്യമായ മാറ്റത്തിന് കവി മുതിരുന്നില്ല. സ്ത്രീയുടെ ഉടലിൽ മൃഗവീര്യത്തെ പകർന്ന് അവളെ സാങ്കല്പികമായി മാത്രം ഉത്തേജിപ്പിച്ചെടുക്കുവാനാണ് കവി ശ്രമിക്കുന്നത്. ഫലത്തിൽ കവിത പുരുഷപക്ഷത്ത് നിന്നുകൊണ്ടുള്ള സ്ത്രീസ്വത്വത്തിന്റെ വിഭാവനം മാത്രമായി മാറുന്നു. എത്ര ദൂരങ്ങൾ താണ്ടിയിട്ടും എഴുന്നേൽക്കാൻ കെൽപ്പില്ലാത്ത സ്ത്രൈണ ചേതനയെ കവി സാമൂഹികാന്തരീക്ഷത്തിന്റെ അർത്ഥപരിസരത്ത് ഉപേക്ഷിച്ചിട്ടാണ് വ്യക്തി തലത്തിൽ അകന്നുമാറി നിന്നുകൊണ്ട് അവളുടെ സ്ത്രൈണചേതനയെ സാങ്കല്പികമായി പുതുക്കിയെടുക്കാൻ ശ്രമിക്കുന്നത്.

> "പുറപ്പെട്ടേടത്തി,
> ന്നൊരായിരം കാതമവൾ നടന്നിട്ടും
> കുനിഞ്ഞുവീഴുന്നു-
> ണ്ടൊരായിരം വട്ടം നിവർന്നുനിന്നിട്ടും,
> ഉണർന്നിട്ടില്ല വ-
> ളൊരായിരം നെഞ്ചിൽ ചവിട്ടു കൊണ്ടിട്ടും"[15]

എഴുപതുകളോടെയാണ് ആധുനിക കവിത ഇത്തരത്തിൽ അടിച്ചമർത്തപ്പെടു ന്നവർക്കായി ശബ്ദമുയർത്തുന്നത്. ഈ വിപ്ലവാത്മക സമീപനത്തിന്റെ ഭാഗമായി ദളിത് പക്ഷത്ത് നിന്നുകൊണ്ട് എഴുതിയ കവിയാണ് കടമ്മനിട്ട രാമകൃഷ്ണൻ. ആധുനിക വ്യക്തി നേരിടുന്ന ഗ്രാമ/നഗരസംഘർഷങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ കവിത കൾ രൂപപ്പെട്ടിട്ടുള്ളത്.[16] പൊയ്പോയ ഗ്രാമീണ സമൃദ്ധിയിൽ അഭിരമിക്കുകയും രോഷംകൊള്ളുകയും ചെയ്യുന്ന മധ്യവർഗഗ്രാമീണന്റെ ആത്മസംഘർഷങ്ങളാണ് കടമനിട്ടയുടെ കവിതകൾ. ദളിത് പരിപ്രേക്ഷ്യത്തിൽ എഴുതപ്പെട്ട 'കിരാതവൃത്തം',

'കാട്ടാളൻ', 'കുറത്തി' എന്നീ കവിതകളിലും നഷ്ടഗ്രാമസ്മൃതിയാണ് മുന്നിട്ടു നിൽക്കുന്നത്. കാട് നഷ്ടപ്പെട്ട കാട്ടാളനും, കുറത്തിയും ഒരേ സ്വത്വത്തിന്റെ ഭിന്ന മുഖങ്ങളാലാണ് കവിതയിൽ കടന്നുവരുന്നത്. തലനോവുമ്പോൾ അരച്ചുപുരട്ടുന്ന പച്ച മരുന്നുകളും, തൈലം കാച്ചുന്ന താമരവളയവും പൈങ്കിളികളും പഴങ്കൂത്തുമില്ലാത്ത ദരിദ്രമായ ഭൂമിയിലാണ് കാട്ടാളനും കുറത്തിയും നില്ക്കുന്നത്.

"എവിടെൻ കിനാക്കൾ വിതച്ചോ-
രിടിമിന്നലു പൂക്കും മാനം
എവിടെന്റെ തുളസിക്കാടുകൾ, ഈറൻമുടി
കോതിയ സന്ധ്യകൾ?
പച്ചപ്പൈ ചാടി നടക്കും
മുത്തങ്ങാപ്പുല്ലുകളെവിടെ?"[17]

ആത്യന്തികമായി താമരവളയം, തുളസിക്കാടുകൾ, മുത്തങ്ങാപ്പുല്ലുകൾ, പ്ലാപ്പോള, കാട്ടുമുല്ല, കരിങ്കുറിഞ്ഞി, മലഞ്ചൂരൻ, ഈറ്റപ്പുലി, ചെന്നായ്ക്കൾ തുടങ്ങിയ ജൈവവൈവിധ്യങ്ങളേയും പാട്ട്, കൂത്ത്, തുളസിത്തറ, തപ്പ് തുടങ്ങിയ ഗ്രാമീണ നഷ്ടസ്മൃതികളുടെയും അനുഷ്ഠാനപദസൂചകങ്ങളുടേയും കുറുകെയാണ് നഗരജീവിതവുമായി ബന്ധപ്പെട്ട അനുഭവഘടന കടമ്മനിട്ട കവിതയിൽ ഇടം തേടുന്നത്.[18] അതുകൊണ്ട് തന്നെ 'കാട്ടാളൻ', 'കുറത്തി' എന്നീ കവിതകൾ പ്രത്യയ ശാസ്ത്രപരമായി ദളിത് പക്ഷത്തോട് കൂട്ടിയിണക്കപ്പെടുന്നുണ്ടെങ്കിലും നാഗരികത നഷ്ടപ്പെടുത്തിയ പ്രകൃതിയെയോർത്ത് സങ്കടപ്പെടുന്ന ഒരു ഗ്രാമീണന്റെ വ്യഥകളെ കൂടി ഉൾക്കൊള്ളുന്നുണ്ട്. 'കടമ്മനിട്ട', 'ഞാനിന്നുമെന്റെ ഗ്രാമത്തിലാണ്' എന്നീ കവിതകൾ കടമ്മനിട്ട തന്റെ ഗ്രാമത്തോടുള്ള അനുഭവപരിചയത്തെ നഗര സംസ്കൃതിയുടെ നടുവിലും കൈവെടിയുന്നില്ല എന്നതിന്റെ തെളിവുകളാണ്. ഗ്രാമസ്മൃതികളിലേക്കുള്ള പിൻമടക്കം കടമ്മനിട്ട കവിതകളുടെ അടിസ്ഥാന സവിശേഷതയാണ്.

നഗരവത്ക്കരണത്തിനും നവവ്യവസായിക മൂല്യങ്ങൾക്കുമിടയിൽ മൂല്യം നഷ്ട പ്പെടുന്ന പ്രകൃതിക്ക്, ജനവിഭാഗങ്ങൾക്ക് തന്റെ കവിതകളിലൂടെ വിമോചനാത്മകമായി പുനസൃഷ്ടി നൽകുകയാണ് കടമ്മനിട്ട ചെയ്യുന്നത്. പർശ്വവത്കൃതമായ പ്രകൃതികളു

ളുമായുള്ള അനുഭവൈക്യമാണ് കടമ്മനിട്ടയെപ്പോലെ സച്ചിദാനന്ദന്റെ കവിതകൾക്കും തീവ്രമായ സംവേദനതലത്തെ പ്രദാനം ചെയ്യുന്നത്. എൺപതുകളോടെ ദൃഢപ്പെട്ട പരിസ്ഥിതിയവബോധത്തിന്റെ ബൗദ്ധികതലങ്ങളും യുക്തിയും സച്ചിദാനന്ദന്റെ കവിതയിൽ പ്രകടമാണ്. മൂന്നാംലോകരാഷ്ട്രങ്ങൾക്ക് മീതെയുള്ള അധിനിവേശ ശക്തികളുടെ അധികാരവികേന്ദ്രീകരണവും ആണവദുരന്തങ്ങളുമാണ് സച്ചിദാനന്ദന്റെ കവിതകളെ പരിസ്ഥിതിവാദത്തിന്റെ പരിപ്രേക്ഷ്യത്തിൽ സക്രിയമാക്കുന്നത്. 'ഗ്രാമം' സച്ചിദാനന്ദന്റെ കവിതകളിൽ അതിർത്തികൾക്കപ്പുറത്തേക്ക് വ്യാപരിക്കുന്ന യാഥാർത്ഥ്യമാണ്. പ്രകൃതിയുടെ നഷ്ടം മനുഷ്യസമൂഹത്തിന്റെയൊട്ടാകെയുള്ള നഷ്ടമാണ്.

ഏഴിമലയിൽ നേവൽ അക്കാദമി സ്ഥാപിക്കുന്നതിനോടുള്ള പ്രതിഷേധമായി എഴുതപ്പെട്ട സച്ചിദാനന്ദന്റെ കവിതയാണ് ഏഴിമല. പ്രകൃതി മനുഷ്യനുവേണ്ടിയുള്ളത് മാത്രമല്ല സർവചരാചരങ്ങൾക്കും അവകാശപ്പെട്ടതാണ് എന്ന ഓർമ്മപ്പെടുത്തലാണ് ഈ കവിത. അണ്ണാറക്കണ്ണനും ഓലേഞ്ഞാലിയും പുള്ളും കുരുവികളും നിറഞ്ഞ ജൈവികമായ ഒരാവാസവ്യവസ്ഥയിലേക്കാണ് മനുഷ്യൻ അധികാരത്തെ ഉപയോഗ പ്പെടുത്തി കടന്നുകയറിയത്. പ്രകൃതിയ്ക്കകത്തെ ജൈവികതയെ മാത്രമല്ല ഈ അക്കാദമിയുടെ വരവ് നഷ്ടപ്പെടുത്തുന്നത്. പ്രകൃതിയോടിണങ്ങി ജീവിച്ചിരുന്ന മനുഷ്യരുടെ ജീവിതമാർഗത്തെക്കൂടി ഈ അക്കാദമിയുടെ വരവ് നശിപ്പിക്കുന്നുണ്ടെന്ന് ഈ കവിത വ്യക്തമാക്കുന്നു.

"പെട്ടൊന്നൊരുദിവസം
പ്രകൃതിക്കും മനുഷ്യനുമെതിരെ
യുദ്ധം പ്രഖ്യാപിക്കപ്പെട്ടു
കർഷകന്നുവയൽ നഷ്ടപ്പെട്ടു
മുക്കുവന്നുകടൽ നഷ്ടപ്പെട്ടു
അണ്ണാർക്കണ്ണന് മരം നഷ്ടപ്പെട്ടു.
ഓലേഞ്ഞാലി നാടു കടത്തപ്പെട്ടു.
പുള്ളിന്റെ പാട്ടു നിരോധിക്കപ്പെട്ടു.
പാണന്നുനാക്കും പുലവന്നുവാക്കും
കുത്തന്നു ചുവടു നഷ്ടപ്പെട്ടു"[19]

എൺപതുകളിലെ കവിതയിൽ പ്രകൃതിയനുഭവങ്ങളുടെ ഈ നഷ്ടം സ്വത്വ വ്യവഹാരങ്ങൾക്കകത്ത് സംഭവിക്കുന്ന നഷ്ടംകൂടിയായി മാറുന്നുണ്ട്. കെ.ജി. ശങ്കരപ്പിള്ളയുടെ 'കൊച്ചിയിലെ വൃക്ഷങ്ങൾ', 'കടമ്പനാട്ട് കടമ്പില്ല' എന്നീ കവിതകൾ ഈ സംവേദനപരിസരത്തിലാണ് നിലനില്ക്കുന്നത്. 'കടമ്പനാട്ട് കടമ്പില്ല' എന്ന കവിതയിൽ കവിക്ക് തന്റെ നാളിന് ചേരുന്ന വൃക്ഷത്തെ സ്വന്തം നാടായ കടമ്പനാട്ട് കണ്ടെത്താൻ കഴിയുന്നില്ല. ഒടുവിൽ തന്റെ ഗ്രാമത്തെ നഷ്ടപ്പെടുത്തി നഗരത്തിൽ നഗരത്തിനിണങ്ങുന്ന വിധത്തിൽ സ്വയം പാകപ്പെടുത്തി ജീവിതത്തെ മുന്നോട്ട് നീക്കുന്നതിനിടയിലാണ് കവിക്ക് തന്റെയതേയവസ്ഥയിൽ സ്വത്വത്തെ നഷ്ട പ്പെട്ട നിലയിൽ കടമ്പ്മരത്തെ കണ്ടെത്താൻ കഴിഞ്ഞത്.

നഗരമധ്യത്തിലെ നീലക്കടമ്പിനോട് തന്മമയീഭവിക്കുന്ന ഈ കാവ്യവ്യക്തിത്വം ശകലിതമായ ഒരു തലമുറയുടെ, ശകലിതമായ ഗ്രാമീണസ്വത്വത്തിന്റെ പ്രതീകം കൂടിയാണ്. ഫലത്തിൽ കവിത പ്രകൃതിയിൽനിന്നുള്ള വ്യക്തിയുടെ പലായനവും അനുബന്ധമായ സ്വത്വനഷ്ടങ്ങളെയും ഭാവനാത്മകമായി സംയോജിപ്പിക്കുന്നു. സച്ചിദാനന്ദൻ ഒരു ചുവട് കൂടി മുന്നോട്ട് നീങ്ങി ഈ കവിതയെ ആധുനിക മനുഷ്യന്റെ സ്വത്വത്തിന്റെ അന്വേഷണമായും ഒടുവിൽ വികൃതവും ദുർബലവുമായ സത്തയുടെ കണ്ടെത്തലുമായാണ് വ്യാഖ്യാനിക്കുന്നത്.[20] 'കൊച്ചിയിലെ വൃക്ഷങ്ങൾ' എന്ന കവിതയിലും നേർവരപോലെ വിശ്വാസംനിറഞ്ഞ ഒരു കാലഘട്ടത്തെ നഷ്ട പ്പെടുത്തി സ്വയം പൂരിപ്പിക്കപ്പെട്ട പുതിയ അറിവുകളുടെ ഇടയിൽനിന്ന് തന്റെ സ്വത്വത്തെ സ്വതന്ത്രനാക്കാൻ കഴിയാത്ത ഒരു കവിയെയാണ് കണ്ടെത്താൻ കഴിയുക.

ഡി.വിനയചന്ദ്രന്റെ കവിതകളും സമാനമായ വായനാനുഭവത്തെ നൽകുന്നു ണ്ട്. അദ്ദേഹത്തിന്റെ 'വരവ്' എന്ന കവിത പ്രകൃതിയുടെ നഷ്ടം ഉണ്ടാക്കുന്ന വൈയക്തികവും സാമൂഹികവുമായ അകല്ചകളെക്കുറിച്ചും ദുരന്തത്തെക്കുറിച്ചുമാണ് ചർച്ചചെയ്യുന്നത്. നമ്മുടെ ഗ്രാമങ്ങൾ നഗരങ്ങളായി മാറിക്കഴിഞ്ഞു. നാം നാഗരിക ജീവിതത്തിന്റെ ശൈലിയിലേയ്ക്ക് മാറിക്കഴിഞ്ഞു. അതുകൊണ്ടുതന്നെ നമ്മുടെ ജീവിതചുറ്റുപാടുകളിൽനിന്ന് ആർദ്രത നഷ്ടപ്പെട്ട് തുടങ്ങി. പച്ചപ്പ് തുടച്ച് മാറ്റിയതിനാൽ ഒരു മരുഭൂമിയുടെ സാധ്യതയും വിദൂരമല്ല. കവിതയിലെ മരുഭൂമിയുടെ കടന്നുവരവ് നമുക്ക് മുന്നിലെ ജീവിതയഥാർത്ഥ്യത്തിന്റെ, മാറുന്ന ഭൗതിക സാഹചര്യങ്ങളുടെ തെളിവാണ്.

ഈ കവിതയിലെ ഫാക്ടറിയിലെ പുകപടലത്തിൽ അപ്രത്യക്ഷമാകുന്ന മീരാബന്നിന്റെ പ്രാവുകളും, കയ്പയ്ക്കായുടെ മുകളിലെ കീടനാശിനികളും, രാസ ജനിതകയുദ്ധങ്ങളും, മണൽപരപ്പാകുന്ന നദികളും, വൃക്ഷങ്ങളെ തേടുന്ന ഇലകളും ഒരു മരുഭൂമിയുടെ കടന്നുവരവിന്റെ സൂചനകളായിട്ടാണ് കവി അവതരിപ്പിക്കുന്നത്. പ്രകൃതി വില്പനചരക്കാകുന്ന ഈ കാലഘട്ടത്തിൽ പ്രകൃതിവിഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ലാഭാധിഷ്ഠിതമായ നിർമിതികൾക്കാണ് പ്രാധാന്യം ഉള്ളത്. പ്രകൃതിയുടെ തനത് സ്വത്വത്തെക്കാൾ പ്രദർശനവസ്തുവാക്കുന്ന, വില്പന വസ്തുവാക്കുന്ന ഈ നിർമിതികളാണ് പുതിയ സംസ്കാരത്തിന്റെ കാതൽ.

"പുഴയ്ക്കല്ലംഗീകാരം കുപ്പി വെള്ളത്തിൽ ബ്രാൻഡു
പരസ്യപ്പെടുത്തുന്നു പത്രങ്ങൾ നിരൂപകർ"[21]

തനിക്ക് ചുറ്റുമുള്ള ഈ നഗരാന്തരീക്ഷത്തിന്റെ ഊഷരതകൾക്കിടയിലും ഡി.വിനയചന്ദ്രന്റെ കവിതകൾ പ്രകൃതിയിലെ ജൈവവൈവിധ്യങ്ങളുമായി ആത്മീയമായി ഐക്യപ്പെട്ടുകൊണ്ട് തന്റെ കാവ്യസപര്യക്ക് പുതിയ മാനങ്ങൾ നൽകുന്നുണ്ട്.

സർവചരാചരങ്ങൾക്കും പുണ്യപുരാണങ്ങൾക്കും അഭയസ്ഥാനമായ കാടിന് എന്ത് പേര് നല്കും എന്ന ആശങ്കയോടെയാണ് ഡി.വിനയചന്ദ്രന്റെ 'കാട്' എന്ന കവിത തുടങ്ങുന്നത്. കാടിനെ അതിരുകൾ തിരിച്ച് വന്യജീവിസംരക്ഷണകേന്ദ്രങ്ങളായി ആധുനികവികസനപാക്കേജിന്റെ ഭാഗമാക്കി മാറ്റുന്ന ലാഭാധിഷ്ഠിതമായ സമീപനങ്ങൾക്കിടയിലാണ് 'കാട്' എന്ന കവിതയുടെ പ്രസക്തി നിലനില്ക്കുന്നത്. കാടിന് സ്വന്തം പേര് തന്നെ നൽകുന്നതിലൂടെ പ്രകൃതിയും മനുഷ്യനും ഒന്നായിത്തീരുന്ന സർഗലയമാണ് ഈ കവിത ബാക്കിവെക്കുന്നത്. അതോടൊപ്പം വിനയചന്ദ്രന്റെ കവിത പ്രകൃതിയെ സ്ത്രൈണഭാവത്തിൽ ആദ്ധ്യാത്മികബന്ധത്തോട് ചേർത്തുവെക്കുന്നുണ്ട്.

"ഞാനെന്തു പേരിടുമാകാശ
നക്ഷത്ര പീഠത്തിൽ
ലീലാരസധ്യാനലോലയായ്
വീണവായിക്കും പ്രപഞ്ചമാതാവിന്റെ
പാദസരങ്ങളിലൊന്നിന്റെ ചിഞ്ചിലം
കാടവൾ കാലൊന്നിളകിയിളകൊൾകെ
കാലമുന്മേഷ നിമേഷണം കൊള്ളുന്നു"[22]

ആത്യന്തികമായി ഡി.വിനയചന്ദ്രന്റെ കവിത നാഗരികതയുടെ വിലക്ഷണതകളെ പര്യാലോചനയ്ക്ക് വിധേയമാക്കുന്നത് ഈ ആദിമപ്രപഞ്ചസങ്കല്പത്തോട് ചേർന്ന് നിന്നുകൊണ്ടാണ്. ഇത്തരത്തിൽ ആധുനികാനന്തരകവിതയിൽ പ്രകൃതിയും സ്ത്രീയും സ്ഥാനപ്പെടുന്നതിന്റെ സാഹചര്യം പ്രകൃതിയെ അമ്മയായും ദേവതയായും പരിഗണിക്കുന്ന മലയാളിയുടെ ആദ്ധ്യാത്മിക പരിസരങ്ങളോടും ആധുനികവികസനത്തിനകത്തെ പ്രകൃതി, സ്ത്രീ വിരുദ്ധതയോടും ബന്ധപ്പെട്ടാണ് ഏറിയകൂറും നിലനിൽക്കുന്നത്. ഈ പൗരാണികവും സവർണപരവുമായ ബന്ധത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഇരുപതാംനൂറ്റാണ്ടോടെ മലയാളകവിതയിൽ സ്ത്രീക്കും പ്രകൃതിക്കും വേണ്ടി ഒരു വിമോചന ശബ്ദം രൂപപ്പെടുന്നത്. ഈ കാവ്യവ്യവഹാരങ്ങൾക്കകത്തെ സ്ത്രീ, പ്രകൃതി പക്ഷസമീപനങ്ങളെ കൂടുതൽ അടുത്തറിയേണ്ടതുണ്ട്.

3.2. പാരിസ്ഥിതിക സ്ത്രീവാദവും ആധുനിക കവികളും

അയ്യപ്പപ്പണിക്കർ, എൻ.എൻ.കക്കാട്, കടമ്മനിട്ട രാമകൃഷ്ണൻ, സച്ചിദാനന്ദൻ, കെ.ജി.ശങ്കരപ്പിള്ള എന്നിവരുടെ കവിതകളിലെ സ്ത്രീ, പ്രകൃതി സമീപനങ്ങളെയാണ് ഈ ഭാഗത്തിൽ പഠനവിധേയമാക്കുന്നത്.

3.2.1 അയ്യപ്പപ്പണിക്കർ

കാല്പനികമായ പ്രസാദാത്മകതയിൽനിന്ന് ആധുനികജീവിതപരിസരത്തിലൂടെ സഞ്ചരിക്കുന്ന കവിയാണ് അയ്യപ്പപ്പണിക്കർ. കേരളത്തിലെ സാമ്പ്രാദായിക മരുമക്കത്തായ കുടുംബഘടനയ്ക്ക് ഇളക്കം തട്ടിയ ഒരു കാലഘട്ടത്തിലാണ് അയ്യപ്പപ്പണിക്കരുടെ കാവ്യവ്യക്തിത്വം രൂപപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ കേരളത്തിന്റെ സാംസ്കാരികപരിസരത്തിൽ സംഭവിച്ച പരിണതികളും, നഗരവത്കരണവും, പഴയ ജീവിതമൂല്യങ്ങളും അയ്യപ്പപ്പണിക്കരുടെ കവിതയിൽ ശ്ലഥബിംബങ്ങളായി കടന്നുകൂടുന്നു. ഫലത്തിൽ കവിതയ്ക്കകത്തെ പ്രസാദാത്മകത വറ്റിവാക്കുകൾ ഗദ്യഭാഷയിൽ നേരിട്ട് അർഥബോധനം നിർവഹിക്കുന്നു. എന്നിരുന്നാലും ജീവിതം വ്യർത്ഥമായി അനുഭവപ്പെടുന്ന ആധുനികജീവിതപരിസരത്തിലും തീവ്രമായ ജീവിതാഭിനിവേശത്താൽ കവി കാല്പനികമായ ശേഷിപ്പുകളെ കൂടി ഉൾച്ചേർക്കുന്നുണ്ട്. പരസ്പര വിരുദ്ധമായ ഈ അർത്ഥസന്നിവേശമാണ് അയ്യപ്പപ്പണിക്കരുടെ കവിതയെ ചലനാത്മകമാക്കുന്നതും പാഠവിമർശനത്തിന് ഇടം നല്കുന്നതും. സ്വാനുഭവങ്ങളി

ലൂടെ ജീവിതത്തിൽ നിന്ന് പര്യക്തനാകുന്ന കാല്പനിക കവിയുടെ പ്രകൃതി യോടുള്ള, ജീവിതത്തോടുള്ള അഭിനിവേശമാണ് അയ്യപ്പപ്പണിക്കരുടെ കവിതയുടെ സ്ഥായീഭാവമായി പലപ്പോഴും നിലകൊള്ളുന്നത്.

'മൃത്യുപൂജ' എന്ന കവിതയിൽ പുരാണകഥാപരിസരത്ത് നിന്നുകൊണ്ട് കവിത ഉപജീവിക്കുന്നത് നാഗരികസംസ്കൃതിയുടെ അവസ്ഥാന്തരങ്ങളെയാണ്. വിനയം നയമാക്കികൊണ്ട് നടക്കുന്ന ധർമപ്രചാരകരും യുദ്ധത്തെക്കുറിച്ചും ക്ഷാമത്തെക്കുറിച്ചും കവിതയെഴുതി ഉപജീവനം തേടുന്ന കവികളും കൈക്കുഞ്ഞിനെ വഴിയിലുപേക്ഷി ക്കുന്ന ഗോപികയും, കണ്ണാശുപത്രിയിലെ കണ്വനും ഈ നഗരജീവിതത്തിന്റെ പരിധിയിൽ വരുന്നു. പുരാണേതിഹാസങ്ങളിലെ കഥാപാത്രങ്ങളും ആധുനിക ജീവിതസന്ദർഭങ്ങളും കവിതയുടെ ശരീരത്തിൽ സംഘർഷങ്ങളെ സൃഷ്ടിക്കുന്നുണ്ട്. നഗരത്തിലേക്കുള്ള ജീവിതമാറ്റത്തെ നരകതുല്യമായിട്ടാണ് കവി ആവിഷ്കരിക്കുന്നത്. സർവനാശത്തിലേക്കുള്ള ദൂരത്തിനിടയിലും 'മൃത്യുപൂജ' എന്ന കവിതയിൽ ദശരഥിയുടെ വാക്കുകളിലൂടെ പ്രത്യാശയുടെ പുതിയ ജീവിതാർത്ഥത്തെ കവി ഭൂമി പുത്രിയെ തിരികെ വിളിച്ച് കൊണ്ട് കണ്ടെത്തുന്നുണ്ട്. ഇവിടെ ദശരഥി സ്ഥലകാലങ്ങ ളിലൂടെ സഞ്ചരിക്കുന്ന സത്യാന്വേഷിയായ വ്യക്തിയുടെ പ്രതിരൂപമാണ്.[23] നാഗരിക ജീവിതപരിസരത്തിൽ ഈ സത്യാന്വേഷിക്ക് മുന്നിൽ നഗരത്താൽ ഗ്രഹിക്കപ്പെട്ട ഗ്രാമ പ്രകൃതിയും ഭൂമിയാൽ ഗ്രഹിക്കപ്പെട്ട സീതയും ഒരുപോലെയാണ്. രണ്ട് കർമങ്ങളു ടേയും അവലംബം വിശ്വാസരാഹിത്യമാണ്. അതുകൊണ്ടാണ് കവി 'മൃത്യുപൂജ' എന്ന കവിതയുടെ അവസാനത്തിൽ ഭൂമിപുത്രിയായി പുണ്യപുരാണങ്ങളിൽ നിറഞ്ഞ് നിൽക്കുന്ന സീതയെ ദശരഥന്റെ പക്ഷത്ത് നിന്ന് തിരികെ വിളിക്കുന്നത്. ഫലത്തിൽ പ്രകൃതിയെ സ്ത്രീയായി പരിചരിക്കുന്നു. സവർണപരവും ലിംഗകേന്ദ്രിതവുമായ സമൂഹബോധമനസ്സിനോട് കടപ്പെട്ടിടാണ് ഈ കവിത നിലനില്ക്കുന്നത്. ഗഹനമായ ജീവിതാഭിലാഷമാണ് ഈ പിൻവിളിക്ക് പിറകിലുള്ളത്.[24]

"സ്വർഗ്ഗത്തിലേക്കുയരുവാൻ നില്ക്കേ,
ദാശരഥി, പക്ഷേ,
പറഞ്ഞതിതുമാത്രം:
നക്തഞ്ചരേന്ദ്രനൊരു ദുർഭൂതമായ്

മരണനൃത്തം ചവിട്ടി മമഹൃത്തിൽ
വൈകാതെ നിന്നുദരവീര്യം പകർന്നു
മമ വൈദേഹിയെത്തരിക ധാത്രി!"[25]

ഊഷരത നിറഞ്ഞ ജീവിതപരിസരത്തെ ശാദ്വലമാക്കുന്ന പ്രകൃതിയാണിവിടെ സ്ത്രീ. ഫലത്തിൽ സ്ത്രീ=പ്രകൃതി എന്ന സാംസ്കാരിക നിർമ്മിതിയോട് കവിത ആദ്യന്തം പൊരുത്തപ്പെടുന്നു. ഈ സമീകരണത്തിന്റെ ഉയർന്ന തലത്തെ 'ഗോപികാദണ്ഡകത്തിലും' കാണാവുന്നതാണ്. യഥാർത്ഥത്തിൽ പ്രകൃതിയിലേക്കുള്ള തിരിച്ചുപോക്കല്ല പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ലക്ഷ്യം. ഈയർത്ഥത്തിൽ സ്ത്രീയെയും പ്രകൃതിയെയും മുൻനിർത്തിയിട്ടുള്ള പരമ്പരാഗത മിത്തിനെ അവസരോചിതമായി ഉപയോഗിക്കുകയാണ് ഗോപികാദണ്ഡകത്തിലും ചെയ്തിട്ടുള്ളത്. കവിതയുടെ അവസാനഘട്ടത്തിൽ ഗോപികയെ ഭൂമിയായി രൂപാന്തരപ്പെടുത്തുന്നതിലൂടെ എല്ലാ ജീവജാലങ്ങളും അവസാനം ചെന്ന് ചേരേണ്ടയിടമാണ് ഭൂമിയെന്ന ആദ്ധ്യാത്മിക ജീവിതബോധത്തോടാണ് കവിത കടപ്പെട്ട് നില്ക്കുന്നത്. അവസാനമായി ചെന്ന് ചേരേണ്ടയിടം എന്ന് സ്പഷ്ടമായി പറയുന്നതുകൊണ്ട് ഗോപിക ആദ്യം ഭൂമിയായും പിന്നീട് മരണമായും അർത്ഥം നല്കുന്നുണ്ട്.

"ധരയായി ധാത്രിയായി മർത്ത്യരെല്ലാവരും
അവസാനമണയേണ്ട സത്രമായ് സ്തോത്രമായ്
അറിയുന്നു നിന്നെ ഞാൻ ഗോപികേ" [26]

പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയങ്ങളെ വ്യാവർത്തിച്ചെടുക്കാൻ കഴിയുന്ന വരികളായി ആനന്ദ് കാവാലം ഈ വരികളെ പരിഗണിക്കുന്നുണ്ട്.[27] ഗോപിക ശാരീരികമായും മാനസികമായും ചൂഷണത്തിന് വിധേയയായ സ്ത്രീയുടെ, പ്രകൃതിയുടെ പ്രതീകമായി നിലനിന്നിരുന്നെങ്കിൽ ഈ കവിത പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയത്തെ ഉൾവഹിക്കുന്ന കവിതയായി എടുത്തുപറയാമായിരുന്നു. വിരഹദുഃഖമാണ് കവിതയുടെ ആദ്യഘട്ടത്തിൽ ഗോപികയെ മഥിക്കുന്നത്. തന്നിലേക്ക് ചേരുന്ന കാമിനിയായിട്ടാണ് കവി ഗോപികയെ ക്ഷണിക്കുന്നത്. അതോടൊപ്പംതന്നെ പ്രകൃതിയുമായി ഇണങ്ങി കഴിഞ്ഞിരുന്ന മനുഷ്യവംശത്തിന്റെ പ്രാഗ്ഘട്ടത്തെ കവി വിഭാവനം ചെയ്യുന്നുണ്ട്. തുടർന്ന് ഉത്പാദനവ്യവസ്ഥിതിയിൽസംഭവിച്ച മാറ്റങ്ങളും

നഗരവത്കരണവും ഭൂമിയെ ആവാസയോഗ്യമല്ലാത്ത രീതിയിൽ വിഷമയമാക്കുന്ന സമീപകാലജീവിതപരിസരത്തെ കവി ഗോപികയോടൊത്താണ് തിരിച്ചറിയുന്നത്. ഇവിടെ ഗോപിക മനുഷ്യകേന്ദ്രിതമായ വികസനത്തിനകത്തെ ഒരു കണ്ണിയാണ്.

"തലയാകെ മന്ദീഭവിക്കുന്നു ഗ്രാമാർദ്രചിന്തകൾ
കരിയുന്നു പലതരം ഹിംസയിൽ കരവേഗ-
മാളുന്നു മരമൊക്കെ വെട്ടിയീവനഭംഗി
തീയിട്ടു പുതിയ സമ്പത്തു വളർത്തുന്നു
പഴയൊരിസൂര്യനെ ചന്ദ്രനെപ്പാടേ
മറയ്ക്കുന്നതും നമ്മളറിയുന്നു ഗോപികേ." [28]

കവിതയുടെ അവസാനഘട്ടത്തിൽ ഗോപികയെ ഭൂമിയായി സങ്കല്പിച്ച് അവളിൽ അഭയം തേടുന്നു. ഫലത്തിൽ ഗോപികയെ കാമിനിയായും ഭൂമിയായും സങ്കല്പിച്ച് അവളിൽ അഭയം തേടുന്ന കാല്പനികമായ അർത്ഥപരിസരത്തിലാണ് കവിത സംവേദനം നടത്തുന്നതെന്ന് നിസംശയം പറയാം. പ്രകൃതിയിലേക്കുള്ള തിരിച്ചുപോക്കിന് കവിയുടെ മനസ്സിനെ പാകപ്പെടുത്തുന്നത് ആധുനികഘട്ടത്തിൽ മനുഷ്യന് സംഭവിച്ച മൂല്യത്തകർച്ചയും മനുഷ്യനെ തന്നെ കച്ചവടചരക്കാക്കി വളർന്നു വന്ന ഉപഭോഗസംസ്കാരവുമാണ്. ആധുനിക ഉത്പാദനവ്യവസ്ഥിതി വികലമാക്കിയ പ്രകൃതിയോടുള്ള കവിയുടെ അനുഭാവത്തെ കവി പലപ്പോഴും പകർത്തിവെക്കുന്നത് സ്ത്രൈണ ചേതനയിലാണ്. ഭാവിയിലെ സുസ്ഥിരമായ ജീവിതസാഹചര്യത്തിന് അയ്യപ്പപ്പണിക്കർ പുരുഷസമൂഹത്തിലെന്നപോലെ സ്ത്രീകളിലും പ്രതീക്ഷയർപ്പിക്കുന്നുണ്ട്. സ്ത്രീയെ ഉർവരതയുടെ നിറവിന്റെ പ്രതീകമായി നിലനിർത്തിയിരുന്ന പോയ കാലങ്ങളെ ഒന്നൊന്നായി നിരത്തിക്കൊണ്ട്, ആധുനികജീവിതപരിസരത്തിനകത്തെ മൂല്യത്തകർച്ചയെ പ്രതിനിധാനം ചെയ്യുന്ന അമൂർത്തബിംബങ്ങളുടെ പശ്ചാത്തലമായി വായിച്ചെടുക്കാൻ കവി അനുവാചകരെ പ്രേരിപ്പിക്കുന്നു. ഇങ്ങനെ അയ്യപ്പപ്പണിക്കരുടെ കവിത പ്രത്യക്ഷത്തിൽ മണ്ണും, വായുവും ജലവും മനുഷ്യരും വിഷമയമായ ഒരു കാലഘട്ടത്തെ അവതരിപ്പിച്ചുകൊണ്ട് നഗരവത്കരണത്തിന് മുൻപുണ്ടായിരുന്ന പ്രകൃതിയുടെ അവസ്ഥാന്തരങ്ങളുമായി ഒരു താരതമ്യത്തിന് വഴിയൊരുക്കുന്നു.

"പട്ടിൽപൊതിഞ്ഞു പന്താക്കി നാം ഭൂമിയെ
ത്തട്ടിയുരുട്ടിക്കളിച്ചതറിയുമോ
പൊയ് പോയകാലം മെടഞ്ഞിട്ടൊരുക്കിയ യൊ-
രസ്ഥികൂടങ്ങൾ പുകഞ്ഞു മണക്കവേ
കൊന്നും മരിച്ചും ഭരിച്ചും പ്രകൃതി തൻ
സ്തന്യം പോരാഞ്ഞുസ്തനം തന്നെ മാന്തുന്ന
കുഞ്ഞു വേതാളങ്ങൾ പിന്തുടർന്നാർക്കവേ
കൈ കാലടിച്ചു കേഴുന്ന പ്രേതങ്ങൾ തൻ
പൈദാഹരൂപങ്ങൾ വിങ്ങിപ്പുളയവേ
ചുട്ടു പഴുത്ത ദിശാന്തഗഗനിക
കത്തിജ്ജ്വലിച്ചു പ്രപഞ്ചം വളയവേ
ചക്രവാളത്തിന്റെ നേർത്ത വരകളിൽ
ഞെട്ടിപ്പിടഞ്ഞു നിലവിളിച്ചോടുന്ന
പൊട്ടിപ്പശുവായലയുമോ നമ്മുടെ
പൃഥ്വിയൊരിക്കൽ?"[29]

യഥാർത്ഥത്തിൽ പ്രകൃതിയെ സ്ത്രൈണജന്യമായ സവിശേഷതകളോടെ അടയാളപ്പെടുത്തിയിട്ടുള്ള സാംസ്കാരിക അന്തർധാരകളെ ഉദ്ദീപ്തമാക്കിക്കൊണ്ടാണ് അയ്യപ്പപ്പണിക്കർ പ്രകൃതിക്കുവേണ്ടി ഒരു പ്രതിരോധനയത്തെ രൂപപ്പെടുത്തുന്നത്. ഒ.എൻ.വി.യുടെ 'ഭൂമിയുടെ ചരമഗീതം' എന്ന കവിതയും സമാനമായ വായനാനുഭവത്തെ നല്കുന്നുണ്ട്. ഭൂമിയുടെ ആസന്നമായ മരണമാണ് ഈ കവിതയ്ക്ക് വിഷയമാകുന്നത്. ഭൂമിയെ ഈ മരണത്തിലേയ്ക്ക് നയിക്കുന്നത് മനുഷ്യസമൂഹത്തിന്റെ ദുരയാണ്.

"മുണ്ഡിത ശിരസ്കയായ് ഭ്രഷ്ടയായ് നീ സൗര-
മണ്ഡലപ്പെരുവഴിയിലൂടെ
മാനഭംഗത്തിന്റെ മാറാപ്പുമായി സ-
ന്താന പാപത്തിൻ വിഴുപ്പുമായി
പാതിയുമൊഴിഞ്ഞൊരു മനസ്സിലതിതീവ്രമാം

വേദനകൾ തൻ ജ്വാല മാത്രമായി
പോകുമീപ്പോക്കിൽ സിരകളിലൂടരി
ച്ചേറുകയല്ലീ കരാളമൃത്യു"[30]

ശാസ്ത്രീയ യുക്തിയോട് ചേർന്ന് നിൽക്കുമ്പോഴും ഈ വരികളിലെ ഭൗമസങ്കല്പത്തിന് ഉയിര് നൽകുന്നത് ചരിത്രത്തിലെ പ്രാന്തവത്കരിക്കപ്പെട്ട സ്ത്രൈണാനുഭവങ്ങളാണ്. 'മുണ്ഡിത ശിരസ്ക' എന്ന പ്രയോഗം ജീവിതത്തിന്റെ പച്ചപ്പ് നഷ്ടപ്പെട്ട്, പ്രത്യാശയില്ലാതെ ജീവിതം തള്ളി നീക്കേണ്ടിവരുന്ന ഒരു സ്ത്രീയുടെ കനത്തവ്യഥയെ അനുഭവപ്പെടുത്തുന്നു. ഒഴിഞ്ഞ മനസ്സുമായ് നടന്നകലുന്ന സ്ത്രീക്ക് ചേർത്ത് നിർത്താനുള്ളത് സന്താനങ്ങളുടെ പാപത്തിന്റെ വിഴുപ്പ് മാത്രമാണ്. മക്കളുടെ പാപത്തിന്റെ ഭാരംചുമക്കേണ്ടവളാണ് അമ്മ എന്ന സങ്കല്പമാണ് ഇതിന് പിന്നിൽ പ്രവർത്തിക്കുന്നത്. ഫലത്തിൽ സ്ത്രീ=സർവംസഹ എന്ന സവർണപ്രത്യയ ശാസ്ത്രം തന്നെയാണ് കവി ഈ ഭാഗത്ത് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. അയ്യപ്പപ്പണിക്കരുടെ 'ഉദയാസ്തമനം' എന്ന കവിതയും ഭൂമിയുടെ ദാരുണമായ അന്ത്യത്തിന്റെ സൂചനകളാണ് പങ്കുവെക്കുന്നത്. സ്ത്രീ സംരക്ഷിക്കപ്പെടേണ്ടവളാണെന്ന ലിംഗ കേന്ദ്രിത സമൂഹത്തിന്റെ സാമാന്യബോധത്തിനെയാണ് കവി ഇവിടെ ഉപയോഗിക്കുന്നത്. ഫലത്തിൽ ഉർവരതാശേഷിയെ കർത്തൃത്വത്തെ നിഷേധിക്കുന്നു. അവരെ ഫലത്തെ കാംക്ഷിക്കുന്നവരായി മാത്രം നിലനിർത്തുന്നു. 'മരണത്തിനപ്പുറം', 'ഈ ഭൂമിക്ക് വിലയെന്ത്?', 'ഒരു മരം വെട്ടും നേരം' എന്നീ കവിതകളെല്ലാം തന്നെ ഈ ചിന്താപരിസരത്തെ പിൻതാങ്ങുന്നവയാണ്. 'മരണത്തിനപ്പുറം' എന്ന കവിതയിൽ ഭൂമി മലിനമായ ജീവിതസാഹചര്യങ്ങളിൽ വിലപിക്കുന്ന സ്ത്രീയാണ്

"മലീനമീ ജലം
മലിനമീ വായു
മലിനമെൻ മനം
മലീമസം ധരാ
തലവും സ്വർഗവും
ഒടിഞ്ഞ കമ്പിലൂർ
ന്നുലയുന്നുണ്ടില,

കരിഞ്ഞ പൂക്കളിൽ
ശവം മണക്കുന്നു.
കര കവിയു മീ
ദുരന്ത ബോധത്തിൽ കവിയും കാവ്യവു-
മലിഞ്ഞു പോകുമ്പോൾ
കരയുന്നൂ ധര."[31]

'ഒരു മരം വെട്ടും നേരം' എന്ന കവിതയിൽ ഒരു മരത്തിന്റെ നഷ്ടം ഒരു സംസ്കാരത്തിന്റെ തന്നെ നഷ്ടമായിട്ടാണ് വിലയിരുത്തുന്നത്. ഈ കവിതയിൽ ഓരോതിണയും ഓരോ സംസ്കാരത്തിനെയാണ് പ്രതിനിധീകരിക്കുന്നത്. തിണകളുടെ നഷ്ടം ജീവിതമാർഗ്ഗത്തെ ഇല്ലാതാക്കുന്നു. അത് മനുഷ്യവംശത്തെ തന്നെ തുടച്ചുനീക്കിയേക്കാം. ഈയൊരു ആശങ്ക കവി പ്രകടിപ്പിക്കുന്നത് 'സർവംസഹയായ സഹ്യാദ്രി ഉഴറുന്നു' എന്ന പ്രയോഗത്തിലൂടെയാണ്.[32]

ആത്യന്തികമായി മനുഷ്യപക്ഷത്ത് നിന്നുകൊണ്ടുള്ള സാമൂഹ്യവീക്ഷണമാണ് അയ്യപ്പപ്പണിക്കരുടെ കവിത പിൻതുടരുന്നത്. അതുകൊണ്ട് തന്നെ പാരിസ്ഥിതിക സ്ത്രീവാദത്തിനേക്കാൾ സാമൂഹ്യപരിസ്ഥിതിവാദത്തോടാണ് കവിത അടുപ്പം പുലർത്തുന്നത്. നവീനമായ ആശയപരിസരത്തോട് ചായ്വ് പുലർത്തുന്നുണ്ടെങ്കിലും അയ്യപ്പപ്പണിക്കരുടെ കാവ്യവ്യക്തിത്വത്തെ രൂപപ്പെടുത്തിയ സാംസ്കാരികപരിസരത്തിനകത്താണ് ആധുനികവികസനത്തിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട പാരിസ്ഥിതിക ദുരന്തങ്ങൾക്കും മനുഷ്യന്റെ തന്നെ മൂല്യത്തകർച്ചക്കും കവി പരിഹാരം കണ്ടെത്തുന്നത്. അതുകൊണ്ടാണ് പ്രകൃതിയ്ക്കകത്തെ വനനശീകരണവും ജലക്ഷാമവും അന്തരീക്ഷ മലിനീകരണവും വികസ്വരരാഷ്ട്രങ്ങളിൽ നേരിടേണ്ടിവരുന്ന സാമ്രാജ്യത്വ അധിനിവേശങ്ങളും ചൂഷണങ്ങളും എല്ലാംതന്നെ ഒരു സ്ത്രീയുടെ ആത്മവ്യഥകളായി കവിതയ്ക്കകത്ത് ഇടം നേടുന്നത്. ഒടുവിൽ ആധുനിക ദശാസന്ധിക്ക് കവി പരിഹാരത്തെ പൗരാണികദർശനങ്ങളെ ജീവിതത്തോട് ചേർത്ത് നിലനിർത്തുന്ന വരിലാണ് കണ്ടെത്തുന്നത്.

"ധരയുടെ കണ്ണീർ
തുടച്ചുനീക്കുവാൻ
കരങ്ങൾ കോടികൾ

കരങ്ങൾ കോടികൾ
പകൽ വെളിച്ചത്തി-
ലഹങ്കരിക്കാത്തോർ-
ഇരുണ്ട രാത്രിയെ-
യവമതിക്കാത്തോർ
പുരാണദർശന-
സ്മൃതി പുലർത്തുവോർ
നവീന കാഹള
ധ്വനിയുണർത്തുവോർ
അവരുടെ കര-
മുയർന്നു വീശട്ടെ
അവരുടെ കണ്ഠം
തുറന്നുപാടട്ടെ."[33]

പ്രകൃതിയെ അമ്മയായും, സ്ത്രീയായും പരിചരിക്കുന്ന പൗരാണിക ദർശനങ്ങളോടുള്ള അടുപ്പം എൻ.എൻ. കക്കാടിന്റെ കവിതകളിലും പ്രകടമാണ്,.

3.2.2 എൻ.എൻ. കക്കാട്

വ്യക്തിയെ, ഗ്രാമപ്രകൃതിയെ നിഗൂഹനം ചെയ്യുന്ന ആധുനികതയുടെ സാംസ്കാരികപരിസരത്തെയാണ് എൻ.എൻ. കക്കാട് എഴുതികൊണ്ടിരുന്നത്. ഗ്രാമം/നഗരം എന്ന ദ്വന്ദ്വത്തിന്റെ ആവിഷ്ക്കരണത്തിലൂടെയാണ് കക്കാടിന്റെ കവിത രൂപഘടനകൊണ്ടും പ്രമേയം കൊണ്ടും ആധുനിക സാംസ്കാരികപരിസരത്തെ വിമർശനാത്മകമായി സമീപിക്കുന്നത്. രക്ഷസ്, വേതാളം, യക്ഷൻ എന്നീ പൗരാണിക രൂപമാതൃകകളിലൂടെയാണ് കക്കാട് നഗരവത്കരണത്തിന്റെ ഊഷരപ്രകൃതത്തെ അനുഭവവേദ്യമാക്കുന്നത്. കക്കാടിന്റെ ആദ്യകാലകവിതയായ മാലാകാരനിൽ വിപണിക്ക് പ്രാമുഖ്യം നല്കുന്ന ആധുനികകാലത്ത് സ്വയം വില്പന വസ്തുവായി ശ്രദ്ധാകേന്ദ്രമായി മാറാൻ കഴിയാത്ത വ്യക്തിസത്തയായിട്ടാണ് കവി പ്രത്യക്ഷപ്പെടുന്നത്.

"ഇന്നു ഞാനജ്ഞാതനാ-
ണറിവീലൊരാളുമീ

മന്നിലെന്നസ്തിത്വം, ഞാൻ
ഗ്രാമവാസിയാണല്ലൊ."[34]

'പാർക്കിൽ', 'ബീറ്റ്', 'വാഹനം' എന്നീ കവിതകളിലെത്തുമ്പോൾ നഗരവത്കരണത്തോട് സമരസപ്പെടുന്ന കവിയെയാണ് കാണാൻ കഴിയുക. എന്നിരുന്നാലും ആധുനികതയുടെ വിപണിയോട് ബന്ധപ്പെട്ട സംസ്കാരത്തിൽനിന്നും കുതറിമാറാനുള്ള ശ്രമങ്ങളും കക്കാടിന്റെ നഗരകവിതകളിൽ കാണാവുന്നതാണ്. ഗ്രാമം എന്നത് പൂർവ അനുഭവസത്തയായി വ്യക്തിയിൽ കേന്ദ്രീകരിക്കപ്പെടുകയും നഗരകേന്ദ്രിതമായ വിപണിബോധങ്ങൾ ഈ അനുഭവസത്തയെ കീഴടക്കുകയും ചെയ്യുന്ന സംഘർഷഭരിതമായ വ്യക്തിതലത്തെയാണ് 'പാർക്കിൽ' എന്ന കവിത അനാവരണം ചെയ്യുന്നത്. ആധുനിക നഗരവത്കരണം വച്ചുനീട്ടുന്ന സുഖലോലുപതയിലേക്ക് അടിപതറുന്ന ആധുനിക മനുഷ്യന്റെ കാമനകളുടെ പ്രതീകമാണ് ഈ കവിതയിലെ യക്ഷൻ. വിശ്വാസങ്ങളുടെയും ജീവിതമൂല്യങ്ങളുടെയും പിൻവിളികൾ ആധുനികനെ കുണ്ഠിതനാക്കുന്നുണ്ടെങ്കിലും നഗരം വച്ചുനീട്ടുന്ന ജീവിതമാർഗ്ഗമാണ്, അപ്പക്കഷ്ണമാണ് അവനെ നഗരത്തിൽ പിടിച്ചുനിർത്തുന്നത്.[35]

നഗരവത്കരണത്തിന് വിധേയപ്പെടുന്ന ഗ്രാമപ്രകൃതിയെ സ്ത്രൈണരൂപകമായി പരിഗണിച്ചാൽ ഈ രൂപകത്തെ വീണ്ടെടുക്കാനുള്ള ബോധപൂർവമായ ഇടപെടലുകളാണ് '1963', 'പാതാളത്തിന്റെ മുഴക്കം', 'വജ്രകുണ്ഠലം' എന്നീ കൃതികളിൽ കാണാൻ കഴിയുക. പച്ചപ്പുകളും പുഴകളും കുന്നുകളും നഷ്ടപ്പെട്ട് ആകാരംകൊണ്ട് നാഗരികമായി മാറുന്ന ഗ്രാമം സ്ത്രൈണപ്രകൃതിയിലാണ് ഈ കവിതകളിൽ പ്രത്യക്ഷപ്പെടുന്നത്. 1963 എന്ന കവിതയിൽ തക്ഷകന്റെ വായിൽ അകപ്പെട്ട് പിടയുന്ന ഗ്രാമീണ പെൺകൊടിയാണ് ഗ്രാമം. പാതാളത്തിന്റെ മുഴക്കത്തിൽ ദാരിദ്ര്യത്തിലകപ്പെട്ട് ദീനയായി മക്കൾക്കുവേണ്ടി നാമം ചൊല്ലുന്ന അമ്മയാണ് ഗ്രാമം. വജ്രകുണ്ഠലത്തിൽ ദാസ്യപ്പണിയെടുക്കുന്ന വിനതയാണ് ഗ്രാമം.

"തക്ഷകനുടെ വായിൽ
പാതിയിറങ്ങിപ്പിടയുന്നു,
ഗ്രാമത്തിൻ കണ്മണിയൊരുവൾ.
അവളുടെ നഗ്നസ്തനഭരം

മൃതിഭീതിയിലുയർന്നുതാഴ്ന്നു;
അഴിഞ്ഞ നീലപ്പുരികുഴൽ
സഹ്യതടങ്ങളിലിഴയുന്നു".[36]

ഇവിടെ തക്ഷകൻ അധികാരത്തിന്റെ പ്രതീകമാണ്. തക്ഷകൻ നഗരത്തിനെയാണ് പ്രതിനിധീകരിക്കുന്നത്. ഈ നഗരത്തിനകത്തെ പ്രത്യയശാസ്ത്രം അധീശവർഗത്തിന്റേതാണ്, അധികാരവും സമ്പത്തും നഗരകേന്ദ്രിതമായി മാറിയപ്പോൾ പരമ്പരാഗതമായ സവർണാധികാരം നഗരത്തിൽ പുനരുത്പാദിപ്പിക്കപ്പെടുന്നു. ഈ അധികാരത്തിന് കീഴിലാണ് ഗ്രാമം കീഴ്പ്പെടുന്നത്.[37] ഈ നഗരമാണ് തക്ഷകനായി കക്കാട് അവതരിപ്പിക്കുന്നത്. ഇവിടെ തക്ഷകൻ അധികാരത്തിന്റെ പുരുഷരൂപം കൂടിയാണ്[38] നഗരത്തിൽ കുടിയേറേണ്ടി വന്ന് കൃമി കണക്കെ ജീവിതം നയിക്കുന്ന സ്ത്രീയും പുരുഷനും ഉൾപ്പെടുന്ന മർദ്ദിതവിഭാഗത്തിനുവേണ്ടി അവരിലൊരാളായിട്ടാണ് കവി നിലനില്ക്കുന്നത്.

"ഒരു കൂറ്റൻ പട്ടയിലായിരമുരുളുകൾ പല്ച്ചക്രങ്ങൾ
കൂട്ടിയടിച്ചു തിരിഞ്ഞുമഖണ്ഡം
കൂകിയിരമ്പിയു മാർത്തുതിമർത്തും
പുക മൂടും ഫാക്ടറി തോറും
കൃമികളസംഖ്യമസംഖ്യം
ഇരട്ടിഴഞ്ഞു കരേറുന്നു
പല്ച്ചക്രങ്ങളിലിഴുകു
നിണവും കീലും വേർപ്പും
നിലത്തു ചളികെട്ടി
ദുസ്സഹഗന്ധം പൊങ്ങുന്നു.
കനത്ത കൂറ്റൻ കാലുകൾ
നീട്ടിയമർത്തി നടക്കും രാക്ഷസ-
നവയൂറ്റിവടിച്ചമൃത്തേത്തു കഴി-
ച്ചൊടുവിൽ വിസർജ്ജിക്കുന്നു
കൃമികളസംഖ്യമസംഖ്യം
അതിലൊന്നീ ഞാനും"[39]

മനുഷ്യാദ്ധ്വാനത്തെ മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയുമായി കണ്ണിചേർത്തു കൊണ്ട് വളർന്നുവന്ന നഗരങ്ങൾക്ക് കീഴിൽ മൂല്യം നഷ്ടപ്പെട്ട് നില്ക്കുന്ന മനുഷ്യനെയും പ്രകൃതിയെയുമാണ് ഈ വരികളിൽ കാണാൻ കഴിയുക. നഗരവത്കരണവും ഉത്പാദനരംഗവും ഗ്രാമീണ പ്രകൃതിയെ കടമെടുത്തപ്പോൾ നമുക്ക് നഷ്ടപ്പെട്ടത് നന്മയുള്ള ഈടുള്ള സംസ്കാരത്തെയാണെന്ന് ഓർമ്മിപ്പിക്കുകയാണ് കക്കാട് തന്റെ കവിതകളിലൂടെ ചെയ്യുന്നത്. വജ്രകുണ്ഡലം' എന്ന കവിതയിൽ വജ്രകുണ്ഡലം ഗ്രാമീണ നന്മയുടെ പ്രതീകമാണ്. അതുകൊണ്ടുതന്നെ വജ്രകുണ്ഡലത്തെ തിരിച്ചെടുക്കാനുള്ള ഉത്തങ്കന്റെ ശ്രമങ്ങൾ ഹരിതാഭമായ ഒരു കാലഘട്ടത്തെ തിരിച്ചുപിടിക്കാനുള്ള ശ്രമം കൂടിയായി മാറുന്നുണ്ട്. ഇത്തരത്തിൽ കക്കാടിന്റെ കവിത സ്വാതന്ത്ര്യാനന്തര പരിസരത്ത് നിന്നുകൊണ്ട് നഗരം/ഗ്രാമം എന്ന ദ്വന്ദ്വത്തിലൂടെ സമൂഹത്തിനകത്തെ പ്രകൃതി, ദളിത്, സ്ത്രീ തുടങ്ങിയ സത്തകളെ ഉദ്ദീപ്തമാക്കികൊണ്ട് ഒരു നവരാഷ്ട്രീയത്തെ മുന്നോട്ട്വെക്കുന്നുണ്ട്. പ്രകൃതിയെ സ്ത്രൈണമായി ആവിഷ്കരിച്ചുകൊണ്ട് പ്രകൃതിക്കും സ്ത്രീക്കും പ്രാമുഖ്യം നൽകുന്ന ഒരു ഹരിതരാഷ്ട്രീയത്തിന്റെ പരികല്പനകളെ ഉൾവഹിക്കുന്നുണ്ട്. എന്നാൽ ആർഷസംസ്കാരത്തോട് അടുത്തു നിന്നാണ് കക്കാടിന്റെ കവിത ആധുനികസംസ്കാരത്തിനെ വിമർശനാത്മകമായി സമീപിക്കുന്നത്. അതുകൊണ്ടാണ് പ്രകൃതി കക്കാടിന്റെ നഗരകവിതകളിൽ തക്ഷകനാൽ ഗ്രഹിക്കപ്പെടുന്ന ഗ്രാമീണപെൺകൊടിയായും ദൈന്യത കലർന്ന അമ്മയായും പ്രത്യക്ഷപ്പെടുന്നത്. നഗരത്തിന്റെ കെടുതികൾക്ക് പരിഹാരമായി പ്രകൃതിശക്തിയിൽ തന്നെ അഭയം തേടാൻ കവിയെ പ്രേരിപ്പിക്കുന്നത്.

"അമ്മേ തൃക്കണ്ണയച്ചാലും
തവ കാരുണ്യഗർവ്വിതാൻ
ഒരുക്കുന്നു മഹാരഥം
പുരുഷാർഥങ്ങളെപ്പൂട്ടി
കർമ്മചക്രൈക സംസ്ഥിതം
കാണുകമ്മേ മഹാരഥം!
ഇതിലേറിത്തൊടുത്താലും
തമോഘ്നം ബാണസഞ്ചയം,
അടിയൻ തേർ നടത്തുവൻ

ദിഗന്തങ്ങൾ മുഴക്കട്ടെ

ശംഖനാദം ഭയാപഹം!

"അസതോ മാ സദ്ഗമയ!

തമസോ മാ ജ്യോതിർഗമയ!

മൃത്യോർമാ അമൃതംഗമയ!" [40]

ഇവിടെ പ്രകൃതി അമ്മയാണ്. സ്ത്രൈണ ആരാധനാമൂർത്തിയാണ്. കവിയാകട്ടെ ഈ സ്ത്രൈണശക്തിക്ക് വിധേയപ്പെട്ട് കർമനിരതനാകുന്ന വ്യക്തിത്വവും. പ്രകൃതിയെ അമ്മയായി കാണുന്ന ഈ കാവ്യപാരമ്പര്യത്തിന്റെ തുടർച്ച കടമ്മനിട്ട കവിതയിലും കാണാവുന്നതാണ്. കടമ്മനിട്ടകവിതകളിൽ നാഗരികതയുടെ ഊഷര പ്രകൃതത്തെ പ്രകൃതി കല്പനകളിൽ സ്ത്രൈണമായ ഊർജ്ജത്തെ ആവാഹിച്ചു കൊണ്ട് ഉർവരതയിലേക്ക് ആനയിക്കുന്നുണ്ട്. കക്കാടിന്റെ കവിതയിൽ നാഗരികതയെ നിലനിർത്തുന്ന തമോശക്തികളെ ഹനിക്കാനാണ് കവി പ്രകൃതിശക്തിയിൽ അഭയം തേടുന്നത്. ആത്യന്തികമായി നന്മ/തിന്മ, പാരമ്പര്യം/നാഗരികം, പഴമ/പുതുമ, ഗ്രാമം/നഗരം, കൃഷിക്കാർ/തൊഴിലാളികൾ എന്നിങ്ങനെ ആധുനികത പരിവർത്തനപ്പെടുത്തിയ ദ്വന്ദ്വങ്ങളുടെ പരിസരങ്ങളിലാണ് കക്കാടിന്റെ കവിത അർത്ഥസംവേദനം നടത്തുന്നത്. ആർഷപാരമ്പര്യത്തോടും സംസ്കാരത്തിനോടുമുള്ള അമിതാവേശത്തെ, കവിതയിൽ സൂചിതമാകുന്ന പുരാണകഥാസന്ദർഭങ്ങളെ മാറ്റി നിർത്തിയാൽ കക്കാടിന്റെ കവിതയുടെ രാഷ്ട്രീയം നിലകൊള്ളുന്നത് പ്രകൃതിക്കും കൃമിതുല്യമായി ജീവിതം നയിക്കുന്നവർക്കും വേണ്ടിയാണെന്ന് നിസംശയം പറയാൻ കഴിയും. ഈ രാഷ്ട്രീയമാകട്ടെ എൺപതുകളോടെ മലയാളകവിതയിൽ സജീവമായിത്തീർന്ന പരിസ്ഥിതി, സ്ത്രീ, ദളിത് വാദങ്ങളോട് ചേർത്തു നിർത്താൻ കഴിയുന്നതുമാണ്.

3.2.3 കടമ്മനിട്ട രാമകൃഷ്ണൻ

ആധുനിക സവർണ സാംസ്കാരികപാഠങ്ങൾക്കകത്ത് പ്രതിസംസ്കാരത്തിന്റെ സാധ്യതകൾ തുറന്നിട്ട കവിയായിട്ടാണ് കടമ്മനിട്ട അറിയപ്പെടുന്നത്. ആധുനികത പിൻതുടരുന്ന ഗ്രാമം/നഗരം, സ്ത്രീ/പുരുഷൻ, പരം/അപരം എന്നീ വൈരുദ്ധ്യാത്മക ദ്വന്ദ്വങ്ങളുടെ താളാത്മകവും വിമർശനാത്മകവുമായ സാംസ്കാരിക പാഠഭേദങ്ങളാണ്

കടമ്മനിട്ട കവിതയുടെ ആന്തരികപാഠം. ഈ ആന്തരികപാഠത്തിനകത്ത് കീഴായ്മയുടെ പ്രതിബോധത്തെ സൃഷ്ടിച്ചുകൊണ്ടാണ് കടമ്മനിട്ടക്കവിതയിൽ സ്ത്രീയും പ്രകൃതിയും പ്രത്യക്ഷപ്പെടുന്നത്. നിലവിലുള്ള നാഗരികസാംസ്കാരത്തോടുള്ള കലഹമായിട്ടാണ് സ്ത്രീയും പ്രകൃതിയും കവിതയിൽ ഇടം നേടുന്നത്. നഗരം/ഗ്രാമം എന്ന ദ്വന്ദ്വത്തെ വിമർശനാത്മകമായി വിപുലപ്പെടുത്തുന്ന ഈ കവിതകളിൽ കാല്പനികമായ ഗ്രാമവർണനകളും, നഗരത്തിലെ ജൈവസമ്പത്തിന്റെ അസാന്നിധ്യവുമാണ് പ്രകൃതിയെക്കുറിച്ചുള്ള ആകുലതകൾ ഉണർത്തുന്നത്.

ഗ്രാമങ്ങൾ നഗരങ്ങളായി രൂപാന്തരപ്പെടുമ്പോൾ വ്യക്തിബന്ധങ്ങൾക്ക് സംഭവിക്കുന്ന ശൈഥില്യവും അന്യവത്കരണവും, നാഗരികസമൂഹം ഭൂമിയെ മനുഷ്യനെ വാണിജ്യവത്കരിക്കുമ്പോൾ സംഭവിക്കുന്ന മൂല്യച്യുതികളും, കവിതയുടെ ഭാഗമാവുന്നു. അതോടൊപ്പം ഏകപക്ഷീയമായ അധികാരവ്യവസ്ഥിതിയും പ്രാന്തവത്കൃത ജീവിതസമൂഹത്തിന്റെ ജീവിതത്തിലെ അരക്ഷിതാവസ്ഥയും കവിതയുടെ രാഷ്ട്രീയത്തെ രൂപപ്പെടുത്തുന്നു. കടമ്മനിട്ടയുടെ 'നഗരത്തിൽ' എന്ന കവിതയിൽ ശകുന്തള സ്റ്റെനോഗ്രാഫറായും ദുഷ്യന്തൻ കമ്പനിമാനേജരുമായാണ് കടന്നുവരുന്നത്. കവിതയ്ക്കകത്ത് ഈ ക്രമീകരണം സവർണാധികാരത്തിനകത്തെ വ്യക്തിയുടെ സ്ഥാനത്തെക്കുറിച്ച് സാമൂഹികമായും ലിംഗകേന്ദ്രീകൃതമായും സൂചന നല്കുന്നുണ്ട്. പൈപ്പിലൂടെ ഒഴുകുന്ന മാലിനിനദിയും, കുപ്പിയിൽ വളർത്തുന്ന വനജ്യോത്സനയും ആധുനിക വികസനത്തിനകത്തെ പ്രകൃതിവിരുദ്ധതയെ സാക്ഷ്യപ്പെടുത്തുന്നു. 'അവസാനത്തെ ചിത്രം' എന്ന കവിത നഗരജീവിതത്തിലെ പച്ചയായ യാഥാർത്ഥ്യങ്ങളെയാണ് വരയ്ക്കാൻ ശ്രമിക്കുന്നത്. നഗരത്തിൽ മാനവികമൂല്യങ്ങൾക്ക് സംഭവിച്ച അപചയവും സ്ത്രീകൾ നേരിടുന്ന അരക്ഷിതാവസ്ഥയുമാണ് കവിതയിൽ അവസാനത്തെ ചിത്രം വരയ്ക്കാൻ കവിയെ പ്രേരിപ്പിക്കുന്നത്. നഗരത്തിന്റെ കപടമാന്യതയെ കവി ചിത്രത്തിലൂടെ തുറന്നുകാണിക്കുന്നു.

"മാന്യരേ, നിങ്ങൾ മടിക്കേണ്ട
മാർജാരമാർഗം തുറന്നേ കിടപ്പൂ
ജീർണ്ണിച്ചുടുമുണ്ടു പോയൊരു പെണ്ണിന്റെ
മാർദ്ദവം മായാത്ത തുടകളിൽ, മുലകളിൽ
ചൂടുള്ള താളം പിടിക്കാൻ, കടിക്കിൻ
ചൂടുള്ള മാംസം രുചിക്കിൻ, കുടിക്കിൻ

രാവെത്ര ഭാഗ്യം!
വെളിച്ചം വിലങ്ങാത്ത നാമെത്ര യോഗ്യർ!
വിതുമ്പുന്ന കാവിന്റെ നാവരിഞ്ഞെക്കിൻ
ചിലയ്ക്കേണ്ട നാളെ
പെങ്ങൾക്കൊരുണ്ണിയെയുണ്ടാക്കി
രാവിലെ കണ്ണും കഴുകി
സങ്കീർത്തനംപാടുവിൻ
സന്മാർഗം തുടരുവിൻ" [41]

ഈ നാഗരിക ചിത്രത്തിലൂടെ ദുഷിച്ച നഗരജീവിതത്തെ ഉപേക്ഷിച്ച് ഒരു പുതു ജീവിതത്തെ കവിത പ്രതീക്ഷിക്കുകയും ചെയ്യുന്നു. അങ്ങിനെ കലാകാരൻ എന്ന നിലയിൽ തന്റെ ഉത്തരവാദിത്വത്തെ ചുറ്റുവട്ടങ്ങളെ നിശിതമായി വിമർശിച്ചുകൊണ്ട് നിറവേറ്റുന്നു. പൊള്ളയായ നഗരജീവിതത്തിന്റെ യഥാർത്ഥപ്രകൃതത്തെ തുറന്നു കാട്ടുന്നു. 'നഗരത്തിൽ പറഞ്ഞ സുവിശേഷം' എന്ന കവിതയിൽ നഗരത്തിന് പുഴുത്ത മുലപ്പാലിന്റെ ചുവയാണ്. കവിയുടെ ഭാഷയിൽ ഭ്രാന്തിയായിട്ടാണ് നഗരം നിലനില്ക്കുന്നത്.

"പഴകിയ പഴന്തുണിക്കെട്ടുകളുടെ വാടയാണീ നഗരത്തിന്
പുഴുത്ത മുലപ്പാലിന്റെ ചുവയാണീ നഗരത്തിന്
ശവക്കല്ലറകളുടെ നിറമാണീ നഗരത്തിന്
മക്കളുടെ മുമ്പിൽ ഉടുതുണിയുരിഞ്ഞെറിഞ്ഞ്
തെറിപ്പാട്ടുപാടി പൊട്ടിച്ചിരിക്കുകയും പൊട്ടിക്കരയുകയും
തലയറഞ്ഞഴിഞ്ഞാടിത്തളരുകയും ചെയ്യുന്ന
ഭ്രാന്തിത്തള്ളയാണീ നഗരം." [42]

കോൺക്രീറ്റ് സൗധങ്ങൾക്കുള്ളിലെ കണ്ണിയറ്റ കുടുംബബന്ധങ്ങളും, മയക്കു മരുന്നും ആധിയുണർത്തുന്ന പുകക്കുഴലുകളും, ഗർഭഛിദ്രങ്ങളും അണുശക്തി ഗവേഷണങ്ങളും വെറുപ്പും വിദ്വേഷവുമാണ് കവിയ്ക്ക് നഗരത്തിൽനിന്ന് കണ്ടെടുക്കാൻ കഴിയുന്നത്. നഗരത്തിൽ മനുഷ്യരും മൃഗങ്ങളും ഇല്ലെന്ന് കവി തിരിച്ചറിയുന്നു. ഉള്ളത് സ്വത്വം നഷ്ടപ്പെട്ട വെറും കോലങ്ങൾ മാത്രം. നഗരത്തിന്റെ

ഈ അരഷിതാവസ്ഥയിലും കവി ഭാവിയിൽ ജൈവബോധത്താൽ രൂപപ്പെടുത്തിയെടുക്കേണ്ട ഒരു നഗരത്തെ പ്രതീക്ഷിക്കുന്നുണ്ട്. ആ പ്രതീക്ഷയാണ് ഈ കവിതയുടെ ജീവൻ. പ്രകൃതിയെ അമ്മയായി കണ്ട് പരിരക്ഷിക്കുന്ന മനുഷ്യപുത്രരുടെ ആഗമനത്തെ പ്രതീക്ഷിച്ചാണ് കവിത അവസാനിക്കുന്നത്. സമാനമായ ഭാവന 'നദിയൊഴുകുന്നു' എന്ന കവിതയിലും കാണാം. 'നദിയൊഴുകുന്നു' എന്ന കവിതയിൽ നദിയൊഴുകുന്നത് കവിയുടെ മനസ്സിലൂടെ മാത്രമാണ്. നഗരത്തിന്റെ വരൾച്ചയ്ക്കും തിരക്കിനുമിടയിൽ ശീതളസ്മൃതികളുമായാണ് നദിയൊഴുകുന്നത്. നദിയൊഴുകുന്നു, നദി കലങ്ങുന്നു എന്നിങ്ങനെ രണ്ടർത്ഥബോധങ്ങൾക്കിടയിലൂടെയാണ് കവിത ഇവിടെ സഞ്ചരിക്കുന്നത്. നഗരം/ഗ്രാമം എന്ന ദ്വന്ദ്വത്തിലൂടെ നഷ്ടപ്പെട്ട ഭൂവിഭാഗത്തെക്കുറിച്ചുള്ള വ്യഥകളാണ് ഈ കവിതയും പങ്കുവെക്കുന്നത്. ആധുനികഘട്ടത്തിലെ രക്തരൂക്ഷിതമായ യുദ്ധപരിസരങ്ങളിലാണ് നദി കലങ്ങുന്നത്. ഈ നാഗരികാന്തരീക്ഷത്തിലാണ് ഭൂമിയാണ് വലുതെന്ന ചിന്തയിൽ കവി അടിവരയിടുന്നത്. ജീവിതത്തിന്റെ തുടർച്ചയാണ് 'നദിയൊഴുകുന്നു' എന്ന പ്രയോഗം സാർത്ഥകമാക്കുന്നത്.

'കടിഞ്ഞൂൽ പൊട്ടൻ' എന്ന കവിതയിലും വിഷം തീണ്ടിയ ഒരു കാലത്തിന്റെ ദൈന്യതയാണ് കവി പങ്കുവെക്കുന്നത്. കവിതയിൽ പൊളിഞ്ഞ ശ്രീകോവിലും അരയാലും ചെമ്മൺപാതകളും, ചോലകളും മാവിൻചോടും കുന്നിൻപുറങ്ങളും മറന്നുകൊണ്ടാണ് കവി നഗരജീവിതത്തിന്റെ ഭാഗമാവുന്നത്. 'കുഞ്ഞേ മുലപ്പാൽ കുടിക്കരുത്' എന്ന കവിതയിലാണ് നഗരത്തിന്റെ, ആധുനികവികസനത്തിന്റെ പ്രകൃതിവിരുദ്ധവും സ്ത്രീവിരുദ്ധവുമായ മുഖം കൂടുതൽ വ്യക്തമാകുന്നത്. കൃഷിയിടങ്ങളെ കയ്യടക്കിയ രാസമാലിന്യങ്ങൾ ശ്വാസത്തെ, മുലപ്പാലിനെ ഭാവിയുടെ കരുതലുകളെ വിഷമയമാക്കിയ ആധുനിക പരിസരത്തിലാണ് ഈ കവിതയ്ക്ക് പ്രസക്തി കൈവരുന്നത്. ഈ കവിതയെ ഹരിതവിപ്ലവാനന്തരം മണ്ണിനും ജലത്തിനും സൂക്ഷ്മജീവികൾക്കും സംഭവിച്ച നാശത്തോട് ചേർത്തു വായിക്കാവുന്നതാണ്. ഹരിതവിപ്ലവമായും ആണവവത്കരണമായും അണക്കെട്ട് നിർമ്മാണങ്ങളായും കടന്നുവന്ന പുതിയ അറിവ് പ്രകൃതിയിൽ ഏല്പിച്ച ക്ഷതങ്ങളുടെ വിവരണമാണ് ഈ കവിത. ശുദ്ധമായ വായു, മണ്ണ്, ജലം, സുരക്ഷിത വാസസ്ഥാനം എന്നിവ ഒരു മനുഷ്യന് അത്യന്താപേക്ഷിതമാണ്. ഈ അടിസ്ഥാന ആവശ്യങ്ങളെ നിഷേധിക്കുന്ന രീതിയിലാണ് ആധുനിക അറിവ് വികസനത്തിന്റെ പേരിൽ പ്രകൃതിക്കു മേൽ പ്രയോഗിക്കപ്പെട്ടത്.

ഇത് ഭൂമിയെ തരിശാക്കുകയും വനമേഖലയെ തുടച്ച് നീക്കുകയും ജലസ്രോതസ്സുകളെ മലിനപ്പെടുത്തുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് കുഞ്ഞിനോട് മുലപ്പാൽ കുടിക്കരുത് എന്ന് കവിയ്ക്ക് പറയേണ്ടി വന്നത്.

"അറിവിന്റെയണുബോംബു പൊട്ടിച്ചു നമ്മുടെ
കുലമാകമാനമുലച്ചോർ
വരിനെൽകതിർക്കുല തീയിട്ടെരിച്ചവൻ
വറുതികൾ വാരി വിതച്ചോർ
നദികൾ മുറിച്ചു കല്പാല മുറയ്ക്കുവാൻ
കുരുതിയായ് നമ്മെ കുനിച്ചോർ
അവരിന്നു നമ്മെ വിളിക്കുന്നു, ഭൂമിയെ
അവശയാക്കാനായൊരുക്കം
അവരിന്നു നമ്മോടടുക്കുന്നു, നമ്മളെ
അടിമയായ്ത്തന്നെ തളയ്ക്കാൻ
ഒരു കളിപ്പന്തോ കളിപ്പാവയോ ഭൂമി
അതിരുണ്ടവൾ തൻ ക്ഷമയ്ക്കും."[43]

ഈ വരികളിലൂടെ കവിത അമ്മയുടെ മടിത്തട്ടിലെ ഒരു കുഞ്ഞിനോടുള്ള ഉപദേശത്തിനപ്പുറത്ത് മൂന്നാംലോക രാഷ്ട്രങ്ങൾക്ക് മീതെയുള്ള അധിനിവേശപരവും സാമ്രാജ്യത്വപരവുമായ നവകൊളോണിയൽ അർത്ഥപരിസരങ്ങളിലേക്ക് അനുവാചകനെ നയിക്കുന്നു. മൂന്നാംലോക രാഷ്ട്രങ്ങളിലെ മണ്ണിനും ജലത്തിനും ജൈവസമ്പത്തിനും മീതെയുള്ള വാണിജ്യപരമായ നവകൊളോണിയൽ സമീപനങ്ങളുടെ ദോഷഫലങ്ങൾ നാമിന്ന് ജനിതക വൈകല്യങ്ങളായും ജലക്ഷാമമായും വന്ധ്യതയായും അന്തരീക്ഷമലിനീകരണങ്ങളായും അനുഭവിച്ചുകൊണ്ടിരിക്കുന്നു. തുച്ഛമായ ജൈവസമ്പത്തിന്റെ ലഭ്യതയാണ് പ്രകൃതിയെ, ജനസമൂഹത്തെ വികസനത്തിന്റെ പേരിൽ അടിമവത്കരിക്കാൻ അവരെ പ്രേരിപ്പിക്കുന്നത്. 'കുഞ്ഞേ മുലപ്പാൽ കുടിക്കരുത്' എന്ന കവിതയിൽ കവി നിലയുറപ്പിക്കുന്നത് പ്രകൃതിക്ക് മീതെയുള്ള അറിവിന്റെ, അധികാരത്തിന്റെ അധിനിവേശത്തിനെതിരെയാണ്. അടിസ്ഥാനപരമായി പ്രകൃതിയെ അമ്മയായി കാണുന്ന സമൂഹബോധമനസ്സിനോട് കടപ്പെട്ട് നിന്നു

കൊണ്ടാണ് കടമ്മനിട്ടകവിതകൾ രൂപപ്പെട്ടിട്ടുള്ളത്. തനിക്ക് ചുറ്റുമുള്ള പ്രകൃതിയുടെ അന്യവത്കരണത്തെ, വാണിജ്യവത്കരണത്തെ കവി അനുഭവപ്പെടുത്തുന്നത് മനുഷ്യകുലത്തിന്റെ തന്നെ അമ്മ അനുഭവിക്കുന്ന വ്യഥകളെന്ന രൂപത്തിലാണ്. പ്രകൃതിയുടെ ക്ഷമ, സഹനം എന്നീ ഭാവങ്ങൾ ഇടയ്ക്കിടെ കവിതയിൽ വിഷയീഭവിക്കുന്നുണ്ട്. ഫലത്തിൽ പ്രകൃതിയിലേക്കുള്ള മനുഷ്യന്റെ അമിതമായ കടന്നുകയറ്റത്തിന്റെ ഫലങ്ങൾ സ്ത്രീയുടെ ദുഃഖമായിട്ടാണ് അനുഭവപ്പെടുന്നത്. ഈ സ്ത്രീയാകട്ടെ സാമൂഹ്യബന്ധങ്ങളിൽ ഏറിയകൂറും ആൺകോയ്മ പ്രത്യയശാസ്ത്രത്തിന് കീഴ്പ്പെടുന്ന സ്ത്രീയാണ്. സർവംസഹയാണ്. ഈ സ്ത്രൈണപ്രകൃതിയോടുള്ള പുരുഷയോഗമാണ് നാഗരികത ഉയർത്തുന്ന പരിസ്ഥിതി, സ്ത്രീപ്രശ്നങ്ങൾക്ക് പരിഹാരമായി കവി മുന്നോട്ടുവെക്കുന്നത്. 'പ്രകൃതിപുരുഷയോഗം' എന്ന ചിന്ത സാംഖ്യശാസ്ത്രത്തോടാണ് കടപ്പെട്ട് നിൽക്കുന്നത്. സാംഖ്യശാസ്ത്രം പുരുഷനെ കേവലതയിലാണ് ഉൾക്കൊള്ളുന്നത്. എന്നാൽ കടമ്മനിട്ടകവിതയിലെ പുരുഷൻ ആധുനികവ്യവഹാരങ്ങൾക്കകത്തെ സവർണപക്ഷത്തോട് ചേർന്നാണ് നിലകൊള്ളുന്നത്. സവർണകല്പിതമായ പുരുഷആശ്രയത്തിന് കീഴിൽ പ്രകൃതിയെ, സ്ത്രീയെ സംരക്ഷിക്കാനും പരിപോഷിപ്പിച്ചെടുക്കാനുമുള്ള ശ്രമമാണ് കടമ്മനിട്ട കവിതയിൽ ആദ്യന്തം തുടരുന്നത്.

ദളത് പ്രത്യയശാസ്ത്രപരിപ്രേഷ്യത്തിൽ രൂപം നല്കിയ 'കുറത്തി', 'കാട്ടാളൻ', 'കിരാതവൃത്തം' എന്നീ കവിതകളും അടിമജനതയുടെ കാടിന്റെ സ്മൃതികളിലൂടെ, പ്രകൃതിയുടെ ഉർവരതയെ കാമാതുരമായി ഉണർത്തിയെടുക്കാനാണ് ശ്രമിക്കുന്നത്. ദളിത് സ്വത്വത്തിലൂന്നികൊണ്ട് കവിത ആദിമസ്ത്രൈണശക്തിയുടെ പാരായണവും സ്ത്രൈണശരീരത്തിലൂന്നികൊണ്ടുള്ള വർണനയുമാണ് നടത്തുന്നത്. കാട്ടാളന്റെ പൂർവസ്മൃതിയിലാണ് കാടിന്റെ അനുഭവപരിസരം വിപുലപ്പെടുത്തുന്നതും വർത്തമാനകാലത്തിലെ കാടിന്റെ ദൈന്യതയുമായി താരതമ്യപ്പെടുത്തുന്നതും. കാട് സ്വച്ഛവും സുരക്ഷിതവുമായ പൂർവ്വഅനുഭവമായി കവിതയിലുടനീളം നിലനില്ക്കുന്നു. കാടിന്റെ നഷ്ടമാണ് കാട്ടാളനെ ആധുനികപരിസരത്തിൽ ക്ഷുഭിതനായി നിലനിർത്തുന്നത്. കാട്ടിലെ കനികൾ ഭക്ഷിച്ച് ജീവിതം തുടർന്ന കാട്ടാളന് തുടർജീവിതത്തിൽ നേരിടേണ്ടി വന്ന ദുരന്തങ്ങളാണ് കാട്ടാളനെ ആധുനികപരിസരത്തിൽ വാചാലനാ

ക്കുന്നത്. നിരാർദ്രമായ മനസ്സോടെയാണ് കാട്ടാളൻ എത്തുന്നത്. നെഞ്ചത്ത് ഒരു പന്തം കുത്തിയെത്തുന്ന കാട്ടാളൻ സ്വയം നീറികൊണ്ട് ചുട്ടുപൊള്ളുന്ന ജീവിതയാഥാർത്ഥ്യങ്ങളെ പുറംലോകത്തിന് മുന്നിൽ മറനീക്കി കാണിക്കാൻ വ്യഗ്രതയുള്ളവനാണ്. പ്രകൃതിക്ഷോഭംപോലെയും മൃഗവീര്യമാർന്നതുപോലെയുമാണ് കാട്ടാളൻ എത്തുന്നത്. സൂക്ഷ്മമായ അർത്ഥത്തിൽ ആധുനികവികസനത്തിന്റെ പേരിൽ കാട്ടിലേക്കുള്ള കടന്നുകയറ്റവും സാമൂഹ്യവിതാനത്തിലെ അസന്തുലിതമായ സാമ്പത്തികവിതരണവുമാണ് കാട്ടാളനെ ഇത്രമാത്രം ക്ഷുഭിതനാക്കുന്നത്. ഈ വിപ്ലവാത്മക ആന്തരികസത്ത കുറത്തിയിലും കാണാവുന്നതാണ്. മലഞ്ചൂരൽ മടയിൽ നിന്നാണ് കുറത്തിയെത്തുന്നത്. കുറത്തിയുടെ ആത്മവീര്യത്തെ വിളഞ്ഞ ചൂരപരിസരത്തിനോടും, ചീന്തിയെറിഞ്ഞ കരിയോടും വെന്തമണ്ണിനോടും, കാട്ടുതീപ്പൊരിയോടുമൊക്കെയാണ് താരതമ്യപ്പെടുത്തുന്നത്. ആധുനിക അനുഭവത്തിന് പിറകിലെ ചൂഷണങ്ങളെ, അക്രമങ്ങളെ എതിരിട്ടാണ് കുറത്തി എത്തുന്നത്.

"വേട്ടനായ്ക്കടെ എല്ലിൽ നിന്നും
വിണ്ട് കീറിയ നെഞ്ചുമായി
കുറത്തിയെത്തുന്നു.
മല കലങ്ങി വരുന്ന നദിപോൽ
കുറത്തിയെത്തുന്നു.
മൂട് പൊട്ടിയ മൺകുടത്തിൽ
മുറിവിൽനിന്നും മുറിവുമായി
കുറത്തിയെത്തുന്നു
വെന്തമണ്ണിൻ വീറുപോലെ
കുറത്തിയെത്തുന്നു"[44]

വേട്ടനായ്ക്കൾ വിണ്ട് കീറിയ നെഞ്ചും, കാരിരുമ്പിന്റെ ഉടലുമുള്ള കുറത്തി പാരായണം ചെയ്യുന്ന കഥകൾ ആദിമഗോത്രസംസ്കൃതിയുടെ കീഴായ്മയുടേതാണ്. ദളിതരുടെ തൊഴിൽപരിസരങ്ങളെ അക്കമിട്ട് നിരത്തി കുറത്തി സ്വന്തം സ്ഥാനത്തെ കവിതയിൽ സ്ഥാനപ്പെടുത്തുന്നു. സവർണരുടെ സാമ്പത്തിക അഭിവൃദ്ധിക്കായി അദ്ധ്വാനിക്കുക, അവരുടെ ഉറക്കത്തിന് കാവൽനിൽക്കുക, അവർക്ക് ഇഷ്ടമുള്ള കാഴ്ച

നല്കുക എന്നിങ്ങനെ കുറത്തിയുടെ വിഭാഗം കാലങ്ങളായി പിൻതുടരുന്ന വിധേയത്വത്തിന്റെ ക്രിയാരൂപങ്ങൾ നിരവധിയാണ്. എന്നാൽ കുറത്തിയുടെ ചിന്തകൾ ഈ വിധേയത്വജീവിതത്തിന് പുറത്താണ് വെളിപ്പെടുന്നത്. അതുകൊണ്ടാണ് നാഗരിക സമൂഹത്തിന് നേരെ കുറത്തിയ്ക്ക് ചോദ്യങ്ങൾ ഉന്നയിക്കാൻ നിഷ്പ്രയാസം കഴിയുന്നത്.

"നിങ്ങളെന്റെ കറുത്ത മക്കളെ ചുട്ടുതിന്നുന്നോ?
നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ ചൂഴ്ന്നെടുക്കുന്നോ?
നിങ്ങൾ ഞങ്ങടെ കുഴിമാടം കുളം തോണ്ടുന്നോ?
നിങ്ങളോർക്കുക നിങ്ങളെങ്ങിനെ നിങ്ങളായെന്ന്"[45]

ഇവിടെ കുറത്തി നിലയുറപ്പിച്ചിട്ടുള്ളത് പ്രകൃതി/സംസ്കൃതി എന്ന ദ്വന്ദ്വത്തിനകത്തെ അപരവത്കരിക്കപ്പെട്ട പ്രകൃതിപക്ഷത്താണ്. സവർണസംസ്കാരത്തിന് വെളിയിലാണ് ഈ പ്രകൃതിയുടെ സ്ഥാനം. 'നിങ്ങളെങ്ങനെ നിങ്ങളായി' എന്ന ചോദ്യം ആത്യന്തികമായി സ്ഥാനപ്പെടുത്തുന്നത് നിങ്ങൾ/ഞങ്ങൾ എന്ന വിഭാഗീയതയിലാണ്. ഇവിടെ സവർണസംസ്കാരം എന്ന അർത്ഥത്തിൽ 'നിങ്ങൾ' എന്ന പ്രയോഗം സമൂഹത്തിലെ മേൽത്തട്ടിനെ സൂചിപ്പിക്കുന്നു. ഫലത്തിൽ 'കുറത്തി' അപരവത്കരിക്കപ്പെട്ട പ്രകൃതിയുടെ സ്വത്വത്തെ ഏറ്റെടുക്കുന്നു. പ്രകൃതിക്ക് ഏല്പിക്കപ്പെടുന്ന മുറിവുകൾ കുറത്തിയുടേതു കൂടിയായി മാറുന്നു. അതോടൊപ്പം 'നിങ്ങൾ' എന്ന പ്രയോഗം പ്രതിനിധീകരിക്കുന്ന സവർണസമൂഹം മാറ്റങ്ങളില്ലാതെ നിലനിർത്തപ്പെടുകയും ചെയ്യുന്നു. കലുഷിതമാകുന്നതും ഉദ്ഗ്രഥിതമായ ഒരു പരിഹാരത്തിലേക്ക് നയിക്കപ്പെടുന്നതും കുറത്തിയാണ്. സന്തുലിതമായ ഒരു മാറ്റം കുറത്തിയുടെ ആവശ്യമായി കവിതയിൽ നിലനിൽക്കുന്നു. ഇല്ലായ്മകൾ നിറഞ്ഞ തങ്ങളുടെ ജീവിതപരിസരത്തെ അവൾ പ്രദർശിപ്പിക്കുന്നു.

"കുഴി തുരന്നു തുരന്നു കുഴിയായ്
തീർന്ന ഞങ്ങൾ കുഴിയിൽ നിന്നു
വിളിച്ചു ചോദിച്ചു:
ഞങ്ങൾക്കന്നമെവിടെ? എവിടെ
ഞങ്ങളുടെ കരി പുരണ്ട മെലിഞ്ഞ പൈതങ്ങൾ?
അവർക്ക് അന്നമെവിടെ? നാണയമെവിടെ?

അന്തികൂടാൻ ചേക്കയെവിടെ
അന്തിവെട്ടത്തിരി കൊളുത്താൻ
എണ്ണയെവിടെ." [46]

വറുതിയും വേട്ടയാടപ്പെടലും നിറഞ്ഞ തങ്ങളുടെ ജീവിതത്തിനെ അടിമ സ്ഥാനത്ത് നിലനിർത്തിക്കൊണ്ടാണ് കുറത്തി പ്രതികാരത്തിനൊരുങ്ങുന്നത്. അടിമയിൽനിന്ന് വേറിട്ട സ്വതന്ത്രവ്യക്തിസത്ത, കുറത്തി പ്രകടിപ്പിക്കുന്നില്ല. ഈ അനുഭവപരിസരത്തെ വി.സി ശ്രീജൻ വിശദീകരിക്കുന്നത് ഇപ്രകാരമാണ്.

"കുറത്തി സ്വയം നിർവചിക്കുന്നത് അടിമത്തത്തിന്റെയും നാടുവാഴിത്തത്തിന്റെയും മൂല്യങ്ങൾ കൊണ്ടാണ് അടിമയും ഉടമയും തമ്മിൽ ഭാവനാത്മകമായ ആദർശത്തിന്റെ തലത്തിലുള്ള ഐക്യം അവളുടെ പ്രതികാരബുദ്ധിയുടെ ദിശ നിർണയിക്കുന്നു." [47]

ആത്യന്തികമായി അധികാരത്തിനകത്തെ സവർണമേധാവിത്വം കയ്യടക്കിയ ദളിത് ജീവിതപരിസരങ്ങളെയാണ് 'കുറത്തി', 'കാട്ടാളൻ', 'കിരാതൻ' എന്നീ കൃതികൾ അനാവരണം ചെയ്യാൻ ശ്രമിക്കുന്നത്. ആധുനികവികസനം ആദിമനിവാസികളുടെ ജീവിതസ്ഥാനങ്ങളെ, സാംസ്കാരിക പൈതൃകങ്ങളെ, ജീവിതമാർഗങ്ങളെ നഷ്ടപ്പെടുത്തിക്കൊണ്ടാണ് നടന്നത്. തോട്ടവത്കരണവും ആധുനികവികസനപദ്ധതികളും മലയടിവാരങ്ങളെ ശുഷ്കമാക്കിയപ്പോൾ ആദിവാസികൾക്ക് ശുദ്ധമായ വായുവും വെള്ളവും ആഹാരവും എന്നന്നേക്കുമായി നഷ്ടപ്പെട്ടു. ഈ ആദിവാസിസമൂഹത്തിന്റെ ജീവിതത്തിലെ അസ്പൃശ്യതകളെ, സുരക്ഷിതത്വമില്ലായ്മയെ കടമ്മനിട്ടയുടെ കീഴാള പ്രതീകങ്ങൾക്ക് എത്രമാത്രം ഉൾവഹിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ചിന്തനീയമാണ്. കാടിനെക്കുറിച്ചുള്ള പൂർവ്വ സ്മൃതികൾ കാല്പനികമായ ഭാവചാരുതയോടെയാണ് പലപ്പോഴും പ്രത്യക്ഷപ്പെടുന്നത്.

"കാടത്തികൾ ചോലമരത്തിൻ
ചോട്ടിൽ ചുവടൊത്തു കളിക്കെ
കരിവീട്ടിക്കാതൽ പിണഞ്ഞും
കൺപീലിക്കാടു വിടർന്നും
കവിളത്തഴകേഴും വളഞ്ഞും

പൂഞ്ചായൽ കെട്ടുകളൂർന്നും
ഉടലിളകിയരക്കെട്ടിളകി
മുലയിളകിക്കാർമുടി ചിതറി
കാടത്തികൾ ചോലമരത്തിൻ
ചോട്ടിൽ ചുവടൊത്തു കളിക്കെ,
മുളനാഴി നിറച്ച പഴഞ്ചാ-
റൊരു മോന്തിനു ലഹരിപിടിച്ചാ
മാഞ്ചോട്ടിൽ താളം കൊട്ടി
തലയാട്ടിയ ഞാനിന്നെവിടെ?"[48]

മണ്ണും മാനവും നഷ്ടപ്പെട്ട ഒരു ജനതയുടെ ഭയം പേറിയ ജീവിതപരിസരത്തെ അടയാളപ്പെടുത്താൻ ഈ കവിതകൾ അപ്രാപ്തമാണെന്ന് വേണം കരുതാൻ. അനാരോഗ്യകരമായ ദളിത് ജീവിതപരിസരത്തോട് എഴുപതുകളിലെ കവിത പുലർത്തുന്ന വിമർശനാത്മകവും വിപ്ലവാത്മകവുമായ സമീപനത്തിന്റെ പ്രതിനിധാനങ്ങളായിവേണം കടമ്മനിട്ടയുടെ കാട്ടാളനെയും കുറത്തിയെയും നോക്കിക്കാണേണ്ടത്. ആവാസസ്ഥാനങ്ങളിൽനിന്ന് ആട്ടിയകറ്റപ്പെട്ട ആദിവാസി സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ഏറെ ഗൗരവമേറിയതാണ്. ജീവിതമാർഗം നഷ്ടപ്പെട്ട് പ്രാന്തവത്കരിക്കപ്പെട്ട ഒരു ജനതയുടെ സ്വത്വപ്രതിസന്ധി ഗ്രാമത്തിൽനിന്ന് നഗരത്തിലേക്ക് കുടിയേറിപാർത്തവന് തുല്യമല്ല. പിന്നെ എന്തുകൊണ്ട് കാട്ടാളൻ എന്ന കവിത ആധുനിക കാവ്യവ്യവഹാരങ്ങളിൽ ഒരു പ്രതിസംസ്കാരത്തിന്റെ ബോധത്തെ സൃഷ്ടിച്ചുകൊണ്ട് ഗ്രാമനഗരസ്വത്വസംഘർഷങ്ങളോട് ഐക്യപ്പെട്ട് രൂപംകൊള്ളുന്നു എന്നുള്ളത് ആധുനികലോകത്ത് രൂപപ്പെട്ട മാനവിക സങ്കല്പത്തിനോട് ചേർത്തു വായിക്കേണ്ടതാണ്. ആധുനിക മാനവികതാദർശനം ദളിത്, പ്രകൃതി സ്ത്രീസത്തകളെ ഉദ്ദീപ്തമാക്കിക്കൊണ്ട് ഒരു നവരാഷ്ട്രീയത്തിന്റെ ആഗോളദർശനത്തെ ഉൾവഹിക്കുന്നുണ്ട്. ദളിത് പരിപ്രേഷ്യത്തിലൂടെ സ്ത്രീയെയും പ്രകൃതിയെയും മുൻനിർത്തി നിലനിൽക്കുന്ന സവർണനാഗരികസംസ്കാരത്തിന് ബദലായി ഒരു സോഷ്യലിസ്റ്റ് ദർശനത്തിന്റെ വിപ്ലവാത്മകമായ സാക്ഷാത്കാരമാണ് കടമ്മനിട്ട തന്റെ കവിതകളിലൂടെ നിർവഹിക്കുന്നത്. എന്നാൽ തന്റെ ഉദ്യമത്തെ വിപ്ലവാത്മകമായി

പൂർത്തീകരിക്കാൻ കവി ശ്രമിക്കുന്നില്ല. കവിത പ്രകൃതി, പുരുഷ സമീകരണത്തിന്റെ അർത്ഥതലങ്ങളിലേക്കിറങ്ങി ഭാവിയെക്കുറിച്ചുള്ള സമത്വസുന്ദരസ്വപ്നത്തെ സാക്ഷാത്കരിക്കാൻ ശ്രമിക്കുന്നു.

കാട്ടാളന്റെ സ്വത്വത്തെ രൂപപ്പെടുത്തിയ കാടിന്റെ നഷ്ടം ഗ്രാമത്തിന്റെ നഷ്ടത്തിനോട് ചേർന്ന് നിൽക്കുന്നതാണ്. എന്നാൽ പൈങ്കിളിക്കും പഴങ്കൂത്തിനും മുത്തങ്ങാപ്പുല്ലിനും തുളസിക്കാടുകൾക്കുമപ്പുറം ആദിവാസിക്ക് വികസനത്തിന്റെ പേരിൽ നഷ്ടപ്പെട്ട വനാന്തരങ്ങൾ ആദിമസംസ്കൃതിയുടെ ഭാഗമാണ്. ജീവിതമാർഗമാണ്. കുടിയും കാടും നഷ്ടപ്പെട്ട ആദിവാസിക്ക് പറയാനുണ്ടാകുക ദാരിദ്ര്യത്തെക്കുറിച്ചും ആദിവാസി സ്ത്രീകൾക്ക് നേരെയുള്ള ആക്രമണത്തെക്കുറിച്ചും, ബോധത്തിനെ മറയ്ക്കുന്ന ലഹരിവസ്തുക്കളെക്കുറിച്ചുമായിരിക്കും. കുറത്തിയുടെ മുറിവേറ്റ ശരീരം എന്ന പ്രയോഗം ഈ അർത്ഥപരിസരത്തെ ധ്വനിപ്പിക്കുന്നുണ്ട്. കിരാതവൃത്തം എന്ന കവിതയിൽ പ്രതിഷേധം വിപ്ലവാത്മകമായി ഉയരുന്നുണ്ട്.

"വേട്ടകാരുടെ കൈയ്യുകൾ
വെട്ടും ഞാൻ കൽമഴുവോങ്ങി
മല തീണ്ടിയശുദ്ധം ചെയ്തവർ
തലയില്ലാതൊഴുകണമാറിൽ
മരമൊക്കെയരിഞ്ഞവരെന്നുടെ
കുലമൊക്കെ മുടിച്ചവരെന്നുടെ
കുടൽമാലകൾ കൊണ്ടു ജഗത്തിൽ
നിറമാലകൾ തൂക്കും ഞാൻ?" [49]

ഇവിടെ കാട്ടാളൻ തന്റെ കുലവും നാടും മുടിച്ചവരുടെ ശിക്ഷകനായി മാറുന്നു. തുടർന്ന് ക്ഷുഭിതമായ മാനസികാവസ്ഥയുടെ ഉത്തുംഗത്തിൽ കാട്ടാളൻ പ്രകൃതിയെ ഉർവരതയിലേക്ക് നയിക്കുന്ന പുരുഷകർത്തൃത്വമായി പരിണമിക്കുന്നു.

"കാളി, കാളിമയാർന്നോളെ, യെൻ
കാമം തീർക്കാനുണരൂ
പച്ചമണക്കും നിൻതനുപുല്കാൻ
കച്ചയഴിച്ചു കളിക്കാൻ

നിന്റെ കരിന്തുടയിടയിൽ ജീവിത-
ഗന്ധം തൂകി നനയ്ക്കാൻ
നിർദയനൃത്തവിലാസത്താലെൻ
ശക്തിയൊഴിച്ചു നിറയ്ക്കാൻ
ഉൽക്കടമോഹമൊരുക്കിയ മണ്ണിൽ
വിത്തു വിതച്ചു വളർത്താൻ
വിത്തിന്നുള്ളിൽ പുതുമുളയായെൻ
സത്വം കാട്ടി ജയിക്കാൻ"[50]

ഈ വരികളിൽ തെളിയുന്നത് ഭൂമിയെ, സ്ത്രീയെ ബീജദാനത്തിനുള്ള ശേഷിപ്പ് മാത്രമായി കാണുന്ന സവർണ പുരുഷസങ്കല്പത്തിന്റെ തുടർച്ചയാണ്. വിത്തിനെ ഏറ്റു വാങ്ങുന്ന ഭൂമിയെക്കാൾ, സൃഷ്ടി നടത്തുന്ന സ്ത്രീയേക്കാൾ വിത്ത് നൽകുന്ന ദാതാവിനാണ് പുരുഷാധിപത്യസമൂഹത്തിൽ പ്രാധാന്യം 'സത്വം കാട്ടി ജയിക്കാൻ' എന്ന പ്രയോഗം നൂറ്റാണ്ടുകളായി പിതൃകേന്ദ്രീകൃത വ്യവസ്ഥിതിയിലൂടെ തിടം വെച്ച ആൺകോയ്മ പ്രത്യയശാസ്ത്രത്തിന്റെ പിൻതുടർച്ചയെ ബോധ്യപ്പെടുത്തുന്നു. സ്ത്രൈണസത്തയ്ക്ക് മീതെയുള്ള സവർണ പുരുഷബോധമാണ് വാക്കുകളായി ഉരുത്തിരിയുന്നത്. അതുകൊണ്ടാണ് പ്രകൃതി വർണനയിൽ സന്ധ്യകൾ നിറഞ്ഞ നുണക്കുഴികൾ, മാറിൽ തിമിർക്കുന്ന കരിമേഘങ്ങൾ, നാഭിചുഴിയിലെ ചുഴലികൾ, കരിന്തുടയിലെ കാനനമത്തഗജങ്ങൾ എന്നീ സവർണ പരിലാളിത സ്ത്രീവർണനകൾ കയറിക്കൂടുന്നത്. അതോടൊപ്പം കാമാസക്തനായി ഉറക്കറ അന്വേഷിക്കുക, തനുപുൽകുക, കച്ചയഴിച്ചു കളിക്കുക, വിത്ത് വിതക്കുക എന്നീ പ്രയോഗങ്ങൾ ഭാഷയിലെ ലിംഗകേന്ദ്രീകൃത കർത്തൃത്വത്തിലേക്കാണ് വിരൽചൂണ്ടുന്നത്. യഥാർത്ഥത്തിൽ 'കാട്ടാളൻ' എന്ന കവിതയുടെ ശരീരമായി നിലനില്ക്കുന്ന ആദിമ പ്രകൃതി പുരുഷപ്രത്യയശാസ്ത്രനിർമിതമായ സ്ത്രൈണസത്തയെ ഉൾവഹിക്കുന്നതാണ്. അതുകൊണ്ട് തന്നെ നാഗരികതയ്ക്കകത്തെ ഊഷരതയെ ഉർവരതയിലേക്ക് നയിച്ചു കൊണ്ട് പ്രകൃതി പുരുഷയോഗത്തിലൂടെ പുരുഷാധിപത്യമൂല്യങ്ങളെ നിലനിർത്താനാണ് കവി ശ്രമിക്കുന്നത്. നുകരട്ടെ, രുചിക്കട്ടെ എന്നീ പ്രയോഗങ്ങൾ ലൈംഗികതയ്ക്കകത്തെ സ്ത്രീയുടെ കീഴായ്മയെയാണ് കാണിക്കുന്നത്.[51]

കടമ്മനിട്ടയുടെ മിക്ക കവിതകളിലും ലൈംഗികവസ്തു എന്ന നിലയിലാണ് സ്ത്രീയെ അവതരിപ്പിക്കുന്നത്.

"പ്രണയത്തിന്റെ ശരീരപരതയെ അംഗീകരിക്കുന്ന കവിയാണ് കടമ്മനിട്ട. എന്നാൽ പ്രണയവിചാരങ്ങളിൽ പരാമർശങ്ങളിൽ ആഖ്യാതാവായ പുരുഷന്റെ വിപരീതമായി സ്ത്രൈണതമാറുന്നു. ഈ പുരുഷനാകട്ടെ തികഞ്ഞ അധീശത്വ സ്വഭാവം പുലർത്തുന്നു. കൊളോണിയൽ സൗന്ദര്യചിന്തകളുടെ സ്വാധീനത്തിൽ രൂപപ്പെട്ട ആധുനികത സ്ത്രീപുരുഷബന്ധങ്ങളെയും സാമൂഹികക്രമങ്ങളെയും പ്രണയത്തെയും ചിട്ടപ്പെടുത്തിയത് സ്ത്രീയെ പുരുഷന് കീഴടക്കിക്കൊണ്ടായിരുന്നു. ഈ കീഴടക്കലിന്റെ യുക്തിയെ നിരന്തരം സാധൂകരിക്കുന്ന ആഖ്യാനരീതിയാണ് കടമ്മനിട്ടയിൽ കാണുന്നത്. ലൈംഗികപരാമർശങ്ങളിൽ ഇത് വളരെ പ്രകടമാണ്." [52]

കടമ്മനിട്ടകവിതയിലെ പ്രകൃതിപുരുഷലയത്തെ സ്ത്രൈണതയിലേക്കുള്ള പുരുഷകർതൃത്വത്തിന്റെ പ്രവേശനമായും വിവക്ഷിക്കപ്പെടുന്നുണ്ട്.[53] ഈ കണ്ടെത്തൽ പ്രത്യക്ഷമായിത്തന്നെ സ്ത്രൈണതയ്ക്ക് നാഗരികാന്തരീക്ഷത്തിൽ വ്യാവഹാരിക മൂല്യം ചാർത്തി കൊടുക്കുന്നുണ്ട്. പക്ഷേ കവി എത്രത്തോളം ഈ വീക്ഷണത്തിലൂടെ സഞ്ചരിച്ചിട്ടുണ്ട് എന്നുള്ളത് ചിന്തനീയമാണ്. 'ശാന്ത' എന്ന കവിതയെ മുൻനിർത്തിയാണ് ബെറ്റിമോൾ സ്ത്രൈണപക്ഷത്ത് നിന്നുള്ള ഈ ആധുനികാനന്തരവീക്ഷണത്തെ മുന്നോട്ടുവെക്കുന്നത്. പക്ഷേ കടമ്മനിട്ട കവിത നാഗരികമായ സമസ്യകളിൽ ആശ്രയിക്കുന്നത് പുരുഷകർത്തൃത്വത്തിലാണ്. പുരുഷസൂക്തം എന്ന കവിതയിൽ ഈ കർത്തൃത്വത്തെ കവി അനുഭവംകൊണ്ട് വലയംചെയ്യുന്നുണ്ട്. '

"കാലത്തിൻ യോനിക്കുള്ളിൽ കടന്നു രേതസ്സായി
കർമമായി, കർത്തൃത്വമായി സത്യമായ് വളർന്നു ഞാൻ"[54]

സ്വയം അവലംബിതമായ ഈ പുരുഷകർത്തൃത്വമാണ് ഉടലായി ഉണർവായി കവിതയിൽ കവിതയുടെ അവസാനത്തിൽ പ്രകൃതിശക്തിയോട് ചേരുന്നത്. അതു കൊണ്ടുതന്നെ യോഗത്തിലൂടെ ബാക്കിവെക്കുന്ന സംസ്കൃതിയും പുരുഷന്റേതാണ്.

"പുരുഷൻ ഞാൻ പ്രകൃതീശ്വരി നീയും
ഉണർത്താം മനുഷ്യനെ ബോധധാരകൾ വീണ്ടും

ചുരത്തിക്കൊടുത്തു നാമെടുക്കാം മടിത്തട്ടിൽ
എന്റെ സ്വപ്നമീ ജീവൽസ്പന്ദം
അതിൻ കഥയെൻ കഥ
പൊരുളോ പുരുഷാർത്ഥം
ഞാനാണല്ലോനി, നീയാണല്ലോ ഞാൻ
നാമാണല്ലോ നന്മനിറഞ്ഞ പരിപൂർണത"[55]

ഇവിടെ 'നീ' എന്നത് കേവല സ്ത്രൈണതയ്ക്കപ്പുറത്ത് ആദ്ധ്യാത്മികമായി അർത്ഥസാധ്യതകൾ കൈവരിക്കുന്നുണ്ടെന്ന് തുടർന്ന് വരുന്ന സംസ്കൃതശ്ലോകത്തിൽനിന്ന് വ്യക്തമാണ്. ശാന്ത എന്ന കവിതയിലെത്തുമ്പോൾ നഗരഗ്രാമദ്വന്ദ്വങ്ങളെ മായ്ച്ചുകളഞ്ഞുകൊണ്ട് വരൾച്ചയും ദുരിതങ്ങളും മനുഷ്യജീവിതത്തെയൊന്നാകെ ഗ്രസിക്കുന്നുണ്ട്. രണ്ട് വേഗങ്ങളിലാണ് ശാന്ത കവിതയിൽ അർത്ഥസംവേദനം നടത്തുന്നത് ഒന്നാമത്തേത് ഭാര്യയെന്ന നിലയിലും രണ്ടാമത്തേത് പ്രകൃതിയെന്ന നിലയിലും. രണ്ടും നിയന്ത്രിക്കുന്നതാകട്ടെ പുരുഷമേധാവിത്വം. തന്റെ ഗ്രാമത്തിലേക്ക് ശാന്തിതേടിയെത്തിയ നായകന് മുന്നിൽ ശാന്ത ഗൃഹത്തിന്റെ അധികഭാരത്താൽ തളർന്ന ഗൃഹസ്ഥയാണ്. തളർന്നുറങ്ങുന്ന മക്കളുടെ അമ്മയാണ്. തന്റെ ആവശ്യങ്ങളെ മറന്ന് കീറിയതും മുഷിഞ്ഞതുമായ വസ്ത്രം ധരിച്ച് മക്കൾക്കുവേണ്ടി പാകം ചെയ്യുന്ന ശാന്തയെയാണ് കവിതയുടെ ആദ്യഘട്ടത്തിൽ നാം കാണുക. അവളുടെ ദേഹത്ത് പച്ചവിറക് ഊതി കത്തിച്ച് കരിപുരണ്ടിരുന്നു. മുടി പാറിപ്പറന്നിരുന്നു. രണ്ടാമത്തെ പുറത്തിൽ ശാന്ത പ്രകൃതിയാണ്. കിണറും കുളവും കൈത്തോടുകളും പുഴകളും വറ്റിപ്പോയ ആധുനികനഗരത്തിന്റെ വികസനത്തിന് കീഴിലാണ് ശാന്ത സഹനത്തെ, ദുഃഖത്തെ വഹിക്കുന്നത്. ഭൂമിയായി പരിണമിക്കുന്നത്. ജലം തേടിപ്പോയ വേരുകളും, വെള്ളമില്ലാതെ നശിച്ച തവളകളും ഈയാംപാറ്റയും കടവ് നഷ്ടപ്പെട്ട കടത്തുകാരനുമാണ് ശാന്തക്ക് ഭൂമിയുടെ സ്വത്വം നല്കിയത്. തനിക്ക് ചുറ്റുമുള്ള ഊഷരതകൾക്ക് ബദലായി പുംബീജമായി ഭൂമിയിലേക്കൂർന്നിറങ്ങുന്ന പുരുഷകർത്തൃത്വം സ്ത്രൈണശക്തി കേന്ദ്രിതമായ ദ്രാവിഡ സങ്കല്പത്തിലാണ് അഭയം തേടുന്നത്. പക്ഷെ കടമ്മനിട്ടയുടെ ഇതരകവിതകളിൽനിന്ന് വ്യത്യസ്തമായി അധികാര വികേന്ദ്രീകരണത്തിലൂന്നിയ പുത്തൻ ലോകക്രമത്തെ ഈ കവിത പരാമർശിച്ചുപോകുന്നുണ്ട്.

"ഹാ! ഇവിടെ ഈ കരിമ്പനച്ചുവട്ടിൽ
കാൽച്ചങ്ങലയിൽ തളഞ്ഞു കിടക്കുകയാണല്ലോ!
നാം കാണുന്നതും കേൾക്കുന്നതും അറിയുന്നതുമെല്ലാം
ഈ ചങ്ങലക്കണ്ണികൾക്കിടയിലൂടെയാണല്ലോ!
എന്റെ പെണ്ണേ! ഞാൻ നിന്നെ കാണുന്നതുപോലും."[56]

ഇത്തരത്തിൽ ആധുനികതയുടെ വ്യവഹാരങ്ങളിൽ ഗ്രാമത്തിന്റെയും നഗരത്തിന്റെയും അനുഭവ ശകലങ്ങൾക്കിടയിലാണ് കടമ്മനിട്ട തന്റെ കാവ്യലോകത്തെ നിർമിക്കുന്നത്. യഥാർത്ഥത്തിൽ മധ്യവർഗ പുരുഷന്റെ മൂല്യബോധത്തിനനുസൃതമായിട്ടാണ് കവിതയിൽ സ്ത്രീയും പ്രകൃതിയും നാഗരികതയുടെ ഇരകളായി പ്രത്യക്ഷപ്പെടുന്നത്. ഉർവരതയെ ഉണർത്തിയെടുക്കാനായി പുരുഷനോട് ചേരുന്നത്. നിലവിലുണ്ടായിരുന്ന സാമൂഹിക രാഷ്ട്രീയ അരക്ഷിതാവസ്ഥകൾക്ക് ബദലായി സ്ത്രൈണതയെ ഉണർത്തിയെടുക്കുക എന്ന ദൗത്യമാണ് കടമ്മനിട്ട തന്റെ കവിതകളിലൂടെ നിർവഹിക്കുന്നത്. സ്ത്രീ പുരുഷയോഗത്തിലൂടെ ഈ പ്രതിസന്ധികൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു. ഫലത്തിൽ നാഗരികതയുടെ അപാവരണങ്ങളായി ദളിത്, സ്ത്രീ, പ്രകൃതിപക്ഷകവിതകൾ ജനിക്കുന്നു. നിലവിലുള്ള അധികാര വ്യവസ്ഥയെ എതിർക്കാതെ മുന്നോട്ടുപോകുകയും ചെയ്യുന്നു.

"മദ്ധ്യവർഗസവർണപുരുഷന്റെ മൂല്യബോധത്തിലും നവോത്ഥാനചിന്തയുടെ വിപ്ലവാത്മകതയിലും ആധുനികതയുടെ ശ്രേണിബദ്ധതയിലും പിതൃകേന്ദ്രീകൃത കുടുംബവ്യവസ്ഥയുടെ പ്രത്യയശാസ്ത്രത്തിലുമാണ് കടമ്മനിട്ടകവിതയിലെ ആഖ്യാതാവായ ഗ്രാമീണൻ നിലയുറപ്പിക്കുന്നത്. ഈ നിലപാടുകൾക്ക് ചരിത്രത്തിനോട് അഗാധമായി ബന്ധപ്പെട്ടു കിടക്കുന്ന ജൈവപരമായ അസ്ഥിത്വമുണ്ട്." [57]

3.2.4 സച്ചിദാനന്ദൻ

മനുഷ്യസമൂഹത്തിന്റെ ബോധാബോധങ്ങൾക്കിടയിലുള്ള അധികാരത്തിന്റെ പ്രത്യയശാസ്ത്രപരമായ ഇടപെടലുകളെ വിമർശനാത്മകമായി സമീപിച്ചുകൊണ്ടാണ് സച്ചിദാന്ദൻ കാവ്യലോകത്തേക്ക് കടന്ന് വന്നത്. അതുകൊണ്ടാണ് ഓടയിൽ പെറ്റു വീണ കുഞ്ഞിന്റെ കരച്ചിലും ആത്മഹത്യയെ നേരിടേണ്ടിവരുന്ന കർഷകരും,

ധൻബാദിലെ ഖനിത്തൊഴിലാളിയും വയനാട്ടിലെ അടിയാത്തിയും കവിതയുടെ ഘടനയ്ക്കകത്ത് ഇടം നേടുന്നത്. വിമോചനാത്മകത സച്ചിദാനന്ദന്റെ കവിതയുടെ രാഷ്ട്രീയമായി മാറുന്നത്. കാല്പനികതയുടെ അതിഭാവുകത്വങ്ങളെ നിരാകരിച്ചു കൊണ്ടാണ് സച്ചിദാനന്ദൻ അധികാരകേന്ദ്രങ്ങളിൽ നിന്ന് മർദ്ദനങ്ങൾ, ചൂഷണങ്ങൾ ഏറ്റുവാങ്ങുന്ന ജനസമൂഹങ്ങൾക്ക് തന്റെ കവിതയിൽ ഇടം നൽകുന്നത്. അരികുവത്ക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ ദുഃസ്സഹമായ ജീവിതസാഹചര്യങ്ങൾ കവിതയുടെ ആന്തരികപാഠമായി മാറുന്ന ഈ സാഹചര്യത്തിലാണ് സച്ചിദാനന്ദന്റെ കവിത സാംസ്കാരിക പാഠവിമർശനമെന്ന ദൗത്യം കൂടി നിർവഹിക്കുന്നത്. കവിത വിമോചനാത്മകമാകുന്നത്. ദളിത്, സ്ത്രീ, പ്രകൃതി സത്തകളുടെ സ്വത്വപരമായ ഉണ്മയെ വെളിപ്പെടുത്തിക്കൊണ്ടാണ് വിമോചനത്തിന്റെ വഴികളിലേക്ക് കവിത എത്തുന്നത്. ഇത്തരത്തിൽ സാംസ്കാരികനിർമിതികൾക്കകത്ത് അധീശപ്രത്യയശാസ്ത്രത്തിനനുസൃതമായി സ്ഥാനപ്പെടുത്തുന്ന കീഴായ്മകളെ, അപ്രസക്തമായി കിടന്നിരുന്ന സാമൂഹികജീവിതങ്ങളെ അപനിർമിച്ചുകൊണ്ടാണ് സച്ചിദാനന്ദന്റെ കവിത പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ദർശനങ്ങളോടടുക്കുന്നത്. ആധുനികാനന്തര വിചാരധാരയിൽ സംഭവിച്ച സ്വത്വരാഷ്ട്രീയത്തിന്റെ അപനിർമാണപരമായ നോട്ടങ്ങളാണ് സച്ചിദാനന്ദന്റെ കവിതയെ സമൂഹത്തിന്റെ അടിത്തട്ടിലേക്ക് ഇറങ്ങി ചെല്ലാൻ പ്രേരിപ്പിച്ചത്.[58] സച്ചിദാനന്ദന്റെ കവിതകളിലൂടെ കടന്നുപോകുമ്പോൾ സ്ത്രീ, പ്രകൃതി, ദളിത് സത്തകൾ ഒരേ അധികാരത്തിന് കീഴിലാണ് വിധേയപ്പെട്ട് നിൽക്കുന്നതെന്ന് ബോധ്യപ്പെടും. 'പാവകൾ' എന്ന കവിതയിൽ പുരുഷകേന്ദ്രിതസമൂഹം ചരിത്രത്തിൽനിന്ന് മായ്ച്ച് കളഞ്ഞ ഒരു വർഗത്തിന്റെ പ്രതീകമാണ് സ്ത്രീ. അവൾക്ക് മുഖ്യധാരാസമൂഹത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് ചലിക്കാനുള്ള സ്വാതന്ത്ര്യമേയുള്ളൂ.

"ഞങ്ങൾ പാവകൾ
ചരിത്രത്തിന്റെ വിടവുകളിൽ മറിഞ്ഞുപോയവർ
ചക്രവർത്തിമാരെ ചക്രവർത്തിമാരും
കലാകാരന്മാരെ കലാകാരന്മാരുമാക്കിയവർ
ഒരിക്കലും കാണപ്പെടാത്തവർ"[59]

'പാവകൾ' എന്ന പ്രയോഗം അരികുകൾ കൃത്യമായി നിശ്ചയിക്കപ്പെട്ട സ്ത്രീകളുടെ ലോകത്തിലേക്ക് വിരൽചൂണ്ടുന്നു. ശരീരവും മനസ്സും ബന്ധിക്കപ്പെട്ട് കാഴ്ചവസ്തുക്കളായി അതിഥിമുറികളിലും അങ്ങാടികളിലും ജീവിതകാലയളവ് കഴിച്ചുകൂട്ടേണ്ടിവരുന്ന സ്ത്രീകളാണ് പാവകൾ എന്ന പ്രയോഗത്തിന് പിന്നിൽ അണി നിരക്കുന്നത്. സ്വന്തം ജീവിതത്തിന്റെ ഉടമസ്ഥാവകാശം നഷ്ടപ്പെട്ട ഇവർ പിന്നിട്ട കാലങ്ങളിലേക്ക് തിരിഞ്ഞ് നോക്കുന്നു.

"ഞങ്ങൾ സംസാരിച്ചിരുന്നു, ചിന്തിച്ചിരുന്നു.
ഞങ്ങൾക്കു കുഞ്ഞുങ്ങളുണ്ടായിരുന്നു.
പിന്നീടാണ് ഞങ്ങളുടെ വായിൽ മൗനവും
മുതുകിൽ താക്കോലും കൈകാലുകളിൽ ചരടുകളും
തിരുകപ്പെട്ടത്" [60]

പുരുഷകേന്ദ്രിതമായ സമൂഹത്തിന്റെ വളർച്ചയിലാണ് സ്ത്രീക്ക് തന്റെ സ്വത്വം നഷ്ടപ്പെട്ടതെന്ന തിരിച്ചറിവാണ് ഈ വരികൾ നല്കുന്നത്. അതോടൊപ്പം സ്ത്രീ പുരുഷ തുല്യതയുടെ ഒരു പൂർവകാലത്തെ കവിതയിൽ ഓർമപ്പെടുത്തുകയും ചെയ്യുന്നു. 'കയറ്റം' എന്ന കവിതയിലും സ്ത്രീ പുരുഷസമത്വത്തിന്റെ ഈ സമാന കാലത്തെ കവി അനുഭവവേദ്യമാക്കുന്നുണ്ട്. അങ്ങനെ സ്ത്രീജീവിതത്തിന്റെ വായന ഒരു കാലഘട്ടത്തിന്റെ അധീശസ്വഭാവത്തിന്റെ വായനകൂടിയായി മാറുന്നു. 'രാധയെന്നു വിളിക്കാതിരിക്കൂ' എന്ന കവിതയും സമാനമായ ആശയലോകത്തെ പങ്കുവെക്കുന്നുണ്ട്.ഇവിടെ രാധ കീഴടക്കപ്പെട്ട ജനതയുടെ പ്രതീകമാണ്. അവളുടെ അനുഭവലോകം പൂരിപ്പിക്കപ്പെടുന്നത് അദ്ധ്വാനം കൊണ്ടും, അടിമത്തം കൊണ്ടുമാണ്. സ്ത്രീയെന്നാൽ ഗൃഹമാണ് എന്ന പൗരാണിക സങ്കല്പത്തിന്റെ വർത്തമാനകാല മുഖത്തെയാണ് രാധ അനാവരണം ചെയ്യുന്നത്. സ്ത്രീയ്ക്ക് ശുദ്ധമായ വെള്ളത്തിനും ഭക്ഷണത്തിനും വേണ്ടി ദൂരങ്ങൾ താണ്ടേണ്ടിവരുന്നത് പുരുഷകേന്ദ്രിതമായ സമൂഹസങ്കല്പത്തിന കത്താണെന്ന് ഈ കവിത ചൂണ്ടികാണിക്കുന്നു. വീടും കുടവും തലയിലേറ്റിയുള്ള രാധയുടെ നീണ്ട നടത്തങ്ങളാണ് രാധയുടെ കാലിൽ ചിലങ്കയുടെ പാടുകൾപോലെ വടുക്കളായി അവശേഷിക്കുന്നത്. യദുകുലത്തിലെ രാധയായല്ല മറിച്ച് സഹനത്തിന്റെ പ്രതീകമായ പ്രകൃതിയായി, സ്ത്രീയായിട്ടാണ് രാധ കവിതയിൽ പ്രത്യക്ഷപ്പെടുന്നത്.

"എന്നെ രാധയെന്നു വിളിക്കാതിരിക്കുക
ധീരോദാത്തർക്കായ് അകിടു ചുരത്തിച്ചുരത്തി
അസ്ഥികൂടമായി മാറിയ
സഹനങ്ങളുടെ പശുവാണു ഞാൻ
പടയോട്ടങ്ങളുടെ കുതിരക്കുളമ്പുകൾക്കിടയിൽ
ചതഞ്ഞരഞ്ഞ പച്ചിലയാണു ഞാൻ
ഞാൻ തോട്ടിയുടെ മകൾ
നിങ്ങളുടെ ചരിത്രത്തിന്റെ വരാന്തകളിൽ
ഞാൻ എന്നും തുപ്പുകാരി." [61]

സവർണബോധത്തിനകത്ത് നിലയുറപ്പിക്കപ്പെട്ടിട്ടുള്ള 'രാധ'യെന്ന സ്ത്രീ സങ്കല്പത്തെ സച്ചിദാനന്ദൻ ഈ കവിതയിൽ അടിയാളസ്ത്രീയായി രൂപാന്തരപ്പെടുത്തുന്നു. യാദവകുലത്തിലെ വിരഹിണിയായ രാധയെയല്ല ഈ കവിതയിൽ നമുക്ക് കാണാൻ കഴിയുക. മനസ്സിലും ശരീരത്തിലും അടിമത്തത്തിനെ വഹിക്കുന്ന ദളിത് സ്ത്രീയാണ് ഈ കവിതയിലെ രാധ. അവളുടെ കാലുകളിൽ ചിലങ്കകൾക്ക് പകരം അദ്ധ്വാനത്തിന്റെ മടക്കുകളും മുറിവുകളുമാണ് ഉള്ളത്. സ്വത്വം നഷ്ടപ്പെട്ട് കിടക്കുന്ന കല്ലായിട്ടാണ് രാധ സ്വയം വിശേഷിപ്പിക്കുന്നത്.

വസ്തുവത്കരിക്കപ്പെടുന്ന സ്ത്രീസമൂഹത്തിന്റെയൊന്നാകെയുള്ള പ്രതീകമായി രാധയെ ഈ കവിത മാറ്റിയെടുക്കുന്നുണ്ട്. 'രാധയെന്നു വിളിക്കാതിരിക്കൂ' എന്ന തലക്കെട്ടിൽ തന്നെ കാലങ്ങളായി സവർണപരവും ലിംഗകേന്ദ്രിതവുമായ അധികാര സംഹിതകൾക്ക് കീഴിൽ ഒതുക്കിനിർത്തപ്പെട്ട സ്ത്രീസമൂഹത്തിന്റെ നിഷേധത്തിനെ കവി ഉൾവഹിക്കുന്നുണ്ട്. രാധയെ മുൻനിർത്തിയുള്ള സവർണസങ്കല്പങ്ങൾക്ക് ബദലായി ഒരു ദളിത് പക്ഷത്തെ അവതരിപ്പിച്ചുകൊണ്ട് സച്ചിദാനന്ദൻ ഒരു നവരാഷ്ട്രീയത്തെ മുന്നോട്ട് വെയ്ക്കുന്നുണ്ട്.

"ഹേ ഭൂമി
എന്നെ ഇത്രമേൽ സഹനശീലയാക്കിയ അമ്മേ
ഇനി വരുന്ന അഗ്നിപരീക്ഷകളിൽ
എന്നെ തിരിച്ചെടുക്കാനായി തുടപിളരേണ്ടതില്ല

ഈ ഉണങ്ങിയ മുലക്കണ്ണുകൾ മതി
അവരുടെ അനീതിയുടെ അയോദ്ധ്യകൾക്കു
തീ കൊളുത്താൻ" [62]

ഭൂമി, സഹനം, അമ്മ, ഉണങ്ങിയ മുലക്കണ്ണുകൾ തുടങ്ങിയ വാക്കുകളിലൂടെ സ്ത്രീയെയും പ്രകൃതിയെയും മുൻനിർത്തിയിട്ടുള്ള സമൂഹബോധമനസ്സിലെ സ്ത്രൈണപക്ഷത്തെ പുനരുജ്ജീവിപ്പിച്ചുകൊണ്ടാണ് കവി പ്രകൃതി, സ്ത്രീവിമോചനപക്ഷത്ത് നിലയുറപ്പിക്കുന്നത്. ആത്യന്തികമായി സച്ചിദാനന്ദൻ പ്രകൃതി=അമ്മ, സ്ത്രീ എന്നീ അന്തർധാരകളോട് ഐക്യപ്പെട്ട് കൊണ്ടാണ് രാധയെ ഭൂമിയായും അടിച്ചമർത്തപ്പെടുന്ന ദളിത് സ്ത്രീയായും കവിതയിൽ ആവിഷ്കരിക്കുന്നത്. ഇതുവഴി സ്ത്രീസമൂഹം പരിചരിക്കപ്പെടുന്നതിലെ വർഗപരമായും ലിംഗപരമായും ഉള്ള വൈരുദ്ധ്യങ്ങളെ കവിത വെളിപ്പെടുത്തുന്നു. തൊണ്ണൂറുകൾക്ക് ശേഷമുള്ള അദ്ദേഹത്തിന്റെ കവിതകളിൽ സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ടുള്ള സ്വത്വപരമായ ഈ തിരിച്ചറിവുകൾ ഒന്നുകൂടി ആഴത്തിൽ പ്രകടമാവുന്നുണ്ട്. 'മുഴുവൻ കല്ലാകാത്ത അഹല്യ', 'പിറവി' എന്നീ കവിതകൾ ഈ സമീപനത്തിന് തെളിവാണ്. പുരുഷാധിപത്യസമൂഹത്തിന് ഉടൽമാത്രമെ കല്ലാക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്ന് അഹല്യ വെളിപ്പെടുത്തുന്നുണ്ട്.

"ശാപത്തിനും മോക്ഷത്തിനുമിടയിൽ
മുഴുവൻ കല്ലാകാതെ കിടക്കുന്ന
അഹല്യയാണു ഞാൻ
എന്റെ ഉടൽ മാത്രമേ മഹർഷിക്ക്
കല്ലാക്കാൻ കഴിഞ്ഞിട്ടുള്ളൂ
മഴ കാതിലിരമ്പുമ്പോൾ
പൂക്കൾ നാസിക പൊള്ളിക്കുമ്പോൾ
മോഹം ചിറക് നല്കുമ്പോൾ
ഞാനെണീക്കാൻ ശ്രമിക്കുന്നു.
വെറുതേ."[63]

സ്വന്തം സ്വത്വം മറക്കപ്പെടുന്ന ഒരു പുണ്യപാദസ്പർശത്തെയാണ് അഹല്യ ഭയപ്പെടുന്നത്. ഉടലുകൊണ്ടും മനസ്സുകൊണ്ടും കീഴടങ്ങി നിൽക്കുന്ന പുരുഷാധിപത്യ

വ്യവസ്ഥയിൽ നിന്നുള്ള സ്വത്വപരമായ വേർപെടലാണ് അഹല്യ പ്രകടിപ്പിക്കുന്നത്. ഋതുഭേദങ്ങളെ ശരീരത്തിൽ മനസ്സിൽ ഉൾക്കൊള്ളുന്ന ഭൂമിയായിട്ടാണ് കവി അഹല്യയുടെ സ്ത്രൈണസത്തയെയും രൂപപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ടാണ് മഴയുടെ ഇരമ്പവും പൂക്കളുടെ ഗന്ധവും അവളെ ഉണർത്തുന്നത്. തന്റെയുള്ളിൽ പ്രവർത്തിക്കുന്ന ജൈവികതയെ വംശവർദ്ധനവുമായി ബന്ധപ്പെട്ടാണ് 'അഹല്യ' നോക്കിക്കാണുന്നത്. അതുകൊണ്ടാണ് പരസ്പരം ശിലാരൂപങ്ങളായി മാറുന്ന ഒരു കാലത്തെ അഹല്യ ഭയക്കുന്നത്. എങ്കിലും തന്റെ ഉടലിൽ നൂറ്റാണ്ടുകളിലെ ജൈവ സഞ്ചയത്തെ അഹല്യ തിരിച്ചറിയുന്നുണ്ട്. ഈ തിരിച്ചറിവാണ് അഹല്യയെ പുരുഷാധിപത്യബോധത്തിൽനിന്ന് കുതറിമാറി ഭൂമിയോട് ചേർന്ന് തന്റെ സ്വത്വത്തെ പാകപ്പെടുത്താൻ പ്രേരിപ്പിക്കുന്നത്. സഹജീവികളിലേക്ക് മനസുകൊണ്ട് ഇറങ്ങി ചെല്ലുന്ന സ്ത്രൈണതയ്ക്കാണ് കവി ഈ കവിതയിൽ ഊന്നൽ നല്കിയിട്ടുള്ളത്. ആധുനികാനന്തരപഠനങ്ങൾ ഭൂമിയുടെ സ്ത്രീയുടെ നിലനില്പിനായ് സ്ത്രൈണത യിലാണ് വിശ്വാസമർപ്പിക്കുന്നത്. ഈ സ്ത്രൈണത ലിംഗേതരമായി അന്തർഭവിക്കുന്ന സഹജാവബോധമാണ്. അത് ഭൂമിയിലെ സർവചരാചരങ്ങളെയും പരസ്പരബന്ധത്തി ലൂന്നികൊണ്ട് നോക്കികാണാനും മനുഷ്യനെത്തന്നെ പ്രകൃതിയുടെ ഭാഗമായി കാണാനും പ്രേരിപ്പിക്കുന്നു. ഈ സഹജാവബോധം വറ്റിയ ഒരു കാലമാണ് പിറവി എന്ന കവിതയ്ക്ക് വിഷയമാകുന്നത്. ഗുജറാത്ത് കലാപത്തിന്റെ പശ്ചാത്തലത്തിലാണ് ഈ കവിത ജനിക്കുന്നത്. തീവ്രമായ മതബോധം സ്ത്രീസമൂഹത്തിന്റെ അടിവയർ പിളർത്തി ഒരു തുലമുറയെ ഉന്മൂലനം ചെയ്യുന്നചിത്രമാണ് പിറവിയെന്ന കവിത നല്കുന്നത്.[64]

വംശശുദ്ധിക്ക് പ്രാമാണ്യം നല്കികൊണ്ട് ഗർഭപാത്രത്തിലേക്ക് വരെ നീളുന്ന തീവ്രമതചിന്തകൾക്കെതിരെയുള്ള ഈ സ്ത്രൈണതയുടെ ഉൾവിളികൾ 'അമ്മ' എന്ന കവിതയിൽ വിശാലമായ അർത്ഥപരിസരത്തിലേക്ക് സന്നിവേശിക്കുന്നുണ്ട്. ഇവിടെ 'അമ്മ' രാഷ്ട്രീയപരവും മതപരവുമായ പ്രത്യയശാസ്ത്രങ്ങളുടെ നിർമിതികളിലേക്ക് ഒതുക്കപ്പെട്ട സ്ത്രീജനതയുടെ പ്രതീകമാണ്. മകനാകട്ടെ അധികാരത്തിന്റെ കീഴ്വഴക്കങ്ങളിലേക്ക് മനസ്സും ശരീരവും വിട്ട് ഒകാടുത്ത് മതസാമൂഹ്യവ്യവഹാര ങ്ങളിൽ കർത്തൃത്വമായി നിലനില്ക്കുന്നവനുമാണ്. അമ്മയുടെ മകനോടുള്ള ചോദ്യപ

രിസരങ്ങളിലൂടെയാണ് പുരുഷനുമീതെ പ്രവർത്തിക്കുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള പ്രകൃതിവിരുദ്ധമായ ആശയസംഹിതകളുടെ ചുരുളഴിയുന്നത്. നഷ്ടപ്പെടലുകളുടെ ആഴത്തിലാണ് ഇവിടെ 'അമ്മ' തന്നെ പ്രതിഷ്ഠിക്കുന്നത്. ഏത് യുദ്ധവും കുരിശേറ്റലും അമ്മയുടെ, സ്ത്രീയുടെ മടിത്തട്ടിലൂടെയാണ് കടന്നുപോകുന്നതെന്ന് കവിത അടിവരയിടുന്നു. അതുകൊണ്ടാണ് അമ്മ തെളിമയുള്ള ഒരു കാലത്തെ തന്റെ മകന്റെ മാനസികപരിണതിയിലൂടെ പ്രതീക്ഷിക്കുന്നത്. അതോടൊപ്പം ചരിത്രത്തിൽ, വർത്തമാനകാലങ്ങളിൽ പുരുഷലോകത്തിന്റെ അധികാരപരവും മതപരവും ആയ മത്സരങ്ങൾക്ക് കീഴിൽ ജീവിതം തുടരേണ്ടിവരുന്ന സ്ത്രീസമൂഹത്തിന്റെ വിഹ്വലതകൾ പ്രകൃതിയുടെ പക്ഷത്ത് നിന്ന് അവതരിപ്പിക്കുന്നു.

"കുരിശിൽ മരിച്ചവന്റെ അമ്മ ഞാനാണ്
കുരുക്ഷേത്ര ധൂളിയിൽ കിടന്നുരുണ്ടവളും ഞാനാണ്
പടയോട്ടങ്ങളുടെയെല്ലാം കുളമ്പുകൾ
ചവിട്ടിമെതിച്ച താരാട്ടാണു ഞാൻ
യജ്ഞ പതികളുടെ ഹവിസ്സിൽ വീഴുന്ന
പശുവിന്റെ ശാപമാണ് ഞാൻ
രണഭൂമികളിൽ അഴിച്ചിട്ട മുടിയുമായി അലയുന്ന
ഭൂമിയുടെ നഷ്ടപ്പെട്ട ശാന്തിയാണു ഞാൻ
പുലരിയിലും നിലാവിലും നിന്ന്
കുട്ടികളുടെ ചോര കഴുകിക്കളയുന്ന
ദീനരുടെ മഴയാണു ഞാൻ"[65]

സ്ത്രൈണതയിൽനിന്നുകൊണ്ട് മുറിവേറ്റ പ്രകൃതിയോടും മനുഷ്യരോടും ഉള്ള ഈ ഐക്യപ്പെടൽ 'നഗരത്തിൽപുലി' എന്ന കവിതയിൽ സ്വത്വാവബോധത്തിന്റെ രാഷ്ട്രീയമായാണ് പ്രത്യക്ഷപ്പെടുന്നത്. ഈ കവിതയിലെ പുലി കാടിന്റെ വന്യതയിൽനിന്ന് നഗരത്തിൽ വഴിതെറ്റി എത്തിപ്പെട്ടതാണ്. പുലിയെ 'അവൾ' എന്നാണ് കവി സംബോധന ചെയ്യുന്നത്. വെറും ശരീരം മാത്രമായി, ഒരു കാഴ്ചവസ്തു മാത്രമായി വിരുന്നുമുറികളിൽ ഒതുങ്ങി നിൽക്കുവാൻ പുലി ഇഷ്ടപ്പെടുന്നില്ലെന്ന് കവി എഴുതുന്നിടത്ത് പുലിക്ക് സ്ത്രൈണസ്വത്വത്തെ നൽകാൻ ശ്രമിക്കുന്നുണ്ട്. ശാസനകൊണ്ട് ശീലപ്പെടുത്തിയെടുക്കുന്ന നഗരജീവിതം പുലി ആഗ്രഹിക്കുന്നില്ല.

സ്വാതന്ത്ര്യത്തെ ശരീരത്തിലും മനസ്സിലും വഹിച്ചിരുന്ന ഒരു പൂർവകാലത്തെക്കുറിച്ചുള്ള ചിന്തകളാണ് പുലിയ്ക്ക് നാഗരികജീവിതത്തിൽ അത്യപ്തിയുളവാക്കുന്നത്. പുലിയുടെ ആത്മഭാഷണത്തെ പകർത്തികൊണ്ട് കവി സ്ത്രീജീവിതത്തിലെ വിധേയത്വത്തെയാണ് ഈ കവിതയിൽ തന്മയത്വത്തോടെ ആവിഷ്കരിക്കുന്നത്. [66]

ഇത്തരത്തിൽ സ്വത്വപരമായി ഒരേസ്ഥാനത്ത് നിലയുറപ്പിച്ചുകൊണ്ടാണ് സച്ചിദാനന്ദന്റെ കവിതയിൽ സ്ത്രീയും പ്രകൃതിയും പ്രത്യക്ഷപ്പെടുന്നത്. യഥാർത്ഥത്തിൽ ലിംഗകേന്ദ്രിതമായി പടുത്തുയർത്തിയിട്ടുള്ള ഒരു ലോകക്രമത്തിൽ അധികാര വിനിമയത്തിന് വിധേയപ്പെടുന്ന അനേകം രൂപങ്ങളെയാണ് സച്ചിദാനന്ദന്റെ കാവ്യ ലോകത്ത് നമുക്ക് കണ്ടുമുട്ടാൻ കഴിയുക. 'ധൻബാദിലെ ഖനിത്തൊഴിലാളി' എന്ന കവിത മനുഷ്യന്റെയും പ്രകൃതിയുടെയും വാണിജ്യവത്കരണത്തെയാണ് സൂക്ഷ്മമായി ആലേഖനം ചെയ്യുന്നത്.

"ശ്വാസകോശത്തിൽ
നിറഞ്ഞ കരിയും അമ്ലവും
അകാലമരണത്തിന്റെ
രൂപം കൈക്കൊള്ളുന്നത്
ഇവൾ, ഈ ഭൂമി
അറിയുന്നതേയില്ല
കരി കോരുന്നത്
നീയാണെങ്കിലും
തീവണ്ടി നിന്റേതല്ല." [67]

ഭൂമിയുടെ പരിതാപകരമായ അവസ്ഥ ഈ കവിതയിൽ സ്ത്രൈണചേതനയിലാണ് നമ്മെ അനുഭവപ്പെടുത്തുന്നത്. അതോടൊപ്പം തലമുറകളിലൂടെ കവർന്നെടുക്കുന്ന ഖനിത്തൊഴിലാളികളുടെ അദ്ധ്വാനത്തെയും ജീവിതത്തെയും കവിത അർത്ഥഗർഭത്തോടെ അവതരിപ്പിക്കുന്നു. പ്രത്യക്ഷത്തിൽ കവിത ദളിത്ജീവിതത്തെ തുറന്നെഴുതുമ്പോൾ പരോക്ഷമായി നമുക്ക് മുന്നിലേക്ക് സവർണപരവും മൂലധനാധിഷ്ഠിതവുമായ ഒരു ബൃഹത്തായ എതിർലോകത്തെ നീട്ടിവെക്കുന്നു. ഇങ്ങനെ കവിത കാലദേശങ്ങൾക്കതീതമായി നിലനില്ക്കുന്ന രണ്ട് സാമൂഹ്യവിതാനങ്ങളെ പ്രദർശിപ്പിക്കുന്നു. അടിത്തട്ടിലുള്ളവർ അദ്ധ്വാനിക്കുന്നതിനായി ശരീരവും മനസ്സും മാറ്റി

വെക്കാൻ ബാധ്യസ്ഥരായി തീരുമ്പോൾ മുകളിലെ തട്ടിലുള്ളവർ സവർണകേന്ദ്രിതവും മൂലധനാധിഷ്ഠിതവുമായ ഒരു ലോകത്തെ നിലനിർത്താനായി തീവ്രമായി യത്നിക്കുന്നു. 'ഏഴിമല', 'ഒറ്റപ്പാലം', 'വിലങ്ങൻ', 'വറ്റിയപ്പുഴയുടെ തോണിക്കാരൻ', 'അവസാനത്തെ നദി' എന്നീ കവിതകളിലും വിരുദ്ധോക്തിയിലാണ് രണ്ട് കാലങ്ങളെ പ്രദർശിപ്പിക്കുന്നത്. ഭൂതകാലത്തിന്റെ അവശിഷ്ടങ്ങളിലാണ് ഈ കവിതകളിൽ പ്രകൃതിയുടെ സമ്പുഷ്ടിയെ കണ്ടെത്തുന്നത്. നേർക്കാഴ്ചയാകട്ടെ വരണ്ടപുഴയുടെതും മണ്ണിന്റേതുമാണ്. ആത്യന്തികമായി ലിംഗകേന്ദ്രിതമായി ഉയർന്നതും താഴ്ന്നതുമായി രണ്ട് തട്ടിൽ നിലനില്ക്കുന്ന സാമൂഹ്യക്രമമാണ് പ്രകൃതിയനുഭവങ്ങളെ ഇത്തരത്തിൽ ഓർമകളിലേക്ക് മാത്രമായി ഒതുക്കിയത്.

നമുക്ക് നഷ്ടപ്പെടുന്ന സാംസ്കാരികമായ ശേഷിപ്പുകളെ, പൊലിമകളെ, ജൈവികതകളെ ഓർമ്മയിൽ നിന്ന് കണ്ടെടുത്ത് അനുഭവിക്കേണ്ടിവരുന്ന വർത്തമാനകാല ജീവിതപരിസരത്തിലാണ് സച്ചിദാനന്ദന്റെ കവിതകൾ ആശയ സംവേദനം നടത്തുന്നത്. സമൂഹത്തിന്റെ ബോധമനസ്സിൽ ആഴത്തിൽ പതിഞ്ഞിട്ടുള്ള ദാർശനികമാതൃകകളെ പ്രത്യയശാസ്ത്രപരമായി നവീകരിച്ചുകൊണ്ടാണ് സച്ചിദാനന്ദൻ പുതിയ കാലത്തിൽ അരികുവത്ക്കരിക്കപ്പെടുന്നവർക്കായി ഒരു വീണ്ടെടുപ്പിന് ശ്രമിക്കുന്നത്. അതുകൊണ്ട് തന്നെ സച്ചിദാനന്ദന്റെ 'ബുദ്ധൻ' ബോധിവൃക്ഷച്ചുവട്ടിലെ ധ്യാനം വെടിഞ്ഞ് അശരണർക്കായി ഒരു പുതിയ നീതിബോധത്തെ പ്രകടിപ്പിക്കുന്നു. ഉണങ്ങാത്ത മുറിവുകളുമായി 'ക്രിസ്തു' സ്പെയിനിലും ചിലിയിലും നടന്ന് ജനസമൂഹത്തിന് വിമോചനത്തിന്റെ പുതിയ ജീവിതപാഠം നൽകുന്നു.[68]

ഇവിടെ സച്ചിദാനന്ദന്റെ കവിത ജനനിബിഢമായ ഒരനുഭവലോകത്തെ പുനർനിർണയിക്കുന്നു. ആഗോളതലത്തിൽ സമൂഹബോധമനസ്സിനെ ചലനാത്മകമാക്കുന്ന മതരാഷ്ട്രീയ സാംസ്കാരികചിന്തകളുടെ അടിത്തറയെ സമസ്ത ജീവിവിഭാഗങ്ങളുടെയും നല്ല ഭാവിക്കുവേണ്ടി വിമർശനവിധേയമാക്കുന്നു. ഈ അർത്ഥപരിസരത്തിലാണ് സച്ചിദാനന്ദന്റെ കവിത പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയതലത്തിലേക്കെത്തുന്നത്. അതോടൊപ്പം കവിതയുടെ ആന്തരികപാഠത്തിൽ ഉൾക്കൊള്ളുന്ന പ്രത്യയശാസ്ത്രപരമായ സംഘട്ടനം ഭാവിയിലേക്കായി ഒരു വിമോചനസങ്കല്പത്തെ കൂടി ഉയിരേറ്റുന്നു.

"മിഴിയടച്ചാഗ്രഹിക്കുക ആണുപെണ്ണിന്
നരകമാകാത്തൊരു ഭൂമി
ഇനിവരും തലമുറയ്ക്കായ് ശുദ്ധവായുവും
ജലവും സ്വതന്ത്രമാത്മാവും" [69]

സ്ത്രീയുടെയും പുരുഷന്റെയും തുല്യതയോടൊപ്പം പ്രകൃതിയുടെ സുസ്ഥിരതയ്ക്കും ഈ വരികൾ പ്രാധാന്യം നൽകുന്നുണ്ട്.

3.2.5 കെ.ജി. ശങ്കരപ്പിള്ള

മൂന്നാംലോകരാഷ്ട്രങ്ങൾക്കു മീതേ സ്വച്ഛവും സമത്വപൂർണവുമായ ഒരനുഭവ ഘടനയെ വിഭാവനം ചെയ്ത മതരാഷ്ട്രീയ സാമൂഹികപ്രത്യയശാസ്ത്രങ്ങളുടെ മൂല്യച്യുതിയെ ആലേഖനം ചെയ്തുകൊണ്ടാണ് കെ.ജി. ശങ്കരപ്പിള്ളയുടെ കവിത പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയപരിസരത്തിലേക്ക് വികസിതമാകുന്നത്. ചരിത്രശകലങ്ങളിൽനിന്ന് വർത്തമാനകാലത്തിലേക്ക് നീട്ടിവെക്കുന്ന സാംസ്കാരിക ചിഹ്നങ്ങളിലൂടെയാണ് ഇത് സാധ്യമാവുന്നത്. അതോടൊപ്പം കെ.ജി.ശങ്കരപ്പിള്ളയുടെ കവിത ആധുനികമാനവികതയെ നിർണയിച്ച മൂല്യങ്ങളെ വിമർശനാത്മകമായി സമീപിച്ചുകൊണ്ട് യഥാസ്ഥിതികവും പ്രതിലോമപരവുമായ സാമൂഹ്യസാഹചര്യങ്ങളെ അസ്ഥിരമാക്കുന്നു. സമൂഹബോധമനസ്സിനെ ഏകപക്ഷീയമായ മതരാഷ്ട്രീയ അധികാരചിന്തകളിൽനിന്ന് വ്യതിചലിപ്പിച്ചുകൊണ്ട് ബഹുസ്വരതയിൽ ആലേഖനം ചെയ്യുന്നു. ഇത് സമൂഹികമായ വീണ്ടെടുക്കൽ പ്രക്രിയകൂടിയാണ്. ആധുനികത സൃഷ്ടിച്ച ഒറ്റപ്പെടലുകളിൽനിന്ന് കവിത വ്യക്തിയെ ബോധപൂർവ്വം ബഹുസ്വരതയിലേയ്ക്ക് ആനയിക്കുന്നു. സാംസ്കാരികമായ അപനിർമ്മാണമാണ് ഈ പ്രക്രിയയുടെ കാതൽ. സമകാലിക അനുഭവസത്തയിൽ നിന്നുകൊണ്ട് വായനക്കാരനെ ഭൂതകാലത്തിന്റെ ഹരിതാഭമായ സ്മൃതികളിലൂടെ കൊണ്ടുപോയി പ്രകൃതിയുടെ പക്ഷത്ത് നിന്ന് ലോകത്തെ പുനർനിർമ്മിക്കേണ്ടതിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുന്നു. ഈ ആശയപരിസരത്തിലാണ് കവിത പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സൈദ്ധാന്തിക തലത്തിലേക്കുയരുന്നത്. അധിനിവേശങ്ങളും അധികാരങ്ങളും കീഴ്പ്പെടുത്തിയ ദളിത്, സ്ത്രീ പ്രകൃതിസത്തകളുടെ വീണ്ടെടുപ്പിനും സാമൂഹ്യപരമായ അപനിർമ്മാണത്തിനുമാണ് പാരിസ്ഥിതിക സ്ത്രീവാദം ഊന്നൽനൽകുന്നത്.

"സമകാലത്തിന്റെ നൈതിക അപനിർമ്മിതിയാണ് എന്റെ കാവ്യനിർമ്മിതി. ചരിത്രത്തിലെ ഏറ്റവും പുതിയ നിമിഷത്തിലെ യാഥാർത്ഥ്യത്തിന്റെ അനുഭവഭാഷയിലേക്കാണ് എനിക്കെത്തേണ്ടത് പ്രതിസംസ്കൃതിയുടെ ഭാഷയിൽ" [70]

യഥാർത്ഥത്തിൽ കെ.ജി.എസിന്റെ കവിത സാംസ്കാരിക പാഠങ്ങളുടെ വിമർശനാത്മകമായ ക്രോഡീകരണമാണ്. ഓരോ വാക്കും കവിതയിൽ ഓരോ കാലഘട്ടത്തെയാണ് ഓർമിപ്പിക്കുന്നത്. ഓരോ വാക്കിന് പിന്നിലും അധികാര വിനിമയങ്ങളുടെ ഓരോ ഘടകങ്ങൾ സ്വതന്ത്രമാകുന്നു. ഈയർത്ഥത്തിലാണ് കെ.ജി. ശങ്കരപ്പിള്ളയുടെ കവിത ആധുനികാനന്തരപാഠം കൂടിയായി മാറുന്നത്. അധികാരത്തെ മുൻനിർത്തിയുള്ള ആധുനികാനന്തരചിന്തകളെ കെ.ജി.ശങ്കരപ്പിള്ളയുടെ കവിതകളിലെ സ്മൃതിരാശികളുമായി ചേർത്ത് വായിക്കാവുന്നതാണ്.

ആത്യന്തികമായി ശിഥിലമായ ഭാവുകത്വത്തോടെ കവിതയിൽ ആവിഷ്കരിക്കപ്പെടുന്ന അരികുവത്ക്കരിക്കപ്പെട്ട സത്തകളാണ് കെ.ജി.എസ്സിന്റെ കവിതയിലെ രാഷ്ട്രീയത്തെ രൂപപ്പെടുത്തുന്നത്. സ്ത്രീയും പ്രകൃതിയും ഈ സമഷ്ഠിയുടെ ഭാഗമാണ്. ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് അനുവാചകമനസ്സിനെ അടർത്തിമാറ്റുന്ന, വാക്കുകളിലൂടെ സൃഷ്ടിച്ചെടുക്കുന്ന സൂചിത ലോകങ്ങളിലൂടെയാണ് കെ.ജി.എസ്സിന്റെ കവിത അനുഭവവേദ്യമാകുന്നത്.

"പുരുഷന്റെ ചിതയിൽ
പെണ്ണെരിഞ്ഞ കാലം
ഓരോ വാക്കും
മൃതിജ്വാലയായി.
ക്ഷാമകാലം വാക്കുകളെ
നീർവറ്റിയ പൊയ്കകളാക്കി
താമരയും മാനവും മാഞ്ഞ
തലയോട്ടികളാക്കി
സ്വർഗത്തു നിന്ന് വീഴുന്ന
യു.എൻ. ഭക്ഷണപ്പൊതികളാക്കി."[71]

'ചൊൽക്കാഴ്ച' എന്ന ഈ കവിതയിൽ കെ.ജി.എസ്. വാക്കുകളെ കണ്ടെടുക്കുന്ന സാമൂഹികരാഷ്ട്രീയ പരിസരത്തിലാണ് കവിത പിന്മടക്കങ്ങളിലൂടെ അനുവാചകരെ സ്ത്രീ, പ്രകൃതി പക്ഷത്തിലേക്ക് വ്യാപരിപ്പിക്കുന്നത്. ഓരോ കാലഘട്ടവും ഇത്തരത്തിൽ അരികുവത്ക്കരിക്കപ്പെടുന്ന ജനസഞ്ചയത്തെ ഉൾവഹിക്കുന്നുണ്ട്. വിമോചനാശയങ്ങളിലേക്ക് ആകർഷിക്കപ്പെടുന്ന ഈ ജനത ഏറ്റെടുക്കേണ്ടി വന്ന പ്രത്യയശാസ്ത്രപരമായ അധഃപതനവും നവകൊളോണിയൽ ചൂഷണപരിസരങ്ങളും കെ.ജി.എസ്. കവിതകളുടെ അകത്തെ സംഘർഷാത്മകമാക്കുന്നു. 'ബംഗാൾ', 'ആനന്ദൻ', 'കഷണ്ടി', 'ഒടിച്ചു മടക്കിയ ആകാശം' എന്നീ കവിതകളെല്ലാം തന്നെ ഈ ജനതയുടെ സാമൂഹികവും വൈയക്തികവുമായ അന്തഃസംഘർഷങ്ങളെ ഉൾവഹിക്കുന്നതാണ്. ഓരോ കാലഘട്ടങ്ങളിലേയും ആത്മസംഘർഷങ്ങളെയാണ് കെ.ജി.എസ്. വാക്കുകളിലേക്ക് ഒതുക്കാൻ ശ്രമിക്കുന്നത്. സാംസ്കാരികമായ ഈ ഇടപെടലിന്റെ ഭാഗമായാണ് സ്ത്രീയും പ്രകൃതിയും കവിതയിൽ ഇടം നേടുന്നത്.

എൺപതുകൾക്ക് ശേഷവും ചുറ്റുപാടുകളുടെ വസ്തുസ്ഥിതി വിവരണങ്ങൾക്കിടയിലാണ് കവിതയിൽ സ്ത്രീയും പ്രകൃതിയും വ്യത്യസ്തകാലഘട്ടങ്ങളെ പ്രതിനിധീകരിച്ച് പ്രത്യക്ഷപ്പെടുന്നത്. ആത്യന്തികമായി ആധുനികകാലഘട്ടത്തിൽ സമൂലമായ സാമൂഹികപരിവർത്തനം ആവശ്യപ്പെട്ട ഒരു ജനപഥത്തിന് പിൽക്കാലത്ത് നേരിടേണ്ടിവന്ന സ്വത്വസംഘർഷങ്ങളെയാണ് കെ.ജി.എസ്. കവിതകൾ ആവിഷ്കരിക്കുന്നത്. കാർഷിക വ്യവസ്ഥിതിയിൽ നിന്ന് നാഗരികതയിലേക്കുള്ള പലായനവും മധ്യവർഗത്തിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് സംഭവിച്ച അന്യവത്കരണവുമാണ് ഈ കവിതകളുടെ കാതൽ. മദ്ധ്യവർഗത്തിന്റെ ദമിതമായ ജീവിതപരിസരങ്ങൾ വായനക്കാരന് കണ്ടെത്താൻ കഴിയുന്നത് കവിതയ്ക്കകത്തെ അബോധതലങ്ങളിൽനിന്നാണ്. ലക്കാന്റെ ഭാഷാദർശനത്തോടാണ് കെ.എം.സുരേന്ദ്രൻ കെ.ജി.എസ്. കവിതകൾ ആലേഖനത്തിൽ പുലർത്തുന്ന ഈ വ്യത്യസ്തതയെ സാദൃശ്യപ്പെടുത്തുന്നത്.[72] ഗുപ്തമായി ആശയവിനിമയം നിർവഹിക്കുന്ന ഈ അബോധതലത്തിലാണ് സ്ത്രീക്കും പ്രകൃതിക്കും നേരെയുള്ള പ്രതിലോമപരത സ്പഷ്ടമാകുന്നത്. കവിത സാംസ്കാരികമായ ഒരപനിർമിതി ആവശ്യപ്പെടുന്നത്.

'അഗ്നിശമനം' എന്ന കവിതയിലെ പുഴ ജൈവികതയിലൂന്നികൊണ്ട് സാമൂഹികമായ പരിവർത്തനത്തിനെയാണ് അടയാളപ്പെടുത്തുന്നത്. നഷ്ടമാകുന്ന പുഴ

മനുഷ്യന്റെ ചിന്തയിലും സാംസ്കാരികമായ ഇടപെടലുകളിലും വ്യതിയാനം സൃഷ്ടിക്കുന്നുണ്ട്. ജൈവികതയിൽ നിന്നുള്ള അകൽച്ചയാണ് ആധുനിക മനുഷ്യനെ ഉപഭോഗസംസ്കാരത്തിന് അടിമപ്പെടുത്തിയത്. ജീവിതചലനങ്ങൾക്ക് ചരിത്രത്തിന്റെ സാമൂഹികതയുടെ ആവരണം നല്കുന്നിടത്താണ് കെ.ജി.എസ്. കവിതകൾ ഭൂതകാലത്തിന്റെയും വർത്തമാനകാലത്തിന്റെയും കവിതയായി, രാഷ്ട്രീയമായി മാറുന്നത്. സമൂഹബോധമനസ്സിനെ ചിന്താഭരിതമാക്കിക്കൊണ്ടാണ് ഒരു പ്രതിപ്രവർത്തനത്തിന്റെ രാഷ്ട്രീയത്തെ കെ.ജി.എസ്. തന്റെ കവിതകളിൽ രൂപപ്പെടുത്തുന്നത്. 'മണൽകാലം', 'അഗ്നിശമനം' എന്നീ കവിതകൾ മുന്നോട്ടുവെക്കുന്ന രാഷ്ട്രീയവും മറ്റൊന്നല്ല. വറ്റിവരണ്ട ഭൂവിഭാഗങ്ങളുടെ, പുഴയുടെ, കവിതയിലേക്കുള്ള ആഗമനങ്ങൾ വായനക്കാരനിൽ ബോധപൂർവ്വം സ്വച്ഛവും ഹരിതാഭവുമായ ഒരു കാലഘട്ടത്തോട് ചേർത്തുവെച്ച് താരതമ്യവിശകലനത്തിന് വഴിയൊരുക്കുന്നുണ്ട്. പിൻവാങ്ങുന്ന പുഴയും മണൽകാലവും പ്രകൃതിയെ മുൻനിർത്തിയുള്ള മലയാളിയുടെ ആകുലതകളെയാണ് യാഥാർത്ഥ്യബോധത്തോടെ ആവിഷ്കരിക്കുന്നത്. 'അഗ്നിശമനം' എന്ന കവിതയിൽ പുഴ സ്വപ്നത്തിലേക്ക്, സങ്കല്പത്തിലേക്ക് ഒതുക്കിവെയ്ക്കേണ്ടിവന്ന സമത്വസുന്ദരമായ ഒരു കാലത്തിന്റെ പ്രതീകമാണ്. പിൻവാങ്ങുന്ന പുഴ എന്ന കല്പനയിലൂടെ ജീവിതപരിസരത്ത് നിന്ന് പിൻവാങ്ങുന്ന വിശ്വാസസംഹിതകളെ സമകാലിക ജീവിതവുമായി ഭാവനാത്മകമായി സംയോജിപ്പിക്കുന്നു. അതോടൊപ്പം പുഴയെന്ന ജൈവികമായ സാന്നിധ്യത്തിന് പിൻവാങ്ങേണ്ടി വന്ന ആധുനികഭൗതിക സാഹചര്യത്തെ കൂടി കവി വ്യക്തമാക്കുന്നു.

"പുഴയും വെയിലും:
ജലത്തിന്റെയും അഗ്നിയുടെയും
സമാന്തരവേഗങ്ങൾ എന്ന് പറയാമായിരുന്നു
പുഴ ഒഴുകുന്നുണ്ടായിരുന്നെങ്കിൽ
ഒഴുകുന്നില്ല."[73]

കാർഷികവ്യവസ്ഥിതിയിൽനിന്ന് മൂലധനാധിഷ്ഠിതമായി മാറിയ ആധുനിക ലോകക്രമത്തിന്റെ തന്നെ സൃഷ്ടിയായ മരുന്നുകടയ്ക്ക് മുന്നിലെ നീണ്ടവരിയെ ചൂണ്ടികാണിച്ചാണ് ഈ കവിത അവസാനിക്കുന്നത്. പുഴ നഷ്ടപ്പെട്ട കാലത്തെക്കുറിച്ചാണ് കവി 'മണൽകാലം' എന്ന കവിതയിലും വാചാലനാകുന്നത്. പൂവിളിയും വഞ്ചിപ്പാട്ടും

മാമാങ്കങ്ങളും കടന്ന് നമ്മളെത്തി നിൽക്കുന്നത് ഊഷരമായ മണൽകാലത്തിലാണെന്ന് കവി ഓർമപ്പെടുത്തുന്നു. പ്രകൃതി സൗഹാർദ്ദപരമായ ഉണ്മകളെ നിരത്തിക്കൊണ്ടാണ് വർത്തമാനകാലത്തിന്റെ ഊഷരതയെ അനുഭവപ്പെടുത്തുന്നത്. പുഴകളെ, പച്ചപ്പിനെ പോയകാലങ്ങളിൽ നഷ്ടപ്പെടുത്തിയാണ് ആധുനികകാലം കടന്ന് വന്നതെന്ന് കവിത പറഞ്ഞുവെക്കുന്നു. ഇവിടെ മണൽകാലം എന്നത് നന്മകളുടെ ഈർപ്പം വറ്റിയ ഒരു കാലത്തിന്റെ പ്രതീകമാണ്. എൺപതുകൾക്ക് ശേഷം കടന്നുവന്ന 'നാറാണത്തു പറവ', 'ആധുനികതയും കാളയും ഒരു സംവാദം' എന്നീ കവിതകൾ പ്രകൃതിയുടെ ശേഷിപ്പുകളെ, ഭൂവിഭാഗങ്ങളെ സ്ഥാപനവത്കരിച്ചും പ്രകൃതിവിഭവങ്ങളെ ചരക്കുവത്കരിച്ചും മുന്നോട്ടുപോകുന്ന സമീപകാല ദുരവസ്ഥകളെയാണ് ഉൾക്കൊള്ളുന്നത്. മനുഷ്യന്റെ ആസക്തികൾക്ക് മുന്നിൽ നശിപ്പിക്കപ്പെട്ട കുന്നുകളുടെയും നീരുറവകളുടെയും സാന്നിധ്യത്തെ നാറാണത്തുപറവ വീണ്ടും അനുഭവപ്പെടുത്തുന്നു.[74] അതോടൊപ്പം ജലത്തെ, ഭൂമിയെ വില്പനചരക്കാക്കി മാറ്റുന്ന നവകൊളോണിയൽ അധിനിവേശയത്നങ്ങളെയും പരിചയപ്പെടുത്തുന്നു.

പ്ലാച്ചിമട പ്ലാന്റ് സൃഷ്ടിച്ച ഭൂഗർഭ ജലചൂഷണവും സമീപവാസികളിൽ സൃഷ്ടിച്ച ആരോഗ്യപ്രശ്നങ്ങളും നമുക്കിന്ന് പരിചിതമാണ്. ആധുനികവികസനത്തിന്റെ സൂചകങ്ങളായി പ്രത്യക്ഷപ്പെട്ട വ്യവസായസ്ഥാപനങ്ങളും, ഹരിതവിപ്ലവവും അണക്കെട്ടുകളും പാശ്ചാത്യലോകവികസനത്തെയാണ് മാതൃകയായി സ്വീകരിച്ചത്. മൂന്നാം ലോകരാഷ്ട്രങ്ങളിലെ പ്രകൃതിയെ മലിനപ്പെടുത്തിയും അരികുവത്ക്കരിച്ചും ഉള്ള ഈ വികസനത്തിന്റെ പ്രതീകമാണ് കെ.ജി.എസിന്റെ 'ആധുനികതയും കാളയും-ഒരു സംവാദം' എന്ന കവിതയിലെ 'കാള'. കാളയുടെ വാൽ വ്യവസായിക വളർച്ചയുടെ സൂചകങ്ങളായ പുകക്കുഴലുകളിലൂടെയും ലാടം അണക്കെട്ടുകളിലുമാണ് സഞ്ചരിക്കുന്നത്.[75]

'കടമ്പനാട്ട് കടമ്പില്ല', 'കൊച്ചിയിലെ വൃക്ഷങ്ങൾ' എന്നീ കവിതകളും ഈ ആശയപരിസരത്തിൽ നിലനിന്നുകൊണ്ടാണ് ആശയസംവേദനം നിർവഹിക്കുന്നത്. വികസനകേന്ദ്രിതമായി ബോധപൂർവ്വം പ്രകൃതിയിൽ നടത്തിയ മാറ്റങ്ങളുടെ ആശയപരമായ ക്രോഡീകരണമാണ് കൊച്ചിയെ മുൻനിർത്തി ഈ കവിത നടത്തുന്നത്. ഈ കവിതയിലെ വൃക്ഷങ്ങൾ ഓരോ കാലഘട്ടത്തിന്റെയും ആവേഗങ്ങളെ ഉൾക്കൊണ്ട് നിൽക്കുന്ന സാംസ്കാരികചിഹ്നങ്ങൾ കൂടിയാണ്. പാശ്ചാത്യഅധിനിവേശങ്ങൾക്കും

ആധുനിക അറിവുകൾക്കും മുൻപുള്ള കാലങ്ങളിൽനിന്ന് തുടങ്ങി കവിത വിഷമയമായ വർത്തമാനകാലഘട്ടത്തിലാണ് എത്തി നിൽക്കുന്നത്. വ്യക്ഷനിബിഢമായ ഒരു കാലത്തെ അരികിലേക്ക് ഒതുക്കിയാണ് വ്യവസായസംരംഭങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ട് ഒരു കാലഘട്ടം പിറന്നതെന്ന തിരിച്ചറിവാണ് കവിത നൽകാൻ ശ്രമിക്കുന്നത്.

"പണ്ടാണ്
ടിപ്പു
ഗാമ
കൊച്ചി വാണവർമ്മമാർ
കള്ളൻ ചതിയൻ പൊളിവചനം
ജ്ഞാനപ്പഴവുമായി വന്ന പാമ്പ്
തുടങ്ങിയ വളവുകൾക്ക് മുമ്പ്
അച്ചടി ഇംഗ്ലീഷ് അലോപ്പതി
തുടങ്ങിയ വേഗങ്ങൾക്കും മുമ്പ്
തൃത്താക്കര മുതൽ
കൊച്ചിത്തുറമുഖം വരെയുള്ള വഴി
ഒരു പഴഞ്ചൊല്ലുപോലെ
നാട്ടുവെളിച്ചം നിറഞ്ഞതായിരുന്നു"[76]

ഈ കവിതയിലെ 'ജ്ഞാനപ്പഴവുമായി വന്ന പാമ്പ്' എന്ന പ്രയോഗം ഒരേസമയം സ്ത്രീയെയും പ്രകൃതിയെയും കീഴടക്കപ്പെടേണ്ട സത്തകളായി കണ്ട സെമറ്റിക് ചിന്തകളെക്കുറിച്ച് സൂചന നൽകുന്നു. പ്രകൃതിയും സ്ത്രീയും പുരുഷനു വേണ്ടി സൃഷ്ടിക്കപ്പെട്ട വിഭവങ്ങളാണെന്ന സെമറ്റിക് ദർശനം ആധുനികവികസനത്തിനെ ത്വരിതപ്പെടുത്തിയ ഒരു ഘടകമാണ്. 'തിരസ്കാരം' എന്ന കവിതയിലും അരികുവത്ക്കരിക്കപ്പെട്ട സ്ത്രീ വിഷയമാവുന്നുണ്ട്. ഈ കവിതയിലെ 'കോഴി' സാംസ്കാരികമായി നിർണയിക്കപ്പെട്ട ജിവിതപരിസരത്തിൽ ഒതുങ്ങിക്കഴിയുന്ന സ്ത്രീയുടെ പ്രതീകമാണ്. കുടുംബഘടനയ്ക്ക് അനുസൃതമായി ചിന്തയേയും മനസ്സിനേയും പരിമിതപ്പെടുത്തി വിശാലമായ ഒരു ലോകത്തെ സ്ത്രീ നഷ്ടപ്പെടുത്തു

ന്നതായി കവിത ചൂണ്ടികാണിക്കുന്നു. അതോടൊപ്പം കോഴിയെ വിധേയപ്പെടുത്തുന്ന, ചൂഷണം ചെയ്യുന്ന പുതിയ അറിവുകളുടെ ലോകത്തെക്കുറിച്ചും കവി സൂചന നല്കു ന്നു.

"വരിക്കപ്ലാവിന്റെ തണൽ വൃത്തത്തിൽ
കോഴിക്കുഞ്ഞ് ചന്തങ്ങളണിഞ്ഞു
മുറ്റത്തും ഇറയത്തും
ഇടനാഴിയിലും മുറികളിലും
കയറിയിറങ്ങി
വീടിന്റെ വ്യാകരണത്തിൽ രസിച്ചു.
ഓർമ്മയും മോഹവും പേടിയും ചികഞ്ഞു.
നാണിച്ചും മടിച്ചും മേനിഭാവിച്ചും
തടിച്ചുകൊഴുത്തു
പഠിച്ച് പകുത നേടിയവർ
ബുദ്ധിയുള്ള വിശപ്പുമായ് വന്ന്,
പിടിച്ച്
ചന്തങ്ങളഴിച്ചെറിഞ്ഞ് തിന്നു."[77]

ഈ കവിതയിൽ 'വീടിന്റെ വ്യാകരണത്തിൽ രസിച്ചു' എന്ന പ്രയോഗം ആത്യന്തികമായി സ്ത്രീ എന്നത് സാമൂഹ്യനിർമ്മിതിയുടെ ഭാഗമാണെന്ന തിരിച്ചറിവിന് എതിരെ നിൽക്കുന്ന നിരീക്ഷണമാണ്. സ്ത്രീ തന്റെ സ്വാതന്ത്ര്യത്തിന്റെ പരിമിതികളിൽ ഒതുങ്ങിക്കൂടാൻ ആഗ്രഹിക്കുന്നവളാണെന്ന കാഴ്ചപ്പാടാണ് ഈ വരികൾ മുന്നോട്ടുവയ്ക്കുന്നത്. ലിംഗകേന്ദ്രിതമായ സാമൂഹികനിർമ്മിതികൾക്കക ത്താണ് സ്ത്രീ സമൂഹത്തിന് ഇപ്രകാരം വിധേയപ്പെട്ട് നിൽക്കേണ്ടിവരുന്നത്. 'ബുദ്ധിയുള്ള വിശപ്പുമായി വന്നവർ' എന്ന പ്രയോഗം സ്ത്രീയുടെ ശരീരം അപഹരി ക്കപ്പെടേണ്ടതാണെന്ന പൂർവ്വകാഴ്ചപ്പാടിനെയാണ് പിൻതുടരുന്നത്. കവിത സമകാലികമായ വായനയായി നിൽക്കുമ്പോഴും സ്ത്രീയുടെ ജീവിതത്തെ അടയാള പ്പെടുത്തുമ്പോൾ സ്ത്രീകളുടെ വിധേയത്വപരമായ സാമൂഹ്യവ്യവസ്ഥയ്ക്ക് കാരണം സ്ത്രീതന്നെയാണ് എന്ന കാഴ്ചപ്പാടാണ് കവി മുന്നോട്ടുവെയ്ക്കുന്നത്.

വരിക്കപ്ലാവിന്റെ തണലിൽനിന്ന് ചന്തങ്ങളണിയുന്ന 'കോഴി' പരോക്ഷമായി സംരക്ഷണത്തിന്റെ പിതൃകേന്ദ്രീകൃതവ്യവസ്ഥയ്ക്ക് കീഴിൽ സുഖലോലുപതയിൽ വളരുകയും തുടരുകയും ചെയ്യുന്നതാണ് സ്ത്രീയുടെ ജീവിതമെന്ന ബോധം നൽകുന്നു. സമൂഹത്തിന്റെ ബോധമനസ്സിൽ പ്രവർത്തിക്കുന്ന സ്ത്രീസമൂഹത്തെക്കുറിച്ചുള്ള ലിംഗകേന്ദ്രിതമായ ചിന്തകളുടെ ഭാവനാത്മകമായ സമന്വയമാണ് കോഴി എന്നരൂപകത്തിലൂടെ കടന്നുവന്നത്. കാലങ്ങളായി പിൻതുടരുന്ന വിധേയത്വവുമായി ആധുനികകാലഘട്ടത്തിലെത്തിയ സ്ത്രീ സമൂഹം പുതിയ അറിവുകൾക്ക് മുന്നിൽ, ഉപഭോഗവസ്തുവായി മാറുന്ന കവിതയുടെ അവസാനഘട്ടത്തിലാണ് കവിത പുരോഗമനപരമായി മാറുന്നത്. സ്ത്രീ കീഴടക്കപ്പെടേണ്ടവളാണ് എന്ന സമൂഹത്തിന്റെ ബോധമനസ്സിൽ ആഴത്തിൽ പതിഞ്ഞിട്ടുള്ള നീതിബോധമാണ് ആധുനികകാലഘട്ടവും പിൻതുടരുന്നതെന്ന് കവി പറഞ്ഞുവെക്കുന്നു.

ആത്യന്തികമായി കെ.ജി.എസിന്റെ കവിത സാമൂഹികമായ ജഡിലതകളിൽനിന്ന് പുരോഗമനപരമായ ഉൾക്കാഴ്ചകളാണ് പങ്കുവെക്കുന്നത്. പ്രകൃതിയെ പരിവർത്തനപ്പെടുത്തിയ ആധുനികആശയപരിസരങ്ങളാണ് കവിതയുടെ പ്രമേയത്തെ രൂപപ്പെടുത്തുന്നത്. ഈ ആശയപരിസരത്തിൽ നിന്നുകൊണ്ട് ഭൂതകാലത്തെയും വർത്തമാനകാലത്തെയും ബന്ധിപ്പിച്ചുകൊണ്ട് മൂല്യങ്ങളെ വീണ്ടുവിചാരം നടത്തുകയാണ് കവി ചെയ്യുന്നത്. ഒരു ബദൽ മാർഗം നിർദ്ദേശിക്കുന്നതിനപ്പുറം വായനക്കാരനെ സംസ്കാരത്തെ നിലനിർത്തിയിരുന്ന സാമൂഹ്യപ്രത്യയശാസ്ത്രങ്ങളുടെ ഇഴയടുപ്പങ്ങളും അകൽച്ചകളും ബോധ്യപ്പെടുത്തുന്നു. ഈ പരിണതികൾ വ്യക്തിയിൽ, പ്രകൃതിയിൽ എങ്ങനെ പ്രകടമാകുന്നു എന്നതിന്റെ ആലോചനകളാണ് കെ.ജി. എസിന്റെ കവിതകൾ ഓരോ വായനയിലും ബാക്കിവെക്കുന്നത്. ഈ സാംസ്കാരിക അർത്ഥപരിസരത്തിലാണ് പ്രകൃതിയുടെ, സ്ത്രീയുടെ പക്ഷത്ത് നിന്നുകൊണ്ടുള്ള ചിന്തകളിലെ ഒരു അപനിർമ്മിതി കവിത ആവശ്യപ്പെടുന്നത്.

3.3 സ്ത്രീയും പ്രകൃതിയും-എൺപതുകൾക്ക് ശേഷമുള്ള കവിതയിൽ

വ്യവസായാനന്തര ലോകത്തിന്റെ ദാർശനിക മാനങ്ങളേക്കാൾ മൂലധനാധിഷ്ഠിതമായ ഉത്പാദനവ്യവസ്ഥിതിയുടെ വളർച്ചയും ആഗോളവത്കരണത്തിന്റെ സാധ്യതകളുമാണ് തൊണ്ണൂറുകളിൽ കേരളത്തിലെ ആധുനികാനന്തര സ്വഭാവത്തെ

നിർണയിച്ചത്. സമൂലമായ ചരക്കുവത്കരണമാണ് ഈ കാലഘട്ടത്തിന്റെ പ്രത്യേകത. ശാസ്ത്രസാങ്കേതികവിദ്യ മലയാളിയുടെ ആരോഗ്യം, പാർപ്പിടം, തൊഴിൽ, വിദ്യാഭ്യാസം, മനഃശാസ്ത്രം തുടങ്ങി സമസ്തമേഖലകളെയും നിയന്ത്രിക്കുന്ന സാഹചര്യം ഈ കാലഘട്ടത്തിന്റെ സൃഷ്ടിയാണ്. ഇത് മലയാളിയുടെ കാഴ്ചകളുടെ, രുചികളുടെ കീഴ്വഴക്കങ്ങളെ സാമ്പ്രദായിക നാടോടിവഴക്കങ്ങളിൽനിന്ന് ഡിജിറ്റൽ മാധ്യമങ്ങളിലേക്ക് മാറ്റി പ്രതിഷ്ഠിച്ചു. ബഹുരാഷ്ട്രകുത്തക വാണിജ്യ കമ്പനികൾ ചാനലുകളിലൂടെ മലയാളിയുടെ ചിന്തയെയും മനസ്സിനെയും ആധുനികാനന്തര ലോകസാഹചര്യത്തിനിണങ്ങുംവിധം രൂപപ്പെടുത്തിക്കൊണ്ടിരുന്നു. നിലവിലുണ്ടായിരുന്ന ആധുനികമാനവിക സങ്കല്പങ്ങളും, ദേശിയതാ സങ്കല്പവും ജനാധിപത്യബോധവും ആധുനികാനന്തരലോകത്തിന്റെ മൂലധനത്തിനനുസൃതമായി പരിണാമത്തിന് വിധേയമായിക്കൊണ്ടിരുന്നു.[78] അതുകൊണ്ട് തന്നെ ആധുനികാനന്തര സമൂഹത്തിന്റെ രാഷ്ട്രീയം വിഭാഗീയതകളുടേതാണ്. ആധുനികാനന്തരസമൂഹത്തിനകത്ത് വ്യക്തി വിപണിയുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. വിപണിയ്ക്കകത്തെ തിരഞ്ഞെടുപ്പുകളിലൂടെയാണ് പുതിയ ലോകത്തിൽ വ്യക്തി സ്ഥാനപ്പെടുന്നത്. സാമൂഹികമായ കൂട്ടായ്മയെക്കാൾ സൈബർ ഇടങ്ങളിലാണ് വ്യക്തി സ്വകാര്യതയെ കഴിച്ചുകൂട്ടുന്നത്. ആധുനികാനന്തര ചിന്തകൾ മുതലാളിത്തസമൂഹത്തിന്റെ തന്നെ തുടർച്ചയായാണ് ഈ ഘട്ടത്തെ പരിഗണിക്കുന്നത്. സ്ത്രീയും പ്രകൃതിയും ഈ മുതലാളിത്തസമൂഹത്തിൽ വിപണിയുടെ ഭാഗമാണ്. അതുകൊണ്ടുതന്നെ ആധുനിക മാനവദർശനത്തിന്റെ വിമർശനപാഠങ്ങളായാണ് ആധുനികാനന്തര കവിതയിൽ സ്ത്രീ, പ്രകൃതി, ദളിത് സത്തകൾ തൊണ്ണൂറുകളിൽ സ്ഥാനം നേടുന്നത്.

വറ്റിവരണ്ട ജലസ്രോതസ്സുകളും, വാണിജ്യവത്കരിക്കപ്പെടുന്ന പ്രകൃതിയും സ്ത്രീയും ഇടിച്ചുനിരത്തപ്പെടുന്ന കുന്നുകളും പ്രകൃതി വിരുദ്ധവികസനത്തിന് പ്രാമുഖ്യം നല്കിയ ആധുനിക മാനവസങ്കല്പത്തെ അപനിർമിച്ചുകൊണ്ടാണ് ഈ കാലയളവിൽ കവിതയുടെ ഭാഗമാവുന്നത്. കവിത ബൃഹദാഖ്യാനങ്ങളിൽ നിന്നകന്ന് വ്യക്തിയുടെ അപഹരിക്കപ്പെട്ട അനുഭവലോകങ്ങളെയാണ് ഈ കാലയളവിൽ ആവിഷ്കരിക്കുന്നത്. നാഗരികതയിൽ ഒറ്റപ്പെടുന്ന മനുഷ്യരെക്കാൾ നാഗരികസംസ്കാരവുമായി രമ്യതപ്പെടുന്ന ഉപഭോഗസമൂഹത്തിന്റെ ജീവിതമാണ് എൺപതുകൾക്ക് ശേഷമുള്ള കവിതകളിൽ ഏറിയകൂറും കാണാൻ കഴിയുക. രാജൻ കൈലാസിന്റെ

'ഒന്നാംപാഠം' എന്ന കവിത പ്രസക്തമാകുന്നത് ഈ സാമൂഹിക സാഹചര്യത്തിലാണ്. മലയാളിയുടെ മാറുന്ന ജീവിതശീലങ്ങൾ എങ്ങനെയാണ് പാരിസ്ഥിതിക അധിനിവേശവുമായി ബന്ധപ്പെടുന്നതെന്ന് കവിത വെളിപ്പെടുത്തുന്നു.

"സായിപ്പിന്റെ ചായക്കൊതിയും
ലാഭക്കൊതിയും നമ്മുടെ
ഹരിതസൗഭാഗ്യങ്ങളെ
മുണ്ഡനം ചെയ്തപ്പോൾ
നാമറിഞ്ഞിരുന്നില്ല,
നമുക്ക് നഷ്ടമാകുന്നതെന്തെന്ന്,
ചായ കുടിച്ചു ശീലമില്ലാതിരുന്ന നമ്മളെ
ചായയുടെ അടിമകളാക്കി
മാറ്റുകയായിരുന്നു.
ഇന്നിപ്പോൾ എല്ലാം നഷ്ടമായിരിക്കുന്നു.
തേയിലയ്ക്ക് പിറകെ പെപ്സിയും
കെന്റകിയും എത്തിക്കഴിഞ്ഞു
ഇതു നമ്മൾ പഠിക്കാൻ
വിട്ടുപോയ ഒന്നാംപാഠം."[79]

കവിത ഇവിടെ സാമ്പ്രദായിക വഴികളിൽ നിന്നല്ല ആന്തരികപാഠത്തെ കണ്ടെത്തുന്നത്. മലയാളിയുടെ നിത്യജീവിതത്തിലേയ്ക്ക് കടന്നുവന്ന 'ചായ' തോട്ടവത്കരണത്തിന്റെ നിർമിതിയാണ്. ഇങ്ങനെയുള്ള സാമ്രാജ്യത്വപരമായ നിർമിതികളുടെ കമ്പോളമായി മലയാളിസമൂഹം മാറിയതിന്റെ ഭാഗമായാണ് വറ്റിവരണ്ട പുഴകളും, പൈപ്പിൻചുവട്ടിലെ ക്യൂവും സൃഷ്ടിക്കപ്പെട്ടതെന്ന് കവിത പറഞ്ഞുവെക്കുന്നു. അതോടൊപ്പം തന്നെ നമ്മുടെ വനമേഖലയിൽ യൂക്കാലിയവും മാഞ്ചിയവും നിറയുകയും നമ്മുടെ കൃഷിഭൂമി ഓർക്കിഡും കുറ്റിമുല്ലയും കയ്യടക്കുകയും ചെയ്യുന്ന പുതിയകാലത്തിൽ കവി തന്റെ ചായകുടി ശീലം നിർത്തുകയാണ് എന്നെഴുതിയാണ് കവിത അവസാനിപ്പിക്കുന്നത്. മാധ്യമങ്ങളിലൂടെയും അല്ലാതെയും നമ്മുടെ നിത്യജീവിതത്തിലേയ്ക്കുള്ള അധിനിവേശപരമായ ഇടപെടലുകളോടുള്ള പ്രതിഷേധം കൂടിയാണീ കവിത.

രാജൻ കൈലാസിന്റെ തന്നെ 'ബുൾഡോസറുകളുടെ വഴി' എന്ന കവിതയും പാരിസ്ഥിതികമായ അധിനിവേശത്തെയാണ് സൂചിപ്പിക്കുന്നത്. കവിതയിൽ 'ബുൾഡോസർ' പ്രതിനിധാനം ചെയ്യുന്ന സമൂഹം മേലാളരുടേതാണ്. അധികാരത്തിന്റെ ശക്തികൊണ്ടാണ് അവർക്ക് ഗ്രാമത്തെ, ഗ്രാമീണരെ എളുപ്പം കയ്യടക്കാൻ കഴിഞ്ഞത്. ഗ്രാമീണജനതയെ ബുൾഡോസറുകൾക്ക് കീഴിൽ ചതഞ്ഞരയേണ്ട തവളകളോടാണ് കവി സാദൃശ്യപ്പെടുത്തുന്നത്. ഫലത്തിൽ 'ബുൾഡോസർ' കവിതയിലുടനീളം പ്രകൃതിയെ വാണിജ്യവത്കരിക്കുന്ന അധിനിവേശ ശക്തിയുടെ പ്രതീകമായി തുടരുന്നു. ഈ ഭാവുകത്വപരിസരത്തിന്റെ തുടർച്ച ടി.പി.രാജീവന്റെ കവിതകളിലും കാണാവുന്നതാണ്. ജീവിതപരിസരത്തിൽനിന്ന് അപ്രത്യക്ഷമാകുന്ന വെള്ളം ജൈവ ശൃംഖലയെത്തന്നെ ജീവനറ്റതാക്കുന്ന കാഴ്ചയാണ് ടി.പി.രാജീവന്റെ 'വെള്ളം' എന്ന കവിത പങ്കുവെക്കുന്നത്. വെള്ളത്തിന്റെ അഭാവത്തിൽ ശത്രുത മറന്ന് മരണത്തിന് കീഴ്പ്പെട്ട തവളയും പാമ്പും, കരിഞ്ഞ് പോയ ചീരയും തകരയും പ്രകൃതിയിൽനിന്നുള്ള നേർകാഴ്ചയായിട്ടാണ് കവിതയിൽ വിവരിക്കുന്നത്. സമാനമായ അവസ്ഥയെ ഒ.വി.ഉഷ അവതരിപ്പിക്കുന്നുണ്ട്. വെള്ളത്തിന്റെ സാന്നിധ്യമന്വേഷിച്ചെത്തുന്ന കാക്ക മൺകുടം കിണറിൽ തട്ടി തകരുന്ന ശബ്ദം കേട്ട് പറന്നകലുന്നതും, ആലിന്റെ വേരുകൾ കിണർ തന്നെ ഊറ്റിയെടുത്ത് കമഴ്ത്തിവെച്ച് യാത്രയാകുന്നതും സമീപ കാല പ്രകൃതിയിലെ ദുരിതാവസ്ഥയെയാണ് ധ്വനിപ്പിക്കുന്നത്. സമാനമായ അന്തരീക്ഷത്തെ ഒ.വി.ഉഷയും എഴുതിയിട്ടുണ്ട്. ഒ.വി.ഉഷയുടെ അവലംബം എന്ന കവിത വെള്ളത്തിന്റെ സാന്നിധ്യത്തെ പ്രകൃതിയുടെ, പെണ്മയുടെ ആവശ്യമായാണ് പരിഗണിക്കുന്നത്.

"വിത്തു മാത്രമാണോ
മഴയെ കാക്കുന്നത്?
അല്ല!
വിത്തൊഴിഞ്ഞ തോടുകൾ
കൊഴിഞ്ഞ കരിയില
പ്രാണനകന്ന ഉടൽ
അമ്മയിൽനിന്നു പിരിഞ്ഞ ഭ്രൂണം-
എല്ലാം!"

നിലനിൽക്കാൻ തുടിക്കുന്നതും
വിലയിക്കാൻ വിധിക്കപ്പെട്ടതുമായ
എല്ലാം!"[80]

പ്രകൃതി പരസ്പരം പൂരിപ്പിക്കപ്പെടുന്ന ജൈവശൃംഖലയാണെന്ന ബോധമാണ് അബോധതലത്തിൽ ഈ കവിതകൾ നൽകുന്നത്. പ്രകൃതിയിൽനിന്ന് ജീവന്റെ സാന്നിധ്യം നഷ്ടപ്പെടുന്നതും ഭൂവിഭാഗങ്ങൾ അപ്രത്യക്ഷമാകുന്നതും ആധുനികമാനവികതലം പ്രകൃതിയിൽനിന്നകന്ന് മാറുന്നതിന്റെ ഫലമാണ്. സാങ്കേതിക വിദ്യയ്ക്ക് പ്രാമുഖ്യം നല്കുന്ന ജീവിതവും വിദ്യാഭ്യാസവും ഉത്പാദനവ്യവസ്ഥിതിയും ആധുനിക മനുഷ്യനെ കമ്പോളാധിഷ്ഠിതമായി പരിവർത്തനപ്പെടുത്തിക്കഴിഞ്ഞു. സ്ത്രീയും പ്രകൃതിയും ഈ കമ്പോളത്തിലെ വില്പനവസ്തുക്കളാണ്. ശുദ്ധവായുവും വെള്ളവും ഭക്ഷണവും ഒരു വ്യക്തിയുടെ ന്യായമായ അവകാശമായി നിലനില്ക്കുമ്പോഴും ഇവയ്ക്കുവേണ്ടി ബഹുഭൂരിപക്ഷം ജനങ്ങളും കമ്പോളത്തിനെ ആശ്രയിക്കേണ്ടിവരുന്നു. ജലസ്രോതസ്സുകൾ വാണിജ്യാടിസ്ഥാനത്തിൽ ഊറ്റിയെടുക്കുക വഴി ജനങ്ങൾ വെള്ളം വിലകൊടുത്ത് വാങ്ങേണ്ടി വരുന്നു. കുന്നുകളും, വയലുകളും, കടലോരങ്ങളും മൂലധനാധിഷ്ഠിതമായ ഉത്പാദനവ്യവസ്ഥിതിയുടെ ഭാഗമായതോടെ സ്ത്രീകളുൾപ്പെടെയുള്ള ജീവലോകം പ്രകൃതിയിൽനിന്ന് അകറ്റപ്പെട്ടു. മലയാളിയുടെ മാറിയ ഈ ജീവിതപരിതസ്ഥിതിയെ കെ.ആർ.ടോണി സൂചിപ്പിക്കുന്നത് ഇപ്രകാരമാണ്.

"ജീർണവസ്ത്രം നീക്കിയമ്പോടു ടിവിയിൽ
ലോകൈക സുന്ദരിനാഭീ പ്രദർശനം
ക്രിക്കറ്റ്, കമ്പോള, മേകലോകക്രമ-
മൊക്കെയും ദേഹാഭിമാനമുണ്ടാക്കുന്നു.
താൻ താൻ നിരന്തരം ചെയ്യുന്ന ദുഷ്കൃതം
അന്യരനുഭവിച്ചീടുകെന്നേ വരൂ!"[81]

എൺപതുകൾക്ക് ശേഷമാണ് കവിതകളിൽ ഇത്തരത്തിൽ പ്രകൃതിക്കും സ്ത്രീക്കും നേരിടേണ്ടിവരുന്ന വാണിജ്യവത്കരണത്തിന്റെയും അരികുവത്ക്കരണത്തിന്റെയും തലങ്ങൾ കൂടുതലായി കടന്നുവരുന്നത്. അനിത തമ്പി, ഗിരിജ പി.

പാതേക്കര എന്നീ എഴുത്തുകാരികൾ പെണ്ണിടങ്ങളിലെ അരികുവത്ക്കരണത്തെ നിത്യ ജീവിതപരിസരങ്ങളിൽ നിന്നുകൊണ്ട് രേഖപ്പെടുത്തുമ്പോൾ മനോജ് കുറൂർ, മോഹനകൃഷ്ണൻ കാലടി എന്നീ നിരകളിലെ എഴുത്തുകാർ വാണിജ്യവത്കരണത്തിന് കീഴിലെ സ്ത്രീ, പ്രകൃതി അനുഭവങ്ങളെയാണ് കവിതയുടെ ഭാഗമാക്കുന്നത്.

ആശയങ്ങളുടെ സമഗ്രമായ സ്ഥലരാശികളിൽനിന്ന് വേറിട്ട് കവിത വ്യക്തിയുടെ അനുഭവത്തെ രേഖപ്പെടുത്താനാണ് ഈ കാലയളവിൽ ശ്രമിക്കുന്നത്. ആഖ്യാനത്തിൽ പുലർത്തുന്ന മിതത്വവും അതിയാഥാർത്ഥ്യത്തിന്റെ ആന്തരിക പരിസരവുമാണ് ഈ കാലയളവിലെ കവിതയുടെ പ്രത്യേകത. ഒരു സൂചകത്തിൽനിന്ന് മറ്റൊന്നിലേയ്ക്ക് സഞ്ചരിച്ച് കവിത ഭാഷയ്ക്കകത്തെ കോയ്മയെ, സമൂഹത്തിലെ സവർണപരതയെ, ലിംഗകേന്ദ്രീകൃതനയങ്ങളെ, ദളിത്, സ്ത്രീ, പ്രകൃതി പക്ഷത്ത് നിന്നുകൊണ്ട് അപനിർമിക്കാൻ ശ്രമിക്കുന്നു. ഫലത്തിൽ അരികുവത്ക്കരിക്കപ്പെടുന്ന സത്തകൾ കവിതയുടെ ഭാഗമായി മാറുന്നു. പ്രകൃതിയുടെ, സ്ത്രൈണതയുടെ പക്ഷത്ത് നിന്നുകൊണ്ടുള്ള സഹജാവബോധത്തിലധിഷ്ഠിതമായ ഒരു മാനവികതയെ ഈ കാലയളവിലെ കവിത ഉൾക്കൊള്ളാൻ ശ്രമിക്കുന്നുണ്ട്. ആധുനിക മാനവികതയുടെ എതിർദിശയിലാണ് ഈ ആശയധാര നിലനിൽക്കുന്നത്. അതുകൊണ്ടാണ് അനിത തമ്പിയുടെ 'ഊണ്' എന്ന കവിത ഓരോ വറ്റിനും പിറകിലുള്ള അദ്ധ്വാനത്തിന്റെ, പച്ചപ്പിന്റെ ഒരു കാലത്തെ ഓർത്തെടുക്കാൻ ശ്രമിക്കുന്നത്. ഉണ്ണുമ്പോൾ ഒരു നെൽവയലും, വയലുകളിൽ തുള്ളിമായുന്ന മീനുകളെയും വയല്ക്കരയിലെ വീടുകളിൽ പാർക്കുന്നവരുടെ ഓർമ്മിക്കപ്പെടാത്ത കിനാവുകളും കവയിത്രി കണ്ടെടുക്കാൻ ശ്രമിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ഓരോ ഊണും കവയിത്രിക്ക് ഗ്രാമത്തിൽ നിന്നുള്ള വേദനിച്ചുകൊണ്ടുള്ള യാത്രയാണ്. എം.ബി.മനോജ് ഒരു ഗോവിനോ ചണ്ഡാളനാണോ കൂടുതൽ തൂക്കം എന്നെഴുതുമ്പോൾ ആധുനികാനന്തരകവിതയുടെ ഈ സൂക്ഷ്മരാഷ്ട്രീയം കൂടുതൽ വ്യക്തമാകുന്നു. പാഠവത്കരിക്കപ്പെട്ട സവർണ ചരിത്രത്തിലേക്ക് അരിക്വത്കരിക്കപ്പെടുന്നവരുടെ പക്ഷത്തുനിന്ന് ഒരു നേർരേഖ വരയ്ക്കാൻ ശ്രമിക്കുകയാണ് എം.ബി.മനോജ്. 'തീർച്ചയായും ദൈവം ഉടലുകളെ വിഭജിച്ചു എന്ന കവിതയിൽ ഒരു പെൺദൈവത്തെ ആവശ്യപ്പെടുന്നതിലൂടെ സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ടുള്ള ഒരു പ്രകൃതി വീക്ഷണത്തിന്റെ സാധ്യതകളെ എം.ബി.മനോജ് തുറന്നിടുന്നുണ്ട്.[82]

ഇത്തരത്തിൽ ജീവിതത്തിന്റെ സമസ്തമേഖലകളിലും അരികുവത്ക്കരിക്കപ്പെടുന്നവരുടെ ജീവിതമാണ് എം.ആർ.രേണുകുമാറിന്റെ കവിതകളിലും കാണാൻ കഴിയുക. മേലാളവിഭാഗത്തിന്റെ ജീവിതവീക്ഷണത്തിൽനിന്നകന്ന് കീഴാളന്റെ ജീവിതത്തിലൂന്നി നിന്നുകൊണ്ട് ദളിത്, സ്ത്രീ, പ്രകൃതി പക്ഷം ചേർന്ന് കവിതയെ രൂപപ്പെടുത്തുന്നു എന്നുള്ളതാണ് എം.ആർ. രേണുകുമാർ, എസ്.ജോസഫ്, രാഘവൻ അത്തോളി എന്നിവരുടെ കവിതകളെ വ്യത്യസ്തമാക്കുന്നത്. ഭൂമിയെ പണ്ടേ കേൾക്കേണ്ടതായിരുന്നു എന്ന കാഴ്ചപ്പാടാണ് എം.ആർ.രേണുകുമാർ പങ്കുവെക്കുന്നത്. പരാശ്രിതമായ ജൈവശൃംഖലയെക്കുറിച്ചുള്ള സൂക്ഷ്മബോധമാണ് 'ഭൂമിയെ പണ്ടേ കേൾക്കേണ്ടിയിരുന്നു' എന്ന കവിത നൽകുന്നത്. ടി.പി.രാജീവന്റെ 'പ്രകൃതി പാഠങ്ങൾ' എന്ന കവിത ഈ ജീവശൃംഖലയെ, പുഴയെ, അരികുവത്ക്കരിക്കപ്പെടുന്ന ജനതയെ കീഴായ്മയിൽ നോക്കിക്കാണുന്ന ഒരു തലമുറയെയാണ് അവതരിപ്പിക്കുന്നത്.

"പുഴകളെപ്പറ്റി
ഭരണഘടനയിൽ പറയുന്നില്ല.
അതുകൊണ്ട്
വഴങ്ങാത്ത ഒഴുക്കുള്ളവരെയും
അറിയാത്ത ആഴങ്ങളുള്ളവരെയും
എങ്ങനെയും കൊല്ലാം"[83]

മോഹനകൃഷ്ണൻ കാലടിയുടെ 'ഫയർ' എന്ന കവിതയിൽ പ്രകൃതിയോടും ജീവവിഭാഗങ്ങളോടുമുള്ള ഈ വിലക്ഷണമനോഭാവത്തെ ഒന്നുകൂടി ശക്തമായി ബോധ്യപ്പെടുത്തുന്നുണ്ട്. മനുഷ്യൻ നിർമിക്കുന്ന ലോകത്തിൽനിന്ന് നിഷ്കാസിതരാകേണ്ടിവരുന്ന ജീവസമൂഹത്തെയാണ് 'ഫയർ' എന്ന കവിത അടയാളപ്പെടുത്തുന്നത്.

"എക്സ്പ്രസ് ഹൈവേയുടെ ഓരത്ത്
ഉങ്ങുമരത്തയ്യ് നടാനൊരുങ്ങിയ
കിഴവനണ്ണാനെ
ജെ.സി.ബി. കയറ്റി ചതയ്ക്കുക"[84]

മോഹനകൃഷ്ണൻ കാലടിയുടെ 'പന്തു കായ്ക്കുന്ന കുന്ന്' എന്ന കവിതയും പാരിസ്ഥിതിക അവബോധത്തിന്റെ ഗഹനതയെ ഉൾവഹിക്കുന്ന കവിതയാണ്. ചെറുതുകളുടെ ലോകത്ത് നിന്നുകൊണ്ട് പുതിയ കാലത്തിന്റെ രാഷ്ട്രീയത്തെ രൂപപ്പെടുത്തുന്ന റഫീക്ക് അഹമ്മദ്, വീരാൻകുട്ടി, സെബാസ്റ്റ്യൻ, എം.ബി.മനോജ്, ടി.പി.രാജീവൻ, മോഹനകൃഷ്ണൻ കാലടി തുടങ്ങിയ ആധുനികകാലത്തെ വിമർശനാത്മകപാഠമായി സ്വീകരിക്കുന്ന പുതിയ എഴുത്തുകാരുടെയെല്ലാം രചനകളിൽ ഇത്തരത്തിൽ സ്ത്രീയോടും പ്രകൃതിയോടുമുള്ള അനുഭാവത്തെ കണ്ടെത്താവുന്നതാണ്. എൺപതുകൾക്കുശേഷം ആറ്റൂരും, അയ്യപ്പപ്പണിക്കരും, സച്ചിദാനന്ദനും കെ.ജി.ശങ്കരപ്പിള്ളയും കവിതയിൽ അരികുവത്ക്കരിക്കപ്പെടുന്നവരുടെ ജീവിതത്തെ ഉൾക്കൊണ്ടിട്ടുണ്ട്. ഭാഷയിലും സംസ്കാരത്തിലും തുടരുന്ന അധിനിവേശങ്ങളെ, അധികാരത്തെ തിരിച്ചറിയുകയും സൂക്ഷ്മമായി അവതരിപ്പിക്കുകയും ചെയ്യുന്നു എന്നുള്ളതാണ് എൺപതുകൾക്കുശേഷമുള്ള കവിതകളുടെ പ്രത്യേകത. ഈയർത്ഥത്തിലാണ് ഈ കവിതകൾ പാരിസ്ഥിതിക സ്ത്രീവാദ പരിപ്രേക്ഷ്യത്തോടടുക്കുന്നത്.

എൺപതുകൾക്കുശേഷമുള്ള കവിതകളിലെ ഈ സ്ത്രീ. പ്രകൃതി സമീപനത്തെ പി.പി.രാമചന്ദ്രൻ, എസ്.ജോസഫ്, സാവിത്രി രാജീവൻ, വീരാൻകുട്ടി എന്നിവരുടെ കവിതകളെ മുൻനിർത്തിയാണ് പ്രധാനമായും വിശദീകരിക്കുന്നത്.

3.3.1 പി.പി. രാമചന്ദ്രൻ

മൂന്നാംലോകരാഷ്ട്രങ്ങളിലെ വിപണിയുടെ ഭാഗമാണ് വ്യക്തിയും ജീവിതവും എന്ന തിരിച്ചറിവ് നൽകികൊണ്ടാണ് പി.പി.രാമചന്ദ്രന്റെ കവിതകൾ നിലനിൽക്കുന്നത്. നമുക്ക് നഷ്ടപ്പെടുന്ന പച്ചപ്പ് നിറഞ്ഞ ഒരു ഗ്രാമീണകാലത്തെ ഓർമപ്പെടുത്തിക്കൊണ്ടാണ് പി.പി.രാമചന്ദ്രൻ നമ്മുടെ ജീവിതശീലങ്ങളിലേയ്ക്ക് കടന്നുകയറുന്ന വിപണിയുടെ ആധിപത്യത്തെ തന്റെ കവിതകളിൽ അടയാളപ്പെടുത്തുന്നത്. മൂന്നാം ലോക രാഷ്ട്രങ്ങളിൽ വിപണി കണ്ടെത്തുന്ന അധിനിവേശശക്തികളെക്കുറിച്ച് തിരിച്ചറിവ് നൽകുന്ന പി.പി.രാമചന്ദ്രന്റെ കവിതയാണ് കോളനി. വിപണിയായി മാറുന്ന സാമൂഹ്യസാഹചര്യങ്ങളെയാണ് കവിത അടയാളപ്പെടുത്തുന്നത്.

"രക്തത്തിൽ നങ്കൂരമി-
ട്ടിറങ്ങിയവൻ ഇന്നു
നിശബ്ദമവന്റെ
കമ്പോളമായ്ത്തീരുന്നു ഞാൻ"[85]

ഈ കവിതയിലെ 'അവൻ' എന്ന പ്രയോഗം ചെന്നെത്തുന്നത് പ്രകൃതിയെ, മനുഷ്യനെ വാണിജ്യവത്കരിക്കുന്ന അധിനിവേശ ശക്തിയിലേയ്ക്കാണ്. പി.പി. രാമചന്ദ്രന്റെ 'മാമ്പഴക്കാലം' എന്ന കവിതയിലെത്തുമ്പോൾ ഉപഭോഗസംസ്കാരം അരികുവത്ക്കരിക്കുന്ന പ്രകൃതിയനുഭവങ്ങളെയാണ് കവി ബോധ്യപ്പെടുത്തുന്നത്. ഈ കവിതയിൽ എന്തും ഉപയോഗിച്ചതിന്ശേഷം വലിച്ചെറിയുക എന്നത് വിപണിയുടെയും മനുഷ്യന്റെയും സ്വഭാവമായിട്ടാണ് ആവിഷ്കരിക്കുന്നത്.

"വാങ്ങുക, കുടിക്കുക
പുറത്തേക്കെറിയുക
ജീവിതം നിറച്ചൊരി
കുടുകൾ നാളേക്കില്ല"[86]

അച്ഛനും മകളും തമ്മിലുള്ള സംഭാഷണത്തിലൂടെയാണ് കവി ഭൂതകാലത്തെയും വർത്തമാനകാലത്തെയും താരതമ്യപ്പെടുത്തിക്കൊണ്ട് ഉപഭോഗസംസ്കാരത്തിന്റെ അപകടത്തെക്കുറിച്ച് ഓർമ്മപ്പെടുത്തുന്നത്. മധുരിക്കുന്ന മാമ്പഴക്കാലം ഓർമ്മയിൽ മാത്രമെയുള്ളു എന്ന തിരിച്ചറിവാണ് കവിത നൽകുന്നത്. അച്ഛന്റെ ഓർമ്മയിൽ ഒരു മാമ്പഴക്കാലത്തെ നിലനിർത്തിയത് ഭൂതകാലത്തിലെ പരിസ്ഥിതിയനുഭവമാണ്. ഇന്ന് പക്ഷെ പൊള്ളജീവിതമാണ് അച്ഛന്റെ തലമുറയ്ക്ക് മകൾക്ക് നൽകാനുള്ളത്. ഉള്ള് പൊള്ളയായ വർത്തമാനകാലത്തെ ഇതിലും ഭംഗിയായി ആവിഷ്കരിക്കുക പ്രയാസമാകും. പ്രകൃതിയിൽനിന്നുള്ള അകൽച്ചയാണ് ആധുനികസമൂഹത്തിന്റെ അന്തസാരശൂന്യതയ്ക്ക് കാരണം. ആധുനികസമൂഹം വികസനത്തിന്റെ പേരിൽ നഷ്ടപ്പെടുത്തിയ പച്ചപ്പും വയലോരങ്ങളും കുന്നുകളും പുഴകളും നിലനിർത്തിയിരുന്നത് പ്രകൃതിയോടിണങ്ങിയ ജീവിതത്തെ കൂടിയായിരുന്നു എന്ന തിരിച്ചറിവ് നല്കുന്നതാണ് പി.പി. രാമചന്ദ്രന്റെ ഓരോ കവിതകളും. 'പട്ടാമ്പിപ്പുഴ മണലിൽ' എന്ന തലക്കെട്ട് തന്നെ ജലശൂന്യമായ, അകം പൊള്ളയായ ഒരു കാലത്തെക്കുറിച്ച് സൂചന

നൽകുന്നുണ്ട്. ഈ കവിതയിൽ പുഴയുടെ തിരോധാനത്തെ സ്ത്രീയുടെ ജഢത്തിലൂടെയാണ് കവി അനുഭവപ്പെടുത്തുന്നത്. വികസനത്തിന്റെ പേരിലുള്ള മണലൂറ്റലാണ് പുഴയെ ജഢമാക്കിയത്.

"പൊളിയല്ലിത് പിറ്റേന്നാ-
പ്പുഴയിൽ നിന്നൊരു പെണ്ണിൻ
ജഢവും കൊണ്ടൊരു ലോറി
കയറിപ്പോയതു കണ്ടു"[87]

'കാറ്റേ-കടലേ' എന്ന കവിതയിൽ നമ്മുടെ കാഴ്ചവട്ടത്തിൽനിന്ന് അപ്രത്യക്ഷമാകുന്ന കുന്നുകളാണ് കവിതയ്ക്ക് വിഷയമാകുന്നത്. കുന്നുകളെല്ലാം റോഡുപണിക്ക് പോകുന്നു എന്ന് എഴുതുന്നതോടെ ആധുനികവികസനം അപഹരിക്കുന്ന കുന്നുകളുടേയും പച്ചപ്പിന്റെയും ചിത്രം ഒന്നുകൂടി കവിതയിൽ മൂർത്തമാകുന്നു. പ്രകൃതിയിലെ ഭൂവിഭാഗങ്ങളുടെ നഷ്ടം ജീവിവർഗത്തിന്റെ ആവാസസ്ഥാനത്തിന്റെയും ജീവിതമാർഗ്ഗത്തിന്റെയും നഷ്ടമാണെന്ന് കൂടി കവിത പറഞ്ഞുവെക്കുന്നു. പി.പി. രാമചന്ദ്രന്റെ 'സഹ്യനും അസഹ്യനും', 'നിളാനദി', 'ഇടശ്ശേരിപ്പാലം' എന്നീ കവിതകളെല്ലാം പാരിസ്ഥിതികമായ ഉൾക്കാഴ്ചകളെ വഹിക്കുന്നതാണ്. ആത്യന്തികമായി തന്റെ കാഴ്ചവട്ടത്തിലെ പ്രകൃതിവിഭവങ്ങളുടെ തിരോധാനവും അന്തസാരശൂന്യമായ ഉപഭോഗസംസ്കാരവും ആണ് പി.പി.രാമചന്ദ്രന്റെ കവിതയിൽ പ്രതിരോധത്തിന്റെ ദാർശനികതയെ രൂപപ്പെടുത്തുന്നത്. കുടഞ്ഞെറിഞ്ഞ് കളയാൻ സാധിക്കാത്തവിധം മലയാളിയുടെ ജീവനെയും ജീവിതത്തിനെയും കീഴടക്കുന്ന നവകൊളോണിയൽ അധിനിവേശ പരിസരങ്ങളിൽനിന്നാണ് പി.പി. രാമചന്ദ്രന്റെ കവിതകൾ ഈ പ്രതിബോധത്തിനെ രൂപപ്പെടുത്തുന്നത്.

3.3.2 എസ്. ജോസഫ്

ആധുനികാനന്തര ജീവിതപരിസരവുമായി ദളിത് പക്ഷത്ത് നിന്നുകൊണ്ട് സംവദിക്കുന്ന കവിയാണ് എസ്. ജോസഫ്. എസ്. ജോസഫിന്റെ കവിതയിലെ 'സ്ത്രീ' സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് പരിത്യജിക്കപ്പെടുന്ന ദളിത് സ്ത്രീയാണ്. തീവ്രമായ ജീവിതാനുഭവങ്ങളാൽ സമൂഹത്തിന്റെ മറുപുറത്തെ ദളിത് പക്ഷത്ത് നിന്ന് എസ്.ജോസഫ് അവതരിപ്പിക്കുന്നു. എസ്. ജോസഫിന്റെ കവിതകളിലെ 'അമ്മ' ഇവ്വിധം

എടുത്തുപറയേണ്ട സ്വത്വമാണ്. രാഘവൻ അത്തോളിയുടെ 'കണ്ടത്തി' എന്ന കവിതയിലും സവർണബന്ധിതമായ ചരിത്രത്തിന്റെ ഇടവഴികളിൽ നോക്കുകുത്തിയായിനിന്ന് വിയർപ്പൊഴുക്കുന്ന ഒരമ്മയെ കാണാം. സവർണപരമായ സമൂഹത്തിനകത്തെ താഴെക്കിടയിൽനിന്ന് അദ്ധ്വാനംകൊണ്ട് ജീവിതത്തെ പടുത്തുയർത്തിയവരാണ് ഈ അമ്മമാർ. ജീവിതത്തിന്റെ അവസാനഘട്ടത്തിലെത്തുമ്പോഴേക്കും അഭിമുഖീകരിക്കേണ്ടി വന്ന തിക്താനുഭവങ്ങളാൽ അവർ ശാരീരികമായും മാനസികമായും തളർന്നുപോകുന്നു. ജീവിതത്തിനകത്തെ ബാല്യവും യൗവനവും അവർ പിന്നിട്ടത് അദ്ധ്വാനംകൊണ്ടും ഉൾക്കരുത്തുകൊണ്ടുമാണ്. ദാരിദ്ര്യവും വിശപ്പും ശരീരത്തിനെയും, മനസ്സിനെയും തളർത്തിയപ്പോഴും അവർ തങ്ങളുടെ കുടുംബത്തിനുവേണ്ടി കുഞ്ഞുങ്ങൾക്കുവേണ്ടി നിലകൊണ്ടു. കുളിച്ചൊരുങ്ങി, സിന്ദൂരപ്പൊട്ട് തൊട്ട്, മുടിയിൽ തുളസിക്കതിർ ചൂടി സാഹിത്യത്തിലും ജീവിതത്തിലും സവർണപരിലാളിതരായി നിന്ന അമ്മമാർക്ക് എതിർസ്ഥാനത്താണ് ഇവർ സ്ഥാനപ്പെടുന്നത്. കണ്ണീരും വിശപ്പും ദാരിദ്ര്യവും ആവോളം അറിഞ്ഞ ഈ അമ്മമാർക്ക് സമാധാനപൂർണമായ മണ്ണാണ് വേണ്ടത്.

"ഇവൾക്കു വേണ്ടതി
ന്നൊരു പിടിപാപ
ക്കറ പുരളാത്ത വെറും മണ്ണ്
ചോരക്കറ പുരളാത്ത വെറും മണ്ണ്
ചോരക്കറ പുരളാത്ത
വരിനെല്ല്
ഇവളെൻ പെറ്റമ്മ"[88]

ദളിതരുടെ ഈ ജീവിതക്കനങ്ങളെ എസ്.ജോസഫിന്റെ കറുത്തകല്ല് എന്ന കവിത ആത്മരോഷത്തോടെ അടുക്കിവയ്ക്കുന്നു. ജീവിതത്തിൽ അരികിലേയ്ക്ക് തള്ളിമാറ്റപ്പെടുന്ന ഒരു ജനതയെയാണ് കറുത്തകല്ല് പ്രതിനിധീകരിക്കുന്നത്. അമ്മയായും സഹോദരിയായും കടന്നുവരുന്ന സ്ത്രീസമൂഹത്തിലൂടെ അടിയാളരുടെ ദുരിതപൂർണമായ ജീവിതാനുഭവങ്ങൾ ഈ കവിതയുടെ ഭാഗമായി മാറുന്നു. മകരപ്പാടങ്ങൾ കടന്ന് പണിയിടങ്ങളിൽ തലയിൽ റേഷനും പയറുമായി കടന്നുവരുന്ന അമ്മ ദളിത് ജീവിതപരിസരത്തെക്കുറിച്ച് വ്യക്തമായ ധാരണ നൽകുന്നു. 'പെങ്ങളുടെ ബൈബിൾ' എന്ന

കവിതയും ദളിത് സ്ത്രീയുടെ ജീവിതചുറ്റുവട്ടങ്ങളെ അടയാളപ്പെടുത്തുന്ന കവിതയാണ്. ബൈബിളിനകത്ത് ഭദ്രമായി സൂക്ഷിച്ചിരുന്ന റേഷൻകാർഡ്, വായ്പാകുറിപ്പുകൾ, കുട്ടിത്തൊപ്പി തയ്ക്കുന്ന വിധം കുറിക്കുന്ന കടലാസ് എന്നിവയുടെ സുരക്ഷിതത്വമാണ് ബൈബിളിനെ കവിതയിൽ വിശ്വാസസംഹിതയായി ഉയർത്തുന്നത്. മതപരവും രാഷ്ട്രീയപരവുമായ അധിനിവേശങ്ങളെക്കുറിച്ചും ഈ കവിത സൂചന നൽകുന്നുണ്ട്. പെങ്ങളുടെ ബൈബിളിലില്ലാത്ത ആമുഖവും പഴയനിയമവും പുതിയനിയമവും ചുവന്ന പുറംചട്ടയും ദളിത് സ്ത്രീയുടെ കനപ്പെട്ട ജീവിതാവബോധത്തിലേക്കാണ് വിരൽചൂണ്ടുന്നത്.[89]

ചുവന്ന പുറംചട്ട വിശ്വാസങ്ങൾക്ക് മേലെയുള്ള രക്തരൂക്ഷിത പോരാട്ടങ്ങളിലൂടെ നേടിയെടുക്കുന്ന ഭക്തിയെ ദളിത് സ്ത്രീലോകം ബാഹ്യവത്കരിക്കുന്നതിന്റെ സൂചനയാണ്. ഇദ്ദേഹത്തിന്റെ 'പാവാട' എന്ന കവിത സ്ത്രീജീവിതത്തിന്റെ അതിർത്തികളെ ഓർമമപ്പെടുത്തുന്നതാണ്.

സ്ത്രീക്ക് മാത്രം പരിചിതമായ ലോകത്തെ പരിചയപ്പെടുത്തുന്നതോടൊപ്പം ലിംഗാധിഷ്ഠിതമായി സമൂഹത്തെ നിലനിർത്തുന്ന ആൺകോയ്മയുടെ പ്രത്യയശാസ്ത്രം ലളിതമായ ഭാഷയിൽ 'പാവാട' എന്ന കവിത അനാവരണം ചെയ്യുന്നു. 'അവൾ' എന്ന കവിതയിൽ സ്ത്രീയുടെ പതിവിടങ്ങളെ രേഖപ്പെടുത്തിക്കൊണ്ട് അവളുടെ ജീവിതസന്ദർഭങ്ങളെ നിരത്തിവെയ്ക്കുന്നു. രേണുകുമാറിന്റെ 'മിണ്ടാപ്രാണി' എന്ന കവിത സമാനമായ പെണ്ണനുഭവങ്ങളെ പങ്കുവെയ്ക്കുന്ന കവിതയാണ്. കാക്ക നിലത്തിറങ്ങും മുമ്പ് ഉണരുകയും ഉറങ്ങുംവരെ തൊഴുത്തിലും തോട്ടിൻ വക്കിലും അലക്കുകല്ലിനരികിലും ഇറക്കിവെക്കുന്ന ജോലിഭാരങ്ങളെ ഒന്നൊഴിയാതെ കവി നമ്മുടെ മുന്നിൽ വരച്ചിടുന്നു. ഒടുവിൽ അകംപൊള്ളയായി കിടക്കണമെന്ന് എഴുതുമ്പോൾ സ്വതന്ത്രആശയങ്ങളെ ഒഴിവാക്കികൊണ്ട് കാലം കഴിക്കുന്ന ദളിത് സ്ത്രീ ജീവിതങ്ങളുടെ അടിത്തട്ടിലേക്ക് കവിത എത്തുന്നു. മിണ്ടാപ്രാണി എന്ന പ്രയോഗം വിധേയത്വമാർന്ന സ്ത്രീജീവിതത്തിനെ ഓർമപ്പെടുത്തുന്നു. എസ്.ജോസഫിന്റെ 'തപ്പിത്തടഞ്ഞ് വായിക്കാവുന്ന ചില അക്ഷരങ്ങൾ' എന്ന കവിത പെണ്ണിന്റെ അനുഭവലോകത്തെ യഥാവിധി പകർത്താൻ കഴിയില്ലെന്ന് വ്യക്തമാക്കുന്നുണ്ട്. 'ഭയം എന്ന പെൺകുട്ടി' എന്ന കവിതയിൽ സ്ത്രീജീവിതത്തിന് മേൽ നിലനിൽക്കുന്ന വാണിജ്യ കണ്ണുകളെ പരിചയപ്പെടുത്തുന്നു.

"അവന്റെ കണ്ണ് ഒരു കൈച്ചൂണ്ട
നീട്ടിയെറിയുന്നു
മീനറിയാത്തിടത്തോളം
അയാൾ കഥയിലില്ല
അറിയുമ്പോൾ അത് മീനല്ല
മുടി തോരാതെ ഓടിപ്പോകുന്ന
ഭയം എന്ന പെൺകുട്ടി"[90]

രാഘവൻ അത്തോളിയുടെ 'മകൾ' എന്ന കവിതയിലും സമാനമായ ജീവിത പരിസരത്തെ വിവരിക്കുന്നുണ്ട്. സ്ത്രീസമൂഹം ഇരയാക്കപ്പെടുന്ന അരക്ഷിതാവസ്ഥയും ദൈന്യംകലർന്ന പതനസ്ഥാനങ്ങളെയുമാണ് ഈ കവിത വിലയിരുത്തുന്നത്. പെണ്ണായിപ്പോയതു കൊണ്ടുമാത്രം ചൂഷണം ചെയ്യപ്പെടുന്ന ശരീരവുമായി ജീവിതാവസാനം വരെ തള്ളിനീക്കേണ്ടവളാണ് സ്ത്രീയെന്ന് ഈ കവിത പറഞ്ഞുവെക്കുന്നു. 'അലക്കുകല്ല്' എന്ന എസ്.ജോസഫിന്റെ കവിത കാലങ്ങളായി മറ്റുള്ളവരുടെ വിഴുപ്പുകളെ പേറേണ്ടിവന്ന ദളിത് സ്ത്രീ ജനതയെയാണ് പ്രത്യക്ഷവത്കരിക്കുന്നത്. കവിതയിലെ ചതഞ്ഞുവീർത്ത കവിളുകൾ എന്ന പ്രയോഗം ചെന്നെത്തുന്നത് മൂകമായി സർവ്വം സഹിക്കുന്ന സ്ത്രൈണചേതനയിലേക്കാണ്. 'ധ്വനി' എന്ന കവിത സ്ത്രീജീവിതങ്ങളെ അപമാനത്തിനും നിസ്സഹായതയിലും ഒതുക്കി നിർത്തുന്ന വ്യവസ്ഥിതിയുടെ ജീർണ്ണ മുഖത്തെയാണ് വ്യക്തമാക്കുന്നത്. ഈ കവിതയിലെ 'പോക്കെടമില്ല അല്ലേ'? എന്ന വാക്യം ധ്വനിപ്പിക്കുന്നത് കാലങ്ങളായി സ്ത്രീസമൂഹത്തിന് തന്റേതായ ഒരിടം ഇല്ലായിരുന്നു എന്നതാണ്. മതാധികാരസ്ഥാനങ്ങൾക്കു പിന്നിലെ സ്ത്രൈണ മാതൃകകളും പിൻതുടരേണ്ടി വന്നത് ആൺകോയ്മ പ്രത്യയശാസ്ത്രത്തെയാണെന്ന് 'ഗാന്ധാരപർവ്വം' എന്ന കവിത സാക്ഷ്യപ്പെടുത്തുന്നു. വിധേയത്വത്തിന്റെ ഈ ജീവിതപരിസരത്തിൽനിന്ന് എസ്.ജോസഫിന്റെ കവിതയിലെ ദളിത് പൊരുളുകൾ പാരിസ്ഥിതിക അവബോധത്തിന്റെ തലങ്ങളിലേക്ക് വളരുന്നുണ്ട്. അടിയാളരുടെ ജീവിതമാർഗമായ കൊട്ടനെയ്യലിൽ തുടങ്ങി പാരിസ്ഥിതിക നഷ്ടങ്ങളിലേയ്ക്ക് വിസ്തൃതമാകുന്ന ആഖ്യാനമാണ് എസ്. ജോസഫിന്റെ 'കൊട്ട' എന്ന കവിത. പാടങ്ങളുടെ ഒട്ടലും കെട്ടാനുള്ള തേരും ഇന്നില്ല എന്നത് പാരിസ്ഥിതിക നഷ്ടമായാണ് കവിതയിൽ എണ്ണപ്പെടുന്നത്. ഇവയുടെ നഷ്ടം അടിയാളരുടെ ജീവിതമാർഗ

ങ്ങളെ എങ്ങനെയാണ് ഇല്ലാതാക്കിയെന്ന് കവിത വിവരിക്കുന്നു. കൊട്ടനെയ്ത്ത് അടിയാളരുടെ ജീവിതമാർഗം മാത്രമല്ല. അവരുടെ പ്രകൃതിയോടിണങ്ങിയ ജീവിത രീതിയുടെ അടയാളം കൂടിയാണ് പാടങ്ങളുടെ കുളങ്ങളുടെ നഷ്ടം അടിസ്ഥാന വിഭാഗങ്ങളുടെ ജീവിതത്തെ ദുഃസ്സഹമാക്കുന്നതിന്റെ ചിത്രമാണ് കവിത നൽകുന്നത്.[91]

'രണ്ടു കൊയ്ത്തുകാർ' എന്ന കവിതയ്ക്കകത്തും പാടവും തോടും കുളങ്ങളും അപ്രത്യക്ഷമായ ഒരുകാലത്തെക്കുറിച്ചുള്ള വ്യഥകളാണ് കവി പങ്കുവെക്കുന്നത്. പാടങ്ങളെ നെടുകെയും കുറുകെയും മുറിച്ച് റോഡുകളും റെയിൽവേ പാളങ്ങളും വന്നപ്പോൾ കൊയ്ത്തുകാലവും കൊയ്ത്തുകാരും ഒരു കാലഘട്ടത്തിന്റെ ഓർമമാത്ര മായി മാറുന്ന സാഹചര്യത്തെയാണ് കവിത അടയാളപ്പെടുത്തുന്നത്. ഉത്പാദന വ്യവസ്ഥിതി നഗരകേന്ദ്രിതമായി മുന്നോട്ടുപോയതോടെ കാവുകളും കുളങ്ങളും തോടുകളും പുറകെ ഇല്ലാതായി. ഈ മാറിയ സാമ്പത്തികഘടനയിൽ അധിക ദൂരമൊന്നും പുരോഗമനപരമായി മുന്നോട്ടുപോകാൻ ഈ അടിസ്ഥാന തൊഴിൽ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. തന്നെയുമല്ല അടിസ്ഥാനവിഭവങ്ങളുടെ ലഭ്യത അവർക്കു മുന്നിൽ ഒരു വിദൂര കാഴ്ചയായി ഇന്നും തുടരുന്നു. ഒരു കാലത്ത് തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ആണ് അവരെ അവശ്യവിഭവങ്ങളിൽനിന്നകറ്റിയത്. എന്നാൽ ഇന്ന് പ്രകൃതിയെ കീഴടക്കിക്കൊണ്ടുള്ള നവ ഉത്പാദനവ്യവസ്ഥിതിയാണ് അവരെ തദ്ദേശീയമായ ജീവിതമാർഗങ്ങളിൽനിന്ന് ആട്ടിയകറ്റുന്നത്. ഈ ഉത്പാദനവ്യവസ്ഥിതി കടപ്പെട്ട് നിൽക്കുന്നത് സവർണപക്ഷത്തോടാണ്. അതുകൊണ്ടാണ് എസ്.ജോസഫ് 'വെള്ളം' എന്ന തന്റെ കവിതയിൽ ഇപ്രകാരം എഴുതുന്നത്.

"ഇന്ന് ഞങ്ങൾക്ക് കിണറുണ്ട്
വെള്ളമില്ല
കിണറെടുത്ത് ചെരിച്ചുവെച്ച്
നാലുകൊടം വെള്ളമൂറ്റിയെടുത്തു"[92]

അതിയാഥാർത്ഥ്യത്തോടെയുള്ള ജീവിതാഖ്യാനമാണ് ഈ വരികളിൽ തെളിയുന്നത്. എക്കാലത്തും തങ്ങളുടെ ജീവിതാവസ്ഥകളോട് സമരസപ്പെട്ടുകൊണ്ട് ജീവിക്കേണ്ടിവരുന്ന ദളിത് ജനതയുടെ ദൈന്യതയാണ് ഈ കവിത വെളിപ്പെടു ത്തുന്നത്. 'പുഴ' എന്ന കവിതയിൽ ഈ ആഖ്യാനചാതുര്യം ദളിത് പരിപ്രേക്ഷ്യത്തിന

പ്പുറത്തേക്ക് സഞ്ചരിച്ച് വരണ്ടകാലത്തോടുള്ള കവിയുടെ നിർമമതയോടെയുള്ള സമീപനം കൂടിയായി മാറുന്നുണ്ട്. വരണ്ടമണലിൽനിന്ന് ഇനി ഒരു പുഴയെ ഓർത്തെടുക്കാനെ കഴിയുകയുള്ളൂ എന്ന നഗ്നയാഥാർത്ഥ്യമാണ് ഈ കവിതയിൽ ആവിഷ്കരിക്കുന്നത്.

"ഇന്നവർ മണലിൽനിന്ന്
മണലുവാരുന്നു
വെള്ളം അടിയിലുണ്ടെന്നവർ
കരുതുന്നുണ്ടാവാം
അതുപക്ഷേ ഊർന്നിറങ്ങിക്കൊണ്ടിരിക്കും
ഇപ്പോൾ പാഴ്ചെടികൾക്കാണ്
എന്തെങ്കിലും ചെയ്യാൻ പറ്റുന്നത്
അവ മണലിൽ പരതിക്കിട്ടിയ പച്ചകൊണ്ട്
ഓളംവെട്ടുന്ന വെള്ളം എന്നെഴുതുന്നുണ്ട്." [93]

'ചതുരം', 'മീൻകാരൻ', 'മലഞ്ചെരുവിലെ മഴയിൽ' എന്നീ കവിതകളെല്ലാം തന്നെ ഇത്തരത്തിൽ പാരിസ്ഥിതിക നഷ്ടങ്ങളെ പ്രകൃതി, സ്ത്രീ, ദളിത് പക്ഷത്ത് നിന്നു കൊണ്ട് ആവിഷ്കരിക്കുന്നവയാണ്. മാനുഷികാനുഭവങ്ങളുടെ സൂക്ഷ്മതലത്തിൽ നിന്നുകൊണ്ടാണ് എസ്.ജോസഫ് ഇത് സാധ്യമാക്കുന്നത്.

3.3.3 സാവിത്രി രാജീവൻ

ലിംഗകേന്ദ്രിത അധികാരത്തിന്റെ നാൾ വഴികളിൽനിന്ന് പെണ്ണിന്റെ അനുഭവ ലോകത്തെ വേർപ്പെടുത്തിക്കൊണ്ട് ഒരു പുത്തൻ കാവ്യഭാഷയിലേക്ക് പകർത്തു കയാണ് സാവിത്രി രാജീവൻ തന്റെ കവിതകളിൽ ചെയ്യുന്നത്. സ്ത്രീ സമൂഹത്തിന് പുതിയ കാഴ്ചയും ചിന്തയും നൽകികൊണ്ട് പിതൃകേന്ദ്രീകൃത കുടുംബവ്യവസ്ഥി തിയെ വിമർശനാത്മകമായി സമീപിക്കുന്നു.

"അടുക്കളയിലെ
തേഞ്ഞുതീരുന്ന വീട്ടുപകരണമാണു ഞാൻ
ശ്വസിക്കുന്നതിനാൽ നടക്കുകയും
നടക്കുന്നതിനാൽ കിടക്കുകയും ചെയ്യുന്ന

പാചകങ്ങൾക്കൊപ്പം വാചകങ്ങൾ വിളമ്പുന്ന
സങ്കീർണത ഒട്ടുമില്ലാത്ത ഒരുപകരണം." [94]

ഒരു വീട്ടുപകരണമായി സ്ത്രീ വസ്തുവത്കരിക്കപ്പെടുന്നതിനെക്കുറിച്ചുള്ള തിരിച്ചറിവാണ് സാവിത്രി രാജീവന്റെ 'പ്രതിഷ്ഠ' എന്ന കവിത നല്കുന്നത്. അധികാരത്തിനകത്തെ പുരുഷവിനിമയങ്ങളെ വ്യവഹാരങ്ങളിലൂടെ ഊട്ടിയുറപ്പിക്കാൻ ശ്രമിക്കുന്ന മുഖ്യധാരാ സമൂഹത്തിന്റെ ചിന്താ പരിച്ഛേദമാണ് സാവിത്രി രാജീവന്റെ 'ഉൽപ്പത്തി' എന്ന കവിത. എന്നാൽ 'ദേഹാന്തരം' എന്ന കവിതയിൽ സ്ത്രീയെയും പ്രകൃതിയെയും ഉപഭോഗവസ്തുമാത്രമായി കാണുന്ന ലിംഗകേന്ദ്രീകൃത സമൂഹത്തെയാണ് കാണാൻ കഴിയുക. കവിതയിലെ ഉടൽ എന്ന പ്രയോഗം കാലങ്ങളായി അധീശ സമൂഹത്തിന്റെ ചൂഷണം പേറുന്ന പെൺസമൂഹത്തെയുംപ്രകൃതിയെത്തന്നെയും ഒന്നാകെ ഉൾക്കൊള്ളുന്നു.

"ഇനിയും കണ്ടെത്തിയിട്ടില്ലാത്ത
ഏത് ഭൂഖണ്ഡമാണ്
എന്റെ ഉടൽ?
ഈ ഉടൽ?" [95]

സാവിത്രിരാജീവന്റെ കവിതകളിൽ ഈ ചോദ്യം വീടിന്റെയും കുടുംബത്തിന്റെയും അതിർത്തിക്കപ്പുറത്തേക്ക് വളരുന്നുണ്ട്. സ്ത്രീയുടെ സ്വാതന്ത്ര്യത്തെ തടഞ്ഞു നിർത്തുന്ന ഇടമായിട്ടാണ് 'വീട്' കവിതയിൽ പ്രത്യക്ഷപ്പെടുന്നത്. ഈ വീടിന്റെ അധികാരസ്ഥാനത്ത് എക്കാലത്തും പുരുഷനാണ് പ്രതിഷ്ഠിക്കപ്പെടുന്നത്. അതു കൊണ്ട് തന്നെ സ്ത്രീയുടെ ചിന്തയിലും വഴിനടപ്പിലും അധികാരസ്വരൂപമായി വീട് നിലനില്ക്കുന്നു. [96]

സ്ത്രീകളുടെ ജീവിതത്തിനകത്ത് നിലനിൽക്കുന്ന ഈ അധികാരരൂപങ്ങളെ ദളിത് പക്ഷത്ത് നിന്നുകൊണ്ടും സാവിത്രി രാജീവൻ വെളിപ്പെടുത്തുന്നുണ്ട്. 'ആരണ്യകാണ്ഡം' എന്ന കവിതയിൽ സീതയെ കവയിത്രി കണ്ടെടുക്കുന്നത് ദാരിദ്ര്യ രേഖയ്ക്ക് താഴെനിന്നാണ്. അവിടെ 'സീത' ഒരു ദരിദ്രപെൺകുട്ടിയുടെ വളർച്ചയുടെ ഘട്ടങ്ങളിൽ പിതാവിനുണ്ടാകുന്ന സാമ്പത്തികമായ എല്ലാ പരാധീനതകളെയും സൃഷ്ടിക്കുന്നുണ്ട്. സവർണപരിപ്രേക്ഷ്യത്തിനകത്ത് നിന്ന് സീതയുടെ താഴെ

തട്ടിലേയ്ക്കുള്ള കടന്നുവരവ് കവിതയ്ക്ക് ദളിത് പക്ഷം കൂടി നൽകുന്നുണ്ട്. താഴെ തട്ടിലുള്ളവരുടെ, അരികുവത്ക്കരിക്കുന്നവരുടെ അനുഭവലോകത്തെ ഇത്തരത്തിൽ പകർത്തികൊണ്ടാണ് സാവിത്രി രാജീവൻ തന്റെ കവിതയുടെ രാഷ്ട്രീയത്തെ പ്രകൃതി, സ്ത്രീപക്ഷത്ത് നിന്നുകൊണ്ട് രൂപപ്പെടുത്തുന്നത്. കവിതയ്ക്കകത്തെ ഈ സമീപന ത്തിന്റെ ഉന്നതസ്ഥാനമാണ് 'ചരിവ്' എന്ന കവിതയിൽ കാണാൻ കഴിയുക. നിലനില്പിന്റെ ഭാഗമായി എല്ലാം ചരിഞ്ഞിരിക്കുമ്പോൾ ഞാൻ മാത്രം എന്തിന് നേരെയിരിക്കണം എന്ന ചോദ്യമാണ് ഈ കവിത ഉന്നയിക്കുന്നത്. അരികുവത്ക്കരിക്ക പ്പെടുന്ന ജനവിഭാഗത്തിനകത്ത് നിന്നുകൊണ്ടുള്ള ഈ തിരിച്ചറിവാണ് സാവിത്രീ രാജീ വന്റെ കവിതയെ അവരുടെ ശബ്ദമായി രൂപപ്പെടുത്തുന്നത്. പ്രകൃതിയും സ്ത്രീയും ഇതര പാർശ്വവത്കൃത ജനസഞ്ചയങ്ങളും കവിതയ്ക്കകത്തെ ഈ പ്രതിബോധത്തിനകത്ത് ഉൾച്ചേരുന്നുണ്ട്.[97]

"എനിക്ക് പറയേണ്ടത്
ബധിരന്റെ
കേൾവിപ്പെടാത്ത ഭാഷയാണ്
ഞാൻ തിരയുന്നത്
മൂകന്റെ പറയപ്പെടാത്ത ഭാഷയാണ്
എന്റെ ഭാഷയാണ്"[98]

സമൂഹത്തിനകത്തെ അപരവത്കരിക്കപ്പെട്ടവരുടെ ഭാഷയായി കവിത ഇവിടെ മാറുന്നു.

3.3.4 വീരാൻകുട്ടി

വീരാൻകുട്ടിയുടെ കാവ്യലോകം സംസ്കാരത്തിനകത്തെ സ്ത്രീയെയും പ്രകൃതിയെയും മുൻനിർത്തിയിട്ടുള്ള ലാവണ്യപരമായ നീതികളെ അപനിർമിച്ചു കൊണ്ടാണ് നിലനില്ക്കുന്നത്. സ്ത്രീയെ പ്രകൃതിക്ക് തുല്യയായി, സർവംസഹ യായി പരിചരിച്ചുപോരുന്ന വീടിന്റെ സമൂഹത്തിന്റെ പൂർവ്വവഴക്കങ്ങളെ കവിത ചോദ്യം ചെയ്യുന്നുണ്ട്. 'ലേഡീസ് ഫിങ്ങർ', 'പെൺമരം', 'പെൺപാളം', 'അമ്മദൈവം', 'പുകയില്ലാത്ത അടുപ്പുകളുടെ ഉപമ' എന്നീ കവിതകളെല്ലാംതന്നെ ആണധികാര ത്തിന്റെ പ്രത്യയശാസ്ത്രത്തിന്റെ, സ്ത്രീജീവിതത്തിലേയ്ക്കുള്ള ഇടപെടലുകളെ

വിമർശനാത്മകമായി സമീപിച്ചുകൊണ്ടാണ് നിലനില്ക്കുന്നത്. 'ലേഡീസ് ഫിങ്ഗർ' എന്ന കവിതയിൽ സ്ത്രീജീവിതത്തെക്കുറിച്ചാണ് വീരാൻകുട്ടി പ്രതിപാദിക്കുന്നത്. സ്ത്രീസമൂഹം ജീവിതത്തിൽ തുടരുന്ന വിധേയത്വമാണ് കവിതയുടെ പ്രമേയം. മസിലുപിടിക്കാതെയും, പൊട്ടിത്തെറിക്കാതെയും ചൂടിനോടും മുറിവുകളോടും ഇടകലരുന്ന 'ലേഡീസ് ഫിങ്ഗർ' കവിതയിൽ സ്ത്രീജീവിതത്തെയാണ് പ്രതിനിധീകരിക്കുന്നത്.[99]

കവിതയ്ക്കകത്തെ കുഴയുക, പറ്റിച്ചേർന്ന് കിടക്കുക എന്നീ പ്രയോഗങ്ങളെല്ലാം ചെന്നെത്തുന്നത് പരാതിയോ പരിഭവമോ പുറമേക്ക് കാണിക്കാതെ ജീവിതം തള്ളിനീക്കുന്ന ഒരു വിഭാഗത്തിലേക്കാണ്. ഈ കവിതയുടെ ഒരു തുടർച്ചയാണ് 'അമ്മ ദൈവം' എന്ന കവിത. അടുക്കളയിൽ രുചിക്കൂട്ടുകളിൽ ജീവിതത്തെ തളച്ചിടുന്ന 'അമ്മ'യെയാണ് കവിതയിൽ അവതരിപ്പിക്കുന്നത്. അടുക്കളയിലും ഉമ്മറത്തും പഴഞ്ചേലയായും വൈക്കോൽകോലമായും അവൾ പ്രത്യക്ഷപ്പെടുന്നു. കുടുംബവും മാതൃത്വവുമാണ് സ്ത്രീയുടെ സ്വത്വപരമായ ഉണർവിന് തടസ്സമായി നില്ക്കുന്നതെന്ന് കവിത അടിവരയിടുന്നു. എങ്കിലും പുതിയ കാലത്തിനോട് ചേർന്ന് കവി സ്ത്രീ ജീവിതത്തിൽ ഒരു മാറ്റത്തെ പ്രതീക്ഷിക്കുന്നുണ്ട്. മകൾ, പത്നി, അമ്മ എന്നിങ്ങനെയുള്ള ജീവിതാവസ്ഥകളിൽ ഒതുങ്ങി ജീവിക്കുന്ന സ്ത്രീസമൂഹത്തെ പുകയില്ലാത്ത അടുപ്പിനോടാണ് കവിത സാദൃശ്യപ്പെടുത്തുന്നത്. വെച്ചും വിളമ്പിയും ജീവിതത്തെ തള്ളിനീക്കുന്ന സ്ത്രീ ജീവിതത്തെക്കുറിച്ചാണ് കവിത സംസാരിക്കുന്നത്. എപ്പോഴും എരിഞ്ഞ്കൊണ്ടിരിക്കുന്ന ഒരു മനസ്സാണ് അവൾക്കൊപ്പമുള്ളത്. പ്രതിരോധത്തിന്റെ ശബ്ദത്തെ സമൂഹം അംഗീകരിക്കില്ല. സ്ത്രീക്ക് വീട്ടിലും പുറത്തും തുല്യത നൽകുന്ന ഒരു സാമൂഹിക പരിണാമത്തിലേയ്ക്ക് പൊതുസമൂഹം വളർച്ച നേടിയിട്ടില്ല. അതുകൊണ്ടുതന്നെ, ശരീരത്തെ, മനസ്സിനെ ഒതുക്കി സ്വയം ഭാരം താങ്ങിക്കൊണ്ട് ഒരു അടുപ്പുകല്ലിനു സമാനമായ ജീവിതമാണ് സ്ത്രീസമൂഹത്തിന് മുന്നിലുള്ളതെന്ന് ഈ കവിത സൂചിപ്പിക്കുന്നു.[100]

'പെൺപാളം' എന്ന കവിത സ്ത്രീയെയും പ്രകൃതിയെയും മുൻനിർത്തിയിട്ടുള്ള സമൂഹത്തിന്റെ എക്കാലത്തേയും നോട്ടങ്ങളെയാണ് തുറന്നെഴുതുന്നത്. എന്തുകൊണ്ട് അമ്മ ദൈവമായും, സ്വയം വേദനിച്ചുകൊണ്ടും സ്ത്രീസമൂഹം ജീവിതം നയിക്കേണ്ടിവരുന്നു എന്നുള്ളതിന്റെ ഉത്തരമാണീ കവിത മുന്നോട്ട്വെക്കുന്നത്. സ്ത്രീയെയും

പ്രകൃതിയെയും ഒരേ രീതിയിൽ വിധേയത്വത്തിന്റെ സ്ത്രൈണമാതൃകയായി നില നിർത്തുന്ന പൊതുസമൂഹത്തിനകത്തെ ലിംഗകേന്ദ്രീകൃത നയമാണ് ഈ കവിതയിലൂടെ വെളിപ്പെടുന്നത്. ഇവിടെ സ്ത്രീജീവിതത്തെ പാളം എന്ന രൂപകത്തോടാണ് കവിത ബന്ധിപ്പിക്കുന്നത്. ഭൂമിയോട് ചേർന്നുകൊണ്ടുള്ള നിശ്ചലമായ കിടപ്പാണ് ഈ രൂപകത്തിനെ തിരഞ്ഞെടുക്കാൻ കവിയെ പ്രേരിപ്പിക്കുന്നത്. ഭൂമിയ്ക്ക് തുല്യയായി സർവംസഹയായി ജീവിതം തുടരുന്ന സ്ത്രീസമൂഹമാണ് 'പാളം' എന്ന രൂപകത്തോട് ഐക്യപ്പെടുന്നത്.

പാളം സദാസമയം നിരീക്ഷണവലയത്തിലായിരിക്കും, വിള്ളലുകൾ എപ്പോഴും പരിശോധിച്ചുകൊണ്ടിരിക്കും, പാളത്തിലൂടെ വണ്ടികൾ അവസരത്തിലും അനവസരത്തിലും കടന്ന് പൊയ്ക്കൊണ്ടിരിക്കും എല്ലാറ്റിനുമുപരി പാളം ഭൂമിയോട് ചേർന്ന് നിശ്ചലമായി നീണ്ട് കിടക്കുന്ന ഒന്നാണ്. പാളത്തിന്റെ ഈ പൊതു സ്വാഭാവത്തിലേയ്ക്കാണ് കവി സ്ത്രീയനുഭവങ്ങളെ കൂട്ടിചേർക്കുന്നത്. സ്ത്രീയും സർവംസഹയായി ഭൂമിക്ക് തുല്യയായി പരിചരിക്കപ്പെടുന്നവളാണ്. സ്ത്രീയുടെ വാക്കും, നോക്കും ശരീരചലനങ്ങളും സദാ സമൂഹത്തിന്റെ നിരീക്ഷണത്തിന് കീഴിലാണ്. ആൺകോയ്മ സമൂഹം നിർവ്വചിച്ചിട്ടുള്ള വഴികളേ അവൾക്കുള്ളൂ. അതുപോലെതന്നെ എപ്പോഴും ശരീരത്തിലേയ്ക്കും മനസ്സിലേക്കുമുള്ള ബാഹ്യസമൂഹത്തിന്റെ ഇടപെടലുകൾക്ക്, ആക്രമണങ്ങൾക്ക് അവൾ ഇരയായി മാറുന്നു. അതുകൊണ്ട് തന്നെ കവിത മുന്നോട്ട്വെക്കുന്ന ആശയം 'പാളങ്ങൾ' എന്ന രൂപകത്തിൽ നിന്നുള്ള സ്ത്രീജീവിതത്തിന്റെ പിൻവാങ്ങലാണ്. 'പെൺമരങ്ങൾ' എന്ന കവിതയിലൂടെ വീരാൻകുട്ടി പങ്കുവെക്കുന്നതും പരമ്പരാഗത സ്ത്രീചിത്രണത്തിൽനിന്ന് സ്ത്രീസമൂഹത്തിനെ വേർപ്പെടുത്തിക്കൊണ്ട് സംഭവിക്കേണ്ട മാറ്റങ്ങളെക്കുറിച്ചാണ്. ലിംഗകേന്ദ്രീകൃത സമൂഹം രൂപപ്പെടുത്തുന്ന പെൺമാതൃകകളെയാണ് പെൺമരങ്ങൾ എന്ന തലക്കെട്ട് ഉൾവഹിക്കുന്നത്. ശരീരകേന്ദ്രിതമായി സമൂഹം രൂപപ്പെടുത്തിയെടുത്ത ആശയങ്ങൾക്കുള്ളിലാണ് സ്ത്രീയുടെ ജീവിതം മുന്നോട്ടുപോകുന്നത്. പുരുഷസമൂഹം ശരീരത്തെ മറികടന്നുകൊണ്ടാണ് സമൂഹത്തിന്റെ മേധാവിത്വത്തെ നിലനിർത്തുന്നത്. സ്ത്രീക്ക് തന്റെ ജീവിതപരിസരത്തിൽ മാത്രമായി ഒതുങ്ങി നിൽക്കേണ്ടിവരുന്നത് ശരീര കേന്ദ്രിതമായി സമൂഹം മുന്നോട്ടുവെയ്ക്കുന്ന ചില അലിഖിതനിയമങ്ങൾ അവൾക്ക് ചെറുപ്പം തൊട്ടെ പാലിക്കേണ്ടിവരുന്നതുകൊണ്ടാണ്. അതുകൊണ്ടാണ് വീരാൻകുട്ടി

കവിതയുടെ അവസാനത്തിൽ സമൂഹത്തിനകത്തെ സ്ത്രീകളെ മുൻനിർത്തിയുള്ള പഴയസങ്കല്പങ്ങളെ ചോദ്യം ചെയ്തുകൊണ്ട് കടന്നുപോകുന്നത്. 'വധു' എന്ന കവിതയിൽ സ്ത്രീയെ ദേവിയായും വിധേയത്വമാർന്ന ഭാര്യയായും നിലനിർത്തുന്ന സാമൂഹ്യസാഹചര്യത്തെയാണ് കവി ചൂണ്ടികാണിക്കുന്നത്.[101]

ഇത്തരത്തിൽ സമൂഹം വെച്ചുപുലർത്തുന്ന സാമ്പ്രദായിക പെൺനോട്ടങ്ങളെ അപനിർമിച്ചുകൊണ്ടാണ് വീരാൻകുട്ടിയുടെ കവിതകൾ സ്ത്രൈണപക്ഷത്ത് നിലയുറപ്പിക്കുന്നത്. കുടുംബം, സമൂഹം, ഭരണകൂടം എന്നിങ്ങനെ അധികാരത്തിന്റെ പ്രത്യയശാസ്ത്രരൂപങ്ങൾക്ക് കീഴിൽ സ്ത്രീ പരിചരിക്കപ്പെടുന്നതിലെ അസമത്വങ്ങളെയാണ് കവിത തുറന്നെഴുതുന്നത്. അതോടൊപ്പം സ്ത്രീസമൂഹം വ്യതിചലിക്കേണ്ട പരമ്പരാഗതവും ആൺകോയ്മയിലധിഷ്ഠിതവുമായ സാമൂഹ്യ ഇടങ്ങളെക്കുറിച്ചും കവിത സൂചന നൽകുന്നുണ്ട്. സ്ത്രീയും പ്രകൃതിയും വിധേയപ്പെട്ട സത്തകളാണ് എന്ന തിരിച്ചറിവാണ് ആദ്യന്തം വീരാൻകുട്ടിയുടെ കവിതകൾ പുലർത്തുന്നത്. സ്ത്രീയുടെ ജീവിതപരിസരത്തിൽ നിന്നുകൊണ്ടാണ് കവിത സ്ത്രീക്കുവേണ്ടി സംസാരിക്കുന്നത്. പ്രകൃതിയെക്കുറിച്ചുള്ള ആകുലതകളും ചെറുതുകളുടെ ലോകത്തിനെ പകർത്തികൊണ്ടാണ് വീരാൻകുട്ടി പങ്കുവെക്കുന്നത്. പരിസ്ഥിതി പ്രശ്നങ്ങളും വീരാൻകുട്ടിയുടെ കവിതകളിൽ വിഷയമാകുന്നുണ്ട്. 'വാട്ടർ അതോറിറ്റി' എന്ന കവിത ജലത്തിന്റെ അപര്യാപ്തതയേയും കമ്പോളവത്കരണത്തിനെയും പ്രതിപാദിക്കുന്ന കവിതയാണ്. കാർഷികവ്യവസ്ഥിതിയ്ക്ക് പകരം വന്ന കോൺക്രീറ്റ് സൗധങ്ങളുടെ നാഗരിക സംസ്കാരവും ഭൂഗർഭജലത്തിന്റെ അസന്തുലിതമായ ഊറ്റലും കവിതയുടെ ഭാഗമാകുന്നുണ്ട്. വിശാലമായ ജലസ്രോതസ്സുകളിൽനിന്ന് ഒരു കുപ്പിയിലേക്ക് വാണിജ്യപരമായി ചുരുങ്ങുന്ന ജലത്തിന്റെ പരിണാമങ്ങളെയാണ് കവിത വിശദീകരിക്കുന്നത്.

"ഒഴുക്കിനെ
കോൺക്രീറ്റു
പാദങ്ങൾക്കിടയിലൂടെ
പരേഡിനിറക്കിയാവാം
നെല്ലുറച്ചിട്ട.
ഉറവിനെ

കണ്ണുകെട്ടി
ഇരുൾ തുരങ്കത്തിലൂടെ
കൊണ്ടുവന്ന്
മാനാഞ്ചിറ സ്ക്വയറിൽ
സംഗീതജലധാര
സിറിഞ്ചിലൂടെ
തുള്ളി തുള്ളിയായി
നനയാം
തുഷാരഗിരി.
മിനറൽ വാട്ടറിൽ
ജലസമാധി."[102]

'വെള്ളക്കൊക്കിന്റെ പടം' എന്ന കവിത എസ്.ജോസഫിന്റെ 'ഉപ്പന്റെ കൂവൽ വരയ്ക്കുന്നു' എന്ന കവിതയുമായി സാദൃശ്യപ്പെടുത്താവുന്നതാണ്. വെള്ളക്കൊക്കിന്റെ പടം കുളത്തിൽ പതിഞ്ഞിരുന്ന കാലം കഴിഞ്ഞു. ഇനിയുള്ളത് വരൾച്ചയുടെ കാലമാണെന്ന തിരിച്ചറിവാണ് കവിത നൽകുന്നത്. 'കേൾക്കാൻ വേണ്ടി അല്ലാത്തവ', 'ആകാശത്തിലെ കിണർ' എന്നീ കവിതകളെല്ലാം തന്നെ ജൈവികസാന്നിധ്യങ്ങളുടെ അപകടകരമായ അപ്രത്യക്ഷമാകലിനേയും നാശത്തെയും കുറിച്ചുള്ള ആശങ്ക ഉണർത്തുന്ന കവിതകളാണ്. കൂട്ടത്തിൽ 'ഇക്കോ-ടൂറിസം' എന്ന കവിത പ്രകൃതിയെ വാണിജ്യസംസ്കാരത്തിന്റെ ഭാഗമായി വിപണിയുമായി കൂട്ടിച്ചേർക്കുന്നതിനെ വിമർശനാത്മകമായി സമീപിക്കുന്നു. ആത്യന്തികമായി കവിത പ്രകൃതിക്ക് മീതെയുള്ള ലിംഗകേന്ദ്രിതമായ ആധിപത്യത്തിനെയാണ് എതിർക്കുന്നത്. വികസനത്തിന്, ടൂറിസത്തിന് ചുക്കാൻ പിടിക്കുന്ന ആധുനിക മനുഷ്യനെ 'അവൻ' എന്നാണ് കവിതയിൽ സംബോധന ചെയ്യുന്നത്. നീലഗിരി മുതൽ കന്യാകുമാരി വരെയുള്ള ജൈവസമ്പത്ത് അവന്റെ അധികാരത്തിന് കീഴിലാണ് പരിവർത്തനങ്ങൾക്ക് വിധേയമായിക്കൊണ്ട് ഒരു 'കാഴ്ച വസ്തു' എന്ന നിലവാരത്തിലേക്ക് ഒതുക്കപ്പെടുന്നത്. നീലഗിരിയെ അവന്റെ കുതിപ്പിന്റെ ലാടമായിട്ടാണ് വിശേഷിപ്പിക്കുന്നത്. കോവളത്തിലെ പാതിരാസ്നാനവും ഏഴിമലയിലെ ഉണങ്ങിയ ലാൻസ്കോപ്പുകളും, കന്യാകുമാരിയിലെ ചിറകുകൾ വെട്ടിയൊതുക്കുന്ന ജീവനുകളും ഉയർത്തിക്കൊണ്ടുവരുന്ന രാഷ്ട്രീയം പരിസ്ഥിതി

യുടെ മാത്രമല്ല, കീഴടക്കപ്പെടുന്ന ജൈവവും അജൈവവുമായ വിഭാഗങ്ങളുടേതുമാണ്.[103]

കവിതയ്ക്കകത്തെ ഈ സമീപനങ്ങൾ വ്യക്തമാക്കുന്നത് വീരാൻകുട്ടിയുടെ കവിതകൾ പ്രകൃതിയും സ്ത്രീയും അരികുവത്ക്കരിക്കപ്പെടുന്നതിന്റെ, വാണിജ്യവത്കരിക്കപ്പെടുന്നതിന്റെ അകം കാഴ്ചകളെയാണ് ഉൾകൊള്ളുന്നത് എന്നാണ്. ഈ കവിതകളുടെ സൂക്ഷ്മരാഷ്ട്രീയം അതുകൊണ്ട്തന്നെ പ്രകൃതിയുടെ, സ്ത്രീയുടെ പക്ഷത്ത് നിന്നുള്ള സമൂഹത്തിന്റെ വീണ്ടെടുപ്പിനെ ഉൾക്കൊള്ളുന്നതാണെന്ന് പറയാവുന്നതാണ്. യഥാർത്ഥത്തിൽ എൺപതുകൾക്കുശേഷമുള്ള മലയാള കവിത സാംസ്കാരികമായും രാഷ്ട്രീയപരമായും പ്രബുദ്ധമായത് സ്ത്രീ, പ്രകൃതി അരികുവത്ക്കരണത്തെകൂടി വെളിപ്പെടുത്തിക്കൊണ്ടാണ്. ഈ കാലയളവിൽ കവിത അഭിമുഖീകരിച്ച സാമൂഹിക വൈജ്ഞാനിക മണ്ഡലത്തിന്റെ വികാസത്തെ ത്വരിതപ്പെടുത്തുന്നതിൽ വിപണികേന്ദ്രിതമായ അധിനിവേശ നയങ്ങൾക്കും വിഭാഗീയതകളിലൂടെ ദൃഢപ്പെട്ട സ്വത്വാവബോധത്തിനും നിർണായക സ്ഥാനമുണ്ട്. തൊണ്ണൂറുകളിലെ കവിത ഈ വൈജ്ഞാനിക തലങ്ങളെ ജനകീയമാക്കുന്ന ലിംഗകേന്ദ്രിത ശക്തികളെ തിരിച്ചറിഞ്ഞ് പ്രതിബോധത്തെ സൃഷ്ടിക്കുന്നുണ്ട്. സച്ചിദാനന്ദന്റെ 'കയറ്റം', സാവിത്രി രാജീവിന്റെ 'ചരിവ്', കെ.ജി.എസ്സിന്റെ 'ചൊല്ക്കാഴ്ച', വിനയചന്ദ്രന്റെ 'കാട്', രാജൻ കൈലാസിന്റെ 'അകം കാഴ്ചകൾ', രാഘവൻ അത്തോളിയുടെ 'കണ്ടത്തി' എന്നീ കവിതകളുടെ ചിന്താതലം ഈ സമീപനത്തെ ഉൾക്കൊള്ളുന്നതാണ്. എന്നാൽ തൊണ്ണൂറുകൾക്ക് ശേഷം സ്ത്രീയും പ്രകൃതിയും ലിംഗകേന്ദ്രിതമായ പൂർവ്വകല്പനകളിൽ നിന്നകന്ന് ഭൗതിക ജീവിതാടിസ്ഥാനങ്ങളായിട്ടാണ് കവിതയിൽ പ്രത്യക്ഷപ്പെടുന്നത്. സ്ത്രീയും പ്രകൃതിയും വിപണികേന്ദ്രിതമായി ചേർത്തിണക്കപ്പെട്ട സത്തകളായാണ് ഈ കാലയളവിൽ കവിതയിൽ പ്രത്യക്ഷപ്പെടുന്നത്. ടി.പി. രാജീവന്റെ 'പ്രകൃതി പാഠങ്ങൾ', എസ്. ജോസഫിന്റെ 'മീൻകാരൻ', 'ഉപ്പന്റെ കൂവൽ വരയ്ക്കുക', സാവിത്രി രാജീവന്റെ 'ദേഹാന്തരം', 'മോഹനകൃഷ്ണൻ കാലടിയുടെ കവിതകൾ', 'വീരാൻകുട്ടിയുടെ കവിതകൾ', 'പി.പി.രാമചന്ദ്രന്റെ കവിതകൾ' എന്നീ നിരകളിലൂടെയാണ് പ്രകൃതിയും സ്ത്രീയും വാണിജ്യവത്കരിക്കപ്പെടുന്ന സമകാലിക സാമൂഹിക സാഹചര്യം വെളിപ്പെട്ടത്. എന്നാൽ അറുപതുകൾ തൊട്ട് എൺപതുകൾ വരെയുള്ള കവിതകളിലെ ധൈഷണികത പിൻപറ്റുന്നത് ഉത്പാദനവ്യവസ്ഥിതിയ്ക്കകത്തെ പരിണാമത്തെയും അരികുവത്ക്കരണത്തെയുമാണ്. അറുപതുകളിൽ മലയാളകവിതയിൽ നഗരവത്കരിക്കപ്പെട്ട ഗ്രാമപ്രകൃതിയാണ്

ഏറിയകൂറും വിഷയമാകുന്നത്. എഴുപതുകളിലും എൺപതുകളിലും കവിത പ്രകൃതിയനുഭവങ്ങളിലെ സൂചിതാർത്ഥങ്ങളിലൂടെ വായനക്കാരിൽ പുനരുത്പാദിപ്പിക്കുന്നത് ദ്രാവിഡമായ അമ്മ ദൈവസങ്കല്പത്തെയാണ്. ഈ സങ്കല്പങ്ങളെ ആധുനിക പരിസ്ഥിതിപ്രശ്നങ്ങൾക്ക് ബദലായി പുനഃപ്രതിഷ്ഠിച്ചുകൊണ്ടാണ് കടമ്മനിട്ട പരിസ്ഥിതി, സ്ത്രീ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടത്. എന്നാൽ ഒരു മധ്യവർഗ്ഗപുരുഷ മനസ്സിനെ ഈ കവിതകളിലെ പാത്രസൃഷ്ടിക്ക് പിറകിൽ കണ്ടെത്താൻ പ്രയാസമില്ല.

ഇത്തരത്തിൽ അറുപതുകൾതൊട്ടുള്ള മലയാള കവിതയിലെ സ്ത്രീ, പ്രകൃതി പ്രശ്നങ്ങളുടെ സാമൂഹിക പരിസരം രണ്ട് വഴിത്താരകളിലൂടെയാണ് മുന്നോട്ടു പോകുന്നത്. ആദ്യത്തേത് പ്രകൃതിയെ അമ്മയായി കണ്ട് അഭയം തേടുന്ന അമ്മദൈവസങ്കൽപ്പത്തിൽ അധിഷ്ഠിതമായ വഴിയാണ്. അയ്യപ്പപ്പണിക്കർ, കക്കാട്, കടമനിട്ട എന്നിവർ പിൻതുടരുന്നത് ആദ്യത്തെ വഴിയാണ്. രണ്ടാമത്തേത് ലിംഗകേന്ദ്രിതമായ ലോകക്രമത്തിൽ നിന്നുള്ള സ്ത്രീയുടെയും പ്രകൃതിയുടെയും വിമോചനത്തിന്റെ വഴിയാണ്. സച്ചിദാനന്ദൻ, സാവിത്രി രാജീവൻ, വീരാൻകുട്ടി എന്നിവരിലൂടെയാണ് രണ്ടാമത്തെവഴി പുരോഗമിക്കുന്നത്. ആദ്യത്തെവഴിയുടെ സ്വാധീനവും തുടർച്ചയും സുഗതകുമാരിയിലും രണ്ടാമത്തെവഴിയുടെ സ്വാധീനം വിജയലക്ഷ്മി, ലളിതാലെനിൻ, വി.എം. ഗിരിജ എന്നീ കവയിത്രികളിലും പ്രകടമാണ്. അതുകൊണ്ട്തന്നെ പാരിസ്ഥിതിക സ്ത്രീവാദ പരിപ്രേഷ്യത്തിൽ ഈ കവയിത്രികളുടെ തിരഞ്ഞെടുത്ത കവിതകളുടെ പഠനം ഈ രണ്ട് വഴികളെയും പിൻപറ്റിയേ സാധ്യമാകൂ. ഈ അർത്ഥപരിസരത്തിൽ നിന്നുകൊണ്ടാണ് പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതി, നഗരവത്കരണം, വാണിജ്യവത്കരണം വിപണിയ്ക്കകത്തെ പുത്തൻ അധിനിവേശനയങ്ങൾ എന്നിങ്ങനെയുള്ള ലിംഗകേന്ദ്രീകൃതവും പ്രകൃതിവിരുദ്ധവുമായ സമീപനങ്ങളെ തുറന്നെഴുതികൊണ്ട് സുഗതകുമാരി, വിജയലക്ഷ്മി, റോസ്മേരി, ലളിതാലെനിൻ, വി.എം.ഗിരിജ എന്നിവരുടെ കവിതകൾ എത്രമാത്രം അരികുവത്ക്കരിക്കപ്പെടുന്ന സ്ത്രീ, പ്രകൃതി സത്തകളെ ഉൾക്കൊള്ളുന്നു എന്ന് തുടർ അദ്ധ്യായങ്ങളിൽ അന്വേഷിക്കുന്നത്. തിരഞ്ഞെടുത്ത കവിതകളെ മുൻനിർത്തിയാണ് ഈ പഠനം നിർവഹിക്കുന്നത്. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പരിപ്രേക്ഷ്യത്തിലാണ് പഠനം മുന്നോട്ട്പോകുന്നത്.

കുറിപ്പുകൾ

1. പി.വി. സജീവ്, എം.എൻ.വിജയന്റെ *ബൗദ്ധിക ജീവിതങ്ങൾ* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014), പു.51.

2. ഇടശ്ശേരി ഗോവിന്ദൻനായർ, *ഇടശ്ശേരിക്കവിതകൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2007), പു.388-389.

3. സച്ചിദാനന്ദൻ, *മലയാളകവിതാപഠനങ്ങൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2009), പു.137.

4. ടി. അനീഷ്, '*നഗരജീവിയുടെ ആത്മഗീതികൾ*' അയ്യപ്പത്തിന്റെ കവിതകൾ (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2019), പു.284.

5. മാധവൻ അയ്യപ്പത്ത്, 'മണിയറയിൽ', *അയ്യപ്പത്തിന്റെ കവിതകൾ* (വള്ള ത്തോൾ വിദ്യാപീഠം, ശുകപുരം, 2010), പു.81-82.

6. എം.കെ. വത്സൻ, 'പാതാളത്തിന്റെ മുഴക്കം: ഒരു വഴിതുറക്കൽ', *കക്കാടിന്റെ കവിത* (കേരളസാഹിത്യഅക്കാദമി, പൂർണപബ്ലിക്കേഷൻസ്, കോഴിക്കോട്, 1993), പു.56.

7. എൻ.എൻ. കക്കാട്, 'ഇതാ ആശ്രമ മൃഗം, കൊല്ല്, കൊല്ല്', *കക്കാടിന്റെ കവിത കൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011), പു.427.

8. എം.കെ. വത്സലൻ, 'കക്കാടിന്റെ കവി വ്യക്തിത്വം', *കക്കാട്: കവിയും കവിതയും*, സമ്പാ. പോൾ മണലിൽ (നാഷ്ണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1993), പു.55.

9. അയ്യപ്പപ്പണിക്കർ, 'നാടെവിടെ മക്കളേ'? *അയ്യപ്പപ്പണിക്കരുടെ കൃതികൾ* (ഡി.സി.ബുക്സ്, കോട്ടയം, 1982), പു.208.

10. എസ്. രാജശേഖരൻ, *പരിസ്ഥിതി ദർശനം മലയാള കവിതയിൽ* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2010), പു.113.

11. ആനന്ദ് കാവാലം, *മലയാള കവിതയും പരിസ്ഥിതിയും*, (കറന്റ് ബുക്സ്, തൃശ്ശൂർ, 2013), പു.102.

12. വിഷ്ണുനാരായണൻ നമ്പൂതിരി, 'കാടിന്റെ വിളി', *വൈഷ്ണവം* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2012), പു.798.

13. ചെറിയാൻ.കെ. ചെറിയാൻ, 'ഭസ്മാസുരൻ', *ചെറിയാൻ. കെ. ചെറിയാന്റെ തിരഞ്ഞെടുത്ത കവിതകൾ* (പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, 2004), പു.22.

14. ആറ്റൂർ രവിവർമ്മ, 'സംക്രമണം', *ആറ്റൂർകവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2012), പു.43.

15. ടി.പു.43-44.

16. സച്ചിദാനന്ദൻ, 'പാതാളത്തിന്റെ വസന്തം; ഒരു ദേശീയ ജനകീയ കാഴ്ചപ്പാട്', *കടമ്മനിട്ടയിലെ കവി*, എഡി. കെ.എസ്. രവികുമാർ (ഡി.സി.ബുക്സ്, കോട്ടയം,1995), പു.37.

17. കടമ്മനിട്ട രാമകൃഷ്ണൻ, 'കിരാതവൃത്തം', *കടമ്മനിട്ടയുടെ കവിതകൾ* (ഡി. സി.ബുക്സ്, തിരുവനന്തപുരം, 1980), പു.88.

18. സച്ചിദാനന്ദൻ, 'പാതാളത്തിന്റെ വസന്തം: ഒരു ദേശീയ ജനകീയ കാഴ്ചപ്പാട്, കടമ്മനിട്ടയിലെ കവി, എഡി. കെ.എസ്. രവികുമാർ (ഡി.സി.ബുക്സ്, കോട്ടയം 1995), പു.52.

19. സച്ചിദാനന്ദൻ, 'ഏഴിമല', *സച്ചിദാനന്ദന്റെ കവിതകൾ*, (ഡി.സി.ബുക്സ്, കോട്ടയം, 2016), പു.337.

20. സച്ചിദാനന്ദൻ, *മലയാളകവിതാപഠനങ്ങൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2009), പു.118.

21. ഡി. വിനയചന്ദ്രൻ, '(ഉപ)ഗ്രഹപാഠം', *സമസ്തകേരളം പി.ഒ.* (ഡി.സി.ബുക്സ്, കോട്ടയം, 1999), പു.78.

22. ടി.പു.105.

23. സച്ചിദാനന്ദൻ, 'മൃത്യുപൂജയുടെ മുഴക്കങ്ങൾ' *അയ്യപ്പപ്പണിക്കരുടെ ഏഴ് കവിതകൾ: പഠനങ്ങൾ* (ഡി.സി.ബുക്സ്, കോട്ടയം, 1983), പു.65.

24. ടി.പു.65.

25. അയ്യപ്പപ്പണിക്കർ, 'മൃത്യുപൂജ', *അയ്യപ്പപ്പണിക്കരുടെ കൃതികൾ*,1 ഭാ (ഡി.സി. ബുക്സ്, കോട്ടയം, 1974), പു.125.

26. അയ്യപ്പപ്പണിക്കർ, 'ഗോപികാദണ്ഡകം', *അയ്യപ്പപ്പണിക്കരുടെ കൃതികൾ*, 2 ഭാ. (ഡി.സി.ബുക്സ്, കോട്ടയം, 1982), പു.202.

27. ആനന്ദ് കാവാലം, അയ്യപ്പപ്പണിക്കർ, *മലയാള കവിതയും പരിസ്ഥിതിയും* (ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2015), പു.54.

28. അയ്യപ്പപ്പണിക്കർ, 'ഗോപികാദണ്ഡകം', *അയപ്പപ്പണിക്കരുടെ കൃതികൾ*, 2 ഭാ. (ഡി.സി. ബുക്സ്, കോട്ടയം, 1982), പു.201.

29. അയ്യപ്പപ്പണിക്കർ, 'ഉദയാസ്തമനം', *അയ്യപ്പപ്പണിക്കരുടെ കൃതികൾ*, 2 ഭാ. (ഡി.സി. ബുക്സ്, കോട്ടയം, 1982),പു.218.

30. ഒ.എൻ.വി. കുറുപ്പ്, 'ഭൂമിക്ക് ഒരു ചരമഗീതം' *ഒ.എൻ.വി യുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2001), പു.319.

31. അയ്യപ്പപ്പണിക്കർ, 'മരണത്തിനപ്പുറം', *അയ്യപ്പപ്പണിക്കരുടെ കൃതികൾ*, 3 ഭാ. (ഡി.സി. ബുക്സ്, കോട്ടയം, 1989), പു.62.

32. അയ്യപ്പപ്പണിക്കർ, 'ഒരു മരം വെട്ടും നേരം', അയ്യപ്പപ്പണിക്കരുടെ കൃതികൾ, 3 ഭാ. (ഡി.സി. ബുക്സ്, കോട്ടയം, 1989), പു.152.

33. അയ്യപ്പപ്പണിക്കർ, 'മരണത്തിനപ്പുറം', അയ്യപ്പപ്പണിക്കരുടെ കൃതികൾ. 3 ഭാ. (ഡി.സി. ബുക്സ്, കോട്ടയം, 1989), പു.67.

34. എൻ.എൻ. കക്കാട്, 'മാലാകാരൻ', *കക്കാടിന്റെ കൃതികൾ* (കറന്റ് ബുക്സ്, തൃശ്ശൂർ, 2002) പു.27.

35. എൻ.എൻ. കക്കാട്, 'പാതാളത്തിന്റെ മുഴക്കം', *കക്കാടിന്റെ കവിതകൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2002), പു.133.

36. എൻ.എൻ. കക്കാട്, '1963', *കക്കാടിന്റെ കൃതികൾ* (കറന്റ് ബുക്സ്, തൃശ്ശൂർ, 2002), പു.117.

37. ഷീബ.എം.കുര്യൻ, *കീഴാളന്റെ പ്രതിരോധതന്ത്രം* (ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2005), പു.31.

38. ബെറ്റിമോൾ മാത്യു, *കടമ്മനിട്ടയുടെ കവിതകൾ ഒരു സ്ത്രീപക്ഷവായന* (ഡി.സി. ബുക്സ്, കോട്ടയം, 2013), പു.73

39. എൻ.എൻ. കക്കാട്, 'പാതാളത്തിന്റെ മുഴക്കം', *കക്കാടിന്റെ കവിതകൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2002), പു.133.

40. എൻ.എൻ. കക്കാട്, 1963, കക്കാടിന്റെ കൃതികൾ (കറന്റ് ബുക്സ്, തൃശ്ശൂർ, 2002), പു.12.

41. കടമ്മനിട്ട രാമകൃഷ്ണൻ, 'അവസാന ചിത്രം', *കടമ്മനിട്ടയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 1980), പു.118.

42. കടമ്മനിട്ട രാമകൃഷ്ണൻ, 'നഗരത്തിൽ പറഞ്ഞ സുവിശേഷം', കടമ്മനിട്ടയുടെ കവിതകൾ (ഡി.സി.ബുക്സ്, കോട്ടയം, 1980), പു.200.

43. കടമ്മനിട്ട രാമകൃഷ്ണൻ, 'കുഞ്ഞെ മുലപ്പാൽ കുടിക്കരുത്' *കടമ്മനിട്ടയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 1980), പു.206.

44. കടമ്മനിട്ട രാമകൃഷ്ണൻ, 'കുറത്തി', *കടമ്മനിട്ടയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 1980), പു.194.

45. ടി.പു.195.

46. ടി.പു.197.

47. വി.സി.ശ്രീജൻ, 'കുറത്തി: ഒരു അർഥാന്തരന്യാസം', *കിരാതവൃത്തങ്ങളുടെ കവി* (ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1995), പു.72.

48. കടമ്മനിട്ട രാമകൃഷ്ണൻ, 'കിരാതവൃത്തം', *കടമ്മനിട്ടയുടെ കവിതകൾ* (ഡി. സി.ബുക്സ്, കോട്ടയം, 1980), പു.88.

49. ടി.പു.89.

50. കടമ്മനിട്ട രാമകൃഷ്ണൻ, 'കാട്ടാളൻ', *കടമ്മനിട്ടയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 1980), പു.85.

51. ബെറ്റിമോൾ മാത്യു, *കടമ്മനിട്ടയുടെ കവിതകൾ ഒരു സ്ത്രീപക്ഷവായന* (ഡി.സി.ബുക്സ്, കോട്ടയം, 2013), പു.104.

52. ടി.പു.120.

53. ടി.പു.126.

54. കടമ്മനിട്ട രാമകൃഷ്ണൻ, 'പുരുഷസൂക്തം', *കടമ്മനിട്ടയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 1980), പു.109.

55. ടി.പു.111.

56. കടമ്മനിട്ട രാമകൃഷ്ണൻ, 'ശാന്ത', *കടമ്മനിട്ടയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 1980), പു.173.

57. ബെറ്റിമോൾ മാത്യു, *കടമ്മനിട്ടയുടെ കവിതകൾ ഒരു സ്ത്രീപക്ഷവായന* (ഡി.സി.ബുക്സ്, കോട്ടയം, 2013), പു.99.

58. ഷൺമുഖൻ പുലാപ്പറ്റ, *കാലത്തിന്റെ സാക്ഷ്യങ്ങൾ* (സൈൻ ബുക്സ്, തിരുവനന്തപുരം, 2012), പു.167.

59. സച്ചിദാനന്ദൻ, 'പാവകൾ', *സച്ചിദാനന്ദന്റെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2016), പു.439.

60. ടി.പു.439.

61. സച്ചിദാനന്ദൻ, 'രാധയെന്നു വിളിക്കാതിരിക്കൂ', സച്ചിദാനന്ദന്റെ കവിതകൾ (ഡി.സി. ബുക്സ്, കോട്ടയം, 2016), പു.443.

62. ടി.പു.443.

63. സച്ചിദാനന്ദൻ, 'മുഴുവൻ കല്ലാകാത്ത അഹല്യ', *സച്ചിദാനന്ദന്റെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2016), പു.1104-1105.

64. സച്ചിദാനന്ദൻ, 'സാക്ഷ്യങ്ങൾ', *സച്ചിദാനന്ദന്റെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2016), പു.886.

65. സച്ചിദാനന്ദൻ, 'അമ്മ', *സച്ചിദാനന്ദന്റെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2016), പു.325.

66. സച്ചിദാനന്ദൻ, 'നഗരത്തിൽ പുലി', *സച്ചിദാനന്ദന്റെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2016), പു.689.

67. സച്ചിദാനന്ദൻ, 'ധൻബാദിലെ ഖനിത്തൊഴിലാളി', *സച്ചിദാനന്ദന്റെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2016), പു.153.

68. പ്രസന്നരാജൻ, 'പ്രകാശഖഡ്ഗത്തിന്റെ പ്രവചനങ്ങൾ', *സച്ചിദാനന്ദന്റെ ലോകങ്ങൾ* (മാതൃഭൂമി ബുക്സ്, തൃശ്ശൂർ, 2006), പു.98.

69. സച്ചിദാനന്ദൻ, 'കയറ്റം', *സച്ചിദാനന്ദന്റെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം 2016), പു.492.

70. എ.കെ. അബ്ദുൾഹക്കീം, *കവിമതം ആനന്ദാനുഭൂതിയോ ?* (ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2016), പു.127.

71. കെ.ജി. ശങ്കരപ്പിള്ള, 'ചൊൽക്കാഴ്ച', *കെ.ജി. ശങ്കരപ്പിള്ളയുടെ കവിതകൾ*, 2 ഭാ. (ഡി.സി.ബുക്സ്, കോട്ടയം, 1997), പു.157.

72. കെ.എം. നരേന്ദ്രൻ, *കാവ്യകല* (സെഡ് ലൈബ്രറി, തിരുവനന്തപുരം, 2012), പു.37.

73. കെ.ജി. ശങ്കരപ്പിള്ള, 'അഗ്നിശമനം', *കെ.ജി. ശങ്കരപ്പിള്ളയുടെ കവിതകൾ*, 2 ഭാ. (ഡി.സി.ബുക്സ്, കോട്ടയം, 1997), പു.65.

74. കെ.ജി. ശങ്കരപ്പിള്ള, 'നാറാണത്തുപറവ', *കെ.ജി. ശങ്കരപ്പിള്ളയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2007), പു.212-213.

75. കെ.ജി. ശങ്കരപ്പിള്ള, 'ആധുനികതയും കാളയും ഒരു സംവാദം', *കെ.ജി.ശങ്കരപ്പിള്ളയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2007), പു.31.

76. കെ.ജി. ശങ്കരപ്പിള്ള, 'കൊച്ചിയിലെ വൃക്ഷങ്ങൾ', *കെ.ജി. ശങ്കരപ്പിള്ളയുടെ കവിതകൾ*, 2 ഭാ. (ഡി.സി.ബുക്സ്, കോട്ടയം, 1997), പു.75.

77. കെ.ജി. ശങ്കരപ്പിള്ള, 'തിരസ്കാരം', *കെ.ജി.എസ്സിന്റെ കവിതകൾ* 2 ഭാ. (ഡി.സി.ബുക്സ്, കോട്ടയം, 1997), പു.111.

78. പി. സോമൻ, *ആധുനികതയുടെ സൗന്ദര്യ രാഷ്ട്രീയം* (ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2006), പു.22.

79. രാജൻ കൈലാസ്, 'ഒന്നാം പാഠം', *അകം കാഴ്ചകൾ* (സോളിഡാരിറ്റി പബ്ലിക്കേഷൻസ്, കോഴിക്കോട്, 1997), പു.17-18.

80. ഒ.വി. ഉഷ, 'അവലംബം', *അഗ്നിമിത്രന്നൊരു കുറിപ്പ്* (പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, 2003), പു.61.

81. കെ.ആർ. ടോണി, *അന്ധകാണ്ഡം* (ഡി.സി.ബുക്സ്, കോട്ടയം, 2003) പു.61.

82. എം.ബി. മനോജ്, 'തീർച്ചയായും ദൈവം ഉടലുകളെ വിഭജിച്ചു', *കാണുന്നീലോരക്ഷരവും* (ഡി.സി.ബുക്സ്, കോട്ടയം, 2007), പു.53.

83. ടി.പി. രാജീവൻ, 'പ്രകൃതി പാഠങ്ങൾ', *രാഷ്ട്രതന്ത്രം*, (ഹരിതം ബുക്സ്, കോഴിക്കോട്, 2001), പു.67.

84. മോഹനകൃഷ്ണൻ കാലടി, 'ഫയർ', *കാലടിക്കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2013), പു.153.

85. പി.പി. രാമചന്ദ്രൻ, 'കോളനി', *പി.പി. രാമചന്ദ്രന്റെ കവിതകൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2015), പു.79.

86. പി.പി. രാമചന്ദ്രൻ, 'മാമ്പഴക്കാലം', *പി.പി. രാമചന്ദ്രന്റെ കവിതകൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2015), പു.92.

87. പി.പി. രാമചന്ദ്രൻ, 'പട്ടാമ്പിപ്പുഴമണലിൽ', *പി.പി. രാമചന്ദ്രന്റെ കവിതകൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2015), പു.142.

88. രാഘവൻ അത്തോളി, 'കണ്ടത്തി', *കണ്ടത്തി* (കറന്റ് ബുക്സ്, കോട്ടയം, 1996), പു.9.

89. എസ്. ജോസഫ്, 'പെങ്ങളുടെ ബൈബിൾ', *മീൻകാരൻ* (ഡി.സി.ബുക്സ്, കോട്ടയം, 2003), പു.20.

90. എസ്. ജോസഫ്, 'ഭയം എന്ന പെൺകുട്ടി', *ഉപ്പന്റെ കുവൽ വരയ്ക്കുന്നു* (ഡി.സി. ബുക്സ്, കോട്ടയം, 2009), പു.68.

91. എസ്. ജോസഫ്, 'കൊട്ട', *മീൻകാരൻ* (ഡി.സി. ബുക്സ്, കോട്ടയം, 2003), പു.12.

92. എസ്. ജോസഫ്, 'വെള്ളം', *ഐഡന്റിറ്റി കാർഡ്* (ഡി.സി. ബുക്സ്, കോട്ടയം, 2005), പു.24.

93. എസ്. ജോസഫ്, 'പുഴ', *ഉപ്പന്റെ കുവൽ വരയ്ക്കുന്നു* (ഡി.സി. ബുക്സ്, കോട്ടയം, 2009), പു.43.

94. സാവിത്രി രാജീവൻ, 'പ്രതിഷ്ഠ', ചരിവ് - *സാവിത്രി രാജീവന്റെ കവിതകൾ* (പക്ഷിക്കൂട്ടം ബുക്സ്, തിരുവനന്തപുരം, 1993), പു.69.

95. സാവിത്രി രാജീവൻ, 'ദേഹാന്തരം', *ദേഹാന്തരം* (മൾബറി പബ്ലിഷേഴ്സ്, കോഴിക്കോട്, 2000), പു.20.

96. സാവിത്രി രാജീവൻ, 'വീട്', *അമ്മയെ കുളിപ്പിക്കുമ്പോൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2014), പു.48.

97. സി.എസ്. സൗമ്യ, 'പെൺവിനിമയങ്ങളിലെ അധികാരരൂപങ്ങൾ', *എതിരെഴുത്തുകൾ*, എഡി. മുഹമ്മദ് ബഷീർ കെ.കെ. (മലയാളവിഭാഗം, കെ.കെ.ടി.എം. ഗവ.കോളേജ്, പുല്ലൂറ്റ്, 2016), പു.115-120.

98. സാവിത്രി രാജീവൻ, 'നിഷ്പത്തി', *ദേഹാന്തരം* (മൾബറി പബ്ലിഷേഴ്സ്, കോഴിക്കോട്, 2000) പു.61.

99. വീരാൻകുട്ടി, 'ലേഡീസ്ഫിങ്ഗർ', *വീരാൻകുട്ടിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2013), പു.43.

100. വീരാൻകുട്ടി, 'പുകയില്ലാത്ത അടുപ്പുകളുടെ ഉപമ', *വീരാൻകുട്ടിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2013), പു.55.

101. വീരാൻകുട്ടി, 'വധു', *വീരാൻകുട്ടിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2013), പു.280.

102. വീരാൻകുട്ടി, 'വാട്ടർ അതോറിറ്റി', *വീരാൻകുട്ടിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2013), പു.37-38.

103. വീരാൻകുട്ടി, 'ഇക്കോടൂറിസം', *വീരാൻകുട്ടിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2013), പു.52.

അദ്ധ്യായം 4

പാരിസ്ഥിതിക സ്ത്രീവാദവും സുഗതകുമാരിക്കവിതകളും

ഒരേ ഉടലോടെയും മനസ്സോടെയുമാണ് സുഗതകുമാരി കവിതകളിൽ സ്ത്രീയും പ്രകൃതിയും കടന്നുവരുന്നത്. സ്ത്രീക്ക് പ്രകൃതിയിൽ നിന്നും തിരിച്ചും ഭിന്നമായ ഒര സ്ഥിത്വം സുഗതകുമാരി കവിതകളിൽ കാണാൻ കഴിയില്ല. പ്രേമവും വിരഹവും വേദന കളും ഒരേ മാത്രകളിലാണ് രണ്ടു സ്വത്വങ്ങളിലും പ്രതിഫലിക്കുന്നത്. പ്രണയഭാവവും രൗദ്രഭാവവും പ്രകൃതിയിലെന്നപ്പോലെ സ്ത്രീയിലും സുഗതകുമാരിയുടെ കവിതകളിൽ പ്രകടമാണ്. രണ്ടിന്റെയും സ്ഥായിയായഭാവം വിഷാദവും പ്രണയവുമാണ്. സ്ത്രീയും പ്രകൃതിയും കീഴടക്കപ്പെടുന്ന സാമൂഹിക സന്ദർഭങ്ങളാണ് ഏറിയ കൂറും കവിതക്ക് വിഷയമാകുന്നത്. അതുകൊണ്ട് തന്നെ കുടുംബങ്ങളിലും തൊഴിലിടങ്ങളിലും ചൂഷണ ത്തിന് വിധേയപ്പെടുന്ന സ്ത്രീകളെയാണ് ഈ കവിതകളിൽ അധികവും കാണുവാൻ കഴിയുക. ആത്യന്തികമായി സ്ത്രീസമൂഹത്തിനകത്തെ അരക്ഷിതാവസ്ഥകളെ സുഗത കുമാരി, പ്രകൃതിയുടെ നേർക്ക് മനുഷ്യസമൂഹം തുടരുന്ന ചൂഷണങ്ങളുമായി താദാത്മ്യപ്പെടുത്തികൊണ്ടാണ് അവതരിപ്പിക്കുന്നത്. ഈ സമീപനത്തിനകത്തെ സ്ത്രീ, പ്രകൃതിപക്ഷങ്ങളെ പാരിസ്ഥിതിക സ്ത്രീവാദത്തെ മുൻനിർത്തി താഴെ വിശകലനം ചെയ്യുന്നു.

4.1 പാരിസ്ഥിതിക സ്ത്രീവാദം – സുഗതകുമാരി

സുഗതകുമാരി കവിതകളിലെ സ്ത്രീയുടെയും പ്രകൃതിയുടെയും ജീവിത വിഷയങ്ങളിലെ യോഗാത്മകതയ്ക്ക് നിദർശനമായി സ്വീകരിക്കാവുന്ന കവിതയാണ് 'രാത്രിമഴ'. 'രാത്രിമഴ' എന്ന കവിത ഖിന്നയായ ഒരു സ്ത്രീയുടെ ആത്മഭാവത്തിന്റെ ആവിഷ്കാരമാണ്. 'രാത്രിമഴ' ഒരു ഭ്രാന്തിയായ സ്ത്രീയായാണ് കവിതയിൽ കടന്നുവരുന്നത്. ഇവിടെ ഭ്രാന്ത് ശാരീരികമായും മാനസികമായും വേട്ടയാടപ്പെട്ട ഒരു സ്ത്രീസമൂഹത്തിന്റെ മാനസികതലത്തെയാണ് ഉൾക്കൊള്ളുന്നത്. രാത്രിമഴയെന്ന രൂപകം പ്രതിനിധാനം ചെയ്യുന്നത് നീണ്ടമുടിയിട്ടുലച്ചും പിറുപിറുത്തും

കടന്നുപോകുന്ന യുവതിയായ ഭ്രാന്തി എന്ന ജീവിത യാഥാർത്ഥ്യത്തെയാണ്. സ്ത്രീ സമൂഹത്തിന്റെ മാനസികതലത്തെ ഇത്തരത്തിൽ ഭ്രാന്തമായ അവസ്ഥയിലേക്ക് തള്ളിയിടുന്ന സാമൂഹ്യസാഹചര്യം അധികാരവുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. ആണധികാരത്തിന്റെ ബലപ്രയോഗങ്ങൾക്ക് കീഴിലാണ് പലപ്പോഴും സ്ത്രീ ഭ്രാന്തിയായി മാറുന്നത്. സ്ത്രീയെ ശരീരകേന്ദ്രിതമായി മാത്രം നോക്കിക്കാണുന്ന സാമൂഹ്യപരിസരത്തിലാണ് സ്ത്രീ പലപ്പോഴും അധികാരത്തിന്റെ പ്രത്യയശാസ്ത്രരൂപങ്ങൾക്ക് കീഴിൽ രാഷ്ട്രീയപരമായും സാമൂഹ്യപരമായും ശാരീരികപരമായും കീഴടക്കപ്പെടുന്നത്. സമൂഹത്തിനകത്ത് പ്രവർത്തിക്കുന്ന ഈ പ്രതിലോമപരത പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതിയുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്.

"പിതൃദായക്രമത്തിൽ നിലനിൽക്കുന്ന സാമൂഹികവ്യവസ്ഥിതി മനുഷ്യന്റെ മനോഭാവങ്ങളെയും വിശ്വാസങ്ങളെയും രൂപപ്പെടുത്തുകയും അതിന്റെയടിസ്ഥാനത്തിൽ സമൂഹത്തിലുള്ള സ്ത്രീയുടെയും പുരുഷന്റെയും റോളുകൾ എന്താണെന്നും അവർ തമ്മിൽ പരസ്പരം ഉണ്ടാകേണ്ട ബന്ധങ്ങൾ ഏത് തരത്തിലായിരിക്കണം എന്നും നിശ്ചയിക്കുകയും ചെയ്യുന്നുണ്ട്. അതുവഴി സ്ത്രീക്കെതിരെയുള്ള എല്ലാ തരത്തിലുള്ള അതിക്രമങ്ങളെയും ആത്യന്തികമായി നിർണയിക്കുന്ന തരത്തിൽ സംസ്കാരം പ്രവർത്തിക്കുന്നതിനെ ഈ ചിന്താധാര കണ്ടെടുക്കുന്നു."[1]

കവിതയിലെ 'യുവതിയാം ഭ്രാന്തി' എന്ന പ്രയോഗം സ്വാംശീകരിക്കുന്നത് ആൺകോയ്മയുടെ ഈ സാമൂഹ്യസാഹചര്യങ്ങളെയാണ്.

"രാത്രിമഴ, ചുമ്മാതെ
കേണും ചിരിച്ചും
വിതുമ്പിയും നിർത്താതെ
പിറുപിറുത്തും നീണ്ട
മുടിയിട്ടുലച്ചും
കുനിഞ്ഞിരിക്കുന്നോരു
യുവതിയാം ഭ്രാന്തിയെപ്പോലെ."[2]

ആണധികാരത്തിന്റെ ബലപ്രയോഗങ്ങൾക്ക് കീഴടങ്ങി ഇരയുടെ സ്ഥാനത്തേക്ക് നീക്കി നിർത്തപ്പെടുന്ന, പേര് നഷ്ടപ്പെടുന്ന ഒരു കൂട്ടം സ്ത്രീകളുടെ

പ്രതീകമാണ് ഇവിടെ യുവതിയായ ഭ്രാന്തി. എന്തുകൊണ്ട് സ്ത്രീശരീരം കാലങ്ങളായി ഇത്തരത്തിൽ കീഴടക്കലുകൾക്ക് വിധേയപ്പെടുന്നു എന്നുള്ള ചോദ്യം സ്വാഭാവികമായും ചെന്നെത്തുന്നത് ലിംഗകേന്ദ്രീകൃത സാമൂഹികജീവിതപരിസരത്തിലാണ്. ആൺകോയ്മ സമൂഹത്തിന്റെ ബോധം മണ്ണിനെയും പെണ്ണിനെയും കീഴടക്കാനുള്ളതാണ് എന്നതാണ്. നമ്മുടെ നാടോടിവഴക്കങ്ങളും ആചാരാനുഷ്ഠാനങ്ങളും സ്ത്രീയെ രൂപപ്പെടുത്തിയെടുക്കുന്നത് ആൺകേന്ദ്രിതസമൂഹത്തിന്റെ അധികാരത്തെ നിലനിർത്തുന്ന നിർവചനങ്ങൾക്കുള്ളിലാണ്. രാത്രിയെ ഈ കവിതയിൽ സ്ത്രീ ജീവിതത്തിനെ കീഴായ്മയിൽ ഒതുക്കി നിർത്തുന്ന ആൺകോയ്മയുടെ പ്രതീകമായി സ്വീകരിക്കാവുന്നതാണ്. അതോടൊപ്പം തന്നെ ഈ കവിതയെ കാല്പനികതയുടെ ഭൂമികയിൽ നിന്ന് യാഥാർത്ഥ്യത്തിന്റെ ജീവിതപരിസരത്തിലേക്കുള്ള സുഗതകുമാരി കവിതയുടെ പരിണാമമായി കൂടി സ്വീകരിക്കാവുന്നതാണ്. അതുകൊണ്ടാണ് പ്രേമസാന്നിധ്യമായിരുന്ന മഴ എഴുപതുകളിൽ ഭ്രാന്തിയുടെ രൂപത്തിൽ കവിതയിൽ കടന്നുവരുന്നത്. എഴുപതുകളോടെ മലയാളകവിതയിൽ അരിക്വത്കരിക്കപ്പെടുന്ന ജനവർഗത്തിനുവേണ്ടി ബോധപൂർവമായ ഒരു ചിന്താധാര രൂപപ്പെടുന്നതിന്റെ ഫലം കൂടിയാണിത്. പക്ഷെ കവയിത്രി ഈ കവിതയിൽ 'രാത്രിമഴ'യുമായി ഐക്യപ്പെട്ട് ആൺകേന്ദ്രിത സമൂഹത്തിന്റെ ചലനങ്ങൾക്കനുസരിച്ച് കടന്നുപോകുകയാണ് ചെയ്യുന്നത്. പ്രതിബോധത്തിന്റെ സൂക്ഷ്മസ്ഥാനങ്ങൾ കവിതയിലെവിടെയും അവശേഷിപ്പിക്കുന്നില്ല.

മനസ്സിനെ ആർദ്രമാക്കുന്ന ഒരു കവിത എന്നതിനപ്പുറം ആൺകോയ്മ സമൂഹത്തിൽനിന്ന് സ്ത്രീയുടെയും പ്രകൃതിയുടെയും വിമോചനത്തെ സാധ്യമാക്കുന്ന ചിന്തകൾ കവിതയിൽനിന്ന് കണ്ടെടുക്കാൻ കഴിയുന്നില്ല. കവയിത്രിയുടെ ഭാഷയിൽ കൊടുംകേടു ബാധിച്ച മനസ്സ് മുഖ്യധാരസമൂഹത്തിനനുസൃതമായി മുന്നോട്ട് പോകുന്നു. രോഗബാധിതമായ സാമൂഹികമനസ്സ് സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ട് വിമലീകരിക്കപ്പെടുമ്പോഴേ കവിത പാരിസ്ഥിതിക സ്ത്രീവാദപ്രത്യയശാസ്ത്രത്തെ ഉൾക്കൊള്ളുന്നു എന്ന് പറയാൻ കഴിയൂ. ഈ കവിതയിലെ അന്തർധാര മുറിവേറ്റ സ്ത്രീയും പ്രകൃതിയുമായുള്ള യോഗമാണ്. ഈ യോഗത്തിനകത്തും പ്രേമതുല്യമായ ഒരു മനസ്സ് കവയിത്രി ബാക്കിവെക്കുന്നുണ്ട്. ആത്യന്തികമായി ഈ സരളഹൃദയത്തിന്റെ ഉന്മീലനമാണ് രോഗശയ്യയിൽ ഒരു ദുഃഖസാക്ഷിയായി രാത്രിമഴയെ നിലനിർത്തുന്നത്.

"രാത്രിമഴ, പണ്ടെന്റെ
സൗഭാഗ്യ രാത്രികളി-
ലെന്നെച്ചിരിപ്പിച്ച,
കുളിർ കോരിയണിയിച്ച,
വെണ്ണിലാവെക്കാൾ
പ്രിയം തന്നുറക്കിയോ
രന്നത്തെയെൻ പ്രേമസാക്ഷി
രാത്രിമഴ-ഇന്നെന്റെ
രോഗോഷ്ണശയ്യയിൽ,
വിനിദ്രയാമങ്ങളി-
ലിരുട്ടിൽ തനിച്ചു കര-
യാനും മറന്നു ഞാ-
നുഴലവേ ശിലപോലെ-
യുറയവേ, എൻ ദുഃഖസാക്ഷി."[3]

കവിതയുടെ അവസാനഘട്ടത്തിൽ ഉള്ളിലെ വിഷാദത്തെ മറച്ചുകൊണ്ട് പുലരിയെത്തുമ്പോൾ ചിരിച്ചുകൊണ്ട് എതിരേൽക്കുന്ന രാത്രിമഴയുമായി കവയിത്രി ഐക്യപ്പെടുന്നതോടെ കവിത ഉന്നിദ്രമായ ആത്മവേദനകളിലേയ്ക്കുള്ള തിരിഞ്ഞു നോട്ടം മാത്രമായി അവശേഷിക്കുന്നു. അതോടൊപ്പം യാഥാസ്ഥിതികവും ലിംഗ കേന്ദ്രീകൃതവുമായ സാമൂഹ്യവ്യവസ്ഥിതി പെൺമനസ്സിൽ ഏൽപ്പിക്കുന്ന സംഘർഷാവസ്ഥകളെയും പ്രതിലോമപരമായ മാനസികതലവും പൂർവസ്ഥിതിയിൽ തന്നെ തുടരുന്നു.

"രാത്രിമഴയോടു ഞാൻ
പറയട്ടെ, നിന്റെ
ശോകാർദ്രമാം സംഗീത-
മറിയുന്നു ഞാൻ; നിന്റെ-
യലിവും അമർത്തുന്ന
രോഷവും, ഇരുട്ടത്തു

വരവും, തന്നിച്ചുള്ള
തേങ്ങിക്കരച്ചിലും
പുലരിയെത്തുമ്പോൾ
മുഖം തുടച്ചുള്ള നിൻ-
ചിരിയും തിടുക്കവും
നാട്യവും ഞാനറിയും;
അറിയുന്നതെന്തുകൊ-
ണ്ടെന്നോ? സഖീ, ഞാനു-
മിതുപോലെ
രാത്രി മഴപോലെ"[4]

സ്ത്രീ, പ്രകൃതി താദാത്മ്യത്തെ ഈ വരികളിൽ ആരോപിച്ചുകൊണ്ട് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയപരിസരത്തിലേക്ക് സുഗതകുമാരി കവിതയെ ചേർത്ത് നിർത്തുന്ന പഠനങ്ങൾ നമുക്ക് പരിചിതങ്ങളാണ്. പക്ഷേ സൂക്ഷ്മമായ നിരീക്ഷണത്തിൽ ഇവിടെ സ്ത്രീയെയും പ്രകൃതിയെയും ഏകീകരിക്കുന്ന ഘടകം ആൺകോയ്മ സമൂഹം സ്ത്രീക്കും പ്രകൃതിക്കും കല്പിക്കുന്ന വിധേയത്വവും 'സർവം സഹ' എന്ന അവസ്ഥയുമാണ്. അതുകൊണ്ടാണ് ഉള്ളിൽ കരഞ്ഞുകൊണ്ട് സ്ത്രീക്ക് സമൂഹത്തിന് മുൻപിൽ അഭിനയതുല്യമായ ജീവിതം നയിക്കേണ്ടിവരുന്നത്. 'എരുമ' എന്ന കവിതയിൽ രാത്രിക്ക് തുല്യമായി എരുമ പൂണ്ട് കിടക്കുന്ന 'ചെളി'യാണ് സാമൂഹ്യജീവിതത്തിലെ നിമ്നോന്നതങ്ങളെ സൂചിപ്പിക്കുന്നത്. എരുമ സ്ത്രൈണ ചേതനയെയാണ് പ്രതീകവത്കരിക്കുന്നത്. എരുമ തന്റെ ജീവിതപരിസരത്തോട് സമരസപ്പെട്ട് കഴിയുന്നതുപോലെ പെൺമനസും തന്റെ ദുഃഖങ്ങളോടും സമരസപ്പെട്ട് കഴിയുന്നതായാണ് കവിതയിൽ ആവിഷ്കരിക്കുന്നത്. എങ്കിലും ഒരൊറ്റ വെള്ളത്താമരയുടെ പൗർണമിയെക്കുറിച്ചുള്ള കാല്പനികാനുഭവം കവയിത്രിയുടെ കവിതയിൽ ബാക്കിവെക്കുന്നുണ്ട്. പക്ഷെ നിത്യപരിചിതമായ ജീവിതലോകത്തോട് സമരസപ്പെട്ട് എരുമയെപ്പോലെ ചളിയിൽ ജീവിതം തുടരാനാണ് സ്ത്രീസമൂഹത്തിന്റെ വിധി എന്നും കവിത സൂചിപ്പിക്കുന്നു.

"നിനക്കീദുഖവും
പരിചയത്തിനാൽ
സുഖമായ്, ശീലമായ്
കഴിഞ്ഞല്ലീ ? കഷ്ടം,
മനസ്സേ, നീയുമീ
യെരുമയെപ്പോലെ!
കറവ വറ്റിയ
പണിയൊന്നില്ലാത്ത
ചെളിയിൽ മുങ്ങുമീ-
യെരുമയെപ്പോലെ!"[5]

'കറവ വറ്റിയ' എന്ന പ്രയോഗം മാധുര്യമാർന്ന ഒരു ജീവിതഘട്ടത്തിന്റെ അവസാനത്തെ കൂടി ബോധ്യപ്പെടുത്തുന്നു. മാധുര്യമൊടുങ്ങിയ ഒരു സ്ത്രീജീവിതത്തിലെ ചെറിയ ചെറിയ ആഗ്രഹത്തെയാണ് 'കുപ്പിവള' എന്ന കവിത അനാവരണം ചെയ്യുന്നത്. ചെറുപ്പത്തിൽ കുടുംബത്തിലെ ദാരിദ്ര്യം കുപ്പിവള വാങ്ങാൻ കഥയിലെ നായികയ്ക്ക് അവസരം നല്കിയില്ല. പിന്നീട് വളർന്നപ്പോൾ പ്രായം കടന്നുപോയെന്ന് പറഞ്ഞ് അവളുടെ ആഗ്രഹത്തിന്റെ എതിർസ്ഥാനത്താണ് ഭർത്താവും സമൂഹവും നിൽക്കുന്നത്. ഒടുവിൽ ജീവിതത്തിൽ അണിയാൻ കഴിയാതെപോയ കുപ്പിവളകൾ അവളുടെ ഉള്ളിൽ വേദനയായി മാത്രം നിലനിൽക്കുന്നു.[6]

ജീവിച്ച് തീർന്ന കാലങ്ങളോടുള്ള പെൺ ജീവിതങ്ങളുടെ അതൃപ്തിയാണ് 'കുപ്പിവള', 'എരുമ', 'തിരയെണ്ണൽ' എന്നീ കവിതകളിൽ തെളിയുന്നത്. 'തിരയെണ്ണൽ' എന്ന കവിതയിൽ കടലിന് സമാനമാണ് പെൺമനസ്സ്. തിരകളടങ്ങാത്ത ഒരു കടലായി വാക്കിന്റെ രൂപത്തിൽ കവിത സ്ത്രൈണ ചേതനയെ ഉൾവഹിക്കുന്നു. കറുത്തും വെളുത്തും വിളറിയും ഒന്നിന് പിറകെയൊന്നായി അലയടിക്കുന്ന തിരകളെ സ്ത്രീസമൂഹത്തിന്റെ ഗാർഹികമായ ജീവിതപശ്ചാത്തലവുമായി ബന്ധിപ്പിക്കാവുന്നതാണ്. കവയിത്രിയുടെ അഭിപ്രായത്തിൽ ഒന്നിന് പിറകെ ഒന്നായി കുടുംബം ഏൽപ്പിക്കുന്ന തിരക്കുകളിൽ മനസ് കീഴ്പ്പെട്ട് കാലം തള്ളിനീക്കുന്ന ഒരു സ്ത്രീയുടെ ജീവിതാന്ത്യത്തിൽ തിരിഞ്ഞുനോക്കുമ്പോൾ അവൾക്ക് നിരാശപൂർണമായ ഒരു

ജീവിതമാണ് കാണാൻ കഴിയുന്നത്. ഇങ്ങനെ നിത്യജീവിതവൃത്തികളിൽ മുഴുകി പഴകിയ ഒരു പെൺശരീരത്തെയും മനസ്സിനെയുമാണ് ഈ കവിത ആവിഷ്കരിക്കുന്നത്.

"കറുത്തു പൊന്നായി
വിളർത്തു പൊങ്ങുമീ
മനസ്സിൻ ജൃംഭണ
നമനങ്ങൾ മുന്നിൽ
അനന്തമാം മണൽ-
പ്പരപ്പിൽ, ചോന്നൊരീ
ദിനാന്ത്യത്തിൽ, വേറെ
പണിയൊന്നില്ലാതെ
തിരയെണ്ണിക്കൊണ്ടു
വെറുതെ നില്ക്കുന്നെൻ
പഴകിപ്പോയൊരി
മുഷിഞ്ഞ ജീവിതം!"[7]

സുഗതകുമാരികവിതയുടെ ഒരു സവിശേഷത തന്റെ കാവ്യപ്രമേയവുമായുള്ള ഈ സാത്മീകരണമാണ്. കവിതയ്ക്കകത്തെ നിസ്വരായ ജനതയുമായുള്ള കൂടിച്ചേരലാണ് സുഗതകുമാരി കവിതയെ സഹജാവബോധത്തിന്റെ ഇടം കൂടിയായി നിലനിർത്തുന്നത്. മുറിവേൽക്കുന്ന മനുഷ്യസമൂഹവും ഇതര ജീവസമൂഹങ്ങളും ഈ കാവ്യസപര്യയുടെ ഭാഗമാണ്. അവരിൽ ഒരാളായി തന്നെ കണ്ടെടുക്കുകയാണ് സുഗതകുമാരി പലപ്പോഴും ചെയ്യുന്നത്. ആത്യന്തികമായി സ്ത്രൈണതയുടെ വ്യത്യസ്തമായ ഭാവതലങ്ങളോട് കൂടിയ വിന്യാസമാണ് സുഗതകുമാരി കവിത. പ്രകൃതിയെ സ്ത്രൈണതയോട് ഇടകലർത്തിക്കൊണ്ടുള്ള കവിതയിലെ ഇടപെടലുകളാണ് സുഗതകുമാരി കവിതയുടെ രാഷ്ട്രീയത്തെ രൂപപ്പെടുത്തുന്നത്. സ്ത്രൈണത കാല്പനികവും അഭംഗുരവുമായ പ്രണയസങ്കല്പത്തിന് കീഴ്പ്പെടുന്ന സന്ദർഭങ്ങളുണ്ടെങ്കിലും ജീവിതയാഥാർത്ഥ്യത്തെ, പെണ്ണനുഭവങ്ങളിലെ സമകാലികതയെ തന്റെ കവിതയിൽ നിരത്തിവെക്കുകയാണ് സുഗതകുമാരി ചെയ്യുന്നത്. സ്ത്രീയുടെ

ദുരനുഭവങ്ങളിൽനിന്ന് ഒരു മടക്കം എവിടേക്കും സാധ്യമാകാതിരിക്കുന്ന സാമൂഹിക സാഹചര്യത്തെ 'നരകം' എന്ന തലക്കെട്ടിന് കീഴിലാണ് കവയിത്രി അവതരിപ്പിക്കുന്നത്. സ്വന്തം സ്വത്വത്തെ നഷ്ടപ്പെടുത്തി, അധികാരത്തിന് കീഴ്പ്പെട്ട് ജീവിതത്തെ തള്ളിനീക്കുന്ന ഒരു പറ്റം സ്ത്രീകൾ നമുക്കിടയിലുണ്ടെന്ന് ഈ കവിത ഓർമപ്പെടുത്തുന്നു. അവർക്കിടയിലാണ് കവയിത്രി ഇടം നേടുന്നത്. രാത്രിമഴയോടും, എരുമയോടും താദാത്മ്യം പ്രാപിക്കുന്ന കവിമനസ്സാണ് ഇവിടെയും സക്രിയമാകുന്നത്. ഇത്തരത്തിൽ സ്ത്രീ ജീവിതത്തെ പ്രശ്നവത്കരിക്കുമ്പോഴും എതിർപ്പുകൾക്കകത്തെ വിപ്ലവാവേശത്തെക്കാൾ സുഗതകുമാരികവിതകളിൽ നിറയുന്നത് സ്ത്രീസഹജമായ നിസ്സഹായതയും വിധേയത്വവുമാണ്.[8]

"അങ്ങനെ വന്നൂ ഞാനും,
നിങ്ങൾ പറഞ്ഞറിയുന്നൊരു
നരകത്തിൽ; മിഴി മങ്ങിയ
വിളറിയ വികലാത്മാക്കൾ
നിരന്നേ നില്ക്കുമിടത്തിങ്കൽ
ഇവിടെയെനിക്കു
മിടം കിട്ടീ, കാലിടറി
ക്കണ്ണുകൾ താഴ്ത്തി,
വിദൂരത്തൊരു താരകയു-
മുദിക്കാത്തവരുടെ
ചിരിയൊടു മിഴിക-
ളുയർത്താത്തവരുടെ
യഴലിൻ കണ്ണീർ
പൊടിയാത്തവരുടെ
നിരയിലെനിക്കുമിടം കിട്ടി!"[9]

സമൂഹത്തിലെ ദുരിതമനുഭവിക്കുന്നവരുടെ ഇടയിലേയ്ക്ക് അവരിൽ ഒരാളായി ഇങ്ങനെ ഇറങ്ങിചെല്ലുന്നു എന്നുള്ളതാണ് സുഗതകുമാരിയുടെ കവിതകളെ എക്കാലത്തും ജനപ്രിയമാക്കുന്നത്. 'ഇവൾക്കു മാത്രമായ്' എന്ന കവിതയിൽ സുഗത

കുമാരി ശബ്ദം നഷ്ടപ്പെടുന്ന സ്ത്രീസമൂഹത്തിന് വേണ്ടിയാണ് പാടുന്നത്. സ്ത്രീ ഈ കവിതയിൽ സഹനശീലയായ ഭൂമിയാണ്. ഉള്ളിൽ തീക്കനൽ പേറുന്ന ഭൂമിയോടാണ് ഉള്ളുരുകി ജീവിതത്തെ തള്ളി നീക്കുന്ന സ്ത്രീയെ കവയിത്രി സാദൃശ്യപ്പെടുത്തുന്നത്.

"ചവിട്ടാൻ, നിങ്ങൾക്കു ചിലപ്പോൾ പൂജിക്കാൻ,
പരക്കെപ്പുച്ഛിക്കാൻ, പരിത്യജിക്കുവാൻ,
തുണയ്ക്കു കൈകോർത്തു നടക്കാൻ, മക്കളെ
പിടയ്ക്കും നെഞ്ഞത്തു കിടത്തിപ്പോറ്റുവാൻ
ഇവൾക്കുമാത്രമായൊരു ജന്മം; നെറ്റി
ത്തടത്തിലുണ്ടിവൾക്കൊരിറ്റു കുങ്കുമം,
വിളർത്ത ചുണ്ടത്തു നിലാച്ചിരി, ഹൃത്തിൻ
വിളക്കു മാടത്തിലൊരു കെടാത്തിരി"[10]

ഈ കവിതയ്ക്കകത്തെ 'കടലോളം കണ്ണീർ കുടിച്ചവൾ' എന്ന പ്രയോഗം ആഗോളതലത്തിൽ പെണ്ണനുഭവങ്ങൾക്ക് മീതെ നിലനില്ക്കുന്ന ലിംഗകേന്ദ്രീകൃത മായ അധികാരപ്രയോഗങ്ങളെ ഓർമ്മപ്പെടുത്തുന്നുണ്ട്. ഭരണഘടനാപരമായി തുല്യത അവകാശപ്പെടുമ്പോഴും സാമൂഹികമായും ഗാർഹികതലത്തിലും തുടരുന്ന അസമത്വങ്ങളാണ് ഒരുകടലോളം കണ്ണീർ അവൾക്ക് നൽകുന്നത്. ഈ വ്യവസ്ഥിതി യ്ക്കകത്ത് സ്ത്രീ ഒരേ സമയം പൂജിക്കപ്പെടുകയും കീഴടക്കപ്പെടുകയും ചെയ്യുന്നു. സമൂഹം എക്കാലത്തും പുരുഷലോകത്തിന് സ്വതന്ത്രമായ ഒരു ലോകത്തെ വാഗ്ദാനം ചെയ്യുന്നുണ്ട്. സ്ത്രീയുടെ ലോകം പലപ്പോഴും ഗൃഹമായി പരിമിതപ്പെടുത്തുന്നു. ഒരു സ്ത്രീയുടെ ജനനം മുതൽ മരണംവരെ അവൾ ആൺകോയ്മയ്ക്ക് കീഴിലാണ് ജീവിതത്തെ തുടരുന്നത്. ആൺകോയ്മ സ്ത്രീക്ക് വിധേയത്വം കല്പിക്കുമ്പോൾ പുരുഷന് വിധേയപ്പെടുത്താനുള്ള അധികാരവും നല്കുന്നു. ഈ സാമൂഹ്യ സാഹചര്യത്തിലാണ് സ്ത്രീ ഒരേസമയം പൂജ്യയും നിന്ദ്യയും ആയിത്തീരുന്നത്. ആത്യന്തികമായി സ്ത്രീ സംരക്ഷിക്കപ്പെടേണ്ടവളാണെന്ന പൊതുബോധമാണ് സമൂഹത്തിനകത്ത് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ സ്ത്രീയുടെ ലോകം ഗൃഹവുമായി ബന്ധപ്പെട്ടാണ് നിലനില്ക്കുന്നത്. കുടുംബമാണ് അവളുടെ ആശ്രയവും

അഭയസ്ഥാനവും. ഏത് വേദനയിലും മനസ്സിൽ ഒരു കെടാത്തിരി അവൾ കുടുംബത്തിന്റെ നിലനില്പിനായി സൂക്ഷിക്കുന്നു എന്നാണ് ഈ കവിത പറഞ്ഞുവെക്കുന്നത്. എന്നിരുന്നാലും സ്ത്രീയുടെ ജീവിതം സുരക്ഷിതമല്ല എന്ന സത്യത്തിലേക്കാണ് 'ഭാരതസ്ത്രീകൾ താൻ ഭാവശുദ്ധി' എന്ന കവിത വിരൽ ചൂണ്ടുന്നത്. വള്ളത്തോൾ പാടിപുകഴ്ത്തിയ പുരാണകഥാസന്ദർഭത്തെ സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ട് പുനർനിർമിക്കുകയാണ് ഈ കവിതയിൽ ചെയ്യുന്നത്. ഹുമയുൺ ചക്രവർത്തി, തന്റെ അന്തപുരത്തിലേയ്ക്ക് സേവകൻ അതിക്രമിച്ച് പിടിച്ചുകൊണ്ടുവന്ന ഭർത്യമതിയായ ഒരു യുവതിക്ക് അർഹിക്കുന്ന മാന്യത നൽകി ഒരച്ഛൻ മകളെ എന്നവണ്ണം തിരിച്ചയക്കുന്നതാണ് കഥാസന്ദർഭം. എന്നാൽ ഈ ഭർത്യമതിക്ക് പിന്നീട് എന്തു സംഭവിച്ചിട്ടുണ്ടാകുമെന്ന് സുഗതകുമാരി കൂട്ടിച്ചേർക്കുന്നത് ഇപ്രകാരമാണ്.

"സ്വർണ്ണാഭരണക്കിലുക്കമോടെ, ചോന്ന
കണ്ണുമായേറെത്തടിച്ച കയ്യാൽ
തെക്കോട്ടു ചൂണ്ടിശ്ശപിക്കുന്നിതാ തന്റെ
ഭർത്യമാതാവ്, "നീ ചത്തു പോട്ടെ!"
ആരും കരയുന്നതില്ല, യന്തഃപുര
നാരിമാർ ബന്ധുക്കൾ സോദരിമാർ
ഓരോ മുഖത്തും വെറുപ്പിൻ കറുപ്പ്, കാൺ
മീലൊരു തെല്ലും കരുണയെങ്ങും;
"അർദ്ധരാത്രിക്കു തനിച്ചിവൾ സുൽത്താന്റെ
കൊട്ടാരക്കെട്ടിൽ കഴിഞ്ഞശേഷം
ഏറെ വിലപ്പെട്ട സമ്മാനവും വാങ്ങി
നേരം വെളുക്കെ വന്നെത്തിടുന്നു.
"ഭ്രഷ്ടയായ് നീ ഭ്രഷ്ട!"[11]

വിദ്യാഭ്യാസംകൊണ്ടും തൊഴിൽകൊണ്ടും ഉന്നത ജീവിതനിലവാരത്തിലേയ്ക്കുയരുമ്പോഴും ഓരോ കുടുംബവും ഈ കാലഘട്ടത്തിലും കാത്തുസൂക്ഷിക്കുന്നത് ആൺകോയ്മയുടെ പ്രത്യയശാസ്ത്രമാണെന്നാണ് ഈ കവിത അടിവരയിടുന്നത്. ഈ പ്രത്യയശാസ്ത്രത്തിന് കീഴിലാണ് സ്ത്രീക്ക് വിവാഹശേഷം പാതിവ്രത്യവും

വിവാഹത്തിന് മുൻപ് കന്യകാത്വവും നിർബന്ധമായും തുടരേണ്ടിവരുന്നത്. ശരീരകേന്ദ്രിതമായ ഈ സാമൂഹ്യവീക്ഷണത്തിൽനിന്ന് സ്ത്രീ തെറ്റുകാരിയല്ലെങ്കിലും മോചിക്കപ്പെടുന്നില്ല. പുരുഷന് ലഭിക്കുന്ന ലൈംഗികസ്വാതന്ത്ര്യം പലപ്പോഴും സ്ത്രീക്ക് നിഷേധിക്കപ്പെടുന്നു. കുടുംബത്തിന്റെ കെട്ടുറപ്പിന്റെ ഭാഗമായി കുട്ടികൾക്ക് വേണ്ടി ഈ നിലപാടിനെ ന്യായീകരിച്ചാലും ലിംഗകേന്ദ്രീകൃതമായ അതിക്രമങ്ങൾക്ക് കുടുംബത്തിലും സാമൂഹികപരിസരങ്ങളിലും ഇരയാക്കപ്പെടുന്നവർ പലപ്പോഴും അന്യായപരമായി സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് ആട്ടിയകറ്റപ്പെടുന്നുണ്ട്. പുരുഷൻ കൂടി ഭാഗഭാക്കാവുന്ന വിവാഹേതര ലൈംഗികബന്ധങ്ങളിൽ സ്ത്രീമാത്രമാണ് പലപ്പോഴും ഇരയായി മാറുന്നത്. പുരുഷൻ അപ്പോഴും കുടുംബത്തിന്റെ ഭാഗമായി നിലനിർത്തപ്പെടുന്നു. ഈ സാമൂഹികസ്വഭാവം കൊണ്ടാണ് പതിവ്രതയാണെങ്കിലും കഥാസന്ദർഭത്തിലെ ഭർതൃമതി തിരിച്ച് ചെല്ലുമ്പോൾ വീട്ടിൽനിന്ന് ആട്ടിയകറ്റപ്പെടുന്നത്. എന്നാൽ ഈ സംഭവം ഒരു പുരാണകഥാസന്ദർഭമായി മാത്രം ഒതുങ്ങുന്നതല്ല, തുടർച്ചയാണ് എന്ന് കവയിത്രി ചൂണ്ടികാണിക്കുന്നിടത്താണ് കവിതയുടെ സമകാലിക പ്രസക്തി വ്യക്തമാകുന്നത്.

"ഇന്നു മിതുണ്ടാവുമെന്നറിയുന്നു ഞാൻ
ഇന്നത്തെയിന്ത്യയിൽ, ഈ ദിനത്തിൽ..."[12]

കവിതയിലെ 'പിഴച്ചുപോയോൾ' എന്ന പ്രയോഗം നമ്മെ ഏറെ ചിന്തിപ്പിക്കുന്നതാണ്. ആശ്രയം നഷ്ടപ്പെട്ട കഥാനായികയെ പിന്നീട് സ്വീകരിക്കുന്നത് പ്രകൃതിയാണ്. ഈ കഥാനായികയ്ക്ക് ഒരുയിർത്തെഴുന്നേൽപ്പ് ഇതുവഴി കവയിത്രി അനുവദിക്കുന്നില്ല. തന്റെ ജീവിതപരിസരത്തിൽനിന്ന് തിരിച്ച് പോവാനിടമില്ലാതെ അവൾക്ക് വിടവാങ്ങേണ്ടിവരുന്നു.

"അമ്പിളിമാഞ്ഞു പരന്നൂ വെയിലൊളി
അൻപാർന്ന തന്റെ മടിത്തടത്തിൽ
വന്നുറങ്ങിക്കൊൾക പൈതലേ യെന്നാവൂ
മമ്മ യമുന കരം വിടർത്തീ."[13]

ഇത്തരത്തിൽ പുരുഷാധിപത്യപരമായ അധികാര വിനിമയങ്ങൾക്കകത്തെ പെണ്ണവസ്ഥകളെ തുറന്നെഴുതികൊണ്ടാണ് സുഗതകുമാരി കവിതകൾ മുന്നോട്ടു

പോയിട്ടുള്ളത്. 'പെൺകുഞ്ഞ് 90' എന്ന കവിത ഒരു പെൺകുഞ്ഞ് കടന്നുപോകുന്ന വ്യത്യസ്ത ജീവിത സന്ദർഭങ്ങളെയാണ് അനാവരണം ചെയ്യുന്നത്. ഒരമ്മ തന്റെ കുഞ്ഞിനെ തെരുവിൽ ഉപേക്ഷിക്കുന്നതാണ് കാവ്യസന്ദർഭം. ഈ പരിത്യാഗത്തെ ഒരു തുടർച്ചയായിട്ടാണ് കവിതയിൽ അവതരിപ്പിക്കുന്നത്. കഥയിലെ അമ്മയും ഇതുപോലെ പരിത്യജിക്കപ്പെട്ട സാഹചര്യങ്ങളിൽനിന്ന് വളർന്ന് വന്നവളാണ്, ഉപേക്ഷിക്കപ്പെട്ട വളാണ്.

"അമ്മയാം ഞാനുമിമ്മട്ടിൽ
പെണ്ണായ് വന്നു പിറന്നുപോയ്
എന്നെയും പാവമെന്നമ്മ
യന്നു കൊല്ലാനറച്ചുപോയ്" [14]

എന്തുകൊണ്ട് പെൺകുഞ്ഞുങ്ങൾ ഇവ്വിധം തെരുവിൽ ഉപേക്ഷിക്കപ്പെടുന്നു എന്ന് ചിന്തിക്കുന്നിടത്താണ് ഈ കവിതയുടെ സാമൂഹ്യപ്രസക്തി. കൊല്ലാൻ മനസ്സ് വരാത്തതുകൊണ്ടാണ് അമ്മക്ക് കുഞ്ഞിനെ ഉപേക്ഷിക്കേണ്ടിവരുന്നത്. യഥാർത്ഥത്തിൽ പെൺകുഞ്ഞുങ്ങൾ കൊല ചെയ്യപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്ന രാഷ്ട്രീയ സാഹചര്യം ആൺകേന്ദ്രിതമായ സാമൂഹ്യനിർമിതിയുടെ ഭാഗമാണ്. സ്ത്രീയുടെ ജീവിതത്തിൽ പിൻതുടരേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത നല്കുന്ന വിവാഹസമ്പ്രദായങ്ങളും ആചാരാനുഷ്ഠാനങ്ങളുമാണ് അവരെ ഇല്ലാതാക്കാൻ ദരിദ്രകുടുംബങ്ങൾ ഉൾപ്പെടെയുള്ള സമൂഹത്തെ പ്രേരിപ്പിക്കുന്നത്. പിതൃകേന്ദ്രീകൃത സാമൂഹ്യവ്യവസ്ഥയ്ക്ക് കീഴിലാണ് സ്ത്രീ വിവാഹസമ്പ്രദായത്തിൽ കൊടുക്കൽ വാങ്ങലുകൾക്ക് വിധേയയായി വസ്തുവത്കരിക്കപ്പെടുന്നത്. സമൂഹത്തിലെ സ്ത്രീധ നസമ്പ്രദായത്തിന്റെ വളർച്ച ലിംഗകേന്ദ്രീകൃത സാമൂഹികപരിണാമത്തിന്റെ വളർച്ച കൂടിയാണ്.

"പിതാവിനാൽ (സഹോദരനുമാകാം) കൊടുക്കപ്പെടുകയും ഭർത്താവിനാൽ വാങ്ങപ്പെടുകയും ചെയ്യുന്ന കന്യകയ്ക്ക് വിവാഹവിഷയത്തിൽ കർതൃത്വമില്ല. ഭംഗി യായി അലങ്കരിച്ചു സൂക്ഷിക്കേണ്ട ഒരു വസ്തുമാത്രമാണു സ്ത്രീ!"[15]

സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥകൾ സ്ത്രീയെ ഏറെക്കാലം ഈ വിവാഹകമ്പോളത്തിൽ വില്പന വസ്തുവാക്കി നിലനിർത്തുന്നു.

പൂർണമായും ഈ വിവാഹക്കമ്പോളത്തിനനുസൃതമായിട്ടാണ് സ്ത്രീയുടെ ജീവിതം ചിട്ടപ്പെടുത്തിയെടുക്കുന്നത്. ലിംഗകേന്ദ്രിത സാമൂഹ്യവ്യവസ്ഥയാണ് ഇതിന്റെ അടിസ്ഥാനം. പത്തൊമ്പതാം നൂറ്റാണ്ടിൽ കൈവശമുള്ള ഭൂമിയ്ക്ക് മേലുള്ള അധികാരമാണ് ആൺകോയ്മയെ ശക്തിപ്പെടുത്തിയത്. ഇരുപതാംനൂറ്റാണ്ടിൽ ദാമ്പത്യക്രമത്തിൽ പിൻതുടർന്ന പാതിവ്രത്യവും ലിംഗകേന്ദ്രീകൃതമായ സാമ്പത്തിക ഘടനയുമാണ് പിതൃകേന്ദ്രീകൃത അധികാരത്തെ, ആൺകോയ്മയെ ദൃഢപ്പെടുത്തിയത്. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽമേഖല, ഭൂവുടമസ്ഥത എന്നിങ്ങനെ വ്യത്യസ്ത തട്ടുകളിൽ സ്ത്രീസമൂഹം നേടിയ പുരോഗമനത്തിന്റെ ഗുണപരമായ ഫലങ്ങൾ ലിംഗകേന്ദ്രീകൃതമായ കുടുംബവ്യവസ്ഥിതിയിലാണ് ചെന്ന് ചേർന്നത്. ഫലത്തിൽ പുരുഷാധികാരത്തിന് കീഴിൽ സ്ത്രീയുടെ ജീവിതം വിധേയത്വത്തോടെ തുടർന്നു.[16]

ഓരോ കുടുംബത്തിന്റേയും സാമ്പത്തികനിലവാരം സ്ത്രീകളുടെ ജീവിതത്തെ വിവാഹത്തിന് ശേഷവും മുൻപും തികച്ചും ക്ലേശപൂർണമാക്കുന്നു.സ്ത്രീധനവും കുടുംബത്തിലെ താഴ്ന്ന സാമ്പത്തികസ്ഥിതിയും യുവതികളെ വിവാഹക്കച്ചവടത്തിന്റെ പേരിൽ അന്യനാടുകളിൽ ശരീരം വിറ്റ് ജീവിക്കേണ്ട അവസ്ഥകളിലേക്ക് വരെ തള്ളി വിടുന്നുണ്ട്. വിദ്യാസമ്പന്നമായ നമ്മുടെ നാട്ടിൽ നിന്ന് തന്നെ നിരവധി ഉദാഹരണങ്ങൾ കണ്ടെടുക്കാവുന്നതാണ്. സുഗതകുമാരിയുടെ 'ജെസ്സി' എന്ന കവിത ഇത്തരത്തിൽ താഴ്ന്ന കുടുംബത്തിൽ ജനിച്ച് പിന്നീട് കാബറയിൽ ശരീരത്തെ പ്രദർശിപ്പിച്ചുകൊണ്ട് ജീവിക്കുകയും ഒടുവിൽ വാർദ്ധക്യത്തിൽ ജോലിതേടി മറുനാടുകളിലേയ്ക്ക് യാത്ര ചെയ്യേണ്ടിവന്ന ഒരു സ്ത്രീയുടെ ജീവിതകഥയാണ് പറയുന്നത്. പ്രായാധിക്യത്താൽ കാബറയിൽ നിന്ന് പുറത്താക്കപ്പെട്ട് ഗൾഫിൽ ജോലി തേടി പോകുന്ന സ്ത്രീയാണ് ഈ കവിതയിലെ ജെസ്സി.[17]

ആയിരം ജെസ്സിമാരുള്ള നാട്ടിലാണ് നാം ജീവിക്കുന്നതെന്ന് ഈ കവിത ഓർമപ്പെടുത്തുന്നു. സ്ത്രീധനത്തിന്റെ പേരിൽ, വിദ്യാഭ്യാസത്തിന്റെ പേരിൽ, തൊഴിലിന്റെ പേരിൽ തുടങ്ങി മാനവികതയ്ക്കകത്ത് പുരുഷന് തുല്യമായി ഒരിടം സ്ത്രീക്ക് നല്കാൻ മുഖ്യധാരാസമൂഹം എക്കാലത്തും വിമുഖത കാട്ടിയിട്ടുണ്ട്. അതുകൊണ്ടാണ് പെൺകുഞ്ഞ് 90 എന്ന കവിതയിൽ സുഗതകുമാരിക്ക് ഇങ്ങനെ പറയേണ്ടിവരുന്നത്.

"ഇവൾക്കായ് സ്ത്രീധനം നൽകാൻ
ലക്ഷങ്ങൾ കരുതുന്ന താ-
രിവൾതൻ മേനി പൊന്നിട്ടു
മൂടി നൽകാനുമാരുവാൻ?
ഇവളെ'പ്പോര പൊന്നെ'ന്നു
തീത്തെലത്തിലെരിക്കുമോ?
ഇവളെ യൗവനം പോയെ
ന്നപ്പൊഴേ മൊഴി ചൊല്ലുമോ?"[18]

സ്ത്രീകൾ ക്രൂരമായി ഗാർഹികപീഡനത്തിനിരയാകുന്ന സാഹചര്യങ്ങളെയും ഈ കവിത മറച്ച് വെയ്ക്കുന്നില്ല. മദ്യപാനിയായ ഭർത്താവിന്റെ, കുടുംബത്തിലെ ഇതര അംഗങ്ങളുടെ, തൊഴിലിടങ്ങളിലെ, പൊതുസമൂഹത്തിനകത്തെ തുടങ്ങി നിരവധിപേരുടെ ശാരീരികവും മാനസികവുമായ പീഡനങ്ങളിലൂടെയാണ് കേരളീയ സ്ത്രീസമൂഹം ഇന്നും മുന്നോട്ടുപോകുന്നത്. അതുകൊണ്ടാണ് പെണ്ണിന്റെ ഉടയോൻ ദുഃഖമാണെന്ന് കവയിത്രി തുറന്നെഴുതുന്നത്. കവിതയിൽ ഒരു തുറന്നുപറച്ചിൽ മാത്ര മായാണ് അസമത്വപൂർണമായ ഈ സാമൂഹ്യസാഹചര്യങ്ങൾ കടന്നുവരുന്നത്.

"ഇവൾ പിച്ചച്ചട്ടിയേന്തി
യിരന്നു പശിയാറ്റുമോ
ഇവൾ പെണ്ണല്ലയോ? പെണ്ണി
ന്നുടയോൻ ദുഃഖമല്ലയോ?"[19]

ഇവൾ പെണ്ണല്ലയോ? എന്ന പ്രയോഗം കാലങ്ങളായി സാമൂഹിക രാഷ്ട്രീയ ഗാർഹിക തലങ്ങളിൽ സ്ത്രീസമൂഹം അനുഭവിക്കുന്ന അവഗണനകളോട് സമരസപ്പെടുന്ന സ്ത്രീസമൂഹത്തിന്റെ മനോഭാവത്തിലേയ്ക്കാണ് ചെന്നെത്തുന്നത്. ഇത് സ്ത്രീസമൂഹത്തിന്റെ വിധിയാണെന്ന് കവിത ഓർമ്മപ്പെടുത്തുന്നു. ഈ വിധിയിൽനിന്ന് മോചനത്തിനായ് ഒരു പെൺകരുത്തിനെ കവിതയിൽ വാർത്തെടു ക്കുന്നില്ല. തനിക്ക് ചുറ്റുമുള്ള ലിംഗകേന്ദ്രീകൃതവ്യവസ്ഥിതിയോട് കീഴ്പ്പെട്ട് തന്റെ കുഞ്ഞിനെ ഉപേക്ഷിച്ച് മടങ്ങുകയാണ് ഈ അമ്മ ചെയ്യുന്നത്.

"ഇരുട്ടു വാർന്നു പോകാറായ്,
പോട്ടെ നിൽക്കുക വയ്യിനി
ഒരിക്കൽക്കൂടിയീക്കുഞ്ഞു
നെറ്റിമേലുമ്മ വെയ്ക്കുക,
തിരിഞ്ഞ് നോക്കിടാൻ പാടി
ല്ലോടിപ്പോവുക, പോവുക
കരഞ്ഞ്കൂട വായ്പൊത്തി
ച്ചെവിപൊത്തിപ്പിടിക്കുക"[20]

പെണ്ണിന്റെ ശവം നഗരത്തിന്റെ കാനയിൽ ചീർത്തുപൊങ്ങുകയും, സ്ത്രീശരീരം വിലപേശി വില്ക്കപ്പെടുകയും ചെയ്യുന്ന നഗരപരിസരത്തിലാണ് അമ്മ തന്റെ പെൺകുഞ്ഞിനെ ഉപേക്ഷിച്ച് മടങ്ങുന്നത്. എന്നാൽ കവയിത്രി അമ്മയുടെ ഈ പ്രവർത്തിയെ നീതികരിക്കുന്നത് സ്വപ്നതുല്യമായ ഒരു ഭാവികാലത്തെ എഴുതി ചേർത്തുകൊണ്ടാണ്.

"ഇവൾക്കു മക്കളായ് ശക്തി
നാളങ്ങൾ പിറകേ വരും
ഇവൾ തൻ ചുമലിൽ ചാഞ്ഞി
ഭൂമിയൊന്നാശ്വസിച്ചിടും."[21]

ഈ ഭാവികാലത്തിലെ സ്വപ്നസങ്കല്പത്തോടൊപ്പം കവയിത്രി സാമ്പത്തിക മായ സ്ഥിരതയാണ് സ്ത്രീസമൂഹത്തിന് സാമൂഹികമായ സ്വാതന്ത്ര്യത്തിലേയ്ക്കുള്ള വഴിയെന്ന് പറഞ്ഞുവെക്കുന്നു. ഈ നൂതനവഴിക്ക് ശക്തിനൽകുന്നത് അവളെ സീതയായി കൂടി ചിത്രീകരിച്ചുകൊണ്ടാണ്. സീത എക്കാലത്തും പൗരാണിക പുരുഷവീക്ഷണത്തിലെ സ്ത്രീമാതൃകയാണ്. ഈ സീതക്കുട്ടിക്ക് ജനകൻ വരും എന്നെഴുതിക്കൊണ്ട് സീതയ്ക്ക് ഒരു രക്ഷാസ്ഥാനത്തെ കവയിത്രി കരുതിവെക്കുന്നു. പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതിയുടെ തണലിലാണ് കവയിത്രി ഈ പെൺകുഞ്ഞിന് തന്റെ സ്വപ്നത്തിലേയ്ക്ക് എത്തിച്ചേരാനുള്ള വഴി നല്കുന്നത്. പുത്തൻ തൊഴിലിടങ്ങളിലാണ് ഈ പെൺകുഞ്ഞിന്റെ ഭാവി കണ്ടെത്തുന്നത്.

"സ്വപ്നം കാണട്ടെ, ഞാനിനി
വെളിച്ചം വിടരും, സീത
ക്കുട്ടിക്കും ജനകൻ വരും!
അക്കൈത്തണലിലായ് ദീപ്ത
ശുദ്ധിയായിവൾ നീർന്നിടും
അഗ്നി പൊള്ളില്ല കാടേറി-
ല്ലിവളീ ഭൂമിതൻ മകൾ.
വേല ചെയ്തു പുലർന്നോളായ്
പുലർത്തുന്നവളായ്, സ്വയം
ജീവിതം പൊൻകൊടിക്കൂറ
പോലുയർത്തിപ്പിടിച്ചിടും!"[22]

ഇവിടെ ദീപ്ത ശുദ്ധിയായവൾ എന്ന പ്രയോഗം സ്ത്രീസമൂഹത്തിന്റെ മൂല്യത്തെ ശരീരകേന്ദ്രിതമായി മാത്രം നിലനിർത്തുന്ന പിതൃകേന്ദ്രീകൃതസമൂഹത്തിന്റെ പാതിവ്രത്യബോധത്തെയാണ് സൂചിപ്പിക്കുന്നത്. അഗ്നിയാൽ അവൾക്ക് പൊള്ള ലേൽക്കാത്തത് അവൾ ശരീരശുദ്ധിയോടെ വ്രതനിഷ്ഠയോടെ പുരുഷന് കീഴ്പ്പെട്ട് ജീവിതത്തെ പുലർത്തുന്നതുകൊണ്ടാണ്. ഫലത്തിൽ കവിതയിലെ അമ്മ സവർണ കേന്ദ്രിതവും ലിംഗകേന്ദ്രിതവുമായ സമൂഹത്തിനകത്തെ സ്ത്രീ മാതൃകയെത്തന്നെ യാണ് പിൻതുടരുന്നത്. പാതിവ്രത്യവും വിവാഹസമ്പ്രദായവും നിലനിൽക്കുന്ന ലോക ക്രമത്തിനാണ് അമ്മ ഊന്നൽ നല്കുന്നത്. ലിംഗകേന്ദ്രിതമായ സാമൂഹ്യനിർമിതിയ്ക്ക കത്തെ വിശ്വാസപ്രമേയങ്ങളെയാണ് കവിത മുറുകെ പിടിക്കുന്നതെന്ന് ഇതിൽനിന്ന് വ്യക്തമാണ്. കൂടാതെ പുത്തൻ തൊഴിലിടങ്ങളിലാണ് കവയിത്രി സ്ത്രീയുടെ ഭാവി കണ്ടെത്തുന്നത്.

പുതിയ തൊഴിലിടങ്ങളിൽ സ്ഥാനപ്പെട്ടതുകൊണ്ടുമാത്രം സ്ത്രീക്ക് സാമൂഹി കമായ സ്വാതന്ത്ര്യം ലഭ്യമാകണമെന്നില്ല. തൊഴിലിടങ്ങൾ, കല, സാഹിത്യം ഇവയെന്നും സ്ത്രീസമൂഹത്തിന് മുന്നിൽ ഉണ്ടായിരുന്നു. സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സാമൂഹികമോചനം ലിംഗേതരമായി സാധ്യമാകും എന്ന് പറയാൻ കഴിയില്ല. മാറ്റം ഉണ്ടാകേണ്ടത് ലിംഗകേന്ദ്രീകൃത കുടുംബങ്ങളിൽ നിന്നാണ്. സാമൂഹ്യനിർമിതികൾക്കു ള്ളിലെ സ്ത്രീയെ മുൻനിർത്തിയുള്ള പുരുഷകേന്ദ്രിത വീക്ഷണങ്ങളെയാണ്

സ്ത്രൈണപക്ഷത്ത് നിന്ന് അഴിച്ച് പണിയേണ്ടത്. ആൺകോയ്മവ്യവസ്ഥയിൽനിന്ന് സ്ത്രീയും പുരുഷനും ഒരുപോലെ മോചിതരാകുമ്പോഴെ ഇത് സാധ്യമാവൂ. പാരിസ്ഥിതിക സ്ത്രീവാദം മുന്നോട്ട്വെക്കുന്ന രാഷ്ട്രീയം ഇതാണ്. അങ്ങനെയുള്ള സമത്വപൂർണമായ ഒരു സമൂഹത്തിലെ ഭൂമിക്ക് ഉർവരതയിലൂടെ തുടരാൻ കഴിയൂ. 'ഇവൾതൻ ചുമലിൽ ചാഞ്ഞീ ഭൂമിയൊന്നാശ്വസിച്ചിടും' എന്ന പ്രയോഗം നിലവിലുള്ള ലിംഗകേന്ദ്രീകൃത അധികാരത്തിന്റെ വിന്യാസങ്ങൾക്ക് ബദൽ മാർഗമായി കാണാൻ കഴിയില്ല. സ്ത്രൈണതയെ ശക്തിപ്പെടുത്തിക്കൊണ്ടുള്ള വിപ്ലവാഹ്വാനമായി മാത്രമേ ഈ വരികളെ പരിഗണിക്കാൻ കഴിയുകയുള്ളൂ. ഈ വിപ്ലവവീര്യത്തെ കവിതയുടെ അവസാനംവരെ നിലനിർത്തുന്നില്ല. തികഞ്ഞ ഭീരുവായി പുലരുംമുൻപ് തന്റെ കുഞ്ഞിനെ ചന്തക്കുനയിൽ ഉപേക്ഷിച്ച് ഓടിപ്പോവുകയാണ് കവിതയിലെ അമ്മ ചെയ്യുന്നത്. എന്നിട്ട് സാമൂഹ്യവ്യവസ്ഥിതിയോടുള്ള പെണ്മയുടെ ഈ വിധേയത്വത്തെ മാതൃത്വംകൊണ്ട് നീതീകരിക്കാനുള്ള ശ്രമമാണ് കവിത നടത്തുന്നത്.

"മുറിഞ്ഞ മാറിൽ നിന്നിറ്റും
ചോര വീഴാതെ പോവുക
തിരിഞ്ഞു നോക്കിടാൻ പാടി
ല്ലോടിപ്പോവുക...പോവുക."[23]

ഈ കുഞ്ഞിനെ തന്നോട് ചേർത്ത് നിർത്തി ഭൂമിക്കുവേണ്ടി സ്ത്രീസമൂഹത്തിന് വേണ്ടി ശക്തിപ്പെടുത്തി വളർത്തികൊണ്ടുവന്ന് ഇവളുടെ ചുമലിൽ ഈ ഭൂമി അല്പം ആശ്വസിക്കും എന്നെഴുതിയിരുന്നെങ്കിൽ കവിത സ്ത്രൈണപക്ഷത്ത് നിന്ന് കൊണ്ട് സാമൂഹ്യവിമോചനത്തിലേയ്ക്ക് നയിക്കുന്ന ഒന്നായി പരിഗണിക്കാമായിരുന്നു. പക്ഷെ സ്ത്രീസമൂഹത്തിന്റെ കാലങ്ങളായുള്ള ദുരവസ്ഥകളെ ഒന്നൊഴിയാതെ നിരത്തി തന്റെ അമ്മ പിൻതുടർന്ന വഴിതന്നെയാണ് കവിതയിലെ അമ്മയും പിൻതുടരുന്നത്. സാമ്പ്രദായികമായ ആൺകോയ്മയുടെ ഇടങ്ങളെ ബഹിഷ്കരിക്കാൻ ഈ അമ്മയ്ക്ക് കരുത്ത് പോര. 'പിശാചവീഥി' എന്ന കവിത സ്ത്രീസമൂഹത്തിന്റെ ഈ കീഴായ്മ 'വീട്' എന്ന സ്ഥാപനവുമായി എത്രമാത്രം ബന്ധപ്പെടുന്നു എന്നതിന്റെ അന്വേഷണമാണ്. വീട് സ്ത്രൈണമായ അനുഭവവും സ്മൃതിയുമായാണ് കവിതയിൽ വെളിപ്പെടുന്നത്. വീട് എന്ന അനുഭവലോകത്തെ സദാകൊണ്ടു നടക്കുന്നവരാണ്

സ്ത്രീസമൂഹം. പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥയ്ക്ക് കീഴിലാണ് സ്ത്രീസമൂഹം വീടുമായി കണ്ണിചേർക്കപ്പെടുന്നത്. വീടും സ്ത്രീയുമായുള്ള ബന്ധത്തെ കവയിത്രി ചിത്രീകരിക്കുന്നതിപ്രകാരമാണ്.

"വീട്, താരാട്ടും മുലപ്പാലുമുള്ളത്
വീട്, വാത്സല്യം വിളക്കും തെളിവത്
വീട്, ഉറങ്ങാതെ ഉൽക്കണ്ഠയിരിപ്പത്
വീട്, മണവും പ്രണയവുമുള്ളത്
വീട്, വിളിച്ചു ചുംബിച്ചുണർത്തുന്നത്
വീട്, തളർന്നു പുണർന്നുറങ്ങുന്നത്
വീട്, പടിയിൽ നക്ഷത്രമിരിപ്പത്
വീട്, മടിയിൽ കിടാവും നിലാവത്തു
പാടും മനസ്സും അടുക്കളച്ചോറിന്റെ
ചൂടും, വിടർന്ന പ്രിയാമുഖവും തെക്കു
വാടാവിളക്കിൻ നിറവിലായമ്മയും
ഉമ്മറത്തുണിൽ കതിർക്കുലയും തെളി
ഞ്ഞെന്നെ നോക്കുന്ന മിഴികളുമുള്ളത്." [24]

ഒരമ്മ മനസ്സിന്റെ മാതൃത്വവും ജീവിതത്തെ കുടുംബത്തെ പുലർത്താനുള്ള ഒരു സ്ത്രീയുടെ ഉത്ക്കടമായ അഭിലാഷവുമാണ് ഈ വരികളിൽ പ്രകടമാകുന്നത്. സ്ത്രീ സമൂഹം കുടുംബവുമായി, വീടുമായി ഇത്തരത്തിൽ ബന്ധിക്കപ്പെടുന്നത് പീതൃ കേന്ദ്രീകൃത അധികാരവ്യവസ്ഥിതിയുടെ രൂപീകരണത്തോടെയാണ്. ഉത്പാദന വ്യവസ്ഥിതി ലിംഗകേന്ദ്രീകൃതമായി പരിണമിക്കുന്നതോടെയാണ് ആഗോളതലത്തിൽ പിതൃകേന്ദ്രികൃത അധികാരവ്യവസ്ഥ ദൃഢപ്പെടുന്നത്. സ്ത്രീയുടെ ലോകം ഈ വ്യവസ്ഥയ്ക്ക് കീഴിലാണ് വിധേയസ്വത്വത്തിലേക്ക് തരം താഴുന്നത്. 'കുടുംബം' എന്ന പദം സാമൂഹികമായി അടിമത്തം എന്ന അർത്ഥത്തെ കൂടി ഉൾവഹിക്കുന്നുണ്ട്. ഉത്പാദനവ്യവസ്ഥയിലെ മേൽക്കോയ്മയാണ് ഈ അടിമത്തത്തെ നിലനിർത്തി പോന്നത്.[25]

മാതൃദായക്രമത്തിൽ സ്ത്രീസമൂഹത്തിനുണ്ടായിരുന്ന മേൽക്കോയ്മ ആചാരാനുഷ്ഠാനങ്ങളിൽ മാത്രം നിലനിർത്തിക്കൊണ്ട് സ്ത്രീയെ തനിക്ക്

കീഴ്പ്പെടുത്താൻ പുരുഷലോകത്തിന് കഴിഞ്ഞു. യഥാർത്ഥത്തിൽ മാതൃദായക്രമത്തിൽനിന്ന് അഹംബോധത്തിന്റെ ഉണ്മയിലേയ്ക്ക് പുരുഷലോകം വ്യതിചലിച്ചതിന്റെ രൂപാന്തരണമാണ് പിതൃമേധാവിത്വവ്യവസ്ഥ. പിതൃമേധാവിത്വവ്യവസ്ഥയിൽ പുരുഷസമൂഹം തങ്ങളുടെ മേൽക്കോയ്മയെ സ്ഥിരപ്പെടുത്തുന്ന ഒരു സാമൂഹ്യജ്ഞാനമണ്ഡലത്തെ സ്വയം മെനെഞ്ഞെടുത്തു. അതിന്റെ അധിപതിയായി സ്വയം മാറുകയും ചെയ്തു. സ്ത്രീയുടെ കർമമേഖല പ്രസവവും പരിപാലനവും ഗൃഹപരിചരണവുമായി ഒതുങ്ങി. ആചാരാനുഷ്ഠാനങ്ങളിലൂടെ ഇത്തരമൊരു സാമൂഹ്യക്രമത്തെ പുരുഷലോകം കാലക്രമേണ ദൃഢപ്പെടുത്തിയെടുത്തു. നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും സ്ത്രീക്ക് ആൺകോയ്മ നിലനിർത്തുന്ന ഈ കുടുംബവ്യവസ്ഥിതിയിൽ തന്റേതായ ഒരിടം കണ്ടെത്താൻ കഴിയുന്നില്ല. അതുകൊണ്ടാണ് അവളുടെ എഴുത്തുമുറി അടുക്കളയും ചുറ്റുവട്ടവുമായി ഇന്നും മാറുന്നത്. ആധുനിക കുടുംബസങ്കല്പത്തിനകത്തും, കുടുംബത്തിനകത്തെ ലിംഗകേന്ദ്രീകൃതസ്വഭാവം മാറ്റമില്ലാതെ തുടരുന്നു. ഈ കാരണം കൊണ്ടാണ് കവയിത്രിക്ക് വീടിനെ ഒരേസമയം സുരക്ഷിതസ്ഥാനമായും അധികാരസ്ഥാനമായും എഴുതേണ്ടിവരുന്നത്.

"വീടുറങ്ങുന്നു പ്രശാന്തമായ്, രാത്രിയാൽ
മൂടി, മുഖംമൂടി, വീടിന്റെ പൈശാച
വീഥിയിൽകൂടിയിഴഞ്ഞു മൂളിക്കൊണ്ടു
പേടിയോടും ഞാൻ പ്രദക്ഷിണം വെയ്ക്കയാം
വീടുവീടെന്നു ജപിച്ചു നിഴലുപോൽ
മോഹം പൊറാഞ്ഞു പ്രദക്ഷിണം വെയ്ക്കയാം
ദാഹം കെടാഞ്ഞു പ്രദക്ഷിണം വെയ്ക്കയാം
നൂറുവട്ടം ഹാ! പ്രദക്ഷിണം വെയ്ക്കയാം"[26]

വീടിനെ വലംവെക്കുന്ന സ്ത്രീ തന്റെ പരിമിതികൾക്കകത്താണ് വീണ്ടും വീണ്ടും വലംവെക്കുന്നത്. 'പൈശാചവീഥി' എന്ന പ്രയോഗം വീടിന്റെ ചുറ്റുവട്ടങ്ങളെ വിമർശനാത്മകമായി നോക്കിക്കാണാൻ പ്രേരിപ്പിക്കുന്നു. പക്ഷെ വീടിനുള്ളിൽ ഒരേസമയം സ്വയം അകപ്പെടുകയും, പുറത്തുകടക്കാൻ വെമ്പൽകൊള്ളുകയും ചെയ്യുന്ന സ്ത്രീമനസ്സാണ് കവിതയിൽ കവയിത്രി പങ്കുവെക്കുന്നത്. 'ഒരു പാചകക്കുറിപ്പ്' എന്ന

കവിതയിൽ കവയിത്രി ഒപ്പിയെടുക്കുന്നത് വീടിനകത്തെ ഈ സ്ത്രീ ജീവിതത്തെതന്നെയാണ്. പലയിടങ്ങളിൽ സ്വയം ഒതുങ്ങിക്കൊണ്ട് അമർഷത്തെ, കാമത്തെ വെളിയിൽ കാണിക്കാതെ നമ്രശീർഷയായി ഇടറുന്ന സ്ത്രീജീവിതത്തെയാണ് ഈ കവിതയിൽ പരോക്ഷമായി കവയിത്രി അവതരിപ്പിക്കുന്നത്.

"ചെറുതായ് കൊത്തിക്കൊത്തി
നുറുക്കിയെടുക്കുക
നിറയെക്കണ്ണീരുപ്പു വീഴ്ത്തി
യൊന്നിളക്കുക
നിഷ്ഫലക്രോധത്തിന്റെ
യെരിവും വീറും ചേർക്ക
കയ്പെഴുമവമാനത്തിന്റെ
ലജ്ജയും ചാലി
ച്ചുൾ ച്ചൂടിൽ തിളപ്പിച്ചു വാങ്ങുക
അതിൻ മുമ്പൊ
രിത്തിരിപ്പരിഹാസം താളിക്ക,
ഒരു നുള്ളു
പ്രേമത്തിൻ മധുരിമ
മേമ്പൊടി തൂകിക്കോരി
യോമനേ, വിളമ്പുക
നിന്റെയൂണിനു നന്നാം."[27]

സ്വന്തം സ്വത്വത്തെ, ഉണ്മയെ മറച്ചുകൊണ്ട് സമൂഹത്തിന് മുൻപിൽ എത്രത്തോളം സ്ത്രീകളുടെ ജീവിതം സന്തോഷപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന ആശങ്കയാണ് ഈ വരികളുടെ സാരം. അതോടൊപ്പം മുറിവേറ്റ ഒരു മനസ്സുകൂടി ചേർത്തുവെക്കുമ്പോൾ സ്ത്രീജന്മം പൂർണമായി. മുറിവേറ്റ സ്ത്രീമനസ്സിന്റെ രോഷവും വേദനയും ചിന്തുന്ന വാക്കുകളായി പരിണമിക്കുകയാണ് ഈ കവിതയിൽ. ഈ പ്രതിലോമപരമായ സ്ത്രീജീവിതസ്ഥിതിക്ക് ഒരു മറുവാക്ക് നമുക്ക് നല്കാനില്ല. കാരണം അകത്തെ പുറം അറിയാതെ ഒതുക്കി, വിഹ്വലതകളെ നാളെയുടെ പ്രതീക്ഷകളാക്കി കൊണ്ടുനടക്കുന്ന സ്ത്രീകളിലൂടെയാണ് ജീവിതം പുലരുന്നത്. അവരുടെ

മുഖ്യയിടം അടുക്കളയായതുകൊണ്ടാണ് ഒരു പാചകക്കുറിപ്പിലൂടെ കവയിത്രി ഈ സാമൂഹ്യാവസ്ഥയെ പ്രത്യക്ഷവത്കരിക്കുന്നത്. കാലങ്ങളായി തുടർന്നുകൊണ്ടിരിക്കുന്ന ആൺകോയ്മയുടെ സാമൂഹികവ്യവസ്ഥിതിയിൽ ഓരോ കാലങ്ങളിൽ കണ്ണിചേർക്കപ്പെടുകയാണ് ഒരോ പെൺകുഞ്ഞും. അതുകൊണ്ടാണ് ഓരോ പെൺകുഞ്ഞിനോടും ഈ ജീവിതരഹസ്യം കവയിത്രി ഉപദേശിക്കുന്നത്. ഇവിടെയും സീമിതമല്ലാത്ത ദുഃഖത്തിന്റെ സഹയാത്രികയായിട്ടാണ് പെണ്ണ് അവതരിപ്പിക്കപ്പെടുന്നത്. പെണ്ണിന് പകർത്തിവെക്കാൻ കഴിയുന്ന ജീവിതത്തിന്റെ നിമ്നോന്നതങ്ങളെയാണ് സുഗതകുമാരി കവിത ഇത്തരത്തിൽ എഴുതിപ്പോകുന്നത്.

ചുറ്റുപാടുകളോട് സമരസപ്പെട്ട് സ്വയം ഉള്ളിലേയ്ക്ക് ഒതുങ്ങിക്കൊണ്ടുള്ള യാത്രകളാണ് ഓരോ സ്ത്രീജീവിതവുമെന്ന തിരിച്ചറിവാണ് ഈ കവിത നല്കുന്നത്. ഈ അന്തർഗമനത്തിന്റെ ലാവണ്യപരിസരത്തെയാണ് 'ബാധയൊഴിക്കൽ' എന്ന കവിത അവതരിപ്പിക്കുന്നത്. സ്ത്രീ സമൂഹത്തിനകത്തെ ഉർവരതയുടെ ഊർജ്ജത്തെ, സ്നേഹാതുരതയെ ഒരു പാലമേൽ ബന്ധിക്കുകയാണ് ഈ കവിതയിൽ, ലൈംഗിക ഊർജ്ജത്തിന്റെയും സൃഷ്ടിയുടെയും നൈസർഗികമായ ശേഷിയെ ഉൾവഹിക്കുന്നവരാണ് ഓരോ സ്ത്രീയും. സമൂഹത്തിനകത്തെ പാതിവ്രത്യസമ്പ്രദായത്തിന് കീഴിലാണ് സ്ത്രീയുടെ ലൈംഗികമായ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നത്. പുരുഷന് പക്ഷെ ഈ സ്വാതന്ത്ര്യം സമൂഹം പരോക്ഷമായി അനുവദിക്കാനും മടിക്കുന്നില്ല. സമൂഹത്തിനകത്തെ പിഴച്ചവൾ, വ്യഭിചാരിണി, വേശി എന്നീ പദങ്ങൾ സ്ത്രീ സമൂഹത്തെ മാത്രമെ കേന്ദ്രീകരിക്കുന്നുള്ളൂ. പുരുഷൻ പലപ്പോഴും സ്ത്രീക്ക് മേൽ തന്റെ തെറ്റിനെ ആരോപിച്ച് സ്വയം നീതീകരിക്കുന്നു. ഇതാണ് കാലങ്ങളായി സമൂഹം പിൻതുടരുന്ന രീതി. ഇതിനപ്പുറം സ്വന്തം സ്വാതന്ത്ര്യത്തെ ശരീരംകൊണ്ടും മനസ്സുകൊണ്ടും വീണ്ടെടുക്കാൻ ഒരു സ്ത്രീക്ക് മുഖ്യധാരാസമൂഹത്തിൽ കഴിയുന്നില്ല. അവിടെ അവളുടെ സ്നേഹത്തിനും പ്രണയത്തിനും കാമത്തിനും പരിമിതികളുണ്ട്. അതുകൊണ്ടാണ് ഗാർഹികജീവിതത്തിൽ തികഞ്ഞ പാതിവ്രത്യം പിൻതുടരുമ്പോഴും മനസ്സിൽ ഒരു പ്രണയിനിയെ രാധയെ സ്ത്രീസമൂഹത്തിന് നിലനിർത്തേണ്ടിവന്നത്. സ്ത്രീജീവിതത്തിലെ ഈ ദമിതമായ സ്നേഹത്തിന്റെ തലത്തെയാണ് കവിതയിൽ ആണിയടിച്ച് പാലമേൽ ബന്ധിക്കുന്നത്.

"പാലമേൽ ചാരി
ച്ചേർത്തു വെയ്ക്കുക, ഇരുമ്പാണി
യടിച്ചു കയറ്റുക, കൈകളിൽ
നാവിൽ, നെറ്റി
ത്തടത്തിലിളം മാറിൽ,
വേറെയില്ലൊരു മാർഗം
ഇവിടെത്തറഞ്ഞിവൾ
നിൽക്കട്ടെ, ചാവില്ലാത്തോ
ളിവൾ, നിത്യവും ശല്യ
മേകുന്നോൾ, സ്നേഹിക്കുന്നോൾ
ഇവളെത്തറച്ചു നാമൊതുക്കി
കാണില്ലിനി
യിവളെ മേലിൽ നീയും
ഞാനും; ആശ്വസിക്കുക"[28]

സ്നേഹത്തിലധിഷ്ഠിതമായ, സ്ത്രൈണമായ ചിരകാല ആവേശങ്ങളെയാണ് ഇവിടെ ബന്ധിക്കാൻ ശ്രമിക്കുന്നത്. മാതൃദായസമ്പ്രദായത്തിൽ ഈ ലൈംഗിക സ്വാതന്ത്ര്യം സ്ത്രീസമൂഹം എടുത്തിരുന്നു. പിന്തുടർച്ചാവകാശം, സ്വത്തുസംരക്ഷണ വുമായി ബന്ധപ്പെട്ടതോടെയാണ് പിതൃകേന്ദ്രീകൃത വ്യവസ്ഥയിലൂടെ ഈ ദായക്രമത്തിന് മാറ്റം വന്നത്. ആഴത്തിലുള്ള ഈ സ്ത്രൈണ കാമനയെ കവിതയിൽ പൂരിപ്പിക്കുന്നത് ഒരു കാമുകന്റെ സാന്നിധ്യത്തെ പ്രതീക്ഷിച്ചുകൊണ്ടാണ്. മരണമാണ് ഈ 'കാമുകൻ' എന്നെഴുതിചേർക്കുമ്പോൾ സ്ത്രീസമൂഹത്തിന്റെ വേദനകളെ ഇല്ലാതാക്കിക്കൊണ്ട് സ്നേഹവും കാമവും പ്രദാനം ചെയ്യുന്ന ഒരു വിമോചകന്റെ സ്ഥാനമാണ് മരണത്തിന് നൽകുന്നത്. ജനനം തൊട്ട് മരണംവരെ തുടരുന്ന വിധേയത്വപൂർണമായ ജീവിതമാണ് കവിതയിൽ ഒരു യക്ഷിക്കഥയുടെ പിൻബലത്തോടെ കവയിത്രി ഗഹനയോടെ അവതരിപ്പിക്കുന്നത്.

"വരൂ, മിപ്പാലച്ചോട്ടിൽ
വന്നിറങ്ങീടും, തൃക്കൈ

വിരലിൽ തുമ്പാൽ തൊട്ടു
നോവാതെ നോവിക്കാതെ
പതുക്കെപ്പതുക്കെയീ
ക്കൂർത്തൊരാണികളെല്ലാം
വലിച്ചു പിഴുതീടും
ചോരയും കണ്ണീർച്ചാലും
തുടയ്ക്കും, കരം പിടി
ച്ചുയർത്തിക്കനിവാർന്നു
ചിനയ്ക്കും കുതിരമേ
ലിരുത്തിപ്പറന്നീടും".[29]

'മരണത്തിന്' സ്ത്രീ സ്വാതന്ത്ര്യത്തെ തിരിച്ച് നൽകുന്ന, ദൈന്യതയെ മറികടന്ന് രക്ഷയെ നൽകുന്ന ഒരു വിമോചകന്റെ സ്ഥാനം നൽകുന്നതോടെ കവിത സ്ത്രീവാദത്തിന്റെ എതിർദിശയിലേക്ക് പതിക്കുന്നു. ജീവിതദുഃഖങ്ങൾക്ക് മരണത്തിൽ അഭയവും സാന്ത്വനവും തേടുന്ന പ്രവണത കല്പനികതയുടേതാണ്. ഇവിടെ കവിതയിലെ സ്ത്രീയുടെ തിരഞ്ഞെടുപ്പ് ജീവിതത്തെയല്ല, മരണത്തെയാണ്. മരണത്തിന് ഒരു കാമുകന്റെ സ്ഥാനം നൽകുന്നു. വാക്കിനെയും നോക്കിനെയും നിയന്ത്രിച്ച് ശരീരംകൊണ്ടും മനസ്സുകൊണ്ടും സമൂഹത്തിന് മുന്നിൽ സ്വയം തങ്ങളിൽ തന്നെ ബന്ധിച്ച് കഴിഞ്ഞു കൂടി വന്നിരുന്ന ഒരു പറ്റം സ്ത്രീകളുടെ ജീവിതത്തിൽ സംഭവിച്ച അതിക്രമങ്ങളെയാണ് 'വനിതാക്കമ്മീഷൻ' എന്ന കവിത തുറന്ന് കാട്ടുന്നത്. സ്ത്രീധനത്തിന്റെ പേരിൽ ഗാർഹികപീഡനത്തിനിരയായവരും, ചതിക്കപ്പെട്ട് വേശ്യാതെരുവുകളിൽ എത്തപ്പെട്ടവരും, അവിവാഹിതരായ അമ്മമാരും, മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെട്ടവരും ഈ കൂട്ടത്തിലുണ്ട്. രോഷം കൊണ്ട് ഒരു നഗരത്തെ തന്നെ എരിച്ച് കളഞ്ഞ കണ്ണകിയുടെ വീര്യത്തെ കടമെടുത്താണ് ആശ്രയമറ്റ ഒരു വലിയ പെൺസമൂഹത്തിന്റെ പ്രതിരോധത്തിനെ കവയിത്രി ഈ കവിതയിൽ ആവിഷ്കരിക്കുന്നത്. ഫലത്തിൽ കവിത അനുവാചകരിൽ ആത്മരോഷത്തെ മാത്രം ഉണർത്തുന്നു. കൂടാതെ പ്രയോഗസ്ഥാനങ്ങളിൽ നിന്ന് തുടച്ച് നീക്കേണ്ട ലിംഗാധികാരങ്ങളെ ചൂണ്ടികാണിക്കാതെ കടന്നുപോകുകയും ചെയ്യുന്നു. സുഗതകുമാരികവിത

കവിതകളിലെ സ്ത്രീയെയും പ്രകൃതിയെയും മുൻനിർത്തി മുകളിൽ വിവരിച്ച കവിതകളിൽ നിന്ന് ഉരുത്തിരിയുന്ന ധാരണകളെ താഴെ ചേർക്കുന്നു.

1. കാല്പനികമായ മാനസികതലമാണ് കവിതയുടെ അന്തർധാരയിൽ നിലനിർത്തപ്പെടുന്നത്.

2. സാമൂഹികവിഷയങ്ങളെ കൈകാര്യം ചെയ്യുമ്പോൾ കവിതയ്ക്കകത്തെ നീതിബോധം സവർണപരമായ സ്ത്രീ മാതൃകകളോടാണ് ചേർന്നുപോകുന്നത്. കവിത സാമ്പ്രദായിക പെൺമാതൃകകളിൽനിന്ന് വ്യതിചലിക്കുന്നില്ല.

3. സ്ത്രീ, പ്രകൃതി വാദങ്ങളുടെ സൈദ്ധാന്തികപരിസരത്തിലേയ്ക്ക് കവിത ആശയതലത്തിൽ എൺപതുകൾക്ക് ശേഷമാണ് പരിണമിക്കുന്നത്.

4. സ്ത്രീ, പ്രകൃതി വിമോചനത്തിലധിഷ്ഠിതമായ ചിന്തകൾ പ്രമേയതലത്തിൽനിന്ന് പ്രായോഗികതലത്തിലേയ്ക്ക് പുരോഗമിക്കുന്നില്ല.

സുഗതകുമാരിയുടെ പ്രകൃതിപക്ഷ കവിതകളിലെ സാമൂഹികപരിസരത്തെ കൂടി ഗഹനമായി വിശകലനം ചെയ്തതിനുശേഷം മാത്രമേ ആശയതലത്തിൽ പ്രകൃതിക്കും സ്ത്രീക്കുംവേണ്ടി സുഗതകുമാരി കവിത എത്രമാത്രം നിലനിൽക്കുന്നുണ്ട് എന്ന് തിരിച്ചറിയാൻ കഴിയൂ.

4.1.1 പ്രകൃതിപക്ഷകവിതകളിലെ സാമൂഹ്യപരത

സുഗതകുമാരിയുടെ പ്രകൃതിപക്ഷ കവിതകളിലെ സാമൂഹ്യപരത എൺപതുകളോടെ സജീവമായ സൈലന്റ്വാലി സമരത്തിന്റെ അനുഭവപരിസരങ്ങളോടാണ് കടപ്പെട്ട് നിൽക്കുന്നത്. ഈ സമരത്തിന്റെ ഭാഗമായി എഴുതിയ 'വനപർവ്വം' എന്ന കാവ്യസമാഹാരത്തിലെ ഒരു സുഗതകുമാരി കവിതയാണ് 'മരത്തിന് സ്തുതി'. ഈ കവിതയുടെ സവിശേഷപരിസരം മരത്തിന്റെ ശാസ്ത്രീയഗുണങ്ങളെ പൗരാണിക സങ്കല്പത്തോട് ഇഴചേർക്കുന്നു എന്നുള്ളതാണ്. മരങ്ങൾ അവയുടെ ആഹാരനിർമ്മാണത്തിന്റെ ഭാഗമായി വിഷവായുവിനെ സ്വീകരിച്ച് ശുദ്ധവായു സ്വതന്ത്രമാക്കുകപതിവാണ്. ഇലകളിലെ ഹരിതകത്തെ മുൻനിർത്തിയിട്ടുള്ള ഈ ആഹാരനിർമാണം ജീവസമൂഹത്തിന്റെ തന്നെ നിലനിലപ്പിന്റെ ഭാഗമാണ്. കവിതയിലെത്തുമ്പോൾ ഇലകൾ ഉൾക്കൊള്ളുന്ന മരം 'നീലകണ്ഠനായി ദേവനായി മാറുന്നു. നീലകണ്ഠൻ

വിഷത്തെ കണ്ഠത്തിൽ പേറുന്നതുപോലെ മരം വിഷത്തെ ഉൾക്കൊള്ളുന്നു എന്ന സമാനകല്പനയിലേക്ക് കവിത വഴിമാറുന്നു. മരത്തിന്റെ ശേഷിയെ പൗരാണിക വിശ്വാസപരിസരവുമായി ബന്ധിപ്പിച്ചുകൊണ്ടാണ് മരത്തിന്റെ സവിശേഷതകളെ ഭക്തിപൂർവ്വം സമീപിക്കുന്നത്. അതുവഴി മരം ഒരേസമയം പ്രകൃതിയുടെ ഭാഗവും ഒരു പുരുഷരക്ഷാസ്ഥാനം കൂടിയായി മാറുന്നു.

"ആദിപിതാവ്, ജഗനിയന്താവ് എന്നിങ്ങനെ തുടർന്നുപോരുന്ന രക്ഷക സങ്കൽപ്പത്തെ മരത്തിലേയ്ക്ക് സന്നിവേശിപ്പിച്ചിരിക്കുകയാണ് ഇവിടെ. സ്വയം രക്ഷിക്കാനും മറ്റുള്ളവർക്ക് അഭയമേകാനും കഴിയുന്നൊരൗന്നത്യത്തിലേക്കുയർന്ന സ്ത്രീയെന്ന സുഗതകുമാരിക്കവിതയിലെ സങ്കല്പനം ഇവിടെ സമൂഹത്തിന്റെ അംഗീകൃതസങ്കല്പനത്തിന് വഴിമാറികൊടുക്കുന്നു. സ്ത്രീ എത്രതന്നെ വളർന്നുയർന്നു കഴിഞ്ഞാലും അവൾക്ക് തലചായ്ച്ച്, ആശ്വസിക്കാൻ ഒരു 'നിശ്ചയത്തിന്റെ തോൾ' വേണമെന്നത് സുഗതകുമാരിയുടെ ദർശനത്തിന്റെ അടിസ്ഥാനമാണെന്നതാണ് ഇതിന് കാരണം."[30]

"തണുത്ത പൂന്തണൽ വീശി
പ്പടർന്നു ചുഴ്ന്നു നിൽക്കുന്ന
മരത്തിന്റെ തിരുമുടി
ക്കിത തൊഴുന്നേൻ.
നീലകണ്ഠ സ്വാമിയെപ്പോൽ
വിഷം താനേ ഭുജിച്ചിട്ടു
പ്രാണവായു തരുന്നോനാ
യിത തൊഴുന്നേൻ"[31]

മരത്തിനെ വെട്ടി പണമാക്കി മാറ്റുന്ന ഒരു കാലയളവിൽ മരത്തിന്റെ വിലയെ വിശ്വാസത്തിന്റെ പിൻബലത്തോടെ ബോധ്യപ്പെടുത്തുകയാണ് കവയിത്രി ഈ വരികളിൽ ചെയ്യുന്നത്. ജീവനും ജീവിതത്തിനും മീതെയുള്ള മരങ്ങളുടെ സ്വാധീനമാണ് തുടർന്നുള്ള വരികൾ വിവരിക്കുന്നത്. മനുഷ്യസമൂഹത്തിന്റെ വിശപ്പിനെ കെടുത്തിക്കൊണ്ട് മഴയായും കുളിരായും കളിക്കൂട്ടുകാരനായും വാർദ്ധക്യത്തിൽ അനുകമ്പയെ പകർന്നും മരങ്ങൾ നമ്മുടെ അരികിലുണ്ടെന്ന

സത്യത്തെ ഈ വരികൾ ഓർമ്മപ്പെടുത്തുന്നു. പക്ഷെ മരത്തിന് നമ്മൾ തിരിച്ച് നൽകുന്നത് മരണമാണ്. എങ്കിലും ഏത് മലവെള്ളപാച്ചിലിനിടയിലും ഭൂമിയെ കാത്ത് സംരക്ഷിക്കുന്ന മരത്തിനെ നീലകണ്ഠൻസ്വാമിക്ക് സമം കണ്ട് കവയിത്രി വീണ്ടും വീണ്ടും തൊഴുന്നു. അതോടൊപ്പം മരങ്ങളെ ചുട്ടെരിക്കുന്ന പുതിയ കാലത്തിന്റെ പ്രവണതകളിൽ മനം നൊന്ത് നമ്മുടെ ഭാവിയെ ആശങ്കയോടെ നോക്കിക്കാണുന്നു.

"അടിവേരു തൊട്ടു മുടി
യിലവരെ, നന്ദികെട്ടോ
രടിയങ്ങൾക്കവിടുന്നു
തന്നു പോറ്റുമ്പോൾ
പകരം നൽകുവതെന്തേ
മഴുവും തീയുമല്ലാതെ!
അവിടുന്നു സമസ്തവും
പൊറുക്കുമല്ലോ
എങ്കിലും ഹാ പൊറുക്കുമോ
പ്രകൃത്യംബ, അഗ്നിപാറും
കൺകളാലെങ്ങളെ നോക്കും
നോട്ടമെന്നാമോ?"[32]

കുറിഞ്ഞിപ്പൂക്കൾ എന്ന കവിതയിലും ഈ ഉദ്യോഗത്തെ കവയിത്രി പ്രകടിപ്പിക്കുന്നുണ്ട്. ഇവിടെ മനുഷ്യസമൂഹത്തിനെക്കുറിച്ചുള്ള ആധിയേക്കാൾ പന്ത്രണ്ട് വർഷത്തിലൊരിക്കൽ പൂക്കുന്ന നീലക്കുറിഞ്ഞിപ്പൂക്കളുടെ ഭാവിയെപ്പറ്റിയുള്ള ആധിയാണ് കവയിത്രി പ്രകടിപ്പിക്കുന്നത്. വികസനത്തിന്റെ പേരിൽ നീലക്കുറിഞ്ഞി താഴ്വരകൾ ചുട്ടെരിക്കാനുള്ള സാധ്യതകളെയാണ് ഈ കവിത അടിവരയിടുന്നത്.

"നിനക്കുവേണ്ടി നിൻ കിടാങ്ങൾ കാണുമാ
വസന്തമെന്നു ഞാൻ ജപിക്കുന്നു, പക്ഷേ
മഴുവും തീയുമായ്, കഴുകൻ കണ്ണുമായ്
വരില്ലയോ മർത്ത്യർ അവിടെയും നാളെ?"[33]

നാണ്യവിളകളുടെ രൂപത്തിലും റിസോർട്ടുകളുടെ രൂപത്തിലും കാട് കയറി

ചെല്ലുന്ന വികസനത്തിന്റെ രൂപരേഖകൾ കുറിഞ്ഞിപ്പൂക്കളുടെ താഴ്വരയേയും കീഴടക്കുമോ എന്ന ആവലാതിയാണ് ഈ കവിതയിലൂടെ കവയിത്രി പങ്കുവെക്കുന്നത്. എഴുപതുകളോടെ രൂപപ്പെട്ട സാമൂഹികപാരിസ്ഥിതികാവബോധമാണ് ഈ കവിതകളെ രൂപപ്പെടുത്തിയതെന്ന് പറയാം. സൈലന്റ് വാലി പ്രക്ഷോഭത്തോടെ ഈ പാരിസ്ഥിതികാവബോധത്തെ ജനകീയമാക്കാൻ സുഗതകുമാരി ഉൾപ്പെടെയുള്ള സാഹിത്യപ്രവർത്തകർ കൂട്ടായി യത്നിച്ചു. 1978-ൽ സൈലന്റ് വാലിയിലെ ജീവസമൂഹത്തിന്റെ വൈവിധ്യത്തെയും പ്രസക്തിയെയും മുൻനിർത്തി എം.കെ പ്രസാദ് മാതൃഭൂമിയിലെഴുതിയ ലേഖനമാണ് സുഗതകുമാരിയെ സൈലന്റ് വാലിക്കുവേണ്ടിയുള്ള പരിസ്ഥിതി പ്രവർത്തകരുടെയും സാഹിത്യ പ്രവർത്തകരുടെയും കൂട്ടായ്മയിലേക്ക് എത്തിച്ചത്. തുടർന്ന് 'തോൽക്കുന്ന യുദ്ധത്തിലും പടയാളികൾ വേണമല്ലോ. ദയവായി ഈ യുദ്ധത്തിൽ ചേരുക' എന്ന മുഖവുരയോടെ കുറിപ്പുകളെഴുതി. സൈലന്റ് വാലിക്കുവേണ്ടി വൈക്കം മുഹമ്മദ് ബഷീർ, എസ്.കെ. പൊറ്റക്കാട്, ഡോ. കെ.ഭാസ്കരൻനായർ, സുകുമാർ അഴിക്കോട്, വൈലോപ്പിള്ളി എന്നിങ്ങനെ സാഹിത്യ പ്രവർത്തകരുടെ ഒരു നീണ്ട നിരയെത്തന്നെ തന്റെ സംരംഭത്തോട് ചേർത്തു. കോടതിയുടെ സഹായത്തോടെ സൈലന്റ് വാലി സംരക്ഷണത്തിനായുള്ള നാളുകളാണ് പിന്നീടുണ്ടായത്. ഈ കാലയളവിൽ ആദ്യമായി പ്രണയത്തിലേർപ്പെട്ട ഒരാളുടെ മനസ്സുപോലെ പ്രക്ഷുബ്ധമായിരുന്നു തന്റെ മനസ്സുമെന്ന് സുഗതകുമാരി സാക്ഷ്യപ്പെടുത്തുന്നുണ്ട്.[34]

ഈ മനോനിലയിൽനിന്നാണ് സൈലന്റ് വാലിക്ക് വേണ്ടിയുള്ള സംരക്ഷണ സമിതിയുടെ സെക്രട്ടറി സ്ഥാനത്തേക്ക് സുഗതകുമാരി എത്തുന്നത്. പ്രസിഡന്റ് സ്ഥാനം വഹിച്ചത് എൻ.വി. കൃഷ്ണവാര്യരായിരുന്നു. സുഗതകുമാരിയുടെ പ്രകൃതിപക്ഷകവിതകളുടെ ആന്തരികതലം ബന്ധപ്പെട്ട് നിൽക്കുന്നത് കാടിനും ജീവസമൂഹത്തിനുംവേണ്ടിയുള്ള സുഗതകുമാരിയുടെ ഈ സാമൂഹ്യനിലപാടുകളോടാണ്.

സൈലന്റ് വാലിപദ്ധതി ഉപേക്ഷിക്കുംവരെ ആ നിത്യഹരിതവനത്തിനുവേണ്ടിയുള്ള അശ്രാന്തപരിശ്രമം സുഗതകുമാരി തുടർന്നു. ഈ കാലയളവിലെ സുഗതകുമാരിയുടെ കുന്തിപ്പുഴയെയോർത്തും സൈലന്റ് വാലിയിലെ നിത്യഹരിതവനങ്ങളെക്കുറിച്ചും ജീവസമൂഹത്തിനെക്കുറിച്ചുമുള്ള കരുതലാണ് 'സൈലന്റ് വാലി' എന്ന കവിത.

"എത്ര ദുഃസ്വപ്നങ്ങൾ കണ്ടുഞെട്ടീ! ചുട്ടു
കത്തുന്ന നിൻ തിരുമാർത്തടം! ആർത്തല
ച്ചറ്റു വീഴും മഹാവൃക്ഷങ്ങൾ! മിണ്ടാതെ
വറ്റുന്ന കുന്തിപ്പുഴതൻ നിലാവൊളി-"[35]

സൈലന്റ് വാലി മലനിരകളെക്കുറിച്ചുള്ള ഭയാശങ്കകൾ അടങ്ങുന്നില്ല എന്ന തിരിച്ചറിവാണ് 'സൈലന്റ് വാലിയിലേക്ക് വീണ്ടും' എന്ന കവിത നല്കുന്നത്. പാത്രക്കടവ് പോലുള്ള ജലവൈദ്യുതപദ്ധതികൾ തെളിയിക്കുന്നത് ഒരു കോൺക്രീറ്റ് സംസ്കാരം സൈലന്റ് വാലിക്കരികെ ഇപ്പോഴും നിലനില്ക്കുന്നുണ്ടെന്നതാണ്. പദ്ധതി വനാതിർത്തിക്ക് പുറമെയെന്ന് വാദിക്കുമ്പോഴും മനുഷ്യൻ വരയ്ക്കുന്ന അതിർത്തികൾക്കപ്പുറത്ത് ഉറവകളിലൂടെ ജലവും മറ്റ് ജൈവസമൂഹവും കണ്ണിചേർന്നാണ് നിലനില്ക്കുന്നതെന്ന തിരിച്ചറിവുള്ളവർക്ക് ഈ പുതിയ പദ്ധതികളുടെ കടന്നുവരവ് ഭയമുണർത്തുന്നതാണ്. സൈലന്റ് വാലിയുടെ ഭീതിയായിട്ടാണ് കവയിത്രി ഈ അവസ്ഥാന്തരങ്ങളെ അവതരിപ്പിക്കുന്നത്.

"ഇതു സന്ധ്യ, നിശബ്ദ താഴ്വരയൊരായിരം
മിഴികളാൽ വെമ്പി നോക്കുന്നു
വരുവതാരോ? കാട്ടുതീയോ? കിരാതനോ?
മഴുവേന്തിടും കടുംകയ്യോ?
മലയിടിച്ചും മരം പിഴുതടിച്ചും നീങ്ങി-
വരുമാ മഹായന്ത്രമാമോ?
പശിയടങ്ങാത്ത വൻനഗരമോ? കാടിന്റെ
മടിയിലൊളിയുന്നിതാ കുന്തി!"[36]

സൈലന്റ് വാലി പ്രക്ഷോഭത്തിന്നിടയിലാണ് കവയിത്രിക്ക് 'മരക്കവി' എന്ന വിളിപ്പേര് ലഭിക്കുന്നത്. വികസനത്തിന്റെയെതിരെ നിൽക്കുന്നുവെന്ന് വികസന പ്രേമികൾ ആക്ഷേപിക്കുമ്പോഴും സുഗതകുമാരിയുടെ പ്രകൃതിയെ മുൻനിർത്തിയുള്ള കരുതലുകൾ കരുത്തുറ്റവയായിരുന്നുവെന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. ആഗോളതാപനത്തിന്റെയും ജലദാരിദ്ര്യത്തിന്റെയും പുതിയ കാലഘട്ടത്തിൽ പാത്രക്കടവ് പദ്ധതിയെ മുൻനിർത്തിയുള്ള സുഗതകുമാരിയുടെ വാക്കുകൾ ഇന്നും പ്രസക്തമാണ്.

"സൈലന്റ് വാലി വനാതിർത്തിക്ക് ഉള്ളിലല്ല അതിർത്തിക്ക് വെളിയിലാണ് പദ്ധതി എന്നാണ് വാദം. പക്ഷെ, തൊട്ടുവെളിയിലാണ് എന്ന് ഓർക്കുക. ഈ അതിർത്തിയാകട്ടെ മനുഷ്യൻ കല്പിച്ചിട്ടുള്ളതാണ്. പ്രകൃതി നിർമിതമല്ല. കൊടുകാടാണവിടം. സൈലന്റ് വാലി വനത്തിന്റെ തുടർച്ചയാണത്. സൈലന്റ് വാലി വനത്തിന്റെ സംരക്ഷണ വനവലയത്തിൽപ്പെട്ടതാണ്. നീലഗിരി ജൈവസംരക്ഷണമേഖലയുടെ ഹൃദയഭാഗമാണത്. നീലഗിരി ജൈവമേഖലയാവട്ടെ ലോകത്തെ അതിവിശിഷ്ടങ്ങളും തനതു ജൈവസമ്പദ്ഘനികളും വിനാശഭീഷണിയെ നേരിടുന്നവയുമായി പരിസ്ഥിതി ശാസ്ത്രജ്ഞർ എടുത്തുകാണിച്ചിട്ടുള്ള 18 ആവാസവ്യവസ്ഥകളിൽ ഒന്നാണ്. തൊട്ടു പോകരുതെന്ന് കേന്ദ്രവന നിയമവും സുപ്രീംകോടതി വിധികളും കല്പിച്ചിട്ടുള്ള നിത്യഹരിത മഴക്കാടാണിത്. എണ്ണിയാലൊടുങ്ങാത്ത ഇന്നോളം നിർവചിച്ചിട്ടില്ലാത്തതുമായ ജൈവവൈചിത്ര്യത്തിന്റെ വിസ്മയകരമായ കലവറയാണിത്. പദ്ധതി വിദഗ്ധരേ ഇവിടെത്തന്നെ വേണമോ നിങ്ങളുടെ വികസന പ്രക്രിയകൾ?" [37]

ആത്യന്തികമായി സൈലന്റ് വാലിയുടെ നഷ്ടം കോടികണക്കിന് ജീവസമൂഹത്തിന്റെ നഷ്ടമാണ്, കുന്തിപ്പുഴയുടെ നഷ്ടമാണ്. നമ്മുടെ ജലസ്രോതസ്സുകൾ വറ്റിവരളുകയും മലിനപ്പെടുകയും ചെയ്യുന്ന സമീപകാലത്ത് അവശേഷിക്കുന്ന ഉറവകളെയും ജീവസമൂഹത്തിനെയും നിലനിർത്താനുള്ള ശ്രമത്തിലാണ് സുഗതകുമാരി. അതുകൊണ്ടാണ് സൈലന്റ് വാലിയുടെ ഭീതിയെ തന്റെ ഭീതിയായി കണ്ട് പരിഹാരം നിർദ്ദേശിക്കുന്നത്.

"അരുതു പേടിക്കേണ്ടയെന്നു ഞാൻ തപ്തമെൻ
കവിതയുടെ മന്ത്രം ജപിക്കെ
അതു പോര, യെന്നുള്ളുപിടയവേ, സത്യമെൻ
മിഴിനീരിലൂടെ ഞാൻ കാൺമൂ
ആടിക്കറുപ്പാർന്ന കന്യ, യിക്കാടിനെ
ആരും തൊടില്ലെന്നു കാക്കാൻ
അരുതു പേടിക്കേണ്ട, ഞാനിവിടെയുണ്ടെന്നു
ചുഴലവും കൺകൾ പായിച്ചും
കവരങ്ങൾ പിരിയുന്ന കൊമ്പുകളുയർത്തിയും

തലപൊക്കി ഗന്ധംപിടിച്ചും
കലമാനിനെപ്പോലെ കാവൽനില്ക്കുന്നിതാ
മലനാടിതിൻ മനസ്സാക്ഷി."[38]

യഥാർത്ഥത്തിൽ പ്രകൃതിയെ മനുഷ്യവത്കരിച്ചുകൊണ്ടാണ് സുഗതകുമാരി തന്റെ കവിതയെ സാമൂഹ്യവിമർശനത്തിനുള്ള ഇടം കൂടിയായി പരിണമിപ്പിക്കുന്നത്. ജൈവസമൂഹത്തെ കവിതയിൽ ആവിഷ്കരിക്കുമ്പോൾ അത് മരമായാലും പക്ഷിയായാലും ആനയായാലും നായയായാലും അവരുടെ ആകുലതകൾക്ക് മാനവികമായ ഒരു തലം കവയിത്രി നല്കുന്നു. ഈ മാനവികത സ്ത്രൈണപക്ഷത്തോടാണ് ചായ്വ് പുലർത്തുന്നത്. ചിലപ്പോൾ പരസ്പരം ഇടകലർന്നും ഏകീഭവിച്ചും വേറിട്ടുനിന്നും കവയിത്രി പ്രകൃതിയ്ക്കകത്തെ പാർശ്വവത്കരിക്കപ്പെടുന്ന ജീവസമൂഹത്തിന്റെ ഭയാശങ്കകൾ തന്റേതായി കവിതയിൽ ആവിഷ്കരിക്കുന്നു. 'നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു?' എന്ന കവിതയിൽ ഒരുപക്ഷിയുടെ ലോകത്തിലൂടെയാണ് കവയിത്രി പരിസ്ഥിതി നഷ്ടങ്ങളുടെ ആഴത്തെ പരിചയപ്പെടുത്തുന്നത്.

"ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾ
ക്കിരയുമായിതാ തിടുക്കത്തിൽ പറ-
ന്നണയുന്നു, പെട്ടെന്നവൾ നടുങ്ങുന്നു!
പിടയുന്നു! ചുറ്റിപ്പറന്നുഴലുന്നു!
അവളുടെ വിളി മനുഷ്യഭാഷയിൽ
ഇതായിരിക്കാമെന്നെനിക്കു തോന്നുന്നു.
"നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു?"[39]

തന്റെ മക്കൾക്ക് തീറ്റതേടിപ്പോയ പക്ഷി തിരിച്ചെത്തിയപ്പോൾ കണ്ടത് ചോരക്കറയുണങ്ങാത്ത മരക്കുറ്റികളേയും വെന്തുരുകിയ ഒരു കാടുമാണ്. തന്റെ കൂടും കൂടിനുള്ളിലെ മക്കളെയും, ആ കൂട് ഉണ്ടായിരുന്ന മരവും, കാടും തന്നെ പക്ഷിക്ക് തിരിച്ചെത്തിയപ്പോൾ നഷ്ടപ്പെട്ടു. നിശബ്ദമായി വിലപിക്കാനെ ഈ പക്ഷിക്ക് കഴിയുന്നുള്ളൂ. ആധുനിക വികസനം ഒട്ടും വിലകല്പിക്കാത്ത ജീവസമൂഹത്തിന്റെ ജീവിതത്തെയാണ് സുഗതകുമാരി വനനശീകരണത്തിന്റെ പശ്ചാത്തലത്തിൽ ഈ

കവിതയിൽ ആവിഷ്കരിക്കുന്നത്. മരത്തിന്റെ ഉണങ്ങാത്ത ചോരക്കറ, കേണുമരിച്ച കാട്, കാടിന്റെ മഹാശാപം എന്നീ പ്രയോഗങ്ങളെല്ലാം കാടിന്റെ ദൈന്യതയെ ഒരു മനുഷ്യചേതനയുടെ ദൈന്യതയായി അനുവാചകരിൽ അനുഭവപ്പെടുത്തുന്നു. ഈ രീതിയിൽ നമ്മുടെ മനസ്സിനെ ആർദ്രമാക്കുന്ന അനുഭവപരിസരത്തെ ഉൾക്കൊണ്ടാണ് സുഗതകുമാരികവിതകൾ മുന്നോട്ട് പോകുന്നത്. വനനശീകരണവുമായി ബന്ധപ്പെട്ട നേരനുഭവങ്ങളെ പകർത്തുന്നതുകൊണ്ടാണ് സുഗതകുമാരിയുടെ പ്രകൃതിപക്ഷകവിതകളിൽ ഇത്തരത്തിൽ ഹൃദയദ്രവീകരണത്തെ സാധ്യമാക്കുന്ന വാക്കുകൾ കടന്നുവരുന്നത്. ഒരു വനത്തിന്റെ നാശത്തെ സുഗതകുമാരിക്ക് മാത്രമെ പിടഞ്ഞുചാകലായി നോക്കിക്കാണാൻ കഴിയൂ. 'സൈലന്റ് വാലി' എന്ന കവിതയിൽ കുന്തിപ്പുഴയ്ക്ക് വന്നേക്കാവുന്ന നാശത്തെ സൂചിപ്പിക്കുന്നതിന് കവയിത്രി തിരഞ്ഞെടുക്കുന്നത് 'മിണ്ടാതെ വറ്റുക' എന്ന പ്രയോഗമാണ്. കിളിയുടെ അനുഭവപരിസരത്തിലൂടെ കാടിന്റെ നഷ്ടം മാനവികതയുടെ നഷ്ടം കൂടിയായി അനുഭവപ്പെടുത്തുകയാണ് ഇത്തരം പ്രയോഗങ്ങളിലൂടെ സുഗതകുമാരി ചെയ്യുന്നത്.

"ഒരു വനത്തിന്റെ പിടഞ്ഞു ചാകലിൻ
വിലയെന്ത്? എന്ന് ഞാൻ വിളിച്ചു ചോദിപ്പൂ
ഒരു മരത്തിന്റെ മരണത്തിന്നെന്തു
വില? പ്രകൃതിയാക്കണക്കു നോക്കുന്നു
ഒരു കിളിയുടെ നിലവിളിക്കെന്തു
വില? പ്രകൃതിയാക്കണക്കു നോക്കുന്നു
പ്രകൃതിയാക്കണക്കു നോക്കുന്നു."[40]

മനുഷ്യൻ ബൃഹത്തായ ഒരു ജീവസമൂഹത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവാണ് ഈ വരികൾ നല്കുന്നത്. പ്രകൃതിയുടെ നഷ്ടങ്ങളുടെ കണക്കുകൾക്കു നടുവിൽ പ്രതീക്ഷയുടെ വെളിച്ചത്തെ ബാക്കിവെക്കുന്ന കവിതയാണ് 'ഒരു പാട്ടുപിന്നെയും' എന്ന കവിത. തനിക്ക് നഷ്ടപ്പെട്ട കാടിനെയും, പാതി ചിറകിനെയും മറന്ന് ഒരാകാശത്തെ ഉള്ളിലൊതുക്കിയാണ് പ്രതീക്ഷയുടെ പാട്ടുമായി ഒരു ചിറകൊടിഞ്ഞ പക്ഷി ഈ കവിതയിലെത്തുന്നത്.

"ഒരു പാട്ടുപിന്നെയും പാടി നോക്കുന്നിതാ
ചിറകൊടിഞ്ഞുള്ളൊരിക്കാട്ടുപക്ഷി!
മഴു തിന്ന മാമരക്കൊമ്പിൽ തനിച്ചിരു-
ന്നൊടിയാച്ചിറകു ചെറുതിളക്കി
നോവുമെന്നോർത്തോ? പതുക്കെയനങ്ങാതെ
പാവം പണിപ്പെട്ടു പാടിടുന്നു".[41]

പാതി ചിറകൊടിഞ്ഞ ഒരു കാട്ടുപക്ഷിയുടെ ഈ അതിജീവനത്തിന്റെ പാട്ടിനെ കൃഷ്ണവനത്തിന്റെ പുനരുജീവനത്തോട് ചേർത്ത് വായിക്കാവുന്നതാണ്. സുഗതകുമാരിയുടെ ഏഴെട്ട് വർഷത്തെ നീണ്ട പരിശ്രമത്തിലൂടെയാണ് അട്ടപ്പാടിയിലെ ഒരു ശൂന്യമായ കുന്നിൻപ്രദേശത്തേക്ക് പച്ചപ്പിനെ, കിളികളെ തിരിച്ച് കൊണ്ടുവന്നത്. പ്രദേശവാസികളായ ആദിവാസിസ്ത്രീകളുടെ സഹായത്തോടെയാണ് കവയിത്രി ഇത് സാധിച്ചത്. ആദിവാസികളുടെ വിഭാഗത്തിലെ മരുതിയുടെ നേതൃത്വത്തിലുള്ള സ്ത്രീകളുടെ കൂട്ടായ്മയാണ് എൻ.വി. കൃഷ്ണവാര്യരുടെ പേരിൽ 'കൃഷ്ണവന'ത്തെ യാഥാർത്ഥ്യമാക്കാൻ സുഗതകുമാരിക്കൊപ്പം ചേർന്നത്. ഇത്തരത്തിൽ കാടുമുടിക്കുന്ന ആധുനികവികസനത്തിന്റെ നടുവിലും പ്രതീക്ഷയുടെ ഒരു തൈ നാളേയ്ക്ക് വേണ്ടി നടുന്ന കവയിത്രിയുടെ തന്നെ പ്രതിരൂപത്തെയാണ് നമുക്ക് ചിറകൊടിഞ്ഞ പക്ഷിയിൽ കാണാൻ കഴിയുക. പക്ഷിയുടെ പാട്ട് നാളേക്ക് വേണ്ടിയുള്ളതാണ്! 'തൈവെക്കൽ' എന്ന കവിതയിലും കവയിത്രി പങ്കുവെക്കുന്നത് ഈ പ്രതീക്ഷയാണ്. 'വനരോദനം' എന്ന കവിതയിലും കവയിത്രിയുടെ പ്രകൃതിക്ക് വേണ്ടിയുള്ള ശബ്ദം കേൾക്കാം.

"അരുതെ,"ന്നുറക്കെ വിലക്കുന്നു പിന്നെയും
കിളിയും കവിയും പ്രതിദ്ധ്വനിയും"[42]

മലനാടൻ കാടിന്റെ നഷ്ടം പ്രളയമായും വറുതിയായും, വരൾച്ചയായും, ജല ദൗർലഭ്യമായും അനുഭവപ്പെടുന്ന സാമൂഹികസാഹചര്യത്തിലാണ് കവയിത്രി ഇവ്വിധം പ്രകൃതിക്ക് വേണ്ടി നിലകൊള്ളുന്നത്. പകരം വെക്കാനില്ലാത്ത ഒജൈവ സമ്പത്താണ് മലനാടൻ കാടുകളെന്ന തിരിച്ചറിവാണ് ഈ പ്രകൃതിപക്ഷകവിതകൾ പങ്കുവെക്കുന്നത്.

"മലനാടൻ കാടുകൾ ചാവുന്നു!... ചാവലോ
നിലയറ്റ തീയൊഴുക്കായിടുന്നു
വറുതിയായ് പ്രളയമായ് ഇടിവെട്ടിയിടിയുന്ന
മലകളായ്, മച്ചിയാം പാടമായി
കടലിന്റെ കോപമായ്, കല്പവൃക്ഷത്തിന്റെ
കടയിലെപ്പുണ്ണായ് വരണ്ട മണ്ണായ്
കനിവു വറ്റിക്കരൾ കല്ലിച്ച കിണറായി
കള പുതയ്ക്കുന്ന കുളങ്ങളായി
ക്ഷയരോഗമേറിച്ചുമച്ചിഴഞ്ഞെത്തുന്ന
പുഴകളായ് കാറ്റിൻ ചുടുന്ന വീർപ്പായ്
എരിയുമാശാപം വിഴുങ്ങുന്ന ലാവപോ-
ലൊഴുകിപ്പതുക്കെപ്പരന്നിടുന്നു."[43]

'തുലാവർഷപ്പച്ച' എന്ന കവിത അട്ടപ്പാടിയുടെ പാരിസ്ഥിതികവും സാമൂഹികവുമായ മുഖത്തെയാണ് അനാവരണം ചെയ്യുന്നത്. മുച്ചിക്കുണ്ടിൽ അനധികൃതമായി മരങ്ങൾ മുറിച്ചു മാറ്റുന്നതിന്റെ പശ്ചാത്തലത്തിലാണ് സുഗത കുമാരി അട്ടപ്പാടിയിലെത്തിയത്. മണ്ണും, ആദിവാസി സമൂഹവും വരൾച്ചയെയും ദാരിദ്ര്യത്തെയും നേരിടുന്ന കാലഘട്ടമായിരുന്നു അത്. അട്ടപ്പാടിയുടെ ഈ ശോച്യാവസ്ഥയാണ് സുഗതകുമാരിയുടെ നേതൃത്വത്തിൽ 'കൃഷ്ണവനം' എന്ന പച്ചപ്പിനെ യാഥാർത്ഥ്യമാക്കിയത്. അട്ടപ്പാടിയിലെ ജനതയും പ്രകൃതിയും നേരിട്ടിരിക്കുന്ന നിസ്സാഹായാവസ്ഥയെയാണ് കവയിത്രി തുലാവർഷപ്പച്ച എന്ന കവിതയിൽ ഉൾക്കൊള്ളിച്ചത്.

"ഇന്നലെയിവൾ പിച്ചക്കാരി
നഗ്നമാം ശുഷ്ക
നെഞ്ഞുമായ് വെനിലത്തു
മയങ്ങിക്കിടന്നവൾ
കണ്ണീരും വരണ്ടവൾ
ആർക്കുമേ വേണ്ടാത്തവൾ

ഖിന്നയായനാഥയായ്
ഭ്രാന്തിയായലഞ്ഞവൾ
ഇവളെയിതു മട്ടിൽ
മോഹിനിയാക്കി പ്രേമ
വതിയായ് മാറ്റിത്തീർത്ത
താരുടെ മായാചിഞ്ചം?"[44]

അട്ടപ്പാടി മേഖലയിലേക്ക് കയറിവന്ന വികസനത്തിന്റെ ഭാഗമായുള്ള വന നശീകരണവും, കുടിയേറ്റങ്ങളുമാണ് അട്ടപ്പാടിയിലെ മണ്ണിനെ ശുഷ്കമാക്കിയത്. അട്ടപ്പാടിയുടെ പരിതാപകരമായ അവസ്ഥയെ തീരാദുഃഖം പേറുന്ന ഒരു പെൺകിടാവിന്റെ മനോനിലയിലൂടെയാണ് കവിതയിൽ നിലനിർത്തപ്പെടുന്നത്. എങ്കിലും സാമൂഹികമായ ഈ അധമാവസ്ഥയെ പൂർണമായും കവിത പ്രശ്നവത്കരിക്കുന്നില്ല. കവിതയുടെ ആന്തരികപരിസരത്തിലേക്ക് ഒരു പ്രേമസാന്നിധ്യത്തെ കൊണ്ടുവന്ന് അട്ടപ്പാടിയെന്ന പെൺകിടാവിനെ സ്വപ്നതുല്യമായ ഒരു മായികാവസ്ഥയിലെത്തിച്ച് കവയിത്രി പിൻമാറുന്നു.

"വിരലാലോടപ്പുല്ലു
തഴുകുന്നവൻ, ലോക
മിതു നാളോളം കണ്ട
രാഗികൾക്കെല്ലാം മുമ്പൻ!...
അവനല്ലയോ മൂക
മോർത്തോർത്തു തപിക്കുമീ
മരുവിൻ വസന്തമായ്
പെയ്തിറങ്ങിയതേവം!
അപ്പൊഴേ കുളുർത്തു പു
ത്തിരുണ്ടു തഴച്ചാകെ
പ്പച്ചയായ് സൗഭാഗ്യമായ്
ആർദ്രയായിവൾ മാറീ."[45]

'ആദിവാസി സാക്ഷരത' എന്ന കവിതയിലും അരികുവത്ക്കരിക്കപ്പെടുന്ന

കവിത വിഷയമാകുന്നുണ്ട്. 'ആദിവാസിസാക്ഷരത' എന്ന കവിതയിൽ കവയിത്രി ആദിവാസി ജനതയുടെ പക്ഷത്ത് നിന്നുകൊണ്ട് പ്രതിസ്ഥാനത്ത് നിർത്തുന്നത് വികസനത്തിന്റെ പേരിൽ കാടുകയറിയ നാട്ടുപ്രമാണിമാരെയാണ് ആദിവാസി വിഭാഗത്തിന്റെ വിശ്വാസങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും മണ്ണിനെയും പെണ്ണിനെയും നശിപ്പിച്ചത് ഈ നാട്ടുവാസികളാണ്. 'രാശാക്കൾ' എന്നാണ് കവിതയിൽ ഇവരെ സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ആദിവാസി മേഖലയിലേയ്ക്കുള്ള കുടിയേറ്റത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ആദിവാസി ഭൂമിയിലെ തോട്ടവത്കരണവും, നാണ്യവിളകളിലേയ്ക്കുള്ള മാറ്റവും, സർക്കാർ ജലവൈദ്യുത പദ്ധതികളുടെ കടന്നുവരവും, വന്യജീവിസങ്കേതങ്ങളുടെ രൂപീകരണവും ആദിവാസി സമൂഹങ്ങളെ അവരുടെ ആവാസസ്ഥാനങ്ങളിൽനിന്ന് ആട്ടിയകറ്റി. ആദിവാസിയുടെ ഭൂമിയിൽ വൻകിട റിസോർട്ടുകളും വിദ്യാഭ്യാസസ്ഥാപനങ്ങളും ആരാധനാലയങ്ങളും ഉയർന്നു. ഭൂരഹിതരായ ആദിവാസികളുടെ ജീവിതം കൂടുതൽ അരക്ഷിതാവസ്ഥകളിലേയ്ക്ക് നീങ്ങി. ആദിവാസി സമൂഹത്തിനകത്തെ സാമ്പത്തികഭദ്രതയില്ലായ്മയും അരക്ഷിതാവസ്ഥകളും സ്ത്രീകളുൾപ്പെടെയുള്ള ആദിവാസിസമൂഹത്തെ കുടിയേറ്റക്കാരുടെ ലൈംഗികാതിക്രമങ്ങൾ ഉൾപ്പെടെയുള്ള പീഡനങ്ങൾക്ക് ഇരയാക്കി. അതോടൊപ്പം സാക്ഷരത, അന്വേഷണക്കമ്മീഷൻ തുടങ്ങി സർക്കാർപദ്ധതികളുമായി വന്നവരും നിയമപാലകരും ആദിവാസി സ്ത്രീസമൂഹത്തിനെ ലൈംഗികമായി കീഴ്പ്പെടുത്തി. ഇത് അവിവാഹിതകളായ ഒരു പറ്റം അമ്മമാരെ സൃഷ്ടിച്ചു.[46]

തൊണ്ണൂറുകളിലാണ് ആദിവാസിസ്ത്രീകൾ നേരിടുന്ന ഈ പ്രശ്നങ്ങൾ ചർച്ചാവിഷയമായത് 'അവിവാഹിതരായ അമ്മമാർ' എന്ന പ്രയോഗത്തിന് പിന്നിലെ ധാർമികതയെ സി.എസ്.ചന്ദ്രിക വിശദീകരിക്കുന്നത് ഇപ്രകാരമാണ്.

"കേരളത്തിലെ പ്രധാന ആദിവാസിമേഖലകളായ വയനാട്ടിലും അട്ടപ്പാടിയിലും പതിനൊന്ന് വയസ്സു തൊട്ടുള്ള പെൺകുഞ്ഞുങ്ങൾ വരെ അമ്മമാരായിട്ടുണ്ട്. ഈ കുഞ്ഞിനെയാണ് കേരളസമൂഹം വളരെ സ്വാഭാവികമായി അവിവാഹിതയായ അമ്മയെന്ന് വിളിച്ച് അംഗീകരിക്കുന്നത്. ഈ അംഗീകാരം മലയാളികളുടെ മാന്യവും സ്വതന്ത്രവുമായി വികസിച്ച സദാചാരബോധം കൊണ്ടല്ല, മറിച്ച് സ്ഥാപനവത്കരിച്ചുവെച്ചിട്ടുള്ള ഒരു മാതൃത്വസങ്കല്പത്തിലേക്ക് സദാചാര

വിരുദ്ധം എന്നോർമിപ്പിക്കുന്ന ഒരു വിശേഷണം കൂടി ചേർത്ത് ഈ പെൺകുട്ടികളെ പ്രത്യേകം പ്രദർശിപ്പിക്കുകയാണ്. ആദിവാസി സ്ത്രീകളെ ചൂഷണം ചെയ്യുന്നതും അവരെ 'അവിവാഹിതയായ അമ്മ' എന്ന് അംഗീകരിക്കുന്നതും ആദിവാസികളല്ലാത്ത നാഗരികരും പരിഷ്കൃതരുമായ പൊതുസമൂഹമാണ്."[47]

ആദിവാസി സമൂഹത്തിന് വികസനത്തിന്റെ പേരിൽ നിരന്തരം നേരിടേണ്ടി വന്ന ഈ അരാജകത്വങ്ങളെയാണ് ആദിവാസി സാക്ഷരത' എന്ന കവിത അനാവരണം ചെയ്യുന്നത്.

"കാടുനാടായതും കാട്ടാറു ചത്തതും
കാട്ടാന ചീഞ്ഞതും കണ്ട ഞങ്ങൾ
മണ്ണു മുടിഞ്ഞതും പെണ്ണു പെഴച്ചതും
കണ്ണുകൾ കല്ലച്ചു കണ്ട ഞങ്ങൾ
മണ്ണു മുടിഞ്ഞതും പെണ്ണു പെഴച്ചതും
കണ്ണുകൾ കല്ലച്ചു കണ്ട ഞങ്ങൾ
ഇവിടെപ്പടിഞ്ഞിരുന്നോർക്കയാണേ
ഇനിയും പടിപ്പിക്കാനെത്തും പോലും!" [48]

അപരിഷ്കൃതവും അപരിഹാര്യവുമായ ജീവിതസാഹചര്യങ്ങളിൽ കാലങ്ങളെ പിന്നിടുന്ന ഈ വിഭാഗത്തിനോട് പക്ഷെ സുഗതകുമാരിക്ക് പറയാനുള്ളത് പ്രണയത്തിന്റെ സ്വച്ഛതയുമായി കടന്ന് വന്ന് ഭൂമിയെ പച്ചപ്പുകൊണ്ട് മൂടി കടന്നു പോകുന്ന ഒരു രാഗമൂർത്തിയെക്കുറിച്ചാണ്.

"ഇനിയും വരൾച്ചയാ
ണെങ്കിലെ, ന്തൊരിക്കൽ നീ
നുകർന്നീലയോ വീണ്ടും
പ്രേമത്തിൽ മധു,
സഖീ!"[49]

ഇവിടെ 'സഖി' എന്ന് അഭിസംബോധന ചെയ്യുന്നത് അട്ടപ്പാടിയിലെ പ്രകൃതിയെയാണ്. ശരീരവും മനസും നഷ്ടപ്പെട്ട ആദിവാസി യുവതിയെയാണ്. സുഗതകുമാരിയുടെ പ്രകൃതിപക്ഷ കവിതകളിലെ സങ്കീർണമായ സാമൂഹികതയെ

ഇത്തരത്തിൽ പ്രണയംകൊണ്ട്, സ്നേഹം കൊണ്ട് മറികടക്കുന്നതുകൊണ്ടാണ് സുഗതകുമാരിക്കവിതകളിൽ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രത്യയശാസ്ത്രത്തെ ആരോപിക്കാൻ കഴിയാതെ പോകുന്നത്. അതുകൊണ്ട് തന്നെ സുഗതകുമാരികവിത കളിലെ മാനവികതയോട് ചേർത്തുകൊണ്ട് മാത്രമെ ഈ കവിതകളിലെ വിമോചന സങ്കല്പത്തെ വിലയിരുത്താൻ കഴിയുകയുള്ളു.

4.1.2 സുഗതകുമാരിയുടെ കവിതയും വിമോചനസങ്കല്പവും

സുഗതകുമാരി കവിതയുടെ സവിശേഷത അപരങ്ങളെ പരങ്ങളായി തന്നിലേക്ക് വ്യാപിപ്പിക്കുന്നു എന്നുള്ളതാണ്. സുഗതകുമാരി കവിതയുടെ ആഴവും പരപ്പും നിർണ്ണയിക്കുന്നതും അപരവത്കരിക്കപ്പെടുന്ന പരങ്ങളുമായുള്ള ഈ തന്മയീഭാവമാണ്. മുറിവേൽക്കുന്ന പക്ഷിയും നായയും ആനയും ഉൾപ്പെടുന്ന ജൈവസമൂഹവും പീഡിപ്പിക്കപ്പെടുന്ന സ്ത്രീസമൂഹവും സുഗതകുമാരിയുടെ കവിതകളിൽ കടന്നുവരു ന്നതിന്റെ കാരണം സ്നേഹത്തിലധിഷ്ഠിതമായ ഈ തന്മയീഭാവമാണ്. മലിനമായ കാറ്റി ന്റെയും കടലിന്റെയും വിഷാദത്തെ കവി ഏറ്റെടുക്കുന്നുണ്ട്.

"ഈ മഴക്കാറും കുട്ടി-
ക്കളിമാറാത്തീക്കാറ്റു
മീ നീലക്കടലിന്റെ
ദുഃഖവുമെന്റേതല്ലോ"[50]

പ്രകൃതിയിലേക്ക് സ്വയം ഇറങ്ങിച്ചെന്ന് ഗാനമായി മാറുകയാണ് സുഗതകുമാരി. സ്നേഹമായി, മുറിവേൽക്കുന്ന പ്രകൃതിയുമായി ചേരുകയാണ് സുഗതകുമാരി കവിതകൾ. സഹജാവബോധമാണ് ഈ കവിതകളെ രൂപപ്പെടുത്തുന്നത്.

"അവളോടൊപ്പം വാടി-
ക്കരിഞ്ഞ മണ്ണിൽ പൊള്ളും
കരളിൽ പുതിയൊരു
ജീവിതമുണർത്തുമ്പോൾ
പുല്ലായി, നാമ്പായി പുതു
പൂവുകളായി, പ്പൊന്നിൻ
നെല്ലായി, മരങ്ങളായ്

തണലായ്, കനിയായി
നൂറു ചോലകളായി.
ക്കായലായ്, കടലായി
മാറുമീത്തെളിനീരിൻ
ഗാനമായ്ത്തീരുന്നു ഞാൻ."[51]

'ആന' എന്ന കവിതയിൽ സ്വന്തം ആവാസവ്യവസ്ഥയിൽനിന്ന് അകറ്റിയ ആനയ്ക്ക് നേരിടേണ്ടിവന്ന പീഡനങ്ങളെയാണ് ഒന്നൊഴിയാതെ വിവരിക്കുന്നത്. രാത്രിയും പകലും അദ്ധ്വാനിക്കേണ്ടിവരുന്ന ഈ മൃഗത്തിന് ഇഷ്ടദൈവത്തിന് മുൻപിൽ തിടമ്പേറ്റി നിൽക്കുമ്പോഴും കണ്ണീരൊഴുക്കാനെ കഴിയുന്നുള്ളൂ. ആനയുടെ ഈ ദുഃസ്ഥിതിയിൽ ചത്ത മരംപോലും സങ്കടപ്പെടുന്നുണ്ട്.

"അടി! പിന്നെയും നിന്നുപോകുന്നു...
വീണ്ടും വീണ്ടു
മടി! പൊക്കിളിൽ തോട്ടി
മുനയാൽ കൊളുത്തവേ
പിടയുന്നത്യുച്ചത്തിലാർക്കുന്നു
മഹാഗജം!
കുത്തുകൾ വീണ്ടു വീണ്ടുമേൽക്കുന്നു
ക്കാലിൽ, പിട
ഞ്ഞൊത്തിയും, തുമ്പിക്കയ്യാൽ
ചുറ്റിയും, വൻ നെറ്റിയാൽ
തെറ്റുമ്പോളിടയ്ക്കിടെത്താങ്ങിയു
മിറക്കുന്നു
ഉൽക്കടം ഭാരം! താങ്ങാൻ വയ്യ
വീണും പോം... വയ്യ!
ചത്തൊരാ മരം മൂകം മൊഴിവു,
"കുഞ്ഞേ നീയും
ചത്തിരുന്നെങ്കിൽ; കാണാർ
വയ്യേ നിൻ മഹാദുഃഖം."[52]

ഇവിടെ ആനയുടെ വേദന വായനക്കാരനിൽ സ്വവേദനയായി മാറുന്നു. എഴുത്തുകാരിയെ മറികടന്ന് വായനക്കാരന്റെ സ്നേഹവായ്പ് ഈ മൃഗത്തിലേയ്ക്കെത്തുന്നു. ആനയ്ക്ക് വേണ്ടിയുള്ള ധാർമികരോഷത്തേക്കാൾ കവിതയിൽ ഉയർന്ന് നില്ക്കുന്നത് ആനയുടെ ദയനീയവേദനയാണ്. ആനയുടെ കേവലമായ അനുഭവം അങ്ങിനെ കവിതയുടെ സവിശേഷപരിസരത്തിൽ സഹിഷ്ണുതയോടെ സ്നേഹ വായ്പോടെ പുനഃസൃഷ്ടിക്കപ്പെടുന്നു.

'ഏറ്റേറ്റ നായ', 'അഭയാർത്ഥിനി', 'നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു?' എന്നീ കവിതകളെല്ലാം സമാനമായ വായനാനുഭവത്തെ ഉൾക്കൊള്ളുന്നവയാണ്. 'അഭയാർത്ഥിനി' എന്ന കവിതയിൽ ചിതറിയ മുടിയും കീറിപ്പറിഞ്ഞ വസ്ത്രവുമായി തന്റെ മുന്നിൽ ഭിക്ഷയാചിച്ചെത്തിയ അന്യദേശക്കാരിയായ പിഞ്ചുബാലികയോടാണ് കവയിത്രി തന്റെ ആത്മാംശത്തെ ചേർത്ത്വെക്കുന്നത്.

"ലജ്ജ തോന്നിപ്പോ,യെന്റെ
സോദരി, നിന്നോടൊപ്പം
ദുഃഖിതമാണെൻ സ്നേഹ-
പൂർണ്ണമാം മനുഷ്യത്വം,
ഹൃത്തിനാൽ പുണരട്ടേ
നിന്നെ ഞാൻ, കരത്താല-
ല്ലത്രയുന്നതമല്ലോ നിന്ദ്യ-
മെൻ മനുഷ്യത്വം!."[53]

'ചുടുന്ന നെഞ്ഞുമായ്' എന്ന കവിതയിൽ മാനവികതയുടെ ഈ അപചയത്തെ ഗുജറാത്തിൽ രാഷ്ട്രീയപരമായും മതപരമായും നടന്ന കാലാപങ്ങളുടെയും, ഭൂകമ്പത്തിന്റെയും പരിസരത്തിലാണ് കവയിത്രി ചുണ്ടികാണിക്കുന്നത്. കലാപത്തിൽ മതത്തിന്റെ പേരിൽ ക്രൂരമായ പീഡനത്തിനിരയാക്കപ്പെട്ട ഒരു ഗർഭിണിയായ യുവതിയാണ് ഈ കവിതയിലെ കേന്ദ്രബിന്ദു. തന്റെ മകനെത്തേടി മനോനിലതെറ്റിയലയുന്ന ഈ സ്ത്രീ കവിതയുടെ അവസാനം ഗുജറാത്ത് എന്ന സംസ്ഥാനത്തെ തന്നെ പ്രതിനിധീകരിക്കുന്നുണ്ട്. ഗുജറാത്തിൽനിന്ന് എത്തിയ മനോനില തെറ്റിയ ഈ യുവതിയെക്കുറിച്ച് സുഗതകുമാരിക്ക് ഇങ്ങനെ മാത്രമെ എഴുതാൻ കഴിയുന്നുള്ളു.

"ഇവന്റെയമ്മ, ഭൂകമ്പം
കുലുക്കിത്തൂത്തെറിഞ്ഞവൾ
അതിനെക്കാൾ മഹാഘോരം
ധർമ്മ കമ്പമറിഞ്ഞവൾ
ഇവന്റെയമ്മയാൾക്കൂട്ടം
കാർന്നു തുപ്പിയെറിഞ്ഞവൾ
'അരുതേയരുതേ'യെന്നു
ചത്തിട്ടും വിളികൂട്ടിയോൾ."[54]

ഇത്തരത്തിൽ തനിക്ക് ചുറ്റുമുള്ള ലോകത്തിന്റെ കെടുതികളെ പകർത്തിക്കൊണ്ട് തന്റെ സർഗഭാവനയിലൂടെ സ്നേഹാധിഷ്ഠിതമായ ഒരു കാവ്യമേഖല സൃഷ്ടിക്കുകയാണ് സുഗതകുമാരി ചെയ്യുന്നത്. ഈ കാവ്യമേഖലയുടെ രൂപപ്പെടലിനെ ആത്മവേദനയുടെ അകൃത്രിമമായ പ്രവാഹമായിട്ടാണ് കെ.പി.ശങ്കരൻ അടയാളപ്പെടുത്തുന്നത്.[55] ഈ കാവ്യമേഖലയുടെ സൃഷ്ടിയിലൂടെ സ്നേഹാധിഷ്ഠിതമായ ഒരു ലോകത്തെയാണ് കവയിത്രി വിഭാവനം ചെയ്യുന്നത്.

"ഈ മണ്ണിലെ പൂവും പുൽനാമ്പും മുതൽ പീഡിത മനുഷ്യർവരെയുൾക്കൊള്ളുന്ന ഒരു വിശാല സൗഭ്രാത്രത്തിനു നടുവിൽ സ്വയം ഇടം തേടുകയും അവിടെയിരുന്നുകൊണ്ട് അപാരതയെ നോക്കി സ്നേഹാതുരമായി പാടുകയും ചെയ്യുന്ന ഈ കവയിത്രി സസ്യജന്തു മനുഷ്യപ്രകൃതികളുടെ പ്രഗാഢമായ പാരസ്പര്യം പരമശോഭമാക്കുന്ന ഒരു ലോകത്തെ സ്വപ്നം കാണുന്നു"[56]

സാർവലൗകികമായ സ്നേഹത്തിലധിഷ്ഠിതമായ ഈ കാവ്യലോകത്തിന്റെ പരിണതി പതിതരുടെ സാമൂഹികവിമോചനത്തിലൂന്നികൊണ്ടുള്ള കവയിത്രിയുടെ കർമമേഖലയിലേയ്ക്കായിരിക്കുമെന്ന് എൻ.വി. കൃഷ്ണവാര്യർ 'പാവം മാനവഹൃദയം' എന്ന കൃതിയുടെ അവതാരികയിൽ സൂചിപ്പിക്കുന്നുണ്ട്.

"അരോഗവും ബലിഷ്ഠവുമായ ഈ സ്നേഹദർശനം എന്റെ ഹൃദയതന്ത്രികളെ ഉത്തരളിതങ്ങളാക്കുന്നു. ഈ ദർശനവുമായി മുന്നോട്ടു പോകുന്ന ആരും എത്തിച്ചേരുക സാമൂഹ്യമോചനത്തെ പാര്യന്തികലക്ഷ്യമായിക്കാണുന്ന കർമയോഗത്തിന്റെ ദർശനത്തിലാണെന്ന് എനിക്ക് ദൃഢമായ വിശ്വാസമുണ്ട്."[57]

സുഗതകുമാരിയുടെ കവിതകളിലെ സാമൂഹ്യവിമർശനം ഈ സ്നേഹനിഷ്ഠയുടെ മറുപുറമാണ്. പീഡിപ്പിക്കപ്പെടുന്ന സ്ത്രീ, പ്രകൃതി, ദളിത്സത്തകളുമായി ഐക്യപ്പെട്ടുകൊണ്ടാണ് ഇത് സാധിക്കുന്നത്. സുഗതകുമാരിയെ സംബന്ധിച്ചിടത്തോളം പ്രകൃതിയും സ്ത്രീയും ഒന്നാണ്. ഏറ്റവും കൂടുതൽ സഹിക്കുന്നവരും വേദനിക്കുന്നവരും സ്നേഹിക്കുന്നവരുമാണ്.[58] സുഗതകുമാരികവിതകളിൽ സ്ത്രീക്കും പ്രകൃതിക്കും ഒരേമുഖവും ശരീരവുമാണ്. യഥാർത്ഥത്തിൽ പ്രകൃതിക്ക് സ്ത്രൈണ ശരീരത്തെ നല്കികൊണ്ട് രണ്ട് സ്വത്വങ്ങളും അനുഭവിക്കുന്ന ദൈന്യതയെ ആവേദകരിൽ തീവ്രതയോടെ എത്തിക്കുകയാണ് സുഗതകുമാരി തന്റെ കവിതകളിലൂടെ ചെയ്യുന്നത്. ഫലത്തിൽ സ്ത്രീയും പ്രകൃതിയും നിലനില്ക്കുന്ന അനാരോഗ്യകരമായ സാമൂഹ്യാവസ്ഥയെ അനാവരണം ചെയ്യുന്നു. പക്ഷെ ഈ വ്യവസ്ഥിതിയെ നിലനിർത്തുന്ന മനോഭാവങ്ങളെ ലിംഗകേന്ദ്രീകൃത നയങ്ങളെ കവിത വിമർശനാത്മകമായി സമീപിക്കുന്നില്ല.[59] 'വിധി'എന്ന കവിതയിൽ മുടിയഴിഞ്ഞ് പാറിയും ഉടയാടകീറിപ്പറിഞ്ഞും കരഞ്ഞും ക്രുദ്ധയായും എത്തുന്ന ഒരു യുവതിയെ അവതരിപ്പിക്കുന്നുണ്ട്. ഈ യുവതിയുടെ ചിത്രം പ്രത്യക്ഷത്തിൽ ഓർമ്മപ്പെടുത്തുന്നത് ആദിവാസി സ്ത്രീസമൂഹത്തിന്റെ ദുരവസ്ഥയാണ്. വികസനത്തിന്റെ പേരിൽ ആദിവാസിസമൂഹത്തിലേയ്ക്ക് കടന്ന് കയറുന്നവരും, കഞ്ചാവിനും മയക്കുമരുന്നിനും കീഴ്പ്പെടുന്നവരും, ക്രൂരമായ ബലാൽസംഗത്തിനിരയാക്കുന്ന 'മരുത'യെപ്പോലുള്ള ആദിവാസി സ്ത്രീകളുടെ ജീവിതപരിസരത്തിലേക്കാണ് ഈ കവിതയുടെ ആദ്യഘട്ടം നമ്മെ കൊണ്ടുപോവുക. ഭൂമിയും സ്ത്രീയും നേരിടുന്ന ഇത്തരത്തിലുള്ള അതിക്രമങ്ങൾക്ക് നേരെയുള്ള പ്രതിരോധമായിട്ടാണ് ശാരദക്കുട്ടി ഈ കവിതയെ വിലയിരുത്തുന്നത്.

"അവൾ ഭൂമിയാണ്. ക്ഷമയും സർവംസഹയുമായ് സ്വന്തം അച്ചുതണ്ടിൽ സ്വയംകറങ്ങുന്നതോടൊപ്പം സൂര്യതേജസ്സുള്ളിൽ വഹിച്ച് സൂര്യനെയും വലംവയ്ക്കേണ്ടവൾ, അവൾ സ്ത്രീയാകുന്നു. ഭൂമിയും സ്ത്രീയും നേരിടുന്ന സമാനാനുഭവങ്ങളുടെ നേർക്കുള്ള അതിശക്തമായ ഒരാക്രോശമാണ് ഈ കവിത."[60]

എന്നാൽ പ്രകൃതിയുടെയും സ്ത്രീയുടെയും ദുരവസ്ഥയ്ക്ക് കാരണമായി സുഗതകുമാരി ചൂണ്ടികാണിക്കുന്നത് ഭൂമിയുടെ തന്നെ പൊൻമകനെയാണ്. പക്ഷെ നിസ്സാഹായവസ്ഥ നിൽക്കുമ്പോഴും ഈ പൊൻമകൻ ഭൂമിക്ക് കിരീടമായാണ് വിലയിരുത്തപ്പെടുന്നത്.

"പ്രതിയാര്? ചോദ്യം
ജ്വലിച്ചുയരുന്നു
ഇടിനാദം പിന്നിൽ
ഇരമ്പി നില്ക്കുന്നു
ചൊരിയും കണ്ണീരോ
ടവൾ പറയുന്നു
'പ്രതിയൊരാൾ മാത്രം,
അവനെൻ പൊന്മകൻ
അവനെനിക്കെന്നും
കിരീടമാണെന്നാൽ
അവനെനിക്കിന്നു
മരണമാണല്ലോ"[61]

മക്കളുടെ പാപഭാരത്തെ സഹിക്കേണ്ടവളാണ് അമ്മ എന്ന പൗരാണിക സ്ത്രീസങ്കല്പമാണിവിടെയും പ്രയോജനപ്പെടുത്തുന്നത്. ഭൂമിക്ക് ക്ഷമ, സർവംസഹ എന്നീ പേരുകൾ നൽകുന്നതോടെ തന്റെ പുത്രരുടെ ചെയ്തികളെ പരോക്ഷമായി ന്യായീകരിക്കുന്നു. പക്ഷെ ഈ തെറ്റുകളെ തിരുത്താനുള്ള ശ്രമം കവിതയിലെങ്ങും കാണുന്നില്ല. കവിതയുടെ ആദ്യഘട്ടത്തിലെ പ്രതിരോധത്തിന് ശേഷം പിന്നീട് കവിതയിൽ വെളിപ്പെടുത്തുന്നത് ഈ പൊന്നോമനപുത്രന്റെ ചെയ്തികൾകൊണ്ട് ഭൂമിയിൽനിന്ന് തുടച്ച് നീക്കപ്പെട്ട ജീവിവിഭാഗങ്ങളെയാണ്. വിഷം തീണ്ടി മരിച്ചവർ മുതൽ കൊടുംതീയിൽ ചുട്ടെരിച്ചവർ, ശബ്ദം നഷ്ടപ്പെട്ടവർ, മൊഴിയില്ലാത്തവർ, കാലിൽ വ്രണങ്ങളുമായി ഭാരം വലിക്കുന്നവർ, അറവുശാലയിലേക്ക് ആട്ടിയോടിക്കപ്പെടുന്നവർ, വികസിത സമൂഹത്തിന്റെ ആഡംബര ജീവിതത്തിനുവേണ്ടി തോലുരിക്കപ്പെട്ടവർ എന്നിങ്ങനെ മനുഷ്യനും ഇതരജീവിസമൂഹങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ നീണ്ടനിര.

സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ട് സഹജാവബോധത്തോടെ ഭൂമിയിലെ ജീവിവർഗത്തിന്റെ പരിതാപകരമായ അവസ്ഥയെ ബോധ്യപ്പെടുത്തുകയാണ് കവയിത്രി ഈ വരികളിലൂടെ ചെയ്യുന്നത്. ഒരു വിമോചനശബ്ദത്തെ കവിത ഈ ഘട്ടങ്ങളിലൊന്നും പ്രകടിപ്പിക്കുന്നില്ല. അവരവർ ചെയ്യുന്നതിന്റെ ഫലങ്ങൾ സന്തതിപരമ്പരകൾ

അനുഭവിക്കേണ്ടി വരും എന്ന സമൂഹത്തിന്റെ പൂർവപരമായ വിശ്വാസത്തെയാണ് കവിതയുടെ അവസാനഘട്ടം മുന്നോട്ട് വെക്കുന്നത്. അതുകൊണ്ടുതന്നെ പ്രത്യയശാസ്ത്രപരമായി പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പരിപ്രേക്ഷ്യത്തിലേയ്ക്ക് ഈ കവിതയെ നീക്കിനിർത്താൻ കഴിയില്ല. കവിത ബാഹ്യമായി സ്ത്രീ, പ്രകൃതിപക്ഷത്ത് നിലയുറപ്പിക്കുമ്പോഴും ആന്തരികമായി മാതൃത്വത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ലിംഗകേന്ദ്രീകൃത സമൂഹത്തിന്റെ ധാരണകളെയാണ് പിൻതുടരുന്നത്. പാരിസ്ഥിതിക സ്ത്രീവാദം, സ്ത്രീയും പ്രകൃതിയും അനുഭവിക്കുന്ന അതിക്രമങ്ങളുടെ ലിംഗകേന്ദ്രീകൃത കാരണങ്ങളെ വിശകലനം ചെയ്തുകൊണ്ടാണ് മുന്നോട്ടു പോകുന്നത്. സുഗതകുമാരിയുടെ കവിത തനിക്ക് ചുറ്റുമുള്ള ലോകത്തിന്റെ പരിതസ്ഥിതികളെ ആത്മഭാവത്തെ കലർത്തി പകർത്തിയെഴുതുകയാണ് ചെയ്യുന്നത്. നിലവിലുള്ള സാമൂഹികാധികാരങ്ങൾക്ക് പിന്നിലെ ലിംഗകേന്ദ്രീകൃത മനോഭാവങ്ങളെ കവിത വിമർശനാത്മകമായി സമീപിക്കുന്നില്ല.

ആത്യന്തികമായി സ്ത്രീ കുടുംബത്തിലും സമൂഹത്തിലും സർവംസഹയായ ഭൂമിക്ക് തുല്യമായിരിക്കണം എന്ന കാഴ്ചപ്പാടാണ് സുഗതകുമാരി കവിതകൾ പിൻതുടരുന്നത്. അതോടൊപ്പം സ്വയം പുലർത്താനുള്ള തന്റേടവും അവൾ ആർജ്ജിച്ചിരിക്കണം. ഈ കാഴ്ചപ്പാടിന് പിന്നിൽ ആധുനിക കുടുംബത്തെ നിലനിർത്തുന്ന സവർണപരവും ലിംഗകേന്ദ്രീകൃതവുമായ മനോഭാവമാണ് പ്രവർത്തിക്കുന്നത്. ലിംഗകേന്ദ്രീകൃതപ്രത്യയശാസ്ത്രത്തെ നിലനിർത്തിക്കൊണ്ടുള്ള സാമൂഹ്യ പുരോഗതിയാണ് ആധുനികകുടുംബം സ്ത്രീക്ക് നല്കുന്നത്. സ്ത്രീക്ക് ഒരേ സമയം കുടുംബത്തിലും തൊഴിൽമേഖലയിലും തന്റെ പ്രാവീണ്യം തെളിയിക്കേണ്ടതുണ്ട്. ആഗോളവത്കരണത്തിന്റെ ഈ ഘട്ടത്തിലും സ്ത്രീകളുടെ ജീവിതം ഈ വൈരുദ്ധ്യത്തെ ഉൾക്കൊണ്ടാണ് മുന്നോട്ടു പോകുന്നത്.

സുഗതകുമാരി കവിതകളിൽ ഏറിയകൂറും വിഷയമാകുന്നത് സമൂഹത്തിലെ ലിംഗാധിപത്യത്തിന് ശാരീരികമായും മാനസികമായും കീഴ്പ്പെടുന്ന സ്ത്രീസമൂഹമാണ്.[62] ഇരയാക്കപ്പെടുന്ന സ്ത്രീയും പ്രകൃതിയുമായുള്ള താദാത്മ്യമാണ് സുഗതകുമാരിയുടെ കവിതയെ ജനകീയമാക്കുന്നത്. ഈ താദാത്മ്യത്തിന് സുഗതകുമാരിയെ പ്രാപ്തമാക്കിയത് സൈലന്റ് വാലിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളും തിരുവനന്തപുരം, തൃശൂർ ജില്ലകളിലെ മനോരോഗാശുപത്രിയിലെ അന്തേവാസികളായ മനോനില

തെറ്റിയ സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളുമാണ്. സുഗതകുമാരിയുടെ സാമൂഹ്യപ്രവർത്തനത്തിന്റെ രണ്ട് ഘട്ടങ്ങളാണിവ. പിന്നീട് വനിതാക്കമ്മീഷൻ അദ്ധ്യക്ഷ എന്ന നിലയിലും അഭയഗ്രാമം, അമ്മ, അഭയബാല, മിത്രബോധി എന്നിങ്ങനെയുള്ള സംഘടിതരൂപങ്ങളിലൂടെയും അശരണരായ സ്ത്രീസമൂഹത്തിനും പ്രകൃതിക്കും വേണ്ടി സുഗതകുമാരിയുടെ പ്രവർത്തനങ്ങൾ തുടർന്നു. തന്റെ കർമ്മമേഖലയിൽ സുഗതകുമാരിക്ക് പരിചയപ്പെടേണ്ടി വന്ന ആശ്രയമറ്റ സ്ത്രീസമൂഹത്തിന്റെ ജീവിതാനുഭവങ്ങളാകാം ഒരമ്മയായി കാവലാളായി കവിതയിലും ജീവിതത്തിലും സുഗതകുമാരിയെ നിലനിർത്തിയത്. വീടുകളിലും സമൂഹത്തിലും സ്ത്രീ ശാരീരികമായും മാനസികമായും കീഴടക്കപ്പെടുന്നുണ്ടെങ്കിലും സുഗതകുമാരി സ്ത്രീകളുടെ സുരക്ഷാകേന്ദ്രമായി കുടുംബത്തെ തന്നെയാണ് നോക്കിക്കാണുന്നത്. അതോടൊപ്പം സ്ത്രീയെ ശക്തിയുടെ പ്രതീകമായും കാണുന്നു. സുഗതകുമാരി എന്തുകൊണ്ട് ഒരു ഫെമിനിസ്റ്റ് ആവാതെപ്പോയി എന്നതിന് ടീച്ചറുടെ മറുപടി ഇപ്രകാരമാണ്.

"കുടുംബത്തെ വിശ്വസിക്കുന്നതുകൊണ്ടും കുടുംബബന്ധങ്ങളുടെ പവിത്രതയിൽ വിശ്വസിക്കുന്നതുകൊണ്ടും ആയിരിക്കാം. സ്ത്രീ ഒപ്പം നടക്കണമെന്നും ചവിട്ടിത്താഴ്ത്താൻ സമ്മതിക്കരുതെന്നുമാണ് എന്റെ കാഴ്ചപ്പാട്. ഇഷ്ടംപോലെ മാറ്റി മറിക്കാനാവാത്തതും മായ്ച്ച് കളയാനാവാത്തതുമായ പവിത്രമായ ഒന്നാണ് കുടുംബം എന്ന് ഞാനിപ്പോഴും വിശ്വസിക്കുന്നു. അപമാനിതയായി എല്ലാം സഹിച്ച് സ്ത്രീ കുടുംബം പുലർത്തണമെന്ന് പറയുന്നില്ല. അത്തരം ഘട്ടങ്ങളിൽ ബന്ധം പൊട്ടിച്ചു കളയുന്നതിനും ഞാനെതിരല്ല. പക്ഷെ, കുടുംബം എന്ന മഹത്തായ സുരക്ഷിത മണ്ഡലത്തെ ഞാൻ വിലമതിക്കുന്നു."[63]

സുഗതകുമാരി എന്ന കവയിത്രി സ്ഥാനപ്പെടുന്ന സാമൂഹ്യപരിസരം ഈ വരികളിൽ നിന്ന് വ്യക്തമാണ്. ഭാരതീയ സ്ത്രീസങ്കല്പത്തിനിണങ്ങിക്കൊണ്ടാണ് സുഗതകുമാരിയുടെ വ്യക്തിതലം നിലനിൽക്കുന്നത്.[64] സ്ത്രീപുരുഷ സമത്വത്തെ ഉൾവഹിക്കുന്ന കുടുംബങ്ങളെ സൃഷ്ടിച്ചുകൊണ്ടുള്ള സാമൂഹ്യനവീകരണത്തിനാണ് സുഗതകുമാരി പ്രാമുഖ്യം നല്കുന്നത്. ഈ സങ്കല്പത്തിന്റെ പ്രായോഗികപരിസരം ജാതി, വർഗ, ലിംഗ ചിന്തകൾക്ക് കീഴിലാണ് ഉള്ളത്. അതുകൊണ്ട് തന്നെ സ്ഥായിയായ മാറ്റത്തിന് സാമൂഹ്യമായ അപനിർമ്മിതി അനിവാര്യമാണ്. ഈ അപനിർമിതിയെ സാധ്യമാക്കുന്നതിനായി സുഗതകുമാരി കവിത യത്നിക്കുന്നില്ല.

പകരം സമൂഹത്തിനകത്തെ സ്ത്രീയുടെയും പ്രകൃതിയുടെയും ശോച്യാവസ്ഥയെ അക്കമിട്ട് നിരത്തുകയാണ് കവിത ചെയ്യുന്നത്. അതിനോടൊപ്പം കവിതയിൽ വിമോചനത്തിന്റെ സ്ഥാനം ഏറ്റെടുക്കുന്നത് ആരാധ്യരൂപമായ കൃഷ്ണനാണ്. ഒരേ സമയം ഭക്തിയുടെയും പ്രണയത്തിന്റെയും പുരുഷരൂപമാണ് കൃഷ്ണൻ. ഈ കൃഷ്ണന്റെ രാധയുടെ സ്ഥാനത്ത് സുഗതകുമാരി അസംഖ്യം അശരണരായ സ്ത്രീ സമൂഹത്തെ അണിനിരത്തുന്നു.

"തീരെ ദരിദ്രമെൻ നാട്ടിലെയേതൊരു
നാരിയും രാധികയല്ലിയുള്ളിൽ?
കാൽക്കലിരിക്കുന്ന കണ്ണന്റെ തൃക്കരം
കാലിൽ ചുവപ്പ് ചാർത്തുന്ന രാധ
ആ വലം തോളത്തു ചാരിനിന്നൊപ്പമായ്
കോലക്കുഴൽ പഠിക്കുന്ന രാധ
കണ്ണീരണിഞ്ഞ മിഴിയുമായ് കാണാത്ത
കണ്ണനെത്തേടി നടന്ന രാധ
ആമയമാറ്റുമസൂര്യനെപ്പാവമീ
ഭൂമിയെപ്പോൽ വലം വെച്ച രാധ
ഈ രാധയുള്ളിൽ പ്രതിഷ്ഠിതയാകയാൽ
തീരാത്ത തേടലാകുന്നു ജന്മം!"[65]

ഈ വരികളിൽ രാധയെടുക്കുന്ന സ്വാതന്ത്ര്യത്തിന് പിന്നിൽ പ്രണയവും ഭക്തിയുമാണ് ഉള്ളത്. ഈ സ്വാതന്ത്ര്യത്തിനെ മാറ്റിനിർത്തിയാൽ പുരുഷനെ ഭൂമിയെപ്പോലെ സർവംസഹയായി പിൻതുടരുന്ന സ്ത്രീയെയാണ് രാധയിലും കാണാൻ കഴിയുക. അതുകൊണ്ടാണ് രാധയുടെ ജീവിതം അപൂർണമായി, ഒരു തേടൽ മാത്രമായി അവശേഷിക്കുന്നത്. യഥാർത്ഥത്തിൽ നിത്യജീവിതത്തിലെ ദുരിതങ്ങളിൽ നിന്നുള്ള ഒരു സാധാരണസ്ത്രീയുടെ പലായനമാണ് രാധ എന്ന സങ്കല്പത്തെ നിലനിർത്തുന്നത്. ഈയർത്ഥത്തിൽ കൃഷ്ണൻ ഓരോ സ്ത്രീക്കും തങ്ങളുടെ ജീവിതത്തിലെ രക്ഷാപുരുഷനായിട്ടാണ് കവിതയിൽ അനുഭവപ്പെടുന്നത്. 'രാധയെവിടെ' എന്ന കവിതയിൽ ഈ ചിന്തയുടെ വികാസം കാണാവുന്നതാണ്.

"പാടത്തു കറ്റ മെതിച്ചുകൂട്ടുന്നോരു
പാവങ്ങൾ പെണ്ണുങ്ങൾ തൻ നിരയിൽ
കൂട്ടമായാടും തെളിച്ചു പോകുന്നോരു
നാട്ടിൻപുറപ്പെൺകിടാങ്ങൾ തന്നിൽ
വെള്ളിത്തളയിട്ടു മൺചുമക്കുന്നോരിൽ
വെള്ളം തിരഞ്ഞെത്തുമമ്മമാരിൽ
റാട്ടു കറക്കിത്തിരിതെറുക്കെപ്പഴം
പാട്ടൊന്നു പാടിയിരിക്കുവോരിൽ
തേയില നുള്ളിത്തളരുവോരിൽ, വെയിൽ
തീയിൽ കരിങ്കല്ലുടയ്ക്കുവോരിൽ
എന്നുമടുക്കളച്ചൂടിൽ കരിഞ്ഞിടും
പെങ്ങളിൽ, കണ്ണീരടക്കുവോരിൽ
പാതിയുന്മാദത്തിലേതോ പുലമ്പിയീ
പ്പാതയിൽ തേടി നടക്കുവോരിൽ
എന്നുമുണ്ടായിരുന്നീലയോ രാധ? നാം
ഒന്നു നോക്കീടുകിൽ കണ്ടറിയും
ഈ മുഖമല്ലയോ നിൻ മുഖം? എൻ മുഖം?
ഈ മുഖം നിത്യവിരഹതപ്തം!."[66]

ഇത്തരത്തിൽ ജാതി, വർഗ, ലിംഗ ആധിപത്യങ്ങൾക്ക്, അധിനിവേശശക്തികൾക്ക് ഇരയാകുന്ന സ്ത്രീസമൂഹത്തിനുൾപ്പെടെ രാധയുടെ പരിവേഷം നൽകുന്നതിലൂടെ സുഗതകുമാരികവിത മുന്നോട്ട് വെക്കുന്ന സൂക്ഷ്മരാഷ്ട്രീയം സ്ത്രൈണപക്ഷത്തേക്കാൾ ആഭിമുഖ്യം പുലർത്തുന്നത് സവർണബന്ധിതമായ മോക്ഷസങ്കല്പത്തിനാണ്. അതുകൊണ്ടാണ് നിലവിലുള്ള സ്ത്രീസമൂഹത്തിന്റെ അരികുവത്ക്കരണങ്ങൾക്ക് ബദലായി പെൺമനം ഒരു രക്ഷാകേന്ദ്രത്തെ തേടിക്കൊണ്ടിരിക്കുന്നത്.

"ഇന്നീയിരുപതാം നൂറ്റാണ്ടിനന്ത്യമാം
ഖിന്നയാമത്തിലും വിസ്മയം പോൽ
എന്നുദിച്ചീടുമോ സൂര്യനെന്നോർത്തോർത്തു
വിങ്ങിക്കരങ്ങീടും ഭൂമിപോലെ

വന്നീല പൗർണ്ണമി, എങ്കിലും കൈനീട്ടി
വിണ്ണിനെപ്പുൽകും കടലുപോലെ
ഇന്ത്യതൻ പെൺമനം തേടുന്നു, നിത്യനാം
തിങ്കളെ, പ്രേമൈകമൂർത്തി തന്നെ!"[67]

സ്നേഹവും പ്രണയവും സുരക്ഷിതത്വബോധവും സ്വപ്നത്തിൽ മാത്രം അനുഭവിക്കുന്ന സ്ത്രീസമൂഹത്തിന്റെ അരക്ഷിതമായ ജീവിതസാഹചര്യങ്ങളാണ് 'രാധ' എന്ന സങ്കല്പം വീണ്ടും വീണ്ടും ശക്തിപ്പെടുത്തുന്നത്. വത്സൻ വാതുശ്ശേരി ഈ സാമൂഹികസാഹചര്യത്തെ വിശദീകരിക്കുന്നത് താഴെ ചേർക്കുന്നു.

"ഇന്ത്യൻ ഗാർഹിക സാഹചര്യത്തിൽ സ്ത്രീ അനുഭവിക്കുന്ന അവഗണനയിൽനിന്നും ഏകാന്തതയിൽനിന്നുമാണ് വാസ്തവത്തിൽ ഒരു രാധ ഉയർന്നുവരുന്നത്. അസംതൃപ്തമായ ഇന്ത്യൻ സ്ത്രീത്വത്തിന്റെ നിഗൂഢമായ ഉൾത്തടങ്ങളിൽ നിന്നുയർന്നുവരുന്ന മായിക കഥാപാത്രം. കൃഷ്ണകഥയിലെ രാധ ഈ അസംതൃപ്ത സ്ത്രീത്വത്തിന്റെ മൂർത്തരൂപമായി, അല്ലെങ്കിൽ മാതൃകയായി അവരോധിക്കപ്പെടുകയാണ്. ഇങ്ങനെ ഭാരതീയസ്ത്രീകൾ പ്രത്യക്ഷജീവിതത്തിൽ സീതയെ പിന്തുടരുമ്പോഴും ആന്തരികജീവിതത്തിൽ ഒരു രാധയെ സ്വകാര്യമായി നിലനിർത്തിപ്പോരുന്നുണ്ട്." [68]

സുഗതകുമാരിയുടെ കവിതയിലെ രാധ തന്റെ ഈ ജന്മത്തിലെ രക്ഷാകേന്ദ്രമായി കൃഷ്ണനെ ഏറ്റെടുത്തവളും അതിനായി പ്രണയപൂർവം ഭക്തിപുരസരം കൃഷ്ണനെ തേടുന്നവളുമാണ്. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സ്വരം അവരിൽനിന്ന് ഉയരുന്നില്ല. ഫലത്തിൽ സുഗതകുമാരിയുടെ കവിത പങ്കുവെക്കുന്ന വിമോചനസങ്കല്പം രണ്ട് അടിസ്ഥാനധാരകളെയാണ് ഉൾവഹിക്കുന്നത്. ഒന്ന് പ്രകൃതിയെ സൃഷ്ടി, സ്ഥിതി, സംഹാരങ്ങളുടെ ഇരിപ്പിടമായി കാണുന്ന ദ്രാവിഡ പാരമ്പര്യം. ഈ പാരമ്പര്യത്തിനനുസരിച്ച് പ്രകൃതിയെ സ്ത്രീയായി കവിതയിലും ജീവിതത്തിലും പരിചരിക്കുന്നതിനാൽ സ്ത്രീയിലും സൃഷ്ടിയും സ്ഥിതിയും സംഹാരശേഷിയും സങ്കല്പിക്കപ്പെടുന്നു. സ്ത്രീ കുടുംബത്തിൽ സമൂഹത്തിനകത്ത് തനിക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരെ ശക്തിയാർജ്ജിക്കണമെന്ന് എഴുതുമ്പോൾ കവയിത്രി പിൻതുടരുന്നത് പ്രകൃതിയെയും സ്ത്രീയെയും

സൃഷ്ടിയുടെയും സംഹാരത്തിന്റെയും കേന്ദ്രമായികാണുന്ന പൂർവ്വവിശ്വാസങ്ങളെയാണ്. എന്നാൽ, ചരിത്രപരമായി കുടുംബം പിൻതുടരുന്ന ലിംഗകേന്ദ്രീകൃത സ്വഭാവത്തെ, സ്ത്രീയുടെ സർവംസഹയായ അവസ്ഥയെ ഒന്നും തന്നെ കവിത എതിർക്കുന്നില്ല. അതുകൊണ്ട് തന്നെ സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ടുള്ള സാമൂഹ്യചിത്രണമാണ് സുഗതകുമാരികവിതകൾ നടത്തുന്നത്.

രണ്ടാമത്തേത് കവിതയ്ക്കകത്തെ കൃഷ്ണസങ്കല്പമാണ്. അധകൃതരായ സ്ത്രീസമൂഹത്തിന്റെയൊന്നാകെയുള്ള രക്ഷാസ്ഥാനമാണ് ഈ സങ്കല്പം. സ്വയം ദുരിതപൂർണമായ ജീവിതാവസ്ഥകളെ പരിത്യജിക്കുന്ന ഒരു രാധയെ നമുക്ക് ഈ കവിതകളിൽ കാണാൻ കഴിയില്ല. ലിംഗകേന്ദ്രീകൃതമായ ജീവിതപരിസരത്ത് നിന്നുകൊണ്ടുള്ള പെൺമനസ്സിന്റെ കാല്പനികമായ ആശ്വാസസ്ഥാനമായാണ് പലപ്പോഴും ഈ കൃഷ്ണസങ്കല്പം കടന്നുവരുന്നത്. ഒടുവിൽ ഈ കൃഷ്ണൻ ഓരോ രാധയ്ക്കും അപ്രാപ്യമായ ഒരു വിദൂരസങ്കല്പമായി അവശേഷിക്കുന്നിടത്ത് കവിതയ്ക്കകത്തെ വിമോചനസങ്കല്പം പിന്നിടെപ്പോഴോ സാധ്യമായേക്കാവുന്ന ഒന്നായി മാറുന്നു. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പരിപ്രേക്ഷ്യത്തിൽ ഈ കവിതകളെ ആശയപരമായി ഒതുക്കിനിർത്താൻ കഴിയില്ല. സ്ത്രീക്കും പ്രകൃതിക്കും വേണ്ടി ഒരു വിമോചനസങ്കല്പം ഈ കവിതകൾ മുന്നോട്ടുവെക്കുന്നില്ല. എന്നിരുന്നാലും സ്നേഹമാണ് ഈ കാവ്യധാരയുടെ അടിസ്ഥാനം.

കവയിത്രിയെ ആർദ്രമായ ഈ കാവ്യസപര്യയ്ക്ക് പ്രാപ്തയാക്കുന്നത് ആത്മനിഷ്ഠമായ സ്നേഹദർശനമാണ്. ഈ ദർശനമാണ് സാമൂഹ്യവിമർശനത്തിലൂന്നുന്ന രചനകളിൽ ഉത്ക്കടമായ സ്നേഹമായും ദയാവായ്പായും പ്രതിഷേധമായും വന്ന് നിറയുന്നത്. സാമൂഹ്യവിമോചനത്തിന്റെ നാൾ വഴികളിലേക്ക് കവിത സഞ്ചരിക്കുന്നില്ലെങ്കിലും സുഗതകുമാരി കവിത മുന്നോട്ടുവെക്കുന്ന രാഷ്ട്രീയം സ്നേഹത്തിന്റെയും സഹജാവബോധത്തിന്റേതുമാണ്. സഹജീവികളോടുള്ള സ്നേഹവും സഹജാവബോധവുമാണ് സാമൂഹ്യവിമോചനത്തെ മുൻനിർത്തിയിട്ടുള്ള ഏത് പ്രത്യയശാസ്ത്രത്തിന്റെയും അടിസ്ഥാനം. ഈയർത്ഥത്തിൽ പാരിസ്ഥിതിക സ്ത്രീവാദത്തിനേക്കാൾ കവിത അടുപ്പം പുലർത്തുന്നത് സാമൂഹിക പരിസ്ഥിതിവാദത്തോടാണ്.

കുറിപ്പുകൾ

1. ജീവൻ ജോബ് തോമസ്, "പുരുഷന്മാർ ബലാത്സംഗം ചെയ്യുന്നത് എന്തു കൊണ്ട്?". *ആണധികാരത്തിന്റെ ബലപ്രയോഗങ്ങൾ*, സമ്പാ. രാധാകൃഷ്ണൻ ചെറുവല്ലി (ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2013), പു.28.
2. സുഗതകുമാരി, 'രാത്രിമഴ', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.320.
3. ടി.പു.321.
4. ടി.പു.321.
5. സുഗതകുമാരി, 'എരുമ', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.373.
6. സുഗതകുമാരി,'കുറിപ്പ്', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.375.
7. സുഗതകുമാരി, 'തിരയെണ്ണൽ', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2006), പു.388.
8. പി.ലത,'ശാലീനതയുടെ സംഗീതം', *സാഹിത്യലോകം*, 8.3 (1983), പു.20.
9. സുഗതകുമാരി, 'നരകം', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.389.
10. സുഗതകുമാരി, 'ഇവൾക്കുമാത്രമായ്', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2006), പു.424.
11. സുഗതകുമാരി, 'ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.977.

12. ടി.പു.978.

13. ടി.പു.978.

14 സുഗതകുമാരി, 'പെൺകുഞ്ഞ് 90', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.675.

15. ഗീത, *സ്ത്രീ വിമോചനമെന്നാൽ മനുഷ്യവിമോചനം* (ദേശാഭിമാനി ബുക്ക് ഹൗസ്, തിരുവനന്തപുരം, 2000), പു.55.

16. പ്രവീണ കോടോത്ത്, 'വരന്റെ വില ഉയരുന്നു', വിവാഹ മോചനവും ലിംഗാധികാരവും കേരളത്തിൽ, *ആണരശുനാട്ടിലെ കാഴ്ചകൾ*, സമ്പാ. ജെ. ദേവിക (വിമൻസ് ഇംപ്രിന്റ്, തിരുവനന്തപുരം, 2006), പു.84.

17. സുഗതകുമാരി, 'ജെസ്സി', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു. 486.

18. സുഗതകുമാരി, 'പെൺകുഞ്ഞ് 90', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2006), പു.674.

19. ടി.പു.674.

20. സുഗതകുമാരി, 'പെൺകുഞ്ഞ് 90', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.676.

21. ടി.പു.675.

22. ടി.പു.675.

23. ടി.പു.676.

24. സുഗതകുമാരി, 'പിശാചവീഥി', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.815.

25. ഏംഗൾസ്, *കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം*. സമ്പാ. പി.എൻ. ദാമോദരൻപിള്ള (ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1979), പു. 39.

26. സുഗതകുമാരി, 'പിശാചവീഥി', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.815.

27. സുഗതകുമാരി, 'ഒരു പാചകക്കുറിപ്പ്', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.864.

28. സുഗതകുമാരി, 'ബാധയൊഴിക്കൽ', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.814.

29. ടി.പു.875.

30. ഡോ.എസ്.രാജശേഖരൻ, 'പരിസ്ഥിതി പ്രതിരോധത്തിന്റെ സ്ത്രൈണ മേഖലകൾ', *കാട്ടുകിളിയുടെ പാട്ട്*, സമ്പാ. പ്രൊഫ. ടോണിമാത്യു (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011), പു.133.

31. സുഗതകുമാരി, 'മരത്തിനുസ്തുതി', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2006), പു.502.

32. ടിപു.503.

33. സുഗതകുമാരി, 'കുറിഞ്ഞിപ്പൂക്കൾ', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.529.

34. ഭരതന്നൂർ ഷമീർ,'ആത്മവിചാരങ്ങൾ വിചാരണകൾ', *കാട്ടുകിളിയുടെ പാട്ട്*, സമ്പാ. പ്രൊഫ. ടോണിമാത്യു (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011), പു.532.

35. ടി.പു.531.

36. സുഗതകുമാരി, 'സൈലന്റ് വാലിയിൽ വീണ്ടും', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.938.

37. സുഗതകുമാരി, 'വീണ്ടും സൈലന്റ്വാലി', *സുഗതകുമാരി ഞാനും ഒരു കഴുകനാണ്* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2006), പു.37.

38. സുഗതകുമാരി, 'സൈലന്റ് വാലിയിൽ വീണ്ടും', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.938-939.

39. സുഗതകുമാരി, 'നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു', *സുഗതകുമാരി കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.542.

40. ടി.പു.542.

41. സുഗതകുമാരി, 'ഒരു പാട്ടു പിന്നെയും', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.569.

42. സുഗതകുമാരി, 'വനരോദനം', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.591.

43. ടി.പു.590-591.

44. സുഗതകുമാരി, 'തുലാവർഷപ്പച്ച', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2006), പു.615-616.

45. ടി.പു.616.

46. സി.എസ്.ചന്ദ്രിക, '*കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രം*' (കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ, 1998), പു.51.

47. ടി.പു.165.

48. സുഗതകുമാരി, 'ആദിവാസി സാക്ഷരത', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.819.

49. സുഗതകുമാരി, 'തുലാവർഷപ്പച്ച', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.617.

50. സുഗതകുമാരി, 'വർഷമയൂരം', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2006), പു.29.

51. സുഗതകുമാരി, 'അഭയാർത്ഥിനി', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.54.

52. സുഗതകുമാരി, 'ആന', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.665-666.

53. സുഗതകുമാരി, 'അഭയാർത്ഥിനി', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.57.

54. സുഗതകുമാരി, 'ചുടുന്ന നെഞ്ചുമായ്', സുഗതകുമാരിയുടെ കവിതകൾ (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.912.

55. കെ.പി.ശങ്കരൻ, 'അവതാരിക' കുറിഞ്ഞിപ്പൂക്കൾ, *സുഗതകുമാരിയുടെ കവിതകൾ*, 3-ാം പ. (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.521.

56. ഒ.എൻ.വി.കുറുപ്പ്, 'അവതാരിക' *സുഗതകുമാരിയുടെ കവിതകൾ* സമ്പൂർണ്ണം, 3-ാം പ. (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.4.

57. എൻ.വി.കൃഷ്ണവാര്യർ, 'അവതാരിക', പാവം മാനവഹൃദയം, *സുഗതകുമാരിയുടെ കവിതകൾ* 3-ാം പ. (ഡി.സി.ബുക്സ്, കോട്ടയം, 2006), പു.136.

58. ലളിതാലെനിൻ, 'തോൽക്കുന്ന യുദ്ധത്തിലെ തോൽക്കാത്ത പോരാളി', സുഗതകുമാരിയുമായുള്ള അഭിമുഖ സംഭാഷണം, *കാട്ടുകിളിയുടെ പാട്ട്*, സമ്പാ. പ്രൊഫ. ടോണി മാത്യു (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2011), പു.486.

59. സിബുമോടയിൽ, 'സുഗതകുമാരിക്കവിത ഒരു ശൈലിവിചാരം', കാട്ടുകിളിയുടെ പാട്ട്, സമ്പാ. പ്രൊഫ. ടോണി മാത്യു (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011), പു.263.

60. ഡോ.എസ്.ശാരദക്കുട്ടി, 'പാരിസ്ഥിതികപ്രജ്ഞയും കരുണയും സുഗതകുമാരിയിൽ', *കാട്ടുകിളിയുടെ പാട്ട്* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011), പുറം.117.

61. ടി.പു.867.

62. ഡോ.എസ്.രാജശേഖരൻ, 'പാരിസ്ഥിതിക പ്രതിരോധത്തിന്റെ സ്ത്രൈണ മേഖലകൾ', *കാട്ടുകിളിയുടെ പാട്ട്* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011), പുറം.131.

63. എ.കെ.അബ്ദുൽഹക്കീം, 'സൈലന്റ് വാലി എന്റെ സമരവാക്യം', *കാട്ടുകിളിയുടെ പാട്ട്*, സമ്പാ. പ്രൊഫ. ടോണി മാത്യൂ, (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011), പു.561.

64. പി.ലത,'ശാലീനതയുടെ സംഗീതം', *സാഹിത്യലോകം*, 8.3 (1983), പു.17-18.

65. സുഗതകുമാരി, 'ഒരു വൃന്ദാവനരംഗം', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പുറം.761.

66. സുഗതകുമാരി, 'രാധയെവിടെ', *സുഗതകുമാരിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പുറം.730.

67. ടി.പു 732.

68. വത്സലൻ വാതുശ്ശേരി, 'രാധ:പ്രണയിനിയും കലാപകാരിയും', *ഒറ്റയാന്മാരുടെ വഴി* (സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 2001), പു.100.

അദ്ധ്യായം 5
പാരിസ്ഥിതിക സ്ത്രീവാദവും വിജയലക്ഷ്മിക്കവിതകളും

പ്രകൃതിയും സ്ത്രീയും എക്കാലത്തും മാറിവരുന്ന ഉത്പാദനവ്യവസ്ഥിതിയുടെ വ്യാവഹാരിക രൂപങ്ങളായിട്ടാണ് നിലനിന്നിട്ടുള്ളത്. പുരുഷന് പ്രാമുഖ്യം നൽകിയിരുന്ന ഈ സാമൂഹികവ്യവഹാരങ്ങളിലെ പ്രകൃതിയുടെയും സ്ത്രീയുടെയും സ്ഥാനത്തെ വർഗപരമായും ലിംഗപരമായും വാണിജ്യപരമായും നിലനില്ക്കുന്ന അധീശശക്തികളുമായി ബന്ധപ്പെടുത്തിയാണ് വിജയലക്ഷ്മി അവതരിപ്പിക്കുന്നത്. സൂക്ഷ്മമായ അർത്ഥത്തിൽ കവിത നിലവിലുള്ള പിതൃകേന്ദ്രീകൃതവും ലിംഗകേന്ദ്രീകൃതവുമായ ലോകക്രമത്തെ ആധിപത്യത്തെ സ്ത്രീയിൽനിന്നും പ്രകൃതിയിൽനിന്നും വേർപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ആധുനിക മലയാളകവിതയിൽ പാരിസ്ഥിതിക സ്ത്രീവാദപരിപ്രേക്ഷ്യത്തോട് അടുപ്പം പുലർത്തുന്ന കവിതകളാണ് വിജയലക്ഷ്മിയുടേത്. ഈയർത്ഥത്തിൽ ആൺകോയ്മയെ വെളിപ്പെടുത്തുന്ന കവിതയ്ക്കകത്തെ പരിസരങ്ങളെയാണ് താഴെ വിലയിരുത്തുന്നത്.

5.1 പാരിസ്ഥിതിക സ്ത്രീവാദം - വിജയലക്ഷ്മി

വർഗപരമായും ലിംഗപരമായും പർശ്വവത്കരിക്കപ്പെടുന്ന ഒരു ജനസമൂഹം വിജയലക്ഷ്മിയുടെ കവിതകളിൽ എക്കാലത്തും സജീവമാണ്. ഈ ജനസമൂഹത്തിന്റെ ഉൾക്കാഴ്ചകളാണ് വിജയലക്ഷ്മിയുടെ കവിതകളെ പാരിസ്ഥിതിക സ്ത്രീവാദപ്രത്യയശാസ്ത്രത്തോട് അടുപ്പിക്കുന്നത്. വീടുകളിലും തൊഴിലിടങ്ങളിലും സ്വന്തം ഇടം നഷ്ടപ്പെടുന്നവരും സവർണപക്ഷത്ത് നിന്നുള്ള കീഴടക്കലുകളെ ഏറ്റുവാങ്ങുന്നവരുമായ പാർശ്വവത്കൃത ജനവിഭാഗമാണ് വിജയലക്ഷ്മിയുടെ കവിതയിൽ ഒരാൾക്കൂട്ടമായി നിറയുന്നത്. 'മൃഗശിക്ഷകൻ' എന്ന കവിതത്തന്നെ ദൃഷ്ടാന്തമാണ്. 'മൃഗശിക്ഷകൻ' എന്ന കവിത വായിക്കുമ്പോൾ ഉരുത്തിരിയുന്ന ആശയം വർഗ, ലിംഗ വിഭജനങ്ങളോട് ഇഴചേർന്നാണ് നിലനില്ക്കുന്നത്. 'മൃഗശിഷകൻ' എന്ന തലക്കെട്ട് തന്നെ ശിക്ഷകനെയും ശിക്ഷ ഏറ്റുവാങ്ങുന്ന വ്യക്തിയേയും ഉൾക്കൊള്ളുന്നുണ്ട്.

കവിതയിൽ ശാസനയും ചാട്ടവാറടിയും ഏറ്റുവാങ്ങുന്ന മൃഗം സ്ത്രൈണചേതനയിലാണ് സംവേദനം നിർവഹിക്കുന്നത്.അടിമ ഉടമ ബന്ധത്തിലൂന്നിക്കൊണ്ട് കവിത രണ്ട് കാലങ്ങളിലൂടെയാണ് സഞ്ചരിക്കുന്നത് ഒന്നാമത്തേത് അടിമയാക്കപ്പെടുന്നതിന് മുൻപുള്ള സ്വാതന്ത്ര്യത്തിന്റെ കാലം, രണ്ടാമത്തേത് ഉള്ളിൽ ഭയം ജനിപ്പിച്ച് മൃഗത്തെ കീഴ്പ്പെടുത്തിയ കാലം. ഭയമാണ് മൃഗത്തെ തന്റെ ശിക്ഷയ്ക്ക് അടിമപ്പെടുത്തിയത്. ഈ ഭയം തന്നെയാണ് അടിമവർഗത്തിൽനിന്ന് രക്ഷപ്പെടാൻ മൃഗത്തെ വിലക്കുന്നത്. മൃഗത്തിന്റെ ഭയത്തെ സ്ത്രീവർഗത്തിന്റെ തന്നെ ഭയമായിട്ടാണ് കവിതയിൽ വെളിപ്പെടുന്നത്.

"ഭയമാണങ്ങയെ
പുളയുന്ന ചാട്ടമിഴികളിൽ, വിരൽ-
മുനകളിൽ ശിക്ഷാമുറകൾ, ആർദ്രമോ
ഹൃദയ?മെങ്കിലുമിതേറ്റു ചൊല്ലുന്നേൻ
ഭയമാണങ്ങയെ"[1]

കവിതയിലെ 'ശിക്ഷകൻ' എന്ന പ്രയോഗം ലിംഗകേന്ദ്രിതമായ അധികാര വ്യവസ്ഥയെ കൂടെ സൂചിപ്പിക്കുന്നുണ്ട്. ഏറ്റുചൊല്ലുന്നേൻ' എന്ന പ്രയോഗം പീഡിപ്പിക്കപ്പെടുന്ന ഒരു വിഭാഗത്തിന്റെ നേതൃസ്ഥാനത്തേക്ക് മൃഗത്തെ ഉയർത്തുന്നുണ്ട്. ദേഹത്ത് പതിയുന്ന ചാട്ടവാറടിയുടെ വേദനയും നീറ്റലും ആത്മാഭിമാനത്തെ കീഴ്പ്പെടുത്തുന്നുണ്ടെങ്കിലും തന്റെ വീഴ്ചയിൽനിന്നു ഉയിർത്തെഴുന്നേൽക്കാനും വേട്ടക്കാരന്റെ രക്തംകൊണ്ട് മുഖം കഴുകാനും മൃഗം ആഗ്രഹിക്കുന്നുണ്ട്. പാവയോ മൃഗം? എന്ന സമൂഹമനസ്സിനോടുള്ള ചോദ്യം വീണ്ടെടുപ്പിന്റെ ഉൾക്കരുത്തിലേക്കാണ് വിരൽചൂണ്ടുന്നത്. എങ്കിലും വീണ്ടും തനിക്ക് ചാടികടക്കേണ്ട വട്ടത്തിലേയ്ക്ക് മനസ്സിനെ മെരുക്കിയെടുക്കുകയാണ് ചെയ്യുന്നത്.[2] സ്ത്രീസമൂഹത്തെ മാനസികമായും ശാരീരികമായും കീഴ്പ്പെടുത്തുന്ന പുരുഷലോകം കവിതയിൽ പ്രതിസ്ഥാനത്തെയാണ് വഹിക്കുന്നത്.[3] ഈ ലോകം തന്റേതല്ല എന്ന തിരിച്ചറിവാണ് മൃഗത്തെ ഇത്തരത്തിൽ സ്വത്വത്തെ നഷ്ടപ്പെടുത്തിക്കൊണ്ട് വിധേയപ്പെടുത്തുന്നത്. തന്നെ കീഴടക്കിയിട്ടുള്ള അധികാരവ്യവസ്ഥിതിയിൽനിന്ന്, ശിക്ഷകനിൽനിന്ന് തനിക്ക് രക്ഷപ്പെടാൻ കഴിയില്ല എന്ന തിരിച്ചറിവ് മൃഗത്തെ കൂടുതൽ അടിമപ്പെടുത്തുന്നു. യഥാർത്ഥത്തിൽ

സമൂഹത്തിലെ ജാതി, വർഗ, ലിംഗ വിഭാഗീയതകളുടെ ഇടയിൽ നിന്നുകൊണ്ട് ഒന്നിൽനിന്ന് മറ്റൊന്നിലേയ്ക്കുള്ള ദൂരത്തെയും പ്രത്യയശാസ്ത്രപരമായ അധികാരത്തെയും ഈ കവിതയിലൂടെ രാഷ്ട്രീയവത്കരിക്കുകയാണ് വിജയലക്ഷ്മി ചെയ്യുന്നത്. അതിനായി തിരഞ്ഞെടുത്ത രൂപകങ്ങളാണ് മൃഗവും ശിക്ഷകനും. എന്നാൽ അടിമത്തത്തിലേയ്ക്ക് ഉണർന്നിരിക്കുന്ന ഒരു മൃഗത്തിന്റെ ബോധമനസ്സിനെ ചിത്രീകരിച്ചാണ് കവിത അവസാനിപ്പിക്കുന്നത്. അതോടൊപ്പം അടിമയായി സ്വയം അംഗീകരിക്കുന്ന ഒരു സ്ത്രൈണമനസ്സ് കവിതയവശേഷിപ്പിക്കുന്നുണ്ട്. കവിതയുടെ സ്ത്രീവാദപരമായ നിലനില്പിനെ ഇത് ചോദ്യം ചെയ്യുന്നുണ്ട്. എങ്കിലും മാറ്റമില്ലാതെ തുടരുന്ന പുരുഷകേന്ദ്രിതമായ ഒരു ലോകക്രമത്തെ കവിത ചൂണ്ടികാണിക്കുന്നുണ്ട്.

"ഭയം ഭയം മാത്ര-
മടിമ ഞാൻ, തോറ്റു, കുനിഞ്ഞിരിക്കുന്നു.
മുതുകിൽ നിൻ ചാട്ടയുലച്ചുകൊള്ളുക
വലയത്തിൽചാടാനുണർന്നിരിപ്പു ഞാൻ"[4]

ഈ ഭയത്തെ, വിധേയത്വത്തെ വ്യത്യസ്ത അധികാരശക്തികളോടുള്ള മനുഷ്യ സമൂഹത്തിന്റെതന്നെ ഒട്ടാകെയുള്ള കീഴ്പ്പെടലായി വ്യാഖ്യാനിക്കാവുന്നതാണ്.[5] 'ശേഷം' എന്ന കവിതയിലും സമാനമായ ഭീതിനിറഞ്ഞ ഒരു കാലത്തെ കവയിത്രി സൂചിപ്പിക്കുന്നുണ്ട്. നിലനില്ക്കുന്ന കീഴായ്മയിൽനിന്ന് വ്യതിചലിക്കാൻ കഴിയാതെ മുന്നോട്ട് പോകുന്ന കാലങ്ങളെയാണ് ഈ കവിതയും കണ്ടെടുക്കുന്നത്. 'ഭയം' തന്നെയാണ് ഈ കവിതയിലും ഇരയുടെ വേഗത്തെ ജീവിതപഥത്തെ നിയന്ത്രിക്കുന്നത്.

"ചോടിതോരോന്നിളക്കിച്ചവിട്ടിയാൽ
നീരൊലിക്കുന്നു നൊമ്പരപ്പാടുകൾ.
പേടി, വേദന തിന്ന കാലത്തിനെ,
പേടി, ചട്ടം പഠിച്ച കാലത്തിനെ."[6]

സമാനമായി 'കാള' എന്ന കവിതയിൽ കാളയിലൂടെയാണ് സ്ത്രീസമൂഹത്തിന് മേൽ കെട്ടിവെക്കപ്പെടുന്ന കുടുംബം എന്ന അധികഭാരത്തെ കവയിത്രി അനുഭവപ്പെടുത്തുന്നത്. കവിതയിലെ 'കാള' സ്ത്രീജീവിതത്തെയാണ് പ്രതിനിധീകരിക്കുന്നത്.

കാളയെ ഒരു നുകത്തിൽ ബന്ധിപ്പിച്ചുനിർത്തുന്നതുപോലെ കവിത ആന്തരികാർത്ഥത്തിൽ സ്ത്രീയെ കുടുംബത്തിൽ ഒതുക്കിനിർത്തുന്ന പുരുഷാധികാരലോകത്തെയാണ് വെളിപ്പെടുത്തുന്നത്. കാളയ്ക്ക് സ്വന്തമായ ഇടങ്ങളില്ല. കാളയുടെ ജീവിതത്തെ പിന്നിൽനിന്ന് മുന്നോട്ട് നയിക്കുന്നത് ഒരധികാരരൂപമാണ്. തന്റെ അടിമത്തപൂർണമായ ജീവിതം കാളയ്ക്ക് മടുത്തുകഴിഞ്ഞിട്ടും ആ ജീവിതത്തിൽനിന്നും നുകത്തിൽനിന്നും പുറത്തുകടക്കാൻ കാളയ്ക്ക് കഴിയുന്നില്ല. കഴുത്തിലെ ചരടും നുകവും കാളയെ എക്കാലത്തും യജമാനന് അടിമപ്പെടുത്തുന്നു. കാളയുടെ അദ്ധ്വാനഭാരം ജീവിതാന്ത്യംവരെ തുടരുന്നു. സ്ത്രീസമൂഹവും ജീവിതാന്ത്യംവരെ അദ്ധ്വാനഭാരത്തെ ചുമക്കാൻ വിധിക്കപ്പെട്ടവരാണ്. പുരുഷന് മേൽക്കോയ്മ നൽകുന്ന വിവാഹസമ്പ്രദായവും പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥയും സ്ത്രീയെ കുടുംബത്തിലും സമൂഹത്തിലും അടിമപ്പെടുത്തുന്നു. ഈ കീഴായ്മയിൽനിന്ന് പുറത്ത് കടക്കാൻ സ്ത്രീക്ക് കഴിയുന്നില്ല എന്ന ആശങ്കയിലാണ് ഈ കവിതയും അവസാനിക്കുന്നത്.

"നടക്കെന്നു കയർപ്പോനേ,
നയിക്കാൻ പിന്നിൽ നിൽപ്പോനേ,
മരിച്ചാണീ നടപ്പും ഞാൻ
മടുത്താലെന്തു ചെയ്യേണ്ടു?"[7]

'അച്ഛന്റെ ചിരി' എന്ന കവിതയിൽ ഒരു ഒച്ചിന്റെ ജീവിതത്തിലൂടെയാണ് കവയിത്രി സ്ത്രീജീവിതത്തിനകത്തെ നിസ്സഹായവസ്ഥയെ പരിചയപ്പെടുത്തുന്നത്. ഒച്ചിന്റെ തോടിന്റെ കനമാണ് ഒച്ചിന്റെ വേഗത്തെ മന്ദഗതിയിലാക്കുന്നത്. ഒച്ചിന്റെ ഈ തോടിന്റെ കനത്തെ ഒന്നു മാറ്റികൊടുത്താൽ ഒച്ചിനും മറ്റുള്ളവർക്കൊപ്പം വേഗത്തിൽ സഞ്ചരിച്ചുകൂടെയെന്ന മകളുടെ ചോദ്യമാണ് കവിതയിൽ ചിരിയുണർത്തുന്നത്. പക്ഷെ വളർന്നപ്പോൾ ഈ ബാലികയ്ക്ക് ജന്മംകൊണ്ട് തന്റെ ചുമലിലേയ്ക്ക് ഇറക്കിവെക്കുന്ന ഭാരങ്ങളും തന്റെ സ്വതന്ത്രസഞ്ചാരങ്ങളെ മന്ദഗതിയിലാക്കുന്നുണ്ട് എന്ന തിരിച്ചറിവ് ലഭിക്കുന്നുണ്ട്. ഈയവസ്ഥയിലാണ് ബാലിക ഒച്ചിനോട് കർമ്മംകൊണ്ട് ഐക്യപ്പെടുന്നത്. അതോടൊപ്പം സ്ത്രീജീവിതത്തിന്റെ ഭാവിയിലേക്ക് നീട്ടിവെക്കുന്ന മകളുടെ ചോദ്യമാണ് ഈ കവിതയെ വ്യത്യസ്തമാക്കുന്നത്. 'കൗസല്യ' എന്ന കവിതയിൽ മാതൃത്വത്തിന്റെ രൂപത്തിലാണ് കവയിത്രി സ്ത്രീജീവിതത്തിൽ തുടരുന്ന ഈ

വിധേയത്വത്തെ ബോധ്യപ്പെടുത്തുന്നത്. കവിതയിൽ രാമന്റമ്മയാവുക എന്നതിനപ്പുറത്ത് തനിക്ക് വ്യാപരിക്കാനായി ഒരു ലോകമില്ലെന്ന് കൗസല്യ അടിവരയിടുന്നുണ്ട്. ഈ ചിന്തയുടെ കീഴിലേയ്ക്കാണ് കവിതയുടെ വായനയിൽ മാതൃത്വത്തിൽ ഒതുക്കപ്പെടുന്ന സ്ത്രീസമൂഹം ഒന്നാകെ ചെന്നുചേരുന്നത്. കാലാന്തരങ്ങളായി തുടരുന്ന ഒന്നാണിത്. സ്ത്രീയുടെ മഹത്വം മാതൃത്വത്തിലൂടെയാണ് സമൂഹം നിർണയിക്കുന്നത്. മക്കളെപ്പെറ്റുപ്പോറ്റി കുലശുദ്ധിയെ പാതിവ്രത്യത്തിലൂടെ നിലനിർത്തുന്നവളെയാണ് സവർണപുരുഷസമൂഹം എക്കാലത്തും അംഗീകരിച്ചിട്ടുള്ളത്. അതുകൊണ്ടാണ് കവിതയിൽ കൗസല്യക്ക് സമൂഹം ചാർത്തികൊടുത്ത ജന്മ ലക്ഷ്യത്തെ പിൻതാങ്ങേണ്ടിവരുന്നത്. അടിവേരുകൾ കരിഞ്ഞ ഒരശോകത്തോടാണ് കൗസല്യ തന്റെ മനസ്സിനെ സാദൃശ്യപ്പെടുത്തുന്നത്.

"അർച്ചിത മഹാരഥനെപ്പോഴു, മെന്നാലും ഞാൻ
കൽപ്പടവുകൾ താണ്ടിക്കരിയുമടിവേരാർ-
ന്നെത്രയും മുരടിച്ചു നിൽക്കുന്നൊരശോകം"[8]

ഒരു പുരാണകഥാപാത്രത്തെ പിൻപറ്റികൊണ്ട് 'കൗസല്യ' എന്ന കവിത മുന്നോട്ടുവെക്കുന്ന സ്ത്രീജീവിതത്തിന്റെ വിഹ്വലതകളാണ് 'ഭാഗവതം' എന്ന കവിതയും പങ്കുവെക്കുന്നത്. ഈ കവിതയിൽ ഭാഗവതപാരായണത്തെ ഗാർഹികവൃത്തികളുമായി ബന്ധിപ്പിച്ചാണ് കവയിത്രി അവതരിപ്പിക്കുന്നത്. നിത്യേനയുള്ള ഭാഗവതപാരായണം സ്ത്രീയുടെ നിത്യേനയുള്ള ജീവിതവൃത്തിയുമായി ബന്ധിപ്പിച്ച് കവയിത്രി സ്ത്രീയുടെ അടുക്കള ലോകത്തെ മറനീക്കി കാണിക്കുന്നു. അവിടുത്തെ ഭക്ഷണം പാചകം ചെയ്യലും പാത്രം കഴുകലും തുടങ്ങി ജീവിതകാലം നീളുന്ന ഒരു ഭാഗവതപാരായണം തന്റെ ജീവിതത്തിലുണ്ടെന്ന് പറഞ്ഞാണ് കവിത ഗാർഹിക വൃത്തികളിൽ നിലനിർത്തുന്ന ലിംഗകേന്ദ്രീകൃത നയത്തെ വെളിപ്പെടുത്തുന്നത്. അടുക്കള എന്നും സ്ത്രീയുടെ പ്രാഥമിക തൊഴിലിടമായാണ് സമൂഹം കണക്കാക്കുന്നത്. അടുക്കളവൃത്തികൾ അവളുടെ ധാർമികമായ ഉത്തരവാദിത്വമായി കണ്ട് മൂല്യരഹിതമായി തുടരുന്നു. അതുകൊണ്ടാണ് ഈ പണിത്തരങ്ങളെ കവയിത്രി ഭാഗവതപാരായണത്തോട് താരതമ്യം ചെയ്യുന്നത്. അവളുടെ ഗാർഹികവൃത്തികളെ പങ്കുവെക്കാനും കേൾക്കാനും ആരും വരുന്നില്ലെന്ന പരാതിയും കവിത

കേൾപ്പിക്കുന്നുണ്ട്.

"നീ വരുന്നില്ലേ, വന്നി-
ങ്ങിരിക്കെ, ന്നൊക്കെക്കേൾക്കാം
താവക സ്വരം; തീയി-
ന്നരികിലെനിക്കപ്പോൾ
വെപ്പുവേലകൾ, തേച്ചു
കഴുകിത്തീരാനാകാ-
ത്തെത്ര പാത്രങ്ങൾ, നാളേ-
യ്ക്കെത്ര കൊച്ചുകാര്യങ്ങൾ
കരിപറ്റിയ കൈയാൽ
മരണം വരെത്തീരാ-
മഹാ ഭാഗവതം ഞാൻ
മറിച്ചു വായിക്കുന്നു."[9]

സ്ത്രീയുടെ ഈ തിരക്കേറിയ ജീവിതപാരായണത്തിനിടയിൽ അവൾ തിരയുന്ന ആശ്രയസ്ഥാനമാണ് 'കായൽ' എന്ന കവിതയിൽ 'കായൽ' നിർവഹിക്കുന്നത്. തന്റെ ജീവിതപ്രാരാബ്ധങ്ങൾക്കിടയിൽ കായലിന്റെ തീരത്ത് ഇത്തിരി നേരമിരിക്കുന്ന സ്ത്രീയാണ് കവിതയിലെ വിഷയം. 'കായൽ' ജീവിതം എന്ന അർത്ഥംകൂടി കവിതയിൽ നൽകുന്നുണ്ട്. സ്ത്രീക്ക് സമൂഹം നൽകിയിട്ടുള്ള വിധേയസ്ഥാനങ്ങളിൽ ജീവിതകാലം മുഴുവൻ ചെലവഴിക്കേണ്ടിവരുന്ന സ്വത്വം നഷ്ടപ്പെട്ട സ്ത്രിയെയാണ് 'കായൽ' എന്ന കവിതയിൽ കവയിത്രി നമ്മുടെ മുന്നിൽ നിർത്തുന്നത്. 'മൃഗശിക്ഷകൻ', 'കൗസല്യ' എന്നീ കവിതകളിലെല്ലാം ഇത്തരത്തിൽ വിധേയത്വംപൂണ്ട സ്ത്രീരൂപങ്ങളെയാണ് കാണാൻ കഴിയുക. തന്റെ ചുറ്റുപാടുകളിൽനിന്ന് സ്വതന്ത്രമായ ഒരു ലോകത്തേക്ക് ഈ സ്ത്രീരൂപങ്ങൾ ചിന്തകൊണ്ടാണ് ഒരു വഴി കണ്ടെത്തുന്നത്. പക്ഷെ ആ വഴിയിലേയ്ക്ക് ഇറങ്ങിചെല്ലാൻ ഇവർ പ്രാപ്തരല്ല. അവർ നിലനില്ക്കുന്ന വർഗപരവും ലിംഗാധിഷ്ഠിതവുമായ സാമൂഹ്യവ്യവസ്ഥിതി അതിനവരെ അനുവദിക്കുന്നില്ല. അതുകൊണ്ട് തന്നെ നിസ്സഹായതയുടെ ജീവിതവഴികളിൽ സ്വയം ചേർന്ന് പോകുന്നവരെയാണ് കവയിത്രി ഈ കവിതകളിൽ അവതരിപ്പിക്കുന്നത്. പക്ഷെ, തങ്ങ

ളുടേതായ ഒരു ലോകത്തെക്കുറിച്ചുള്ള ചിന്ത ഈ കവിതകൾ ബാക്കിവെക്കുന്നുണ്ട്.

അതോടൊപ്പം തങ്ങളുടെ ജീവിതത്തെ ചൂഴ്ന്ന് നിൽക്കുന്ന ലിംഗകേന്ദ്രിത ലോകക്രമത്തെ ഇവർ ഭയപ്പെടുന്നു. 'കായൽ' എന്ന കവിതയും പകർത്തുന്നത് സ്ത്രീയുടെ ഈ അനുഭവപരിസരത്തെയാണ്.

"കയ്പുതീരാത്ത വഴക്കുകൾ, ഉൾക്കടൽ-
വക്കിലേക്കെന്നും തനിച്ചുപോം രാത്രികൾ,
അച്ഛന്റെ ക്രൗര്യം മകന്റെ ദുർവ്വാശികൾ
ക്കുപ്പുചേർക്കുന്ന ചവർക്കുന്ന പൈതൃകം
പേടിസ്വപ്നങ്ങൾ പെരുക്കുമിരുട്ടിന്റെ
ഭാരം കഴുത്തിൽക്കൊരുത്ത്, കയങ്ങളിൽ-
ച്ചാടുവാനാഞ്ഞതാണെങ്കിലും, പിന്നെയും
പേടി-തിരിച്ചു വിളിക്കുന്നു ജീവിതം"[10]

ജനനം തൊട്ട് മരണംവരെ തുടരുന്ന അടിമത്തപൂർണമായ ഈ ജീവിതത്തിൽ സ്ത്രീസമൂഹത്തെ നിലനിർത്തുന്നത് അവരുടെയുള്ളിലെ ഭയമാണെന്ന് കവയിത്രി ഈ കവിതകളിലൂടെ ഓർമ്മപ്പെടുത്തുന്നു. വളർച്ചയുടെ ഘട്ടത്തിൽ ഗാർഹികവും, സാമൂഹികവുമായ ഇടങ്ങളിലെ ജനസമൂഹത്തിൽ നിന്നുള്ള അധികാരപരമായ ഇടപെടലുകളാണ് ഈ ഭയത്തെ സൃഷ്ടിക്കുന്നത്. ആൺകോയ്മയാണ് ഈ ജനസഞ്ചയത്തിനെ നിയന്ത്രിക്കുന്നത്. 'ആട്ടം' എന്ന കവിതയിൽ സ്ത്രീസമൂഹത്തിന് പിന്നിൽനിന്ന് അവരെ നിയന്ത്രിക്കുന്ന ഈ അധികാരത്തെ കവയിത്രി വിപണിയുമായും പുതിയ ഉത്പാദനവ്യവസ്ഥിതിയുമായും ബന്ധിപ്പിക്കുന്നുണ്ട്. 'ഡാർലിങ് ഡാർലിങ്' എന്ന ടെലിവിഷൻ പരസ്യമാണ് ഈ കവിതയ്ക്ക് ആധാരം. സ്ത്രീകൾ പിന്നിടുന്ന രണ്ട് കാലങ്ങളെയാണ് കവയിത്രി അധികാരത്തെ മുൻനിർത്തി അവതരിപ്പിക്കുന്നത്. സ്ത്രീയുടെ ലോകം അടുക്കളയ്ക്കകത്ത് ഒതുങ്ങിനിന്നിരുന്ന ഒരു കാലവും പുതിയ തൊഴിലിടങ്ങളിലേയ്ക്ക് സ്ത്രീകൾ പ്രവേശിച്ച കാലവും ഇങ്ങനെ രണ്ടു ഘട്ടത്തിലും ലിംഗകേന്ദ്രിതമായ അധികാരത്തിന്റെ നിയന്ത്രണം സ്ത്രീസമൂഹം നേരിടുന്നതായി കവയിത്രി ചൂണ്ടികാണിക്കുന്നു. തന്റെ ശരീരത്തിനെയും മനസ്സിനെയും നിയന്ത്രിക്കുന്ന ഈ അധികാരം ലിംഗകേന്ദ്രിതമാണെന്ന് കവിതയിലെ സ്ത്രീ തിരിച്ചറിയുന്നുണ്ട്. പക്ഷെ

കുതറിമാറാൻ കഴിയാത്തവണ്ണം കാലങ്ങളായി തന്റെ കഴുത്തിൽ ഒരു കുരുക്കായി അതു തുടരുന്നതായി സ്ത്രീ അനുഭവിച്ചറിയുന്നു.

"അടുക്കള വിട്ടിറങ്ങിട്ടരങ്ങിലെത്തി,
അരങ്ങിലെക്കയറൊന്നു കഴുത്തിലെത്തി,
കുരുക്കിട്ടു വലിക്കുന്ന മിടുക്കും കൂടി
മെരുക്കുന്ന ചിരിയുമായരികിലെത്തി"[11]

അധികാരം മെരുക്കി ഉപയോഗിക്കുന്ന ഒരു മൃഗമായിട്ടാണ് കവിതയിൽ സ്ത്രീ തന്റെ ജീവിതത്തെ നോക്കിക്കാണുന്നത്. അധികാരത്തിനനുസൃതമായി ചിരിച്ചും കരഞ്ഞും കളിപ്പിച്ചും വിപണിക്കനുസൃതമായി മാറ്റിയെടുക്കുന്ന, സ്വത്വം നഷ്ടപ്പെട്ട ഉരുവിന്റെ സ്ഥാനത്ത് നിന്നുള്ള വ്യതിചലനം സ്ത്രീ ആഗ്രഹിക്കുന്നുണ്ടെങ്കിലും അത് വിദൂരമായ ഒരുസ്വപ്നമായിട്ടാണ് കവിത അവതരിപ്പിക്കുന്നത്.

"മടുപ്പിന്റെ നിഴൽ കറുത്തിരുളും മുമ്പേ,
കിടച്ച നൽപ്പിരിവെല്ലാം തടുത്തെടുത്തു,
കുടുക്കിന്റെ മറ്റേയറ്റം വലിച്ചുനിർത്തി,
നടക്ക നാമെന്നു ചൊല്ലിക്കളിനിറുത്തി
നയിക്കുന്ന വിരുതിന്റെ മുഖത്ത് നോക്കാൻ
കരുത്തുള്ള ദിനമെന്നാണുദിപ്പതാവോ"[12]

ഇത്തരത്തിൽ ലിംഗകേന്ദ്രിതമായ ലോകനീതിക്ക് കീഴിൽ സമരസപ്പെട്ട് നീങ്ങേണ്ടിവരുന്ന ഒരു ജനസമൂഹമായിട്ടാണ് വിജയലക്ഷ്മിയുടെ കവിതകളിൽ ഏറിയകൂറും സ്ത്രീസമൂഹം കടന്നുവരുന്നത്. 'തച്ചന്റെ മകൾ' എന്ന കവിത സ്വതന്ത്രമായ ഒരു പെൺവഴി മുന്നോട്ട് വെക്കുന്നുണ്ടെങ്കിലും ആൺകോയ്മയ്ക്ക് കീഴിൽ വിധേയപ്പെട്ട് പിന്നിട്ട ഗാർഹികപരിസരങ്ങളെ കവിത അടയാളപ്പെടുത്തുന്നുണ്ട്. നൂറ്റാണ്ടുകളായി തുടരുന്ന വിധേയത്വമാണിത്. പുരുഷലോകത്തിന് വേണ്ടി നിർമിക്കപ്പെട്ട ഓരോ അധികാരത്തിന് കീഴിലും സ്ത്രീ കീഴായ്മയിലാണ് സാമൂഹ്യവത്ക്കരിക്കപ്പെട്ടത്. കുടുംബം മുതൽ രാഷ്ട്രീയപരമായ അധികാരം വരെയുള്ള തലങ്ങളിൽ ഈ ലിംഗകേന്ദ്രിത അധികാരസ്വഭാവം പ്രകടമാണ്. എവിടെയും പുരുഷശബ്ദമാണ് ഉയർന്ന് കേൾക്കു

ന്നത്. സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള പാർശ്വവത്കൃത സമൂഹം പലപ്പോഴും ഇരയുടെ സ്ഥാനത്തേക്ക് തരം താഴ്ത്തപ്പെടുന്നു.

"സ്ത്രീകളെ
ആരോർക്കുന്നു?
ഞങ്ങൾക്കു വേണം രാജ്യം.
കൊയ്തു തീർക്കുവാനുണ്ടു
കോട്ടകൾ, മിനാരങ്ങൾ.
ഞങ്ങൾക്കു തകർക്കാനേ
ദേവഗേഹങ്ങൾ, അതേ
കല്ലുകൾ, പടുക്കാനും
അഴിച്ചുനിരത്താനും...
എയ്തു വീഴ്ത്തണം.
കപോതങ്ങളെ, ഞെരുക്കണം
കയ്യിലന്യനെ
കടലുപ്പിനെ
സംസ്കാരത്തെ."[13]

അഹംബോധത്തിന്റെ ഔന്നത്യത്തിൽ ഇങ്ങനെ ലോകത്തിന് മുകളിൽ വർഗീയ പരമായും ലിംഗകേന്ദ്രിതമായും ചുവടൊപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന അധികാരശക്തികൾക്ക് ഭൂമിക്കുവേണ്ടി സമത്വബോധത്തോടെ ചിന്തിക്കാൻ കഴിയില്ല. ഭൂമിയെ ആണവവത്കരിച്ച് അവർ സാമ്രാജ്യസ്ഥാപനത്തിന് ശ്രമിച്ചുകൊണ്ടിരിക്കും. ആഗോളതലത്തിൽ അവരുടെ ഉത്പന്നങ്ങൾക്കായി വിപണി കണ്ടെത്തിക്കൊണ്ടിരിക്കും. പ്രകൃതിവിഭവങ്ങൾ അവരുടെ നിലനില്പിനുവേണ്ടി അമിതമായി ചൂഷണം ചെയ്യപ്പെടും. ശുദ്ധമായ വെള്ളവും വായുവും ഭക്ഷണവും ജനങ്ങൾക്ക് നിഷേധിക്കപ്പെടും. ഒരോ സംസ്കാരത്തിനകത്തും വംശവർദ്ധനവുകൊണ്ട് ഭാഗധേയമാകുന്ന സ്ത്രീസമൂഹത്തിന്റെ ശാരീരിക മാനസികാവസ്ഥകളെക്കുറിച്ച് അവർ ആകുലപ്പെടില്ല. ഈ ദുഃസ്സഹമായ ജീവിത പരിസ്ഥിതിയിലാണ് സ്ത്രീക്ക് തന്റേതായ ഒരിടത്തിനുവേണ്ടി സുസ്ഥിരമായ ആവാസസ്ഥാനത്തിനുവേണ്ടി പ്രവർത്തിക്കേണ്ടിവരുന്നത്. സമൂഹത്തി

നകത്ത് ഗാർഹികമായും പാരിസ്ഥിതികമായും നിലനില്ക്കുന്ന ലിംഗകേന്ദ്രിത സമീപനങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടാണ് ഓരോ സ്ത്രീയും പ്രതിബോധത്തിന്റെ സാമൂഹികതലങ്ങളെ രൂപപ്പെടുത്തുന്നത്. വിജയലക്ഷ്മിയുടെ കവിതയുടെ അകം പൊരുളുകൾ സ്ത്രീസമൂഹത്തിന് നേരിടേണ്ടിവരുന്ന ലിംഗകേന്ദ്രിതമായ അനീതികളെ തിരിച്ചറിഞ്ഞാണ് രൂപപ്പെട്ടിട്ടുള്ളത്. ദളിത്പക്ഷത്ത് നിന്നുള്ള സാമൂഹികവിചിന്തനവും കവിത നടത്തുന്നുണ്ട്. ഗാർഹികപരം, പ്രകൃതിപരം, ദളിത്പരം എന്നിങ്ങനെയുള്ള തലക്കെട്ടുകൾക്ക് കീഴെയാണ് കവിതയ്ക്കകത്തെ ഈ പ്രതിലോമപരമായ തലങ്ങളെ വിശദീകരിക്കുന്നത്.

5.1.1 ഗാർഹികം

സമൂഹത്തിനകത്ത് പ്രവർത്തിക്കുന്ന ആൺകോയ്മയെ പ്രതിസ്ഥാനത്ത് നിലനിർത്തിക്കൊണ്ടാണ് വിജയലക്ഷ്മിയുടെ സ്ത്രീപക്ഷ കവിതകൾ നിലകൊള്ളുന്നത്. വിധേയത്വം പൂണ്ട സ്ത്രീജീവിതത്തെ ആവിഷ്കരിച്ചുകൊണ്ടാണ് കവയിത്രി ഇത് സാധ്യമാക്കുന്നത്. തങ്ങൾക്ക് ബഹിഷ്കരിക്കാനും തകർക്കാനും കഴിയാത്ത ജീവിതപരിസരമായാണ് ആൺകോയ്മയുടെ ഇടങ്ങൾ ഈ കവിതകളിൽ നിലനില്ക്കുന്നത്. പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥയിലൂടെയാണ് ആൺകോയ്മ സ്ത്രീയുടെ ജീവിതപരിസരത്തിൽ ദൃഢപ്പെടുന്നത്. 'വരവ്' എന്ന കവിതയിൽ തന്നിൽനിന്ന് വേർപ്പെടുന്ന മകൻ ചെന്നുചേരുന്ന ആൺകോയ്മയുടെ സാമൂഹ്യ വ്യവഹാരങ്ങളാണ് കവിതയിലെ അമ്മയുടെ മനസിനെ സംഘർഷഭരിതമാക്കുന്നത്. തന്റെ മകൻ ആധിപത്യം നേടുന്ന ലോകത്തിൽ ചോരചിന്തുന്ന സമൂഹത്തെക്കുറിച്ചാണ് കവിതയിലെ അമ്മ ആകുലപ്പെടുന്നത്. മക്കളെ ജാതി, വർഗ, ലിംഗ ഭേദങ്ങളായി കള്ളിതിരിച്ച് അധികാരസ്ഥാനങ്ങളിലേക്കും ഇരയുടെ സ്ഥാനത്തേക്കും എത്തിക്കുന്ന സമൂഹത്തിന്റെ പുരുഷകേന്ദ്രിത പ്രത്യയശാസ്ത്രത്തെയാണ് ഈ അമ്മ ഭയപ്പെടുന്നത്. കവിതയിൽ അമ്മ-മകൻ ബന്ധത്തെ ദൃഢമായി അവതരിപ്പിക്കുന്നുണ്ട്. കയ്പുനിറഞ്ഞ മധുരമുള്ള അവസ്ഥയായിട്ടാണ് അമ്മ മാതൃത്വത്തെ നോക്കിക്കാണുന്നത്. ഈ കവിതയിൽ സ്ത്രീയുടെ മാതൃത്വത്തെ ഭൂമിയുടെ ഉർവരതയുമായും കവയിത്രി ബന്ധിപ്പിക്കുന്നുണ്ട്. അമ്മയുടെ ഉണ്ണിയായി ജനിച്ച് പിച്ചവെച്ച് അമ്മയുടെ മടിത്തട്ടിൽനിന്ന് സമൂഹത്തിലെത്തുമ്പോൾ സംഭവിക്കുന്ന പ്രകൃതിയിൽനിന്നും, അമ്മയിൽനിന്നുമുള്ള അകൽച്ചയും കവിതയിൽ വിഷയീഭവിക്കുന്നുണ്ട്. അതു

കൊണ്ടുതന്നെ തന്നിൽനിന്ന് വിട്ടകലുന്ന മകൻ ഭൂമിയുടെ കരുതലായി മാറണമെന്ന ശുഭസന്ദേശമാണ് കവിത മുന്നോട്ട് വെക്കുന്നത്.

"വിട്ടുപോകൂ വിഹായസ്സിലേക്ക്, തീ-
പ്പക്ഷിപോലെ തിരിച്ചുവരാനല്ല
മൂകമേഘങ്ങളിൽ ചെന്നു പാടുവാൻ
ഭൂമി പൂക്കാൻ മഴപൊഴിയിക്കുവാൻ"[14]

കാലങ്ങളായി താൻപേറുന്ന മാതൃത്വത്തിന്റെ പരിദേവനങ്ങളിൽനിന്ന് തെല്ലിട വ്യതിചലിച്ച് തന്റേതായ ഇടങ്ങളിൽ മനസ്സുകൊണ്ട് വ്യാപരിക്കാൻ കൊതിക്കുന്ന വളാണ് ഈ കവിതയിലെ അമ്മ. തെല്ലിടകൊണ്ട് കാല്പനികമായ ജീവിതസ്മൃതി കളിൽ വ്യാപരിക്കാനല്ല അമ്മ ശ്രമിക്കുന്നത്. പകരം തന്റെ കുടുംബത്തെ ഓർത്തുള്ള കനപ്പെട്ട ഭയവും ആധിയും അമ്മയ്ക്ക് ഇത്തിരി നേരം ഇറക്കിവെക്കണം. എന്നാൽ മകനെ അധികനേരം ഓർക്കാതിരിക്കാനും അമ്മയ്ക്ക് കഴിയില്ല. അമ്മയും മകനും തമ്മിലുള്ള ബന്ധത്തെ ഒരു തണൽമരവും ആ തണലിൽ ജീവിതം കൊണ്ട കുഞ്ഞുമായാണ് കവിത വിവരിക്കുന്നത്. ഏത് ദൂരങ്ങളിലേയ്ക്ക് മകൻപ്പോയാലും തിരിച്ചെത്തുമ്പോൾ ഈ തണൽ ബാക്കിയുണ്ടാവുമെന്ന് അമ്മ ഉറപ്പ് നൽകുന്നുണ്ട്. കവിതയിലെ ഈ അമ്മ - മകൻ ബന്ധത്തെ പ്രകൃതിയിൽ നിന്നുള്ള മനുഷ്യന്റെ വേർപാടായും കാണാവുന്നതാണ് . പ്രകൃതിയുടെ സ്വഭാവം സൃഷ്ടിയും, സ്ഥിതിയും, സംഹാരവും നിറഞ്ഞതാണ്.

മനുഷ്യൻ പ്രകൃതിയെ കീഴ്പ്പെടുത്തിക്കൊണ്ട് എത്ര ദൂരംപോയാലും തിരിച്ച് വരുമ്പോൾ ഒരു പുൽനാമ്പെങ്കിലും നാളെക്കുവേണ്ടി പ്രകൃതി കരുതിവെയ്ക്കുന്നു ണ്ടാവും എന്ന തിരിച്ചറിവ് കൂടി ഈ കവിത നൽകുന്നുണ്ട്. ആത്യന്തികമായി രണ്ട് ലോകങ്ങളെയാണ് കവിത പരിചയപ്പെടുത്തുന്നത്. അമ്മയുടെയും പ്രകൃതിയുടെയും കരുതലിന്റെ, സഹജാവബോധത്തിന്റെ ലോകം. മകൻ ചെന്ന് ചേരുന്ന നാഗരികമായ ലോകം. അതുകൊണ്ട് തന്നെ കവിതയിലെ കരിന്തണൽ' നല്ല ഭാവിക്കുള്ള കരുതലാണ്.

"ഞാനറിവൂ, കുറച്ചുനാൾ, പിന്നെ നീ

നാവടക്കും നമ്മുക്കു തമ്മിൽ വരും
നാമറിയാതറിയാത്ത ദൂരങ്ങൾ
നാളുകൾക്കകം, തോളെരിക്കും കനൽ-
ക്കാവടിയുമായ് പ്പിച്ചയ്ക്കിറങ്ങവേ
താനറിയാതെ നീയും വെടിയുമീ
കാതലറ്റ മരത്തിൻ നിലാത്തറ
കാലമേറെക്കഴിയിലും പാതിരാ-
ക്കാലടികൾ കുഴഞ്ഞു നീയെത്തുകിൽ
കാണുമിങ്ങൊരു വേരെങ്കിലും കൊടും
വേനലെങ്കിൽ കരിന്തണലെങ്കിലും"[15]

മാതൃത്വം കൊണ്ട് മഹത്വപ്പെടുത്തുന്ന സ്ത്രീയുടെ ഗാർഹികജീവിത പരിസരങ്ങളിലാണ് ഈ കവിതകൾ നിലനില്ക്കുന്നത്. സ്വത്വപരമായ ഉണ്മകളിലേയ്ക്ക് പ്രവേശിക്കാൻ കഴിയാതെ സ്ത്രീലോകത്തെ നിയന്ത്രിച്ചതും ഈ ഗാർഹികപരിസരങ്ങളാണ്. മഴയ്ക്കപ്പുറം എന്ന കവിതയിൽ മുന്നോട്ടുള്ള ഗതി നഷ്ടപ്പെട്ട ഈ സ്ത്രീ ജീവിതത്തെ വീട്ടുമുറ്റത്തെ കിണറുവെള്ളത്തിലൂടെയാണ് കവയിത്രി ആവിഷ്കരിക്കുന്നത്. തന്റെ പരിമിതികളെ മറികടന്ന് ഉയർന്നുവരാൻ ആഗ്രഹമുണ്ടെങ്കിലും മനസ്സിനെ ജീവിതവൃത്തികളുടെ സ്ഥിരം ക്രമത്തിനകത്തേക്ക് ഒതുക്കിനിർത്തുന്ന അനേകായിരം സ്ത്രീകളുടെ പ്രതീകമാണ് ഈ കവിതയിലെ കിണറ്റുവെള്ളം. ഗാർഹികപരിസരത്തിൽ സ്വയം ഒതുങ്ങി നിൽക്കാനെ പലപ്പോഴും സ്ത്രീക്ക് കഴിയുന്നുള്ളൂ. തന്റെ മനസ്സ് ആഗ്രഹിക്കുന്ന സ്നേഹഛായകളിലേയ്ക്ക് കുതിക്കാനും ജീവിതത്തിൽ സ്വന്തം ഇഷ്ടപ്രകാരം ജീവിക്കാനും സ്ത്രീക്ക് അധികാരമില്ല. അവളെ എക്കാലത്തും നിയന്ത്രിച്ച് നിർത്തുന്നത് സമൂഹത്തിനകത്തെ പുരുഷാധികാരമാണ്. അച്ഛൻ, ഭർത്താവ്, മകൻ എന്നിങ്ങനെ മാറിവരുന്ന പുരുഷസ്ഥാനങ്ങൾക്ക് കീഴിൽ തന്റെ ജീവിതത്തെ, ആഗ്രഹങ്ങളെ കിണറ്റുവെള്ളംപോലെ ഒതുക്കി നിർത്താനാണ് അവളുടെ വിധി.

"വീട്ടുമുറ്റത്തെ കിണറ്റുവെള്ളം
വീർപ്പടക്കിക്കൊണ്ടൊതുങ്ങിനിന്നു,
ആർദ്രമൗനത്തിന്നകത്തനന്തം
ദീപ്തനക്ഷത്രങ്ങൾ വിൺ തുറന്നു"[16]

സാമൂഹ്യവ്യവഹാരങ്ങൾക്കകത്ത് സ്ത്രീയുടെ സ്ഥാനത്തെയും ഗതിവേഗങ്ങളെയുമാണ് ഈ കവിത അടയാളപ്പെടുത്തുന്നത്. 'കാവൽനായ' എന്ന കവിതയിൽ കാവൽനായയുടെ സ്ഥാനത്താണ് ഈ പതിതയായ സ്ത്രീയെ നമുക്ക് കാണാൻ കഴിയുക. തന്റെ സ്നേഹത്തെ, സന്തോഷങ്ങളെ, ഭയത്തെ, ആകുലതകളെ തന്റെ വേലിക്കെട്ടിനുള്ളിൽ ഒതുക്കിനിർത്തുന്ന സ്ത്രീയെ 'കാവൽനായ' എന്ന തലക്കെട്ടിനുള്ളിലേയ്ക്ക് എളുപ്പം കൊണ്ടുവരാൻ കവയിത്രിക്ക് കഴിഞ്ഞിട്ടുണ്ട്.

"ഞാനൊരു കാവൽനായ, കാത്തുവയ്ക്കുന്നു സ്നേഹ-
സ്നാതമെൻ കലാപത്തിൻ ജ്വാലയീവേലിക്കുള്ളിൽ
പുലർക്കാലത്തിൻ നീലക്കുയിലിൻ ഗാനാലാപം
അതുമാത്രമീപ്പൊള്ളലാറ്റുവാൻ, ഹിമാലേപം!"[17]

ഇത്തരത്തിൽ സ്വന്തം ജീവിതത്തെ ബലികഴിച്ചുകൊണ്ട് കുടുംബത്തിനായി നിലകൊള്ളുക എന്നത് സ്ത്രീക്ക് പിൻതുടരേണ്ട ഒരു ആദർശസ്ത്രീ മാതൃകയാണ്. പുരുഷസമൂഹമാണ് ഈ ആദർശത്തെ രൂപപ്പെടുത്തിയത്. 'ഇര' എന്ന കവിതയിൽ കവയിത്രി സ്ത്രീ സമൂഹത്തെ സ്ഥാനപ്പെടുത്തുന്നത് ഇരയുടെ സ്ഥാനത്താണ്. 'ഇരകൾ' സൃഷ്ടിക്കപ്പെടുന്ന സാമൂഹ്യസാഹചര്യങ്ങളെയാണ് കവിത പുനരാലോചനയ്ക്ക് വിധേയമാക്കുന്നത്. ഇരയുടെ ശരീരത്തെയും മനസ്സിനെയും കീഴടക്കുന്ന വന്യമൃഗമായിട്ടാണ് 'ആൺകോയ്മയെ' കവിത അവതരിപ്പിക്കുന്നത്. അനേകം ശാഖകളോട് കൂടി വ്യാപരിക്കുന്ന ഒരു തുടർച്ചയായിട്ടാണ് ആൺകോയ്മയെ കവിത നോക്കിക്കാണുന്നത്. അതുകൊണ്ട് തന്നെ സമൂഹത്തിന്റെ വിവിധതലങ്ങളിൽ ഇതിന് ഇരയാകേണ്ടിവരുന്ന സ്ത്രീക്ക് തന്റെ സ്വത്വം നഷ്ടപ്പെടുന്നു. കവിതയിലെ 'പെരുംകൊല്ലൻ' ആൺകോയ്മയ്ക്ക് അടിത്തറയിടുന്ന പിതൃകേന്ദ്രീകൃത അധികാരരൂപത്തിന്റെ പ്രതീകമാണ്. അദ്ദേഹത്തിലൂടെ പുരുഷസമൂഹം കാലങ്ങളായി ആൺകോയ്മയെ സമൂഹത്തിൽ നിലനിർത്തുന്നു. ഈ ആൺകോയ്മയ്ക്ക് കീഴ്പ്പെടുന്ന ഇരയാണ് ഓരോ സ്ത്രീയും എന്ന തിരിച്ചറിവാണ് ഈ കവിത നൽകുന്നത്.

"എന്തൊരു ജന്മം! ഈ ചൂണ്ടക്കൊളുത്തിലെ
ത്തുണ്ടുപോൽ നിസ്സഹായം പിടച്ചീടുക

എന്തൊരു സാഹസം! കാട്ടുതീ ഭക്ഷിച്ച
സ്വന്തമാത്മാവിനെ രക്ഷിച്ചെടുക്കുക"[18]

ഈ ജീവിത പരിതസ്ഥിതിയിൽ ഒരു പ്രതീക്ഷയുടെ വെളിച്ചം സ്ത്രീക്ക് എവിടെനിന്നും ലഭിക്കുന്നില്ല. അവൾക്ക് കൂട്ടായി അവൾ മാത്രമെ ഉള്ളൂ എന്നാണ് കവിത പറഞ്ഞ് വെക്കുന്നത്. ഉള്ളുപൊള്ളിക്കുന്ന ഭാഷയ്ക്ക് അക്ഷരമാലയില്ലെന്ന് 'ലാവ' എന്ന കവിതയിൽ കവയിത്രി അഭിപ്രായപ്പെടുന്നത് ഇതേ സാഹചര്യത്തെക്കൂടി ഉൾക്കൊണ്ടാണ്. 'വീട്ടിൽ' എന്ന കവിതയിൽ ഈ ആൺകോയ്മയെ നിത്യജീവിതവു മായി ബന്ധപ്പെടുത്തിയാണ് അവതരിപ്പിക്കുന്നത്. കവിതയിൽ വീട് ആൺകോയ്മ യുടെ പ്രതിരൂപമാണ്. കുടുംബഘടന രൂപംകൊണ്ട കാലം തൊട്ടെ വീട് പുരുഷനാണ് പ്രാമുഖ്യം നൽകിയത്. വീടിനകത്ത് സ്ത്രീയുടെ സ്വാതന്ത്ര്യം നിയന്ത്രിക്കപ്പെട്ടു. അവളുടെ ലോകം എന്നത് ഗൃഹമായി. പുരുഷൻ ബാഹ്യലോകത്തെ വ്യവഹാരങ്ങ ളിലൂടെ തന്റെ അധികാരത്തെ സകലമേഖലകളിലേയ്ക്കും വ്യാപിപ്പിച്ചു. ഫലത്തിൽ സ്ത്രീയുടെ ജീവിതം കാലങ്ങൾ കഴിയുംതോറും കൂടുതൽ കൂടുതൽ അടിമവത്കരി ക്കപ്പെട്ടു. വീടിനകത്തെ ഈ കീഴായ്മയെ കവയിത്രി രേഖപ്പെടുത്തുന്നതിപ്രകാരമാണ്.

"ഉമ്മറവെയിലിഴനെയ്യും കസവിൻ
പൊന്നുടയാടയുടുത്തൊരു വീട്ടിൽ,
വന്നെത്തുന്നൊരദൃശ്യനു മേശയി-
ലെന്നെ വിശക്കും നേരംവരെയും
ഈ നനമണ്ണിലിരിപ്പൂ, നഖമുന
നീളാനില്ലപ്പൊഴുതല്ലാതെ"[19]

'കർക്കടകം' എന്ന കവിതയും വീടിനെ ഒരധികാരരൂപമായി ചിത്രീകരിക്കുന്നുണ്ട്. നൂറ്റാണ്ടുകളായി അനേകം ജനപഥങ്ങളെ പാലൂട്ടി വളർത്തിയ കനിവ് നിറഞ്ഞ ജന്മ ങ്ങളായിട്ടാണ് ഈ കവിതയിൽ സ്ത്രീസമൂഹത്തെ രേഖപ്പെടുത്തുന്നത്. അവർക്ക് മധുരമായ ഗൃഹാതുരസ്മരണകൾ ഉണ്ടാകണമെന്നില്ല. തങ്ങളുടെ ഭാവിയെക്കുറിച്ചുള്ള വ്യക്തമായ ചിന്ത ഉണ്ടാകണമെന്നില്ല. വീടിനകത്തെ പുരുഷാധികാരത്തിന് കീഴിൽ അവർ തങ്ങളുടെ ജന്മത്തെ കഴിച്ച്കൂട്ടുന്നു. കലയിലും സാഹിത്യത്തിലും ഒരുപക്ഷേ അവരുടെ സൗന്ദര്യത്തെ ധർമത്തെ വാഴ്ത്തുന്നുണ്ടായിരിക്കാം. പക്ഷെ, സീമയില്ലാത്ത

വിധേയത്വത്തിന്റെ ജീവിതപരിസരമാണ് അവർക്ക് കുടുംബവും സമൂഹവും നൽകുന്നത്. ലംഘിക്കപ്പെടേണ്ട ഈ ലിംഗപരമായ വിവേചനത്തെ വിശ്വാസങ്ങളിലൂടെയും ആചാരാനുഷ്ഠാനങ്ങളിലൂടെയും ജീവൻ ബലികൊടുത്തും നിലനിർത്താൻ ഇവർ ബാധ്യസ്ഥരാണ്. കർമ്മംകൊണ്ടും വിധേയത്വംകൊണ്ടും കുടുംബത്തിനകത്തെ പുരുഷാധിപത്യത്തിന് ഇളക്കം തട്ടാതെ സംരക്ഷിക്കുന്നവരാണ് ഉത്തമ സ്ത്രീകളായി ഗണിക്കപ്പെടുന്നത്. വറുതി നിറഞ്ഞ ജീവിതപരിസരങ്ങളിലും തന്റെ കർമങ്ങളിൽനിന്നും വിധേയത്വത്തിൽനിന്നും വ്യതിചലിക്കാനുള്ള അനുമതി ആൺകോയ്മ സമൂഹം സ്ത്രീക്ക് നൽകുന്നില്ല. അതുകൊണ്ട് തന്നെ ഇത് തുടർച്ചയാണ്. ലിംഗകേന്ദ്രിതമായ സാമൂഹ്യക്രമമാണ് ഇതിന്റെ അടിസ്ഥാനം. സ്ത്രീകളുടെ സഹനം നിറഞ്ഞ ജീവിത പരിസരത്തെ അന്തമില്ലാതെ തുടരുന്ന വ്യഥയെന്നാണ് കവയിത്രി സൂചിപ്പിക്കുന്നത്.

"മഴകൾ ദേശാന്തരം പോകിലും, കൊടും
വറുതി വാഴ്കിലും നെഞ്ചിൽ, നിലയ്ക്കാത്ത
കനിവു പാർന്നേകഴിഞ്ഞ ജന്മങ്ങളേ,
കനലു തിന്നേണ്ട ഭാവിജന്മങ്ങളേ,
കഥകളെല്ലാമനന്തമാണിങ്ങനെ
വ്യഥകൾ കല്പാന്ത തോഴരാണിങ്ങനെ" [20]

'വെറുമൊരു കത്ത്' എന്ന കവിതയും സ്ത്രീ ജീവിതത്തിന്റെ കീഴായ്മയെയാണ് ചിത്രീകരിക്കുന്നത്. അനുജനെഴുതുന്ന കത്തിലൂടെയാണ് കവിതയിലെ സ്ത്രീയുടെ ദൈന്യത കവയിത്രി അവതരിപ്പിക്കുന്നത്. നിസംഗതയുടെ ലിപിയിൽ മണ്ണടുപ്പിനരികിലിരുന്നാണ് കവിതയിലെ സ്ത്രീ അനുജനോട് സംവദിക്കുന്നത്. വിറകിൻ കൊള്ളിയാണ് അവളുടെ തൂലിക. 'വിറകിൻ കൊള്ളി' എരിഞ്ഞ് തീരുന്ന അവളുടെ ജീവിതത്തെയാണ് പ്രതിനിധീകരിക്കുന്നത്. ജീവിതത്തിൽ ഒറ്റപ്പെട്ടുപോയ ഒരു സ്ത്രീയുടെ ജീവിതാന്തരീക്ഷത്തെയാണ് കത്തിലൂടെ കവയിത്രി ചിത്രീകരിക്കുന്നത്. ജീവിതാനുഭവങ്ങൾ അവളെ വേദനിപ്പിക്കുന്നുണ്ടെങ്കിലും തന്റെ അദ്ധ്വാനംകൊണ്ടാണ് അവൾ ജീവിതത്തെ മുന്നോട്ടുനീക്കുന്നത്. തന്റെ മനസ്സിനും ശരീരത്തിനും നേരെയുള്ള ആണധികാരത്തിന്റെ കടന്നുകയറ്റങ്ങളെ പ്രതിരോധിച്ചാണ് അവൾ ജീവിക്കുന്നത്. തന്റെ ജീവിതപരിസരത്തിൽ ഉയരുന്ന വെല്ലുവിളികൾക്ക് പകരംവെക്കാൻ അദ്ധ്വാനം മാത്രമെ

അവളുടെ കയ്യിലുള്ളു.

"ചൊറിയുന്ന ചാരവും ചൂലിന്റെ മൗനവും
മറുമരുന്നില്ലാത്ത ചോദ്യങ്ങളൊക്കെയും
ദിനവുമദ്ധ്വാനത്തിനെരിതീയിൽ വാറ്റി, നീ-
യറിയുകീ വേർപ്പു പാനീയമാക്കുന്നു ഞാൻ"[21]

തന്റെ കയ്പുനിറഞ്ഞ ജീവിതത്തെയൊന്നാകെയാണ് കവിതയിലെ സ്ത്രീ വിറകിൻകൊള്ളി, ചാരം, ചൂലിന്റെ മൗനം എന്നിവയിലൂടെ ആവിഷ്കരിക്കുന്നത്. 'വാഴപ്പഴം' എന്ന കവിതയിലും സ്ത്രീയുടെ സഞ്ചാരപഥങ്ങളെ നിയന്ത്രിക്കുന്ന ആൺകോയ്മയുടെ ഇടമായി വീടും കുടുംബവും കടന്നുവരുന്നുണ്ട്. സ്ത്രീയുടെ ഗാർഹികവൃത്തികളെ കാലങ്ങളായി തുടരുന്ന വിധേയത്വം പൂണ്ട ചെയ്തികളായിട്ടാണ് കവിതയിൽ ആവിഷ്കരിക്കുന്നത്. വീടിനുള്ളിൽ രാവും പകലും തുടരുന്ന അശ്രാന്തമായ ഗാർഹികവൃത്തികൾക്കുള്ളിലാണ് കവയിത്രി ഈ കവിതയിൽ സ്ത്രീയെ കണ്ടെടുക്കുന്നത്.

"പകലന്തിയായ്, കർമ
കോടികൾ പിഴിഞ്ഞിട്ടോ-
രുടയാട പോലയ-
ക്കോലിൽ വീണുണങ്ങുമ്പോൾ"[22]

സ്ത്രീ ജീവിതത്തിന്റെ അർത്ഥവും ഗഹനതയും വായിക്കപ്പെടാതെ പോകുന്ന സാമൂഹികസാഹചര്യങ്ങളിലാണ് വിജയലക്ഷ്മിയുടെ കവിത ഇത്തരത്തിൽ ആൺകോയ്മാ പ്രത്യയശാസ്ത്രത്തിന് അകപ്പെട്ടുപോകുന്ന സ്ത്രീജീവിതങ്ങളെ നമ്മുടെ നിത്യജീവിതപരിസരങ്ങളിൽനിന്ന് കണ്ടെടുക്കുന്നത്. പകരം വെക്കാനില്ലാത്ത കനിവ് നിറഞ്ഞ ജീവിതഭാഗധേയങ്ങളായാണ് കവയിത്രി സ്ത്രീലോകത്തെ ചിത്രീകരിക്കുന്നത്. തനിക്ക് ചുറ്റുമുള്ള പുരുഷകേന്ദ്രിതമായ സാമൂഹ്യവ്യവസ്ഥയിലേയ്ക്ക് ഒരു തലമുറയെ തന്നെ നൽകികൊണ്ട് അവൾ വിധേയസ്വത്വങ്ങളായി ആൺകോയ്മയുടെ അധികാരസ്ഥാനങ്ങൾക്ക് കീഴിലേയ്ക്ക് ഒതുങ്ങി ജീവിതകാലയളവ് പിന്നിടുന്നു.

5.1.2 ദളിത്പക്ഷം

സവർണകേന്ദ്രിതവും ലിംഗകേന്ദ്രിതവുമായ അധികാരത്തിന് കീഴിൽ പാർശ്വവ ത്ക്കരിക്കപ്പെടുന്ന അധസ്ഥിതവിഭാഗങ്ങളെയും വിജയലക്ഷ്മി തന്റെ കവിതയുടെ ഭാഗ മാക്കുന്നുണ്ട്. സമൂഹം അനുവർത്തിച്ചുപോരുന്ന സവർണപരമായ അലിഖിത നിയമങ്ങളെയാണ് കവയിത്രി ഇവ്വിധം മറനീക്കി കാണിക്കുന്നത്. കാലങ്ങളായി അടിമത്തത്തിൽ കഴിയുന്ന ജനവിഭാഗങ്ങൾക്ക് തന്റെ കവിതയിൽ ഇടം നൽകികൊണ്ട് വിജയലക്ഷ്മിയുടെ കവിതകൾ സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ടുള്ള ഒരു പുതുരാഷ്ട്രീ യത്തെ മുന്നോട്ടുവെയ്ക്കുന്നുണ്ട്. 'അവതാരം' എന്ന കവിതയിൽ മേലാളവിഭാഗം ആട്ടിയകറ്റുന്ന ഒരു ദരിദ്ര ബാലനിലൂടെയാണ് കവയിത്രി ലിംഗകേന്ദ്രിതമായ ലോകക്രമത്തിന്റെ അടിത്തറയെ ചോദ്യംചെയ്യുന്നത്. ഒരുകൈ സഹായം അവന്റെ ജീവിതത്തിലേയ്ക്ക് നീട്ടിയാൽ അവൻ നാളെയുടെ കരുത്തായി ഉയർന്നുവരുമെന്ന് കവയിത്രി പ്രത്യാശിക്കുന്നുണ്ട്. പക്ഷെ സമൂഹം അവന്റെ വിശപ്പിനെ, ദാരിദ്ര്യത്തെ മാനിക്കാതെ അവനെ കായികബലത്താൽ ആട്ടിയകറ്റുന്നു. അറിവും സമ്പത്തും അവന് നിഷേധിക്കുന്നു. ഈ കവിത ആന്തരികാർത്ഥത്തിൽ നിശിതമായി വിമർശിക്കുന്നത് ജനനം തൊട്ട് ഓരോ കുഞ്ഞും പരിചരിക്കപ്പെടുന്ന ജാതി, വർഗ, ലിംഗ, വിഭാഗീയത കളെയാണ്. അറിഞ്ഞുകൊണ്ടല്ല ഓരോ കുഞ്ഞും ഈ സവർണവും അവർണവുമായ പരിതസ്ഥിതികളിൽ ജനിക്കുന്നത്. പക്ഷെ സമൂഹത്തിനകത്തെ ജാതിപരവും ലിംഗ കേന്ദ്രീകൃതവുമായ പ്രത്യയശാസ്ത്രം അവർക്ക് വേറിട്ട ജീവിതസന്ദർഭങ്ങളെ നൽകുന്നു. ഒരു കുഞ്ഞ് സമ്പത്തിൽ ജീവിക്കുമ്പോൾ, മറ്റൊരു കുഞ്ഞ് വിശപ്പകറ്റാൻ കഴിയാതെ കഷ്ടപ്പെടുന്നു. സമൂഹത്തെ സവർണർ, അവർണർ, മേലാളർ, കീഴാളർ എന്നിങ്ങനെ കള്ളിതിരിച്ച് നിലനിർത്തുന്ന സമൂഹത്തിനകത്തെ ലിംഗകേന്ദ്രീകൃതമായ പ്രത്യയശാസ്ത്രമാണ് മാറേണ്ടത്. അതുകൊണ്ടാണ് 'അവതാരം' എന്ന കവിതയിൽ വിജയലക്ഷ്മി ജനവിഭാഗങ്ങളുടെ ഭാഗധേയം നിശ്ചയിക്കുന്നതാരെന്ന് ചോദിക്കുന്നത്.

"കോടികോടിയായ് ശീലം
തിരിയാ മുരുക്കൾ തൻ
ഭാഗധേയങ്ങൾ നമ്മി-
ലാരു നിർണ്ണയിച്ചാവു?"[23]

യഥാർത്ഥത്തിൽ പാർശ്വവത്ക്കരിക്കപ്പെടുന്ന ജനവിഭാഗത്തിന് മേൽ പ്രവർത്തിക്കുന്ന അധീശശക്തികളെയാണ് വിജയലക്ഷ്മിയുടെ കവിതകൾ വിമർശനാത്മകമായി നോക്കിക്കാണുന്നത്. 'വർത്തമാനം' എന്ന കവിതയിൽ അടിമവത്ക്കരിക്കപ്പെട്ട ജനതയുടെ രേഖപ്പെടുത്താത്ത ജീവിതപരിസരമാണ് കവിത തുറന്നുകാട്ടുന്നത്. സാമൂഹ്യ നീതി അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ അടിമവത്കരിച്ച കാലങ്ങളിലൂടെയാണ് ഈ കവിത സഞ്ചരിക്കുന്നത്. ഈ കവിതയിൽ മഹാബലി അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ പ്രതിനിധിയായിട്ടാണ് കടന്നുവരുന്നത്. വാമനനാകട്ടെ ലോകം മുഴുവൻ കീഴടക്കുന്ന അധികാരത്തിന്റെ ലിംഗകേന്ദ്രീകൃതരൂപവും. സകലലോകങ്ങളും അളന്ന് മഹാബലിയെ വാമനൻ പാതാളത്തിലേയ്ക്ക് അയക്കുന്ന കഥ എല്ലാവർക്കും സുപരിചിതമാണ്. ഓണത്തെ മുൻനിർത്തിയിട്ടുള്ള ഈ ഐതിഹ്യം കവിതയിൽ ഉപയോഗിക്കുന്നത് കീഴടക്കപ്പെടുന്ന ഒരു ജനതയ്ക്ക് വേണ്ടിയാണ്. കവയിത്രി ഈ ഐതിഹ്യത്തിനകത്തെ വരേണ്യ അധികാരം വർത്തമാനകാലത്തിലും സംഭവിക്കുന്നതായി അവതരിപ്പിക്കുന്നു. മേലാളശക്തികൊണ്ട് ദളിത് ജനവിഭാഗത്തെ കീഴടക്കുന്ന മഹാബലി- വാമനബന്ധം അടിമ-ഉടമ ബന്ധത്തിലും നിലനില്ക്കുന്നതായി കവയിത്രി 'വർത്തമാനം' എന്ന കവിതയിൽ അടിവരയിടുന്നുണ്ട്.

"ദേവനീതിയിൽത്താണു
പോവതോ മഹാബലി,
പാരിതു നിറഞ്ഞിന്നും
നില്പു വാമനൻതന്നെ."[24]

നല്ല ഭക്ഷണം, വസ്ത്രം, പാർപ്പിടം, അറിവ് എന്നിവ കാലങ്ങളോളം നിഷേധിക്കപ്പെട്ടാണ് ദളിത്ജനത നിലനിന്നത്. സ്വാതന്ത്ര്യാനന്തരം ആധുനിക മാനവികതയ്ക്കകത്തും ഈ ജാതി, വർഗ, ലിംഗ വിഭാഗീയതകൾ മാറ്റമില്ലാതെ തുടരുന്നു എന്ന സൂചനകൂടി ഈ വരികൾ നൽകുന്നുണ്ട്. ചരിത്രവും സംസ്കാരവും സവർണ ജീവിതപരിസരത്തിനോട് കടപ്പെട്ടു നിൽക്കുന്നതിനാൽ ഭാഷകൊണ്ടും സംസ്കാരം കൊണ്ടും ദളിത് ജനത കീഴായ്മയിൽ തുടരുന്ന സാമൂഹ്യജീവിതമാണ് കവിതയ്ക്കകത്ത് പ്രശ്നവത്കരിക്കുന്നത്. അവരുടെ പ്രതിലോമപരമായ സാമൂഹ്യജീവിതത്തിനകത്ത് നിന്ന് പുരോഗമനപരമായ മാറ്റങ്ങൾ സംഭവിക്കുന്നില്ലായെന്നും കവയിത്രി

ആശങ്കപ്പെടുന്നു. സവർണപുരുഷാധികാരത്തിന് കീഴിൽ മനസ്സുകൊണ്ടും ശരീരം കൊണ്ടും കീഴടക്കപ്പെടുന്ന സ്ത്രീകളുൾപ്പെടെയുള്ള സമൂഹത്തെയാണ് കവയിത്രി സമൂഹത്തിന്റെ ഈ താഴെതട്ടിൽനിന്ന് കവിതയിലേയ്ക്ക് കണ്ടെടുക്കുന്നത്. തങ്ങളുടെ മാറ്റമില്ലാതെ തുടരുന്ന ജീവിത ചരിത്രത്തിനകത്ത് വിധേയത്വം കൊണ്ട് സ്വത്വം നഷ്ടപ്പെടുന്ന ഒരുപറ്റം ആളുകളെയാണ് കവയിത്രി തന്റെ കവിതയിൽ നിരത്തി നിർത്തുന്നത്. സവർണനീതിക്കെതിരെ ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരങ്ങൾ ദളിത് ജനവിഭാഗങ്ങളുടെ നിസ്സഹായത കലർന്ന ജീവിതപരിസരത്തിൽ വിലയനം ചെയ്യുകയും ചെയ്യുന്ന പ്രതിലോമകരമായ സാമൂഹ്യവ്യവസ്ഥയെ വിജയലക്ഷ്മി കവിതകൾ തുറന്ന് കാട്ടുന്നു. സമൂഹം എക്കാലത്തും സവർണപരമായ അധികാര ത്തിനാണ് മുൻതൂക്കം നല്കുന്നത്. ഇത് ഒരു തുടർച്ചയായിട്ടാണ് കവയത്രി കവിതയിൽ അനുഭവപ്പെടുത്തുന്നത്. ഫ്യൂഡൽകാലഘട്ടത്തിൽ നിന്ന് മുതലാളിത്ത സമൂഹപരിസരത്തിലേയ്ക്കും തുടർന്നും ഈ വർഗപരമായ കീഴായ്മ പ്രത്യക്ഷമായും പരോക്ഷമായും നിലനിർത്തപ്പെടുന്നുണ്ട്. ഈ തിരിച്ചറിവാണ് വർത്തമാനം എന്ന കവിത നൽകുന്നത്.

"ചരിത്രം പഠിച്ചപ്പോൾ
ക്കൊതിച്ചു മാറ്റം, പക്ഷേ,
ചരിത്രം പിഴച്ചപ്പോൾ
ക്കൈവരിച്ചതെന്തൂറ്റം?
ഇരുട്ടു കീറാനെങ്ങു
'വജ്രസൂചികൾ? നീണ്ടു-
കിടപ്പു കിടങ്ങായ
രാജപാതകൾ മാത്രം."[25]

മുഖ്യധാരസമൂഹത്തിനകത്തെ ഈ സവർണപക്ഷപാതത്തെ തിരിച്ചറിഞ്ഞു കൊണ്ടാണ് 'ലാവ' എന്ന കവിതയിൽ ദളിതരുടെ ഉള്ളുപൊള്ളിക്കുന്ന ജീവിതത്തെ ഒരു അക്ഷരമാലയിലേയ്ക്ക് പകർത്താൻ കഴിയില്ലെന്ന് കവയിത്രി അഭിപ്രായപ്പെടു ന്നത്. നഗരത്തിനകത്ത് പുത്തൻ ഉത്പാദനവ്യവസ്ഥിതി, സമ്പന്നർക്കായ് ഒരുക്കുന്ന മായികജീവിതത്തിന് കീഴിൽ അവർ പേരു നഷ്ടപ്പെട്ടവരായി, ഊരു നഷ്ടപ്പെട്ടവരായി

അലയേണ്ടി വരുന്നു. നഗരങ്ങൾക്കായി ഒരുക്കിയ സൂപ്പർഹൈവേയുടെ ഓരത്ത് സ്വന്തം സംസ്കാരത്തിനകത്ത് നിന്ന്, ആവാസസ്ഥാനങ്ങളിൽനിന്ന് ആട്ടിയകറ്റിയ ഈ അധകൃത ജനതയെ നാം കണ്ടെന്നുവരാം. അവർക്കിടയിലെ പെൺജീവിതങ്ങൾ ശാരീരികമായ ആക്രമണങ്ങൾക്ക് വിധേയരാകാം. എങ്കിലും അവരുടെ വിശപ്പും ദാഹവും പ്രതിരോധങ്ങളും നാഗരികമായ വിസ്മയലോകത്ത് നാം കാണാതെ പോകുന്നു. അപരിമേയമായ ഈ ദുഃസ്ഥിതിയാണ് കേരളത്തിലെ ദളിതരുടെ, ആദിവാസി ജനതയുടെ ഉള്ളിനെ പൊള്ളിക്കുന്നത്. ഈ അവസ്ഥാന്തരത്തെ പകർത്താനാണ് നമ്മുടെ അക്ഷരമാല പോരാതെ വരുന്നത്. അരിക്വത്ക്കരിക്കപ്പെടുന്ന ജനതയുടെ ജീവിതമാണ് ഇവിടെ സൂചകമായി കവിതയിൽ പ്രത്യക്ഷവത്ക്കരിക്കുന്നത്.

"ഉള്ളു പൊള്ളുമീ ഭാഷ-
യ്ക്കില്ലൊരക്ഷരമാല
ഉരുകിത്തിളച്ചും കൊ-
ണ്ടുള്ളിലാഴത്തിൽനിന്നും
ഉയർന്നെത്തുന്നൂ കൂറ്റൻ
വിതരങ്ങളിൽക്കൂടി;
ഉറങ്ങും നഗരത്തി-
ന്നുച്ചയെ വിഴുങ്ങുന്നു.
കനലായ് വേഷം മാറി
യെത്തിയ വിലാപങ്ങൾ"[26]

'മരണാന്തരം' എന്ന കവിതയിൽ അരിക്വത്ക്കരിക്കപ്പെട്ട ഈ ജനവിഭാഗങ്ങളുടെ ശബ്ദം കേൾക്കാം. മണ്ണും പെണ്ണും കൊള്ളയടിക്കപ്പെട്ട നിരാശരായ ജനവിഭാഗങ്ങളെയാണ് ഈ കവിതയിൽ നഷ്ടപ്പെട്ട ഭാഷയും സംസ്കാരവുമായി കാണാൻ കഴിയുക. അവർക്ക് വീണ്ടെടുക്കേണ്ടത് അവരുടെ കുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ള ഭൂമിയാണ്. ശുദ്ധമായ ജലമാണ്, ജീവിതാന്തരീക്ഷമാണ്. പുറംലോകത്ത് നിന്ന് തങ്ങളുടെ ഊരിലേയ്ക്ക് കടന്നുകയറുന്നവർ ചതിയിലൂടെ സമ്മാനിക്കുന്ന 'അവിവാഹിതയായ അമ്മ' എന്ന സ്ഥാനവും അവരുടെ സ്ത്രീകൾക്ക് വഹിക്കേണ്ടതുണ്ട്. ഈ ജീവിത പരിതസ്ഥിതിയിൽനിന്നാണ് ദളിത് ജനസമൂഹത്തിൽനിന്ന്

പ്രതിരോധത്തിന്റേതായ സമരമാർഗങ്ങൾ രൂപപ്പെടുന്നത്. 'ജാനു' എന്ന ആദിവാസി നേതാവിനെയാണ് ഈ കവിതയിൽ കവയിത്രി എടുത്തുപറയുന്നത്. ജാനുവിന്റെ രാഷ്ട്രീയമായ ചുവടുമാറ്റങ്ങൾ ദളിത് വിഭാഗത്തിന് തനതായ ഒരു രാഷ്ട്രീയ, സാമൂഹിക പ്രവർത്തനമണ്ഡലം രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ടെന്ന് ഓർമ്മപ്പെടുത്തുന്നു. കേരളത്തിന്റെ നവോത്ഥാന പരിശ്രമങ്ങളിലും സ്വാതന്ത്ര്യസമരത്തിന്റെ വഴികളിലും നിർണായകമായ സ്ഥാനവും വഹിച്ചവരാണ് ദളിത് ജനത. പക്ഷെ മുഖ്യധാരയിൽ അവരുടെ ചരിത്രവും സംസ്കാരവും അവഗണിക്കപ്പെടുന്നു. അതുകൊണ്ടാണ് കവയിത്രി 'ജാനു' എന്ന നേതാവിലൂടെ നമുക്ക് മുന്നിൽ പ്രതിഷേധത്തിന്റെ സ്വരം കേൾപ്പിക്കുന്നത്. മുത്തങ്ങസമരപരിസരത്തെയാണ് കവിതയിൽ സൂചിപ്പിക്കുന്നത്.

"കൈവിട്ട മണ്ണ്
വിളിക്കുന്നു ഞങ്ങളെ.
കൊള്ളയടിച്ചവർ
നാട്ടുകാരെങ്ങുപോയ്?
അച്ഛനില്ലാത്ത കുഞ്ഞുങ്ങളെപ്പോറ്റുമീ
നിർഭാഗ്യ യൗവനങ്ങൾക്കു വീടേകുക
അപ്പവും, വെള്ളം, മരുന്നും... അകക്കണ്ണി-
നിത്തിരി വെട്ടവും തന്നേ മടങ്ങുക"[27]

മുത്തങ്ങ സമരത്തിലെ പീഡിതരായ ആദിവാസികളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കൊണ്ടെഴുതിയ 'കറുത്തമണ്ണ്' എന്ന കവിതയിൽ ഈ പ്രതിഷേധം ശക്തിപ്പെടുന്നുണ്ട്. കറുത്ത മണ്ണ് എന്ന തലക്കെട്ട് കൊണ്ട് തന്നെ സ്വന്തം ഭൂവിഭാഗത്ത് നിന്ന് നിഷ്കാസിതരാകപ്പെട്ട ഒരു തലമുറയെ ഒന്നാകെ സൂചിപ്പിക്കാൻ കവയിത്രിക്ക് കഴിയുന്നുണ്ട്. കവിതയ്ക്കകത്തെ 'വിഷപ്പാല്' എന്ന പ്രയോഗം കണ്ണീരും വിയർപ്പും കൊണ്ട് കടന്ന ഒരു നീണ്ടകാലത്തിലെ ജനതയുടെ പ്രതീകമാണ്. ആദിവാസിയുടെ ജീവിതത്തിന്മേൽ, ആവാസസ്ഥാനങ്ങൾക്കുമേൽ പകരം വെച്ച നാഗരികജീവിതവും ജീവിതമോടികളും അവരുടെ മനസ്സിനെ കലുഷിതമാക്കുന്നുണ്ട് എന്നാണ് ഈ കവിത പറഞ്ഞുവെക്കുന്നത്.

"ആദിവാസിതൻ ചോരയാടിയ മണ്ണ്
കറുപ്പാണു ഞാൻ
വിഷപ്പല്ല്
കരുതിയിരുന്നോളൂ"[28]

'കൊലയ്ക്ക് മുമ്പ്' എന്ന കവിതയിലും സമാനമായ പ്രതിഷേധത്തിന്റെ അന്തരീക്ഷത്തെ കവയിത്രി നിലനിർത്തുന്നുണ്ട്. 'നീ' എന്നാണ് തന്റെ വംശത്തെ കാലങ്ങളോളമായി കയ്യടക്കി നിർത്തിയ എതിർശക്തിയെ കവിതയിലെ സ്ത്രീ സംബോധനചെയ്യുന്നത്. ഈ ശക്തിയെ ഇല്ലായ്മ ചെയ്യാനാണ് കവിതയിലുടനീളം ഈ സ്ത്രീ ശ്രമിക്കുന്നത്. തന്റെ വംശത്തിന്റെ പൗരാണികമായ ശക്തികളെ ആവാഹിച്ചും മുടിക്കെട്ടഴിച്ചാടിയുമാണ് ഈ സ്ത്രീ തന്റെ ഉദ്യമത്തിനായുള്ള ശക്തി കണ്ടെത്തുന്നത്. പരീക്ഷിത്തിനെ വധിക്കാനായുറച്ച തക്ഷകനെപ്പോലെ ഈ ദളിത് സ്ത്രീയുടെ മനസ്സ് വംശനാശത്തിന് കാരണമായവനെ വലംവെക്കുന്നുണ്ട്.

"നിന്റെ കൈയൊപ്പിൽ ബലംകൊണ്ടവരെൻ ഗോത്രത്തിൻ
കൽവിളക്കുകൾ തകർത്തെറിയുന്നതു കാൺകെ,
ചോരവീണൊരു കാട്ടിലെന്റെ വംശത്തിൻ ശവ-
സ്മാരകമുയർത്തുവാൻ കൂട്ടുനിന്നതു കാൺകെ,
ഞാനുറങ്ങീലാ."[29]

തന്റെ പാതകത്തിനായ് കവിതയിലെ സ്ത്രീ കുലം മുടിച്ചവനെ നിരുപാധികം പിൻതുടരുന്നുണ്ട്. അവന്റെ ചിരി, ചലനങ്ങൾ, വഴികൾ എല്ലാം സൂക്ഷ്മതയോടെ അവൾ നിരീക്ഷിച്ചു. ഈ ശ്രമത്തിന്റെ അവസാനം തന്നെ കാത്തിരിക്കുന്നത് മരണമാണെന്ന് അവൾക്ക് നിശ്ചയമുണ്ട്. പക്ഷെ തന്റെ മാർഗത്തിൽനിന്ന് പിൻമാറാൻ അവൾ തയ്യാറായില്ല. തന്റെ ശത്രുനിഗ്രഹത്തിനായി ഒരവസരത്തിനുവേണ്ടി അവൾ കാത്തിരുന്നു. കാരണം അവൾക്ക് വീട്ടാനുള്ളത് നൂറ്റാണ്ടുകൾ പഴക്കമുള്ള തന്റെ പിൻഗാമികളോടുള്ള കടമാണ്. അവൾക്ക് ചെയ്യാനുള്ള പ്രവൃത്തി തന്റെ ഭാവിതലമുറയ്ക്ക് വേണ്ടിയാണ്. എന്നാൽ കവിതയിലെ 'നീ' എന്ന സവർണശക്തി ഒരധികാരവൃന്ദത്തിന്റെ സൂചകമായതിനാൽ വ്യവസ്ഥിതിയുടെ മാറ്റത്തിലൂടെ മാത്രമേ അടിമത്തതുല്യമായ ജീവിതം നയിക്കുന്ന ഒരുവിഭാഗത്തെ മോചിപ്പിക്കാൻ കഴിയൂ. അതുകൊണ്ടുതന്നെ

കവിതയിലെ ദളിത് സ്ത്രീയുടെ മുന്നേറ്റത്തെ വൈകാരികമായ ഒരു മുന്നേറ്റമായി മാത്രമേ നോക്കിക്കാണാൻ കഴിയൂ. കാരണം സമൂഹത്തിനെ നിയന്ത്രിക്കുന്ന ആൺകോയ്മയുടെ സ്വഭാവപരിസരങ്ങളെയാണ് മാറ്റേണ്ടത്. അതിന് ഒരു വ്യക്തിയുടെ ഹത്യപരിഹാരമാകില്ല.

"നിമിഷം തോറും നിന്നെയോർത്തു ഞാൻ, നിന്നെത്തന്നെ-
യൊടുവിൽ നീയായി ഞാൻ മാറിയ മുഹൂർത്തത്തിൽ
മരണം കുറിച്ചു ഞാൻ നമ്മൾക്ക്, അങ്കത്തട്ടി
ലിനി നാം കാണും, കൊല്ലാൻ, ചാകുവാൻ, നശിക്കുവാൻ"[30]

ആണധികാരത്തിനോടുള്ള പ്രതികാരത്തിന്റെ ഭിന്നമുഖമാണ് ഇവിടെ കാണാൻ കഴിയുന്നത്.

5.1.3 പ്രകൃതിപരം

വിജയലക്ഷ്മി കവിതകളിലെ പ്രകൃതിപക്ഷ നിലപാടുകൾ രൂപപ്പെടുന്നത് സാമൂഹ്യവ്യവഹാരങ്ങളിലെ വിഭാഗീയതകളെ, ആൺകോയ്മയെ വിമർശനാത്മകമായി സമീപിച്ചുകൊണ്ടാണ്. പ്രകൃതി പാർശ്വവത്ക്കരിക്കപ്പെടുന്ന സ്വത്വമായാണ് കവിതയിൽ പ്രത്യക്ഷപ്പെടുന്നത്. 'തുമ്പിപ്പാട്ട്' എന്ന കവിത ഈ സമീപനത്തിന് തെളിവാണ്. ഈ കവിതയിൽ നഗരത്തിനകത്തെ ഓടയിൽ ജീവിതഭാരത്താൽ തളർന്നുവീഴുന്ന തുമ്പിയിലൂടെയാണ് നാം പ്രകൃതിയുടെ ദൈന്യതയെ തിരിച്ചറിയുന്നത്. 'തുമ്പി എന്ന സൂചകം' കവിതയിൽ ഒരേ സമയം പാർശ്വവത്ക്കരിക്കപ്പെടുന്ന പ്രകൃതിയെയും ഇതര ജനവിഭാഗത്തെയും ഉൾക്കൊള്ളുന്നു. 'തുമ്പിയുടെ അന്ത്യം' കവിതയിൽ തുമ്പിക്ക് പാറികളിക്കാനുള്ള ഇടങ്ങൾ നഷ്ടപ്പെട്ട് കഴിഞ്ഞിരിക്കുന്നു എന്ന തിരിച്ചറിവാണ് നൽകുന്നത്. കവയിത്രി തുമ്പിയെ ഓണക്കാലവുമായി ബന്ധിപ്പിച്ചു കൊണ്ടാണ് ഇത് സാധ്യമാക്കുന്നത്. തുമ്പിയുടെ ഇടങ്ങളായ പൂക്കൾ നിറഞ്ഞ കുന്നിൻചെരിവുകളും നഷ്ടപ്പെട്ടെങ്കിലും മലയാളിപൊള്ളയായ മനസ്സോടെ ഓണത്തെ ആഘോഷിക്കുന്നതിനെ വിജയലക്ഷ്മി ഇത്തിരി നർമം ചേർത്ത് കളിയാക്കാനും മടിക്കുന്നില്ല.

"പാടങ്ങളൊക്കെ നികന്നാലും,
പാവങ്ങളൊക്കെ വലഞ്ഞാലും,
പായസം പപ്പടം നെയ്യും വിളമ്പുവാ-
നാരുടേതാകാമീപ്പൊന്നോണം?"[31]

മനുഷ്യന്റെ മനസ്സിൽ നന്മയില്ലാത്ത ഈ കാലഘട്ടത്തിൽ ജാതി, വർഗ, ലിംഗ വിഭാഗീയതകളിൽ നിന്നുകൊണ്ട് ഓണം ആഘോഷിക്കുന്നതിന്റെ ഔചിത്യത്തെ വിമർശനാത്മകമായി സമീപിച്ചുകൊണ്ടാണ് കവയിത്രി തുമ്പിക്കായ് കാപട്യങ്ങളില്ലാത്ത ഒരു പുതിയ ആകാശത്തെ പ്രതീക്ഷിക്കുന്നത്. പക്ഷെ താൻ നിൽക്കുന്ന ഉപഭോഗ സംസ്കാരത്തിനകത്തെ വാണിജ്യതന്ത്രങ്ങളെ കവയിത്രി കാണാതെ പോകുന്നില്ല. പ്രകൃതി വിഭവങ്ങളെ കച്ചവടവത്കരിച്ച് വാണിജ്യകുത്തകശക്തികൾ ചിലന്തിയെ പ്പോലെ വല നെയ്ത് ഇരയെ കാത്തിരിക്കുന്ന പുതിയ കാലഘട്ടത്തിൽ കവയിത്രി യുടെ ഓണത്തുമ്പിക്ക് നഗരത്തിന്റെ ചളിക്കുനയിൽ ജീവിതം നഷ്ടപ്പെടുന്നത് തികച്ചും സ്വാഭാവികം മാത്രമാണ്. ഈ കച്ചവടസമീപനങ്ങളെ നാം മറികടന്നുകൊണ്ട് മാത്രമെ ഓണത്തുമ്പിക്കായ് പുക്കൾ നിറഞ്ഞ ഭൂപ്രദേശത്തെ നൽകാൻ കഴിയൂ.

"കച്ചവടക്കാരിറങ്ങുന്നു,
മൊച്ചക്കുരങ്ങുകളെപ്പോലെ
മുക്കിനു മുക്കിനിരിക്കുന്നു വല
കെട്ടി ച്ചിലന്തികളെന്നോണം"[32]

ആഗോളവത്കരണവും ഉദാരവത്കരണസമീപനങ്ങളും പ്രകൃതിയെ വാണിജ്യാ ടിസ്ഥാനത്തിൽ വിനോദസഞ്ചാരയിടങ്ങളായും മൂലധനാധിഷ്ഠിത ഉത്പാദനവ്യവസ്ഥി തിയ്ക്ക് കീഴിലെ ഉരുവായും സമീപിക്കുന്ന നൂതനപ്രവണതകളെയാണ് കവയിത്രി ഈ കവിതയിൽ തുറന്നെഴുതുന്നത്. നമുക്ക് മുന്നിലുള്ളത് നന്മ നിറഞ്ഞ ഒരു കാലമല്ല എന്ന് ഓർമ്മപ്പെടുത്തികൊണ്ടാണ് ഓണത്തുമ്പി കവിതയിൽനിന്ന് പിൻവാങ്ങുന്നത്. പൂവും പൂമരങ്ങളും നഷ്ടപ്പെടുത്തി ഓണത്തെ വരവേല്ക്കുന്ന ഓരോ മലയാളിക്കുള്ളിലും ഈ ഓണത്തുമ്പി പ്രകൃതിപക്ഷത്ത്നിന്ന് ഒരു പുനർചിന്തയ്ക്ക് വഴിയൊരുക്കുന്നുണ്ട്. 'ഓണത്തിന് ഒരു പാട്ട്' എന്ന കവിതയും പേരിന് മാത്രം കൊണ്ടാടപ്പെടുന്ന ഓണത്തിന്റെ വിശേഷങ്ങൾ പങ്കുവെക്കുന്നുണ്ട്. ഈ വിശേഷ

ങ്ങൾക്കിടയിലാണ് നമുക്ക് നഷ്ടപ്പെട്ട പൂക്കൾക്ക് പകരമായി വിപണി കയ്യടക്കിയ പ്ലാസ്റ്റിക് പൂക്കളെക്കുറിച്ച് കവയിത്രി സൂചന നൽകുന്നത്. പ്രകൃതിയുടെ ഉത്സവമായിരുന്ന 'ഓണം' വിപണിയുടെ ഉത്സവമായി മാറുന്നു എന്ന തിരിച്ചറിവാണ് ഈ കവിതകൾ നൽകുന്നത്.

"മാവേലിയില്ല നിലാവില്ല
പാടവരമ്പിൽ തിരക്കില്ല
ഓണമിന്നാരുടേതാണെന്ന്
വീണയും പുള്ളോനും ചോദിച്ചു
വ്യാപാരമേളയിലാളുണ്ട്
വാടാത്ത പ്ലാസ്റ്റിക് പൂവുണ്ട്"[33]

നഗരവത്കരണം നഷ്ടപ്പെടുത്തുന്ന ഗ്രാമപ്രകൃതിയാണ് ഈ കവിതകളിൽ വർഗ ബന്ധങ്ങളിൽ ഊന്നികൊണ്ട് കവയിത്രി അവതരിപ്പിക്കുന്നത്. 'നഗരത്തിലെ നാട്ടുമാവ്' എന്ന കവിതയിൽ നഗരവത്കരണത്തിന്റെ പേരിൽ മുറിച്ച് മാറ്റുന്ന ഒരു നാട്ടുമാവാണ് വിഷയം. നാട്ടുമാവിന് ഓർമ്മകളിലൂടെ സഞ്ചരിച്ച് പഴയകാലഘട്ടങ്ങളെയും പുതിയ കാലഘട്ടങ്ങളെയും കവയിത്രി താരതമ്യപ്പെടുത്തുന്നുണ്ട്. നാഗരികത മുന്നോട്ട്വെച്ച വ്യവസായസംരംഭങ്ങളും ഭക്ഷണസംസ്കാരവുമാണ് നാട്ടുമാവിനെ അപ്രസക്തമാ ക്കിയത്. കണ്ണിനെയും മനസ്സിനെയും ആകർഷിക്കുന്നതും രാസവസ്തുക്കൾകൊണ്ട് അലങ്കരിക്കുന്നതുമായ പുതിയ രുചിക്കൂട്ടുകൾക്കിടയിൽ നാട്ടുമാങ്ങയും വിഭവങ്ങളും പിൻതള്ളപ്പെടുന്നു. ഈ അരികുവത്ക്കരണമാണ് നാട്ടുമാവിനെകൊണ്ട് തനിക്ക് നഷ്ടപ്പെട്ട കാലങ്ങളെക്കുറിച്ചും താൻ അഭിമുഖീകരിക്കുന്ന വിഷമയമായ കാലത്തെ ക്കുറിച്ചും ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത്. നാട്ടുമാവ് തന്റെ ദുഃഖത്തെ മനുഷ്യന്റെ വികസനത്വരയുമായും സാമ്രാജ്യത്വസ്ഥാപനത്തോടും ബന്ധപ്പെടുത്തുന്നിടത്താണ് നാട്ടുമാവിന്റെ ശബ്ദം സ്ത്രൈണമായ ഒരുൾക്കാഴ്ചയായി തിരിച്ചറിയപ്പെടുന്നത്.

ഭൂമിതന്നെ ആണവവത്കരണഭീഷണിയെ അഭിമുഖീകരിക്കുന്ന പുതിയ കാലത്തിൽ മനുഷ്യൻ തമ്മിലുള്ള മദമത്സരങ്ങൾക്ക് എന്ത് പ്രസക്തിയാണുള്ളതെന്ന് നാട്ടുമാവ് ചോദിക്കുന്നു. നാട്ടുമാവിലൂടെ അനേകം ശതങ്ങളിലൂടെ മനുഷ്യന്റെ വളർച്ച യുടെ ഘട്ടങ്ങളെ കണ്ടും മനുഷ്യന്റെ സ്വാർത്ഥതയ്ക്ക് ഇരയായും അരികുവത്ക്കരിക്ക

പ്പെടുന്ന പ്രകൃതിയെയാണ് കവിത അടയാളപ്പെടുത്തുന്നത്. 'ഒരു നിശ്ചല ദൃശ്യം' എന്ന കവിതയിലും സമാനമായ അന്തരീക്ഷത്തെ കവയിത്രി അവതരിപ്പിക്കുന്നുണ്ട്. ഈ കവിതയിൽ മരം മുറിക്കുന്നതിലൂടെ കൂട് നഷ്ടപ്പെടുന്ന കാക്കയുടെ വ്യഥയിലൂടെയാണ് കവിത മുന്നോട്ട് കൊണ്ടുപോകുന്നത്. കൊച്ചി നഗരത്തിന്റെ മധ്യത്തിലാണ് മരം മുറിക്കാനുള്ള ഈ ശ്രമം നടക്കുന്നത്. തന്റെ ആവാസസ്ഥാനം നഷ്ടപ്പെടുന്ന നഗരവളർച്ചയിൽ സ്വയം വ്യഥപ്പെടാനെ കാക്കയ്ക്ക് കഴിയുന്നുള്ളൂ.

"മഞ്ഞയാം നിയോൺ വെട്ടം
വീണതു നിലാവാക്കി
തന്നിലേ മുഴങ്ങുന്ന
മൗനമായ്, സൂര്യോദയം
വന്നു ചേരുവാൻ കാക്ക
കാത്തുകാത്തിരിക്കുന്നു."[34]

നഗരത്തെ മുൻനിർത്തിയിട്ടുള്ള പ്രകൃതിയുടെ ദൈന്യതയെയാണ് ഈ വരികൾ ആവിഷ്കരിക്കുന്നത്. 'അറബിക്കടലിന്റെ റാണി' എന്ന കവിതയിൽ നഗരവത്കരണത്തിന് കീഴ്പ്പെടുന്ന കൊച്ചി ഭൂവിഭാഗങ്ങളുടെ നേർക്കാഴ്ച കവയിത്രി നൽകുന്നുണ്ട്. നാഗരികമായ ഉയർച്ചയ്ക്ക് കീഴ്പ്പെട്ട കൊച്ചിയെ സ്ത്രൈണ പ്രകൃതിയിലാണ് കവയത്രി അനുഭവപ്പെടുത്തുന്നത്. നാഗരികതയ്ക്ക് ഒരു ഭൂതത്തിന്റെ ആകാരം നൽകിക്കൊണ്ടാണ് കവിത റാണീ പദത്തിൽനിന്ന് ചേരികൾ രൂപപ്പെടുത്തികൊണ്ടുള്ള കൊച്ചിയുടെ വളർച്ചയെ രേഖപ്പെടുത്തുന്നത്. മലിനമാക്കപ്പെടുന്ന വായുവിലും നിരത്തിൽ വിഷപ്പുക ഉയർത്തുന്ന വാഹനക്കൂട്ടങ്ങളിലുമാണ് ഈ നഗരമാകുന്ന ഭൂതത്തിന്റെ അവയവഭാഗങ്ങളെ കവയിത്രി കണ്ടെടുക്കുന്നത്.

"ധൂമപങ്കില ശ്വാസ-
വായുവിൽ അജയ്യനാം
ഭൂതമാണല്ലോ കൈകാ-
ലിളക്കിപ്പുളയ്ക്കുന്നു!
അതിന്റെ ചക്രം ചേർന്ന
പാദരക്ഷകൾ, ദൂരേ-

യ്ക്കമിതോല്ലാസം പാഞ്ഞു
പോകുമീ ശകടങ്ങൾ;"[35]

വാണിജ്യവത്കരിക്കപ്പെടുന്ന കൊച്ചിക്ക് പകരംവെക്കേണ്ടി വന്നത് അതിന്റെ പച്ചപ്പ് നിറഞ്ഞ ഭൂവിഭാഗങ്ങളെയാണ്. ശുദ്ധമായ വെള്ളവും വായുവുമാണ്. നാഗരികതയെ ഒരു അധികാരരൂപമായി നിലനിർത്തിയും കൊച്ചിയെ അതിന് കീഴ്പ്പെടുത്തുന്ന പ്രകൃതിയുമായും കണ്ടുള്ള ഈ അവതരണം ആധുനിക വികസനത്തിന് കീഴിൽ നഗരത്തിന് നൽകിയിരുന്ന പ്രാമുഖ്യത്തെയാണ് വെളിപ്പെടുത്തുന്നത്. അതോടൊപ്പം കൊച്ചിയുടെ മക്കളെയോർത്തുള്ള വ്യഥയിലൂടെ ഗ്രാമപ്രകൃതിക്ക് സംഭവിച്ച ദുരവസ്ഥകളെയും കവിത പങ്കുവയ്ക്കുന്നു.

"അഴലിൽ, മോശപ്പെട്ട
നിത്യവൃത്തികൾ ചെയ്തു
കഴിയും തൻ മക്കൾ തൻ
വർത്തമാനത്തെച്ചൊല്ലി,
മൂകയായ് വിഷാദിച്ചും
പൈപ്പിനു ചോട്ടിൽ, ചിത്തം
ദാഹനീരിനായ് വെച്ചും
ഉറങ്ങാതിരിക്കുന്നു."[36]

അറബിക്കടലിന്റെ റാണിയെന്ന് വിശേഷിപ്പിക്കുന്ന 'കൊച്ചിയെ' മുൻനിർത്തിയിട്ടുള്ള സ്ത്രൈണമായ ആലോചനകളാണ് കൊച്ചിയെ ഒരു പെണ്ണായി സങ്കല്പിച്ചുകൊണ്ട് കവിതയിൽ അവതരിപ്പിക്കുന്നതിലേയ്ക്ക് നയിച്ചത്. കൊച്ചിയിലെ വാണിജ്യ ബന്ധങ്ങൾക്കും നാഗരികമായ വ്യവഹാരങ്ങൾക്കും വർഷങ്ങളുടെ പഴക്കമുണ്ട്. കൊച്ചിയിൽ ഉയർന്നുനിൽക്കുന്ന വ്യാപാരസമുച്ചയങ്ങളിലും ചേരികളിലും കൊച്ചിയെ ഒരു വ്യാപാര ഇടമായി നിലനിർത്തുന്നതിന്റെ കണ്ണികളെ നമുക്ക് ചേർത്തുവെക്കാൻ കഴിയും. കൊച്ചിയുടെ ഭൂതലം കീഴ്പ്പെട്ട് നിൽക്കുന്ന സാമൂഹികവ്യവഹാരങ്ങൾ കൂടുതലായും കടപ്പെട്ട് നിൽക്കുന്നത് നാഗരികമായ രൂപഘടനകളോട് ആയതിനാലാണ് ഈ നാഗരികതയ്ക്ക് കവയിത്രി ഒരു ഭൂതത്തിന്റെ രൂപം നൽകാൻ ശ്രമിക്കുന്നത്. ഒരു കുട്ടിക്കഥയിലെ ഭൂതത്തെപ്പോലെ അത് കവിതയുടെ ശരീരത്തിൽ

ആകരംകൊണ്ട് കൊച്ചിയിലെ വൻമാളികകളെയും ചേരികളെയും കയ്യടക്കിനിൽക്കുന്നു. ഈ സമസ്യയ്ക്കകത്ത് അകപ്പെട്ട കൊച്ചിയാകുന്ന പെൺകൊടിയുടെ വിഷാദങ്ങളെ പകർത്താനും കവയിത്രി മടിക്കുന്നില്ല.

വർത്തമാനകാലത്തെയും ഭൂതകാലത്തെയും ബന്ധിപ്പിക്കുന്ന വ്യാപാരസമുച്ചയമാണ് കൊച്ചിയെ എക്കാലത്തും അറബിക്കടലിന്റെ റാണിയായി നിലനിർത്തുന്നത്. പക്ഷെ ഈ പദവിയിൽ ആകുലപ്പെടുന്ന കൊച്ചിയെയാണ് കവയിത്രി നമുക്ക് പരിചയപ്പെടുത്തിയത്. ഭാവിയെ ഓർക്കാതെയുള്ള മക്കളുടെ ആഡംബരഭ്രമത്തിനിടയിൽ ചേരിയിൽ നിന്നുമാണ് കൊച്ചിയുടെ വിഷാദത്തെ കവയിത്രി പകർത്തുന്നത്.

"ഇരുപാലങ്ങൾ കട-
ന്നെത്തുമിക്കരെ, സൈബർ
മുറി തീർക്കുന്നു, തപം
ചെയ്യുന്നു സമ്പത്തുള്ളോർ;
അവളോ, പൊളിഞ്ഞുള്ള
പണ്ടകശാലയ്ക്കുള്ളിൽ
കുടിപാർക്കുന്നൂ മട്ടാ-
ഞ്ചേരിയിൽ ചേരിക്കുള്ളിൽ"[37]

നാഗരികമായ അധികാരത്തിന് കീഴ്പ്പെട്ട് അരികുവത്ക്കരിക്കപ്പെടുന്ന പെണ്ണായിട്ടാണ് കവയിത്രി ഇവിടെ കൊച്ചിയെ നോക്കിക്കാണുന്നത്. 'മഴതൻ മറ്റേതോ മുഖം' എന്ന കവിതയിലും മഴയുടെ സ്ത്രൈണഭാവത്തിലൂടെ വിഷമയമായ പെരിയാറിനെക്കുറിച്ച് കവയിത്രി ആശങ്കപ്പെടുന്നുണ്ട്. വ്യവസായസ്ഥാപനങ്ങളും ഗാർഹിക ഇടങ്ങളും ചേർന്ന നാഗരികത പെരിയാറിലേക്ക് തള്ളിയ വിഷമയമായ മാലിന്യങ്ങളെ കുടിച്ചിറക്കുന്നവളാണ് കവിതയിലെ 'മഴ'. ആർദ്രത നഷ്ടപ്പെട്ട ഒരു കാലമാണ് ഗ്രാമപ്രകൃതിയിലേയ്ക്കുള്ള ഈ നാഗരിക അധിനിവേശത്തിന്റെ ഫലം. 'ആർദ്രത' എന്ന കവിത നിലയുറപ്പിക്കുന്നത് ഈ സാമൂഹ്യപരിസരത്തിലാണ്. വറ്റിയ പുഴയും പച്ചപ്പ് നശിച്ച ഭൂമിയും വേട്ടയാടപ്പെടുന്ന മൃഗങ്ങളും അടങ്ങുന്ന സാമൂഹ്യസാഹചര്യത്തിലാണ് ആർദ്രത ഒരു പേരു മാത്രമായി അവശേഷിക്കുന്നതെന്ന് കവിത അനുഭവപ്പെടുത്തുന്നു.

ആർദ്രത നിസ്സഹായതയായി മാറുന്നത് തങ്ങളെ കീഴടക്കുന്ന അധികാര

ത്തിൽനിന്നും ഭൂമിയും സർവചരാചരങ്ങളും അതിജീവനത്തിനായി ശ്രമിക്കുന്ന ഘട്ട ത്തിലാണെന്ന് കവയിത്രി വെടിയേറ്റ് ഒടുങ്ങിയ പക്ഷിയിലൂടെയും ശരീരത്തിൽ വ്രണ ങ്ങളുമായി ഉത്സവമേളത്തിനിടയിൽ കണ്ണീരൊഴുക്കി നിൽക്കുന്ന ആനയിലൂടെയും നമ്മെ ബോധ്യപ്പെടുത്തുന്നു. മനുഷ്യകേന്ദ്രിതമായ ജീവിതപരിസരങ്ങളിൽ സ്വാതന്ത്ര്യം നഷ്ടപ്പെടുന്ന ദേശാടനപക്ഷികളും ആനകളും പ്രകൃതിയുടെ ഭാഗമാണ്. ഇവയുടെ ദൈന്യതയിലൂടെ പ്രകൃതിയിലേയ്ക്കുള്ള മനുഷ്യന്റെ അതിക്രമത്തിനെയാണ് കവയിത്രി സൂചിപ്പിക്കുന്നത്. മനുഷ്യന്റെ തന്നെ സ്വേച്ഛാപരമായ ഇടപെടലുകൾകൊണ്ട് ഭൂമിയിലെ ജീവിതാവസ്ഥകൾ ദുഃസ്സഹമായിത്തീരുന്ന സാഹചര്യത്തിലാണ് ആർദ്ര തയെ ഒരു വെറും പേരുമാത്രമായി കവിത ഉയർത്തിപ്പിടിക്കുന്നത്.

"ആർദ്രത, വെറും പേര്,
നിസ്സഹായമാണത്,
നേർത്തു നേർത്തില്ലാതായ
പ്രാണവായുവെപ്പോലെ-
വറ്റിയ പുഴപോലെ,
വരണ്ട മേഘംപോലെ,
പച്ചകളെല്ലാം വെട്ടി
പ്പോയ ഭൂമിയെപ്പോലെ"[38]

'കാക്ക' എന്ന കവിതയിൽ കവയിത്രി കുറച്ചുകൂടി മുന്നോട്ടുപോയി പ്രകൃതിയെ മൂലധനവത്കരിക്കുന്ന കുത്തകമുതലാളിത്ത ശ്രമങ്ങളെയാണ് വിമർശനാത്മകമായി നോക്കിക്കാണുന്നത്. 'കാക്ക' വിപണിയ്ക്കകത്തെ ഒരു നിർമിതിയായി മാറുന്ന സാഹചര്യമാണ് കവിത ചർച്ച ചെയ്യുന്നത്. ആഗോളവിപണിക്ക് കീഴിലേയ്ക്ക് നമ്മുടെ മണ്ണും ജലവും ഇതരവിഭവങ്ങളും വസ്തുവത്ക്കരിക്കപ്പെടുന്ന ഭീതിജനകമായ വർത്തമാനകാലസാഹചര്യത്തെയാണ് 'കാക്ക' എന്ന കവിത രാഷ്ട്രീയവത്കരി ക്കുന്നത്. 'കാക്ക' ഒരു പ്രതീകമാണ്. നമ്മുക്ക് നഷ്ടപ്പെടുന്ന തദ്ദേശീയവും ഗൃഹാതുരവും ആയ അനുഭവങ്ങളുടെ പ്രതീകമാണ് കാക്ക. ഈ അനുഭവങ്ങൾ നമ്മിൽനിന്ന് വേർപെടുത്തപ്പെടുകയും പിന്നീട് അവയെ സൗകര്യപൂർവം വാണിജ്യ വത്ക്കരിക്കുകയും ചെയ്യുന്ന വിപണി താത്പര്യങ്ങളെയാണ് ഈ കവിത മറനീക്കി കാണി ക്കുന്നത്. പ്രകൃതിയിലെ സർവചരാചരങ്ങളും വസ്തുവത്ക്കരിക്കപ്പെടുകയും മൂലധനാ

ധിഷ്ഠിതമായി കള്ളിതിരിച്ച് വിപണിയിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന ഉപഭോഗസംസ്കാരത്തിനെയാണ് കവയിത്രി ഇവിടെ 'കാക്ക'യിലൂടെ അപഹസിക്കുന്നത്.

"കൂട്ടിലടച്ചാണ്,
പായ്ക്കറ്റിലായുണ്ടു
'കാകാ' സ്വരവും
കറുപ്പും കരച്ചിലും
ഒക്കെയും കൂട്ടിക്കലർത്തിപ്പറത്തിയാൽ
ഒച്ചയുണ്ടാക്കുന്ന കാക്കയായ് മാറിടും"[39]

കാക്കയെ വിലയ്ക്കുവാങ്ങുക എന്ന സാഹചര്യത്തെ സൃഷ്ടിച്ച് ആത്യന്തികമായി മനുഷ്യൻ അവനവന്റെ നിലനില്പിനെ തന്നെ ഇല്ലാതാക്കുന്ന സാഹചര്യങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്ന തിരിച്ചറിവാണ് ഈ കവിത നല്കുന്നത്. പുത്തൻ ഉപഭോഗസംസ്കാരത്തിന് കീഴ്പ്പെട്ട ജീവിതസാഹചര്യങ്ങളാണ് മനുഷ്യനെ എന്തും വിലകൊടുത്ത് വാങ്ങുക എന്ന അവസ്ഥയിലേയ്ക്ക് തള്ളിയിടുന്നത്. പുനരുപയോഗത്തിന്റെ സാധ്യതയെ നിഷേധിക്കുക വഴി മാലിന്യസംസ്കരണം എന്ന വലിയ ബാധ്യത കൂടി ഈ ജീവിതരീതി സൃഷ്ടിക്കുന്നു. ഫലത്തിൽ ജീവിക്കുന്ന ഇടങ്ങളെ എല്ലാ അർത്ഥത്തിലും മലിനമാക്കിക്കൊണ്ടാണ് ഈ സംസ്കാരം തുടരുന്നത്.

'ഇനിയെന്തു വിൽക്കും?' എന്ന കവിതയിലെത്തുമ്പോൾ ഈ സംസ്കാരത്തിന് കീഴിൽ മൂല്യമില്ലാതാകുന്ന മനുഷ്യനെ മുന്നിൽ നിർത്തിയാണ് പ്രകൃതിവിഭവങ്ങളുടെ വസ്തുവത്ക്കരണത്തെ കവയിത്രി തുറന്നെഴുതുന്നത്. നാഗരികത അപഹരിക്കുന്ന ഭൂവിഭാഗത്തിനെക്കാൾ കുത്തക മുതലാളിത്തശക്തികൾ മൂലധനവത്കരിക്കുന്ന പ്രകൃതിവിഭവങ്ങളിലാണ് കവിത ശ്രദ്ധ പതിപ്പിക്കുന്നത്. കവിതയിലെ 'പെരുമടിശ്ശീലത്തലവർ' മൂന്നാംലോക രാഷ്ട്രങ്ങളിലെ പ്രകൃതിയെ വാണിജ്യവത്കരിക്കുന്ന ആഗോളകുത്തക മുതലാളിത്ത ശക്തികളെയാണ് പ്രതിനിധീകരിക്കുന്നത്. ഇതുവഴി പ്രകൃതിയെ വാണിജ്യവത്കരിക്കുന്ന ലിംഗകേന്ദ്രിതമായ അധികാരശക്തിയെ കവിത വിമർശനാത്മകമായി സമീപിക്കുന്നു. നാടിനെ പച്ചപ്പുകളായി, മലകളായി, പുഴകളായി മുറിച്ച് വിൽക്കാൻ നിൽക്കുന്ന ഒരു സ്വേച്ഛാലോകത്തെ കവയിത്രി പ്രതിസ്ഥാനത്ത്

നിർത്തുന്നുണ്ട്. അവർക്ക് മുന്നിൽ വിലയില്ലാത്തവരായി അവശേഷിക്കുന്നത് ശുദ്ധമായ മണ്ണും ആകാശവും ജലവും വായുവും നഷ്ടപ്പെടുന്ന ഒരു ജനതയാണ്. അവരെ ഈ പരിതാപകരമായ അവസ്ഥയിൽനിന്ന് തിരിച്ചെടുക്കാൻ ഇനി പ്രയാസമാണ്. ഈ തിരിച്ചറിവാണ് കവിത ബാക്കിവെക്കുന്നത്.

"അവർ വിളിയ്ക്കയായ്, വരിക, ലോകത്തിൻ
പെരുമടിശ്ശീലത്തലവരേ, നീല-
മലകൾ നിങ്ങൾക്കു കുഴിച്ചെടുക്കുവാൻ
ഹരിതവൃക്ഷങ്ങൾ പിഴുതെടുക്കുവാൻ
മകരവും മഞ്ഞും കുളിയും നിങ്ങൾക്ക്
മറന്നുപോകാതെ പൊതിഞ്ഞെടുക്കുവാൻ"[40]

'ഇനിയെന്തു വിൽക്കും?' എന്ന തലക്കെട്ടു തന്നെ വിപണികേന്ദ്രിതമായ വ്യാവഹാരികതലത്തിലേയ്ക്ക് അനുവാചക മനസ്സിനെ എളുപ്പം കടത്തിവിടുന്നു. നമ്മുടെ ഗൃഹാതുരമായ അനുഭവലോകത്തെയൊന്നാകെ വാണിജ്യവത്കരിച്ചുകൊണ്ട് കടന്നുപോകുന്ന ഒരു കാലഘട്ടത്തിലാണ് ഇനിയെന്തു വില്ക്കും? എന്ന ചോദ്യം കവയിത്രി ഉന്നയിക്കുന്നത്. 'പരമ്പര' എന്ന കവിതയിലും പ്രകൃതിയെ വാണിജ്യ വത്കരിച്ച് കൊണ്ട് പ്രകൃതിയിലേയ്ക്കുള്ള കടന്നുകയറ്റം വിഷയമാകുന്നുണ്ട്. ഇറാക്ക് യുദ്ധത്തെ മുൻനിർത്തി എഴുതിയ 'വര' എന്ന കവിതയിൽ ഈ പെരുമടിശ്ശീലത്തല വർക്ക് അധിനിവേശശക്തിയെ പ്രതിനിധീകരിക്കുന്ന ആൾരൂപമാണ്. മരുഭൂമിയെ രക്തം കൊണ്ട് നനച്ചുള്ള ഈ അധിനിവേശശക്തിയുടെ വാഴ്ച കാലത്താണ് മനുഷ്യനെ കൊന്ന് തള്ളിയും ഖനിജ ഇന്ധനഖനികളിൽ തീ ആളിപ്പടർത്തികൊണ്ടും പ്രകൃതിയെ ആവാസയോഗ്യമല്ലാതാക്കി മാറ്റിക്കൊണ്ടിരുന്നത്. പ്രകൃതിക്ക് മീതെയുള്ള ഈ അതിക്രമത്തെ സ്ത്രീക്കും പ്രകൃതിക്കും മീതെയുള്ള ആൺകോയ്മയുടെ സ്ഥാപിത സ്വഭാവമായിട്ടാണ് പാരിസ്ഥിതിക സ്ത്രീവാദികൾ നോക്കിക്കാണുന്നത്. 'എന്റെ പേര് ഹിരോഷിമ' എന്ന കവിതയിൽ പ്രകൃതിക്ക് മീതെ എക്കാലത്തും നിലയുറപ്പിച്ചിട്ടുള്ള ഈ ആൺകോയ്മയുടെ സവിശേഷതകളെ കവയിത്രി തുറന്നെഴുതുന്നുണ്ട്.

"അവൻ പറയുന്നു,
ഭൂതം, ഭാവി, വർത്തമാനം,

ഭൂമി, ആകാശം, പാതാളം,
കാറ്റ്, കടൽ, കപ്പൽ,
മുന്തിരിത്തോപ്പ്, എണ്ണപ്പാടം,
സ്വപ്നം, പ്രതീക്ഷ, വിശ്വാസം,
എല്ലാം അവന്റേതാവണമെന്ന്
പ്രപഞ്ചത്തിന്റെ ശ്വാസം, നിശ്വാസം
എന്നും അവന്റേതു മാത്രമാവണമെന്ന്."[41]

സാമ്രാജ്യത്വശക്തികളെ നിലനിർത്തുന്ന ഈ ആൺകോയ്മയ്ക്ക് കീഴിൽ അണ്വായുധ പ്രയോഗങ്ങളാൽ തകർന്നടിഞ്ഞ പ്രകൃതിയാണ് ഈ കവിതയിലെ ഹിരോഷിമ. എന്നാൽ കവിത വിയറ്റ്നാം, നാഗസാക്കി, ഇറാക്ക് എന്നിങ്ങനെ യുദ്ധത്തെ നേരിട്ട ഭൂവിഭാഗങ്ങളെയൊന്നാകെ ഒരോ പേരിനകത്തേക്ക് ഒതുക്കി നിർത്തുന്നുണ്ട്. മുറിവേറ്റ പ്രകൃതിയെ തന്നെയാണ് ഈ പേരിന് കീഴിലെല്ലാം കവയിത്രിക്ക് കാണാൻ കഴിയുന്നത്. സാമ്രാജ്യത്വ ശക്തികളുടെ ആക്രമണത്തിൽ തകർന്നടിഞ്ഞെങ്കിലും പ്രതിരോധത്തിന്റെ വലയം തീർക്കാനുള്ള കരുത്തിനെ ഈ പ്രകൃതി നേടിയെടുക്കുന്നുണ്ട്. അതുകൊണ്ടാണ് ഹിരോഷിമയെ മരണമില്ലാത്ത ജീവിയായി കവയിത്രി കവിതയുടെ അന്ത്യത്തിൽ നമുക്ക് മുന്നിൽ നിർത്തുന്നത്. ആൺകോയ്മയെ ചെറുക്കുന്ന സ്ത്രൈണമായ ശക്തിവിശേഷമായാണ് മുറിവേറ്റ പ്രകൃതിയെ വിജയലക്ഷ്മി ഈ കവിതയിൽ അവതരിപ്പിക്കുന്നത്. രസായുധപ്രയോഗങ്ങൾകൊണ്ട് നശിപ്പിച്ച് കളഞ്ഞ ജീവന്റെ തുടിപ്പുകളെ പ്രകൃതിക്ക് പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. അനേകവർഷകാലത്തെ പ്രകൃതിയുടെത്തന്നെ പരിശ്രമങ്ങളിലൂടെയാണ് അണ്വായുധശക്തികൊണ്ട് മലിനമാക്കപ്പെടുന്ന മണ്ണും വിണ്ണും ഈ മാലിന്യത്തിൽനിന്ന് വിമുക്തമാകുന്നത്. മനുഷ്യന് വേണ്ടത് പ്രകൃതിയിൽ ജീവനെ നിലനിർത്താൻ ഉതകുന്ന ആരോഗ്യപരമായ ഉത്പാദനവ്യവസ്ഥയാണ്.

രാസായുധപ്രയോഗങ്ങൾ ഇല്ലാതാക്കുന്നത് പ്രകൃതിയുടെ ഈ ശേഷിയെയാണ്. അനേകകാലം ഈ ഭൂമിയിലേയ്ക്ക് ജീവിവർഗത്തിന് പ്രവേശനം നിഷേധിക്കപ്പെടുന്നു. മനുഷ്യന്റെ ചിന്തയ്ക്ക് അളക്കാൻ കഴിയാത്ത ദുരവസ്ഥകളാണ് ഓരോ യുദ്ധങ്ങളും ബാക്കിവെക്കുന്നത്. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവിവർഗത്തിന്റെ ജനിതകഘടനയിൽ

സംഭവിക്കുന്ന മാറ്റങ്ങളും തത്ഫലമായുണ്ടാകുന്ന അംഗവൈകല്യങ്ങളും ഇവയിൽ ചിലത് മാത്രമാണ്. എങ്കിലും തന്റെ നാശനഷ്ടങ്ങളോട് വിധേയപ്പെടുന്ന പ്രകൃതിയെയല്ല ഈ കവിതയിൽ കണ്ടെത്താൻ കഴിയുക. ഒരു ചെറുത്തുനില്പ്പിന് ഈ കവിതയ്ക്കകത്തെ സ്ത്രൈണസമീപനം തയ്യാറാവുന്നുണ്ട്.

"തകർന്ന ഹൃദയവും
തൊലിയുരിപ്പോയ വിരലുകളും
ഉരുകിയൊലിക്കുന്ന പ്രാണനും
അർബുദത്തിന്റെ പ്രാണവേദനയും
കടലാസുവിമാനത്തിലേക്കാവാഹിച്ച്
ഞാനവനെ ചെറുക്കുന്നു
അവസാനശ്വാസം വരെ"[42]

ആഗോളതലത്തിൽ കേന്ദ്രീകരിക്കപ്പെടുന്ന മൂലധനാധിഷ്ഠിത ഉത്പാദന വ്യവസ്ഥിതിയുടെ ഭാഗമാണ് ഭൂമിക്ക് മീതെയുള്ള ആണവവത്കരണവും. സാമ്രാജ്യത്വസ്ഥാപനത്തെ സുസ്ഥിരപ്പെടുത്തുന്ന ഘടകങ്ങളാണ് ആഗോളതലത്തിൽ കണ്ടെടുക്കുന്ന വിപണിയും സൈനികവത്കരണവും. ഭൂമിയെ വാണിജ്യപരമായും സൈനികശക്തികൊണ്ടും കീഴടക്കുന്ന ഈ അധീശശക്തിക്ക് 'ദൈവം' എന്ന പേരാണ് കവയിത്രി കരുതിവെക്കുന്നത്. പല കാലങ്ങളിൽ ഈ ദൈവത്തിന്റെ ആസുരതയെ നാം തിരിച്ചറിഞ്ഞിട്ടുണ്ട്. ഹിരോഷിമയിലും നാഗസാക്കിയിലും ആണവശക്തികൊണ്ട് ഈ ദൈവം ശക്തി തെളിയിച്ചിട്ടുണ്ട്. പ്രകൃതിവിഭവങ്ങളെ വാണിജ്യവത്ക്കരിച്ചുകൊണ്ട് ഈ ദൈവത്തിന്റെ പ്രവർത്തനം നിരുപാധികം തുടരുന്നുണ്ട്. ഒരു കൈ കൊണ്ട് പ്രഹരിക്കാനും മറുകൈകൊണ്ട് ഭക്ഷണപ്പൊതികൾ ആകാശമാർഗത്തിലൂടെ വിതരണം ചെയ്യാനും ഈ ദൈവത്തിനു പ്രയാസമില്ല. കാരണം ഈ ദൈവം പുതുകാലത്തിന്റെ സൃഷ്ടിയായ ദൈവമാണ്. ഖനിജഇന്ധനങ്ങളിലും സൈനികവത്ക്കരണത്തിലും കണ്ണും മനസ്സും പതിപ്പിച്ചാണ് ഈ ദൈവം തന്റെ വിശ്വരൂപത്തെ പ്രദർശിപ്പിക്കുന്നത്. ഈ ആസുര ദൈവത്തിന്റെ രൂപത്തെ കവയിത്രി വിശദീകരിക്കുന്നതിപ്രകാരമാണ്.

"ഇരുണ്ട തലച്ചോറിൽ ഭൂമി വാഴുവാൻ മോഹം
ഇരുകൈയിലും മിസൈൽ, തീ, പുക, രാസായുധം
കാലുറപ്പിക്കാൻ നൂറുനാടുകൾ, ആകാശത്തോ
കാവലാളുകൾ, കടൽ വാഴുവാൻ മുങ്ങിക്കപ്പൽ"[43]

'സഭ' എന്ന കവിതയിൽ 'സമാധാന ഗായകർ' എന്നാണ് ഈ ദൈവത്തെ വിജയലക്ഷ്മി അഭിസംബോധന ചെയ്യുന്നത്. ഇത്തരത്തിൽ പ്രകൃതിക്ക് മീതെയുള്ള അധിനിവേശങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടാണ് വിജയലക്ഷ്മി കവിത പ്രകൃതി പക്ഷത്ത് നിന്ന് ഒരു വീണ്ടെടുപ്പിന് തയ്യാറാവുന്നത്.

5.1.4 വീണ്ടെടുപ്പുകൾ

സമൂഹത്തിനകത്തെ ദളിത്, സ്ത്രീ, പരിസ്ഥിതി തുടങ്ങിയ അരിക്വത്കരിക്ക പ്പെടുന്ന സത്തകൾക്ക് മീതെയുള്ള നീതി ലിംഗകേന്ദ്രിതമാണെന്ന തിരിച്ചറിവാണ് വിജയലക്ഷ്മിയെ തന്റെ കവിതകളിൽ വീണ്ടെടുപ്പിന് പ്രാപ്തയാക്കുന്നത്. ആദ്യകാലകവിതകളിൽ യാഥാസ്ഥിതിക ജീവിതവഴികളിൽനിന്ന് വേറിട്ട ചിന്തയിലൂ ടെയാണ് വിമോചനം എന്ന ആശയം കടന്നുവരുന്നത്. എങ്കിലും വിധേയത്വത്തിന് കീഴ്പ്പെട്ട് മുന്നോട്ടുപോകുന്ന സ്ത്രീ കഥാപാത്രങ്ങളെയാണ് ആദ്യകാലകവിതകളില ധികവും കണ്ടുമുട്ടുക. ഈ നയത്തിനൊരപരാധമാണ് 'തച്ചന്റെ മകൾ' എന്ന കവിത. ആത്മബോധത്തിന്റെ വീണ്ടെടുപ്പാണ് 'തച്ചന്റെ മകൾ' എന്ന കവിതയെ വ്യത്യസ്തമാ ക്കുന്നത്. 'തച്ചന്റെ മകൻ' എന്ന ദുരന്തയാഥാർത്ഥ്യത്തെ നിലനിർത്തികൊണ്ട് വിജയലക്ഷ്മി സൃഷ്ടിച്ചെടുത്ത തച്ചന്റെ മകൾ എന്ന കവിത പുരുഷകേന്ദ്രിത സമൂഹത്തിലേയ്ക്ക് ഒരു പെൺവഴി വെട്ടിയെടുക്കുന്നുണ്ട്. ചെറുപ്പം തൊട്ട് അച്ഛന്റെ ശിക്ഷണത്തിൽ വിധേയപ്പെട്ട് കഴിഞ്ഞ സ്വത്വമാണ് മകളുടേത്. എന്നാൽ, പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥയിൽ തന്റെ ജീവിതത്തെ എന്നേക്കുമായി ഒതുക്കിനിർത്താൻ മകൾക്ക് കഴിയുന്നില്ല. പെരുന്തച്ഛന്റെ കഴിവുകൾക്ക് മുമ്പിൽ അവളുടെ ജീവിതവും കഴിവും മറയ്ക്കപ്പെടുന്നുണ്ട്. എന്നാൽ ഭക്തിയും ഭയവുംകൊണ്ട് തന്റെ ജന്മത്തെ അടിമപ്പെടുത്താൻ അവളൊരുക്കമല്ല. ശാസനയുടെ, ശിക്ഷയുടെ ഒരു വീതുളി തന്റെ ജീവിതത്തിനുമേൽ നിലനിൽക്കുന്നുണ്ടെന്ന തിരിച്ചറിവ് മകൾക്കുണ്ട്. ഈ തിരിച്ചറിവിന്റേതായ ഒരു ഘട്ടം മകൾക്ക് വിജയലക്ഷ്മി കരുതിവെക്കുന്നിടത്താണ് കവിത സ്ത്രീപക്ഷ നിലപാടുതറയിലേയ്ക്ക് വളരുന്നത്

"ചേർത്തടച്ചൊരെൻ വാതിലിന്നപ്പുറം
രാപ്പകലുകൾ വേനലും വർഷവും
ഇച്ചിതൽപ്പുറ്റിനുള്ളിലിരുന്നു ഞാൻ
ഉറ്റുനോക്കിയെന്നുള്ളിലേക്കങ്ങനെ"[44]

സ്വന്തം ഉള്ളിലേയ്ക്കുള്ള സ്വത്വപരമായ ഈ നോട്ടങ്ങളാണ് ആൺകോയ്മയുടെ പാരമ്പര്യമാതൃകകളെ വിട്ട് തന്റേതായ ജീവിതവഴികളിലേയ്ക്കിറങ്ങാൻ അവളെ പ്രേരിപ്പിച്ചത്. തന്റെ ശില്പചാരുതയ്ക്ക് കീഴിൽ വേദനിപ്പിക്കുന്നവരെയും മന്ദഹസിക്കുന്നവരെയും പുണ്യപുരാണകഥാപാത്രങ്ങളെയും നിരത്തുന്നതിനിടയിൽ അവളുടെ മനസ്സ് വായുവിൽ പാളിവീഴുന്ന ഒരു വീതുളിയെ ഭയപ്പെടുന്നുണ്ട്. പക്ഷെ 'മൃഗശിക്ഷകൻ' എന്ന കവിതയിലെ മൃഗത്തിന്റെ ഭയം പൂണ്ട വിധേയത്വത്തിൽനിന്ന് 'തച്ചന്റെ മകൾ' എന്ന കഥാപാത്രം ഭീതിയെ മറികടന്ന് വളരെ ദൂരം സ്വതന്ത്രമായ വഴികളിലേയ്ക്ക് കടക്കുന്നുണ്ട്. അതിനവളെ പ്രേരിപ്പിക്കുന്നത് ഉത്തമവും അധമവുമായ അനേകം മനുഷ്യഭാവങ്ങളെ ഇനിയും തന്റെ ശില്പങ്ങളിലേയ്ക്ക് കൊണ്ടുവരേണ്ടതുണ്ട് എന്ന ചിന്തയാണ്. മദമാത്സര്യങ്ങളും ശാന്തവും അതിൽപ്പെടുന്നു. തച്ചന്റെ മകളുടേത് ജീവിതത്തിൽനിന്നുള്ള ഒളിച്ചോട്ടമല്ല മറിച്ച് ഒരു പെണ്ണിന് അവകാശപ്പെട്ട ജീവിതവഴിയുടെ തിരഞ്ഞെടുക്കലാണ്. തന്റെ ജീവിതവഴികളിൽ അകമ്പടി സേവിക്കാനോ മുഖസ്തുതി പൊഴിക്കാനോ ആരുമുണ്ടാവില്ലെന്ന് അവൾക്ക് ബോധ്യമുണ്ട്. അവളുടെ ചുമലിൽ ഉള്ള ഭാരം പിതൃത്വത്തിൽ നിലനില്ക്കുന്ന ശില്പപ്രാമാണ്യത്തിന്റേതുമാണ്. തന്റെയുള്ളിലെ ആശങ്കകളുടെ പാരമ്യത്തിൽ അവൾ തിരഞ്ഞെടുക്കുന്നത് അവളുടേതായ വഴിയാണ്.

"വായകീറിയ ദൈവം പ്രജയ്ക്കിര-
യേകുമെന്നു മുത്തച്ഛനേ ചൊല്ലിപോൽ
പോക ഞാനിന്നുളിപ്പെട്ടിയും മുഴ-
ക്കോലുമായ്-വീതുളിയ്ക്കിരയായിടാ." [45]

ഈവിധം സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ട് കവിതയിൽ കൊണ്ടുവരുന്ന സ്വത്വാവബോധത്തിന്റെ പുതുവഴിയാണ് വിജയലക്ഷ്മിയെ കരുത്തുറ്റ എഴുത്തുകാരിയായി നിലനിർത്തുന്നത്. കൂടാതെ കവിത സ്ത്രീവാദപരമായികൂടി മാറുന്നത്.[46]

പുരുഷകേന്ദിതമായ തൊഴിലിടങ്ങളിൽ നിന്നുള്ള പെണ്ണിന്റെ സ്വത്വാവബോധത്തിലൂന്നികൊണ്ടുള്ള വ്യതിചലനമായും ഈ സമീപനത്തെ നോക്കിക്കാണാവുന്നതാണ്.[47] യഥാർത്ഥത്തിൽ പേറ്റുനോവിന്റെ മഹത്വത്തിൽ ഒതുങ്ങിനിൽക്കാതെ സ്വതന്ത്രമായ തൊഴിലിടങ്ങളിലേയ്ക്ക് ഇറങ്ങിവരുന്ന പെൺമനസിന്റെ പ്രയാണഘട്ടത്തെയാണ് വിജയലക്ഷ്മിയുടെ കവിതകൾ പ്രതിനിധീകരിക്കുന്നത്. അതുകൊണ്ടുതന്നെ പെണ്മയുടെ ആന്തരികവും ബാഹ്യവുമായ സംഘർഷങ്ങൾ കവിതയുടെ ഭാഗമാണ്. 'മഴയുടെ മറ്റേതോ മുഖം' എന്ന കവിതയിൽ പ്രശ്നവത്ക്കരിക്കുന്നത് പെണ്മയുടെ ഇടങ്ങളെയാണ്. പ്രകൃതിയോട് ചാരിനിന്നാണ് ഇത് നിർവഹിക്കുന്നത്. മഴയ്ക്ക് കവിതയിൽ കാല്പനികമായ ഭാവുകത്വമല്ല കവയിത്രി നൽകുന്നത്. മഴയ്ക്ക് സ്ത്രൈണസ്വത്വത്തെ പകർന്നുനൽകികൊണ്ട് കവയിത്രി സമകാലിക സമൂഹത്തിന്റെ ജീർണാവസ്ഥയെയാണ് ആവിഷ്കരിക്കുന്നത്. അഴുക്കുചാലിലെ അജ്ഞാത ജഢങ്ങളെ മാറോടണച്ചു തേങ്ങുന്ന മഴ, അറവുചാലിലെ മൃഗങ്ങളുടെ ദൈന്യതയിൽ മുഖം മറച്ചുകൊണ്ട് കടന്ന് പോകുന്ന മഴ, പെരിയാറിന്റെ തീരത്തെ വിഷമാലിന്യങ്ങളെ വഹിക്കുന്ന മഴ, ഇങ്ങനെ മഴയ്ക്ക് നൽകുന്ന പരിണതികൾ മനുഷ്യസമൂഹത്തിന്റെ ബോധമണ്ഡലത്തെ ചിന്താകുലമാക്കുന്നുണ്ട്. ദേശത്തിന്റെയും വംശത്തിന്റെയും പേരിൽ പലായനം ചെയ്യുന്നവരും ജീവിക്കാനായി അഹോരാത്രം പണിയെടുക്കുന്നവരും ഈ മഴയുടെ ഭാഗമാണ്. പൊലിമയുടെ പഴയ മഴക്കാലം കഴിഞ്ഞു എന്ന തിരിച്ചറിവും ഇന്നത്തെ മഴ നല്കുന്നുണ്ട്.

പാടങ്ങളും വയൽ വരമ്പുകളും അപ്രത്യക്ഷമായതോടെ മഴയുടെ ഇമ്പവും കുറഞ്ഞു. കൂട്ടുകുടുംബങ്ങൾ അണുകുടുംബങ്ങളായതും വീടും നാടും പുതിയ മാധ്യമങ്ങൾ കയ്യടക്കിയതും വാർദ്ധക്യമന്ദിരങ്ങളിൽ നിറയുന്ന അനാഥത്വവും ഈ മഴയുടെ സാന്നിധ്യത്തിലൂടെ കവയിത്രി അനുഭവപ്പെടുത്തുന്നുണ്ട്. കവിതയുടെ അവസാനഘട്ടത്തിൽ ഈ മഴയെ അമ്മയായും സൃഷ്ടിയുടെയും സ്ഥിതിയുടെയും പ്രതീകമായ പ്രകൃതിയായും സ്ഥാനപ്പെടുത്തിയാണ് കവയിത്രി പിൻവാങ്ങുന്നത്.

"മഴ
തൻ
മറ്റേതോ

മുഖം
പ്രളയത്തിൻ
മറുകരച്ചേറും
ചവറും തള്ളിയും,
അലിവോടെങ്കിലും
കലിതുള്ളിക്കൊണ്ടും
കടപുഴക്കുവാൻ
മടിച്ചിടാതെയും
പുലർവെളിച്ചത്തിൽ
വെറുമൊരമ്മയായ്
പുളിയിലക്കര-
യണിഞ്ഞൊതുങ്ങിയും"[48]

ആർദ്രമായി പെയ്തൊഴിയുന്ന ഒരു മഴയ്ക്ക് പിറകിൽ സമൂഹത്തിനകത്തെ ജീർണതകളെ, വ്യക്തിബന്ധത്തിൽ സംഭവിച്ച വിള്ളലുകളെ ഒന്നൊഴിയാതെ അണിനിരത്തിയാണ് കവിത പെൺപക്ഷത്ത് നിന്നുകൊണ്ടുള്ള ചിന്താപരമായ നവീകരണത്തിന് ശ്രമിക്കുന്നത്. അതോടൊപ്പം പ്രകൃതിയുടെ സൃഷ്ടി, സ്ഥിതി എന്നീ രണ്ട് ഭാവങ്ങളിൽ കേന്ദ്രീകരിച്ചാണ് ഈ ജീർണതകൾക്ക് ഒരു പരിണതി പ്രതീക്ഷിക്കുന്നത്. സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ടുള്ള ഒരു വീണ്ടെടുപ്പായി നമുക്കീ സമീപനത്തെ പഠിക്കാൻ കഴിയില്ല. പരമ്പരാഗതമായ ചില പ്രകൃതി ചിന്തകളിൽ നിന്നുകൊണ്ട് മഴയ്ക്ക് ദാർശനികമായ ഒരു മാനം നൽകാനാണ് ഈ കവിത ശ്രമിക്കുന്നത്. അതുകൊണ്ടുതന്നെ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രത്യയശാസ്ത്ര പരിസരത്തിൽ ഈ കവിതയെ ഉൾക്കൊള്ളാൻ കഴിയില്ല. പ്രകൃതിയുടെ, സ്ത്രീയുടെ ദൈന്യതകളെ ഭാവാത്മകമായി 'മഴ' എന്ന രൂപത്തിലേയ്ക്ക് സംയോജിപ്പിക്കുകയാണ് വിജയലക്ഷ്മി ചെയ്തിട്ടുള്ളത്. 'കാണാതിരിക്കുന്നതെങ്ങനെ' എന്ന കവിതയിലും സമാനമായ കല്പനകളെ കാണാവുന്നതാണ്

"അന്ധകാലത്തിന്നിരുൾ മുഖഛായയെ
സ്വന്തമുൾക്കാഴ്ചയാൽ വെൺ തിങ്കളാക്കിയും

ജന്മദുഃഖത്തിൻ നിതാന്തഭാരങ്ങളെ
ക്കൊണ്ടെത്തുവോർക്കവ തൂവലായ് മാറ്റിയും
തന്നിലേ സ്നാനപ്പെടുന്നോർക്കു, വറ്റാത്ത
തണ്ണീർത്തടങ്ങളെന്നെന്നേക്കുമേകിയും
ഖിന്നലോകത്തിൻ നിരാലംബജീവനെ
നെഞ്ചോടണയ്ക്കും മഹാത്മാവൊരാളിനെ,
അമ്മയെ, കാണാതിരിക്കുന്നതെങ്ങനെ?
അല്ലാതെ മണ്ണായ് മടങ്ങുന്നതെങ്ങനെ?"[49]

ഈ കവിതയിലെ 'അമ്മ' പ്രകൃതി തന്നെയാണ്. ഇവിടെ അമ്മയുടെ മടിത്തട്ടിലേയ്ക്ക് സ്നേഹവായ്പുകളോടെ ചെന്നണയുന്ന ഒരു കുട്ടിയായിട്ടാണ് കവയിത്രി പ്രത്യക്ഷപ്പെടുന്നത്. പാരിസ്ഥിതികമായ വിമോചനത്തിനേക്കാൾ മാതൃവാത്സല്യത്തിനാണ് ഈ കവിത ഊന്നൽ നൽകുന്നത്. അതുകൊണ്ട് പരിസ്ഥിതിക്കും സ്ത്രീക്കുംവേണ്ടിയുള്ള ഒരു കരുതൽ മുന്നോട്ട് വെക്കുന്ന കവിതകളിൽ 'മഴതൻ മറ്റേതോ മുഖം', 'കാണാതിരിക്കുന്നതെങ്ങനെ' എന്നീ കവിതകളെ ഉൾപ്പെടുത്താൻ കഴിയില്ല. എന്നാൽ 'ജീവന്റെ വൃക്ഷം', 'പച്ച' എന്നീ കവിതകളിൽ സ്ത്രൈണപക്ഷത്ത് നിന്നുള്ള ഉൾക്കാഴ്ച പ്രകടമാണ്. ആശയപരമായി പാരിസ്ഥിതിക സ്ത്രീവാദത്തോട് ഐക്യപ്പെടുന്ന കവിതയാണ് ജീവന്റെ വൃക്ഷം. ആധുനികകാലത്തെ മുൻനിർത്തിയിട്ടുള്ള പാരിസ്ഥിതികവും നാഗരികവുമായ ആകുലതകളാണ് ഈ കവിതയും പങ്കുവെക്കുന്നത്.

നൂറ്റാണ്ടുകളായി ജീവിതത്തെ നിലനിർത്തുന്ന സ്ത്രീസമൂഹത്തിന്റെ സർഗാത്മകവും ക്രിയാത്മകവുമായ ശേഷിയെ ഉണർത്തിയെടുത്തുകൊണ്ടാണ് 'ജീവന്റെവൃക്ഷം' എന്ന കവിത പാരിസ്ഥിതികസ്ത്രീവാദ പരിപ്രേഷ്യത്തിലേയ്ക്ക് അടുക്കുന്നത്. സുഗതകുമാരിയുടെ 'ഒരു പാട്ടു പിന്നെയും' എന്ന കവിതയെ ഈ കവിത ഓർമ്മപ്പെടുത്തുന്നുണ്ട്. തന്റെയരികിലേയ്ക്ക് എത്തുന്ന ഒരു കിളിയുടെ പാട്ട് കവിതയിലെ സ്ത്രീയിൽ തന്റെ നാടിന്റെ സ്മൃതികളുണർത്തുന്നതിലൂടെയാണ് കാവ്യപരിസരം സൃഷ്ടിക്കപ്പെടുന്നത്. സ്വാഭാവികമായും നാടും നഗരവും തമ്മിലുള്ള താരതമ്യാത്മകമായ ഒരു വിശകലനത്തിലേയ്ക്ക് കവിത പോകുന്നു. കവിതയിലെ

സ്ത്രീക്ക് നഷ്ടപ്പെട്ട കാവും കുളങ്ങളും പൂമരങ്ങളും മാമരച്ചോടും കവിതയിൽ ഗൃഹാതുരതയോടെ വന്ന് നിറയുന്നു. ഈ ഗൃഹാതുരതയിൽ നിന്ന് കൊണ്ട് തന്റെ നഷ്ടത്തെയോർത്ത് ആശങ്കപ്പെടുന്നിടത്താണ് കവിത പച്ചപ്പ് നിറഞ്ഞ ഒരു കാലത്തെ അപ്രത്യക്ഷമാക്കിക്കൊണ്ടുള്ള സാമ്രാജ്യത്വപരവും അധീശത്വപരവുമായ നയങ്ങളെക്കുറിച്ച് സൂചന നൽകുന്നത്. സമരങ്ങളിലേയ്ക്ക് കടക്കുന്നത്. ലോകത്തെ യുദ്ധഭീതികൊണ്ടും ദാരിദ്ര്യംകൊണ്ടും നിറയ്ക്കുന്ന പുതിയ കാലത്തിന്റെ അധീശത്വനയങ്ങൾക്കിടയിൽ കവയിത്രിക്ക് തന്റെയരികിൽ പാടുന്ന പക്ഷിയോട് ഒന്നേ പറയാനുള്ളൂ. സ്ത്രീകൾക്കുള്ളിലെ കനിവിന്റെ, ക്രിയാത്മകതയുടെ ഉറവ വറ്റിയിട്ടില്ല. അതിൽനിന്ന് പ്രതീക്ഷയുടെ നല്ല നാളെയെ ഉണർത്തിയെടുക്കൂ എന്നേ കവയിത്രിക്ക് പറയാനുള്ളൂ.

"കഠിനമിന്നെങ്കിലും ആഴത്തിലായൊളി-
ച്ചൊഴുകുന്നൊരുറവയെന്നുള്ളിലില്ലേ
അതിൽ നിന്നുണർത്തുക, നൂറ്റാണ്ടുകൾക്കായി
നിറയുവാൻ ജീവന്റെ പുണ്യവൃക്ഷം"[50]

തികച്ചും പാരിസ്ഥിതികവും സ്ത്രീവാദപരവുമായ നിലപാടാണ് ഈ വരികളിലൂടെ കവിത മുന്നോട്ടുവെക്കുന്നത്. ക്രിയാത്മകതയോടെ ജീവിതത്തെ മുന്നോട്ട് നടത്താൻ പ്രകൃതിയുടെ തന്നെ ഭാഗമായ സ്ത്രീക്കുമാത്രമേ കഴിയൂ. ജൈവികമായ സന്തുലിതാവസ്ഥയാണ് സ്ത്രീക്കും വേണ്ടത്. പക്ഷിയുടെ പാട്ടിലൂടെ പ്രകൃതിയുടെ പക്ഷത്തെയാണ് കവിത വെളിപ്പെടുത്തുന്നത്. ഒരു കൈയ്യിൽ മരണവും മറുകയ്യിൽ അഭയാർത്ഥികളാകുന്നവർക്കായി ഭക്ഷണപൊതികളുമായി കടന്നുവരുന്ന യുദ്ധഭീതി നിറഞ്ഞ പുതിയ കാലത്തിൽ പക്ഷിയുടെ ഉണർത്തുപാട്ടിന് ഏറെ പ്രസക്തിയുണ്ട്. പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്കും ലോകസമാധാനത്തിനും വേണ്ടിയാണ് ഈ കവിത നിലനിൽക്കുന്നതെന്ന് വ്യക്തമാണ്.[51] ഭൂമി യുദ്ധമുഖമായി നിലനില്ക്കുന്ന സമകാലിക സാഹചര്യത്തിലാണ് പക്ഷിയോട് ഒരു ഉണർത്ത്പാട്ട് പാടാൻ കവയിത്രി ആവശ്യപ്പെടുന്നത്. ആ പാട്ടിലൂടെ ജീവന്റെ പുതുശാഖകൾ ഉണർത്തിയെടുക്കേണ്ടതുണ്ട്. പ്രകൃതിയുടെ സർഗാത്മകവും ക്രിയാത്മകവുമായ അതിജീവനശേഷിയെയാണ് കവിത ഇവിടെ വെളിപ്പെടുത്തുന്നത്.

"പതിവു പോൽ വീണ്ടും, പടക്കോപ്പിനുഗ്രമാം
നിലയമായ്ത്തീരുന്നു ശൂന്യഭൂമി
ഒരു പകുതി മുന്നോട്ട് പോകെ മറുപാതിയിൽ
പുറകോട്ട് പോകുന്നു താന്തഭൂമി
ഒരുപാട് ചോരവീണാലും കറുക്കാത്തൊ
രുടലുമായ്, മായാവിയായ ഭൂമി."[52]

പ്രതിരോധത്തിന് സ്ത്രൈണമായ ഉൾക്കരുത്ത് നല്കുന്ന സമീപനമാണ് ഈ കവിതയെ വ്യത്യസ്തമാക്കുന്നത്. സ്ത്രൈണപക്ഷത്ത് നിന്നുള്ള ഈ കരുത്താണ് 'പച്ച' എന്ന കവിതയും പ്രകടിപ്പിക്കുന്നത് കാലങ്ങളായി അപമാനവും അവഗണനയും പേറുന്ന സ്ത്രീസമൂഹത്തിന് മുൻപിൽ നിരാശയുടെ, വിധേയത്വത്തിന്റെ നാൾവഴികളല്ല കവിത മുന്നോട്ട് വെക്കുന്നത്. ശരീരംകൊണ്ടും മനസ്സുകൊണ്ടും ചതിക്കപ്പെടുന്ന പെൺവർഗത്തിനോട് ഇടിമിന്നലിന്റെ കരുത്തോടെ ജീവിതത്തിലേയ്ക്ക് തിരിച്ച് വരാനാണ് കവിത ആവശ്യപ്പെടുന്നത്. പച്ച എന്ന വാക്ക് തന്നെ ഒരു കരുത്താർന്ന തുടർച്ചയെ സൂചിപ്പിക്കുന്നു. അപരിമേയമായ ജീവിതവേദനകൾക്കിടയിൽ മണ്ണാങ്കട്ടപോലെയോ, കരിയിലപോലെയോ ആകാനല്ല കവിത ആവശ്യപ്പെടുന്നത്. ഉൾക്കരുത്താൽ പടുത്തുയർത്തപ്പെടുന്ന പെൺജീവിതമാണ് കവിത ആവശ്യപ്പെടുന്നത്.

"മണ്ണാങ്കട്ടകളോ കരിയിലകളോ ആവുകയില്ല
കാശിക്കു പോവുകയുമില്ല
ഞാറ്റുവേലയുടെ മണ്ണിൽ
നാം ഇപ്പോൾ നടുന്നു,
കരിംപച്ച നിറമുള്ള
ഒരു കുരുമുളക് കൊടി"[53]

'കുരുമുളക് കൊടിയിലൂടെ' സ്ത്രീക്ക് മാത്രം സാധ്യമാവുന്ന ജീവിത തുടർച്ചയെയാണ് കവയിത്രി ദ്യോതിപ്പിക്കുന്നത്. നൂറ്റാണ്ടുകളായി വൈവിധ്യമാർന്ന സംസ്കാരങ്ങളെ നിലനിർത്തിയവളാണ് സ്ത്രീ. തങ്ങളിലൂടെ ജീവന്റെ തുടർച്ചയെ നിലനിർത്തുന്ന ഈ സമൂഹം നിസ്സഹായതയുടെ തലങ്ങളിൽ ജീവിതം നഷ്ടപ്പെടുത്തേണ്ടവരല്ല എന്ന

തിരിച്ചറിവാണ് ഈ കവിത നൽകുന്നത്. ഈയർത്ഥത്തിലാണ് 'പുനർജന്മം' എന്ന കവിതയിൽ ദുഃഖഭരിതമായ ബാഹ്യസന്ദർഭങ്ങളെ വെടിഞ്ഞ് കരുത്ത് നേടാൻ കവയിത്രി സ്ത്രീസമൂഹത്തിനോട് ആവശ്യപ്പെടുന്നത്.

"ഉറയൂരിപ്പുത്തനാകു-
മുയിർനേടുന്ന പാമ്പുപോൽ
ഉരച്ചുമാറ്റുകിന്നേ നി-
ന്നവസാദങ്ങളൊക്കെയും"[54]

സ്ത്രീക്ക് മുന്നിൽ സ്വയം നേടിയെടുക്കേണ്ട ഒരു ലോകമുണ്ടെന്നാണ് ഈ കവിതകളെല്ലാം ഓർമപ്പെടുത്തുന്നത്. 'ഒരു സൂപ്പ്' എന്ന കവിതയിൽ ഭാവിയെ മുൻനിർത്തി സ്ത്രീപക്ഷത്ത് നിന്നുള്ള ഈ പര്യാലോചനകൾ ഒന്നുകൂടി വിശാലമാകുന്നുണ്ട്. ആചാരത്തിനപ്പുറം സാമൂഹികവും രാഷ്ട്രീയപരവുമായ അകം പൊരുളിലേയ്ക്കാണ് ഈ കവിത നമ്മെ കൊണ്ടുപോകുന്നത്. കവിതയുടെ ആദ്യഘട്ടം സൂപ്പിന്റെ നിർമാണം ഒരു അടുക്കളവൃത്തി മാത്രമായിട്ടാണ് അവതരിപ്പിക്കുന്നത്. ആർക്കും ഉണ്ടാക്കാൻ കഴിയുന്ന ഒരു ലഘുആഹാരം എന്ന പരിധിയിൽനിന്ന് സൂപ്പ് ബൃഹദ്ലോകത്തിലേയ്ക്കുള്ള വാതായനമായി മാറുന്നത് സൂപ്പിന് മുന്നിൽ പാർശ്വവത്ക്കരിക്കപ്പെടുന്ന അനേകായിരങ്ങളെ അണിനിരത്തുമ്പോഴാണ് സൂപ്പ് അപ്പോൾ ഒരു ലഘുഭക്ഷണം എന്ന സൂചകത്തിൽനിന്ന് വ്യതിചലിച്ച് ആഗോളതലത്തിൽ ജാതി, വർഗ, ലിംഗ വിഭാഗീയതകളുടെ പേരിൽ, വംശീയതയുടെ പേരിൽ അഭയാർത്ഥികളാകുന്ന അനേകായിരങ്ങളുടെ വിശപ്പിനെ ഉൾക്കൊള്ളുന്നു. അതുകൊണ്ട് തന്നെയാണ് സൂപ്പ് കഴിക്കുമ്പോൾ അത് വരണ്ട വയറുകളുടെ മരുഭൂമികൾ കടക്കുന്നതുപോലെയാണ് എന്ന് കവയിത്രി കൂട്ടിചേർക്കുന്നത്.

"നാമിപ്പോൾ സൂപ്പ് കഴിച്ചു തുടങ്ങുകയാണ്
എരിവിന്റെ കുതിരകൾക്കുമേൽ നാം
വരണ്ടവയറുകളുടെ മരുഭൂമികൾ കടക്കുകയാണ്
ഒരുപക്ഷേ നാമിപ്പോൾ നാലുപേരല്ല,
നമുക്ക് പിന്നിൽ ഈ സൂപ്പിന്നായി
മുഖമില്ലാത്തവരുടെ ഒരു പരമ്പര"[55]

അനേകായിരങ്ങൾക്കായുള്ള ഈ സൂപ്പിനെ നന്നാക്കിയെടുക്കാനായി കവയിത്രി മുന്നോട്ടുവെക്കുന്ന മാർഗ്ഗം സൂപ്പിൽ സ്നേഹവും പ്രതീക്ഷയും സ്വപ്നങ്ങളും അദ്ധ്വാനവും നിറയ്ക്കുക എന്നതാണ്. ഫലത്തിൽ 'സൂപ്പ്' കവിതയിൽ ജീവിതത്തിന്റെ തന്നെ പ്രതിനിധാനമായി മാറുന്നു. ആത്യന്തികമായി മനുഷ്യരാശിയുടെ സുസ്ഥിര മായ നിലനിൽപ്പാണ് കവിത ലക്ഷ്യം വെക്കുന്നത്. ഈയർത്ഥത്തിലാണ് വിജയലക്ഷ്മി യുടെ കവിതകൾ പാരിസ്ഥിതികസ്ത്രീവാദ പരിപ്രേക്ഷ്യത്തിലേയ്ക്ക് അടുക്കുന്നത്. സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ടുള്ള സ്വത്വപരമായ നീക്കങ്ങളും ജൈവികമായ സന്തുലിതാവസ്ഥയെ മുൻനിർത്തിയുള്ള ചിന്തകളുമാണ് ഈ കവിതകളുടെ അടിസ്ഥാനം.

വിഷയത്തിന്റെ തിരഞ്ഞെടുപ്പിൽ പിൻതുടരുന്ന സാർവ്വദേശീയമായ സമത്വ ബോധവും നിതാന്തമായ ജാഗ്രതയുമാണ് വിജയലക്ഷ്മി എന്ന കവയിത്രിയെ ശ്രദ്ധേയയാക്കുന്നത്. വിജയലക്ഷ്മിയുടെ കവിതകൾ മനുഷ്യന്റെ ഇച്ഛാശക്തിയെ തടസ്സപ്പെടുത്തുന്ന ജാതി, വർഗ്ഗ, ലിംഗ വിഭാഗീയതകളെ ചൂണ്ടികാണിച്ചുകൊണ്ടാണ് പാരിസ്ഥിതിക സത്രീവാദത്തിന്റെ കരുത്തുറ്റ മാതൃകകളായി വികസിക്കുന്നത്. വിജയലക്ഷ്മിയുടെ കാവ്യലോകത്തെ സൂക്ഷ്മവും സ്ഥൂലവുമായ ഈ പരിണതികൾ സ്ത്രീയുടെയും പ്രകൃതിയുടെയും പക്ഷത്ത് നിന്നുള്ള ഒരു പുതിയ രാഷ്ട്രീയത്തി ലേക്കുള്ള ചുവടുവെയ്പാണ്. ഈ രാഷ്ട്രീയം പാരിസ്ഥിതിക സ്ത്രീവാദത്തിന്റേത് കൂടിയാണ്.

കുറിപ്പുകൾ

1. വിജയലക്ഷ്മി, 'മൃഗശിക്ഷകൻ', *മൃഗശിക്ഷകൻ* (ഡി.സി.ബുക്സ്, കോട്ടയം, 2015), പു.11.
2. സി.എസ്. സൗമ്യ, 'വീണ്ടെടുപ്പിന്റെ തിരുഅവശേഷിപ്പുകൾ', *അടിച്ചമർത്തപ്പെട്ട സ്ത്രൈണതയുടെ മുദ്രകൾ സാഹിത്യത്തിലും സിനിമയിലും*, എഡി. സി.വി നീത ജോർജ്ജ് (മലയാള വിഭാഗം, ലിറ്റിൽഫ്ളവർ കോളേജ്, ഗുരുവായൂർ, 2016), പു. 220-221.
3. സി.ആർ. പ്രസാദ്, 'വർത്തമാനകാല മലയാള കവിതയിലെ സ്ത്രീയനുഭവം', *സാഹിത്യലോകം*, 37, 2 (2010), പു. 78.
4. ടി.പു.12.
5. പ്രസന്നരാജൻ, 'ആധുനികാനന്തരം കവിതയിൽ സംഭവിക്കുന്നത്', *ഉത്തരാധുനിക ചർച്ചകൾ* (സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്സ് സ്റ്റാൾ, കോട്ടയം), പു. 160-161.
6. വിജയലക്ഷ്മി, 'ശേഷം', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.300.
7. വിജയലക്ഷ്മി, 'കാള', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.356.
8. വിജയലക്ഷ്മി, 'കൗസല്യ', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.16.
9. വിജയലക്ഷ്മി, 'ഭാഗവതം', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2010), പു.32.
10. വിജയലക്ഷ്മി, 'കായൽ', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.26.
11. വിജയലക്ഷ്മി, 'ആട്ടം', *ജ്ഞാനമഗ്ദലന* (ഡി.സി.ബുക്സ്, കോട്ടയം, 2013), പു.56.
12. ടി.പു.56.

13. വിജയലക്ഷ്മി, 'മരണാനന്തരം', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2010), പു.173.

14. വിജയലക്ഷ്മി, 'വിട്ടുപോകൂ', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി. സി.ബുക്സ്, കോട്ടയം, 2010), പു.20.

15. ടി.പു.19.

16. വിജയലക്ഷ്മി, 'മഴയ്ക്കപ്പുറം', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.329.

17. വിജയലക്ഷ്മി, 'കാവൽ നായ', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.363.

18. വിജയലക്ഷ്മി, 'ഇര', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2010), പു.147.

19. വിജയലക്ഷ്മി, 'വീട്ടിൽ', *സീതാദർശനം* (ഡി.സി.ബുക്സ്, കോട്ടയം, 2016), പു.53.

20. വിജയലക്ഷ്മി, 'കർക്കടകം', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.28-29.

21. വിജയലക്ഷ്മി, 'വെറുമൊരുകത്ത്', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.49.

22. വിജയലക്ഷ്മി, 'വാഴപ്പഴം', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2010), പു.58.

23. വിജയലക്ഷ്മി, 'അവതാരം', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.120.

24. വിജയലക്ഷ്മി, 'വർത്തമാനം', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.131.

25. ടി.പു.132.

26. വിജയലക്ഷ്മി, 'ലാവ', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി ബുക്സ്, കോട്ടയം, 2010), പു.148.

27. വിജയലക്ഷ്മി, 'മരണാനന്തരം', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2010), പു.171.

28. വിജയലക്ഷ്മി, 'കറുത്തമണ്ണ് ', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.245.

29. വിജയലക്ഷ്മി, 'കൊലയ്ക്ക് മുമ്പ്,' *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.61.

30. ടി.പു.62.

31. വിജയലക്ഷ്മി, 'തുമ്പിപ്പാട്ട്,' *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.300.

32. ടി.പു. 106.

33. വിജയലക്ഷ്മി, 'ഓണത്തിന് ഒരു പാട്ട്', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.294.

34. വിജയലക്ഷ്മി, 'ഒരു നിശ്ചലദൃശ്യം', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്,കോട്ടയം, 2010), പു.279.

35. വിജയലക്ഷ്മി, 'അറബിക്കടലിന്റെ റാണി', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2010), പു.166.

36. ടി.പു.167.

37. ടി.പു.167.

38. വിജയലക്ഷ്മി, 'ആർദ്രത,' *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2010), പു.201.

39. വിജയലക്ഷ്മി, 'കാക്ക', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2010), പു.218.

40. വിജയലക്ഷ്മി, 'ഇനിയെന്തുവിൽക്കും', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2010), പു.221.

41. വിജയലക്ഷ്മി, 'എന്റെ പേര് ഹിരോഷിമ', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2010), പു.296.

42. ടി.പു.111.

43. വിജയലക്ഷ്മി, 'ദൈവം', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2010), പു.239.

44. വിജയലക്ഷ്മി, 'തച്ചന്റെമകൾ', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്,കോട്ടയം, 2010), പു.79.

45. ടി.പു.81.

46. ഷൺമുഖൻ പുലാപ്പറ്റ, 'സ്ത്രീസ്വത്വത്തിന്റെ ഉർവ്വരത', *കാലത്തിന്റെ സാക്ഷ്യങ്ങൾ* (സൈൻബുക്സ്, തിരുവനന്തപുരം, 2012), പു. 225.

47. കെ.വി. മേഴ്സി, 'തച്ചന്റെ മകൾ ഒരു സ്ത്രീപക്ഷ സമീപനം', *സാഹിത്യലോകം*, 28,1 (2003), പു. 84-88.

48. വിജയലക്ഷ്മി, 'മഴതൻ മറ്റേതോമുഖം', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി. സി.ബുക്സ്, കോട്ടയം, 2010), പു.87.

49. വിജയലക്ഷ്മി, 'കാണാതിരിക്കുന്നതെങ്ങനെ', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.307.

50. വിജയലക്ഷ്മി, ജീവന്റെ വൃക്ഷം, *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.196.

51. എസ്. രാജശേഖരൻ, 'സ്ത്രീത്വം: കവിതയിലെ പുതുലോകങ്ങൾ', *സ്ത്രീവാദം ഉടലും പരിസരങ്ങളും* (പ്രഭാത് ബുക്ക്ഹൗസ്, തിരുവനന്തപുരം, 2016), പു. 115-116.

52. ടി.പു.196.

53. വിജയലക്ഷ്മി, 'പച്ച', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 2010), പു.293.

54. വിജയലക്ഷ്മി, 'പുനർജന്മം', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.93.

55. വിജയലക്ഷ്മി, 'ഒരുസൂപ്പ്', *വിജയലക്ഷ്മിയുടെ കവിതകൾ* (ഡി.സി. ബുക്സ്, കോട്ടയം, 2010), പു.287.

അദ്ധ്യായം 6

പാരിസ്ഥിതിക സ്ത്രീവാദവും ലളിതാലെനിൻ, റോസ്മേരി, വി.എം.ഗിരിജ എന്നിവരുടെ കവിതകളുടെ അവലോകനവും

ലളിതാലെനിന്റെ കവിതകളുടെ അനുഭവപരിസരം വിപുലപ്പെടുന്നത് സ്ത്രീയെയും പ്രകൃതിയെയും ലിംഗകേന്ദ്രിതമായി കീഴടക്കുന്ന ആധുനികജ്ഞാന പരിസരങ്ങളെ, പിതൃക്കേന്ദ്രീകൃത അധികാരസ്ഥാനങ്ങളെ വിശദീകരിച്ചുകൊണ്ടാണ്. ലിംഗകേന്ദ്രീകൃതമായ സാമൂഹ്യസന്ദർഭങ്ങളിൽ നിന്നുള്ള സ്ത്രീയുടെയും പ്രകൃതിയുടെയും വിമോചനത്തെ സാധ്യമാക്കുന്ന ശ്രമങ്ങളെ ഈ കവിതയിൽ നിന്ന് കണ്ടെടുക്കാൻ പ്രയാസമില്ല. പൗരാണിക കാവ്യസന്ദർഭങ്ങളെയും നാഗരികജീവിത പരിസരങ്ങളെയും ലളിതാലെനിൻ തന്റെ സ്ത്രീ, പ്രകൃതിപക്ഷനിലപാടുകളെ വ്യക്തമാക്കാൻ പ്രയോജനപ്പെടുത്തുന്നു. മുഖ്യമായും ലെളിതാലെനിന്റെ കവിതകൾ സ്ത്രീ, പ്രകൃതിപക്ഷത്തുനിന്നുകൊണ്ട് അസമത്വങ്ങൾ നിറഞ്ഞ സാമൂഹികവും സാംസ്കാരികവുമായ ജീവിതപരിസരങ്ങളെ വിമർശനാത്മകമായി സമീപിച്ചു കൊണ്ടാണ് മുന്നോട്ട് പോകുന്നത്.

6.1. പാരിസ്ഥിതിക സ്ത്രീവാദം - ലളിതാലെനിൻ

സ്ത്രീവാദപ്രത്യയശാസ്ത്രത്തിന്റെ കാതലായ ലക്ഷ്യം ആൺകോയ്മയിൽ നിന്നുള്ള സ്ത്രീസമൂഹത്തിന്റെ വിമോചനവും സ്ത്രീസമൂഹത്തിന്റെ സ്വത്വപരമായ വികാസവുമാണ്. സ്വത്വപരമായ ഉണ്മയിലേയ്ക്കുള്ള സ്ത്രീസമൂഹത്തിന്റെ വികാസം കുടുംബം, സമൂഹം എന്നിങ്ങനെയുള്ള പുരുഷാധികാരം നിലനില്ക്കുന്ന ഇടങ്ങളോട് എതിരിട്ടുകൊണ്ടാണ് സാധ്യമാകുന്നത്. നിലവിലുള്ള സമൂഹത്തെ നിലനിർത്തുന്ന ലിംഗകേന്ദ്രിത അധികാരരൂപങ്ങളിലെ അടിസ്ഥാനഘടകങ്ങളെ തിരിച്ചറിയേണ്ടതുണ്ട്. ഈ ശ്രമമാണ് കുടുംബത്തെ പുരുഷാധികാരത്തെ നിലനിർത്തുന്ന ഇടമായി കാണാൻ സ്ത്രീസമൂഹത്തെ പ്രേരിപ്പിക്കുന്നത്. കുടുംബഘടനയുടെ രൂപവത്കരണം തന്നെ ലിംഗ കേന്ദ്രിതമായ സാമൂഹികക്രമത്തിന്റെ ഫലമാണ്. ഈ ഘടനയെ പരിശോധിച്ചാൽ

പ്രാകൃത ഗോത്രങ്ങളിൽനിന്ന് കുടുംബഘടനയിലേയ്ക്കുള്ള വളർച്ചയുടെ ചരിത്രം ലിംഗകേന്ദ്രിതമായ സമൂഹത്തിന്റെ വളർച്ചയുടെ ചരിത്രം കൂടിയാണെന്ന് ബോധ്യപ്പെടും. ലിംഗകേന്ദ്രിത നയം ഇന്ന് കുടുംബത്തിനപ്പുറത്ത് സമൂഹത്തിന്റെ എല്ലാ തലങ്ങളിലേയ്ക്കും വ്യാപിച്ചു കഴിഞ്ഞു. ഈ ആണധികാരത്തിനോടുള്ള പ്രതിരോധം ലളിതാലെനിന്റെ കവിതകളിൽ പ്രത്യക്ഷമായും പരോക്ഷമായും പ്രകടമാണ്. ഈ പ്രതിരോധത്തിലൂടെയാണ് ലളിതാലെനിന്റെ കവിതയിലെ സ്ത്രീ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പരിപ്രേക്ഷ്യത്തിലേയ്ക്ക് വളരുന്നത്. കവിതയ്ക്കകത്ത് പ്രതിരോധതലത്തിൽ പ്രകടമാകുന്ന ഈ സ്ത്രൈണസത്തയുടെ മാനവിക വിമോചനത്തെ മുൻനിർത്തിയുള്ള നീക്കങ്ങളെ താഴെ ചേർക്കുന്നു.

6.1.1 സ്ത്രീയും കുടുംബവും

വന്യതയുടെ പ്രാകൃതദശയെ കടന്ന് മനുഷ്യൻ കാർഷികവൃത്തിയിലേക്കും അനുബന്ധമായ സാമൂഹിക സാംസ്കാരിക നിർമിതികളിലേയ്ക്കും പ്രവേശിച്ചിട്ട് നൂറ്റാണ്ടുകൾ പിന്നിട്ട് കഴിഞ്ഞു. ഈ കാലയളവത്രയും സമൂഹം മുൻതൂക്കം നൽകിയത് പുരുഷപക്ഷത്ത് നിന്നുകൊണ്ടുള്ള സാമൂഹ്യപുരോഗതിയ്ക്കാണ്. ആചാരാനുഷ്ഠാനങ്ങളിലൂടെ തുടർന്ന് വന്നതും സ്ത്രീലോകത്തെ കർമസ്ഥാനത്ത് നിലനിർത്തിക്കൊണ്ടുള്ള കീഴ്വഴക്കങ്ങളാണ്. സംസ്കാരത്തിലെ ഈ പ്രതിലോമ പരത സർഗസാഹിത്യത്തിൽ പ്രകടമായപ്പോഴാണ് സ്ത്രീയെ ഗൃഹമായും ഭൂമിയായും സങ്കല്പിച്ചുകൊണ്ടുള്ള വേദാന്തമന്ത്രങ്ങൾ ജന്മമെടുത്തത്. വൈദികസാഹിത്യത്തിലും ജീവിതപാരമ്പര്യങ്ങളിലും പുരുഷകേന്ദ്രീകൃതമായ ഒരു സാംസ്കാരിക വ്യവസ്ഥിതി അധികാരസമൂഹം രൂപപ്പെടുത്തിയെടുത്തു. അതോടൊപ്പം ആഢ്യവരേണ്യസങ്കല്പങ്ങൾക്ക് അനുഗുണമായ സ്ത്രൈണ മാതൃകകളെ സൃഷ്ടിച്ചുകൊണ്ട് സാഹിത്യത്തെയും ചരിത്രത്തെയും പൂരിപ്പിക്കാൻ പുരുഷസമൂഹം ശ്രമിച്ചുകൊണ്ടിരുന്നു. ആധുനിക സ്ത്രീസമൂഹം വിവേചനത്തിന്റെ ഈ ലിംഗരാഷ്ട്രീയത്തെ തിരിച്ചറിയുന്നുണ്ട്. അതുകൊണ്ട് തന്നെ വീടും സമൂഹവും സ്ത്രീസമൂഹത്തിന് മുന്നിൽ അധികാരരൂപങ്ങളായി ഇന്നും തുടരുന്നു.[1] പൂർവവിനിമയങ്ങളിലെ ഈ സ്ത്രൈണസത്തയെ വിമർശനാത്മകമായി സമീപിക്കുന്ന എഴുത്തുകാരിയാണ് ലളിതാലെനിൻ. ലളിതാലെനിന്റെ 'അരുന്ധതി' എന്ന കവിത തന്നെ ഈ സമീപനത്തിന് ഉദാഹരണമാണ്.

സ്വന്തം ജീവിതത്തെ അവകാശപ്പെടാൻ കഴിയാത്ത സ്ത്രീയാണ്. 'അരുന്ധതി' എന്ന കവിതയിലെ 'അരുന്ധതി', അവളുടെ ധ്യാനങ്ങളിൽ തെളിയുന്നത് സർപ്പക്കാവുകളിൽനിന്നുള്ള ശീൽക്കാരവും ഉള്ളുരുകുന്ന ഉൽക്കയുടെ വേഗവും ചുണ്ടുകളുടെ ഇടയിലൂടെ നീണ്ട് വരുന്ന അവളുടെ തന്നെ കോമ്പല്ലുകളുമാണ്. ഈ ചിത്രങ്ങൾ അരുന്ധതിയെ ജീവിതലക്ഷ്യത്തെ, മോഹങ്ങളെ പൂർത്തിയാക്കാൻ കഴിയാത്ത ഒരു സ്ത്രീയായി ചിത്രീകരിക്കുന്നു. അരുന്ധതി ആരാണ് എന്ന ചോദ്യത്തിന് കവയിത്രി നൽകുന്ന ഉത്തരം ഇതാണ്.

"അരുന്ധതിയുടെ കണ്ണീർ വറ്റിയിരിക്കുന്നു
അവളെന്റെ മകളാണ്
എന്റെ സ്നേഹത്തിനിരയാകാൻ
വിധിക്കപ്പെട്ടവൾ!
അടിവരണ്ട തടാകംപോലെ
പളുങ്കുമിഴികളിൽ നീലിമയില്ല,
തിരയനക്കമില്ല,
പ്രളയങ്ങൾക്കും കൊടുങ്കാറ്റുകൾക്കും മീതെ,
ഉച്ചസ്ഥമായ മൗനങ്ങൾക്കു താഴെ
ചുരുട്ടിയിട്ടൊരു സമസ്യപോലെ
അവളെന്നുള്ളിൽ കൊളുത്തി വലിക്കുന്നു."[2]

ഇരുപത്തിയൊന്ന് വയസ്സായ ഒരു യുവതിയുടെ ചിന്തകളും ലോകവും മുഖ്യധാരാസമൂഹത്തിനകത്തെ സ്ത്രീ ചിന്തകൾക്ക് വിലങ്ങനെ സഞ്ചരിക്കുന്നു എന്നുള്ളതാണ് ഈ കവിതയുടെ പ്രത്യേകത. കവിതയ്ക്കകത്തെ പൂച്ചയെപ്പോലെ പതുങ്ങിയുള്ള സ്ത്രീജീവിതവും മാതൃത്വത്തെ പശുത്തൊഴുത്തിലെ ദുർഗന്ധംപോലെ വെറുക്കുന്ന സ്ത്രീത്വവും രണ്ട് വ്യത്യസ്ത ലോകങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. സ്വയം ഉൾവലിഞ്ഞുകൊണ്ട്, വിധേയപ്പെട്ടുകൊണ്ട് പടുത്തുയർത്തുന്ന സ്ഥലപരിധികളാണ് സ്ത്രീക്കുള്ളതെന്ന് കവിത അടിവരയിടുന്നു.

"അരുന്ധതി,
നിന്റെ വിണ്ട് കീറിയ ഹൃദയത്തിലേക്ക് നോക്കാൻ

എനിക്കു ഭയമാണ്.
കുഴിച്ചു കുഴിച്ചു നീയത്
ഒരാഴക്കിണറാക്കിയിരിക്കുന്നു!" [3]

സ്ത്രീസമൂഹത്തിന്റെ അനുഭവപരിസരത്തെ ഇത്ര തന്നെ ഗഹനതയോടെ അവതരിപ്പിക്കുന്ന കവിതയാണ് 'കൺകെട്ട്'. പുരാണകഥാപാത്രമായ ഗാന്ധാരിയുടെ ജീവിതത്തെ മുൻനിർത്തി സ്ത്രീസമൂഹത്തിന്റെ ജീവിതാനുഭവങ്ങളുടെ സമകാലിക വായനയാണ് 'കൺകെട്ട്' എന്ന കവിത. 'കണ്ണുകൾ' സ്വതന്ത്രമായ ചിന്തയെയാണ് കവിതയിൽ പ്രതിനിധീകരിക്കുന്നത്. ഈയർത്ഥത്തിൽ കാലങ്ങളായി സ്ത്രീസമൂഹത്തിന്റെ ചിന്തയെ, കാഴ്ചകളെ സ്വാധീനിക്കുന്ന ആൺകോയ്മയുടെ പ്രബലസ്ഥാനങ്ങളെ തിരിച്ചറിഞ്ഞ് പുതിയൊരു ഉൾക്കാഴ്ചയെ മുന്നോട്ടുവെക്കുന്ന കവിതയാണ് 'കൺകെട്ട്'. കുടുംബത്തിലും സമൂഹത്തിനകത്തെ വ്യത്യസ്ത തലങ്ങളിലും പുലരുന്ന ആണധികാരത്തിൽനിന്ന് വ്യതിചലിച്ചുകൊണ്ടുള്ള ഒരു ജീവിതം സ്ത്രീക്ക് അസാധ്യമാണെന്ന തിരിച്ചറിവാണ് കവയിത്രിയെ തന്റെ ജീവിതത്തിലെ നേരറിവുകളുടെ നേർക്ക് ഒരു തൂവാലയെ സ്വീകരിക്കാൻ പ്രേരിപ്പിക്കുന്നത്. പക്ഷെ തൂവാലയെ കവയിത്രി സ്വീകരിക്കുന്നത് തന്റെ കാഴ്ചകളെ മറക്കാനല്ല. മറിച്ച് കുറച്ച് അതിശയോക്തിയോടെ കവയിത്രി കൂട്ടിച്ചേർക്കുന്നത് തന്റെ നെഞ്ചിൽ നിന്നൊഴുകുന്ന ജീവരക്തത്തെ ഒപ്പിയെടുക്കുന്നതിനാണ് തൂവാലയെന്നാണ്.

"ഇതാ,
എന്റെ ഹൃദയത്തിനും
തുള വീണുകഴിഞ്ഞു!
ഉറക്കം നടിക്കുന്നവർക്ക്
ഉണർത്തുപാട്ടില്ലെന്നറിയുമ്പോൾ
എനിക്കീ കറുത്ത തൂവാല
വലിച്ചെറിയുക വയ്യ!
ഇതുകൊണ്ട് കണ്ണ് കെട്ടുന്നില്ല
കാതു പൊത്തുന്നില്ല
ചോര വാലുന്ന നെഞ്ചിൽ
ചേർത്തുവെച്ചമർത്തുന്നു-അത്രമാത്രം!" [4]

മന്വന്തരങ്ങളിലൂടെ സഞ്ചരിച്ചെത്തുന്ന ഗാന്ധാരിയിലൂടെയാണ് കവിതയിലെ കൺകെട്ടിന് അർത്ഥവ്യാപ്തി ലഭിക്കുന്നത്. പുറം കാഴ്ചകളെ ബഹിഷ്കരിച്ച് അകം കാഴ്ചകളിലേക്ക് ഒതുങ്ങുന്ന ഗാന്ധാരിയുടെ സമീപനം സാമൂഹ്യവിമർശനപരം കൂടിയാണ്. സ്ത്രീയനുഭവങ്ങളിലേയ്ക്കുള്ള ഭരണപരവും സാമൂഹ്യപരവുമായ ലിംഗ കേന്ദ്രീകൃത ഇടപെടലുകളുടെ ഇരകളായിട്ടാണ് സീതയും ദ്രൗപതിയും ഗാന്ധാരിയും ഓർമ്മകളിൽ നിലനില്ക്കുന്നത്. വീക്ഷണത്തിലെ ഈ സ്ത്രൈണ പക്ഷമാണ് ലളിതാലെനിന്റെ 'ഗാന്ധാരി'യെ വ്യത്യസ്തയാക്കുന്നത്. ഗാന്ധാരിക്ക് തന്റെ കറുത്ത തൂവാലയെ ഉപേക്ഷിക്കുക പ്രയാസമാണ്. കാരണം ഗാന്ധാരി ഈ തൂവാലയണിയുന്നത് സ്ത്രൈണപക്ഷത്ത് നിന്നുള്ള പ്രതിഷേധമായിട്ടുകൂടിയാണ്. ത്രേതായുഗത്തിലെ സീതയുടെ പാതിവ്രത്യത്തെ തെളിയിക്കുന്ന അഗ്നിസാക്ഷ്യവും ദ്വാപരയുഗത്തിലെ ദ്രൗപതിയുടെ നേർക്കുണ്ടായ വസ്ത്രാക്ഷേപവും ഗാന്ധാരി ആൺകോയ്മയുടെ സാധ്യതകളായിട്ടാണ് വിലയിരുത്തുന്നത്. അതുകൊണ്ട് തന്നെ പ്രതിഷേധത്തിന്റെ ഒരഗ്നി ലളിതാലെനിന്റെ ഗാന്ധാരിയുടെ ഹൃദയത്തിലുണ്ട്.

"എങ്കിലും,
എനിക്കീ, കറുത്ത തൂവാല
വലിച്ചെറിയുക വയ്യ!
യുഗങ്ങളുടെ വിളുമ്പിൽ നിന്നടരുന്ന
കനൽച്ചീളുകൾ
എന്റെ നെഞ്ചിൽ ഒരു ചിത കൂട്ടിയിരിക്കുന്നു.
ത്രേതായുഗത്തിന്റെ ധർമഗീതയിൽ നിന്നൊരു
അഗ്നി സാക്ഷ്യം!
ദ്വാപരത്തിന്റെ കരിങ്കാറ്റിൽ നിന്നൊരു
വസ്ത്രദൈന്യം!
കന്യാദാനത്തിനും കന്യാദഹനത്തിനും
അഗ്നിതന്നെ സാക്ഷി!" [5]

പുണ്യപുരാണ കഥാസന്ദർഭങ്ങളിലൂടെ ആൺപക്ഷത്ത് നിന്നുകൊണ്ട് ഊട്ടിയുറപ്പിച്ചിട്ടുള്ള ഈ സ്ത്രൈണമാതൃകകളെ സ്ത്രീസമൂഹത്തെ ഒന്നാകെ

വിധേയപ്പെടുത്താനുള്ള സമീപനങ്ങളായിട്ടാണ് ലളിതാലെനിൻ നോക്കിക്കാണുന്നത്. കവയിത്രിയുടെ ഭാഷയിൽ ചരിത്രത്തിലെ കടുംകെട്ടുകളാണിവയെല്ലാം. 'തിരിച്ചറിവ്' എന്ന കവിതയിൽ 'കൺകെട്ട്' എന്ന കവിതയിൽ നിന്നുള്ള ആശയപരമായ വികാസം പ്രകടമാണ്. തിരിച്ചറിവുകൾ എപ്പോഴാണ് മരണത്തിനു തുല്യമായ ജീവിതാവസ്ഥയായി മാറുന്നതെന്ന് ഈ കവിത അടിവരയിടുന്നു. തന്റെ ജനനം സീമിതമായ അനുഭവപരിസരത്തിലേയ്ക്കാണെന്ന തിരിച്ചറിവാണ് കവിതയിലെ പെൺകുട്ടി പ്രകടിപ്പിക്കുന്നത്. പക്ഷെ തന്റെ ചുറ്റുവട്ടങ്ങളിലെ യാഥാസ്ഥിതിക ലോകത്തിന്റെ സ്വഭാവത്തിന് കീഴിൽ ഈ തിരിച്ചറിവ് അസ്വാഭാവികതയായിട്ടാണ് പെൺകുട്ടിക്ക് അനുഭവപ്പെടുന്നത്. ഇവിടെ പെൺകുട്ടി തന്റെ വളർച്ചയുടെ ഘട്ടങ്ങളിൽ അനുഭവിക്കുന്ന മുഖ്യധാരാസമൂഹത്തിന്റെ ഉദാരമനസ്സിനെ പരിഹാസത്തോടെയാണ് സമീപിക്കുന്നത്.

"ഉണർവുകളുടെ താക്കോൽപ്പഴുതിൽ
ആരോ സുവർണ്ണമുദ്രവെച്ചുകൊണ്ടിരുന്നു
മുരളാത്ത ചിത്രശലഭങ്ങളുടെ
ഷട്പദ സ്വപ്നങ്ങൾക്കു ചുറ്റും
എന്തൊരുദാരത!" [6]

മകൾ, ഭാര്യ, അമ്മ എന്നിങ്ങനെ സമൂഹം പരിപാലിക്കുന്ന വ്യത്യസ്ത പദവികളിൽ സ്ത്രീസമൂഹത്തിന് മനസ്സുകൊണ്ടും ശരീരംകൊണ്ടും വീട്ടേണ്ട കടങ്ങളായി ഈ ഉദാരത മാറുന്നതോടെയാണ് കവിതയിലെ യുവതിയുടെ മരണതുല്യമായ ജീവിതാവസ്ഥ ആരംഭിക്കുന്നത്. സാമൂഹികമായ ശീലങ്ങളിലേക്ക് തന്റെ ശരീരത്തിനെയും മനസ്സിനെയും വിട്ട് കൊടുക്കുന്നതോടെ ഈ കീഴായ്മ പൂർണമാകുന്നു. ഇവിടെ മരണം വിധേയത്വത്തിന്റെ പ്രതീകമാണ്. തന്നിലേയ്ക്കടുത്ത്, സ്വാതന്ത്ര്യത്തെ, സമത്വത്തെ, അനുഭവിക്കുന്ന സ്ത്രീയും തന്നിൽ നിന്നകന്ന് വിധേയസ്വത്വമായി കഴിയുന്ന സ്ത്രീയും തമ്മിലുള്ള വ്യത്യാസമാണ് മരണത്തിനും ജീവിതത്തിനും ഇടയിൽ തിരിച്ചറിവായി കവയിത്രി പങ്കുവെക്കുന്നത്. മരണതുല്യമായ നിസംഗതയിലേക്ക് സ്ത്രീജീവിതത്തെ തള്ളിവിടുന്നതിൽ മതാധികാരസ്ഥാപനങ്ങൾക്കുള്ള പങ്കിനെക്കുറിച്ചാണ് 'നമുക്ക് പ്രാർത്ഥിക്കാം' എന്ന കവിതവിശദീകരിക്കുന്നത്.

ജാതി, വർഗ, വിഭാഗീയതകളെ ഭരിക്കുന്നത് ലിംഗകേന്ദ്രീകൃത അധികാരസമുച്ചയങ്ങളായതുകൊണ്ടാണ് സ്ത്രീക്ക് മത, വർഗം, ലിംഗം, ഭരണകൂടം എന്നീ അധികാരസ്ഥാനങ്ങൾക്ക് കീഴിൽ വിധേയപ്പെടേണ്ടി വരുന്നത്. ആണധികാരത്തിന്റെ ഈ പ്രയോഗസ്ഥാനത്തെ 'കുരിശ്' എന്ന പദപ്രയോഗത്തിലൂടെയാണ് 'നമുക്ക് പ്രാർത്ഥിക്കാം' എന്ന കവിതയിൽ അനുഭവവേദ്യമാക്കുന്നത്.

"ഏത് സമൂഹത്തിലും
ഒരു കുരിശുണ്ട്
ആഴങ്ങൾക്കുമപ്പുറം
പച്ചപ്പിനും ശബ്ദത്തിനും
വെള്ളത്തിനുമടിയിൽ
അതെപ്പൊഴും
സ്നാനം ചെയ്തുകിടക്കുന്നു!
കനിവില്ലാത്ത
ഇരുമ്പാണികളുടെ
ലോഹഭാഷണങ്ങൾക്കായി
കൈവിരിച്ച്
കാതോർത്തു കിടക്കുന്നു!"[7]

കവിതയിൽ 'ക്രിസ്തുവിനെ', പരിശുദ്ധ സ്ഥാനങ്ങളുടെ കീഴിലേയ്ക്ക് ഒതുക്കപ്പെടുന്ന സ്ത്രീസമൂഹത്തിന്റെ പ്രതീകമായിട്ടാണ് കവയിത്രി നിലനിർത്തുന്നത്. മുറിവേറ്റ ശരീരവും മനസ്സുമാണ് സ്ത്രീയെ ക്രിസ്തുവിനോടടുപ്പിക്കുന്നത്. ഭൂരിഭാഗത്തിന്റെ നിലനില്പിനുവേണ്ടി ഈ 'ക്രിസ്തുജനത' കുരിശേറിക്കൊണ്ടിരിക്കുന്നു.

"നിങ്ങളുടെ വീടുകൾക്ക്
മൺചുമരുകളാണോ?
വെൺ ചുമരുകളാണോ?
ഏതായാലുമൊന്നുതന്നെ!
കുരിശിന്റെ കുരുതിസ്ഥാനങ്ങൾ
ഊർദ്ധനേത്രങ്ങളോടെ

അതിലേക്കുതന്നെ
ഉലയൂതിക്കൊണ്ടിരിക്കും!
ക്രിസ്തുവിനുവേണ്ടി
കിതച്ചുകൊണ്ടിരിക്കും!" [8]

വീട് ഒരധികാരസ്ഥാനമായി മാറുന്നത് കുടുംബത്തിനകത്ത് പുരുഷാധികാരം പ്രബലമാകുന്നതോടെയാണ്. സ്ത്രീസമൂഹത്തിനകത്ത് നടപ്പിലാക്കിയ പാതിവ്രത്യം പരമ്പരാഗതമായ സ്വത്തവകാശത്തെ പിതൃകേന്ദ്രീകൃതമായി നിലനിർത്തി. മതാധികാരങ്ങളിലൂടെയും ആചാരാനുഷ്ഠാനങ്ങളിലൂടെയും പിതൃകേന്ദ്രീകൃത വ്യവസ്ഥയെ പ്രബലപ്പെടുത്താൻ ആൺസമൂഹത്തിന് കഴിഞ്ഞു. സെമറ്റിക് മതപാരമ്പര്യം ഊന്നൽ നല്കുന്നത് പിതാവിനാണ്. ആധുനിക കുടുംബസങ്കല്പവും കടപ്പെട്ട് നില്ക്കുന്നത് സവർണപക്ഷ നിലപാടുകളോടും സെമറ്റിക് മതചിന്തകളോടുമാണ്. മിഷണറി വിദ്യാഭ്യാസത്തിലൂടെ പുതുതലമുറയ്ക്ക് പകർന്ന് നൽകിയത് കുടുംബത്തിനകത്ത് പുരുഷന് പ്രാമുഖ്യം നൽകുന്ന അറിവുകളെയാണ്. സെമറ്റിക് ചിന്തകളെയെന്നപോലെ ഹൈന്ദവപാരമ്പര്യങ്ങളും സ്ത്രീയെ കുടുംബത്തിന്റെ ചുവരുകൾക്കുള്ളിൽ ഒതുക്കി നിർത്തിയാണ് വളർത്തിക്കൊണ്ട് വന്നത്. ഈ വിശ്വാസപ്രമാണങ്ങൾക്കിടയിൽനിന്ന് സ്ത്രീക്ക് തന്റേതായ ഒരിടം കണ്ടെത്താൻ ഇപ്പൊഴും കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് കവയിത്രി വീടുകൾക്ക് മൺചുവരുകളായാലും വെൺചുമരുകളായാലും അതിനകത്തെ സ്ത്രീയുടെ ജീവിതം മറ്റുള്ളവർക്ക് വേണ്ടിയുള്ള ബലിയായി ചിത്രീകരിക്കുന്നത്.

സ്വയം ബലിയർപ്പിച്ചുകൊണ്ട് സ്ത്രീസമൂഹം ഭാവിയെ ഭംഗിയായി കെട്ടിപ്പടുക്കുകയാണ് നാളിത് വരെ ചെയ്തത്. അത് പക്ഷെ, ഇന്നും തുടരുന്നു. ഈ ബലിയ്ക്ക് സമൂഹം അർഹിക്കുന്ന പരിഗണന നൽകുന്നില്ല. എങ്കിലും ഭൂമിയിലെ മനുഷ്യസമൂഹത്തിനൊന്നാകെ വേണ്ടി സ്ത്രീസമൂഹം ക്രിസ്തുവിനെപ്പോലെ ഈ ഭാരം ചുമക്കുന്നു. അവളുടെ സാന്നിധ്യത്തെ കവയിത്രി അടയാളപ്പെടുത്തുന്നത് കരിയുന്ന മാംസത്തിന്റെ ഗന്ധത്തിലൂടെയും, തേയ്മാനം വന്ന കത്തിയിലൂടെയുമാണ്. മറ്റുള്ളവരിലേയ്ക്ക് തുറക്കുന്ന സ്നേഹത്തിന്റെ സഹിഷ്ണുതയുടെ വിശാലതയാണ് അവളെ ക്രിസ്തുവായി നിലനിർത്തുന്നത്.

"അടുക്കളയിൽ
കരിയുന്ന മാംസഗന്ധം!
അസ്ത്രമുനയിൽ കിനിഞ്ഞ
ചോരത്തുള്ളിയുടെ
ആത്മഗതം!
തേയ്മാനം വന്ന
കത്തിയുടെ നിസ്സഹായതപോലെ
ഒരു പ്രാർത്ഥന!
ക്രിസ്തുവാണത്
ധമനികളിൽ
അടിയൊഴുക്കുള്ള
ഹൃദയത്തിൽ
വാൽവുകൾക്കുപകരം
വാതായനങ്ങളുള്ള
ക്രിസ്തു!"[9]

കുടുംബത്തിനകത്തെ ഈ കീഴായ്മ നിറഞ്ഞ ഭാഗധേയം സമൂഹത്തിന്റെ ഇതരമേഖലകളിൽനിന്നും അവളെ പുറംതള്ളാൻ പര്യാപ്തമായിരുന്നു.

6.1.2 സ്ത്രീയും സമൂഹവും

കുടുംബത്തിലെന്നപോലെ സാമൂഹ്യവിമോചനത്തിനായുള്ള സമരവഴികളിലും സ്ത്രീകൾ അരികുവത്ക്കരിക്കപ്പെടുന്നതിന്റെ ചരിത്രപശ്ചാത്തലങ്ങളിലേക്കാണ് 'സന്ധ്യയിൽ ജനൽ തുറക്കുമ്പോൾ' എന്ന കവിത നമ്മളെ കൊണ്ടുപോകുന്നത്. സാമൂഹ്യസമത്വമെന്ന സ്വപ്നവും ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനങ്ങളുമാണ് ഗാർഹിക ജീവിതവൃത്തികളിൽനിന്ന് സ്ത്രീലോകത്തെ സ്വാതന്ത്ര്യസമരത്തിന്റെ വഴികളിലേയ്ക്കെത്തിച്ചത്. വിദേശവസ്തുക്കളെ നിരാകരിച്ചുകൊണ്ടുള്ള പിക്കറ്റിങ്ങിൽ പങ്കെടുത്തും, വിമോചനസമരത്തിനായുള്ള ധനസഹായത്തിന്റെ ഭാഗമായി സ്വർണാഭരണങ്ങൾ നൽകികൊണ്ടും സ്ത്രീസമൂഹം ഒരു വലിയ സമരത്തിന്റെ ഭാഗമായി.

കാർത്ത്യായനിയമ്മ, കുഞ്ഞുലക്ഷ്മിയമ്മ, പാർവ്വതി അയ്യപ്പൻ, അക്കമ്മ ചെറിയാൻ എന്നീപേരുകൾ ഈ സമരമാർഗത്തിൽ എടുത്തു പറയേണ്ടവയാണ്. ഇതിൽ അക്കമ്മ ചെറിയാന്റെ സ്ഥാനത്തെ സി.എസ്. ചന്ദ്രിക വിലയിരുത്തുന്നത് ഇപ്രകാരമാണ്.

"പുരുഷാധിപത്യ നവോത്ഥാനപ്രസ്ഥാനങ്ങളും മറ്റും പടുത്തുയർത്തിയ സ്ത്രീയെക്കുറിച്ചുള്ള ഉത്തമസ്ത്രൈണതാസങ്കല്പത്തിൽനിന്ന് തീർച്ചയായും ഇത്തരമൊരു സ്ത്രീനേതൃത്വം ഉണ്ടാവുക അസംഭവ്യമാണ്. സ്ത്രീയിലും പുരുഷനിലും മാനുഷികമായ ഗുണങ്ങളും ശേഷികളും ഒരുപോലെയാണുള്ളതെന്നും എന്നാൽ സാമൂഹ്യമായ സമ്മർദ്ദത്താൽ നിർവചിക്കപ്പെട്ട ഉത്തമ സ്ത്രൈണതയ്ക്കും ഉത്തമപൗരുഷത്തിനും അനുയോജ്യരാകാൻ വേണ്ടി സ്ത്രീയും പുരുഷനും പല ഗുണങ്ങളെയും ശേഷികളെയും പോഷിപ്പിച്ചെടുക്കുകയോ നഷ്ടപ്പെടുത്തുകയോ ആണ് ചെയ്യുന്നതെന്നും മനസ്സിലാക്കാൻ അക്കമ്മ ചെറിയാൻ നയിച്ച സമരവും ജീവിതവും സഹായകരമാണ്." [10]

സ്ത്രീപക്ഷത്ത് നിന്നുള്ള ദേശീയപരമായ മുന്നേറ്റത്തോടൊപ്പം തന്നെ എടുത്തു പറയേണ്ടവരാണ് കർഷകസമരങ്ങളുടെ ഭാഗമായി ശാരീരികവും മാനസികവുമായി അതിക്രമങ്ങളെ ഏറ്റുവാങ്ങിയവർ. ദാരിദ്ര്യവും മാനഹാനിയും സഹിച്ച് സമരമുഖത്ത് നിലനിന്നവരെ പിന്തുണച്ച ഇവരെ വിസ്മരിക്കാൻ കഴിയില്ല. ടി.എസ്. തിരുമുമ്പിന്റെ ഭാര്യയായ കാർത്ത്യായനിയമ്മ, കെ. ദേവയാനി എന്നിവർ ഈ നിരയിൽ എടുത്തുപറയേണ്ട വ്യക്തിത്വങ്ങളാണ്. എന്നാൽ ആധുനിക സമൂഹം പിന്തുണച്ചത് സവർണപുരുഷ പക്ഷത്ത് നിന്നുള്ള സ്ത്രീ മാതൃകകളെയാണ്. അതുകൊണ്ട് തന്നെ ദളിത് വിഭാഗത്തിലുൾപ്പെടെയുള്ള സ്ത്രീകളുടെ അവസ്ഥയിൽ കാര്യമായ പുരോഗമനം സംഭവിച്ചില്ല. സ്ത്രീകൾ വിവാഹമെന്ന കമ്പോളത്തിലൂടെ വിൽക്കപ്പെടുകയും വാങ്ങുകയും അതുവഴി ലിംഗകേന്ദ്രീകൃത സാമൂഹ്യക്രമത്തെ നിലനിർത്തുകയും ചെയ്തു. ഈ സാമൂഹിക പരിസരത്തെ ഉൾക്കൊണ്ടാണ് ലളിതാ ലെനിൻ ഇപ്രകാരം എഴുതിപ്പോകുന്നത്.

"സഹനസീമകൾക്കപ്പുറം കുശമുന
ത്തുമ്പിലമൃതം കൊതിപ്പിച്ചു, വാഗർത്ഥ-
ഹൃദയതാളം പിളർത്തിയും ശാക്തേയ

കണികയൂറിത്തളർത്തിയും മകുടിയിൽ
പാടുമേതോ ദുരൂഹരാഗത്തിന്റെ
വടിവിലാടാൻ വിധിച്ചവർ ഞങ്ങളെ
തുകലുരിച്ചും നുറുക്കിയും വഴിയോര-
വാണിഭത്തിൻ കിലുക്കം നടുക്കവെ
'എവിടെ സ്വാതന്ത്ര്യം?' എന്നുണർന്നളിയുന്ന
മൃതവിമൂഢസങ്കല്പം കുഴിക്കയാം" [11]

ചരിത്രത്തിനകത്തെ സമരപഥങ്ങളിൽനിന്ന് സ്ത്രീയുടെ കാഴ്ചയും കേഴ്വിയും ചെന്ന് പതിച്ചത് വ്യവസായിക ലോകത്തിലെയും ആധുനിക സാങ്കേതികരംഗത്തിലെയും പുതിയ തൊഴിലിടങ്ങളിലേയ്ക്കാണ്. കുടുംബത്തിലെയും തൊഴിലിടങ്ങളിലെയും അധികജോലിഭാരം സ്ത്രീസമൂഹത്തെ ജഡതുല്യമായ അവസ്ഥയിലേയ്ക്ക് എത്തിക്കുന്നുണ്ട്. എന്നിരുന്നാലും സ്ത്രീയുടെ ജീവിതം ആധുനികസമൂഹം നിലനിർത്തുന്നത് കുടുംബത്തിന്റെയും തൊഴിലിന്റെയും രാശികൾക്കുള്ളിലാണ്. അതുകൊണ്ട് തന്നെ സ്ത്രീയുടെ വൃത്തികൾ വിശ്രമമില്ലാതെ തുടരേണ്ടി വരുന്നു. മാതൃത്വവും ശിശുപരിപാലനവും സ്ത്രീസമൂഹത്തിന്റെ തന്നെ ധാർമിക ചുമതലയായി നിലനിർത്തപ്പെടുന്നു. പങ്കാളിത്തത്തിൽ ഒരാൾക്ക് മാത്രം വന്നുചേരുന്ന ഈ അധിക ബാധ്യതയ്ക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. സ്ത്രീയുടെ ജൈവികമായ സവിശേഷതകളെ സാമൂഹ്യപദവിയുടെ നിർണയത്തിൽ അടിസ്ഥാനമായി സ്വീകരിക്കപ്പെട്ടതുകൊണ്ടാണ് സ്ത്രീസമൂഹത്തിന് ഇത്തരത്തിൽ കുടുംബത്തിലും സമൂഹത്തിലും വിധേയപ്പെടേണ്ടിവരുന്നത്. ഈ ജഡതുല്യമായ ജീവിതാവസ്ഥയെയാണ് ലളിതാലെനിൻ തുറന്നെഴുതുന്നത്.

"ഇളവെയിൽ കാഞ്ഞിരിക്കുവാൻ പെണ്ണിനു
സമയമെ,ങ്ങിളവിലോർമ്മകൾ നൂൽക്കുവാൻ
ഇളകിയോടുന്ന യന്ത്രാശ്വമാക്കവേ
വലതു കാലൂന്നി വേഗം കുറിക്കുവോർ?
ജനനരേഖയ്ക്കു മീതെ തിളയ്ക്കുന്ന
മിഥുനരാശിയിൽ ബാഷ്പചിഹ്നങ്ങളായ്

നിഴലു നീണ്ടു നീണ്ടിരവിൻ കറുത്തപായ്
ഇവളെ ജഡ്ഡമായ് ചുരുട്ടുന്നു നിത്യവും"[12]

സ്വാതന്ത്ര്യത്തിന്റെ അർത്ഥശൂന്യതയിൽനിന്നുകൊണ്ടാണ് കവിത അരികുവത്ക്കരിക്കപ്പെടുന്ന സ്ത്രീകളുൾപ്പെടെയുള്ള സ്വത്വങ്ങളെ ഈ കവിതയിൽ പരിചയപ്പെടുത്തുന്നത്. യഥാർത്ഥത്തിൽ സാമൂഹികമായി അരികുവത്ക്കരിക്കപ്പെടുന്നവർ ദമിതങ്ങളായി തുടരുകയും അല്ലാത്തവർ ആൺകോയ്മയ്ക്ക് കീഴിൽ സവർണ പക്ഷലോകക്രമത്തെ നിലനിർത്താനായി നിരന്തരം പരിശ്രമിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് ലളിതാലെനിൻ ഈ ന്യൂനവത്കരിക്കപ്പെടുന്ന ദൈന്യങ്ങൾക്ക് വാക്ക് നൽകികൊണ്ട് ഉയിർത്തെഴുന്നേൽപ്പിക്കാൻ ശ്രമിക്കുന്നത്. സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ടുള്ള ഒരു വിമോചനശ്രമമാണ് കവിത ഇവിടെ വാഗ്ദാനം ചെയ്യുന്നത്. അടഞ്ഞുകിടക്കുന്ന ജനൽപാളികളെ തുറന്നുകൊണ്ട് കവയിത്രി പ്രാന്തവത്കരിക്കപ്പെടുന്ന ജനവിഭാഗത്തെ മുഖ്യധാരാസമൂഹത്തിനോട് ചേർത്ത് നിർത്തുന്നതോടെ കവിത ആധുനികാനന്തര വിമർശനപാഠങ്ങളെ ഉൾക്കൊണ്ട് സമകാലികമാകുന്നു.

"എവിടെയൊക്കെയോ പാറുന്നു, തൊട്ടുതൊ-
ട്ടുരസിടുന്നു മൂവർണ്ണങ്ങൾ പുല്ലിലും
പുഴുവിലും പാതവക്കിലും പാട്ടിലും
പുകയടുപ്പിന്റെ വാക്കിലും നോക്കിലും
ക്ഷേത്രപാലകരോങ്ങുന്ന വാൾത്തല-
യ്ക്കടിയിലൂടെ കുതിച്ചെങ്ങൾ വന്നിടും
കവിൾ കരിഞ്ഞതിച്ചേലയാൽ മൂടിടാം
കരൾ കരിഞ്ഞതിങ്ങാരറിഞ്ഞിടുവാൻ"[13]

സ്ത്രീകൾക്ക് കടന്നുപോകേണ്ട ഇടങ്ങൾ ഇത്തരത്തിൽ പ്രയാസമേറിയതാണ് എന്ന് ഓർമ്മപ്പെടുത്തുന്ന കവിതയാണ് 'കാറ്റുപറയുന്നത്'. സ്വന്തം ശരീരത്തെ അടക്കിപ്പിടിച്ചുകൊണ്ട് സ്ത്രീസമൂഹത്തിന് പിന്നിടേണ്ട ഇടുക്കുവഴികളെക്കുറിച്ചാണ് ഈ കവിത ഓർമപ്പെടുത്തുന്നത്. കവിതയുടെ അകത്തെ ദുഃഖഭരിതമാക്കുന്നത് കുറ്റിക്കാട്ടിൽ മരിച്ച് കിടക്കുന്ന ഒരു പുള്ളിപ്പാവാടക്കാരിയാണ്. ഈ ദൃശ്യത്തെ കണ്ടാണ് കാറ്റ് ദൂരങ്ങളിലേയ്ക്ക് പോകുന്നത്. ഈ കാറ്റിൽ അലിഞ്ഞ് ചേരുന്ന ശബ്ദത്തിനൊപ്പ

മാണ് കവിത സഞ്ചരിക്കുന്നത്. കൊയ്തൊഴിഞ്ഞ പാടം, മൺകട്ടകൾ, ഞെരടിയുടക്കുക, മോഹം കാറിത്തുപ്പുക എന്നീ പദപ്രയോഗങ്ങൾ കുറ്റിക്കാട്ടിൽ ചിതറി ചീഞ്ഞുകിടക്കുന്ന പുള്ളിപ്പാവാടയുടെ അടുത്തേക്കാണ് അനുവാചകരെ നയിക്കുന്നത്. സ്ത്രീയുടെ ശരീരം ആക്രമിക്കപ്പെടുക എന്നുള്ളത് കാലങ്ങളായി പല നാടുകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വസ്തുതയാണ്. ഈ വസ്തുതയെ കാറ്റ് പറയുന്നത് എന്ന തലക്കെട്ടിന് കീഴിലേക്ക് കൊണ്ടുവന്ന് കവയിത്രി കാറ്റിന് തന്റെ ശബ്ദം നൽകുന്നു. അതുകൊണ്ട് തന്നെ കാറ്റിന് പറയാൻ ഒന്നു മാത്രമെ ഉള്ളൂ. ഈ ലോകത്ത് സ്ത്രീകളുടെ വഴി ഇടുങ്ങിയതാണ്. കാലിടറികൊണ്ടും മുറിപ്പെട്ടും ഇരയായും സ്ത്രീകൾ കാലങ്ങളായി കടന്നുപോന്ന വഴിയാണിത്. കുറ്റിക്കാട്ടിലെ പെൺകുട്ടിയുടെ മൃതദേഹത്തിനിരുപുറം നിന്നുകൊണ്ട് കാറ്റ് വിലപിക്കുകയല്ല ചെയ്യുന്നത്. പകരം ഒരു ഓർമ്മപ്പെടുത്തലാണ് നിർവഹിക്കുന്നത്. കാരണം കാറ്റിന് ഈ പെൺകുട്ടിയുടെ ദുഃസ്ഥിതി ആദ്യമായ ഒരനുഭവമല്ല. ഒരു തുടർച്ച മാത്രമാണ്. അതുകൊണ്ട് കാറ്റ് ഇത്രമാത്രം പറയുന്നു.

"കാതോർക്കുക!
വായിച്ചെടുക്കുക!
ഇതു നിന്റെ ഇടുക്കുവഴിയാണ്" [14]

'വിറക്' എന്ന കവിതയിൽ വിഷയീഭവിക്കുന്നത് സ്ത്രീകളുടെ ഈ ഇടുക്കുവഴിയിലെ ജീവിതമാണ്. സ്വയം വിറകിന് തുല്യമായി എരിഞ്ഞ് തീരുന്ന ജീവിതം അത് സ്ത്രീയുടേതാണ് എന്നതിൽ തർക്കമില്ല. ഓർമവെച്ച നാൾ തൊട്ട് സ്ത്രീ പിൻതുടരുന്നത് ആരോ തനിക്കായി ഒരുക്കിവെച്ച ജീവിതവൃത്തിയെയാണ്. വിറക് വെട്ടുക എന്നത് സ്ത്രീസമൂഹത്തിന്റെ ഗാർഹികവൃത്തിയെയാണ് പ്രതീകവത്ക്കരിക്കുന്നത്. ഈ വൃത്തിയിൽനിന്ന് ഒരു മോചനം സ്ത്രീക്കില്ല. കാലങ്ങളായി അവൾ അത് തുടരുന്നു. ആൺസമൂഹത്തിന് പിൻതുടർച്ചകളിലൂടെ സ്വത്തവകാശവും, സമൂഹത്തിനകത്തെ മേൽക്കോയ്മയും ലഭിച്ചുകൊണ്ടിരുന്നപ്പോൾ സ്ത്രീക്ക് കരുതിവെക്കുന്ന പിൻതുടർച്ച ഗാർഹികവൃത്തികളുടേതാണ്. പൊതു തൊഴിലിടങ്ങളിലേക്ക് കടന്നുവന്നെങ്കിലും വീടും അടുക്കളയും അവളെ വിടാതെ പിൻതുടരുന്നു. ഈ അടുക്കളവൃത്തികളിൽനിന്ന് സ്ത്രീക്ക് മോചനമില്ല എന്നാണ് ലളിതാലെനിന്റെ 'വിറക്' എന്ന കവിത പറഞ്ഞുവെക്കുന്നത്.

"ഒരു നിമിഷം-
മഴുവിന്റെ ആരോഹണം
ഒരു ശ്വാസം
മഴുവിന്റെ കുതിപ്പ്
വിറക് പിളരുന്നു നെഞ്ചിൽ!
ആർക്കുവേണ്ടിയാണത് കീറുന്നത്?
ആവോ! "[15]

അവൾ വിറക് വെട്ടിക്കൊണ്ടിരിക്കുന്നതിനിടയിൽ കാലങ്ങൾ കടന്നുപോകും. വിരുന്നുകാർ പലവട്ടം വരും പോകും, ചുറ്റിലുള്ളവർ അവളെ നോക്കി ശകാരിച്ചുവെന്ന് വരും. പക്ഷെ അതൊന്നും അവളെ തന്റെ പ്രവൃത്തികളിൽനിന്ന് വ്യതിചലിപ്പിക്കാൻ പര്യാപ്തമാവില്ല. അവൾ അനസ്യൂതം തന്റെ കർമ്മം തുടരുന്നു. ഒടുവിൽ അടുത്തയാൾ അവളുടെ ജീവിതവൃത്തിയെ ഏറ്റെടുക്കുംവരെ അവൾ തന്റെ പ്രവൃത്തി തുടരും. ഇതിനിടയിൽ ഒരു വ്യക്തി എന്ന നിലയിൽ അവൾ ചെന്ന് ചേരേണ്ട പൊതുയിടങ്ങൾ, തൊഴിൽ മേഖലകൾ, വിദ്യാഭ്യാസമേഖലകൾ എല്ലാം അവൾക്ക് മറ്റുള്ളവർക്കായി നീക്കിവെക്കേണ്ടിവരും. സ്വന്തം സ്വത്വം നഷ്ടപ്പെട്ട് കീഴായ്മയുടെ താഴ്ചയിലേക്ക് അവൾ പതിച്ചുവെന്ന് വരാം. എങ്കിലും അവൾക്കും, പിൻതുടർച്ചകളും കീറിമുറിക്കാനുള്ള വിറകിൻ കഷ്ണങ്ങളും സ്വയം ത്യജിച്ച് ജീവിച്ച് തീർക്കേണ്ട കാലങ്ങളും മാറ്റമില്ലാതെ തുടരും. അത് അവളുടെ മരണത്തെ കടന്നും ഇതര സ്ത്രീകളിലൂടെ തുടരും. അതുകൊണ്ടാണ് ലളിതാലെനിൻ സ്വയം എരിഞ്ഞ് തീരുന്ന ജീവിതത്തെ 'വിറക്' എന്ന തലക്കെട്ടിനകത്തേക്ക് ഒതുക്കി നിർത്തിയത്.

"വിറകവൾക്കൊരു വിഷയമല്ല
ജീവിതമാണ്!
എവിടെ നിന്നാണു കരിഞ്ഞ നാറ്റം?
ആരാണ് കരിയുന്നത്?
ആവോ!"[16]

ആത്യന്തികമായി മുഖ്യധാരാ സമൂഹത്തെ ആൺകോയ്മയിൽ നിലനിർത്തിക്കൊണ്ടാണ് സംസ്കാരം മുന്നോട്ട് പോകുന്നതെന്നാണ് ലളിതാലെനിൻ തന്റെ കവിതകളി

ലൂടെ ആവർത്തിക്കുന്നത്. ഈ മേധാവിത്വത്തോടുള്ള പ്രതിഷേധം ഒരു ശിലപോലെ ഉറഞ്ഞുകൂടിയ ഒരു സ്ത്രീയുടെ മനസ്സിനെയാണ് 'കല്ലുകൾ' എന്ന കവിത അവതരിപ്പിക്കുന്നത്. 'കല്ലുകൾ' എന്ന പ്രയോഗം സാധൂകരിക്കുന്നത് നൂറ്റാണ്ടുകളി ലൂടെയുള്ള വിധേയത്വത്തിലൂടെ വസ്തുവത്ക്കരിക്കപ്പെട്ട സ്ത്രൈണ ചേതനയെയാണ്. സ്ത്രീയുടെ മനസ്സ്, ശരീരം, ഭക്ഷണം, വസ്ത്രധാരണം, ലൈംഗികത തുടങ്ങിയ എല്ലാ ഇംഗിതങ്ങളും ആൺകോയ്മയ്ക്ക് കീഴിലൂടെയാണ് കടന്നുപോകുന്നത്. തങ്ങളുടെ സ്വതന്ത്രമായ ഇച്ഛകളെ പലപ്പോഴും കടിഞ്ഞാണിട്ടുകൊണ്ട് മൗനത്തിലേയ്ക്ക് ശരീര ത്തിനെ, മനസ്സിനെ ഇറക്കിവെച്ച് സ്വയം ഒരു കല്ലായി മാറുകയെന്നത് സ്ത്രീസമൂഹ ത്തിന്റെ തന്നെ ജീവിതത്തിന്റെ ഭാഗമാണ്. സ്വന്തം താല്പര്യത്തിനനുസരിച്ച് ജീവിച്ച് തീർക്കേണ്ട കാലങ്ങളെ ഒരു എതിർലിംഗത്തിന്റെ ജീവിതവീക്ഷണങ്ങൾക്കുള്ളിൽ ഒതുക്കിനിർത്തിക്കൊണ്ട് സ്ത്രീക്ക് തന്റെ ജീവിതകാലയളവ് പിന്നിടേണ്ടിവരുന്നു.

"ആയിരം മിഴിപ്പൂതം കിതപ്പാറ്റു-
മാലവട്ടപ്പനകൾക്കു താഴെയായ്
മസ്തകത്തിൽ മദം പൂത്തു പൊട്ടുന്ന
കാട്ടുകൈതകൾ ചിന്നം വിളിക്കവെ
കൊച്ചുകൊച്ചു തിളക്കങ്ങൾ, തീപ്പൊരി-
സ്വപ്നമൂതുന്ന മിന്നാമിനുങ്ങുകൾ,
മുൾപ്പടർപ്പിൽ മുഖം കോർത്തുടയ്ക്കുന്ന
രാത്രിതൻ പ്രേതമൗനമായിത്തീർന്നു ഞാൻ." [17]

കാലങ്ങളായി തുടരുന്ന ഈ ശിലാതുല്യമായ മൗനം ആൺകോയ്മയുടെ സൃഷ്ടിയാണ്. സ്ത്രീ സമൂഹത്തിന്റെ ബോധാബോധങ്ങളിൽ പ്രവർത്തിക്കുന്ന ആണധികാരം മറ്റൊരു അവയവമായിതന്നെ സ്ത്രീചലനങ്ങളെ നിയന്ത്രിക്കുന്നുണ്ട്. ഈ അധികാരത്തിന്റെ വിനിമയത്തെ സാധ്യമാക്കുന്ന സ്ഥലരാശികളെ അപ്പാടെ 'ആൺമരം' എന്നാണ് ലളിതാലെനിൻ വിശേഷിപ്പിക്കുന്നത്. 'തനിക്ക് താൻ പോരിമ' ആണുങ്ങൾക്ക് മാത്രം അവകാശമായി മാറുന്നത് ആണധികാരത്തെ ഉത്സവമായി കൊണ്ടാടുന്ന സമൂഹത്തിലാണ്. സ്ത്രീയുടെ ലോകം പരിമിതപ്പെടുത്തി അവരുടെ ചിന്തകളെ, പ്രവൃത്തികളെ നിരന്തരം നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യക്രമം ഈ

ആണധികാരസമൂഹത്തിന്റെ സൃഷ്ടിയാണ്. തന്റെയുള്ളിലെ നേരറിവുകൾക്ക് നേരെ മൗനം പാലിക്കാനെ ഈ വ്യവസ്ഥിതിയിൽ സ്ത്രീക്ക് കഴിയുന്നുള്ളൂ. ഈ തിരിച്ചറിവിനെ ലളിതാലെനിൻ അടയാളപ്പെടുത്തുന്നത് ഇപ്രകാരമാണ്.

"തെച്ചിപൂക്കും സിരകളിൽ വേരൂന്നി
വേടുറപ്പിച്ചു നില്പുണ്ടൊരാൺമരം
വേവുമാത്മാവിലൂറും വിയർപ്പിലും
തീരെയാകാശബിംബം മറയ്ക്കുവോൻ."[18]

ഈ ആണധികാരത്തിന് കീഴിൽ നിന്നുകൊണ്ടാണ് സ്ത്രീസമൂഹം തലമുറകളെ പെറ്റ് വളർത്തിയത്. പെൺമനസിനെ ശരീരത്തെ വിധേയപ്പെടുത്തിക്കൊണ്ടാണ് ആൺകോയ്മയ്ക്ക് പ്രാമുഖ്യം നല്കിയ സംസ്കാരമത്രയും നിലനിന്നത്. കുടുംബത്തെ തന്റെ കർമസ്ഥാനമായി ഏറ്റെടുത്തും ഗാർഹികവൃത്തികളെ ധാർമികമായ കടമയായി മാത്രം പരിഗണിച്ചുമാണ് ആണധികാരത്തിന്റെ പ്രബലസ്ഥാനങ്ങൾക്ക് കീഴിൽ സ്ത്രീസമൂഹം കഴിഞ്ഞത്. അവയെ സാമൂഹ്യപരമായും രാഷ്ട്രീയപരമായും നിലനിർത്തിയത്. ആണധികാരത്തെ, പിതൃകേന്ദ്രീകൃതവ്യവസ്ഥയെ നിലനിർത്തുന്ന തലമുറകളുടെ വാഹകരായിട്ടാണ് സ്ത്രീസമൂഹം ചരിത്രത്തിൽ നിലനിൽക്കുന്നത്. വെച്ചും വിളമ്പിയും അലക്കിയും തേച്ചും പ്രസവിച്ചും കൊഴിഞ്ഞുപോയ ആയിരക്കണക്കിന് ജീവനുകളുടെ, ജീവിതത്തിന്റെ, ബലിദാനമാണ് ആണധികാരത്തിന്റെ ഇടങ്ങളത്രയും. ഈ ഉൾബോധമാണ് സ്ത്രീസമൂഹത്തെ പുരോഗമനപരമായി ചലിപ്പിക്കുന്നത്.

"അന്ധകാരം വടിച്ചൊഴി,ച്ചേങ്ങുന്ന
നെഞ്ചിലിട്ടു തിളപ്പിച്ചു ധർമ്മങ്ങ-
ളെത്രയെത്രയലക്കി വെളുപ്പിച്ചു.
കാറ്റിലായും കൊടിക്കൂറ തീർക്കുവാൻ!
മുദ്രവെച്ച പെൺവാക്കുകൾക്കില്ലാത്ത
മുക്തിയിന്നാത്മഭാരമായ് മൗനത്തി-
നാർദ്രഗർഭം കലങ്ങു ന്നുരുൾപൊട്ടി
നാവുനീട്ടി ജ്വലിക്കുന്നു കല്ലുകൾ'[19]

പതിതസ്ഥാനങ്ങളിൽ നിന്ന് സ്ത്രീ ഉയർത്തെഴുന്നേല്ക്കേണ്ട സമയമായി എന്നാണ് ഈ വരികൾ ഓർമ്മപ്പെടുത്തുന്നത്.

6.1.3 പ്രതിലോമപരതയും പ്രതിരോധവും

സ്ത്രീസമൂഹത്തിനെ അടക്കി ഭരിക്കുന്ന ആണധികാരത്തിന്റെ ധർമ്മാധർമ്മങ്ങളെ വ്യവഛേദിച്ചാണ് ലളിതാലെനിൻ സ്ത്രീസമൂഹത്തിന്റെ മൃതാവസ്ഥയെ ഉണർത്തിയെടുക്കാൻ ശ്രമിക്കുന്നത്. 'ദ്രൗപദി' എന്ന കവിതയിൽ കാലഘട്ടങ്ങളിലൂടെയുള്ള സ്ത്രീസമൂഹത്തിന്റെ മഹായാനത്തെ ദ്രൗപദിയുടെ ജീവിതപഥത്തെ മുൻനിർത്തിയാണ് കവയിത്രി പര്യാലോചനയ്ക്ക് വിധേയമാക്കുന്നത്. അഞ്ചു ഭർത്താക്കന്മാർക്കായി തന്റെ ജീവിതത്തെ പകുത്ത് കൊടുത്തവളാണ് പുരാണകഥാപാത്രമായ ദ്രൗപദി. ശക്തി കൊണ്ടും ബുദ്ധികൊണ്ടും തെളിഞ്ഞ് ഈ അഞ്ച് ഭർത്താക്കന്മാർ ഉണ്ടായിരുന്നിട്ടും ദ്രൗപദിയുടെ നേർക്കുള്ള അതിക്രമത്തിൽ മൗനം പാലിക്കുകയാണ് അവർ ചെയ്തത്. ചുറ്റും കൂടിയിരുന്ന പ്രഗത്ഭരായ പണ്ഡിതന്മാർവരെ മിണ്ടാതെ ഇരിക്കുകയാണ് ചെയ്തത്. രാജ്യത്തിനെയും പത്നിയെയും പകരംവെച്ചുള്ള ചൂത് കളിയ്ക്കൊടുവിലാണ് ദ്രൗപദി പണയവസ്തുവായി അതിക്രമത്തിനിരയായത്. ഈ ദുരവസ്ഥയിൽ മൗനം പാലിക്കുന്ന വിജ്ഞരുടെ ധർമത്തെ ലളിതാലെനിൻ വിമർശിക്കുന്നു. എന്നാൽ ഈ പുരാണകഥാസന്ദർഭത്തിലെ സ്ത്രീയുടെ നേർക്കുള്ള അതിക്രമം സ്ഥലവും കാലവും വ്യത്യാസപ്പെട്ട് കാടിന്റെ മക്കളുടെ നേർക്ക് പ്രയോഗിക്കപ്പെടുമ്പോൾ ദ്രൗപദിയുടെ ജീവിതപരിസരത്തിന്റെ വിമർശനാത്മകമായ വായന സമകാലികമാകുന്നു.

"ഇന്നുമീ ധർമ്മത്തിന്റെ കൻമുഖം
കരിമിഴിനിറയും നേരം
പുറം തിരിഞ്ഞേ ശയിക്കുന്നു
ആരെയോ വിളിച്ചാർത്തു
കേഴട്ടെ ഹരിണികൾ
കാടെരിയുമ്പോഴെന്തു
നീതിസാരമെന്നാവാം!" [20]

സ്ത്രീയെ ശക്തിയായും ഭൂമിദേവിയായും കൊണ്ടാടുന്ന നാട്ടിലാണ് സ്ത്രീ സമൂഹത്തിനിവ്വിധം ശാരീരികവും മാനസികവുമായ പീഡനം ഏൽക്കേണ്ടിവരുന്നത്.

സ്ത്രീകൾ പണയവസ്തുവായും വില്പനചരക്കായും മാറുന്ന സാമൂഹിക സാഹചര്യം പുതുതായി നിലവിൽ വന്നിട്ടുള്ളതല്ല. യുദ്ധരംഗത്തും വിവാഹസമ്പ്രദായത്തിലും സ്ത്രീ 'ധർമത്തെ' നിലനിർത്താനും കെടുത്താനും വിദഗ്ധമായി പ്രയോഗിക്കപ്പെട്ടിരുന്നു. ഗാർഹിക പരിസരത്ത് കുടുംബപരിപാലനവും ശിശുപരിപാലനവുമായി സ്ത്രീയുടെ ജീവിതത്തെ പരിമിതപ്പെടുത്തിയിരുന്ന കാലഘട്ടത്തിൽ തന്നെയാണ് രാജ്യവിസ്തൃതി വർദ്ധിപ്പിക്കാനും ശത്രുനിഗ്രഹത്തിനും സ്ത്രീയുടെ സൗന്ദര്യവും ശരീരവടിവും ആൺകോയ്മ പ്രയോജനപ്പെടുത്തിയത്. കാലഘട്ടങ്ങൾ മാറിയാലും സ്ത്രീയുടെ ധാർമിക ചുമതലകളിൽനിന്ന് ഗൃഹവും പരിപാലനവും വേറിടുന്നില്ല. സ്ത്രീയിലൂടെ കുടുംബവും സമൂഹവും നിലനിർത്തപ്പെട്ടു. ഈ വൈരുദ്ധ്യം സ്ത്രീയെ വിധേയ സ്വത്വമായി, കീഴായ്മയായി കാണുന്ന ആൺകോയ്മ സമൂഹത്തിന്റെ സൃഷ്ടിയാണ്. ഈ സമൂഹത്തിൽ സ്ത്രീ പണയം വെക്കാനുള്ള ഉരു മാത്രമാണെന്ന് ലളിതാലെനിൻ ഓർമപ്പെടുത്തുന്നു.

"ശക്തിയാണിവളത്രേ!
ധരയെപ്പോലെ ക്ഷമാ-
ശീലയാണിവളത്രേ!
അമ്മയാണമൃതമാ-
ണുൺമയാണിരുട്ടിലെ-
ത്തിരിയാ, ണുടയോനു
രമയാ,ണുയിരാണ്
എങ്കിലും നിരാലംബ
യെവിടെ ച്ചൂതാടിലും
പണയം പോകാനുള്ള
ധർമ്മഭീതയാമുരു!"[21]

സ്ത്രീ സമൂഹത്തിന്റെ നിജസ്ഥിതി ഈ വരികൾ വ്യക്തമാക്കുന്നു.[22] സ്ത്രീയെ ക്ഷമാധാത്രിയായും, സർവംസഹയായും വിളക്കായും ആദർശവത്ക്കരിക്കുകയും വിപ്ലവത്തിൽ അവളെ സഖിയായി കൂടെ നിർത്തുകയും ചെയ്യുന്ന മഹാരഥന്മാർ അവളെ നിത്യജീവിതത്തിൽ ആൺകോയ്മയ്ക്ക് കീഴിലാണ് നിലനിർത്തുന്നത്. എല്ലാ വർഗ്ഗങ്ങളിലും ഉൾപ്പെടുന്ന സ്ത്രീ സമൂഹത്തിന്റെ ദൈന്യതയായാണ് ലീലാവതി ഈ

അവസ്ഥയെ നോക്കിക്കാണുന്നത്.[23] ഈയവസ്ഥയിൽ ഇന്നും മാറ്റമില്ലാതെ തുടരുന്നു. ആൺകോയ്മയുടെ ഈ ജീവിതപരിസരത്തിൽ 'അമ്മയാവുക' എന്നത് ദുഃസ്സഹമായ ഒരു സാമൂഹ്യവ്യത്തിയാണെന്ന് ഓർമ്മപ്പെടുത്തുന്ന കവിതയാണ് 'അമ്മയാവുക.' പരിപാവനമായ സ്നേഹലാളനകളെ സ്ത്രീസമൂഹത്തിന്റെ ജൈവിക സവിശേഷത യായിട്ടാണ് ഈ കവിത അടയാളപ്പെടുത്തുന്നത്. ചെറുപ്പം മുതൽ ഒരു പെൺകുഞ്ഞ് ഒരു വീട്ടമ്മയുടെ ജോലികളിലേയ്ക്ക് ആകർഷിക്കപ്പെടുക സ്വാഭാവികമാണ്. ഒരു കളിപ്പാവയെ കുഞ്ഞായി സങ്കൽപ്പിച്ച് അതിനെ കണ്ണെഴുതിയും പൊട്ട് തൊടുവിച്ചും ഉടുപ്പ് ഇടുവിച്ചും കളിച്ചാണ് പല പെൺകുഞ്ഞുങ്ങളും തങ്ങൾക്ക് കൽപിക്കപ്പെട്ട സാമൂഹ്യപദവിയിലേയ്ക്ക് നീങ്ങുന്നത് കവയിത്രിയും ഒരു അമ്മയാവുക എന്നത് വളരെ സുഖപ്രദമാണെന്ന് ധരിച്ചിരുന്നു. പാവക്കുഞ്ഞിനെ പാലൂട്ടിയും ചോറും കറിയും വിളമ്പിയും ഒരു വീട്ടമ്മയായി കളിച്ചിരുന്ന കാലത്ത് കവയിത്രിയുടെ മനസ്സ് ചാഞ്ഞ് നിന്നിരുന്നത് ഒരമ്മയാവുക എന്ന ആയാസരഹിതമെന്ന് കരുതിയിരുന്ന അവസ്ഥയി ലേയ്ക്കാണ്.

"ആധിയി,ല്ലറിവിന്റെ ഭാരമി-
ല്ലന്യാധീനമായതില്ലമ്മയ്ക്കുറ്റ
മനസ്സിൻ താളങ്ങളും,
ഉണ്മതന്നുരുളയ്ക്കായ് വായ് തുറക്കുമ്പോ-
ഴുണ്ണിക്കമ്മയാവുക
എത്ര എളുപ്പം എന്നോർത്തു ഞാൻ!" [24]

സാമൂഹികമായ അറിവുകളുടെ ഭാരമില്ലാതിരുന്ന ഒരുകാലത്തെ നിഷ്കളങ്കമായ ഈ ചിന്തയിൽ നിന്നാണ് കവയിത്രി തന്റെ ലോകത്തെ നീതിയുക്തമായി സ്നേഹി ക്കാൻ തുടങ്ങുന്നത്. എന്നാൽ 'അമ്മയാവുക' എന്നത് പ്രയാസമേറിയ സാമൂഹികാവ സ്ഥകൂടിയാണെന്ന് കാലം കവയിത്രിയ്ക്ക് മനസ്സിലാക്കിക്കൊടുത്തു. ലോകത്തെ ആണധികാരത്തിൽ കീഴടക്കാൻ ശ്രമിക്കുന്ന മക്കൾക്ക് അമ്മയാവുക തുലോം പ്രയാസമാണെന്ന് കവയിത്രി തന്റെ ആഗ്രഹത്തിനരികെ എഴുതിചേർക്കുന്നു. മനുഷ്യസമൂഹം ജാതി, വർഗ, ലിംഗ ഭേദങ്ങളായി വേർതിരിഞ്ഞ് യുദ്ധം ചെയ്യുകയും കീഴടക്കുകയും ചെയ്യുന്ന പുതിയ കാലഘട്ടത്തിൽ അല്പം ഭീതിയോടെയാണ് കവയിത്രി തന്റെ മാതൃത്വത്തെ നോക്കിക്കാണുന്നത്.

"ഇവിടെ നിനക്കൊരു
കൊടിയും തേരും വേണ-
മെന്നു ഞാനാശിക്കുമ്പോ-
ഴാകവേ നടുങ്ങുന്നു"[25]

'കരിങ്കിളി' എന്ന കവിത സ്ത്രീസമൂഹത്തിന് മേൽപ്രവർത്തിക്കുന്ന ഈ സമർദ്ദങ്ങളുടെ ബലതന്ത്രങ്ങളുടെ പുതിയ ഭാഷ്യമാണ്. 'കരിങ്കിളി' അധികാരത്തിന്റെ പ്രതീകമായിട്ടാണ് കവിതയിൽ പ്രത്യക്ഷപ്പെടുന്നത്, കരിങ്കിളിയുടെ കവിതയിലെ രംഗപ്രവേശം കവയിത്രിയെ കീഴായ്മയുടെ സ്ഥാനങ്ങളിലേയ്ക്ക് ഒതുക്കുന്നു. കവയിത്രിക്ക് സ്വതന്ത്രമായ ഒരു ആകാശത്തെ, പൂക്കളെ, പറവകളെ, സന്ധ്യയെ എല്ലാം നിഷേധിക്കുന്നു. കരിങ്കിളിയുടെ ഈ സാന്നിധ്യം സ്ത്രീക്ക് നേരെയുള്ള രാഷ്ട്രീയ സാമൂഹികരംഗങ്ങളിലെ അരികുവത്ക്കരണത്തെ ഓർമപ്പെടുത്തുന്നു. മതപൗരോഹിത്യങ്ങളിലൂടെയാണ് ഈ അരികുവത്ക്കരണം ദൃഢപ്പെട്ടത്. സ്ത്രീയെ പുരുഷനെ പ്രലോഭിപ്പിക്കുന്ന പാപത്തിന്റെ സാമീപ്യമായിട്ടാണ് സെമറ്റിക് മതങ്ങൾ കണ്ടത്. പുരുഷനാകട്ടെ ദൈവത്തിന്റെ പ്രതിപുരുഷനായി അഹങ്കരിച്ചു. കരിങ്കിളിയോട് കവയിത്രി സംവദിക്കുന്നത് സാമൂഹികമായ ഈ അരക്ഷിതാവസ്ഥയെ എടുത്തു പറഞ്ഞുകൊണ്ടാണ്.

"എന്നു നീ വന്നെന്നഴിവാതിലിൽ മുഖംചേർത്തു
രക്തരൂക്ഷമാം വട്ടക്കണ്ണുകൾ കാട്ടി,
നീണ്ടചുണ്ടുകൾ നനച്ചു രാ-
വൊക്കെയും കാവൽനിന്നു'
അന്നുതൊട്ടല്ലോയെന്റെ കരളിൽ മാമ്പുവിലെ
പുഴുവായ്, പാപാഗ്നിയായ്
എന്നെ നീ ഗ്രസിച്ചതും"[26]

സ്ത്രീകളുടെ കാലങ്ങളെ അപഹരിച്ചുകൊണ്ട് ഈ കരിങ്കിളി സ്ത്രീസമൂഹത്തിന്റെ ചേതനയിൽ ഒരു ദണ്ഡനത്തെ ഓർമ്മപ്പെടുത്തിക്കൊണ്ട് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. കരിങ്കിളിയുടെ നിഷേധത്തിന്റെ സ്വരം കടന്നുവരുന്നത് സ്ത്രീസമൂഹത്തെ ഭരിക്കുന്ന ആണധികാരരൂപങ്ങൾക്കകത്തെ സ്ഥാപിത താല്പര്യങ്ങളി

ലൂടെയാണ്. ഇതിൽ അച്ഛനും, ഭർത്താവും, നൊന്ത് പ്രസവിച്ച മകനും ഉൾപ്പെടുന്നു. ഭരണകൂടവും പുലർത്തുന്നത് ആണധികാരത്തിന്റെ പിതൃകേന്ദ്രീകൃത മനോഭാവമാണ്. അതുകൊണ്ട് തന്നെ സ്ത്രീക്ക് സ്ത്രീയായി, സ്വതസിദ്ധമായി പെരുമാറാനോ ജീവിക്കാനോ ഈ സമൂഹം അനുവദിക്കുന്നില്ല. അതുകൊണ്ട്തന്നെ സ്ത്രീസമൂഹത്തെ തുല്യതയിൽ അംഗീകരിക്കുന്ന ഒരു കുടുംബസങ്കൽപത്തെ കവയിത്രി മുന്നോട്ട്വെയ്ക്കുന്നുണ്ട്.[27]

മുഖ്യധാരാസമൂഹം അന്ധമായി പിൻതുടരുന്ന പൗരാണിക സ്ത്രീമാതൃകകളെ വിമർശനാത്മകമായി സമീപിച്ചുകൊണ്ടാണ് ലളിതാലെനിൻ തന്റെ സ്ത്രീവിമോചന ചിന്തകൾക്ക് അടിത്തറ നൽകുന്നത്. 'സീതയുടെ നിഴൽ', 'ഇടം' എന്നീ കവിതകൾ സ്ഥാനം പിടിക്കുന്നത് ആൺകോയ്മയിൽ നിന്നുള്ള സ്ത്രീവിമോചനചിന്തകളെ ഉൾക്കൊള്ളുന്ന നിരയിലാണ്. കുടുംബത്തിനകത്തെയും സമൂഹത്തിലെയും ലിംഗ കേന്ദ്രീകൃത നയങ്ങളെ ഈ കവിതകൾ എതിർക്കുന്നു. കുടുംബം അല്ലെങ്കിൽ വീട് കാലാന്തരങ്ങളായി പുരുഷലോകം നീതികരിക്കുന്ന വഴികളിലൂടെ മാത്രം സഞ്ചരിക്കേണ്ടി വരുന്ന സ്ത്രീസമൂഹത്തിന്റെ സാമൂഹ്യവേഴ്ചകളെ പ്രതിരോധിക്കുന്ന അധികാരസ്ഥാനമാണ്. ഇവിടെ നിന്നാണ് വാക്കിനെയും നോക്കിനെയും പരിമിതപ്പെടുത്തിക്കൊണ്ട് കുലവധുക്കളുടെ ജീവിത മാതൃകകളിലേയ്ക്ക് സ്ത്രീലോകം ഒതുക്കപ്പെട്ടത്[28]. വേദങ്ങളിലൂടെയും ഇതിഹാസങ്ങളിലൂടെയും നിലനിർത്തിയ ലിംഗ കേന്ദ്രിതവും സവർണ്ണപരവുമായ ഈ സ്ത്രീ മാതൃകയെ വിമർശനാത്മകമായി സമീപിക്കുന്ന ലളിതാലെനിന്റെ കവിതയാണ് 'സീതയുടെ നിഴൽ'.[29]

"ചിരിയുടെയും കണ്ണീരിന്റെയും
അതിർത്തിരേഖകളും
ശബ്ദസ്ഥായികളും
അളന്നു കുറിക്കുന്നു
വരയിട്ട ഗ്രന്ഥങ്ങളിൽ,
വരമൊഴിക്കൂട്ടുകളിൽ
വടിവൊത്തുനിറയാൻ
കനിഞ്ഞരുളുന്നു"[30]

'സീതയാവുക' എന്നതിന് മലയാളിപെൺകുട്ടിയെ സംബന്ധിച്ചിടത്തോളം സവർണപരവും ലിംഗപരവുമായ ആധിപത്യത്തിന് കീഴടങ്ങുക എന്ന് കൂടി അർത്ഥമുണ്ട്. ഈ കീഴടങ്ങലിനെ ഔന്നത്യമായി പ്രകീർത്തിച്ചുകൊണ്ടാണ് നവോത്ഥാനപരിശ്രമങ്ങൾ കടന്നുപോയത്. പാശ്ചാത്യസംസ്കൃതിക്ക് മുന്നിൽ സ്വാമി വിവേകാനന്ദൻ പരിചയപ്പെടുത്തിയത് സീതയെപ്പോലെ പതിവ്രതയായ ഒരു സ്ത്രീയെയാണ്. അവൾ കുലീനയും ശാലീനയും ആയിരിക്കണം. അവൾക്ക് ഭർതൃഭക്തി നിർബന്ധമാണ്. മനസ്സ് കൊണ്ടുപോലും പാതിവ്രത്യത്തിൽനിന്ന് വ്യതിചലിക്കാൻ പാടില്ല[31]. കേരളത്തിലെ സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങളും സ്ത്രീകളിൽനിന്ന് പ്രതീക്ഷിച്ചത് ഈ വിധേയത്വ ഗുണങ്ങളാണ്. അതുകൊണ്ടാണ് സ്വാതന്ത്ര്യാനന്തരം ആധുനിക കുടുംബസങ്കല്പത്തിനകത്ത് ഈ സവർണ സ്ത്രീസങ്കല്പം സ്ഥിരപ്രതിഷ്ഠ നേടിയത്[32]

സ്ത്രീക്ക് നേരെ തുടരുന്ന ഈ പ്രതിലോമപരമായ യുക്തിയെ തിരിച്ചറിഞ്ഞാണ് കവയിത്രി താനിപ്പൊഴും സീതയുടെ നിഴലിലാണെന്ന് പറയുന്നത്. തന്റെ സ്വാതന്ത്ര്യത്തെ, ഇച്ഛകളെ നഷ്ടപ്പെടുത്തുന്ന ഈ സീതയുടെ നിഴലിൽനിന്ന് ഒരു ചുവടെങ്കിലും ഒഴിഞ്ഞ് മാറാൻ കഴിഞ്ഞെങ്കിലെന്ന് കവയിത്രി പ്രത്യാശ പ്രകടിപ്പിക്കുന്നുണ്ട്. 'ഇടം' എന്ന കവിതയിലും സമാനമായ ഉൾക്കാഴ്ചയെ കവയിത്രി പ്രകടിപ്പിക്കുന്നുണ്ട്. ഭർത്താവിന്റെ തണലില്ലാത്ത, കുഞ്ഞുങ്ങളുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കകളില്ലാത്ത തന്റേതായ ഒരിടം ആണ് കവയിത്രി ഈ കവിതയിൽ അന്വേഷിക്കുന്നത്. ആ ഇടത്തിൽ സ്ത്രീക്ക് പൂർണമായ അഭിപ്രായ സ്വാതന്ത്ര്യം ഉണ്ടായിരിക്കും സാദാചാരത്തിന്റെ ബന്ധനങ്ങൾ അവിടെയുണ്ടാവില്ല. മറ്റുള്ളവർക്ക് വേണ്ടിയല്ലാതെ സ്ത്രീകൾ സ്ത്രീകൾക്ക് വേണ്ടി ജീവിക്കുന്ന ഒരിടം കൂടിയാണ് കവയിത്രി അന്വേഷിക്കുന്നത്. ആൺകോയ്മയുടെ എല്ലാ പ്രത്യയശാസ്ത്രപരമായ തലങ്ങളെയും ശരീരംകൊണ്ടും മനസ്സുകൊണ്ടും പരിത്യജിച്ച് സ്ത്രീക്ക് സ്ത്രീയായി നിൽക്കാൻ കഴിയുന്നൊരിടം. കവയിത്രിയുടെ ഭാഷയിൽ മനസ്സുകൊണ്ട് വിവസ്ത്രയായിരിക്കാൻ ഒരിടം. ഈ സ്വതന്ത്ര ഇടത്തിലേയ്ക്കുള്ള നീക്കം പരമ്പരാഗത സ്ത്രീമാതൃകയിൽ നിന്നുള്ള, സീതയിൽ നിന്നുള്ള വിടുതൽ കൂടിയാണ്. അതുകൊണ്ടാണ് കവയിത്രി ഇപ്രകാരം കുറിച്ചിടുന്നത്.

"എനിക്കൊരിടം വേണം!
ആന്ധ്യത്തിന്റെ മുരിക്കിൻമുള്ളുകൾ
ഉരച്ചുകളഞ്ഞ് ഉഴക്കെണ്ണ തേച്ച്
കുളിച്ച് കുളിർന്ന്
വെറുതെയൊന്ന് നടുനിവർക്കാൻ
എനിക്കൊരിടം വേണം!
സദാചാരം വിഴുങ്ങി വിയർക്കുന്ന
മനസ്സ് വിവസ്ത്രമാകാൻ
വിസമ്മതിക്കുമ്പോൾ
ആർക്കോവേണ്ടി
ഉറങ്ങിയുറങ്ങി മടുത്ത
എനിക്കുണരാൻ ഒരിടം വേണം!"[33]

സ്ത്രീപക്ഷത്ത് നിന്നുകൊണ്ടുള്ള ഈ സ്വതന്ത്രകാഴ്ചപ്പാടാണ് ലളിതാലെനിൻ തന്റെ കവിതകളിൽ എക്കാലത്തും നിലനിർത്തിയിട്ടുള്ളത്. ലളിതാലെനിന്റെ കവിതകളുടെ സൂക്ഷ്മസ്വഭാവം പരിശോധിച്ചാൽ കവിത സ്ത്രീയുടെ ആകുലതകളുടെ ഒരു തുറന്നെഴുത്ത് മാത്രമല്ല. സ്ത്രീകൾക്ക് മേൽ സാമൂഹികമായും രാഷ്ട്രീയപരമായും നിലനിൽക്കുന്ന ഒരു പ്രതിലോമപരമായ ശക്തിയെ ലളിതാലെനിന്റെ കവിതകൾ തിരിച്ചറിയുന്നുണ്ട്. ലിംഗകേന്ദ്രീകൃതമായ ഈ പ്രതിലോമപരതയെ പുണ്യപുരാണ കഥാസന്ദർഭങ്ങളുമായും സെമറ്റിക് മതസംഹിതയുമായും ആധുനിക കുടുംബസങ്കല്പവുമായും ബന്ധിപ്പിച്ചാണ് കവയിത്രി അവതരിപ്പിക്കുന്നത്. അതോടൊപ്പം സ്ത്രീയുടെ അനുഭവപരിസരത്തെ ആണധികാരത്തിന്റെ സൂക്ഷ്മസ്ഥാനങ്ങളിൽനിന്ന് വിമോചിപ്പിക്കാനുള്ള ശ്രമവും കവിത പ്രകടിപ്പിക്കുന്നുണ്ട്. സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ടുള്ള ജീവിതാഖ്യാനത്തിന്റെ ഈ രാഷ്ട്രീയമാണ് ലളിതാലെനിന്റെ കവിതകളെ ആൺകോയ്മയിൽനിന്നുള്ള പ്രകൃതിയുടെ വിമോചനത്തെക്കൂടി ഉൾക്കൊണ്ട് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയപരിസരത്തിലേക്ക് വിപുലപ്പെടുത്തുന്നത്.

6.1.4 സ്ത്രീയും പ്രകൃതിപക്ഷവും

സ്ത്രീക്കും പ്രകൃതിക്കുംവേണ്ടി നിലകൊണ്ടാണ് ലളിതാലെനിന്റെ കവിതകൾ പരിസ്ഥിതിക സ്ത്രീവാദത്തിന്റെ പരിപ്രേക്ഷ്യത്തിലേയ്ക്ക് കടക്കുന്നത്. ഓരോ കാലഘട്ടവും അരികിലേയ്ക്ക് തള്ളിനീക്കുന്ന ജൈവികസത്തകളെ മുഖ്യധാരയിലേയ്ക്ക് ആനയിച്ചുകൊണ്ടും സമൂഹത്തിനകത്ത് പ്രവർത്തിക്കുന്ന ലിംഗകേന്ദ്രീകൃതനയങ്ങളെ പ്രതിസ്ഥാനത്ത് കൊണ്ടുവന്നുമാണ് ഇത് സാധ്യമാക്കുന്നത്. അരികുവത്ക്കരിക്കപ്പെടുന്ന ജീവസത്തകളുടെ സാംസ്കാരികമായി പുനർനിർണയിക്കേണ്ട സ്ഥാനങ്ങളെക്കുറിച്ച് ഈ കവിതകൾ അറിവ് നൽകുന്നുണ്ട്. ഈയർത്ഥത്തിൽ ദളിത്, പരിസ്ഥിതി സ്ത്രൈണപക്ഷങ്ങൾ കവിതയുടെ ആന്തരികതലത്തെ പ്രശ്നവത്കരിക്കുന്നു. 'തെറ്റും ശരിയും' എന്ന കവിത ഇതിന് നിദർശനമാണ്. സ്വാതന്ത്ര്യാനന്തരവും സമൂഹത്തിനകത്ത് പ്രവർത്തിക്കുന്ന വിഭാഗീയതകളെക്കുറിച്ചുള്ള തിരിച്ചറിവാണ് ലളിതാലെനിന്റെ 'തെറ്റും ശരിയും' എന്ന കവിത പ്രകടിപ്പിക്കുന്നത്. തെറ്റ്, ശരി എന്നീ ചിന്തകൾ സമൂഹത്തിനകത്തെ സ്ത്രീ/പുരുഷൻ, ദളിത്/സവർണ തുടങ്ങിയ ദ്വന്ദ്വങ്ങളിലെ അധികാരത്തിന്റെ മുൻതൂക്കത്തിനനുസരിച്ച് വ്യത്യാസപ്പെടുന്നതിനെ ഈ കവിത വിമർശനാത്മകമായി നോക്കിക്കാണുന്നു.

"സ്വാതന്ത്ര്യത്തിന്റെ പറുദീസയിലും
ദലിത ദൈന്യങ്ങളുടെ ചതുപ്പുകളിലും
ചാതുർവർണ്ണ്യത്തിന്റെ ചതുരംഗത്തട്ടിലും
സംവരണത്തിന്റെ സമതലത്തിലും
ഇരട്ടകൾ പൊട്ടിച്ചിരിക്കുമ്പോൾ
കാറ്റടിച്ചു പൊഴിയുന്ന ഇലകൾ
കരിഞ്ഞമരുന്നു."[34]

കവിതയ്ക്കകത്തെ 'ഇരട്ടകൾ' എന്ന പ്രയോഗം കടന്നുചെല്ലുന്നത് പാർശ്വവത്കരിക്കപ്പെടുന്ന സമൂഹത്തിനകത്തെ ദളിത്/സ്ത്രീ പക്ഷത്തിലേയ്ക്കാണ്. സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പ് സമൂഹത്തിനെ അടക്കി വാണിരുന്നത് പൗരോഹിത്യത്തിന്റെ മേധാവിത്വവും ജന്മിത്തവ്യവസ്ഥിതിയ്ക്കകത്തെ തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, സവർണപുരുഷമേൽക്കോയ്മ എന്നിവയുമായിരുന്നു. സ്വാതന്ത്ര്യാ

നന്തരം മുതലാളിത്തഉത്പാദനവ്യവസ്ഥിതി ഈ വിഭാഗീയചിന്തകളെ, സവർണ പുരുഷ മേധാവിത്വത്തെ സ്വാംശീകരിക്കുന്നതോടെയാണ് കുടുംബത്തിലും സമൂഹത്തിനകത്തും ദളിത്/സവർണപരം, സ്ത്രീ/പുരുഷൻ തുടങ്ങിയ അധികാരത്തെ ലിംഗകേന്ദ്രീകൃതമായും സവർണപരമായും നിലനിർത്തുന്ന ദ്വന്ദ്വങ്ങൾ കവയത്രിയുടെ ഭാഷയിൽ 'ഇരട്ടകൾ' ചിരിക്കാൻ തുടങ്ങുന്നത്. 'അക്ഷരം' എന്ന കവിതയും ദലിത് ദൈന്യങ്ങളുടെ ജീവിതപരിസരത്ത് നിന്നുകൊണ്ടാണ് ശബ്ദമുയർത്തുന്നത്. സവർണ പരമായ അധിനിവേശത്തിന് കീഴിൽ ദലിതർക്ക് നഷ്ടപ്പെട്ട ജീവിതം, ഭൂമി, ഭാഷ എന്നിവയെക്കുറിച്ചാണ് ഈ കവിത വാചാലമാകുന്നത്. ആധുനിക മാനവികത ഭാഷയെയും സമൂഹത്തെയും സവർണപക്ഷത്ത് നിന്നുകൊണ്ട് മാനവീകരിച്ചപ്പോഴാണ് ദളിതർക്ക് തങ്ങളുടെ ആവാസസ്ഥാനങ്ങളെയും, ഭാഷയെയും നഷ്ടപ്പെട്ടതെന്ന് ലളിതാലെനിന്റെ കവിതയിലെ ദലിത് ജനത മനസ്സിലാക്കുന്നുണ്ട്. ഈ തിരിച്ചറിവ് കവിതയുടെ ഭാഗമാവുന്നത് എൺപതുകളോടെ രൂപപ്പെട്ട ദളിത്, സ്ത്രീ, പരിസ്ഥിതി അവബോധത്തിലൂടെയാണ്.

"വാക്ക് പൊട്ടിയുടഞ്ഞതോ
പാഴ്ക്കിനാവിലുറഞ്ഞുവോ?
നഗരമോടികളാക്ഷേപ-
ച്ചിരിയോടാട്ടിയകറ്റിയോ?
കിളികൾ കൊഞ്ചിപ്പാലൂറി
കതിരുലാവും പുഞ്ചയിൽ
പതിരുമുറ്റും ദുഃഖത്താൽ
കാടുകേറി മറഞ്ഞുവോ
എവിടെയാണെന്റെ അക്ഷരം?
അരിയ ഹൃദയമന്ത്രാക്ഷരം?"[35]

ഇത്തരത്തിലുള്ള വിഭാഗീയതകളെ എടുത്തെഴുതികൊണ്ടാണ് കവിത സ്ത്രീ, പ്രകൃതി പക്ഷം ചേരുന്നത്. ലളിതമായ ആഖ്യാനത്തിലൂടെയാണ് സ്ത്രീ ജീവിതത്തിലെ ഗഹനതയേറിയ പ്രശ്നങ്ങളെ ലളിതാലെനിൻ ആവിഷ്കരിക്കുന്നത്. 'തിന്നതും കൊന്നതും' എന്ന കവിതയ്ക്കകത്ത് ഒരു പൂച്ചയുടെ പ്രസവമാണ് വിഷയം. പൂച്ചക്കുഞ്ഞുങ്ങളെ പ്രാണനെപ്പോൽ താലോലിക്കുന്ന തന്റെ കുഞ്ഞിന്റെ കൗതുക

ത്തെയും സ്നേഹത്തെയും പകർത്തിയാണ് കവയത്രി കവിതയെ പൂരിപ്പിക്കുന്നത്. കവിതയുടെ അവസാനഘട്ടത്തിലാണ് അപരസ്ഥാനങ്ങളിൽ കാലഹരണപ്പെടുന്ന സ്ത്രൈണജീവിതങ്ങളെക്കുറിച്ചുള്ള സൂചന കവിത നൽകുന്നത്. രണ്ട് കുഞ്ഞുങ്ങളെ തള്ളപ്പൂച്ചതന്നെ തിന്നുകളഞ്ഞു എന്ന അമ്മയുടെ മറുപടി കുഞ്ഞിനെ അലോരസപ്പെടുത്തുന്നതോടൊപ്പം ചില ചോദ്യങ്ങളും അവനിൽ ഉണർത്തുന്നുണ്ട്. തള്ളപ്പൂച്ചയ്ക്ക് ഭക്ഷിക്കാനാണെങ്കിൽ പിന്നെന്തിനാണ് പെൺകുഞ്ഞുങ്ങളെ പ്രസവിച്ചത്. പാലൂട്ടി വളർത്തിയത്? എന്നിങ്ങനെയുള്ള മകന്റെ നിഷ്കളങ്കത കലർന്ന ചോദ്യങ്ങൾ ലിംഗകേന്ദ്രിതമായ സാമൂഹികരാഷ്ട്രീയഘടനയിലേക്കാണ് ചെന്നെത്തുന്നത്. നിയമപരമായി ശിക്ഷാർഹമാണെങ്കിലും ഈ ലിംഗകേന്ദ്രിതലോകത്തിലേയ്ക്കുള്ള പെൺകുഞ്ഞുങ്ങളുടെ കടന്ന് വരവിനെ ഭ്രൂണഹത്യകൊണ്ടും, പ്രസവിച്ചാൽ അമ്മ തന്നെ ക്രൂരമായി കൊലപ്പെടുത്തിയും തടയേണ്ടിവരുന്ന സാമൂഹികസാഹചര്യം ഇന്നും നിലനില്ക്കുന്നുണ്ട്.

പെൺകുഞ്ഞിന്റെ ജനനം ഓരോ കുടുംബത്തിനും ഏല്പിക്കുന്ന അധികബാധ്യതയും അഭിമാനക്കുറവുമാണ് അമ്മമാരെ പെൺകുഞ്ഞുങ്ങളെ കൊലപ്പെടുത്താൻ പ്രേരിപ്പിക്കുന്നത്. പിതൃകേന്ദ്രീകൃത അധികാരവും സ്വത്തവകാശവും നിലനിർത്തപ്പെടുന്നത് ആൺസമൂഹത്തിലൂടെയായതുകൊണ്ട് ആൺകുഞ്ഞുങ്ങൾക്ക് സമൂഹത്തിൽ പെൺകുഞ്ഞുങ്ങളേക്കാൾ പ്രാമുഖ്യം ലഭിച്ചു. അസമത്വങ്ങൾ നിറഞ്ഞ ഈ സാമൂഹികസാഹചര്യത്തിലേയ്ക്കാണ് ഈ കവിതയിലെ മകൻ വിരൽചൂണ്ടുന്നത്. തള്ളപ്പൂച്ച കഴിച്ചതത്രയും പെണ്ണായിരുന്നോ? എന്ന ചോദ്യത്തിലേയ്ക്ക് മകനെ എത്തിച്ചത് അവന്റെയുള്ളിൽ തിടംവെക്കുന്ന സ്ത്രീക്കും പ്രകൃതിക്കും നേരെയുള്ള ഏകപക്ഷീയമായ അധികാരസ്വഭാവമാണ്.

"കാടെരിക്കുന്ന കാണാമുനമ്പിലെ
തീയുണർത്തുന്ന ചിന്തയിൽ വെന്തുകൊ-
ണ്ടല്പനേരം കഴിഞ്ഞവൻ ചോദിച്ചു
"തിന്നതൊക്കെയും പെണ്ണായിരുന്നുവോ?"[36]

യഥാർത്ഥത്തിൽ അമ്മമാർ തന്റെ മക്കളെ ജീവിതത്തിൽനിന്ന് വേർപ്പെടുത്താൻ ആഗ്രഹിക്കില്ല. ആൺകോയ്മ സ്വഭാവം പുലർത്തുന്ന സമൂഹം പ്രതിലോമപരമായി

ആവശ്യപ്പെടുന്നതാണ് പെൺകുഞ്ഞുങ്ങളുടെ ഹത്യകൾ. ഓരോ കുഞ്ഞും കടന്നു വരുന്നത് പുരുഷകേന്ദ്രിതമായ ഒരു ലോകഘടനയുടെ അധികാരത്തിനകത്തേക്കാണ്. ഭ്രൂണമായി ഗർഭപാത്രത്തിൽ ഉരുവപ്പെടുമ്പോഴെ സമൂഹത്തിനകത്തെ ആൺകോയ്മ പ്രത്യയശാസ്ത്രത്തിന്റെ ഭാഗമായി ഈ കുഞ്ഞ് മാറുന്നുണ്ട്. [37]

ഒന്നിൽനിന്ന് മറ്റൊന്നിലേയ്ക്ക് ചേർത്തിണക്കിക്കൊണ്ട് സ്ത്രൈണതയുടെ ജൈവികവും സാമൂഹികവുമായ തുടർച്ചയ്ക്കിടെ നേരിടേണ്ടി വരുന്ന ഇത്തരത്തിലുള്ള മൂർച്ചയേറിയ ജീവിതാനുഭവങ്ങളെ ആവിഷ്കരിച്ചുകൊണ്ടാണ് ലളിതാലെനിന്റെ കവിതകൾ വ്യക്തമായ സ്ത്രീപക്ഷ നിലപാട് മുന്നോട്ടുവയ്ക്കുന്നത്. വിധേയത്വത്തെ നിലനിർത്തുന്നതും ആണധികാരത്തിനെ സ്വീകരിക്കുന്നതുമായ ഈ നോട്ടങ്ങളാണ് സ്ത്രീയെ പ്രതിലോമപരമായ സാമൂഹികാവസ്ഥകളിൽ നിലനിർത്തിയത്. യഥാർത്ഥത്തിൽ സ്ഥലകാലങ്ങളെ, ജൈവികസത്തകളെ സ്ത്രീയായും പ്രകൃതിയായും കണ്ടുകൊണ്ടുള്ള ആവിഷ്കരണത്തിനിടയിലാണ് ലളിതാലെനിന്റെ കവിതകൾ നിരന്തരമായി ആൺകോയ്മക്കെതിരെ ഒരു പ്രതിരോധത്തെ സൃഷ്ടിക്കുന്നത്. 'മൗനം' എന്ന കവിതയിൽ 'കാശി' സമൂഹത്തിനകത്തെ ക്രയവിക്രയത്തിനിടയിൽ ചരക്കിന്റെ സ്ഥാനത്തേക്ക് തരംതാഴ്ത്തപ്പെടുന്ന സ്ത്രീയാണ്, ചതുപ്പുകളെ വെട്ടി മാറ്റിയ ഭൂമിയാണ്.

"ഇവൾക്കു മീതെ തണ-
ലൊക്കെയും വെട്ടീ, പുത്തൻ
പന്തൽ തീർത്തവർ കളി-
ത്തട്ടുകൾ ചമച്ചപ്പോൾ
വേഷമിട്ടരങ്ങേറി
യിറങ്ങി രാജത്വവും
കന്യകാത്വവും വാതു
വെച്ചുകൊണ്ടടരാടി."[38]

കാശി ഈ വരികളിൽ നൂറ്റാണ്ടുകളായി സ്വത്വം നഷ്ടപ്പെട്ട സ്ത്രീയാണ്, പ്രകൃതിയാണ്. പുരുഷാധിപത്യസമൂഹം വസ്തുവത്കരിക്കുന്ന കീഴായ്മയാണ്. ആൺസമൂഹത്തിന് എക്കാലത്തും യഥാക്രമം കയ്യേറാനും ആധിപത്യം

സ്ഥാപിക്കാനും കഴിയുന്ന ഇടമായിട്ടാണ് മണ്ണിനെയും പെണ്ണിനെയും കണ്ടിരുന്നത്. ഈ യുക്തിക്ക് കീഴ്വഴങ്ങി നിശബ്ദമായി ഇരുന്നതുകൊണ്ടാണ് അധികാരത്തിന് കീഴിൽ തങ്ങളുടെ സമൂഹത്തിന് ഉണരാൻ കഴിയാത്തത് എന്ന തിരിച്ചറിവാണ് 'മൗനം' എന്ന കവിത മുന്നോട്ട് വെക്കുന്നത്. സ്വന്തം ശരീരത്തെ, മനസ്സിനെ ആണധികാരത്തിന് കീഴ്പ്പെടുത്തിയാണ് സ്ത്രീയുടെ ജീവിത കാലയളവ് പിന്നിടുന്നത്. ഈ ജീവിത കാലയളവിൽ മലിനമാക്കപ്പെടുന്ന ശരീരവും മനസ്സും വെട്ടിയൊതുക്കിയ പച്ചപ്പും സ്ത്രീയുടെ ഉൾക്കാഴ്ചകളെ ഉണർത്തുന്നുണ്ട്. അപമാനിക്കപ്പെടുന്ന സ്ത്രീ സമൂഹത്തിന്റെ ശരീരവും മനസ്സുമാണ് വന്ധ്യമാക്കപ്പെടുന്ന പ്രകൃതിയുമായി ചേർന്ന് നിൽക്കാനും പ്രതിരോധത്തിന്റെ ചിന്തകളെ കവിതയിലും സമൂഹത്തിലും ഉണർത്താനും കവയിത്രിയെ പ്രേരിപ്പിക്കുന്നത്. കാലങ്ങളായി തങ്ങൾക്ക് സംഭവിച്ച പിഴവിനെ തിരിച്ചറിഞ്ഞാൽ പിന്നെയെളുപ്പമാണ്. ഒരു പുതിയലോകത്തെ ഭാവനയ്ക്കപ്പുറത്ത് യാഥാർത്ഥ്യബോധത്തോടെ പടുത്തുയർത്താൻ കഴിയും. അതുകൊണ്ടാണ് കവയിത്രി തന്റെ മുന്നിലെ സ്ത്രീസമൂഹത്തിന് പുനർവിചിന്തനത്തിന് ഇടം നല്കുന്ന ഈ വരികൾ എഴുതി ചേർക്കുന്നത്.

"എവിടെപ്പിഴച്ചെന്നു
ഞാനറിയുന്നു, മൗനം
പുഴുവാക്കിയ ജന്മം
വീരശുല്ക്കമാണിന്നും"[39]

മണ്ണിനും മനുഷ്യനും വിലയിട്ട് ഭൂമിയെ തന്നെ വാണിജ്യവത്ക്കരിക്കുന്ന ഈ പുതിയ കാലത്തിൽ ഈ തിരിച്ചറിവിന് ഏറെ പ്രസക്തിയുണ്ട്. പ്രകൃതിയെ നിലനില്പ്പിന്റെ ആധാരമായി കാണാനും പ്രകൃതിയുടെ നഷ്ടത്തെ സ്വന്തം നഷ്ടമായി തിരിച്ചറിയാനും സ്ത്രീ സമൂഹത്തിനെന്നപോലെ പുരുഷസമൂഹത്തിന് കഴിയണമെന്നില്ല. വികസനം കൊണ്ട് ഭാവിതലമുറയെ സുസ്ഥിരപ്പെടുത്താൻ ശ്രമിക്കുമ്പോൾ അതിന്റെ തിക്തഫലങ്ങളെ വരൾച്ചയായും ആന്തരികരോഗങ്ങളായും ഗർഭസ്ഥശിശു മുതൽ വൃദ്ധസമൂഹം വരെ അനുഭവിക്കേണ്ടിവരുന്നു. റേച്ചൽ കാഴ്സൺ, മേധാപട്കർ, വന്ദനശിവ തുടങ്ങിയ സ്ത്രീരത്നങ്ങൾ സ്ത്രീക്കും പ്രകൃതിക്കും നേരെ വികസനത്തിന്റെ പേരിൽ നടക്കുന്ന യുദ്ധസമാനമായ ആഗോളസാഹചര്യങ്ങളെ

തിരിച്ചറിഞ്ഞവരാണ്. ഈ പക്ഷത്താണ് ലളിതാലെനിൻ സ്ഥാനം പിടിക്കുന്നത്. അതു കൊണ്ടാണ് സ്ത്രീക്കും പ്രകൃതിക്കും മേൽ ആഴത്തിൽ നിലനില്ക്കുന്ന അധികാരത്തിന്റെ ആൺസ്വരൂപങ്ങളെ ഇപ്രകാരം അടയാളപ്പെടുത്തുന്നത്.

"മണ്ണിൽ നിന്നു മുളച്ചു പൊന്തുമ്പൊഴും
മൺ തരിയെന്നു പുച്ഛിച്ചു പാദുക
ച്ചോട്ടിലിട്ടു മെതിക്കുന്നു ഭൂമിയെ
കാമിതങ്ങൾ കടഞ്ഞെടുത്തീടുവാൻ
എന്തൊരാവാസഭീത വ്യവസ്ഥയി-
ക്കുറ്റനാൺപീലി നീർത്തിക്കുടയുമ്പോൾ"[40]

സ്ത്രീ പ്രകൃതിപക്ഷത്ത് നിന്നുകൊണ്ട് ലിംഗകേന്ദ്രീകൃത സമൂഹത്തിൽ നിന്നുള്ള വിമോചനത്തിന്റെ ആവശ്യകതയെ ഉന്നയിച്ചാണ് ലളിതാലെനിന്റെ കവിത എപ്പോഴും പാരിസ്ഥിതിക സ്ത്രീവാദരാഷ്ട്രീയത്തിന്റെ ഭാഗമാകുന്നത്. സ്ത്രീ കവിതയിൽ വന്ധ്യയായ പ്രകൃതിയുടെ സ്വത്വത്തെ കൂടി ഉൾവഹിക്കുന്നുണ്ടെങ്കിലും സ്ത്രീയും പ്രകൃതിയും സർവ്വംസഹയാണ് എന്ന പതിവ് പൗരാണിക പുരുഷചിന്തയെ ഈ കവിതകൾ ചേർത്ത് നിർത്തുന്നില്ല. പ്രകൃതിയെ സർവ്വംസഹയായി അമ്മയായി കണ്ട് സമീപിക്കുന്നുണ്ടെങ്കിലും കവിതയുടെ ആന്തരികപാഠം സമൂഹത്തിനകത്തെ പ്രകൃതിയോടുള്ള ആൺകോയ്മപരമായ സമീപനവുമായി സംഘർഷപ്പെടുന്നുണ്ട്. ഈ സംഘർഷത്തിലൂടെയാണ് ലളിതാലെനിന്റെ കവിതയുടെ പൊരുൾ വായനക്കാരിലെത്തുന്നത്. 'ജാലകം' എന്ന കവിതയിൽ പ്രകൃതിയെ അമ്മയായി സംബോധന ചെയ്തുകൊണ്ടാണ് കവയിത്രി പ്രകൃതിയോടിണങ്ങിയിട്ടുള്ള ഒരു ജീവിതത്തിനായി നിലകൊള്ളുന്നത്. 'ജാലകം' എന്നപ്രയോഗം പ്രകൃതിയിലേക്കുള്ള ഒരു വഴിയായിട്ടാണ് കവിതയിൽ സൂചിതമാകുന്നത്. നഗരജീവിതത്തിന്റെ ഊഷരതയിലാണ് ഈ വഴി നഷ്ടപ്പെടുത്തരുതെന്ന് കവയത്രി ആവശ്യപ്പെടുന്നത്. പ്രകൃതിയുടേതായ കാറ്റും വെളിച്ചവും മണങ്ങളും പച്ചപ്പും ജീവജാലങ്ങളും ഇല്ലാതെയുള്ള നഗരജീവിതത്തിന്റെ ഫലം മനുഷ്യസമൂഹത്തിന്റെ തന്നെ നാശമാണെന്ന തിരിച്ചറിവാണ് പ്രകൃതിയിലേയ്ക്കൊരു വഴി, 'ജാലകം' വേണമെന്ന തോന്നൽ കവയിത്രിയിൽ ജനിപ്പിക്കുന്നത്. അതുകൊണ്ടാണ് പ്രകൃതിയെ അമ്മയായി കണ്ട് കവയിത്രി ഇങ്ങനെ അപേക്ഷിക്കുന്നത്.

"അമ്മയാം പ്രകൃതി, നീ തന്നെ
ഗുരുവായ് സനാഥയാക്കുക
ഈയൊറ്റ ജാലകം മാത്രം
അമ്മേ, അടയ്ക്കല്ലൊരിക്കലും"[41]

പ്രകൃതിക്ക് നല്കുന്ന ഔന്നത്യവും ജീവസമൂഹം പ്രകൃതിയുടെ ഭാഗമാണെന്ന തിരിച്ചറിവും ആണ് ഈ വരികളിൽ പ്രകടമാവുന്നത്. ദ്രൗപദി എന്ന കവിതയിലും കവയിത്രി പ്രകൃതിയുടെ പുനരുജ്ജീവന ശേഷിയിൽ വിശ്വാസമർപ്പിക്കുന്നുണ്ട്. ദ്രൗപദി ആണധികാരത്തിന് കീഴിൽ അപമാനിക്കപ്പെട്ട മണ്ണും പെണ്ണുമായിട്ടാണ് കവിതയിൽ നിലകൊള്ളുന്നത്. വ്യവസായിക മാലിന്യങ്ങളും ആണവവികിരണങ്ങളും മണ്ണിനെയും ജലത്തെയും വായുവിനെയും വിഷമയമാക്കുന്ന കാലയളവിൽ ഭൂമിയിൽ അഭയം തേടുന്ന 'ദ്രൗപദി' ആണധികാരത്തിന്റെ പ്രകൃതിവിരുദ്ധ വികസനനയങ്ങളുടെ ഇരയായി നിൽക്കുന്ന സ്ത്രീസമൂഹത്തിന്റെ പ്രതിനിധിയാണ്. അവൾക്ക് മുന്നിലുള്ള വഴി ഭൂമിയിൽ അഭയം തേടുക എന്നുള്ളതാണ്. അതോടൊപ്പം ഈ പ്രതിസന്ധിക്ക് പരിഹാരമായി ഒരു പുരുഷാവതാരത്തെ പ്രതീക്ഷിക്കുന്നു. പാരിസ്ഥിതിക പ്രതിസന്ധിക്കുള്ള പരിഹാരം ഒരു അവതാരത്തിലേയ്ക്കുള്ള ആത്മസമർപ്പണത്തിലൂടെ കണ്ടെത്തുക എന്നത് സുഗതകുമാരിയുടെ പ്രകൃതികവിതകളിലും പ്രകടമാണ്. പക്ഷെ ലളിതാലെനിൻ ഈ അവതാരത്തിന്റെ രംഗപ്രവേശത്തിനായുള്ള സമയം കടന്നുപോയി എന്നുള്ള സൂചനകൂടി കവിതയിലൂടെ നൽകുന്നുണ്ട്. അവതാരമെവിടെ? എന്ന ചോദ്യത്തിനകത്ത് ഭൂമിയെ വീണ്ടെടുക്കാനുള്ള സമയം അതിക്രമിച്ചുകഴിഞ്ഞു എന്നുള്ള സൂചന കൂടി നൽകുന്നുണ്ട്. ഈ സാഹചര്യത്തിൽ ഭൂമിയിൽ അഭയം തേടാനേ സ്ത്രീക്ക് കഴിയൂ.

"ഇപ്പുതുനൂറ്റാണ്ടിന്റെ
ചുണ്ടിലെക്കടും വിഷ-
പ്പുകയേറ്റവളതി
ശ്യാമയായ്, ഹതാശയായ്
ദ്യോവിൽ നിന്നടർത്തിയ
മിഴിയാൽ മതികെട്ട
ഭൂമിയെ വിളിച്ചുള്ളി
ലഭയം യാചിക്കുന്നു"[42]

ഭൂമിയിൽ അഭയം തേടുന്നതിലൂടെ ആൺകോയ്മ സമൂഹത്തിൽ ശരീരവും മനസ്സും അപമാനിക്കപ്പെട്ട് ഭൂമിയിലഭയം പ്രാപിച്ച പുണ്യപുരാണ കഥാപാത്രമായ സീതയെ ദ്രൗപദി ഓർമ്മപ്പെടുത്തുന്നുണ്ട്. ഇതൊരു തുടർച്ച മാത്രമാണ്. ഓരോ കാലങ്ങളിൽ സ്ത്രീക്ക് തങ്ങളുടെ ശരീരത്തിനും, മനസ്സിനും മീതെയുള്ള അതിക്രമങ്ങളെ നേരിടേണ്ടി വന്നിട്ടുണ്ട്. അതുപോലെ പ്രകൃതിയും അനവധി വെട്ടി നിരത്തലുകൾക്കും തോട്ടവത്കരണത്തിനും മലിനീകരണത്തിനും വിധേയമായിട്ടുണ്ട്. രണ്ടും നടക്കുന്നത് പുരുഷന് മേധാവിത്വമുള്ള സമൂഹത്തിലാണ്. ഈ സമാനതയാണ് ദ്രൗപദിയെ മണ്ണും പെണ്ണുമായി അവതരിപ്പിക്കാൻ ലളിതാലെനിനെ പ്രേരിപ്പിക്കുന്നത്. പരിഹാരം ഭൂമിയിൽ അഭയം തേടുക എന്നുള്ളത് മാത്രമാണ്. അതുകൊണ്ടാണ് വിഷബാധയേറ്റ മനുഷ്യസമൂഹത്തെ, ഉൾക്കൊള്ളാൻ പ്രകൃതിയിലേയ്ക്ക് ഒരു വഴി, ഒരു ജാലകം ബാക്കിവെക്കണമെന്ന് കവയത്രി ഓർമ്മപ്പെടുത്തിയത്.

ഭൂമിയിലെ കോടാനുകോടി ജീവസമൂഹത്തിന്റെ നിലനിൽപ്പിന് പ്രകൃതിയിലേക്കുള്ള ഒരു വഴി നിർബന്ധമായും ബാക്കിവെക്കണം. പ്രകൃതിയിലേയ്ക്ക് തിരിച്ച് പോകുക എന്നതിന് പ്രാകൃതമായ ജീവിതാവസ്ഥകളിലേയ്ക്ക് തിരിച്ച് പോകുക എന്നർത്ഥമല്ല ഉള്ളത്. പ്രകൃതിയിലേയ്ക്ക് ഒരു തിരിച്ച് പോക്ക് ഇനി സാധ്യമല്ല. പ്രകൃതിയുമായി ഇണങ്ങിയ ഒരു ജീവിതരീതി കൈക്കൊള്ളാനെ സാധിക്കൂ. പ്രകൃതിയോടിണങ്ങിയ ഒരു ജീവിതരീതി ഒരു വിദൂരസങ്കല്പമായി നിലനില്ക്കുകയും ഭൂമി വ്യവസായികമായും പ്രതിരോധ സംരംഭങ്ങളിലെ ശാസ്ത്രീയമായ നൂതനത്വം കൊണ്ടും വിഷമയമാകുന്ന സമീപകാലയളവിൽ ഒരു സ്ത്രീക്ക് തന്റെ സ്വത്വത്തെ ആൺകോയ്മക്ക് കീഴ്പ്പെടുത്തിക്കൊണ്ട് മൗനമായി തുടരാൻ കഴിയില്ല. തന്റെ കുഞ്ഞിന്റെ രക്ഷമാത്രമായി അവനെ താലോലിച്ച് ജീവിതകാലയളവ് പിന്നിടാൻ കഴിയില്ല. ഈ വിഷമസ്ഥിതിയാണ് 'അമ്മയാവുക' എന്ന കവിത പങ്കുവെക്കുന്നത്. തന്റെ ചുറ്റിലുള്ളവർ മലിനമാക്കപ്പെട്ട ഭൂമിയിൽ ജലത്തിനായി, ആവാസസ്ഥാനങ്ങൾക്കായി സമരരംഗത്തിറങ്ങുമ്പോൾ ഈ കവിതയിലെ അമ്മയ്ക്ക് തന്റെ മകനെ താലോലിച്ച് കൊണ്ട് അവന്റെ ഭാവിയെയോർത്തുള്ള കാല്പനികമായ സ്വപ്നങ്ങളിൽ അഭിരമിക്കാൻ കഴിയുന്നില്ല. നമ്മൾ സാഹിത്യത്തിലൂടെ പരിചയപ്പെട്ടിട്ടുള്ള അമ്മമാർ മിക്കവരും തന്റെ മക്കളെ പരിചരിച്ച് മാതൃത്വത്തെ ആദർശവത്കരിക്കുന്നവരാണ്. എന്നാൽ 'അമ്മയാവുക' എന്ന കവിതയിലെ അമ്മ അങ്ങനെയല്ല. തന്റെ ചുറ്റിലുമുള്ള

ലോകത്തെ തിരിച്ചറിയുന്നവളാണ്. വികസനത്തിന്റെ പേരിലും അല്ലാതെയും ക്ഷുദ്ര ശക്തികൾ കാടെരിക്കുമ്പോൾ, നാട് വരൾച്ചയിൽ അകപ്പെടുമ്പോൾ നദികൾ വറ്റി വരളുമ്പോൾ, മലിനപ്പെടുമ്പോൾ ഈ അമ്മയ്ക്ക് തന്റെ മകനെയോർത്ത് മാത്രം കാലം കഴിക്കാൻ കഴിയുന്നില്ല.

"ഉണരുന്നേരം ശയ്യക്കരികിൽ
കുളിച്ചീറൻ വാർമുടി തുമ്പും കെട്ടി
കുളിരായ് പതിഞ്ഞെത്തി,
കുഞ്ഞിളം തൂനെറ്റിയിൽ
ഉമ്മ വെ, ച്ചണയാത്ത
മന്ദസുസ്മേരം കൊണ്ടു കളഭം പുരട്ടുവാൻ,
അർദ്ധ സുപ്തമാം
മൃദുപക്ഷ്മളോല്പലങ്ങളെ
തേൻമൊഴിത്തുമ്പാ-
ലുഴിഞ്ഞുണർത്തിജ്ജ്വലിപ്പിക്കാൻ
എങ്ങനെയമ്മയ്ക്കാകും
ദേവ സംഗരങ്ങളിൽ
ഖാണ്ഡവം ദഹിക്കുമ്പോൾ
തൂവലിൽ തീയാളുമ്പോൾ?"[43]

ഈ വരികളിൽ ഒരു കുടുംബത്തിനകത്ത്നിന്ന് സ്ത്രീയുടെ കരുതലും സഹജാവബോധവും പ്രകൃതിയോളം തന്നെ വലുതാകുന്നുണ്ട്. ഭർത്താവിനെ പൂജിച്ച് മക്കളെ പെറ്റുകൂട്ടി ജീവിതസാഫല്യം തേടുന്ന പുരുഷസമൂഹത്തിന്റെ സൃഷ്ടിയായ സ്ത്രീ മാതൃകയെയല്ല ഈ വരികളിൽ കാണാൻ കഴിയുക. സ്ത്രൈണപക്ഷത്ത് നിന്നു കൊണ്ട് കവിതയ്ക്കകത്ത് കൊണ്ടുവരുന്ന പ്രത്യയശാസ്ത്രപരമായ ഈ തിരുത്തലുകളാണ് ലളിതാലെനിന്റെ കവിതയുടെ അകത്തെ പാരിസ്ഥിതിക സ്ത്രീവാദപരിസരത്തിൽ സ്ഥാനപ്പെടുത്തുന്നത്. ആൺകോയ്മസമൂഹത്തിനകത്തെ പൂർവ നിശ്ചിതമായ സ്ത്രീമാതൃകകളിൽ നിന്നുള്ള വ്യതിചലനമാണ് പ്രത്യയശാസ്ത്രപരമായ ഈ തിരുത്തലുകളിലൂടെ സംഭവിക്കുന്നത്. ആൺകോയ്മ പ്രത്യയശാസ്ത്രം സ്ത്രീയെ

കുടുംബത്തിനകത്ത് മാത്രമായി ഒതുക്കിനിർത്തുമ്പോൾ ലളിതാലെനിൻ തന്റെ കവിതയിൽ ഈ സ്ത്രീക്ക് തന്റെ സ്വത്വത്തെ വീണ്ടെടുക്കാനുള്ള ചിന്തകൾ നൽകുന്നു. തന്റെ കവിതകൾ അപരങ്ങളായി മുഖ്യധാരയിൽനിന്ന് സ്ഥാനം നഷ്ടപ്പെട്ടവർക്കായി മാറ്റിവെക്കുന്നു. കവയിത്രിയെ സംബന്ധിച്ചിടത്തോളം അവർ ലോകമാകുന്ന ചുടുകാട്ടിൽ അകപ്പെട്ടവരാണ്.

"മുന്നിലിച്ചുടുകാട്ടിൽ
കത്തിനീറുമീ മർത്ത്യ-
ജീവനെപ്പറ്റിപ്പാടാൻ
തന്ത്രിയിൽ വിരൽ ചേർക്കൂ"[44]

ഇത്തരത്തിൽ യാഥാർത്ഥ്യബോധത്തോടെ കവിതയെ സമീപിക്കുന്നു എന്നുള്ളതാണ് ലളിതാലെനിന്റെ കവിതകളുടെ പ്രത്യേകത. കാല്പനികമായ ഭാവപരിസരത്തിനേക്കാൾ കവിത പ്രാമുഖ്യം നൽകുന്നത് തനിക്ക് ചുറ്റുമുള്ള ജീവിതങ്ങളുടെ നിസ്സഹായതയ്ക്കാണ്. കവിതയുടെ പേരുകളിൽ തന്നെ സ്ത്രീജീവിതത്തിന്റെ വ്യഥകളെ ഉള്ളടക്കിയിരിക്കും. 'തീ വിഴുങ്ങിപ്പക്ഷി' എന്ന കവിത ഇതിന് ദൃഷ്ടാന്തമാണ്. കവിതയുടെ പേര് തന്നെ ഉള്ളടക്കത്തെ പ്രശ്നവത്കരിക്കുന്നുണ്ട്. സ്ത്രീജീവിതത്തിനെയാണ് പക്ഷി പ്രതിനിധീകരിക്കുന്നത്. സ്വന്തമായ ഒരു വാക്കോ പ്രവൃത്തിയോ അവകാശപ്പെടാനില്ലാത്ത, മറ്റുള്ളവർക്കുവേണ്ടി ജീവിതത്തെയൊന്നാകെ മാറ്റിവെക്കേണ്ടിവരുന്ന സ്ത്രീയെയാണ് തീ വിഴുങ്ങിപക്ഷിയായി കവയിത്രി അനുഭവപ്പെടുത്തുന്നത്. ഏത് ധ്യാനത്തിലും ജീവിതത്തിലെ തിരക്കുകൾക്കിടയിലും താൻ സ്ത്രീയാണ്, അബലയാണെന്ന ബോധം അവളെ പിൻതുടർന്ന്കൊണ്ടിരിക്കും. കുടുംബത്തെ തന്റെ അധ്വാനംകൊണ്ട് ഒറ്റക്ക് പുലർത്തിയാലും സമൂഹത്തിൽ പുരുഷന് കീഴെയാണ് അവൾക്ക് കുടുംബത്തിലും സമൂഹത്തിലും സ്ഥാനം ലഭിക്കുക. ഈ സാമൂഹ്യവ്യവസ്ഥിതിക്ക് കീഴിലാണ് പ്രകൃതിയും കീഴടക്കപ്പെടുന്നതെന്ന് കവിതയിലെ തീവിഴുങ്ങിപ്പക്ഷി ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ട് തന്നെ ജീവിതത്തിനായി പച്ചപ്പിനെ നിലനിർത്താൻ സഹനപൂർണമായ ജീവിതാനുഭവങ്ങളെ ഏറ്റ് വാങ്ങുന്ന സ്ത്രീയ്ക്കേ കഴിയൂ എന്ന് കവിത അടിവരയിടുന്നു. അവളുടെ കരുത്തുറ്റ സ്വപ്നങ്ങൾക്ക് കീഴിലാണ് സ്ത്രീയും പ്രകൃതിയും സുസ്ഥിരമായി ആശ്വാസം

കണ്ടെത്തു. അവൾ മറ്റുള്ളവർക്ക് നൽകുന്ന ആശ്രയമാണ്, തണലാണ് പക്ഷിയുടെ ചിറകുകളിലൂടെ കവയിത്രി ആവിഷ്കരിക്കുന്നത്. തന്റെ ജീവിതാനുഭവങ്ങളിൽനിന്ന് ഭൂമിക്ക് വേണ്ടി, സ്ത്രീക്ക് വേണ്ടി കരുതലോടെ നിൽക്കാൻ സ്ത്രീക്കേ കഴിയൂ. ഈ ആശയമാണ് തീവിഴുങ്ങിപ്പക്ഷി എന്ന കവിതയ്ക്ക് പിറകിലുള്ളത്.

"പച്ചത്തുടിപ്പുകൾക്കൊക്കെത്തണൽ വിരി-
ച്ചുത്തുംഗശൈലങ്ങളെപ്പുണർന്നംബരം
പുള്ളിച്ചിറകിന്നനന്ത സ്വപനങ്ങളാ-
ലാകെപ്പൊതിഞ്ഞുയിർ മന്ത്രം ജപിക്കുന്ന
തീ വിഴുങ്ങിപ്പക്ഷിയാരെന്നറിയുക
തീ തണുപ്പിക്കുവോളാരെന്നറിയുക"[45]

സ്ത്രീക്ക് മാത്രം സാധ്യമായ ഒരു പുതുലോകത്തിന്റെ സൃഷ്ടിയെക്കുറിച്ചുള്ള ശുഭാപ്തിവിശ്വാസത്തെ ഈ വരികൾ ഉൾവഹിക്കുന്നുണ്ട്. അതോടൊപ്പം സ്ത്രീക്കും പ്രകൃതിക്കും മീതെ പ്രവർത്തിക്കുന്ന മേധാവിത്വത്തെ സാധ്യമാക്കുന്ന അധിനിവേശ പരമായ ഇടപെടലുകളെ ലളിതാലെനിന്റെ കവിതകൾ ദീർഘദൂരം വീക്ഷിക്കുന്നുണ്ട്. 'വിനോദസഞ്ചാരി' എന്ന കവിതയിൽ അധിനിവേശശക്തികളുടെ സ്വരൂപത്തെ 'ഒരു സ്വപ്നറാഞ്ചാൻ' പക്ഷിയിലാണ് ആരോപിക്കുന്നത്. നാളിതുവരെ ജാതി, മതം, ലിംഗം, അധികാരം എന്നിങ്ങനെ വ്യത്യസ്ത തട്ടുകളിൽ നിന്നുകൊണ്ട് പ്രകൃതിയിലേയ്ക്ക് നടന്നിട്ടുള്ള അധിനിവേശത്തിന്റെ ഫലം ഊഷരമായ പ്രകൃതിയും അന്യാധീനമാക്കപ്പെട്ട ദളിത്, സ്ത്രീ ജീവിതാവസ്ഥകളുമാണ്. ഗ്രാമങ്ങൾ നഗരങ്ങളായി മാറിയപ്പോൾ നമ്മുടെ പച്ചപ്പുകൾക്കൊപ്പം ജലസ്രോതസ്സുകളും അപ്രത്യക്ഷമായി. കാവുകൾ നശിപ്പിച്ചപ്പോൾ ഭൂമിയിലെ ഉറവകൾ നഷ്ടപ്പെട്ടു. എന്നിട്ടും മതിയാകാതെ അതിനൂതന സാങ്കേതികവിദ്യയിലൂടെ പ്രകൃതിയിലെ വിഭവങ്ങളെ വീണ്ടും വാണിജ്യവത്ക്കരിച്ചുകൊണ്ടിരിക്കുന്നു. പ്രകൃതിയെയും സ്ത്രീയെയും വസ്തുവത്ക്കരിച്ചും വാണിജ്യവത്ക്കരിച്ചുമാണ് അധിനിവേശശ്രമങ്ങൾ എക്കാലത്തും നടന്നിട്ടുള്ളത്. അതുകൊണ്ട് തന്നെയാണ് ഈ തുടർച്ചയെ, പരീക്ഷിത്തിന്റെ പുഴുവായി കവയിത്രി രേഖപ്പെടുത്തുന്നത്.

"വിനോദത്തിന്റെ നങ്കൂരം നാട്ടാൻ
കടൽക്കാക്കകളെ കൊത്തിയാട്ടുന്ന
കൂറ്റൻ പക്ഷിയെ
ആരും കാണുന്നില്ലേ?
വൻകരകളെ-
കരിഞ്ചിറകിനാൽ മൂടി
കടലുകളെ ക്ഷുദ്രപദംകൊണ്ടളന്ന്
ഇന്റർനെറ്റിന്റെ ഇടനാഴികളിലൂടെ
പ്രേതവേഗത്തിൽ
അരൂപിയായ് പറന്നുവീണ്
പുതിയ ഭൂഖണ്ഡങ്ങൾ വെട്ടിപ്പിടിക്കുന്ന
പരീക്ഷിത്തിന്റെ പുഴുവാണ് നീ"[46]

മൂന്നാംലോക രാഷ്ട്രങ്ങളിലേയ്ക്കുള്ള അധിനിവേശവും പ്രകൃതിവിഭവങ്ങളുടെ തദ്ദേശീയവുമായ വാണിജ്യവത്ക്കരണവും ആണ് സ്വപ്നറാഞ്ചൻ പക്ഷിയുടെ ചടുല വേഗങ്ങളിലൂടെ കവയിത്രി നമുക്ക് പരിചയപ്പെടുത്തിയത്. പ്രകൃതി ഒരു ആവാസ്ഥ വ്യവസ്ഥയാണെന്നും ജീവസമൂഹങ്ങൾ തമ്മിലുള്ള ശൃംഖലയിലൂടെയാണ് ഇത് നിലനിർത്തുന്നതെന്നുമുള്ള ആഴമേറിയ ചിന്തയിലേയ്ക്കാണ് ഈ കവിത നമ്മെ കൊണ്ടു ചെന്നെത്തിക്കുന്നത്. 'കരിമ്പാറ' എന്ന കവിതയും നമ്മുടെ ചിന്തയെയും മനസ്സിനെയും ഭരിക്കുന്ന അധിനിവേശശക്തിയെക്കുറിച്ചുള്ള സൂചന നല്കുന്നുണ്ട്. കൊളോണിയൽ കാലഘട്ടം മുതൽ നാം ഈ അധിനിവേശശക്തിയെ പുത്തൻ രൂപത്തിലും ഭാവത്തിലും പരിചയപ്പെടുന്നുണ്ട്. 'കരിംപൂതം' എന്നാണ് കവയിത്രി ഈ അധിനിവേശശക്തിയെ വിളിക്കുന്നത്. 'വിനോദസഞ്ചാരി' എന്ന കവിതയിൽ സ്വപ്നറാഞ്ചാൻ പക്ഷിയെന്ന് വിശേഷിപ്പിച്ച ഈ പ്രതിലോമശക്തിയാണ് ഇവിടെ കരിംപൂതമായി കടന്നുവരുന്നത്. ഉപഭോഗസംസ്കാരത്തിന്റെ നിറവിലാണ് ഈ കരിംപൂതം ഊറ്റംകൊള്ളുന്നത്.

മൂന്നാംലോകരാഷ്ട്രത്തിന്റെ പരമ്പരാഗത ഉത്പാദനവ്യവസ്ഥിതിയെ മന്ദീഭവിപ്പിച്ചുകൊണ്ടും ഉത്പാദനമേഖലയെ വാണിജ്യവത്ക്കരിച്ചുകൊണ്ടും നടക്കുന്ന

പുത്തൻ സാമ്പത്തികനയങ്ങളാണ് അധിനിവേശശക്തികൾക്ക് മൂന്നാം ലോകരാഷ്ട്രങ്ങളിൽ ഇടം നേടിക്കൊടുത്തത്. നമ്മുടെ തനത് ഭക്ഷ്യവിഭവങ്ങളെ, പ്രകൃതിയോടിണങ്ങിയ ജീവിതരീതിയെ നഗരവത്ക്കരണവുമായി ബന്ധിപ്പിച്ച് പിൻതള്ളുകയും പകരം പുതിയ ഭക്ഷ്യവിഭവങ്ങളെ പുതിയ രുചികളിലും നിറത്തിലും നമുക്ക് മുന്നിൽ പരിചയപ്പെടുത്തുകയും നമ്മളറിയാതെ അവയെ നമ്മുടെ തന്നെ ജീവിതശൈലിയായി മാറ്റുകയും ചെയ്തു. മാധ്യമങ്ങളിലൂടെ നടക്കുന്ന ഈ പ്രക്രിയ ഇപ്പോഴും തുടരുന്നു.

നമ്മുടെ പരമ്പരാഗത ഔഷധക്കൂട്ടുകളെ നമ്മുക്ക് അന്യമാക്കുകയും പിന്നീട് അവയെ ഉയർന്ന മൂല്യത്തോടെ വാണിജ്യവത്ക്കരിക്കുകയും ചെയ്യുക ഈ സംസ്കാരത്തിന്റെ പ്രത്യേകതയാണ്. ഇതുവഴിയാണ് പ്രകൃതി കൂടുതൽ കൂടുതൽ വാണിജ്യവത്ക്കരിക്കപ്പെടുന്നത്. അതോടൊപ്പം പുത്തൻ മനുഷ്യനിർമിത വിനോദസഞ്ചാരമേഖലകളുടെ ആവിർഭാവവും പ്രകൃതിയ്ക്കകത്തെ സ്വാഭാവിക ആവാസവ്യവസ്ഥയെ തകിടം മറിക്കുന്നുണ്ട്. പ്രകൃതിയെ ജൈവസംസ്കൃതിയായി പരിചരിക്കുന്ന ഒരു ഭാവി തലമുറയാണ് നമുക്ക് ആവശ്യം. എന്നാൽ പുത്തൻ അധിനിവേശനയങ്ങൾ പ്രകൃതിവിഭവങ്ങളെ വാണിജ്യവത്ക്കരിച്ചുകൊണ്ട് നമ്മെ കൂടുതൽ കൂടുതൽ ദരിദ്രരാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ശുദ്ധമായ ജലത്തിനും മണ്ണിനും വായുവിനും വേണ്ടി നമുക്ക് സമരം ചെയ്യേണ്ടിവരുന്നു. രാഷ്ട്രീയ ശക്തികൾ അധിനിവേശശക്തിക്ക് കീഴടങ്ങുന്നു. സാമ്പത്തികമേഖല ഓരോ വ്യക്തിയേയും ഉപഭോക്താവായി മാറ്റിക്കൊണ്ടിരിക്കുന്നു. വിപണിക്കകത്ത് മാനസികമായും ശാരീരികമായും കീഴ്പ്പെട്ടാണ് ഓരോ മനുഷ്യനും നിലനിൽക്കുന്നത്. ഇത് നമ്മുടെ തനത് സംസ്കാരത്തെ, ജീവിതരീതികളെ നമ്മളിൽ നിന്നകറ്റികൊണ്ട് കൊളോണിയൽ ശക്തികളോട് വിധേയത്വം പുലർത്തുന്ന ഒരു തലമുറയെ നിരന്തരം സൃഷ്ടിച്ചുകൊണ്ടിരിക്കും. ഈ തലമുറ ഊന്നൽ നൽകുക സവർണ, മേലാള പരിലാളനകളെ സാമൂഹിക വിനിമയങ്ങളിൽ നിലനിർത്തുന്ന സാമ്പത്തികക്രമത്തിനായിരിക്കും. ഈ സമൂഹ്യവ്യവസ്ഥിതിയുടെ പിറവി പിന്നെയെപ്പോഴോ സംഭവിക്കാനുള്ളതല്ല. സംഭവിച്ച് കഴിഞ്ഞതാണ്. ഈ കാരണം കൊണ്ടാണ് കവയിത്രി തനിക്ക് ചുറ്റുമുള്ള ഈ സവർണപരവും ലിംഗകേന്ദ്രിതവുമായ അധികാര പരിപ്രേക്ഷ്യത്തെ 'കരിംപൂത'മായി വിശേഷിപ്പിക്കുന്നത്. എന്നാൽ ഈ പുത്തൻ തലമുറയോട് ചേർന്ന് വിതയ്ക്കാതെ വിത്തുണ്ണാൻ കവയിത്രി ഒരുക്കമല്ല. അതുകൊണ്ടാണ് കവയിത്രി തന്റെ പ്രതിഷേധത്തെ ഇവ്വിധം രേഖപ്പെടുത്തുന്നത്.

"ഞാനുമപ്പന്തം പക-
ർന്നവനോടൊപ്പം
യാഗനിയമം തെറ്റീ
സർപ്പസത്രമാചരിക്കണം
വിതയ്ക്കാത്തതു കൊയ്തു
കൊയ്തൊടുക്കുവാൻ
ചുട്ടുചാമ്പലാക്കുവാൻ
സിംഹകാഹളം മുഴക്കണം"[47]

ഈ കരിംപൂതം പ്രകൃതിയെ സ്ത്രീയെ നൂറ്റാണ്ടുകളായി കീഴടക്കി നിർത്തി കൊണ്ട് മുന്നോട്ടുപോകുന്ന ലിംഗകേന്ദ്രീകൃത ആധിപത്യസ്വരൂപം തന്നെയാണ്. സ്വാതന്ത്ര്യാനന്തരം നഗരവത്ക്കരണത്തോടെയാണ് ഈ കരിപൂതം കൂടുതൽ ശക്തിപ്പെട്ടത്. 'ചിറകടി', 'താക്കോൽ', 'ഭയം' എന്നീ കവിതകളിൽ നഗരവത്കരണം നഷ്ടപ്പെടുത്തിയ പ്രകൃതിയനുഭവങ്ങളെക്കുറിച്ചാണ് കവയിത്രി വാചാലയാകുന്നത്. ആത്യന്തികമായി കവിത നിലയുറപ്പിക്കുന്നത് സ്ത്രീക്കും പ്രകൃതിക്കും മീതെയുള്ള ആധിപത്യശക്തികളുടെ ലിംഗകേന്ദ്രീകൃത നയത്തിനെതിരെയാണ്. പെണ്ണനുഭവങ്ങളിലൂടെ കേന്ദ്രീകരിക്കപ്പെടുന്ന ആശയം ഈ നയത്തിൽ നിന്നുള്ള സ്ത്രീ, പ്രകൃതി വിമോചനത്തിന്റേതാണ്. ഈയർത്ഥത്തിൽ ലളിതാലെനിന്റെ കവിതകൾ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പരിപ്രേക്ഷ്യത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

6.2 പാരിസ്ഥിതിക സ്ത്രീവാദം - റോസ്മേരി

കേരളീയമായ സാമൂഹ്യപശ്ചാത്തലത്തിൽനിന്ന് അകന്ന്മാറിയ കാവ്യ സന്ദർഭങ്ങളും സ്ത്രീപക്ഷത്ത് നിന്നുകൊണ്ടുള്ള പ്രണയത്തിന്റെ, രതിയുടെ തുറന്നെഴുത്തുമാണ് റോസ്മേരി കവിതയുടെ സ്വഭാവത്തെ നിർണയിക്കുന്ന ഘടകങ്ങൾ. സ്ത്രീവർണനയിൽ ശരീരകേന്ദ്രിതമായ പുരുഷ പൂർവ്വകല്പനകളെ അനുസ്മരിപ്പിക്കുന്ന സന്ദർഭങ്ങളും വിരളമല്ല.

"പഴുത്തു ചാഞ്ഞ
തിനവയലിന്റെ നിറവും
ഒതുങ്ങിയ അരക്കെട്ടുമുള്ള

ജലകന്യക, തന്റെ
ഇടതിങ്ങിയ മുലകൾക്കു മദ്ധ്യേ
പേലവമായൊരാമ്പൽ-
പ്പൂന്തണ്ടെന്നപോൽ
നിറഞ്ഞുതുളുമ്പുന്ന
മധുചഷകത്തെ
ഭദ്രമായ് കാത്ത് വെച്ച്,
നീന്തിച്ചെല്ലുന്നു...."[48]

ശരീരകേന്ദ്രിതമായ ഈ കാവ്യപരിസരങ്ങളിൽ നിന്ന് വേറിട്ട് സ്ത്രീ സ്വാതന്ത്ര്യത്തിലൂന്നുന്ന ചിന്താപരിസരങ്ങളെയും റോസ്മേരി പങ്കുവെയ്ക്കുന്നുണ്ട്. സ്ത്രീക്ക് വേണ്ടി നിഷ്പക്ഷമായ ഒരു സമീപനം കവിത കൈക്കൊള്ളുന്നില്ലെങ്കിലും സ്വതന്ത്രമായ ഇച്ഛാശക്തികൊണ്ട് പുലർത്തുന്ന ഒരു ലോകത്തെ റോസ്മേരികവിതകളിലെ സ്ത്രീസമൂഹം സങ്കല്പിക്കുന്നുണ്ട്. ഈ സ്ത്രീ സമൂഹത്തിന് പറയാനുള്ളത് ചതിക്കപ്പെട്ട കാലങ്ങളെക്കുറിച്ചാവാം. ശരീരവും മനസ്സും ഒതുക്കി മൃഗതുല്യമായി ജീവിച്ച് തീർത്ത ദിവസങ്ങളെക്കുറിച്ചാവാം എങ്കിലും അടിപതറാതെ ഒരു പുതിയ ജീവിതത്തിന്റെ പ്രതീക്ഷകൾ റോസ്മേരി കവിതകളിലെ സ്ത്രീ പ്രകടിപ്പിക്കുന്നുണ്ട്.

"ശിരസ്സ്
വിഹായസ്സിലേക്കുയർത്തി
ഉറച്ച കാൽവയ്പുകളോടെ
സൂര്യനഭിമുഖമായ്
ഒരുവൾ
സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു,
ഭൂമിയുടെ അറ്റത്തേക്ക്
ചക്രവാളാതിർത്തിക്കും
അപ്പുറത്തേയ്ക്ക്,
ഒറ്റയ്ക്ക്..."[49]

പെണ്മയെ പുരുഷതുല്യമായ സ്വാതന്ത്ര്യത്തിലേയ്ക്ക് പരിചയപ്പെടുത്തുകയാണ്

റോസ്മേരി ഈ വരികളിലൂടെ ചെയ്യുന്നത്. വിധേയത്വമാർന്ന സമൂഹത്തിൽനിന്ന് മാത്രമല്ല ഉടലിൽ നിന്നുമാണ് റോസ്മേരി തന്റെ സ്ത്രീക്ക് വിടുതൽ നൽകുന്നത്. അതുവഴി സ്ത്രീസമൂഹത്തിന് മുൻപിൽ സ്വത്വബോധമുള്ള ഒരു സ്ത്രീയെ പ്രതിഷ്ഠിക്കുന്നു. ഈ സ്ത്രൈണസത്ത മതപരവും രാഷ്ട്രീയപരവുമായ എല്ലാ ആൺകോയ്മയേയും നിരാകരിച്ചാണ് സമൂഹത്തിന് മുൻപിൽ നിലനിർത്തപ്പെടുന്നത്. അരികുവത്ക്കരിക്കപ്പെടുന്ന ഒരു ജനസമൂഹത്തെ തന്നിലേയ്ക്ക് ചേർത്ത് നിർത്താൻ ഈ സ്ത്രൈണസത്തയ്ക്ക് കഴിയും. എന്നാൽ മരണത്തിലൂടെ മാത്രമെ ഇത്തരത്തിൽ പരിപാകപ്പെട്ട സ്വതന്ത്രമായ ഒരസ്ഥിതിത്വം സ്ത്രീക്ക് സാധ്യമാവൂ എന്നുള്ളതാണ് യാഥാർത്ഥ്യം. ഈ യാഥാർത്ഥ്യത്തെ നമുക്ക് മുൻപിൽ അവതരിപ്പിക്കുന്ന റോസ്മേരിയുടെ കവിതയാണ് 'വിട'. മരണത്തിനപ്പുറത്താണ് കവിതയിലെ സ്ത്രീ തന്റെ സ്വാതന്ത്ര്യത്തെ കണ്ടെത്തുന്നത്. മരണാനന്തരമുള്ള അവളുടെ ലോകത്തിൽ പാപികളും പരിത്യക്തരും ഉണ്ടായിരിക്കും, ആ ലോകത്ത് ശരീരകേന്ദ്രിതമായ നോട്ടങ്ങൾ അവളെ പിൻതുടരില്ല. എല്ലാ ജാതി, മത, ലിംഗ മേൽക്കോയ്മകളെയും തന്റെ മരണത്തിലൂടെ മറികടക്കാൻ കഴിയും എന്ന് കവിതയിലെ സ്ത്രീ സങ്കല്പിക്കുന്നു. ഈ സങ്കല്പലോകത്തെ റോസ്മേരി വിശദീകരിക്കുന്നത് ഇപ്രകാരമാണ്.

"ആത്മാവിനു
രൂപമുണ്ടാവില്ല,
അതിനുമേൽ
ശംഖോ, കുരിശടയാളമോ
പതിച്ചുവെക്കാനാവില്ല
ഗോത്രത്തിന്റെയോ
ദേശത്തിന്റെയോ
ചിഹ്നങ്ങൾ ചുണ്ടിക്കാട്ടി,
നിങ്ങൾക്കതിനെ
വംശീകരിക്കാനുമാവില്ല
ഭാരമൊഴിഞ്ഞ മേഘത്തെപ്പോലെ
എന്റെയാത്മാവ്
ഭൂതലത്തിനുമീതെ

ഒഴുകിപ്പരക്കും.

അടിമകളുടെ

പാളയത്തിന്മേൽ

അതു താണിറങ്ങും

ദുരിത, മനുഭവിക്കുന്ന

സമസ്ത ഹൃദയങ്ങളെയും

ആത്മാവതിന്റെ ദീർഘബാഹുക്കളാൽ

ആലിംഗനം ചെയ്യും"[50]

സ്ത്രീക്ക് തന്റെ സ്വതന്ത്രമായ ഇച്ഛാശക്തിയെ മരണത്തിന്ശേഷം പിൻതുടരേണ്ടിവരുന്ന ഈ സാഹചര്യം പുരുഷകേന്ദ്രിതലോകക്രമത്തിന്റെ സൃഷ്ടിയാണ്. പുരുഷസമൂഹത്തിന്റെ ഈ അധികാരസ്വഭാവത്തിനെയാണ് 'ഒരു പുരാവൃത്തം' എന്ന കവിത വിശദീകരിക്കുന്നത്. കവിതയിൽ 'കുഞ്ഞുവക്കൻ' എന്ന കോഴിക്കുഞ്ഞിനെ അപായപ്പെടുത്തിക്കൊണ്ട് ആൺകോയ്മയുടെ സവിശേഷജീവിതസന്ദർഭത്തിലാണ് കവയിത്രി നമ്മെക്കൊണ്ട് ചെന്ന് നിർത്തുന്നത്. സദാ തിളങ്ങുന്ന കണ്ണുകളും റോസാപ്പൂവിന്റെ ഇളംനിറമാർന്ന ദേഹവുമാണ് കുഞ്ഞുവക്കൻ എന്ന കോഴിക്കുഞ്ഞിന്റേത്. അവനെപ്പൊഴും വിധേയത്വത്തോടെ സ്നേഹത്തോടെ തന്റെ ഉടമസ്ഥനെ പിൻതുടർന്നു. പക്ഷെ ഒരു സന്ദർഭത്തിൽ ഉടമസ്ഥൻ തന്റെ അധികാരത്തിന്റെ ക്രൂരതയാൽ അവന്റെ പ്രാണനെടുത്തു. ഈ സന്ദർഭത്തെ ഉടമസ്ഥൻ വിശദീകരിക്കുന്നത്. ഇപ്രകാരമാണ്.

"അന്നുമുതല്ക്കാണ്

പ്രമാണങ്ങൾ ലംഘിക്കപ്പെടുക

എത്ര അനായാസമാണെന്ന്

ഞാനാദ്യമായ് മനസ്സിലാക്കിയത്"[51]

ഇതര ജീവജാലങ്ങളുടെ ജീവിക്കാനുള്ള അവകാശത്തെ തൃണവത്ക്കരിക്കുന്ന ഈ മാനസികതലത്തിന്റെ ഔന്നത്യമാണ് പ്രകൃതിക്ക് മീതെയുള്ള, സ്ത്രീക്ക് മീതെയുള്ള ചൂഷണങ്ങളിലും തെളിയുന്നത്. സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ട് സ്ത്രീക്കും പ്രകൃതിക്കും സംഭവിക്കുന്ന ഈ ദുരനുഭവങ്ങളെ കണ്ടെടുക്കാൻ

കവയിത്രി ശ്രമിക്കുന്നുണ്ട്. പെൺജീവിതത്തിന്റെ അതിർത്തികൾക്കുള്ളിൽ നിന്നുകൊണ്ടുള്ള ബാഹ്യമായ വാചാടോപമല്ല റോസ്മേരിയുടെ കവിതയുടെ പ്രത്യേകത. വ്യത്യസ്തമായ ജീവിതാനുഭവങ്ങളും ഉൾക്കാഴ്ചയുമാണ് ഓരോ കവിതയും നൽകുന്നത്. പെൺജീവിതത്തിന് അന്യമായ അനുഭവങ്ങളെ തന്നിലൂടെ ആവിഷ്കരിച്ചുകൊണ്ട് കവയിത്രി സ്ത്രീക്ക് മുന്നിൽ പുരുഷലോകം തീർത്തിട്ടുള്ള നിബന്ധനകളെ മായ്ച്ചുകളയുന്നു. 'യക്ഷരാഗം' എന്ന കവിത സഞ്ചരിക്കുന്നത് പെൺമനസ്സിന്റെ സ്നേഹാതുരമായ ഉന്മത്തതയിലൂടെയാണ്. തനിക്ക് അന്യമായ ഒരു അനുഭവലോകത്തെ തന്നിലേക്കടുപ്പിച്ചുകൊണ്ട് ആണിന് തുല്യമായ ആഗ്രഹങ്ങളിലൂടെ കടന്നുപോകുകയാണ് കവയിത്രി ഈ കവിതയിൽ ചെയ്യുന്നത്. കവിതയിൽ സ്വീകരിക്കുന്ന ഈ സ്വാതന്ത്ര്യമാണ് റോസ്മേരി കവിതകളുടെ ഭാവുകത്വത്തെ നിർണയിക്കുന്നത്. അതോടൊപ്പം തന്റെ കവിതയിൽ സമൂഹത്തെ വിമർശനാത്മകമായി പുതുക്കി നിർമിക്കുകയും ചെയ്യുന്നു. ഈ പുതുചിന്തയിലൂടെയാണ് സമൂഹത്തിൽ സ്ത്രീക്ക് മാത്രം ബാധകമായ പുരുഷനീതികളെ കവയിത്രി ചോദ്യം ചെയ്യുന്നത്.

"ഭൂമിയിലെ സ്ത്രീകൾക്കും കിന്നരന്മാർക്കുമിടയ്ക്ക്
ആരാണ്, ഇത്ര കനത്തൊരു
കൽഭിത്തി തീർത്തത്?
ഉണ്മയ്ക്കും കനവിനുമിടയ്ക്ക്
എന്തിനാണ്, ഇത്ര ഭാരിച്ചൊരു
മുൾവേലി ചമച്ചത്?"[52]

വിധേയത്വം കൊണ്ട് ശരീരത്തിനെ, മനസ്സിനെ അടക്കി നിർത്തുന്ന സ്ത്രീ സമൂഹത്തിന്റെ സദാചാരനിഷ്ഠയെയാണ് കവയിത്രിയിവിടെ കൽഭിത്തിയായും മുൾവേലിയായും അവതരിപ്പിക്കുന്നത്. ലിംഗകേന്ദ്രിതമായ ഈ സദാചാരനിഷ്ഠയെ മുൻനിർത്തിയാണ് പതിവ്രത, കുലട തുടങ്ങിയ പദപ്രയോഗങ്ങൾ സാമൂഹിക സംവിധാനത്തിനകത്ത് വിരുദ്ധ അർത്ഥങ്ങളെ ഉത്പാദിപ്പിക്കുന്നത്. ഇതേ സാമൂഹിക വ്യവസ്ഥിതിക്കകത്താണ് പുരുഷൻ സുരക്ഷിതനായി സ്വന്തം ഇച്ഛയിൽ ജീവിതം തുടരുന്നത്. സ്ത്രീക്ക് മാത്രം കല്പിക്കപ്പെടുന്ന സവിശേഷ ജീവിതസന്ദർഭങ്ങളെ

ചോദ്യം ചെയ്തുകൊണ്ടാണ് മേൽകൊടുത്ത വരികൾ നിലനില്ക്കുന്നത്. 'ആത്മാവിന് പറയാനുള്ളത്' എന്ന റോസ്മേരിയുടെ കവിത പുരുഷകല്പിതമായ ഈ സ്ത്രീജീവിതപരിസരങ്ങളെ ഒന്നുകൂടി ആഴത്തിൽ വിശദീകരിക്കുന്നുണ്ട്. ഈ കവിത സ്വരൂപിക്കുന്നത് പുരുഷതാത്പര്യത്തിനനുസരിച്ച് രൂപപ്പെടുത്തിയ സ്ത്രീ മാതൃകകളുടെ വിവിധ തലങ്ങളെയാണ്. കവിതയിലെ ചിത്രകാരൻ തന്റെ മുന്നിലുള്ള സ്ത്രീ രൂപത്തിന് നൽകുന്ന വിവിധഭാവങ്ങളിലൂടെയാണ് ഇത് സാധ്യമാകുന്നത്. എന്നാൽ ചിത്രകാരൻ നിരത്തുന്ന വിഷാദവതിയുടെ, ഗർവിഷ്ഠയുടെ, വിലാസവതിയുടെ മാതൃകകൾ അയാൾക്ക് മുന്നിലെ സ്ത്രീ നിരസിക്കുന്നു. 'റോസ്സാമറിയ' എന്നാണ് ഈ സ്ത്രീയുടെ പേര്. റോസ്സമറിയയും ചിത്രകാരനും തമ്മിലുള്ള സംഭാഷണത്തിലൂടെയാണ് കവിത മുന്നോട്ട് പോകുന്നത്. റോസ്സാമറിയക്ക് ചിത്രകാരൻ മുന്നോട്ട് വച്ച ഏത് സ്ത്രീ മാതൃകകളിൽ വേണമെങ്കിലും അയാളുടെ ക്യാൻവാസിൽ നിറഞ്ഞ് നിൽക്കാം. പക്ഷെ റോസ്സാമറിയ തന്റെയുള്ളിലെ സ്ത്രീത്വത്തിനാണ് ഊന്നൽ നൽകുന്നത്. അതുകൊണ്ടുതന്നെ അവൾക്ക് അവളോട് തന്നെ ചോദിക്കാനുള്ള ചോദ്യം തന്റെആത്മാവിന്റെ യഥാർത്ഥ ഇംഗിതം എന്താണെന്നാണ്.

"പകലിരവുകൾക്കു പിടി തരാത്ത
വിജനതയിൽ മാത്രം മിഴിവാർന്നു തെളിയുന്ന
ഈ ആത്മാവിന്റെ നിഗൂഢമായ
അന്തർഗതമെന്തായിരിക്കും?" [53]

'ഉറക്കമായ് വിദ്യുല്ലത' എന്ന കവിതയിൽ ഈ ആത്മാവിനെ പ്രകൃതിയുമായി കവയിത്രി ബന്ധിപ്പിക്കുന്നുണ്ട്. സ്ത്രീയുടെ സമൂഹത്തിലെ രണ്ടവസ്ഥകളെയാണ് ഈ കവിത ഉൾക്കൊള്ളുന്നത്. ആദ്യത്തെ സ്ത്രീ കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങളിൽ പെട്ടുഴലുന്നവളാണ്. രണ്ടാമത്തവൾ തന്നിലേയ്ക്കിറങ്ങിച്ചെന്ന് സ്വാതന്ത്ര്യത്തെ ഭയമില്ലാതെ ആസ്വദിക്കുന്നവളാണ്. ആദ്യത്തെ സ്ത്രീ അടുപ്പുകല്ലിനരികിലും എച്ചിൽപ്പാത്രങ്ങൾക്കിടയിലും ജീവിതം തള്ളിനീക്കുമ്പോൾ രണ്ടാമത്തവൾ പ്രകൃതിയുമായി രമ്യതപ്പെട്ട് ഉർവരതയുടെ പ്രതീകമായി മാറുന്നു.

"അവളുടെ നഗ്നഗാത്രത്തിൽ
പന്നൽച്ചെടിത്തുമ്പുകളും

നീർപ്പൂക്കളുടെ ഇതളുകളും
പുഴയുടെ ഗന്ധവും...
അവളുടെ ഉടലിൽ നിന്നിറ്റു
വീഴുന്ന ജലബിന്ദുക്കൾ
സ്ഫടികമുത്തുകളായുതിരുകയായ്
അവളുടെ പാറുന്ന മുടിത്തുമ്പു
തൊട്ടമാത്രയിൽ
മഞ്ഞമുളങ്കാടുകൾ
ദലമർമ്മരം പൊഴിയ്ക്കയായ്"[54]

കവിതയിൽ പ്രകൃതിയുമായി തന്മയീഭവിക്കുന്ന ഈ സ്ത്രൈണസത്തയെ 'വിദ്യുല്ലത' എന്നാണ് വിശേഷിപ്പിക്കുന്നത്. അവൾ നൂറ്റാണ്ടുകളിലൂടെ മണ്ണിനെ ഉർവരതയിലേക്ക് നയിക്കുന്ന ശക്തിയുടെ പ്രതീകമാണ്. അവളുടെ മണ്ണിലുള്ള ലയനത്തിലൂടെയാണ് കവിത സ്ത്രീയെയും പ്രകൃതിയെയും ഉർവരതയുടെ നിറവായി ദർശിക്കുന്ന പുരാതന പ്രകൃതി-സ്ത്രീ സങ്കല്പത്തിനോട് ഐക്യപ്പെടുന്നത്. പ്രകൃതിയെ സ്ത്രീയായി അവതരിപ്പിക്കുന്നു എന്നതിനപ്പുറം ഈ കവിത സാമൂഹിക മായ പരിവർത്തനത്തിനൊന്നും മുതിരുന്നില്ല. 'പറിച്ചു നട്ട ചെടി' എന്ന കവിതയിലും റോസ്മേരി സ്ത്രീയെ പ്രകൃതിയുമായി ബന്ധിപ്പിക്കുന്നുണ്ട്. പിറന്ന നാടും വീട്ടുകാരെയും വിട്ട് ഭർത്തൃഗൃഹത്തിൽ പുതിയ ജീവിതത്തിന് തുടക്കമിടുന്ന നവവധുവിന്റെ അന്തഃസംഘർഷങ്ങളിലൂടെയാണ് കവിത നമ്മെ കൊണ്ടുപോകുന്നത്. നവവധു ഭർതൃഗൃഹത്തിലേയ്ക്ക് തന്നോടൊപ്പം കൊണ്ടുവന്ന 'ശതാവരിചെടി.' അവൾക്ക് നാടിന്റെ ഓർമകൾ നൽകുന്നു. പുതിയ ഗൃഹത്തിലെ പുതിയ അനുഭവങ്ങൾക്കും വേദനകൾക്കും നടുവിൽ അവൾ ആശ്വാസം കണ്ടെത്തുന്നത് ശതാവരിചെടിക്ക് അരികെനിന്ന് തന്റേതായ ഇടങ്ങളെ അനുഭവങ്ങളെ ഓർത്തെടുത്തിട്ടാണ്. കെണിയിലകപ്പെട്ട വേട്ടമൃഗവുമായിട്ടാണ് നവവധുവിന്റെ ജീവിതസാഹചര്യത്തെ കവയിത്രി താരതമ്യപ്പെടുത്തുന്നത്.

"വധു, നേർത്തൊരു
വനശാഖിയായിരുന്നു
പുതിയ മണ്ണിന്റെ ഊഷരതയിലേയ്ക്കു

വേരോടിക്കാനാവാതെ
വിളർത്തുതുടങ്ങിയ
പേലവമായൊരു വനലത!
അപരിചിതമായൊരാകാശവും
അരോചകമായ ഉടൽമണങ്ങളും
ദയാരഹിതമായ രാവുകളും
അവളെ ചകിതയാക്കി
കെണിയിലകപ്പെട്ട വേട്ടമൃഗത്തിന്റെ
പകച്ചു തളർന്ന മിഴികളോടെ
ചില്ലു ജാലകത്തിനുള്ളിൽപ്പെട്ട
പക്ഷിയുടെ കാന്തഹൃദയത്തോടെ
അവളാ, അടഞ്ഞവാതിലുകൾക്കുള്ളിൽ
ഹതാശയായ് ചുറ്റിത്തിരിഞ്ഞു."[55]

സ്വതന്ത്ര്യം നഷ്ടപ്പെട്ട ഒരു സ്ത്രീയുടെ വിഹ്വലതകളെയാണ് നവവധുവിന്റെ മനോഗതങ്ങളിലൂടെ കവയിത്രി അവതരിപ്പിക്കുന്നത്. അതോടൊപ്പം സ്ത്രീയുടെ ലോകത്തെ പുരുഷാധിപത്യസമൂഹം നിർണയിക്കുന്ന സാമൂഹ്യസംവിധാനത്തെ വിമർശനാത്മകമായി സമീപിക്കുന്നു. തന്റെ ജന്മഗൃഹത്തിൽനിന്നുള്ള വേർപെടൽ സ്ത്രീയെ തികച്ചും സുരക്ഷിതമല്ലാത്ത ജീവിതസാഹചര്യങ്ങളിലേയ്ക്കാണ് പലപ്പോഴും എത്തിക്കുന്നത്. ശാരീരികമായും മാനസികമായും സ്ത്രീക്ക് അവിടെ ഒട്ടെറെ അതിക്രമങ്ങളെ സഹിക്കേണ്ടിവരുന്നു. സ്ത്രീധനത്തെ സംബന്ധിച്ചിട്ടുള്ള പീഡനങ്ങൾ നമുക്ക് അന്യമല്ല. അതോടൊപ്പം ഭർതൃഗൃഹത്തിലെ ഇതര പുരുഷന്മാരിൽനിന്നും സ്ത്രീക്ക് ശാരീരികമായ അതിക്രമങ്ങളെ നേരിടേണ്ടിവരുന്ന സാഹചര്യവും വിരളമല്ല. ഇത്തരത്തിൽ അപരിചിതവും അരക്ഷിതപൂർണവുമായ ജീവിതസാഹചര്യങ്ങളിലേയ്ക്ക് തള്ളിനീക്കപ്പെടുന്ന സ്ത്രീജീവിതങ്ങളുടെ നിസ്സഹായാവസ്ഥയെയാണ് കവിതയുടെ ആദ്യഭാഗം പങ്കുവെക്കുന്നത്. രണ്ടാമത്തെ പകുതി തന്റെ ശതാവരിചെടികളെ തന്നിൽനിന്ന് പൂർണമായി അകറ്റുന്ന ശ്വശ്രുവിനോടുള്ള പ്രതിരോധത്തിലാണ് ചെന്ന് നിൽക്കുന്നത്. തന്റെയുള്ളിൽ പ്രതിഷേധത്തിന്റെ

പ്രതീകമായി ഒരു ശതാവരിചെടി ആർക്കും പറിച്ചെറിയാനാകാത്തവിധം വേരുകളാഴ്ത്തി വളരുന്നുണ്ടെന്ന തിരിച്ചറിവാണ് നവവധുവിന്റെ മുന്നോട്ടുള്ള ജീവിതത്തിൽ കരുത്ത് നൽകുന്നത്. ശതാവരിചെടി ഇവിടെ കരുത്തുറ്റ പെൺമനസ്സിന്റെ പ്രതീകമാണ്, സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ്.

കവിതയ്ക്കകത്ത് സ്ത്രൈണപക്ഷത്ത് നിന്നുള്ള കരുത്താർജ്ജിച്ച ഈ ചുവട് മാറ്റം പ്രത്യാശ നൽകുന്നതാണ്. വെർജീനിയ വുൾഫിന്റെ 'സ്വന്തമായ ഒരു മുറി' എന്ന ആശയത്തോട് ചിന്താപരമായി ഐക്യപ്പെടുന്ന കവിതയാണ് 'ചിതറിയ ചിലവരികളെക്കുറിച്ച്' എന്ന കവിത. തന്റെ തന്നെ വിധേയത്വത്തിന്റെ പിന്നിലാണ് ഓരോ സ്ത്രീയും ജീവിതകാലയളവ് പിന്നിടുന്നത് എന്ന സത്യത്തെ ഈ കവിത അനാവരണം ചെയ്യുന്നു. സ്ത്രീക്ക് നഷ്ടപ്പെടുന്ന ആഗ്രഹങ്ങളെയും സ്വന്തമായ നിമിഷങ്ങളെയുമാണ് കവയിത്രി തന്നിലൂടെ തുറന്നെഴുതുന്നത്. കവയിത്രിക്ക് പാടാനുള്ളത് ചിതറിപ്പോയ തന്റെ സ്വപ്നങ്ങളെക്കുറിച്ചാണ്. പക്ഷെ കരയുന്ന കുഞ്ഞും, അടുക്കളയും, ഗൃഹനാഥനും കവയിത്രിയെ സർഗ്ഗാത്മകതലത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ അനുവദിക്കുന്നില്ല. ഈ ഗതിരോധത്തെ വെർജീനിയവുൾഫ് 'സ്വന്തമായ ഒരു മുറി'എന്ന കൃതിയിൽ മധ്യവർഗ്ഗ എഴുത്തുകാരികളെ മുൻനിർത്തി വിശദീകരിക്കുന്നുണ്ട്. ഓരോ സ്ത്രീയും തന്റെ ജീവിത കാലയളവിൽ സമരസപ്പെടേണ്ട ജീവിതമുഹൂർത്തങ്ങളെ ആവിഷ്കരിച്ചുകൊണ്ടാണ് റോസ്മേരി സ്ത്രീക്ക് സ്വന്തമായ ഒരു ഇടം നഷ്ടപ്പെടുന്നുണ്ട് എന്ന ആശയം മുന്നോട്ട് വെക്കുന്നത്. കവയിത്രിയ്ക്ക് തന്റെ ജീവിത പരിസരത്തിൽ നിന്നു കൊണ്ട് കഥപറയണമെന്നും, പാടണമെന്നും ആഗ്രഹമുണ്ട്. പക്ഷെ അവൾക്ക്മേൽ ചുമത്തപ്പെടുന്ന ധാർമ്മിക ഉത്തരവാദിത്വങ്ങൾ അവളെ ആശയപരമായ സ്വയം പ്രകാശനത്തിൽ നിന്ന് തടയുന്നു.

"പക്ഷേ,
പാടാനായുമ്പോഴാണ്
അടുപ്പിൽ പാലങ്ങനെ പതയുന്നത്
ദിനസരികളുടെ താളംതെറ്റിയ
ഗൃഹനാഥൻ കലമ്പുന്നത്.
പിന്നെ പാതിയൊതുക്കി

ശ്രുതിചേർത്തുതുടങ്ങുമ്പോളാ, പാട്ടൊക്കെ
പലവഴിയായി പാറിപ്പോയ്.!"[56]

ഈ ആത്മഭാവവും നിരാശയും അനുഭവിക്കാത്ത സ്ത്രീകൾ കുറവായിരിക്കും. അരികുവത്ക്കരിക്കപ്പെടുന്ന സ്ത്രീസമൂഹത്തോട് ഐക്യപ്പെടുന്ന ഈ മനസ്സാണ് റോസ്മേരി കവിതയെ ജനകീയമാക്കുന്നത്.

യഥാർത്ഥത്തിൽ മൂല്യരഹിതമായി തുടരേണ്ടിവരുന്ന ഗാർഹികവ്യത്തികൾ സ്ത്രീസമൂഹത്തിന്റെ ഗതിവേഗങ്ങളെ നിയന്ത്രിക്കുന്ന സാഹചര്യങ്ങളെയാണ് റോസ്മേരി വിഷാദഭാവത്തിൽ തന്റെ കവിതയിലുടനീളം പങ്കുവെക്കുന്നത്. റോസ്മേരി കവിതകളിലെ വിഷാദാത്മകതയും പ്രണയവും സ്ത്രീസമൂഹത്തിൽ അസ്ഥിരമായി തുടരുന്ന സ്വതന്ത്രചിന്തകളുടെ മറുപുറമായി വായിക്കാവുന്നതാണ്. 'ഒരു ശരത്കാല സ്മൃതിഗീതം' എന്ന കവിതയിൽ കവയിത്രി തനിക്ക് നഷ്ടപ്പെട്ട ശാന്തതയുടെ ദിനങ്ങളെ ഓർത്തെടുക്കാൻ ശ്രമിക്കുന്നുണ്ട്. 'വളരെ ചെറിയ ചില മോഹങ്ങൾ' എന്ന കവിതയിൽ വിധേയപ്പെട്ട ഒരു സ്ത്രൈണഉടലിന്റെ വിഹ്വലതകൾ പ്രകടമാണ്. 'സ്വേച്ഛാധിപതിയായ യജമാനൻ' എന്നാണ് ഈ കവിതയിൽ കവയിത്രി സ്ത്രീയുടെ അധികാരിയായി സ്വയം സങ്കൽപ്പിക്കുന്ന പുരുഷനെ സംബോധന ചെയ്യുന്നത്. ഉടലിന്റെ സ്വാതന്ത്ര്യം സ്തീക്കും അവകാശപ്പെട്ട ഈ ലോകത്തിൽ ഗാർഹികപരമായി സ്ത്രീസമൂഹത്തെ കീഴ്പ്പെടുത്തുന്ന ഭൗതികസാഹചര്യങ്ങളെ കവയിത്രി ഈ കവിതയിൽ വിമർശനാത്മകമായി അവതരിപ്പിക്കുന്നു. തന്റെ ഉടലിന്റെ സ്വാതന്ത്ര്യത്തെ വസ്ത്രത്തിൽ ഒളിപ്പിച്ചുവെക്കുന്ന യാഥാസ്ഥിതിക കുടുംബിനിയായിട്ടാണ് കവിതയിലെ വധു പ്രത്യക്ഷപ്പെടുന്നത്.

"സ്വേച്ഛാധിപതിയായ എന്റെ യജമാനനേ,
ഇതാ ഞാൻ;
സകലഭ്രാന്തുകളും
തന്റെ പരുത്തിവസ്ത്രത്തിലൊളിപ്പിച്ച്
നമ്രശിരസ്ക്കയായ് നിൽക്കുന്നവൾ;
നിനക്കായ് വിധിക്കപ്പെട്ടവൾ;
നിന്റെ സ്ത്രീ !"[57]

ഒരു സ്ത്രീ തന്റേതായ ഇടത്തിലൂടെ ആഗ്രഹങ്ങളിലൂടെ സ്വയം കണ്ടെടുക്കുന്ന സാമൂഹികസാഹചര്യത്തെ അനാരോഗ്യപരമായി വീക്ഷിക്കുന്ന ലോകമാണ് ചുറ്റിലു മുള്ളതെന്ന് ഈ കവിത പറഞ്ഞുവെക്കുന്നു. ലിംഗകേന്ദ്രിതപ്രത്യയശാസ്ത്രവും അധികാരവും സ്ത്രീയിലേക്ക് കടന്നുവരുന്നത് കുടുംബത്തിലൂടെയും മതാധികാര ങ്ങളിലൂടെയുമാണെന്ന് ഈ കവിത തുറന്നെഴുതുന്നു. ഈ അധികാരത്തിന് കീഴിലാണ് സ്ത്രീയുടെ സർഗ്ഗാത്മകമായ അഭിരുചികൾ നിയന്ത്രിക്കപ്പെടുന്നത്. 'ഞാൻ ജബാല' എന്ന കവിതയിൽ സദാ ശോകത്തെ വഹിക്കുന്ന പ്രണയിനിയായിട്ടാണ് കവയിത്രി പ്രത്യക്ഷപ്പെടുന്നത്. 'കവിതയായ് മാറിയ മരം' എന്ന കവിതയിൽ സ്ത്രീയുടെ കനവുകൾക്ക് ഒരു മരത്തിന്റെ രൂപമാണ് നല്കിയിട്ടുള്ളത്. ഈ കനവ് സാമൂഹിക മായി സാക്ഷാത്കരിക്കപ്പെടുന്ന മാധ്യമം കവിതയാണ്. കവയിത്രി തന്റെ കവിതയി ലൂടെ നാഗരിക ജീവിതത്തിൽ പ്രണയത്തിന്റെ, സ്നേഹത്തിന്റെ തണൽ വിരിക്കണ മെന്ന് ആഗ്രഹിക്കുന്നു. പക്ഷെ കവിത വിഷാദാത്മകമാണ്. ആത്മസമർപ്പണത്തിലൂടെ സാധ്യമാകുന്ന പ്രണയത്തിന്റെ, തുല്യതയുടെ ഒരു ലോകത്തെ ഈ കവിത വിഭാവനം ചെയ്യുന്നു.

"എനിക്ക് നിന്നോട്
ചില കാര്യങ്ങൾ വ്യക്തമാക്കണമെന്നുണ്ട്.
എന്നെങ്കിലും നീ
എന്റെയടുത്തു വരുന്നുവെങ്കിൽ
ഒരു രാജാവ്
ദാസിയെക്കാണാൻ വരുന്ന
ഭാവം അരുത്
എനിക്കു നിന്റെ പക്കൽ നിന്നു
കരമൊഴിവായി ഭൂമിയോ,
ചാർത്തിവാങ്ങാൻ നാട്ടുരാജ്യങ്ങളോ
ആവശ്യമില്ല"[58]

പ്രണയത്തിന്റെ സ്വാതന്ത്ര്യത്തിനേക്കാൾ ഈ വരികളിൽ സ്ത്രീസ്വത്വത്തിന്റെ സ്വന്തന്തമായ ഇച്ഛാശക്തി പ്രകടമാണ്. സ്വത്വാവബോധത്തിലധിഷ്ഠിതമായ

പെൺമനസ്സാണ് ഈ വരികളിൽ തെളിയുന്നത്[59]. തന്റെ കവിതകൾ തീവ്രമായ നൊമ്പരത്തിൽ നിന്ന് പിറവിയെടുക്കുന്നതാണെന്ന് കവയിത്രിതന്നെ അഭിപ്രായപ്പെടുന്നുണ്ട്. ഈ അഭിപ്രായത്തെ സ്വീകരിച്ചാൽ പെണ്ണിടങ്ങളിൽ തുടരുന്ന ലിംഗകേന്ദ്രിത നയങ്ങളാണ് റോസ്മേരിയുടെ കവിതകളിൽ പ്രതിരോധസ്ഥാനങ്ങളെ നിർമ്മിച്ചുകൊണ്ട് പ്രണയമായും വിഷാദമായും വന്ന് നിറയുന്നത്.

"എന്റെ കവിത
അതിതീവ്രനൊമ്പരത്തിൽനിന്നു
പിറക്കുന്നതാണ്
ഇടിവെട്ടുമ്പോൾ കൂണുമുളക്കുംപോലെ
ഓരോ ആഘാതത്തിലും
ഓരോ കവിത വിരിയുകയാണ്
മനസ്സിന്റെ മുറിവുകളിൽ നിന്നുകിനിയുന്ന
രുധിരമാണെന്റെ കവിത....."[60]

'ഉയിർത്തെഴുന്നേൽപ്പ്' എന്ന കവിതയിൽ ഈ വിധേയത്വപരിസരങ്ങളിൽ നിന്നുള്ള പലായനം പ്രകടമാണ്. 'കുളി' ഈ കവിതയിൽ സ്ത്രീസമൂഹത്തിന്റെ ഉയിർത്തെഴുന്നേല്പിനെയാണ് സൂചിപ്പിക്കുന്നത്. 'കുളി' ഈ കവിതയിൽ പെണ്ണിടത്തിലേക്കുള്ള ഇറക്കംകൂടിയാണ്. അതുകൊണ്ട് തന്നെ കുളിയെ സ്ത്രീസമൂഹത്തിന്റെ പഴയകാലജീവിതത്തിന്റെ മരണമായിട്ടാണ് കവിതയിൽ ആവിഷ്കരിക്കുന്നത്. കുളിയിലൂടെ ഓരോ സ്ത്രീയും തങ്ങളുടെ അടിമാവസ്ഥയിൽ നിന്ന് പുതിയ സ്വത്വത്തിലേക്ക് ഉയിർത്തെഴുന്നേൽക്കുന്നു.

"ഓരോ കുളിയും
ഓരോ പുതിയ തുടക്കമാണ്
ഓരോ കുളിയും
വിശുദ്ധിയാർന്ന
ഓരോ ജന്മങ്ങളാണ്
കുരിശ്മരണങ്ങൾക്കു
ശേഷമുള്ള
ഉയിർത്തെഴുന്നേല്പ്പുകൾ" [61]

'അനാമിക' എന്ന കവിതയെ ഈ ആശയത്തോട് ചേർത്ത്വായിക്കാവുന്നതാണ്. പുരുഷകേന്ദ്രിതസമൂഹത്തിൽ ഒരു സ്ത്രീക്ക് പിൻതുടരേണ്ട ജീവിതപാഠങ്ങളെ ഈ കവിത നിരാകരിക്കുന്നു. കുലവധുവിന്റെ ശബ്ദമില്ലാത്ത ചിരികളും, മെയ്യും മനസ്സും ഒതുക്കിയ ജീവിതവും ബഹിഷ്കരിച്ചുകൊണ്ടാണ് കവയിത്രി ഈ കവിതയിൽ തന്നിലേക്കിറങ്ങി ഒരു പുതിയലോകത്തെ വാഗ്ദാനം ചെയ്യുന്നത്.

"എനിക്ക്
കുലവധുവിന്റെ
മൃദുമൊഴികൾ മടുത്തു.
ശബ്ദമില്ലാച്ചിരികൾ മടുത്തു
മൃദുപാദപതനങ്ങളും മടുത്തു.
ഇനി
ഞാനൊന്നോടിത്തിമിർക്കട്ടെ"[62]

ഇത്തരത്തിൽ സ്ത്രീവാദത്തിന്റെ സൈദ്ധാന്തിക പരിസരത്തെ സ്ത്രീസമൂഹത്തിന്റെ പതിവിടങ്ങളെ തുറന്നെഴുതിക്കൊണ്ട് റോസ്മേരി തന്റെ കവിതയിൽ സാധ്യമാക്കുന്നുണ്ട്. എങ്കിലും പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പരിപ്രേക്ഷ്യത്തിലേയ്ക്ക് റോസ്മേരിയുടെ കവിത വളരുന്നില്ല. സ്ത്രീമനസ്സിന്റെ നിമ്നോന്നതങ്ങളെ ഭാവതീവ്രമായി എഴുതികൊണ്ട് സ്ത്രൈണതയെ ഒരു ശക്തിവിശേഷമായി രൂപപ്പെടുത്തിയെടുക്കാനാണ് തന്റെ കവിതകളിലെ പ്രകൃതി, സ്ത്രീപ്രതിനിധാനങ്ങളിലൂടെ റോസ്മേരി ശ്രമിക്കുന്നത്. മഴ, മഞ്ഞ്, കാറ്റ്, പൂക്കൾ, പുഴകൾ, ചെടി തുടങ്ങിയ പ്രകൃതി ഘടകങ്ങൾ ഈശ്രമത്തിന്റെ ഭാഗമായി കടന്നുവരുന്നു എന്ന് മാത്രം. ഈ ഘടകങ്ങളെ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പരിപ്രേക്ഷ്യത്തിൽ വിലയിരുത്താൻ കഴിയുകയില്ല. അതുകൊണ്ട് തന്നെ ആദ്യമധ്യാന്തം ഈ കവിതകൾ സ്ത്രീപക്ഷത്തോട് ചായ്വ് പുലർത്തി നിലനിൽക്കുന്നു എന്നു മാത്രമെ പറയാൻ കഴിയൂ.

6.3 പാരിസ്ഥിതിക സ്ത്രീവാദം - വി.എം.ഗിരിജ

സ്ത്രൈണസ്വത്വത്തിന്റെ പ്രകൃതിയുമായുള്ള വിലയനമാണ് വി.എം.ഗിരിജയുടെ കവിതകളുടെ പ്രത്യേകത. ഉടലുകൾക്കപ്പുറത്ത് ഈ കവിതകൾ എഴുതിയെടുക്കുന്നത്

സർവചരാചരങ്ങളിലും നിറഞ്ഞ് നിൽക്കുന്ന സ്ത്രൈണതയുടെ വ്യത്യസ്ത തലങ്ങളെയാണ്. ഈ കാവ്യ പരിസരത്ത് പുരുഷൻ അധികാരരൂപമായല്ല കടന്ന് വരുന്നത്. സ്ത്രീ വിധേയ സ്വത്വത്തെയല്ല പിൻതുടരുന്നത്. സ്ത്രീയും പുരുഷനും കാറ്റായും കിളിയായും പൂവായും വിത്തായും മീനായും ഉടലുകൾക്കപ്പുറത്ത് പ്രകൃതിയുമായി സമരസപ്പെടുന്ന ഒരു സ്വതന്ത്ര ഇടത്തെയാണ് വി.എം.ഗിരിജയുടെ കവിതകൾ സങ്കല്പിക്കുന്നത്.

"അവനൊത്ത് കാടിന്നുള്ളിലലഞ്ഞു,
പച്ചതൻ ഭാഷയവന് ഞാൻ പകർന്നേകി.....
വെയിലിനെ നിലാവാക്കും ഇലക്കൂടാരത്തിനുള്ളിൽ
അവന്നു ഞാൻ പക്ഷിഭാഷ പഠിപ്പിച്ചു
ഉറുമ്പിന്റെ കുറുമൊഴി, മുളയുടെ വെയിൽപ്പേച്ച്
എലച്ചില്ലിൽ കൂടുകൂട്ടും കിളിയുടെ പ്രണയത്തിൽ
ചിറകുകൾ കടം വാങ്ങി കൊടുങ്കാട്ടിലലഞ്ഞു നാം
മഴയത്തു കുണിൻ കീഴിൽ തവളയായ്പതുങ്ങിയും
വെയിലത്ത് മീനായ് വറ്റും ചെറുക്കാട്ടിൽ മുങ്ങിത്താണും
വസന്തത്തിൽ ചെറുപുല്ലിൻ പൂങ്കിരീടം പിടിപ്പിച്ചും
പലതായി പല ജന്മം പകുത്തു നാം"[63]

ജൈവിക സമത്വത്തിലൂന്നിയ ഈ വീക്ഷണമാണ് വി.എം. ഗിരിജയുടെ കവിതകളുടെ അടിസ്ഥാനം. ഈ സങ്കല്പത്തോട് വൈരുദ്ധ്യത്തോടെ ഇടകലർന്നാണ് സ്ത്രീയുടെയും പുരുഷന്റെയും യഥാർത്ഥ ലോകം കവിതയിൽ കടന്ന് വരുന്നത്. പ്രകൃതിയുടെ ഉടലായും തിരിച്ചും ജൈവസന്തുലിതമായ ഒരു സുന്ദര സങ്കല്പത്തെ ഈ കവിതകൾ മുന്നോട്ട് വെക്കുന്നുണ്ട്.

6.3.1 ഉടലും സ്ത്രൈണ പ്രതിനിധാനവും

സ്ത്രൈണത വി.എം.ഗിരിജയുടെ കവിതയിൽ സർവചരാചരങ്ങളിലും കനിവായി സഹജാവബോധമായി നിറയുന്ന ആത്മഭാവമാണ്. സ്ത്രൈണതയുടെ അഭാവം ഊഷരമായ ഒരു കാലത്തിനെ കൂടി കവിതയിൽ പ്രതിനിധീകരിക്കുന്നുണ്ട്. കാറ്റായും കടലായും മീനായും സ്ത്രൈണമായ ശേഷിപ്പുകളുടെ ഭാവപകർച്ചകൾ

കവിതയ്ക്കകത്ത് പ്രകൃതി സ്ത്രൈണപക്ഷത്ത് നിന്നു കൊണ്ടുള്ള രാഷ്ട്രീയത്തെ ഉടലിന്റെ പ്രതിനിധാനങ്ങളിലൂടെ അടയാളപ്പെടുത്തുന്നുണ്ട്. 'ജീവജലം' എന്ന കവിത തന്നെ ഇതിന് ദൃഷ്ടാന്തമാണ്. കോടാനുകോടി ജീവസമൂഹത്തിന് ഉയിരുനൽകുന്ന ജലമായിട്ട് മാത്രമല്ല കവിതയിൽ 'ജീവജലം' എന്ന പദം പ്രയോഗിക്കുന്നത്. അനേകങ്ങളെ ലോകത്തിന് നൽകുന്ന സ്ത്രീയെയും ജീവജലം എന്ന പദം ഉൾക്കൊള്ളുന്നുണ്ട്. ജലത്തിന്റെ സാന്നിധ്യമാണ് ജീവസമൂഹത്തെ നിലനിർത്തുന്നത്. സ്ത്രീയും തന്റേതായ പങ്ക് ജീവസമൂഹത്തിന് വേണ്ടി നൽകുന്നുണ്ട്. ജലത്തെപ്പോലെ പലയിടങ്ങളിൽ സ്വയം നിറയാനും പുരുഷനെക്കാൾ സ്ത്രീക്കാണ് എളുപ്പം കഴിയുക. 'ജീവജലം' എന്ന കവിതയ്ക്കകത്തെ പളുങ്കിൻ കോപ്പകൾ, വീഞ്ഞുചാറകൾ മൺകുടങ്ങൾ എന്നിവയെല്ലാം ഒരു സ്ത്രീ ജലസാന്നിധ്യം കൊണ്ട് നിറയ്ക്കേണ്ട ഇടങ്ങളെ കൂടി ഓർമ്മപ്പെടുത്തുന്നുണ്ട്. വാത്സല്യമായും പ്രണയമായും കാമമായും സ്വന്തം ജീവിതപഥത്തിൽ വ്യത്യസ്ത തലങ്ങളിൽ നിലനിന്നുകൊണ്ട് ജീവിതത്തെ നിലനിർത്തുന്നതുകൊണ്ടാണ് കവയിത്രി സ്ത്രീയെ ജലത്തോട് താദാത്മ്യപ്പെടുത്തുന്നത്.

"ഒഴുകുന്നു നിന്റെ രൂപം
മനസ്സിൻ വെൺതിരക്കകം
കനകക്കതിർ പോൽ ചിന്നും
മുടി, നെറ്റിയിൽ വേർപ്പുനീർ,
തഴമ്പുള്ള പരുക്കൻ കൈ,
വിണ്ട് കീറിയകാൽപ്പടം.....
നിന്റെ കാൽക്കീഴിലീയബ്ധി
കണ്ണാടിപ്പാതയായിടും"[64]

കവിതയുടെ അവസാനത്തിൽ കണ്ണീരിനാൽ ക്ലാവ് പിടിച്ച ഒരോട്ടുപാത്രമായി, ഭൂമിയായി ഈ സ്ത്രീ പരിണമിക്കുന്നുണ്ട്. പ്രകൃതിയുടെ ഉടലായി സ്ത്രീയെ നിലനിർത്തുന്ന ഈ സമീപനത്തിലൂടെയാണ് വി.എം. ഗിരിജയുടെ കവിത പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പരിപ്രേക്ഷ്യത്തിലേയ്ക്ക് പ്രവേശിക്കുന്നത്. നിലാവ് കൊണ്ട് മോഹിപ്പിക്കുന്നവളായും കണ്ണീരിനാൽ കഴുകിയുണക്കിയ ഓരോട്ടുപാത്രമായും

പ്രകൃതിയെ സങ്കല്പിക്കുന്നതിലൂടെ സ്ത്രീ ജീവിതത്തെ കൂടി യാഥാർത്ഥ്യബോധത്തോടെ കവിത പ്രതിഫലിപ്പിക്കുന്നു.

"നിലാവുനുരയും പച്ച-
ക്കുമ്പിളാണീവസുന്ധര
അതോ കണ്ണീരിനാൽ ക്ലാവു
പിടിച്ചോരോട്ടു പാത്രമോ ?"[65]

ജലത്തിന്റെ പ്രത്യേകത ജലം വന്നുപെടുന്ന ഇടങ്ങളിൽ അവയുടെ രൂപങ്ങളിൽ സ്വയം നിറയുക എന്നുള്ളതാണ്. സർവ്വചരാചരങ്ങളിലും ഈ സാന്നിദ്ധ്യമുണ്ട്. സ്ത്രൈണതയും സൃഷ്ടിയിലൂടെയും സ്ഥിതിയിലൂടെയും സർവചരാചരങ്ങളുമായും ബന്ധപ്പെട്ടാണ് നിലനില്ക്കുന്നത്. ഈ നൈരന്തര്യമാണ് ജലത്തെയും സ്ത്രീയെയും ഒരേ ഉടലായി ഉൾക്കൊള്ളാൻ കവയിത്രിയെ പ്രേരിപ്പിക്കുന്നത്. 'മരമായിരുന്നു' എന്ന കവിതയിൽ മരമായിട്ടാണ് സ്ത്രീയെ സ്ഥാനപ്പെടുത്തുന്നത്. മരത്തിന്റെ ഉടൽ സ്വീകരിക്കുക വഴി സ്ത്രീ ജീവിതത്തിലെ ഗതിരോധത്തിനെയാണ് കവിത സൂചിപ്പിക്കുന്നത്. പെൺസമൂഹത്തിന് നഷ്ടപ്പെടുന്ന ജീവിതാനുഭവങ്ങളാണ് കവയിത്രിയെ ഒരു മരമായി സ്വയം നോക്കിക്കാണാൻ പ്രേരിപ്പിക്കുന്നത്. പെണ്ണിന്റെ ഇടം കുടുംബം മാത്രമായി ചുരുങ്ങുമ്പോൾ പൊതുസമൂഹത്തിനകത്തെ ആണിടങ്ങളായ ഉത്സവപ്പറമ്പുകളും ആർപ്പുവിളികളും രാത്രി സഞ്ചാരങ്ങളും അവൾക്ക് നഷ്ടപ്പെടുന്നു. അച്ഛന്റെ തോളിലിരുന്ന് സഹോദരനെപ്പോലെ പുഴ കാണാൻ കഴിഞ്ഞിരുന്നില്ല എന്ന് എഴുതുന്നതിലൂടെ കുട്ടികാലം മുതൽ സ്ത്രീക്ക് മുന്നിൽ അവസരം നഷ്ടപ്പെടുന്നതിന്റെ സൂചന കൂടി കവിത നൽകുന്നു. സ്വന്തം അനുഭവങ്ങളുടെ ഈ ഇല്ലായ്മയിൽ നിന്ന് പാരിസ്ഥിതികമായ വ്യഥകളിലേയ്ക്കും കവിത കടക്കുന്നുണ്ട്. ഈ ഘട്ടത്തിൽ മുറിച്ച് മാറ്റപ്പെടുന്ന മരങ്ങളുടെ പ്രതിനിധിയായിട്ടാണ് സ്ത്രീയുടെ ഉടൽ കടന്ന് വരുന്നത്. സ്വയം അപഹരിക്കപ്പെടുമ്പോഴും പ്രതിഷേധിക്കാൻ കഴിയാത്ത നിശ്ചലാവസ്ഥയാണ് ഈ സ്ത്രീ പ്രകൃതി സമീകരണത്തിലൂടെ ദൃഢപ്പെടുത്തുന്നത്. മരത്തിന്റെയും സ്ത്രീയുടെയും ഉടൽ ഒന്നാകുന്നതോടെ കവിത പ്രശ്നവത്കരിക്കുന്ന സാമൂഹിക സാഹചര്യം ലിംഗകേന്ദ്രിതമായി നിർണ്ണയിക്കപ്പെടുന്നു. 'മരമായിരുന്നു' എന്ന പ്രയോഗം ഭൂതകാലത്തിലേയ്ക്കാണ് ചെന്നു മുട്ടുന്നത്.

ഈ അസ്ഥിരത സ്ത്രീയുടെയും പ്രകൃതിയുടെയും നിലനില്പിനെ വിമർശനാത്മക മായി നോക്കിക്കാണാൻ പ്രേരിപ്പിക്കുന്നു. സ്വയം പകുത്ത് വെക്കാൻ ഒരിടം നഷ്ടപ്പെ ടുന്ന അരിക്വത്കരിക്കപ്പെടുന്ന ജീവസമൂഹത്തിന്റെ ലോകത്തിലേയ്ക്കാണ് കവിത ഇതുവഴി വിരൽ ചൂണ്ടുന്നത്.

"അവനോ, മീനോ ചെറുകിളിയോ കാറ്റോ
മാറാൻ കഴിവീലെന്നാലും ഞാൻ മരമായിരുന്നില്ലേ ?
മരമാകാനും മണ്ണുവേണമെന്നറിയുമ്പോൾ
ഇലയും പൂവും വേരും ചീയുന്ന നാറ്റം മാത്രം".[66]

സ്ത്രീയുടെ ജീവിതത്തെ വീട്, തൊഴിലിടം എന്നിങ്ങനെ വ്യത്യസ്ത അധികാരങ്ങൾക്ക് കീഴിൽ കീഴായ്മയിൽ നിലനിർത്തുന്നതുകൊണ്ടാണ് ഈ സ്ഥാനഭ്രംശത്തെ സ്ത്രീസമൂഹത്തിന് അഭിമുഖീകരിക്കേണ്ടി വരുന്നത്. വീടിനകത്ത് നിലനില്ക്കുന്ന ലിംഗകേന്ദ്രിത അധികാരത്തെ പുനർനിർണയിച്ചുകൊണ്ടാണ് വി.എം. ഗിരിജയുടെ 'കൽവീട്' എന്ന കവിത നിലനില്ക്കുന്നത്. തന്റെ മുന്നിലുള്ള വീടിനെ കാതില്ലാത്ത ഒരു സുന്ദരശില്പമായി ആവിഷ്കരിച്ചുകൊണ്ടാണ് പ്രകൃതി യോടിണങ്ങി നിൽക്കുന്ന ജീവിതത്തെ ഉൾക്കൊണ്ട് ഒരു പുതിയ വീടിനെ കവയിത്രി സങ്കല്പിക്കുന്നത്.

"നിന്റെ വീട്
കല്ലിൽപ്പണിതു മിനുക്കിയ ശില്പം
എന്റേത്
നിലാവുമിരുട്ടും ചേർത്തു കുഴച്ചൊരു മൺകുടിൽ
ഓരോ മഴയിലുമലിയുന്നു ഞാൻ"[67]

സ്ത്രൈണമായ അനുഭവമായിട്ടാണ് പുതിയ വീട് നിലനില്ക്കുന്നത്. തന്റെ മുന്നിലുള്ള വീടിന്റെ വാതിലുകൾ കൊട്ടിയടക്കപ്പെട്ടതാണെന്നും തന്റേത് സുതാര്യവും പ്രകൃതിയുമായി ചേർത്തിണങ്ങുന്നതുമാണെന്ന് കവയിത്രി ഇടയ്ക്കിടെ ഓർമ്മപ്പെടു ത്തുന്നു. കാഴ്ചയും കേൾവിയും ഇല്ലെന്ന് കവയിത്രി ചൂണ്ടികാണിക്കുന്ന കൽവീടിന് മുന്നിലാണ് തന്റെ പുതിയ വീടിന്റെ അനുഭവത്തിലൂടെ കവയിത്രി സ്വയം പ്രകൃതി

യായി മാറുന്നത്. 'കൽവീട്' കവിതയിൽ പിതൃകേന്ദ്രിതാധികാരത്തിനെയാണ് സൂചിപ്പിക്കുന്നത്. പുതിയ വീട് സ്ത്രൈണമായ ഉൾക്കാഴ്ചകളെ ഉൾക്കൊള്ളുന്ന പ്രകൃതിയനുഭവത്തെയാണ് പ്രതിനിധീകരിക്കുന്നത്. പുരുഷ സമൂഹത്തിന് ഉൾക്കൊള്ളാൻ കഴിയാത്ത സൃഷ്ടിയുമായി ബന്ധപ്പെട്ട ഒരു പെൺമനസ്സിന്റെ അനുഭൂതിതലങ്ങളെയാണ് ഈ കവിതയിൽ ആവിഷ്കരിക്കുന്നത്. മണ്ണിന്റെ പുതുഗന്ധവും മഴയിലലിയുന്ന പെൺമനസ്സും ശരീരവും കവിതയിൽ ഉർവരതയിൽ നിന്നുകൊണ്ടുള്ള സ്ത്രൈണാനുഭവമായിട്ടാണ് കടന്ന് വരുന്നത്. തനിക്ക് ചുറ്റും ആൺകോയ്മ തീർക്കുന്ന പ്രതിബന്ധങ്ങളെ തരണം ചെയ്ത് കൊണ്ട് പ്രകൃതിയിൽ അലിഞ്ഞ് ചേരുന്ന പെൺമനസ്സാണ് കവിതയിൽ ചെടിയായി, ഒരു പുതു ജീവനായി ഉണർന്നെണീക്കുന്നത്.

"നീയറിവിലാമഴ,
മഴ മുരളുന്നത്
പീലി വിടർത്തിക്കാടിന്നൊപ്പം
കാവടിയാടുന്നത്
മുരളീരവമായൊഴുകുന്നത്
മണ്ണിലുരുണ്ടു കളിക്കുന്നത്
പുതുഗന്ധം വർണം
വാരിവിതയ്ക്കുന്നത്,
വാതിലുകൾക്കെന്തു മുറുക്കം
ഞാനോ മണ്ണിലൊലിക്കുന്നു
വെയിലൂറുമ്പോൾ തങ്കത്തളിരായ്
ചെടിയിലുയിർക്കുന്നു."[68]

ഈ വരികളിലൂടെ സ്ത്രീ ശരീരമാണ് പ്രകൃതിയിലലിയുന്ന പുതിയ വീട് എന്ന അനുഭവമായി രൂപാന്തരപ്പെടുന്നത്. 'ലോകംപോലെ' എന്ന കവിതയിലെത്തുമ്പോൾ ഈ പെണ്ണനുഭവത്തിന് സാർവലൗകികമായ ഒരു തലം നല്കുന്നുണ്ട്. പെണ്ണിന്റെ ഉടൽ ഈ കവിതയിൽ മാറിവരുന്ന ഋതുക്കളെയും മഹാസമുദ്രങ്ങളെയും വൻകരകളെയും ദ്വീപുകളെയും ഉൾക്കൊള്ളുന്ന വിശാലമായ ഭൂമിയാണ്. അനേകം ഭാഷയും സംസ്കാ

രങ്ങളുമായി തന്റെയുള്ളിൽ വൈവിദ്ധ്യങ്ങളുടെ ഈ ലോകം നിറയുന്നതായി ഈ കവിതയിൽ ഭൂമി സ്ത്രൈണഭാവത്തിൽ പ്രതിവചിക്കുന്നു.

"വിചിത്രമാം ഭാഷകളിൽ
മറുകുറിയാരുമയക്കാത്ത
ഭിന്നദ്വീപങ്ങളായ് എന്നുള്ളിൽ
എത്രയോ വൻകരകൾ ആളുകൾ"[69]

നൂറ്റാണ്ടുകളായി പലകാലങ്ങളിൽ ഭാഷയിൽ ചിതറി നിന്നുകൊണ്ട് പെൺ സമൂഹം കടന്നു പോയ ജീവിതകാമനകളുടെ, സംസ്കാരങ്ങളുടെ വൈവിധ്യമാണ് പ്രകൃതിയുടെ ഉടലായി സ്ത്രീയെ ഈ കവിതയിൽ നിലനിർത്തുന്നത്. തന്നിലൂടെ കടന്ന് പോകുന്ന തലമുറകളെ പ്രകൃതിയും സ്ത്രീയും തങ്ങളിൽ നിന്ന് അന്യവത്ക്കരിക്കപ്പെടുന്ന ജീവസത്തയായിട്ടാണ് വിലയിരുത്തുന്നത്. അവർക്കിടയിലെ നാനാസ്വഭാവവും, രാഗവിദ്വേഷങ്ങളും, വന്യകാമനകളും അവരെ ഭിന്ന ദ്വീപസമൂഹങ്ങളായി, പല വൻകരകളായി സ്ഥാനപ്പെടുത്തുന്നു. ഈയർത്ഥത്തിലാണ് പെണ്ണും പ്രകൃതിയും ഈ കവിതയിൽ ഒരേ ഉടലായി വിഷയീഭവിക്കുന്നത്. പെണ്ണുടലിന് കേന്ദ്രസ്ഥാനം നൽകികൊണ്ട് കവയിത്രി ആൺകേന്ദ്രിത സമൂഹത്തിനകത്ത് അരികുവത്ക്കരിക്കപ്പെടുന്ന സ്ത്രീജനത്തിന് അർഹിക്കുന്ന സ്ഥാനത്തെ നൽകുന്നു. സ്ത്രൈണതയ്ക്ക് അന്യമായൊന്നും ഈ ഭൂമിയിൽ ശേഷിക്കുന്നില്ലെന്ന് കൂടി കവയിത്രി അടിവരയിടുന്നു. 'ദാഹജലം തിരയുന്ന പുഴ' എന്ന കവിതയിൽ ദാഹജലം തിരയുന്ന മണൽപ്പുഴയായിട്ടാണ് സ്ത്രീയുടെ ഉടൽ കടന്ന് വരുന്നത്. പരസ്പരം മത്സരിച്ചും കൊന്നും, വെന്നും മുന്നേറിയ ഒരു ചരിത്രമാണ് പുരുഷ ലോകത്തിന് എക്കാലത്തും പറയാനുണ്ടാവുക. അതിൽ കവിഞ്ഞ് ഒരു ചരിത്രവും അവൻ സൃഷ്ടിക്കുന്നില്ല. മനുഷ്യന്റെ ദുരകൊണ്ട് നശിക്കുന്ന ഭൂമിയെ പുരുഷനെക്കാൾ അടുത്തറിയുന്നത് സ്ത്രീയാണ്. ഒരു പുതുജീവനെ ശരീരത്തിൽ വഹിക്കുന്ന ഏത് ജീവസമൂഹവും പുരുഷനെക്കാൾ പ്രകൃതിയുടെ ആവശ്യകതയെ മനസ്സിലാക്കുന്നുണ്ട്. ഈയർത്ഥത്തിലാണ് 'ദാഹജലം തിരയുന്ന പുഴ'എന്ന കവിത വ്യത്യസ്തമാകുന്നത്.

"നിന്റെ വിരലിൻ അസ്ത്രത്തിൻ
തിളക്കം,

മൂർച്ച

ചോരമണം,

ദൂരം

അലിയാമഞ്ഞാവും ഹൃദയം,

ക്രൂരത

ദാഹജലം തിരയുന്ന

മണൽപ്പുഴ ഞാൻ."[70]

ആഗോളതലത്തിൽ ലിംഗകേന്ദ്രിതമായി നിലനില്ക്കുന്ന സാമ്രാജ്യത്വ വ്യാപനത്തിനുള്ള അധമ്യമായ തൃഷ്ണയും സ്ത്രീയും പ്രകൃതിയും കീഴ്പ്പെടുത്താനുള്ളതാണെന്ന ബോധവും, വ്യവസായിക വികസനത്തിനുള്ള ഊർജ്ജിത ശ്രമങ്ങളുമാണ് കവയിത്രിയെ ദാഹജലം തിരയുന്ന മണൽപ്പുഴയാക്കി കവിതയിൽ പ്രത്യക്ഷപ്പെടാൻ പ്രേരിപ്പിക്കുന്നത്. ജലത്തിന്റെ അസാന്നിദ്ധ്യത്തെ സൂചിപ്പിച്ചു കൊണ്ട് കവിത നിലവിലുള്ള ഉത്പാദനവ്യവസ്ഥിതിക്കകത്തെ പ്രകൃതിവിരുദ്ധ മനോഭാവത്തെ കൂടി വ്യക്തമാക്കുന്നു. 'നിശബ്ദഹരിതവനം' എന്ന കവിതയിൽ പെണ്ണിന്റെ ഉടലാണ് വനത്തിന് നൽകിയിട്ടുള്ളത്. പ്രകൃതി ദൃശ്യങ്ങളും സ്മൃതികളും പ്രണയത്തിന്റെ തീവ്രതയും ഈ ഉടലിൽ പല കാലങ്ങളെ ഉൾക്കൊള്ളുന്നു. മിഴികൾ, ചുണ്ടുകൾ, അടിവയർ എന്നിങ്ങനെയുള്ള സ്ത്രീശരീരഭാഗങ്ങളെ ആസ്പദമാക്കിയുള്ള കാറ്റിന്റെയും തെളിനീരുറവകളുടെയും പൂക്കളുടെയും വസന്തത്തിന്റെയും പുതുമണ്ണിന്റെയും വർണ്ണന നിശബ്ദഹരിത വനത്തിനെ കവിതയുടെ തുടക്കത്തിൽ യൗവനയുക്തമായ ഒരു യുവതിയോട് സാദൃശ്യപ്പെടുത്തുന്നു. എന്നാൽ കാലാന്തരത്തിൽ ഈ സ്ത്രൈണമായ ഉർവരതാശേഷിയിൽ നിന്ന് വേർപെടുന്നതോടെയാണ് പ്രകൃതി വന്ധ്യയായി ആധുനിക സമൂഹത്തിന് മുന്നിൽ പ്രത്യക്ഷപ്പെടുന്നത് എന്ന് കൂടി ഈ കവിത അഭിപ്രായപ്പെടുന്നുണ്ട്.

"ഗന്ധക മഴപെയ്യും

ചീയുമുടൽ ഞാൻ,

അഴുകും മാംസത്തിൻ

സുഗന്ധമെൻ ചുണ്ടിൽ

ചർമ്മം വരണ്ടു പൊള്ളുന്ന നിലം
വന്ധ്യാക്ഷരം വയർ
അർബുദം കരളും മാറിടം
ഇവിടെ ഞാൻ
നിനക്കൊരു
ദുഃസ്വപ്ന രാവൊടുങ്ങാരാവൊ
രന്ത്യരാവൊരു
പോരാവ്"[71]

'ഉടുപ്പിടാക്കാലം' എന്ന കവിതയും പെണ്ണിന്റെ ഉടലിന് ഭൂമിയായി അർത്ഥ വ്യാപ്തി നൽകുന്നുണ്ട്. കാലങ്ങളായി ശരീരകേന്ദ്രിതമായ സാമൂഹിക വിനിമയങ്ങൾക്ക് കീഴിൽ സ്ത്രീ കീഴ്പ്പെടേണ്ടി വന്ന ജീവിത ഇടങ്ങളിലേയ്ക്കാണ് ഈ കവിത ഇറങ്ങി ചെല്ലുന്നത്. പെണ്ണുടലിന്റെ ഉടമസ്ഥാവകാശം ആണധികാരത്തിന് കീഴിൽ നിലനിർത്തി യിരുന്നതുകൊണ്ടാണ് കഥയിലെ 'മുത്തശ്ശി' പെണ്ണിന്റെ ഉടലിനെ ബാഹ്യം, ആന്തരികം എന്നിങ്ങനെ രണ്ടായി തിരിക്കുന്നത്. ഉടലിന് താഴെ തന്റേതായ ഇഷ്ടങ്ങളെ മറച്ചുവെക്കുന്ന ഒരു മറുതൊലിയുണ്ടെന്ന് മുത്തശ്ശി പറയുന്നുണ്ട്.

"എന്നോ പറഞ്ഞതാണിത്
പരമസാധുവാം ഒരു മുത്തശ്ശ്യമ്മ!
ഇന്നും ഉടുപ്പിടാക്കാലം;
തൊലി ഉടുപ്പായി
അതിൽ വിരൽകൊണ്ടു തിരഞ്ഞാൽ
ചുണ്ടുകൾ ഉരുമ്മിയാൽ
തീപ്പൊരിയോ
പുല്ലിന്റെ, നനഞ്ഞ മണ്ണിന്റെ മണമോ
പൊന്തില്ല"[72]

സ്വയം മൂടിവെയ്ക്കപ്പെടുന്ന പെണ്ണിന്റെ ലോകത്തെയാണ് ഉടുപ്പായി സ്വീകരിക്കുന്ന തൊലിയിലൂടെ കവിത വ്യക്തമാക്കുന്നത്. ഉടലിന് മുകളിലുള്ള അധികാരത്തെയും, ഉടലിന്റെ സ്വതന്ത്രവാഞ്ഛയേയും തിരിച്ചറിയുന്നതുകൊണ്ടാണ് ബാഹ്യമായ

തൊലിക്ക് കീഴെ ഒരു മറുതൊലിയെ പ്രതീക്ഷിക്കുന്നത്. പുല്ലിലേയ്ക്കും പുതുമണ്ണിലേയ്ക്കും സഹജീവികളിലേയ്ക്കും പകരുന്ന പ്രണയത്തെ ഈ മറുതൊലിയിൽ സങ്കല്പിക്കുന്നത്. 'മറുതൊലി' ഇവിടെ സ്ത്രൈണതയുടെ പ്രകൃതിയിലേയ്ക്കുള്ള സ്വതന്ത്രമായ ഇടപെടലിനെയാണ് സൂചിപ്പിക്കുന്നത്.

"തൊലിക്കും താഴെ
ഒരു മറുതൊലി
ഉയിർക്കുമോ ?
അതിൽത്തൊടുന്നതിന്റെ പേര്
പ്രണയമെന്നാണോ ?"[73]

'കൽവീട്' എന്ന കവിതയിൽ പകുത്തുവെയ്ക്കുന്ന സ്വതന്ത്രമായ പെൺമനസ്സാണ് 'ഉടുപ്പിടാക്കാലം' എന്ന കവിതയിലും കീഴ്തൊലിയിലൂടെ നമുക്ക് മുന്നിൽ പരിചയപ്പെടുത്തുന്നത്. ഈ അടിമനസ്സിൽ തീവ്രമായ ജീവിതപ്രണയമുണ്ട്, സ്വതന്ത്രമായ ഇച്ഛാശക്തിയുണ്ട്. പക്ഷെ പുറംതൊലിയിലേക്ക് അല്ലെങ്കിൽ ബാഹ്യലോകത്തേക്ക് വ്യാപിക്കാൻ ഈ പെൺമനസ്സിന് കഴിയുന്നില്ല. ഈ വൈരുദ്ധ്യം മനുഷ്യചരിത്രത്തിലെ വളർച്ചയുടെ ഘട്ടങ്ങളിൽ ലിംഗകേന്ദ്രിതമായി രൂപപ്പെട്ട അധികാരരൂപങ്ങളോട് സമരസപ്പെട്ടുകൊണ്ടാണ് നിലനിൽക്കുന്നത്. സ്ത്രീസമൂഹത്തിന്റെ ജൈവികശേഷികളെ മുൻനിർത്തി ലിംഗസമത്വത്തോടെയുള്ള സാമൂഹികവത്കരണം വ്യക്തിതലത്തിൽ സംഭവിക്കുന്നില്ല എന്ന് വേണം കരുതാൻ. അതുകൊണ്ടാണ് പ്രായാധിക്യത്തിലും മുത്തശ്ശിക്ക് തന്റെ അടിമനസ്സിന്റെ ഇച്ഛകളെ മൂടിവെക്കേണ്ടി വരുന്നത്. യഥാർത്ഥത്തിൽ പ്രപഞ്ചത്തിന്റെ പലതുകളിലേക്ക് ഉടലായും ഉയിരായും ഉള്ള പെൺ മനസ്സിന്റെ വ്യാവർത്തനങ്ങളാണ് വി.എം.ഗിരിജയുടെ കവിതകൾ. ഒന്നിൽ നിന്ന് മറ്റൊന്നിലേയ്ക്ക് സ്വയം പകുത്തുവെച്ച് പ്രകൃതിയുടെ ഭാഗമായി, പ്രകൃതിയായി കവയിത്രി സ്വയം മാറുന്നു.

"ഒളിച്ചിരുന്നു മീനായ്, വെള്ളം
തുടിച്ചിരുന്നു ചിറകടിയിൽ
ഒരു വല കോരിയെടുത്തപ്പോൾ ഞാൻ
തിളങ്ങുമൊറ്റശ്ശംഖായി

ശംഖോ ? മുക്കുവനെറിഞ്ഞൊരെന്നെ
ക്കൊമ്പിലെടുത്തു ചാമ്പമരത്തിൽ
ചാമ്പമരത്തിൽ നിന്നിരു കൈയ്യുകൾ
ലോലമടർത്തിയെടുത്തപ്പോൾ
ചെറുചെഞ്ചിറകുകൾ മുളച്ചു
ഞാനൊരു പറവകണക്കേപ്പാറുന്നു"[74]

'ഉടലും ഉയിരും' എന്ന കവിതയിൽ ഈ സ്ത്രൈണ ചേതനയ്ക്ക് കടപ്പെട്ടാണ് ഓരോ തലമുറയും നിലനില്ക്കുന്നതെന്ന് കവയത്രി അഭിപ്രായപ്പെടുന്നുണ്ട്. സ്ത്രീ സമൂഹത്തിന്റെ ജൈവികമായ സൃഷ്ടിപരതയെ മുൻനിർത്തിയാണ് പുരുഷസമൂഹത്തിന്റെ ശേഷികളെ സ്ത്രീയുടെ വരദാനമായി ഈ കവിത നോക്കിക്കാണുന്നത്. ബാല്യം തൊട്ട് വാർദ്ധക്യം വരെ പുരുഷനുൾപ്പെടെയുള്ള സമൂഹം അനുഭവിക്കുന്ന എല്ലാ അനുഭവങ്ങളും സ്ത്രീ സമൂഹത്തിനോടാണ് കടപ്പെട്ട് നിൽക്കുന്നതെന്ന് ഈ കവിത അടിവരയിടുന്നുണ്ട്.

"നിന്റെ ഉടലും ഉയിരും
നിന്റെ ...
എന്നു നീ കരുതുന്നു
അല്ല.....അല്ല
ഞാനാണു നിന്റെ
കണ്ണുകളിൽ സൂര്യനെ കൊളുത്തിയത്
ചർമത്തെ തിളങ്ങുന്ന
പുഴയാക്കിയത്
ചുണ്ടിൽ വാക്കും
നാവിൽ ബാല്യത്തിന്റെ
തേനും വയമ്പും
കിനിയിച്ചത്. "[75]

വാക്കും നോക്കും നല്കി പ്രകൃതിയുടെ അറിവുകളെ ഒന്നൊന്നായി പകർന്ന് നല്കി അമ്മയായും ഗുരുവായും നിറയാൻ ഒരു സ്ത്രീ ഓരോ കുഞ്ഞുടലിനും

പിറകിലും കാണും. 'ഉടലും ഉയിരും' എന്ന കവിതയിൽ ഈ സ്ത്രീ സാന്നിദ്ധ്യത്തെ സ്ത്രീയായും പ്രകൃതിയായും കവയിത്രി അനുഭവപ്പെടുത്തുന്നുണ്ട്. പിന്നിടുന്ന ജീവിതകാലയളവിൽ ഏത് പുരുഷനും കാലാകാലങ്ങളിൽ വാത്സല്യവും പ്രണയവും കാമവും നല്കി കരുത്തു നല്കാൻ പ്രകൃതിയ്ക്കല്ലാതെ മറ്റാർക്കും കഴിയില്ല. ഈ ജൈവപ്രകൃതിയുടെ ശേഷികളെ നിരാകരിച്ചു കൊണ്ടുള്ള ആധുനിക പുരുഷന്റെ ഓരോ നീക്കവും ബാക്കിവെക്കുക സ്വയം എരിഞ്ഞടങ്ങിയ ഓരോ മാംസഗോപുരങ്ങളെയാണ്. ഫലത്തിൽ സ്ത്രൈണതയിൽ നിന്ന് എത്രമാത്രം ആധുനിക സമൂഹം അകന്നു പോകുന്നുവോ അത്രമാത്രം ഇരുളടഞ്ഞ ലോകമായിരിക്കും നമുക്ക് മുന്നിൽ ബാക്കി യുണ്ടാവുക. ഈ അവസ്ഥാന്തരത്തെ പ്രകൃതിയുടെ ശാപമായിട്ടാണ് കവയിത്രി ചേർത്തു വെക്കുന്നത്. പെണ്മയുടെ പൊരുൾ നിറഞ്ഞ വാക്കുകളായിട്ടാണ് നമുക്ക് മുന്നിൽ കവയിത്രി ഈ സന്ദർഭത്തെ അനുഭവപ്പെടുത്തുന്നത്.

"ഇതാ എന്റെ ശാപം
ഞാൻ മരിച്ചു
നിന്റെ മനസ്സിൽ
മറഞ്ഞില്ലാതെയാകുമ്പോൾ
നിന്റെ ഉടലും ഉയിരും
എരിഞ്ഞടങ്ങിയ
മാംസഗോപുരം
ഏകാന്തതയുടെ ഇരുൾഗുഹ"[76]

ഇത്തരത്തിൽ ഉടലും ഉയിരും പരസ്പരംവെച്ച് മാറിക്കൊണ്ടുള്ള തനിയാവർത്ത നങ്ങളിലൂടെ സ്ത്രിയും പ്രകൃതിയും പരസ്പരം ഭിന്നമല്ല എന്ന അറിവാണ് വി.എം. ഗിരിജയുടെ ഓരോ കവിതയും പകർന്ന് നല്കുന്നത്. കവിതയിലെ ഈ ഉടലെഴുത്തു കളിലൂടെ പെണ്മയുടെ സമർത്ഥനമാണ് കവയിത്രി സാധ്യമാക്കുന്നത്.[77] സാമൂഹ്യവ്യ വഹാരത്തിനകത്ത് നിയതമായ കീഴായ്മകൾ കല്പിക്കപ്പെട്ടിട്ടുള്ള സ്ത്രീസ്വത്വത്തിന്റെ പ്രകൃതിയിലേയ്ക്കുള്ള പലായനം കൂടിയാണീ കവിതകൾ. നിലവിലുള്ള ലിംഗ കേന്ദ്രിത സാമൂഹ്യവ്യവസ്ഥയിൽ സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ടുള്ള പ്രകൃതിയി ലേയ്ക്കുള്ള വിലയനം സ്ത്രീ, പ്രകൃതിപക്ഷത്ത് നിന്നുകൊണ്ടുള്ള സ്വത്വപരമായ ഉണ്മകളിലേയ്ക്കാണ് വഴി വെക്കുന്നത്.

6.3.2 സ്വത്വപരമായ തിരിച്ചറിവുകൾ

ഉടലുകൊണ്ട് പ്രകൃതിയായി സ്വയം മാറുമ്പോഴും വി.എം. ഗിരിജ സ്ത്രീ, പ്രകൃതി സത്തകളുടെ കീഴായ്മയും കവിതയിൽ വിഷയമാക്കുന്നുണ്ട്. സ്ത്രീയും പുരുഷനും ഉൾപ്പെടെ സർവ ജീവജാലങ്ങളും അലിഞ്ഞ് ചേരേണ്ട ഇടമായിട്ടാണ് പ്രകൃതിയെ ഈ കവിതകൾ നോക്കിക്കാണുന്നത്. അധികാര വിനിമയങ്ങൾക്കപ്പുറത്ത് ജൈവിക സമത്വത്തിലൂന്നിയ ഈ വീക്ഷണത്തെ മുൻ നിർത്തിയാണ് സ്ത്രീയും പ്രകൃതിയും നേരിടുന്ന അപരവത്കരണത്തെ വി.എം. ഗിരിജയുടെ കവിതകൾ പ്രശ്നവത്കരിക്കുന്നത്. തങ്ങൾക്ക് നിരോധിക്കപ്പെട്ട ഇടങ്ങളിലേയ്ക്ക് മനസ്സുകൊണ്ട് സഞ്ചരിച്ച് സ്വാതന്ത്ര്യത്തെ അനുഭവിക്കുന്ന പെണ്മയുടെ ചടുല വേഗങ്ങളാണ് മുലകൾ, പെണ്ണും വനഋഷഭവും, തുടങ്ങിയ കവിതകളുടെ ദിശയെ നിർണ്ണയിക്കുന്നത്. 'മുലകൾ' സ്ത്രീയോട് പറയുന്നതിൽ നിന്നു തന്നെ ഈ സ്ഥാനാന്തരണം പ്രകടമാണ്.

"അവളോട് പറയുന്നു മുലകൾ
നിരത്തിന്മേൽ നടക്കേണം
നിലാവത്തു കിടക്കേണം
പുഴത്തെളിനീറ്റിൽ മുഴുകേണം
വെയിൽ തോർത്തിയുണങ്ങേണം".[78]

ഈ സഞ്ചാരത്തിലേയ്ക്ക് പുരുഷനെ കൂടി ക്ഷണിക്കുന്നതിലൂടെ സമൂഹത്തിനകത്തെ കീഴായ്മയേയും ഔന്നത്യത്തിനെയും സൂചിപ്പിക്കുന്ന സ്ത്രീ/പുരുഷൻ എന്ന ദ്വന്ദ്വത്തെ സമരൂപങ്ങളായി പ്രകൃതിക്കു മുന്നിൽ നിർത്തുന്നു. ലിംഗപരമായ അധികാര സ്വഭാവത്തിൽ നിന്ന് സ്ത്രീയെയും പുരുഷനെയും വേർപ്പെടുത്തുന്നു. പ്രകൃതിയിലേയ്ക്കുള്ള സ്ത്രീയുടെയും പുരുഷന്റെയും ഒന്നിച്ചുള്ള ഇറക്കത്തിലൂടെയാണ് കവിത ഒരു പുതുരാഷ്ട്രീയത്തെ മുന്നോട്ട് വെക്കുന്നത്.

"അവനേയും കൂടെ വരാൻ വിളിക്കേണം
കരടില്ലാ വെളിച്ചത്തിലലുമ്പേണം
പല്ലും നഖങ്ങളും വിഷക്കണ്ണും പൊഴിക്കേണം

വെറും മണ്ണിൽ മഴയത്തു കിടക്കേണം
അലിവിന്റെ വിത്തു നെഞ്ചിൽ വിതക്കേണം"[79]

ആത്യന്തികമായി ഇനിയുള്ള കാലങ്ങളെ പരസ്പരം പകുക്കേണ്ടത് ഈ അലിവുകൊണ്ടും സമഭാവന കൊണ്ടുമാണെന്ന് കവിത പറഞ്ഞുവെക്കുന്നുണ്ട്. സ്ത്രീയുടെയും പുരുഷന്റെയും തുല്യയിടത്തെ മുൻനിർത്തിയിട്ടുള്ള ഈ ചിന്തകളാണ് വി.എം.ഗിരിജയുടെ കവിതകളെ പാരിസ്ഥിതിക സ്ത്രീവാദപരിപ്രേക്ഷ്യത്തിലേക്ക് അടുപ്പിക്കുന്നത്. പ്രകൃതിക്കും സ്ത്രീക്കും മീതെ പ്രയോഗിക്കപ്പെടുന്ന പല്ലും നഖങ്ങളും വിഷക്കണ്ണും മാറ്റി നിർത്തുക വഴി പ്രകൃതിയിലേക്ക്, സ്ത്രൈണതയിലേക്ക് പുരുഷനെ ഇറക്കിക്കൊണ്ടുവരുന്നു. ലിംഗകേന്ദ്രിത സാമൂഹികവിചാരങ്ങളിൽ നിന്നുള്ള പുരുഷന്റെ വിമോചനമാണ് ഇവിടെ സാധ്യമാകുന്നത്. ഇത് തന്നെയാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആത്യന്തിക ലക്ഷ്യം. 'പെണ്ണും വനഋഷഭവും' എന്ന കവിതയും ഇതേ ആശയം തന്നെയാണ് മുന്നോട്ട് വെക്കുന്നത്. 'കടലിൽ ജ്ഞാനസ്നാനം' എന്ന കവിതയിൽ പുരുഷലോകം സ്വയം നവീകരിച്ചുകൊണ്ടിരിക്കുന്നത് സ്ത്രീകളുടെ കൂടി അദ്ധ്വാനം കൊണ്ടും ജീവിതം കൊണ്ടുമാണെന്ന് കവയിത്രി അഭിപ്രായപ്പെടുന്നുണ്ട്. ഓരോ പുരുഷനും സ്ത്രീയോട് കടപ്പെട്ടിട്ടാണ് ഭൗതികതയുടെയും ആത്മീയതയുടെയും പടവുകൾ ഒന്നൊന്നായി കയറി ഔന്നത്യത്തിലെത്തുന്നത് എന്ന് ഈ കവിത അടിവരയിടുന്നുണ്ട്.

"അവനു ജ്ഞാനസ്നാനം ചെയ്യുന്നു തിരകൾ
പെണ്ണിന്റെ കണ്ണീരുപ്പു കലർന്ന കാരച്ചുവ"[80]

പെണ്ണിന്റെ ജീവിതത്തിലെ കണ്ണീരുപ്പു കലർന്ന ഇടങ്ങളെ അടുക്കള, തീൻമേശ, അലക്കുകല്ല് എന്നിവയിലൂടെയാണ് കവിത സൂചിപ്പിക്കുന്നത്. പക്ഷിക്കുതിപ്പ്, രശ്മിത്തിളക്കം, മൃഗവേഗം, ഉദ്ധ്യതവീര്യം എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൾ പുരുഷനെയും ഉൾക്കൊള്ളുന്നു. പരസ്പരം ഇടകലർത്തിയിട്ടുള്ള ജീവിത പരിസരങ്ങളിലൂടെയാണ് സ്ത്രീ സമൂഹം നേരിടുന്ന നിമ്നോന്നതങ്ങളെ കവിത പറഞ്ഞ് പോകുന്നത്. ഈ സമീപനം ഏകപക്ഷീയ ഗുണപരിസരത്തിൽ നിന്ന് കവിതയെ മോചിപ്പിക്കുന്നു. പകരം ഒരുമിച്ച് കടക്കേണ്ട ഒരു കടൽ മുന്നിലുണ്ട് എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടാണ് കവിത അവസാനിപ്പിക്കുന്നത്. ഈ 'കടൽ'

ആദ്യാവസാനം കവിതയിൽ ജീവിതത്തെയാണ് പ്രതിനിധീകരിക്കുന്നത്. കവിതയിൽ ഓരോ അലകളും സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ടുള്ള എതിർപക്ഷത്തിന്റെ വായനകൂടിയായി മാറുന്നു.

"പരുത്ത വിരലുകളുരച്ചു മണക്കുന്നുണ്ടവനെ കടൽ
പളുങ്കു ഞരമ്പുകൾ വലിഞ്ഞുമുറുകുന്ന
തിരകൾ നക്കുന്നുണ്ടവനെയടിമുടി
തിളയ്ക്കുമുൾച്ചാലുകൾ
തണുനീരുറവകൾ
അവന്നെയളക്കുന്നു ശീതോഷ്ണച്ചരടിനാൽ" [81]

സ്ത്രീയും പ്രകൃതിയും ഒരേ ഉടലുകൊണ്ടാണ് ഈ വരികളിൽ തന്റെ പ്രതിയോഗിയെ അളക്കുന്നത്. സ്ത്രീയെയും പ്രകൃതിയെയും അപരമായി നിലനിർത്തിക്കൊണ്ടുള്ള പുരുഷാധിപത്യസമൂഹത്തിന്റെ അനേകകാലത്തെ സാമൂഹിക ചലനങ്ങളെയാണ് 'തടാകം' എന്ന കവിതയും ഓർമ്മപ്പെടുത്തുന്നത്. പ്രകൃതിക്ക് പകരം മനുഷ്യനിർമ്മിതമായ സംസ്കൃതിയെ പകരം വെച്ചാണ് ഓരോ കാലഘട്ടവും അധികാരങ്ങളും മുന്നോട്ട് പോയിട്ടുള്ളത്. പ്രകൃതിക്കും സ്ത്രീക്കും മീതെ നിലനില്ക്കുന്ന ഈ ആധിപത്യം ഇന്നും തുടരുന്നു. 'തടാകം' എന്ന കവിതയിൽ 'തടാകം' കീഴടക്കപ്പെട്ട പ്രകൃതിയെയാണ് പ്രതിനിധീകരിക്കുന്നത്. തടാകത്തിന്റെ അന്തർതലങ്ങളെ വിശദീകരിച്ചുകൊണ്ട് കവയിത്രി പ്രകൃതിയിൽ നിന്ന് സംസ്കൃതിയിലേയ്ക്കുള്ള മനുഷ്യസമൂഹത്തിന്റെ പ്രയാണത്തെ ലളിതമായ ഭാഷയിൽ പ്രത്യക്ഷവത്കരിക്കുന്നു.

"തെളിവെളിച്ചത്തിൽ കതകുകൾ
അടിയിലുറങ്ങും ശിലാവിഗ്രഹങ്ങൾ
നനയുമുൾമണ്ണ്
അതിനടിയിൽ തുറയുന്ന പടവുകൾ,
വഴികൾ തൻ മാന്ത്രികപ്പൂട്ടുകൾ
ഉറവകൾ."[82]

സ്വന്തം സ്വത്വത്തെ മറച്ച് കൊണ്ട് ജീവിക്കേണ്ടി വരുന്ന സ്ത്രീയെ കൂടി തടാകം ഈ വരികളിലൂടെ പ്രതിനിധീകരിക്കുന്നുണ്ട്. പ്രകൃതിയുമായി ചേർന്നുള്ള ഒരു ജീവിതത്തിന്റെ സാധ്യതകളെ മനനം ചെയ്യാൻ പ്രേരിപ്പിക്കുന്നതാണ് ഈ കവിതയിലെ തുടർന്നുള്ള വരികൾ. വിഷകോപ്പയായി മാറുന്ന പ്രകൃതിയുടെ ഭാഗമായിട്ടാണ് തടാകം കവിതയുടെ അവസാനത്തിൽ നമുക്ക് മുന്നിൽ അവശേഷിക്കുന്നത്. ഇനിയെന്തെങ്കിലും ചെയ്യാൻ കഴിയുക മലിനമായ ഈ ജീവിത സാഹചര്യങ്ങളിൽ തുടരുന്നവർക്കാണ്. പ്രകൃതിയെ മുൻനിർത്തിയിട്ടുള്ള ഒരോർമപ്പെടുത്തൽ മാത്രമാണ് കവിത ഇവിടെ നിർവഹിക്കുന്നത്.

"ചിതറുന്നു സകലതും
ചളി കലങ്ങുന്നു
ഇരുളുന്നു സ്ഫടിക ജലവീചികൾ
വിഷകോപ്പയായ് ചുരുളുന്നു,
കയ്പ് പൊന്തുന്നു"[83]

പ്രകൃതിയെ മലീമസമാക്കുന്ന സാഹചര്യങ്ങൾക്ക് പിന്നിലെ ചരിത്രപരവും സാമൂഹ്യപരവുമായ കാരണങ്ങളിലേയ്ക്കാണ് 'ഏട്ടിലെകാട്' എന്ന കവിത നമ്മെ കൊണ്ടു പോകുന്നത്. പ്രകൃതിയെ ആധുനിക യുക്തികൊണ്ട് മനസ്സിലാക്കാൻ ശ്രമിച്ച ഒരു കാലഘട്ടത്തെയാണ് ഈ കവിത പ്രതിനിധീകരിക്കുന്നത്. ഈ യുക്തിയാകട്ടെ ശാസ്ത്രീയതയോടാണ് കടപ്പെട്ട് നിൽക്കുന്നത്. കെപ്ലറും, ഐൻസ്റ്റീനും, ഡാർവിനും ഈ സമീപനത്തിന്റെ വഴികാട്ടികളാണ്. പ്രകൃതി മനുഷ്യശക്തികൊണ്ട് കയ്യടക്കേണ്ട സത്താവിശേഷമായി വ്യവസായികലോകത്തിലൂടെ പ്രചരിപ്പിക്കപ്പെട്ടു എന്നുള്ളതാണ് ഈ സമീപനത്തിന്റെ ആന്തരിക ഫലം. വ്യവസായികലോകത്തിന്റെ ആവിർഭാവവും യന്ത്രവത്ക്കരണവും മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയും ആധുനിക മനുഷ്യനെ പ്രകൃതിയിൽ നിന്നുമകറ്റി. പ്രകൃതിയുടെ പാഠങ്ങളെക്കാൾ ശാസ്ത്രീയമായ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞ് വന്ന അറിവുകളാണ് ഈ കാലയളവിൽ സ്വീകരിക്കപ്പെട്ടത്. ഈ ആധുനിക ഘട്ടത്തിന്റെ സ്വാധീനത്തിൽ നാം പ്രകൃതിയിൽ നിന്ന് പുസ്തകങ്ങളുടെ ലോകങ്ങളിലേയ്ക്ക് ഒതുങ്ങിപ്പോയി.

"പുസ്തകമല്ലാതൊന്നും നാം
ശ്രദ്ധിച്ചില്ലാ, മേലെല്ലാം
വെള്ളിവെളിച്ചം വീണാലും
വള്ളികളൂഞ്ഞാലിട്ടാലും
ഇളം ചുവപ്പാം തളിരുകളാലേ
ചെടികൾ തൊട്ടു വിളിച്ചാലും
നോക്കി നോക്കി നടന്നുനാം
കീറിയ മഞ്ഞച്ചുരുൾ മാത്രം"[84]

വ്യവസായാനന്തര ഘട്ടത്തിലും സ്ത്രീയുടെ ജീവിതഗതിയിൽ മാറ്റമില്ലാതെ തുടരുന്നു എന്ന് എഴുതുന്നിടത്താണ് ഈ കവിത സ്ത്രീ, പ്രകൃതി പക്ഷത്ത് നിന്നുള്ള ഒരുൾക്കാഴ്ചയെ കൂടി പങ്ക് വെക്കുന്നത്. സ്ത്രീയുടെ ജീവിതത്തെ ചെടിക്ക് സമാനമായിട്ടാണ് ഈ കവിത ആവിഷ്കരിക്കുന്നത്. ചെടി ഒരേ സ്ഥാനത്ത് കാലങ്ങളോളം മാറ്റമില്ലാതെ തുടരുന്നതുപോലെ സ്ത്രീയും 'കുടുംബം' എന്ന അധികാരവ്യവസ്ഥിതിയിൽ തന്റെ സ്ഥാനത്തിന് കാര്യമായ മാറ്റങ്ങളില്ലാതെ തുടരുന്നു എന്നതാണ് ഈ സാദൃശ്യത്തിലൂടെ കവിത നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്. ബാഹ്യലോകം സ്ത്രീയെ ആകർഷിക്കുന്നുണ്ടെങ്കിലും തന്റെ ജീവിത പരിസരത്തിൽ നിന്ന് ഒരു മാറ്റം അവൾക്ക് സാധ്യമാകുന്നില്ല.

"കണ്ണുകൾ ദൂരെ വിദൂരത്തേതോ
മിന്നൽപ്പിണർ തേടുകയാലേ
ഇന്നുടയാടകൾ പൊടിഞ്ഞുപോയി
ട്ടെന്നുടൽ നീങ്ങും ചെടിമാത്രം"[85]

സ്ത്രൈണമായ ഉടൽ ചെടിയായി തന്മയീഭവിക്കുന്ന കവിതയ്ക്കകത്തെ ഈ സമീപനമാണ് കവിതയുടെ ആന്തരികഘടനയിൽ ഒരു പ്രതിബോധത്തിന്റെ സാധ്യതകളെ തുറന്നിടുന്നത്. 'പഴച്ചാർ' എന്ന കവിതയിൽ പുരുഷസമൂഹത്തിന്റെ സാമൂഹ്യ വിനിമയങ്ങളിൽ സാമീപ്യം കൊണ്ടും അല്ലാതെയും സാന്നിദ്ധ്യമറിയിക്കുന്ന സ്ത്രീലോകത്തിന്റെ ജീവിതനൈരന്തര്യത്തെയാണ് അനാവരണം ചെയ്യുന്നത്. തന്റെ

ഉൾതാപത്തെ മറച്ചുവെച്ചാണ് ഓരോ സ്ത്രീക്കും തങ്ങളുടെ ഗാർഹിക ജീവിതത്തെ പിൻതുടരേണ്ടിവരുന്നത്. സ്ത്രീകൾക്ക് വേണ്ടി ഒരുക്കിയിട്ടുള്ള ലിഖിതവും അലിഖിതവുമായ അനേകം നിയമങ്ങൾക്കുള്ളിലാണ് ഓരോ സ്ത്രീയുടെയും ബാല്യവും കൗമാരവും യൗവ്വനവും പിന്നിടുന്നത്. കുടുംബം എന്ന വ്യവസ്ഥിതിക്ക് വേണ്ടിയുള്ള ബലിയാണ് ഓരോ സ്ത്രീ ജീവിതവും. ഈ ഗാർഹിക പരിസരത്ത് നിന്ന് തന്നെ വേർപ്പെടുത്താൻ ഒരു സ്ത്രീക്ക് എളുപ്പം കഴിയില്ല. കാലങ്ങളായി സമൂഹത്തിനകത്ത് നിലനിൽക്കുന്ന ആൺകോയ്മയാണ് ഈ ഗാർഹിക ജീവിതത്തെ ചിട്ടപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് തന്നെ പുരുഷന് ലഭിക്കുന്ന പ്രാമുഖ്യം സ്ത്രീക്ക് ഒരു ഘട്ടത്തിലും ലഭിക്കുന്നില്ല. മെയ്യും മനസ്സും സ്വയം നിയന്ത്രിച്ച് ഓരോ സ്ത്രീയും പിൻതുടരേണ്ടി വരുന്ന നാളുകളാണ് അവരുടെ ജീവിതം.

ഈ ജീവിത പരിസരത്തിൽ നിന്ന് വി.എം. ഗിരിജയുടെ കവിതകൾ സ്ത്രീയെ മോചിപ്പിക്കുന്നത് സ്ത്രീയെ പ്രകൃതിയുമായി ചേർത്തിണക്കിയാണ്. പ്രകൃതിയുടെ ഭാഗമായും പ്രകൃതിയുമായി സ്വയം സമീകരിക്കപ്പെട്ടും പ്രകൃതിയെ ജീവസമൂഹത്തിന്റെ അടിസ്ഥാനമായി ഉയർത്തിക്കൊണ്ട് വരുന്നു. സ്വത്വപരമായ ഉണർവുകളെ രേഖപ്പെടുത്തിക്കൊണ്ടാണ് കവയത്രി ഇത് സാധിക്കുന്നത്. അതുകൊണ്ടാണ് തന്റെ ജീവിതത്തെ പഴച്ചാറായി സങ്കല്പിക്കുന്നത്. അത് വെയിലിന്റെ കോപ്പയിൽ പിഴിഞ്ഞെടുക്കാൻ തന്റെ സഹയാത്രികനോട് കവിതയിലെ സ്ത്രീ ആവശ്യപ്പെടുന്നത്. കവിതയിൽ 'വെയിൽ കോപ്പ' തീഷ്ണമായ ജീവിതാനുഭവങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്.

"പിഴിഞ്ഞെടുക്കുക
മധുരത്തോപ്പുകൾ
വെയിലിൻ കോപ്പയിൽ"[86]

കേവലമായ പ്രണയത്തിനപ്പുറത്ത് കവിതയിലെ സ്ത്രീ നൂറ്റാണ്ടുകളായി കീഴാൺമയിൽ തുടരുന്ന സ്ത്രീസമൂഹത്തിന്റെ ആത്മഭാവത്തെയാണ് 'പഴച്ചാർ' എന്ന സൂചകത്തിലൂടെ മുന്നോട്ട് വെക്കുന്നത്. യഥാർത്ഥത്തിൽ ഒരു ജീവിത കാലയളവ് മുഴുവൻ പ്രണയം കൊണ്ട് നിറയ്ക്കാൻ കൊതിക്കുന്ന ഒരു മനസ്സ് ഏത് സ്ത്രീയും കാത്ത് വെക്കുന്നുണ്ട്. പക്ഷേ അവൾക്ക് തിരിച്ച് കിട്ടുന്നത് കയ്പുനിറഞ്ഞ

ജീവിതാനുഭവങ്ങളാണ്. തന്റെ ലോകത്തെ ചുറ്റുമുള്ളവർ നൽകുന്ന ഗുണപരവും അല്ലാതെയുമുള്ള അനുഭവങ്ങൾ കൊണ്ട് നിറയ്ക്കാനാണ് കുടുംബത്തിന് അടിപ്പെട്ട് ജീവിക്കുന്ന ഓരോ സ്ത്രീയും ശ്രമിക്കുന്നത്. ഇത്തരത്തിൽ സ്വയം അറിയാതെ ജീവിതത്തെ കടക്കുന്ന സ്ത്രീയുടെ ലോകത്തെയാണ് 'അറിയാത്തൊരാൾ' എന്ന കവിത അവതരിപ്പിക്കുന്നത്. തന്റെ ജീവിതകാലയളവ് മുഴുവൻ മക്കൾ, ഭർത്താവ് എന്നിങ്ങനെ കുടുംബത്തിനകത്തെ ഓരോ വ്യക്തിക്കും പകുത്ത് നൽകി കൊണ്ട് ഗാർഹികപരവും തൊഴിൽപരവുമായ വ്യത്യസ്ത തലങ്ങളിൽ സ്ത്രീ തന്റെ അദ്ധ്വാനത്തെ ഉപയോഗപ്പെടുത്തുന്നുണ്ട്. കറിക്ക് ഉപ്പു നോക്കുന്നതു മുതൽ, കുട്ടികളുടെ പരിപാലനം, വീടിന്റെ ശുചീകരണം, വൃദ്ധരായ മാതാപിതാക്കളുടെ പരിചരണം തുടങ്ങി സ്ത്രീകൾക്ക് ഒരു കുടുംബത്തിനകത്ത് തന്റെ സമയത്തിന്റെ പകുതിയിലധികം ചിലവഴിക്കേണ്ടി വരുന്നുണ്ട്. ഒടുവിൽ തന്റെ ശരീരത്തിന്റെ മനസ്സിന്റെ ഉടമസ്ഥാവകാശം സമൂഹം കല്പിച്ച് നൽകിയിട്ടുള്ള പുരുഷന് കീഴിൽ അടിയറവ് വെച്ച് സ്ത്രീ കൂടുതൽ കൂടുതൽ ജീവിതത്തോട് അടിമപ്പെടുന്നതായി കവയിത്രി ചൂണ്ടികാണിക്കുന്നു. പക്ഷെ അവൾക്ക് തിരിച്ച് കിട്ടുന്നത് ഒരു കുട്ടിക്കഥയിലെ കാറ്റത്ത് അലിഞ്ഞ് പോയ മണ്ണാങ്കട്ട പോലുള്ള ജീവിതമാണെന്ന് ഈ കവിത അടിവരയിടുന്നുണ്ട്.

"ഒടുവിൽ
പച്ചനദിയിൽ സ്വപ്നത്തിൽ
ദാഹച്ചുഴിയിൽ
മിഴിനീരിൽ
മറഞ്ഞ്
അലിഞ്ഞ്
കാശിക്കുപോയ
മണ്ണാങ്കട്ടപോലെ"[87]

പൂരിപ്പിക്കപ്പെടാതെ പോകുന്ന അനേകം ആഗ്രഹങ്ങളുടെ വ്യഥകളിൽ സ്വയം അലിഞ്ഞ് ഇല്ലാതാകുന്ന സ്ത്രീകളെ മണ്ണാങ്കട്ടകളോടല്ലാതെ കവയിത്രിക്ക് മറ്റൊന്നിനോടും ഇത്രയും അർത്ഥവത്തായി സാദൃശ്യപ്പെടുത്താൻ കഴിയില്ല. സ്ത്രീയുടെ

ജീവിതത്തെ വ്യത്യസ്ത ജീവിതപരിസരത്തിൽ നിന്നു കൊണ്ട് നിരീക്ഷിച്ചാണ് കവയിത്രി ഈ നിഗമനത്തിലെത്തുന്നത്. കുഞ്ഞിന് മുലപ്പാലൂട്ടുന്ന അമ്മയായും പതിവ്രതയായ ഭാര്യയായും സ്വന്തം ശരീരത്തെ വിലപേശിവിൽക്കുന്ന ഒരുവളായും ജീവിതത്തിന്റെ വ്യത്യസ്ത തലങ്ങളിൽ സ്ത്രീയുണ്ട്. അവളുടെ കണ്ണീരിനെ പുഴയായും ദേഹത്തെ മണ്ണാങ്കട്ടയായും കവയിത്രി സങ്കല്പിക്കുന്നതിന്റെ സാമൂഹ്യസാഹചര്യം ഇതാണ്. സംസ്കാരം മാത്യകയാക്കുന്ന ആദർശ കുടുംബ സങ്കല്പത്തിനകത്തും അഴുക്കുചാലിന്റെ കരയിലും ജീവിതത്തെ മുന്നോട്ട് കൊണ്ടുപോകുന്ന ഒരു സ്ത്രീയെ നമുക്ക് കണ്ടെത്താൻ കഴിയും. ഈ വൈരുദ്ധ്യം സമൂഹത്തിനകത്തെ ജാതി, വർഗ്ഗ, ലിംഗ വിഭാഗീയതകൾക്കനുസ്യതമായാണ് സൃഷ്ടിക്കപ്പെടുന്നത്.

"ഒരുവൾ മൗനക്കോപ്പ നിറയെ
തന്നെത്തന്നെ മോന്തുന്നു
ഒരുവൾ തുളുമ്പുന്നു മദ്യമായ്
ഒരുവൾ സ്വന്തം മാംസം മുറിച്ചു
വിലപേശി വില്ക്കുന്നു,
ഒരുവൾ ദുഃസ്വപ്നത്തിൽ
നിലാവിട്ടൊഴുകുന്നു.
ഒരുവൾ നോവിൻ ചോരക്കളത്തിൽ
ഒരു വിത്തു മുളപ്പിച്ചെടുക്കുന്നു."[88]

തങ്ങൾക്ക് വിധിക്കപ്പെട്ട ജീവിതപരിസരങ്ങളിൽ നിന്നുകൊണ്ട് ഒരു പുതുലോകത്തെ ജീവിതത്തെ സ്വപ്നം കാണാനെ പല സ്ത്രീകൾക്കും കഴിയുന്നുള്ളൂ. സ്വന്തം അദ്ധ്വാനം കൊണ്ട് ജീവിതത്തെ മുന്നോട്ട് കൊണ്ടുപോകേണ്ടിവരുമ്പോഴും സ്ത്രീയ്ക്ക് പുരുഷന് കീഴെയാണ് സമൂഹം സ്ഥാനം നല്കുന്നത്. ഒരായുസ്സുമുഴുവൻ അവൾക്കു കീഴായ്മയിൽ തുടരേണ്ടിവരുന്നു. അടിസ്ഥാനപരമായി കുടുംബം എന്ന വ്യവസ്ഥിതി ആണിനെ സമൂഹത്തിന്റെ നേതൃപദവിയിലേക്ക് ചേരുംവണ്ണവും സ്ത്രീയെ അവന് കീഴെയും വളർത്തിയെടുക്കുന്നതുകൊണ്ടാണ് സ്ത്രീകളുടെ ജീവിതം ഇന്നും മാറ്റമില്ലാതെ തുടരുന്നത്. വിദ്യാഭ്യാസംകൊണ്ടും സമ്പത്ത് കൊണ്ടും സമൂഹത്തിന്റെ ഉന്നത സ്ഥാനങ്ങളെ അലങ്കരിക്കുമ്പോഴും കുടുംബത്തിനകത്തെ ഈ കീഴായ്മ അവൾക്ക് പിൻതുടരേണ്ടിവരുന്നു.

ജാതി, വർഗ്ഗ, ലിംഗ വിഭാഗീയതകൾക്കപ്പുറത്ത് സ്ത്രീ സമൂഹം ഈ കീഴായ്മയിൽ നിന്ന് ഒരു മോചനം സ്വപ്നത്തിലെങ്കിലും ആഗ്രഹിക്കുന്നുണ്ട്. 'ചെറിയ കരിപുരണ്ട ലോകത്തിലെ സ്ത്രീയുടെ സ്വപ്നം' എന്ന വി.എം.ഗിരിജയുടെ കവിത ഈ ആശയമാണ് പങ്ക് വെക്കുന്നത്. ദിനവും കാണുന്ന എച്ചില്പിടിച്ച പാത്രങ്ങൾ, കരിപിടിച്ച ജീവിതപരിസരങ്ങൾ എന്നിങ്ങനെയുള്ള ഒട്ടും ജീവിക്കാൻ പ്രേരിപ്പിക്കാത്ത സാഹചര്യങ്ങളെ അല്പനേരം മറന്ന്വെച്ചിട്ടാണ് ഓരോ സ്ത്രീയും തന്റേതായ സ്വപ്നത്തിലേയ്ക്ക് ഈ കവിതയിൽ ഇടയ്ക്കെങ്കിലും ഊളിയിടുന്നത്. അവിടെ ഒട്ടും അധികാരം പ്രയോഗിക്കപ്പെടാത്ത ദാമ്പത്യജീവിതമാണ് അവർ അനുഭവിക്കുന്നത്. ഒരമ്മപ്പശുവിനെപ്പോലെ വാത്സല്യത്തോടെ ജീവിതം അവരെ താലോലിക്കുന്നു. അവരുടെ കിടപ്പറകൾക്ക് മുഷിഞ്ഞ അലോരസപ്പെടുത്തുന്ന മണമോ നിറമോ ഇല്ല. അവർ കരിപുരണ്ട വസ്ത്രങ്ങൾ ധരിക്കുന്നില്ല. അവരുടെ വരണ്ട ചുളിവീണ ചർമ്മത്തിനുപകരം മിനുസവും തിളക്കവുമുള്ള ശരീരം, ഇടിഞ്ഞ് താഴ്ന്ന മാറിടത്തിന് പകരം യൗവനം തുടിക്കുന്ന ശരീരവും മാറിടവും ഇങ്ങനെ തികച്ചും സ്വാതന്ത്ര്യവും സൗന്ദര്യവും ആസ്വദിച്ച് കൊണ്ടാണ് ഇവർ തങ്ങളുടെ സ്വപ്നങ്ങളെ പൂരിപ്പിക്കുന്നത്. പക്ഷെ യഥാർത്ഥ ലോകം മറ്റൊന്നാണ്. തങ്ങൾ ജീവിക്കാൻ ആഗ്രഹിക്കുന്ന ജീവിതം സ്വപ്നത്തിൽ മാത്രം ജീവിക്കാൻ വിധിക്കപ്പെട്ട ഒരു പറ്റം സ്ത്രീകളെയാണ് ഈ കവിത മറനീക്കി കാണിക്കുന്നത്. അവരുട സ്വപ്നം അവസാനിക്കുന്നിടത്താണ് ജീവിതത്തെ അരോചകമാക്കുന്ന ജീവിത മുഹൂർത്തങ്ങൾ പരിഹരിക്കാൻ കഴിയാത്ത ഒരു സമസ്യയായി വീണ്ടും കടന്ന് വരുന്നത്.

"സ്വപ്നത്തിൽ കരിപുരണ്ടവസ്ത്രങ്ങൾ
താനേ കഴുകിയുണങ്ങുന്നു,
കരിപിടിച്ച പാത്രങ്ങൾ
താനേ മോറി നിരക്കുന്നു
എച്ചിലും അടിക്കാടും
മന്ത്രവാദം കൊണ്ടെന്നപോലെ
കുപ്പയിലേക്ക് പറക്കുന്നു" [89]

ദുസ്സഹമായ ജീവിത യാഥാർത്ഥ്യങ്ങളിൽ നിന്ന് സ്വപ്നത്തിലേയ്ക്ക് പകുത്തു വെക്കുന്ന ഈ പാതി മനസ്സാണ് തനിക്കന്യമാകുന്ന അനുഭവങ്ങളെക്കുറിച്ച്

ചിന്തിക്കാൻ സ്ത്രീ സമൂഹത്തെ പ്രേരിപ്പിക്കുന്നത്. തങ്ങൾക്ക് യഥേഷ്ടം രാത്രിയും പകലും ഭീതിയില്ലാതെ സഞ്ചരിക്കാൻ കഴിയുന്ന ഒരു കാലത്തെ സങ്കല്പിക്കാൻ സ്ത്രീ സമൂഹത്തിന് കഴിയുന്നത് തങ്ങളുടെ ജീവിതത്തിന്റെ കീഴായ്മയെ തിരിച്ചറിയുന്നതുകൊണ്ടാണ്. അതുകൊണ്ട് തന്നെയാണ് തങ്ങളുടെ ജീവിത പരിസരത്തിൽ നിന്ന് അധികാരത്തെ സൂചിപ്പിക്കുന്ന പേര്, ജാതി, വയസ്സ്, വികാരങ്ങൾ എന്നിവയെല്ലാം എടുത്തു കളയാൻ ഓരോ സ്ത്രീയും ആഗ്രഹിക്കുന്നത്. ഭയത്തെ ശരീരത്തിലും മനസ്സിലും വഹിക്കാതെയുള്ള ജീവിതമാണ് ഓരോ സ്ത്രീയും ആഗ്രഹിക്കുന്നത്. പക്ഷേ ശരീരകേന്ദ്രിതമായ ജീവിതവീക്ഷണങ്ങളിൽനിന്ന് ഒരു വിമോചനം സ്ത്രീക്ക് എളുപ്പം കഴിയുന്നില്ല.

"അഴിയാൻ കിടക്കേ
കാറ്റ് വീശവേ വേദനിക്കുന്നു,
തോലിരുന്നിടം ചോര ചാടുന്നു
എന്റെ സ്നേഹമേ എന്റെ പ്രപഞ്ചമേ
എന്തിനീയുടലോർമ പ്രാണന്റെ
മിന്നൽ വീശിപ്പൊലിയുമീ നേരം"[90]

'മീൻ' എന്ന കവിതയിലും കവയിത്രി സ്ത്രീ സമൂഹത്തിന് നഷ്ടപ്പെടുന്ന ത്വരിത വേഗങ്ങളെ, ഇച്ഛകളെ അടയാളപ്പെടുത്തുന്നുണ്ട്. തന്റെ ഉണ്മയെ, ശരീരത്തെ മറച്ച് വെച്ചു കൊണ്ടുള്ള ജീവിതപരിസരത്തിൽ നിന്നുള്ള തീവ്രമായ പലായന മോഹമാണ് ഈ കവിതകളുടെ കാതൽ. തങ്ങൾക്ക് സ്വയം പകർത്താൻ ഒരു ലോകം ഇനിയും മുന്നിലുണ്ട് എന്ന ചിന്തയാണ് ഇതിന് ആധാരം. സ്വന്തം കഴിവിൽ വിശ്വാസമർപ്പിച്ച് മുന്നോട്ട് പോകുക എന്നുള്ളതാണ് ഏതൊരു സ്ത്രീയും ആഗ്രഹിക്കുന്നത്. ലിംഗകേന്ദ്രിത സാമൂഹിക ക്രമങ്ങളാണ് അവളുടെ ആഗ്രഹങ്ങൾക്ക് വിലങ്ങുകൾ തീർക്കുന്നത്. അവളെ ശരീരകേന്ദ്രിതമായി വസ്തുവത്കരിച്ച് കുടുംബത്തിനുള്ളിലേയ്ക്ക് ഒതുക്കുന്നത്. ഈ സാമൂഹിക വിവേചനത്തെ മറികടക്കുന്നതാണ് 'മീനുകൾ' എന്ന കവിതയിലെ പ്രമേയം. മീനിനെപ്പോലെ പരിമിതമായ ഭൂവിഭാഗങ്ങളിൽ നീന്തി നീന്തി ജീവിക്കാൻ വയ്യെന്ന് ഈ കവിത പ്രഖ്യാപിക്കുന്നു. സ്വന്തം സ്വത്വത്തിൽ കാലൂന്നിക്കൊണ്ട് ഉയിർത്തെഴുന്നേൽക്കാനാണ് 'മീൻ' എന്ന കവിതയിലെ സ്ത്രീ ആഗ്രഹിക്കുന്നത്. മീൻ എന്നത് കവിതയിൽ

പെൺജീവിതത്തിന്റെ പരിമിതിയെയാണ് സൂചിപ്പിക്കുന്നത്.

"എനിക്കു വയ്യാ മീനായി
ട്ടിയൊഴുക്കിൽത്തണുക്കുവാൻ
ജ്വലിക്കേണം രത്നകോടി
പ്രഭയുള്ളൊരു മിന്നലായ്" [91]

തങ്ങൾക്ക് ചുറ്റും നിലനില്ക്കുന്ന യാഥാസ്ഥിതികതയാണ് സ്ത്രീ സമൂഹത്തെ ഇത്തരത്തിൽ കുതിക്കാൻ പ്രേരിപ്പിക്കുന്നത്. സർവ്വസ്വാതന്ത്ര്യത്തോടെ പ്രകൃതിയിലേയ്ക്ക് കുതിച്ചുപായുന്ന ഒരു പെൺ മനസ്സ് വി.എം.ഗിരിജയുടെ കവിതകളുടെ അടിസ്ഥാനസ്വഭാവമായി തുടരുന്നതിന്റെ കാരണവും മറ്റൊന്നല്ല. സ്ത്രീയുടെ പതിവ് അടയാളങ്ങളായ വിധേയത്വങ്ങളുടെ ശരീരഭാഷയെ മറികടന്ന് പ്രകൃതിയിലേയ്ക്ക് പയ്ക്കുട്ടിയായും മീനായും പറവയായും ത്വരിതവേഗങ്ങളിൽ പെൺമനസ്സ് കോർക്കപ്പെടുന്നതിന്റെ കാരണമായി സാമൂഹ്യസ്ഥാനങ്ങളിലെ പെണ്ണവസ്ഥകളിലെ ഈ അസ്ഥിരതയെ നമ്മുക്ക് വായിച്ചെടുക്കാവുന്നതാണ്.

"എടുത്തുകളയണമീറൻമുടിയിഴ
കാലടിയടയാളം
വിരൽത്തിളക്കം, മണ മതുവേണ്ടാ
വേഷം മാറേണം
കുതിച്ചിടാം നാം പയ്ക്കുട്ടിയുമായി
പറമ്പിലൂടെങ്ങും ചെറു
കുളത്തിൽ മുങ്ങാം മീനുകളായി-
ത്തുടങ്ങീടാമല്ലേ ?" [92]

തങ്ങൾക്ക് നിഷേധിക്കപ്പെട്ട രാത്രിയിലൂടെയും പകലിലൂടെയും ഉള്ള സഞ്ചാരങ്ങളാണീ കവിതകൾ. 'പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ,' 'വീണ തൂവൽപോലെ' എന്നീ കവിതകളിൽ കവയിത്രി ഈ ആശയത്തെ ഒന്നു കൂടി വിപുലപ്പെടുത്തുന്നുണ്ട്. പകലറുതിയിൽ വീട് എന്ന അധികാരസ്ഥാനങ്ങളിലേയ്ക്ക് ഒതുക്കപ്പെടുന്ന പെൺജീവിതങ്ങൾക്ക് നഷ്ടപ്പെടുന്ന അനുഭവങ്ങളെക്കുറിച്ചുള്ള,

കാഴ്ചകളെക്കുറിച്ചുള്ള ചിന്തകളാണ് ഈ കവിതകൾ പങ്കുവെക്കുന്നത്. പകല് പിന്നിട്ടാൽ പാടവരമ്പുകൾ, വയലുകൾ, കുന്നിൻ ചെരുവുകൾ, പാർക്കുകൾ, ഇടവഴികൾ, കാൽമുട്ട് നനയ്ക്കാത്ത കടലുകൾ, ഒരിക്കലും കാണാത്ത മുഴുതിങ്കൾ, കടലിന്റെ തീരത്ത് കാണാവുന്ന നക്ഷത്രങ്ങൾ എന്നിങ്ങനെ സ്ത്രീക്ക് അപ്രാപ്യമായ അനുഭവലോകങ്ങളിലൂടെയാണ് ഈ കവിതകൾ സ്ത്രീയുടെ ചെറിയ ലോകത്തെ നമുക്ക് മുന്നിൽ പരിചയപ്പെടുത്തുന്നത്.

പെണ്ണുങ്ങൾ രാത്രികാലങ്ങളിൽ കയറാത്ത പാതിരാ കുന്നും പാലമരച്ചുവടും കല്ലുവഴികളും എന്നാണ് ഒറ്റയ്ക്ക് രാത്രിയിൽ അനുഭവിക്കാൻ കഴിയുക എന്ന ചോദ്യമാണ് 'പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ' എന്ന കവിത മുന്നോട്ട് വെക്കുന്നത്. ഈ ചോദ്യത്തിന് നൂറ്റാണ്ടുകൾ പഴക്കമുള്ള സാമൂഹ്യവ്യവസ്ഥിതിയുമായി ചേർന്നാണ് ഉത്തരം തേടേണ്ടത്. ശരീരകേന്ദ്രിതമായ ചിന്തകളാണ് എക്കാലത്തും സ്ത്രീയുടെ സഞ്ചാരപഥങ്ങളെ രാത്രിയെന്നും പകലെന്നും രണ്ടായി തിരിക്കുന്നതും നിയന്ത്രിക്കുന്നതും. പുരുഷകേന്ദ്രിതമായ ഒരു സമൂഹത്തിനകത്ത് സ്ത്രീയുടെ ശരീരം കുടുംബത്തിനകത്തും പൊതുയിടങ്ങളിലും സുരക്ഷിതമല്ലെന്ന ചിന്തയാണ് ഭയമായി ഓരോ സ്ത്രീയെയും തന്റെ ജീവിത കാലയളവിൽ കീഴടക്കുന്നത്. കുടുംബത്തിൽ നിന്നാണ് സ്ത്രീ സമൂഹത്തിന് ചെറുപ്പം മുതൽ ഈ ഭയത്തെ ഉൾക്കൊള്ളേണ്ടിവരുന്നത്. സ്ത്രീ അബലയാണ്, സ്ത്രീയുടെ ശരീരം എളുപ്പം കീഴ്പ്പെടുത്താൻ കഴിയുന്നതുമാണ് എന്നീ ചിന്തകളാണ് ചെറുപ്പം മുതൽ കുടുംബവും സമൂഹവും സ്ത്രീയിൽ ഉത്പാദിപ്പിക്കുന്നത്. ആധുനികാനന്തര സ്ത്രീ പഠനങ്ങൾ ഉടലിനെ കേന്ദ്രീകരിച്ചിട്ടുള്ള ഈ സാംസ്കാരിക നിർമിതികളെ ലിംഗപദവി, ലിംഗഭേദം എന്നീ സംജ്ഞകളായി തിരിച്ചാണ് വിശദീകരിക്കാൻ ശ്രമിക്കുന്നത്.

ജൈവികഭിന്നതകൾ സ്ത്രീയും പുരുഷനും ഉൾക്കൊള്ളുന്നുണ്ടെങ്കിലും സ്ത്രീക്കും പുരുഷനും പിൻതുടരേണ്ടിവരുന്ന രണ്ട് ജീവിത വഴികൾ സാമൂഹികമായും സാംസ്കാരികവുമായാണ് നിർമ്മിക്കപ്പെടുന്നത്. ഒരു ശൈലിവത്ക്കരണത്തിന് സ്ത്രീസമൂഹം ഉടലുകൊണ്ടും ഭാഷകൊണ്ടും കാലങ്ങളായി അടിമപ്പെടുന്നുണ്ട്. ഈ സാമൂഹിക യാഥാർത്ഥ്യങ്ങൾ മാറ്റമില്ലാതെ തുടരുന്നതുകൊണ്ടാണ് കവിതയിലെ സ്ത്രീക്ക് രാത്രിയിലെ കാഴ്ചകൾ അപ്രാപ്യമാകുന്നത്. ശൈശവത്തിലും

യൗവനത്തിലും വാർദ്ധക്യത്തിലും സ്ത്രീ ലിംഗകേന്ദ്രിതമായ സാമൂഹിക പെരുമാറ്റ ചട്ടങ്ങൾക്കുള്ളിലാണ് പരിചരിക്കപ്പെടുന്നത്. വിവാഹത്തിലൂടെ സ്ത്രീയുടെ ശരീരം സാമൂഹിക വിനിമയങ്ങളിലെ അടിസ്ഥാന ഏകകമായി മാറുന്നുണ്ട്. കന്യകയെയാണ് പിതൃകേന്ദ്രീകൃത അധികാരത്തെയും സ്വത്തവകാശത്തെയും നിലനിർത്താൻ തിരഞ്ഞെടുക്കുന്നത്. അതുകൊണ്ട് തന്നെ വിവാഹം വരെയും തുടർന്നും ശരീരം സ്ത്രീക്ക് മുന്നിൽ സംരക്ഷിതവലയങ്ങൾക്കുള്ളിൽ കാത്തു പരിപാലിക്കേണ്ടി വരുന്ന ഒരു ഭൗതിക വസ്തുമാത്രമാണ്. ഇങ്ങനെയുള്ള പരിമിതമായ സ്വാതന്ത്ര്യത്തിനകത്ത് ജീവിതത്തെ ഉൾക്കൊള്ളുന്ന സ്ത്രീക്ക് പാതിരാനേരവും നിലാവും രാത്രിയിൽ വിടരുന്ന പൂക്കളും നക്ഷത്രങ്ങളും കാണാൻ കഴിഞ്ഞെന്ന് വരില്ല. അതുകൊണ്ടാണ് തന്റെ കവിതകളിലൂടെ വി.എം.ഗിരിജയ്ക്ക് പെണ്ണുങ്ങൾ കാണാത്ത പാതിരാ നേരങ്ങളിൽ എന്താണ് സംഭവിക്കുന്നതെന്ന് ഇപ്പോഴും ചോദിക്കേണ്ടി വരുന്നത്. ആത്യന്തികമായി ഈ കവിത സ്ത്രീ സമൂഹത്തിന്റെ വിവേചനം നിറഞ്ഞ ജീവിതസാഹചര്യങ്ങളെയാണ് തുറന്നെഴുതുന്നത്.[93]

"പെണ്ണുങ്ങൾ കാലുവെക്കാത്തതാംപാതിരാ-
ക്കുന്നിലെന്താവും അന്നേരം ?
പാലകളിൽപ്പൂവിരിയുമോ ?
നക്ഷത്രമാലകളാടുമോ മീതെ ?
കള്ളുകുടിയന്മാർ വീണുകിടക്കുന്ന കല്ലുവഴികളും കൂടെ
നിന്നു മുരളുന്ന വാലാട്ടിനായയും
എന്നൊന്നു കാണും ഒറ്റയ്ക്ക് ?"[94]

'അക്കത്തിനും മുമ്പ്' എന്ന കവിതയിലും സമാനമായ ആശയത്തെ കവയിത്രി അവതരിപ്പിക്കുന്നുണ്ട്. രാത്രിയെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും ജനലിലൂടെ കണ്ട് തൃപ്തിയടഞ്ഞിരുന്ന ഒരു സ്ത്രീയാണ് ഈ കവിതയിലെ കേന്ദ്രബിന്ദു. മറ്റുള്ളവർക്ക് താങ്ങായി നിന്ന് ജീവിതത്തെ വ്യത്യസ്തതലങ്ങളിൽ പടുത്തുയർത്തുന്നുണ്ടെങ്കിലും ഓരോ സ്ത്രീയുടെ ഉള്ളിലും സ്വയം പൂരിപ്പിക്കേണ്ട ഇടങ്ങൾ, ആഗ്രഹങ്ങൾ ബാക്കിയുണ്ടാവും. സ്ത്രീയുടെ ജീവിതത്തിലെ ഈ വൈരുദ്ധ്യമാണ് ഇരുൾ ചേർന്ന വെളിച്ചമായി സ്ത്രീയെ അവതരിപ്പിക്കാൻ കവയിത്രിയെ പ്രേരിപ്പിക്കുന്നത്.

ഈ ലോകത്തെ മുഴുവൻ വാത്സല്യം കൊണ്ട് തഴുകാൻ കൊതിക്കുന്ന ഒരു മനസ്സാണ് സ്ത്രീക്കുള്ളത്. പ്രപഞ്ചത്തിന്റെ ഓരോ അണുവിലേയ്ക്കും മനസ്സു കൊണ്ട് ചെന്നെത്തുവാൻ കൊതിക്കുന്നവളാണ് വി.എം.ഗിരിജയുടെ കവിതകളിലെ സ്ത്രീ. പക്ഷെ ഈ ആഗ്രഹങ്ങളെല്ലാം ആഗ്രഹങ്ങൾ മാത്രമായി തുടരുന്നുവെന്ന് കവയിത്രി തന്നെ അഭിപ്രായപ്പെടുന്നു.

"മുലയൂട്ടീടുവാൻ കൊതിക്കിലും തനു
ലോകത്തെ മുഴുക്കെ, സുസ്മിതം
കുയിൽ പാടും വിപിനം മനോഹരം,
മൃദുപൂക്കൾ, തരുശാഖസുന്ദരം
സലിലം ദിവ്യരസം സുഗന്ധി, ഞാൻ
നിനവിൽ മാത്രം ഇതൊക്കെയാം സഖേ"[95]

പ്രകൃതിയിലെ സർവ്വ ജീവസമൂഹവുമായി നിലനിർത്തുന്ന ഈ മമതാബന്ധമാണ് സ്ത്രീസമൂഹത്തെ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രത്യയശാസ്ത്രത്തോട് ചേർത്ത് നിർത്തുന്നത്. വി.എം.ഗിരിജയുടെ കവിതകളിലെ സ്ത്രൈണതയുടെ വ്യാപനം പുതുമൂല്യബോധത്തെ നിർമ്മിച്ചെടുക്കുന്നത് ഈയർത്ഥ പരിസരത്തിലാണ്. സംസ്കാരത്തിന്റെ ലിംഗ കേന്ദ്രിതമായ തുടർച്ചകൾക്കിടയിൽ സ്ത്രൈണതയ്ക്ക് നേരിടേണ്ടിവരുന്ന നഷ്ടബോധത്തെ പരിചയപ്പെടുത്തുന്നതോടൊപ്പം ഈ കവിതകളുടെ രാഷ്ട്രീയം വ്യത്യാസപ്പെടുന്നത് സ്ത്രീയുടെ ഗതിവേഗങ്ങളിലേയ്ക്ക് പുരുഷസത്തയെ സമതുലിതമായ തലത്തിൽ പ്രവേശിപ്പിച്ചുകൊണ്ടാണ്. സ്ത്രീ പുരുഷയോഗം എന്നതിനപ്പുറത്ത് ഈ കവിതകൾ സ്ത്രീ പുരുഷസമത്വത്തിന് ഊന്നൽ നല്കുന്ന ഒരു ഭൗമസദാചാരത്തിനാണ് പ്രാധാന്യം നല്കുന്നത്.

6.3.3 സ്ത്രീ/പുരുഷൻ = പ്രകൃതി

സ്ത്രീയും പ്രകൃതിയും വസ്തുവത്കരിക്കപ്പെടുന്ന സാമൂഹ്യസന്ദർഭങ്ങളെ മുൻനിർത്തിയാണ് ഉടലിനെ ആസ്പദമാക്കിക്കൊണ്ട് വി.എം. ഗിരിജയുടെ കവിതകൾ ഒരു പുതുഭാവുകത്വത്തിലേയ്ക്ക് കടക്കുന്നത്. വിപ്ലവാത്മകമായ ഒരു സാമൂഹിക വിമോചനത്തിന് ഈ കവിതകൾ മുതിരുന്നില്ല. പകരം പ്രകൃതിയുടെ സ്വത്വത്തിൽ

ഊന്നി നിന്നുകൊണ്ട് സ്ത്രീക്കും പ്രകൃതിക്കും മീതെ നിലകൊള്ളുന്ന ലിംഗ കേന്ദ്രിതഅധികാരങ്ങളെ സൂക്ഷ്മമായി അഴിച്ചെടുക്കാനാണ് കവിത ശ്രമിക്കുന്നത്. സർവചരാചരങ്ങളുടെയും നിലനില്പിന്റെ ആധാരമായി പ്രകൃതിയെ കവിതകളുടെ കേന്ദ്രത്തിൽ നിലനിർത്തുന്നു. സ്ത്രൈണപരമായ ഉണ്മകളെയാണ് കവിത പകർത്തുന്നത്. സൃഷ്ടിയും സ്ഥിതിയും പ്രണയവും ഈ സ്ത്രൈണതയുടെ കാതലായി നിലകൊള്ളുന്നു. സമകാലിക കവിതകളുടെ പരിച്ഛേദമെന്ന് അവകാശപ്പെടാൻ കഴിയില്ലയെങ്കിലും വി.എം. ഗിരിജയുടെ കാവ്യലോകം വ്യത്യസ്തത പുലർത്തുന്നത് സമതുലിതമായ ഒരിടത്തെ പ്രകൃതിയിൽ പ്രണയത്തിലൂടെ വീണ്ടെടുത്താണ്. പലപ്പോഴും കവിതയിൽ ഈ ഇടം, കാട്, മരം എന്നീ പ്രതിനിധാനങ്ങളിലൂടെയാണ് പ്രത്യക്ഷപ്പെടുന്നത്. സ്ത്രീയും പുരുഷനും ഉൾപ്പെടെയുള്ള ജീവസമൂഹത്തിന്റെ ജൈവികമായ നിലനിൽപ്പിനെ സാധ്യമാക്കുന്ന ഭൂമിയുടെ പ്രതീകമാണ് വി.എം. ഗിരിജയുടെ കവിതകളിൽ കാട്. ഈ കാടുമായി സ്വയം തന്മയീഭവിച്ചുകൊണ്ട് മഴയും മഞ്ഞും വെയിലും പച്ചപ്പും നിറഞ്ഞ ഒരു ലോകത്തെ കവിതയുടെ അകത്ത് കവയിത്രി സൃഷ്ടിക്കാൻ ശ്രമിക്കുന്നു. സാമൂഹികമായ ഇടങ്ങളിൽ നിന്നകന്നാണ് ഇത്തരത്തിൽ കാട് കവിതയിൽ കടന്ന് വരുന്നത്. സ്ത്രീക്ക് സ്വന്തം സ്വാതന്ത്ര്യത്തെ അനുവദിക്കുന്നു എന്നുള്ളതാണ് മനുഷ്യകേന്ദ്രിത സംസ്കാരത്തിന് അപരസ്ഥാനത്ത് നിലനില്ക്കുന്ന ഈ കാടിന്റെ കല്പനയ്ക്ക് പിറകിലുള്ള യുക്തി.

" പച്ചപ്പുൽ വിരിപ്പിലെൻ മേനി
ഹരിതചുംബനസമൃദ്ധിയിൽ
പൂത്തുതളിർക്കുന്നു
കാടിനകത്തൊരുൽസവം
ഉടലിനുൽസവം
കാട്ടിലലയുന്നു
ഞാനും മഴയുമൊന്നായി"[96]

'ധ്രുവം തൊട്ട് ധ്രുവം വരെ' എന്ന കവിതയിൽ ഈ സ്ത്രീ, പ്രകൃതി കൂടിച്ചേരൽ അമൂർത്തമായ ഒരു ആശയ പരിസരത്തിലേയ്ക്ക് വളരുന്നുണ്ട്. തന്റെ ഉടലിന്റെ ആനന്ദങ്ങളെ അനുഭവിക്കുന്നവളാണ് 'കാട്' എന്ന കവിതയിലെ സ്ത്രീ. 'ധ്രുവം തൊട്ട്

ധ്രുവം വരെ' എന്ന കവിതയിലെ സ്ത്രീ ഈ ആനന്ദങ്ങളെ സ്ത്രീസ്വത്വവുമായി ബന്ധിപ്പിക്കുന്നുണ്ട്. വെറും ഉടലായി തുടരുന്നതിൽ ഈ കവിതയിലെ സ്ത്രീ വിയോജിപ്പ് പ്രകടിപ്പിക്കുന്നുണ്ട്. ഈ ലോകം തങ്ങളുടേതല്ല എന്ന തിരിച്ചറിവിൽ നിന്നാണ് ഓരോ സ്ത്രീയും ഉടലുകൊണ്ടും ഉയിരുകൊണ്ടും തങ്ങളുടെ ഇടത്തിൽ സ്വാതന്ത്ര്യത്തെ കാംക്ഷിക്കുന്നത്. ഈ ലോകം സ്ത്രീയെയും ഇതരജീവ സമൂഹങ്ങളെയും കീഴ്പ്പെടുത്തുന്നവന്റേതാണെന്ന് വി.എം.ഗിരിജ അടിവരയിടുന്നുണ്ട്. 'അവരൊക്കെ' എന്ന കവിത തന്നെ ഇതിന് ദൃഷ്ടാന്തമാണ്. ഈ കവിതയിൽ കവയിത്രി സ്ത്രീയെയും ഇതര ജീവസമൂഹത്തിനെയും കീഴ്പ്പെടുത്തുന്ന ഈ ലിംഗ കേന്ദ്രിതശക്തിയുടെ ചരിത്രപരവും സാമൂഹ്യപരവുമായ പശ്ചാത്തലങ്ങളെ വിശദീകരിച്ചു പോകുന്നുണ്ട്. 'അവരൊക്കെ' എന്ന തലക്കെട്ട് തന്നെ മുഖ്യധാരാ സമൂഹത്തിൽ പ്രാതിനിധ്യം നഷ്ടപ്പെടുന്ന സമൂഹത്തെയാണ് പ്രതിനിധീകരിക്കുന്നത്. ഈ കവിതയിലെ 'വീരനാവികൻ' എന്ന പ്രയോഗം തന്നെ ചെന്നെത്തുന്നത് സാമൂഹിക വിനിമയങ്ങളിലെ കർത്തൃത്വസ്ഥാനത്തേക്ക് സ്വയം അവരോധിക്കുന്ന പുരുഷസമൂഹത്തിലേയ്ക്കാണ്. നൂറ്റാണ്ടുകളിലൂടെയാണ് ഈ മേധാവിത്വം സ്ഥിരപ്പെട്ടത്. 'കുടുംബം' എന്ന സങ്കല്പം ഈ മേധാവിത്വത്തോട് കടപ്പെട്ടാണ് നിലനില്ക്കുന്നത്. ഈ മേധാവിത്വത്തിന് കീഴിൽ ജീവിച്ച് ജീവിച്ച് ശരീരം തളരുമ്പോഴും ചുറ്റുപാടുകളിൽ നിന്നുള്ള കല്പനകൾക്കായി ജാഗരൂകരായി നിലകൊള്ളുന്ന പെൺമനസ്സിലൂടെയാണ് ഈ കവിതയുടെ ആദ്യഘട്ടം കടന്ന് പോകുന്നത്.

"കാലു നീട്ടിയിരുന്നാലും
വടികുത്തിനടന്നാലും
നാലുപാടും കണ്ണും ചെവിം
നാക്കും മൂക്കുമിരിക്കുന്നോർ
അവരൊക്കെ ഏകാന്തത
അറിയാതെ ജീവിച്ചുവോ ?"[97]

ഇത്തരത്തിൽ ലിംഗകേന്ദ്രിത നയത്തിന് കീഴ്പ്പെട്ടാണ് ഓരോ സ്ത്രീയും ഇന്നും തങ്ങളുടെ ജീവിത കാലയളവ് പിന്നിടുന്നത്. വേദപുസ്തകങ്ങളും മതസംഹിതകളും നഗരങ്ങളും അധികാരവും ഈ ലിംഗകേന്ദ്രിത നയത്തിനോട് ചേർന്നാണ്

രൂപപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ അവളുടേതായ ഒരു ലോകത്തെ അവൾക്ക് മനസ്സിനെ പ്രകൃതിയിലേക്ക് സ്വതന്ത്രമാക്കി കൊണ്ടും അല്ലാതെയും സങ്കല്പിക്കേണ്ടി വന്നു. ഒരു സങ്കല്പത്തിനപ്പുറം അവളുടെ ഉയിരും ഉടലും ചേർന്ന ഇടം യഥാർത്ഥ്യ മായില്ല. മതപരമായും രാഷ്ട്രീയപരമായും പുരുഷമേധാവിത്വത്തെ നിലനിർത്തിയി രുന്ന ഒരു സാമൂഹ്യഘടനയിൽ സ്ത്രീയുടെ ഉയിരും ഉടലും കീഴായ്മയിൽ ഒതുക്കപ്പെട്ടു. അതുകൊണ്ടാണ് 'ഇയ്യോബിന്റെ പുസ്തകം' എന്ന കവിതയിലെ സ്ത്രീ ഇനിയെങ്ങനെയാണ് തന്റെ ശരീരത്തെ മനസ്സിനെ ഈ സാമൂഹിക ഘടനയിൽ നിന്ന് തിരിച്ചെടുക്കുക എന്ന് ആശങ്കപ്പെടുന്നത്.

"വാനിനെത്തൊടുവാനായുന്ന തിരപോൽ വേദന വരുമ്പോൾ
ജീവന്റെ ചെറു വേരോരോന്നായ് പറിയുമ്പോൾ
കരച്ചിൽ പൊന്തുമ്പോൾ ഇരുട്ടുമൂടുമ്പോൾ
പ്രിയരെ, എങ്ങനെ തിരിച്ചെടുക്കും ഞാൻ?"[98]

തന്റെ മാത്രം വേദനയെയല്ല ഈ കവിതയിലെ സ്ത്രീ ഉൾവഹിക്കുന്നത്. പുരുഷമേധാവിത്വത്തിന് കീഴിൽ അരിക്വത്കരിക്കപ്പെടുന്ന എല്ലാ ജനവിഭാഗങ്ങളും ഈ വേദനയിൽ ഉൾചേരുന്നുണ്ട്. വിപണിക്കുവേണ്ടി പല്ലും നഖങ്ങളും തൊലിയും ഉരിക്കപ്പെടുന്ന ജീവസമൂഹം, ആവാസസ്ഥാനങ്ങൾ നഷ്ടപ്പെടുന്നവർ എല്ലാവരും ഏകപക്ഷീയമായ മേധാവിത്വത്തിന്റെ സൃഷ്ടികളാണ്. കിളികളും പൂക്കളും സ്ത്രീ സമൂഹവും ഭാവിതലമുറയും ഈ മേധാവിത്വത്തിന് കീഴിലാണ്. സ്ഥലകാലങ്ങൾക്ക പ്പുറത്തേക്ക്, ഉടലുകൾക്കപ്പുറത്തേക്ക് സ്ത്രൈണതയെ വ്യാപിപ്പിച്ചു കൊണ്ടാണ് കവയിത്രി സ്ത്രീസ്വത്വത്തെ ഈ പുരുഷാധിപത്യനയത്തിൽ നിന്ന് സ്വതന്ത്രമാക്കാൻ ശ്രമിക്കുന്നത്. അനർഹമായ മേധാവിത്വസ്ഥാനങ്ങളിൽ നിന്ന് പുരുഷനെയും വി.എം. ഗിരിജയുടെ കവിതകൾ മോചിപ്പിക്കുന്നുണ്ട്.

പ്രകൃതിയിൽ ഉടലുകളെ സ്ത്രീയായും പുരുഷനായും തിരിക്കുന്നത് അവയുടെ കേവലതയിലാണ്, ജൈവികമായ വ്യത്യാസത്തിലാണ്. മനുഷ്യകേന്ദ്രിത സംസ്കാര ത്തിനകത്ത് ഈ വേർതിരിവ് അധികാരവുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. ഈ ലോകം തങ്ങളുടേതല്ല എന്ന തിരിച്ചറിവിൽ നിന്നാണ് ഓരോ സ്ത്രീയും ഉടലുകൊണ്ടും ഉയിരുകൊണ്ടും തങ്ങളുടെ ഇടത്തിൽ സ്വാതന്ത്ര്യത്തെ

കാംക്ഷിക്കുന്നത്. ഈ ലോകം സ്ത്രീയേയും ഇതര ജീവസമൂഹങ്ങളെയും കീഴ്പ്പെടുത്തിക്കൊണ്ടാണ് നിലനില്ക്കുന്നത്. ഒന്ന് മറ്റൊന്നിനെ ജീവിത കാലയളവിലുടനീളം ഭയത്തോടെ പിൻതുടരേണ്ടിവരുന്നു. സേവിക്കേണ്ടി വരുന്നു അതോടൊപ്പം ഇതര ജീവസമൂഹങ്ങളും ജീവിതകാലയളവ് മുഴുവൻ വേട്ടയാടപ്പെടുന്നുണ്ട്. അതുകൊണ്ടാണ് പ്രകൃതിയുടെ ഉടലായും ഉയിരായും സ്ത്രൈണ ചേതന വി.എം.ഗിരിജയുടെ കവിതകളിലുടനീളം കാണാൻ കഴിയുന്നത്. പ്രകൃതിക്കുവേണ്ടിയും സ്ത്രീക്കുവേണ്ടിയും നീക്കിവെക്കുന്ന വാക്കുകളിലൂടെയാണ് വി.എം.ഗിരിജയുടെ കവിത പാരിസ്ഥിതിക സ്ത്രീവാദ പരിപ്രേക്ഷ്യത്തിലേയ്ക്ക് ചേർന്ന് നിൽക്കുന്നത്.

"ഉടലാലുമുയിരാലും ധനത്താലും ഋണത്താലും
അളക്കരുതെന്നെയെന്ന് ഞാനാം അവൾ പറയുന്നു!"[99]

അപരിമേയമായ സത്താവിശേഷമായി സ്ത്രീയും പ്രകൃതിയും ഇത്തരത്തിൽ കവിതകളുടെ കേന്ദ്രത്തിൽ പ്രതിഷ്ഠിക്കപ്പെടുന്നു. പ്രകൃതിയുടെ നിലനില്പ്പ് ലിംഗകേന്ദ്രിതമായ സാമൂഹ്യവ്യവഹാരങ്ങളോട് ഇടകലർന്നാണ് നിലനില്ക്കുന്നത്. അതുകൊണ്ട് തന്നെ സ്ത്രീ പുരുഷ ദ്വന്ദ്വത്തിലൂടെ കേന്ദ്രീകരിക്കപ്പെടുന്ന ലിംഗപരമായ അധികാരങ്ങളെ മായ്ച്ച് കളഞ്ഞ് ജൈവികമായ സമത്വത്തിലേക്ക് ഉടലിനെയും ഉയിരിനെയും ഒന്നു ചേർക്കുന്നു.

"എനിക്കിനി ഉടലായുമുയിരായും തിരിയണ്ട
എനിക്കിനി മുലയായും ലിംഗമായും മുളയ്ക്കണ്ട
എനിക്കിനി മുടിയായും നഖമായും പൊഴിയേണ്ട
ഇരുട്ടത്തും നിലാവത്തുമൊളിച്ചിരിക്കേണ്ട
ഉയിരുള്ളോരുടലായി മുളച്ചുപൊന്തുന്നു ഞാൻ"[100]

പരസ്പരം ഭിന്നമായ രണ്ട് ലോകങ്ങളെ ഒന്നു ചേർക്കുമ്പോൾ സ്വാഭാവികമായും അവയെ ചുഴ്ന്ന് നിൽക്കുന്ന സാമൂഹ്യവ്യവസ്ഥിതി പ്രശ്നവത്കരിക്കപ്പെടുന്നു. സ്ത്രീയുടെ ആന്തരികതലങ്ങളെ പ്രകൃതിയിലേയ്ക്ക് സന്നിവേശിപ്പിച്ചുകൊണ്ട് സ്ത്രീക്ക് പ്രകൃതിയുടെയും തിരിച്ചും ഉടലുകൊടുത്ത് പ്രകൃതിയനുഭവങ്ങളെയും സ്ത്രൈണമായ ജീവിത ചുറ്റുപാടുകളെയും പരസ്പരം ബന്ധിപ്പിക്കുന്ന രീതിയാണ്

ഈ വിഷയത്തിൽ വി.എം. ഗിരിജയുടെ കവിതകൾ സ്വീകരിക്കുന്നത്. യഥാർത്ഥത്തിൽ ലിംഗകേന്ദ്രിത സമൂഹത്തിന്റെ നിർമിതിയായ കുടുംബമാണ് അധികാരസ്വരൂപമായും സ്നേഹവായ്പായും സ്ത്രീസമൂഹത്തെ നിരന്തരം പിൻതുടരുന്നത്. പിതൃകേന്ദ്രിത അധികാരത്തിന്റെയും സമ്പത്തിന്റെയും അടിസ്ഥാനത്തിൽ കുടുംബം കൂടുതലായും കടപ്പെട്ട് നിൽക്കുന്നത് പുരുഷനോടാണ്. എന്നാൽ പാചകം, ശുചീകരണം, ശിശുപരിപാലനം എന്നിവ പൂർണമായും സ്ത്രീയെ കേന്ദ്രീകരിക്കുന്നു. കുടുംബം ഉയർത്തുന്ന ഈ ജൈവികവും സാമൂഹികവുമായ പ്രശ്നങ്ങളിൽ നിന്ന് സ്വത്വപരമായ വിമോചനം പൂർണമായും ഒരു സ്ത്രീക്ക് സാധ്യമല്ല. കുടുംബത്തെ തകർക്കുക എന്നതിനപ്പുറത്ത് ആൺകോയ്മയെ ഇല്ലാതാക്കുക എന്നതാണ് പ്രധാനം. അതുകൊണ്ടാണ് കവയിത്രി അടുക്കളയിലും കിടപ്പുമുറിയിലും വേരൂന്നി ഇലകൾ വിടർത്തുന്ന ഒരു മരമായി സ്ത്രീയെ സങ്കൽപ്പിക്കുന്നത്.

"മുറിയിലും തഴയ്ക്കുന്ന
വഴിയിലും അടുക്കള ചുമരിലും
പിടിക്കുന്ന, തണുപ്പുള്ള
പച്ചപ്പുള്ള മരമായി
വിരിഞ്ഞാലോ?"[101]

സ്വന്തം സ്വത്വത്തിനെ തിരിച്ചറിഞ്ഞ് നിലനിൽക്കാൻ കൊതിക്കുന്ന ഒരു പെൺമനസ്സിനെയാണ് 'മരം' എന്ന സൂചകത്തിന് പിന്നിൽ കാണാൻ കഴിയുക. കുടുംബം, മാതൃത്വം എന്നിവയെ മാനിച്ചുകൊണ്ടാണ് കവയിത്രി സ്ത്രീ വിമോചനത്തെ മുന്നോട്ട് വെക്കുന്നത്. അതോടൊപ്പം 'മരം' എന്ന സൂചകത്തിലൂടെ ലിംഗവിനിമയങ്ങളിലെ സ്വയം മറികടക്കേണ്ട ഗതിരോധത്തിനെകൂടി ഓർമ്മപ്പെടുത്തുന്നു.[102] ആത്യന്തികമായി വി.എം. ഗിരിജയുടെ കവിതകൾ മുന്നോട്ട് വെക്കുന്ന ആശയം ലിംഗസമത്വത്തിന്റേതാണ്. ലിംഗവിനിമയങ്ങളിലെ പെൺപരിസരങ്ങളെ വെളിപ്പെടുത്തികൊണ്ട് കവിത നിലയുറപ്പിക്കുന്നത് സാമൂഹ്യമാറ്റത്തിന്റെ ദിശയിലാണ്. ഈ മാറ്റം 'ആ.... നാട്' എന്ന കവിതയിൽ പ്രകടമാണ്. സുന്ദരവും ജൈവിക സമത്വത്തിലുന്നുന്നതുമായ ഒരു പ്രകൃതി സങ്കല്പത്തെ ഈ കവിത മുന്നോട്ട് വെക്കുന്നു. ഈ പ്രകൃതി സങ്കല്പത്തിലേയ്ക്ക് സ്ത്രീ തനിച്ചല്ല യാത്രയാവുന്നത്. പുരുഷനെയും ഈ യാത്രയിൽ അവൾ കൂടെചേർക്കുന്നു. ഹരിതസമൃദ്ധിയുടെ ഒരു നാട്ടിലേയ്ക്കാണ് യാത്ര. അവിടെ വിളഞ്ഞ്

കിടക്കുന്ന നെൽപാടങ്ങളുണ്ട്. ജലസമൃദ്ധിയിൽ തോടുകളും കിണറുകളും നിറഞ്ഞ് തുളുമ്പുന്നു. പ്രകൃതിയിലെ ഇതര ജീവസമൂഹങ്ങളെ സഹജാവബോധത്താൽ കൂടെ നിർത്തുന്നു എന്നുള്ളതാണ് ആ നാടിന്റെ മേന്മ എന്നാൽ വിദൂരസ്വപ്നമായി നിലകൊള്ളുന്ന ഈ നാട്ടിലേയ്ക്ക് എത്തിച്ചേരണമെങ്കിൽ നിലവിലുള്ള ജീർണിച്ച അധികാര വ്യവസ്ഥിതികളിൽ നിന്ന്, ആൺകോയ്മയിൽ നിന്ന് ധീരമായ ഒരു ചുവടു മാറ്റം ഉണ്ടായേ തീരൂ. ഈ മാറ്റമാണ് 'ആനാട്' എന്ന കവിത ആവശ്യപ്പെടുന്നത്.

"ധീരമാം കാലടിവെയ്പ്പിനാലേ
ദൂരമടുപ്പമാക്കിച്ചമച്ചും
ഞാനുമവിടേയ്ക്ക് പോകയാണെന്റെ കൈ
നീ കവർന്നാൽ-ഒപ്പമാണ് യാത്ര"[103]

സ്ത്രീ പുരുഷ സമത്വത്തിലൂന്നുന്ന ഈ സങ്കല്പം ലിംഗകേന്ദ്രിതമായ ലോകക്രമത്തിന് ഒരു ബദൽലോകത്തിനെ പുനസൃഷ്ടിക്കുന്നുണ്ട്. ഇതുവഴി പ്രകൃതിയെ കേന്ദ്രസ്ഥാനത്ത് നിർത്തികൊണ്ട് സ്ത്രീയും പുരുഷനും ഉൾപ്പെടെയുള്ള ജീവസമൂഹത്തെ ഈ കേന്ദ്രിതസത്തയുടെ ഭാഗമാക്കി മാറ്റുന്നു. മനസളവ് കൊണ്ട് പ്രകൃതിയായി സ്വയം മാറികൊണ്ടാണ് കവയിത്രി ഇതു സാധ്യമാക്കുന്നത്. സ്ത്രീയും പുരുഷനും രണ്ട് വ്യത്യസ്ത ജൈവിക തലങ്ങളെ വഹിക്കുമ്പോഴും രണ്ടും ഒന്നിന്റെ തന്നെ വേറിട്ട വ്യാവഹാരിക പരിസരമായിട്ടാണ് വി.എം. ഗരിജയുടെ കവിതകൾ അടയാളപ്പെടുത്തുന്നത്. പ്രണയത്തിലൂടെ ഒന്നായിമാറിയും അകന്നും പല ജന്മങ്ങളിലൂടെ പ്രപഞ്ചത്തിന്റെ ഭാഗമായി നിലകൊള്ളുന്ന ഉടലും ഉയിരും ഉള്ള രൂപങ്ങളായാണ് കവയിത്രി സ്ത്രീയെയും പുരുഷനെയും കാണുന്നത്. ലിംഗകേന്ദ്രിത സാമൂഹിക പരിസരത്തിൽ നിന്നുള്ള സ്ത്രീയുടെയും പുരുഷന്റെയും ഈ വ്യതിയാനമാണ് പരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയപരിസരത്തിലേയ്ക്ക് വി.എം.ഗിരിജയുടെ കവിതകളെ അടുപ്പിക്കുന്നത്.

"ഇതാ നോക്ക് - യോഗ അഥവാ നർത്തനം
അരികിൽ നീ പല പൊഴുതും രൂപങ്ങൾ
അഴിച്ചുവയ്ക്കുന്നു. പുനർജനിക്കുന്നു.
നമ്മിൽ ഉറങ്ങുന്നുണ്ടെന്നോ സകലതും?

പൂവും ശലഭവും മീനും നിലാവും
സർപ്പവും - അതിന്റെ വിത്തുകൾ
അറിയാതെ പൊട്ടിമുളയ്ക്കുമ്പോൾ
നാമും പ്രപഞ്ചമാവുമോ?"[104]

പ്രകൃതിക്കപ്പുറത്തേക്ക് മനുഷ്യകേന്ദ്രിതമായി ഒന്നും തന്നെയില്ല. എല്ലാം പ്രകൃതിയാണ് എന്ന ഈ കാഴ്ചപ്പാടിന് മുന്നിലാണ് പ്രകൃതിയെ മുൻനിർത്തിയിട്ടുള്ള അധിനിവേശപരവും ലിംഗകേന്ദ്രിതവുമായ എല്ലാ ഇടപെടലുകളും അസ്ഥിരപ്പെടുന്നത്. ആത്യന്തികമായി പ്രകൃതിയുടെ നിലനില്പ്പാണ് പ്രധാനം. പ്രകൃതി വിരുദ്ധമായ വികസന പദ്ധതികൾ യഥാർത്ഥത്തിൽ പ്രകൃതിയുടെ ഉത്പാദനവ്യവസ്ഥിതിയെ കീഴായ്മയിൽ നിലനിർത്തിക്കൊണ്ടാണ് മുന്നോട്ട് പോകുന്നത്. ജൈവപരവും അജൈവവുമായ ശേഷികൾ കൂടി ചേർന്നതാണ് പ്രകൃതി. അതുകൊണ്ടു തന്നെ പ്രകൃതിയെ അപരവത്കരിച്ചുകൊണ്ടുള്ള വികസനനയങ്ങൾ സ്വന്തം ശവക്കല്ലറയിൽ മണ്ണിടുന്നതിന് തുല്യമാണ്. മാലിന്യകൂമ്പാരങ്ങളിലൂടെ നാം പ്രകൃതിക്ക് തിരിച്ചു കൊടുക്കുന്ന അധിക ബാധ്യതകളുടെ ഫലമാണ് അനാരോഗ്യപരമായ ഭാവിതലമുറ. ഈ പരിതസ്ഥിതികളിൽ പ്രകൃതിയോടിണങ്ങിയ ഒരു ജീവിതത്തിലേയ്ക്കാണ് കവയിത്രി കർത്തൃത്വപ്രാധാന്യമില്ലാതെ നമ്മെ ഇറക്കിക്കൊണ്ട് പോകുന്നത്. ഇത് തന്നെയാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആത്യന്തികലക്ഷ്യം[105]. യഥാർത്ഥത്തിൽ ലിംഗപരമായ മേൽക്കോയ്മകളില്ലാത്ത സുന്ദരമായ ലോകം എന്ന സ്വപ്നത്തിന് കീഴെയാണ് വി.എം.ഗിരിജയുടെ കവിതകൾ സ്ഥാനപ്പെടുന്നത്. അതുകൊണ്ടാവാം മനുഷ്യ സമൂഹം ഒന്നൊന്നായി തങ്ങളുടെ സാന്നിധ്യം അടയാളപ്പെടുത്തുന്നതുവരെ ഈ ഭൂമി നിർമലമായ ഒരു അരുവി പോലെയായിരുന്നുവെന്ന് കവയിത്രി എഴുതുന്നത്.

"കാണുംവരെ ഭൂമി ചുറ്റിയോടുന്നൊരു
പാവമരുവി പോലായിരുന്നു"[106]

പ്രകൃതിയെ ലിംഗഭേദമില്ലാതെ, ഉയർച്ച താഴ്ച്ചകളില്ലാതെ പരിചരിക്കുന്ന ഒരു ഭാവികാലത്തിലേയ്ക്കാണ് വി.എം.ഗിരിജയുടെ ഈ കാവ്യ ചിന്തകൾ കേന്ദ്രീകരിക്കുന്നത്. ഈയർത്ഥത്തിൽ വി.എം. ഗിരിജയുടെ കവിതകൾ പാരിസ്ഥിതിക സ്ത്രീവാദത്തിന് ഇടം നൽകുന്നുണ്ട്.

യഥാർത്ഥത്തിൽ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയപരിസരത്തിൽ ജൈവികതുല്യതയ്ക്ക് ഊന്നൽ നൽകുന്ന കവയിത്രികളാണ് ലളിതാലെനിനും വി.എം. ഗിരിജയും. ലളിതാലെനിൻ സ്ത്രീ, പ്രകൃതി പ്രശ്നങ്ങളുടെ സാമൂഹിക പരിസരങ്ങളെ മതപരവും സാംസ്കാരികവുമായ തലങ്ങളിൽ തുടരുന്ന ലിംഗാധികാരവുമായി ബന്ധപ്പെടുത്തിയാണ് കവിതകളിൽ വിശകലനം ചെയ്യുന്നത്. വി.എം. ഗിരിജയുടെ കവിതകളിൽ മണ്ണിന്റെയും പെണ്ണിന്റെയും ഉടലുകൾ തുല്യതയിൽ ഒന്നാകുന്ന സാഹചര്യമാണുള്ളത്. ലിംഗേതരമായ ജീവസമൂഹത്തിന്റെ സ്വാതന്ത്ര്യത്തെ ഈ കവിതകൾ അനുധാവനം ചെയ്യുന്നു. ലിംഗകേന്ദ്രിതമായ സാമൂഹിക ഗതിവിഗതികൾക്ക് എതിർദിശയിലൂടെ കവിതയെ സമീപിച്ചുകൊണ്ടാണ് ലളിതാലെനിനും വി.എം. ഗിരിജയും പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രത്യയ ശാസ്ത്രത്തിലേക്ക് അടുക്കുന്നത്. സ്ത്രീ, പ്രകൃതി വിമോചനത്തിന്റെ ഈ വേറിട്ട പന്ഥാവിലേക്ക് റോസ്മേരി പൂർണ്ണമായും എത്തിച്ചേർന്നിട്ടില്ല.

കുറിപ്പുകൾ

1. സി.എസ്. സൗമ്യ, 'സംസ്കൃതിയും സ്ത്രൈണപ്രതിലോമപരതയും ലളിതാലെനിന്റെ കവിതയിൽ', *സാഹിത്യലോകം*, 44,1 (2016), പു. 206.
2. ലളിതാലെനിൻ, 'അരുന്ധതി', *നമുക്ക് പ്രാർത്ഥിക്കാം* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.19.
3. ടി.പു.21.
4. ലളിതാലെനിൻ, 'കൺകെട്ട്', *നമുക്ക് പ്രാർത്ഥിക്കാം* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.28.
5. ടി.പു.27.
6. ലളിതാലെനിൻ, 'തിരിച്ചറിവ്', *നമുക്ക് പ്രാർത്ഥിക്കാം* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.46
7. ലളിതാലെനിൻ, 'നമുക്ക് പ്രാർത്ഥിക്കാം', നമുക്ക് പ്രാർത്ഥിക്കാം (ഡി.സി. ബുക്സ്, കോട്ടയം, 2000), പു.49.
8. ടി.പു.49.
9. ടി.പു.50.
10. സി.എസ്ചന്ദ്രിക, 'എന്റെ നെഞ്ചിൽ തന്നെ ആദ്യത്തെ നിറയൊഴിക്കുക!.. ദേശീയ സ്വാതന്ത്ര്യം സ്ത്രീകൾ സമരങ്ങൾ' *കേരളത്തിന്റെ സ്ത്രീ ചരിത്രങ്ങൾ മുന്നേറ്റങ്ങൾ* (ഡി.സി.ബുക്സ്, കോട്ടയം, 2016), പു.106.
11. ലളിതാലെനിൻ, 'സന്ധ്യയിൽ ജനൽ തുറക്കുമ്പോൾ', *നമുക്ക് പ്രാർത്ഥിക്കാം* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.66.
12. ടി.പു.65.
13. ടി.പു.67.

14. ലളിതാലെനിൻ, 'കാറ്റ് പറയുന്നത്', *നമുക്ക് പ്രാർത്ഥിക്കാം* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.82.

15. ലളിതാലെനിൻ, 'വിറക്', *നമുക്ക് പ്രാർത്ഥിക്കാം* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.83.

16. ടി.പു.84.

17. ലളിതാലെനിൻ, 'കല്ലുകൾ', *നമുക്ക് പ്രാർത്ഥിക്കാം* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.100.

18. ടി.പു.99.

19. ടി.പു.100.

20. ലളിതാലെനിൻ, 'ദ്രൗപദി', *കർക്കിടകവാവ്* (പരിധിപബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1995), പു.25.

21. ടി.പു.25-26.

22. ഷീബ ദിവാകരൻ, 'തിരിച്ചറിവും പ്രതിരോധവവും', *പെൺകവിത മലയാളത്തിൽ* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014), പു.111-112.

23. ലീലാവതി. എം., 'കവിതാലോകം', *സ്ത്രീ സ്വത്വാവിഷ്കാരം ആധുനിക മലയാള സാഹിത്യത്തിൽ* (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2008), പു. 227.

24. ലളിതാലെനിൻ, 'അമ്മയാവുക', *കർക്കിടകവാവ്* (പരിധിപബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1995), പു.30.

25. ടി.പു.31

26. ലളിതാലെനിൻ, 'കരിങ്കിളി', *കരിങ്കിളി* (നാഷ്ണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1976), പു.23-24.

27. കവയിത്രി ലളിതാലെനിനുമായി നടത്തിയ അഭിമുഖം, അനു. 414-420.

28. സി.എസ്. സൗമ്യ, 'സംസ്കൃതിയും സ്ത്രൈണപ്രതിലോമപരതയും ലളിതാലെനിന്റെ കവിതയിൽ', *സാഹിത്യലോകം*, 44, 1 (2016), പു. 207.

29. കെ.എസ്. രവികുമാർ, 'പെണ്മയുടെ ജനിതകങ്ങൾ', *നമുക്കു പ്രാർത്ഥിക്കാം* (ഡി.സി. ബുക്സ്, കോട്ടയം, 2000) പു. 10-11.

30. ലളിതാലെനിൻ, 'സീതയുടെ നിഴൽ', *നമുക്ക് പ്രാർത്ഥിക്കാം* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.39.

31. സ്വാമി വിവേകാനന്ദൻ, *ഭാരതീയ വനിതകൾ*, വിവ.മുതുകുളം പാർവ്വതി അമ്മ. (എ.ആർ.പി, കായംകുളം, 1951), പു. 14-15.

32. സി.എസ്സ്. ചന്ദ്രിക, 'കേരളത്തിന്റ ആധുനികത - സ്ത്രൈണത പുരുഷത്വം, ലൈംഗികത', *കേരളത്തിന്റെ ചരിത്രങ്ങൾ സ്ത്രീ മുന്നേറ്റങ്ങൾ* (ഡി.സി.ബുക്സ്, കോട്ടയം, 2016), പു.80.

33. ലളിതാലെനിൻ, 'ഇടം', *നമുക്ക് പ്രാർത്ഥിക്കാം* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.86.

34. ലളിതാലെനിൻ, 'തെറ്റും ശരിയും', *നമുക്ക് പ്രാർത്ഥിക്കാം* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.23.

35. ലളിതാലെനിൻ, 'അക്ഷരം', *നമുക്ക് പ്രാർത്ഥിക്കാം* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.56.

36. ലളിതാലെനിൻ, 'തിന്നതും കൊന്നതും', *നമുക്ക് പ്രാർത്ഥിക്കാം* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.69.

37. എസ്.രാജശേഖരൻ, 'പദങ്ങളുടെ ഇടം', *സ്ത്രീവാദം ഉടലുംപരിസരങ്ങളും* (പ്രഭാത്ബുക്ക്ഹൗസ്, തിരുവനന്തപുരം, 2016), പു.40.

38. ലളിതാലെനിൻ, 'മൗനം', *നമുക്ക് പ്രാർത്ഥിക്കാം* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.95.

39. ടി.പു.96.

40. ലളിതാലെനിൻ, 'കല്ലുകൾ', *നമുക്ക് പ്രാർത്ഥിക്കാം* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.99.

41. ലളിതാലെനിൻ, 'ജാലകം', *കർക്കിടകവാവ്* (പരിധിപബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1995), പു.10.

42. ലളിതാലെനിൻ, 'ദ്രൗപതി', *കർക്കിടകവാവ്* (പരിധിപബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1995), പു.26.

43. ലളിതാലെനിൻ, 'അമ്മയാവുക', *കർക്കിടകവാവ്* (പരിധിപബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1995), പു.28.

44. ലളിതാലെനിൻ, 'എന്റെ വീണ', *കർക്കിടകവാവ്* (പരിധിപബ്ലിക്കേഷൻസ്, തിരുവനന്തപുരം,1995), പു.49.

45. ലളിതാലെനിൻ, 'തീവിഴുങ്ങിപക്ഷി', *നമുക്ക് പ്രാർത്ഥിക്കാം* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.54.

46. ലളിതാലെനിൻ, 'വിനോദസഞ്ചാരം', *നമുക്ക് പ്രാർത്ഥിക്കാം* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.88-89.

47. ലളിതാലെനിൻ, 'കരിമ്പാറ', *കർക്കിടകവാവ്* (പരിധിപബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1986), പു.76.

48. റോസ്മേരി, 'വനമഹിഷം', *വേനലിൽ ഒരു പുഴ* (ഡി.സി.ബുക്സ്, കോട്ടയം, 2002), പു.69.

49. റോസ്മേരി, 'ഈ രാവ് എന്ത് തന്നു', *വേനലിൽ ഒരു പുഴ* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.87.

50. റോസ്മേരി, 'വിട', *വേനലിൽ ഒരു പുഴ* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.91.

51. റോസ്മേരി, 'ഒരു പുരാവൃത്തം', *ചാഞ്ഞുപെയ്യുന്ന മഴ* (ഡി.സി.ബുക്സ്, കോട്ടയം, 1998), പു.12.

52. റോസ്മേരി, 'യക്ഷരാഗം', *ചാഞ്ഞുപെയ്യുന്ന മഴ* (ഡി.സി.ബുക്സ്, കോട്ടയം, 1998), പു.26.

53. റോസ്മേരി, 'ആത്മാവിന് പറയാനുള്ളത്', *ചാഞ്ഞുപെയ്യുന്ന മഴ* (ഡി.സി.ബുക്സ്, കോട്ടയം, 1998), പു.32.

54. റോസ്മേരി, 'ഉറക്കമായ് വിദ്യുല്ലത,' *വേനലിൽ ഒരു പുഴ*, (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.49.

55. റോസ്മേരി, 'പറിച്ചുനട്ടചെടി', *വേനലിൽ ഒരു പുഴ* (ഡി.സി.ബുക്സ്, കോട്ടയം, 2000), പു.43.

56. റോസ്മേരി, 'ചിതറിയ ചിലവരികളെക്കുറിച്ച്', *വാക്കുകൾ ചേക്കേറുന്നിടം* (കറന്റ് ബുക്സ്, കോട്ടയം, 1996), പു.14.

57. റോസ്മേരി, 'വളരെ ചെറിയ ചില മോഹങ്ങൾ', *വാക്കുകൾ ചേക്കേറുന്നിടം* (കറന്റ് ബുക്സ്, കോട്ടയം, 1996), പു.25.

58. റോസ്മേരി, 'എനിക്ക് നിന്നോട് പറയാനുള്ളത്', *വാക്കുകൾ ചേക്കേറുന്നിടം* (കറന്റ് ബുക്സ്, കോട്ടയം, 1996), പു.14.

59. ഷീബ ദിവാകരൻ, 'തിരിച്ചറിവും പ്രതിരോധവവും', *പെൺകവിത മലയാളത്തിൽ* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014), പു.105-108.

60. റോസ്മേരി, 'എന്റെ കവിത', *വാക്കുകൾചേക്കറുന്നിടം* (കറന്റ് ബുക്സ്, കോട്ടയം,1996), പു.71.

61. റോസ്മേരി, 'ഉയിർത്തെഴുന്നേല്പ്പ്', *വാക്കുകൾ ചേക്കേറുന്നിടം* (കറന്റ് ബുക്സ്, കോട്ടയം, 1996), പു.18.

62. റോസ്മേരി, 'അനാമിക', *വാക്കുകൾ ചേക്കേറുന്നിടം* (കറന്റ് ബുക്സ്, കോട്ടയം, 1996), പു.19.

63. വി.എം. ഗിരിജ, 'പിരിയൽ', *ജീവജലം* (കറന്റ് ബുക്സ്, തൃശ്ശൂർ, 2003), പു.50.

64. വി.എം. ഗിരിജ,'ജീവജലം', *ജീവജലം* (കറന്റ് ബുക്സ്, തൃശ്ശൂർ, 2003), പു.9.

65. ടി.പു.10.

66. വി.എം. ഗിരിജ,'മരമായിരുന്നു ഞാൻ', *ജീവജലം* (കറന്റ് ബുക്സ്, തൃശ്ശൂർ, 2003) പു.14.

67. വി.എം. ഗിരിജ, 'കൽവീട്', *ജീവജലം* (കറന്റ് ബുക്സ്, തൃശ്ശൂർ, 2003), പു.40.

68. ടി.പു.40.

69. വി.എം. ഗിരിജ, 'ലോകം പോലെ', *പ്രണയം ഒരു ആൽബം* (ചിത്തിര പബ്ലിഷേഴ്സ്, കൊച്ചി, 1997), പു.62.

70. വി.എം. ഗിരിജ, 'ദാഹജലം തിരയുന്ന പുഴ', *പ്രണയം ഒരു ആൽബം* (ചിത്തിര പബ്ലിഷേഴ്സ്, കൊച്ചി,1997), പു.64.

71. വി.എം. ഗിരിജ, 'നിശബ്ദഹരിതവനം' , *പ്രണയം ഒരു ആൽബം* (ചിത്തിര പബ്ലിഷേഴ്സ്, കൊച്ചി, 1997), പു.84.

72. വി.എം .ഗിരിജ, 'ഉടുപ്പിടാകാലം', *പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011), പു.19.

73. ടി.പു.19.

74. വി.എം. ഗിരിജ,'ഒരു നാടോടിക്കഥ', *ഇരുപക്ഷംപെടുമിന്നുവല്ല ഞാൻ* (സൈകതം ബുക്സ്, കോതമംഗലം, 2015), പു.45.

75. വി.എം. ഗിരിജ, 'ഉടലും ഉയിരും', *പ്രണയം ഒരു ആൽബം* (ചിത്തിര പബ്ലിഷേഴ്സ്, കൊച്ചി, 1997), പു.93.

76. ടി.പു.94.

77. ജി. ഉഷാകുമാരി, 'പുതുമഷി തേടുന്ന പെൺകവിത,' *ഉടൽ ഒരു നെയ്ത്ത്* (സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്ക് സ്റ്റാൾ, 2013) പു. 83.

78. വി.എം. ഗിരിജ, 'മുലകൾ', *ജീവജലം* (കറന്റ് ബുക്സ്, തൃശ്ശൂർ, 2003), പു.24.

79. ടി.പു.24.

80. വി.എം. ഗിരിജ, 'കടലിൽ ജ്ഞാനസ്നാനം', *ജീവജലം* (കറന്റ് ബുക്സ്, തൃശ്ശൂർ, 2003), പു.29.

81. ടി.പു.29.

82. വി.എം. ഗിരിജ, 'തടാകം', *ജീവജലം* (കറന്റ് ബുക്സ്, തൃശ്ശൂർ, 2003), പു.39.

83. ടി.പു. 39.

84. വി.എം. ഗിരിജ, 'ഏട്ടിലെ കാട്', *പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011), പു.9.

85. ടി.പു.10.

86. വി.എം. ഗിരിജ, 'പഴച്ചാർ', *ജീവജലം* (കറന്റ് ബുക്സ്, തൃശ്ശൂർ, 2003), പു.47.

87. വി.എം. ഗിരിജ, 'അറിയാത്തൊരാൾ', *പ്രണയം ഒരു ആൽബം* (ചിത്തിര പബ്ലിഷേഴ്സ്, കൊച്ചി, 1997), പു.43.

88. വി.എം. ഗിരിജ, 'ഒരുവൾ', *പ്രണയം ഒരു ആൽബം* (ചിത്തിര പബ്ലിഷേഴ്സ്, കൊച്ചി, 1997), പു.79.

89. വി.എം. ഗിരിജ, 'ചെറിയ കരിപുരണ്ട ലോകത്തിലെ സ്ത്രീയുടെ സ്വപ്നം', *പ്രണയം ഒരു ആൽബം* (ചിത്തിര പബ്ലിഷേഴ്സ്, കൊച്ചി, 1997), പു.34.

90. വി.എം. ഗിരിജ, 'വേദന', *പെണ്ണുങ്ങൾ കാണാത്ത പാതിരാ നേരങ്ങൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011), പു.20.

91. വി.എം. ഗിരിജ, 'മീൻ', *ഭാഷാപോഷിണി*, 41,11 (2013) പു.15.

92. വി.എം. ഗിരിജ, 'എടുത്തുകളയണമീറൻമുടിയിഴ', *പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011), പു.32.

93. ഷീബ ദിവാകരൻ, 'തിരിച്ചറിവും പ്രതിരോധവവും', *പെൺകവിത മലയാളത്തിൽ* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014), പു.110.

94. വി.എം. ഗിരിജ, 'പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ', *പെണ്ണുങ്ങൾ കാണാത്ത പാതിരാ നേരങ്ങൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011), പു.48.

95. വി.എം. ഗിരിജ, 'ഇരുപക്ഷംപെടുമിന്ദുവല്ല ഞാൻ', *ഇരുപക്ഷംപെടുമിന്ദുവല്ല ഞാൻ* (സൈകതം ബുക്സ്, കോതമംഗലം, 2015), പു. 37-38.

96. വി.എം. ഗിരിജ, 'കാട്', *പ്രണയം ഒരു ആൽബം* (ചിത്തിര പബ്ലിഷേഴ്സ്, കൊച്ചി, 1997), പു.70.

97. വി.എം. ഗിരിജ, 'അവരൊക്കെ', *സിലബിൾ രണ്ടായിരത്താണ്ടിനുശേഷത്തെ കവിത*, എഡി. ബിനുസചിവോത്തമപുരം (ഫേബിയൻ ബുക്സ്, മാവേലിക്കര, 2011), പു.14.

98. വി.എം. ഗിരിജ, 'ഇയ്യോബിന്റെ പുസ്തകം', *പെണ്ണുങ്ങൾ കാണാത്ത പാതിരാ നേരങ്ങൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011), പു.58.

99. വി.എം. ഗിരിജ, 'ധ്രുവം തൊട്ട് ധ്രുവം വരെ', *പെണ്ണുങ്ങൾ കാണാത്ത പാതിരാ നേരങ്ങൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011), പു.55.

100. ടി.പു.55.

101. വി.എം. ഗിരിജ, 'അവരൊക്കെ', *സിലബിൾ രണ്ടായിരത്താണ്ടിനുശേഷത്തെ കവിത*, എഡി.ബിനുസചിവോത്തമപുരം (ഫേബിയൻ ബുക്സ്, മാവേലിക്കര, 2011), പു.14.

102. സി.എസ്. സൗമ്യ, 'ലിംഗവിനിമയങ്ങളിലെ പൊയ്കാലുകൾ', കവിതാരാമം, എഡി. ബിനു സചിവോത്തമപുരം (ടേൺ ബുക്സ്, കോട്ടയം, 2017), പു.111-114.

103. വി.എം. ഗിരിജ, 'ആ.....നാട് ', *ഇരുപക്ഷം പെടുമിന്നുവല്ല ഞാൻ* (സൈകതം ബുക്സ്, കോതമംഗലം, 2015), പു.42.

104. വി.എം. ഗിരിജ, 'യോഗേശ്വരി', *പരിസ്ഥിതിക്കവിതകൾ*', എഡി. എസ്.രാജശേഖരൻ (സാഹിത്യപവർത്തക സഹകരണസംഘം, നാഷ്ണൽബുക്ക് സ്റ്റാൾ, കോട്ടയം, 2006), പു.135.

105. Arial Salleh, 'Man/women=nature', *Eco feminism as politics*, Trans. Vandana Shiva (Zed book, London, 1997), PP. 86-107.

106. വി.എം. ഗിരിജ, 'കാണുംവരെ', *പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011), പു.25.

ഉപസംഹാരം

യൂറോകേന്ദ്രിതമായ (Euro Centred) അധികാരനിർമിതികൾക്കകത്തെ ലിംഗകേന്ദ്രിത നയത്തെ അപനിർമ്മിക്കുന്ന കോളനിവത്കരണാനന്തര ചിന്താപദ്ധതിയാണ് പാരിസ്ഥിതിക സ്ത്രീവാദം. പിതൃആധിപത്യപരവും പുരുഷകേന്ദ്രിതവുമായ അധികാരരൂപങ്ങളെ വിമർശനാത്മകമായി വിശകലനം ചെയ്യുന്ന സംസ്കാരപഠനങ്ങളുടെ സ്വാധീനമാണ് പാരിസ്ഥിതിക സ്ത്രീവാദത്തെ വളർത്തിയത്. സ്ത്രീയെയും പ്രകൃതിയെയും മുൻനിർത്തിയിട്ടുള്ള പാശ്ചാത്യ അതിഭൗതിക സങ്കല്പങ്ങളെ അപനിർമ്മിച്ചുകൊണ്ടാണ് പാരിസ്ഥിതിക സ്ത്രീവാദം സാംസ്കാരിക പാഠവിമർശനമായി മാറുന്നത്. ഈ ഉദ്യമത്തിൽ സ്ത്രീ, പരിസ്ഥിതിവാദങ്ങളോടാണ് പാരിസ്ഥിതിക സ്ത്രീവാദം കടപ്പെട്ട് നിൽക്കുന്നത്. സന്തുലിതമായ ജീവിതാന്തരീക്ഷമാണ് പാരിസ്ഥിതിക സ്ത്രീവാദം കാംക്ഷിക്കുന്നത്. ദമിതങ്ങളായ ജനപഥങ്ങളുടെ ഉണർവും അധിനിവേശത്തിനെതിരായ ചെറുത്തു നില്പ്പും ഈ വാദം ആവശ്യപ്പെടുന്നുണ്ട്. വ്യത്യസ്ത ശാഖകളിലൂടെയുള്ള തുടർച്ചയാണ് പാരിസ്ഥിതിക സ്ത്രീവാദത്തെ ജനകീയമാക്കുന്നത്. മൂന്നാംലോക സാഹചര്യത്തിൽ സ്ത്രീക്കും പ്രകൃതിക്കും വേണ്ടിയുള്ള സാമൂഹികകൂട്ടായ്മകൾക്ക് സൈദ്ധാന്തികപരമായ പിൻബലം നൽകാൻ പാരിസ്ഥിതിക സ്ത്രീവാദത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ സാധ്യതകളെയാണ് പ്രബന്ധത്തിന്റെ ഒന്നാമത്തെ അദ്ധ്യായത്തിൽ വിശദീകരിക്കുന്നത്.

രണ്ടാമത്തെ അദ്ധ്യായത്തിൽ പാരിസ്ഥിതിക സ്ത്രീവാദ പ്രത്യയശാസ്ത്രം പ്രതി പ്രവർത്തിക്കേണ്ട കേരളീയ സാമൂഹ്യസാഹചര്യങ്ങളെയാണ് വിശദീകരിക്കുന്നത്. ഈ സാമൂഹിക സാഹചര്യം ജാതിവ്യവസ്ഥയുമായും പരമ്പരാഗത ഉത്പാദനവ്യവസ്ഥിതിയുമായും ബന്ധപ്പെട്ട് വളർന്നുവന്നിട്ടുള്ള ഒന്നാണ്. ലിംഗകേന്ദ്രീകൃത അധികാരത്തെ ദൃഢപ്പെടുത്തിയ ബ്രാഹ്മണ പുരുഷമേധാവിത്വത്തിന്റെ സ്വാധീനം സമൂഹത്തിന്റെ എല്ലാ തലങ്ങളിലും പ്രകടമായിരുന്നു. സ്ത്രീയും പ്രകൃതിയും ഈ കാലയളവിൽ അധികാരത്തിന് കീഴിൽ വിനിമയം ചെയ്യപ്പെട്ട വ്യവഹാരഘടകങ്ങളായിരുന്നു. ഈ വ്യവഹാര ഘടകങ്ങളെ കേരളത്തിലെ

നവോത്ഥാനപരിശ്രമങ്ങൾ പരമ്പരാഗത ഉത്പാദനവ്യവസ്ഥിതിയിൽ നിന്ന് പ്രായേണ സ്വതന്ത്രമാക്കുകയും മുതലാളിത്ത ഉത്പാദനവ്യവസ്ഥിതിയോട് അടുപ്പിക്കുകയും ചെയ്തു. പക്ഷെ പുരുഷതാത്പര്യത്തെ അടിസ്ഥാനപ്പെടുത്തിയ കുടുംബഘടന മാറ്റമില്ലാതെ തുടർന്നു. സ്ത്രീ ആധുനികഘട്ടത്തിൽ സാമൂഹികമായും കുടുംബപരമായും ആൺകോയ്മ പ്രത്യയശാസ്ത്രത്തിന് കീഴിൽ നിയന്ത്രിക്കപ്പെട്ടപ്പോൾ പ്രകൃതി മൂലധനാധിഷ്ഠിതമായി രൂപമാറ്റങ്ങൾക്ക് വിധേയപ്പെട്ടു. ആധുനിക വികസനം സ്ത്രീയുടെയും, പ്രകൃതിയുടെയും വിധേയത്വത്തെ പ്രയോജനപ്പെടുത്തിക്കൊണ്ടാണ് മുന്നോട്ടുപോയത്. ഇതിന്റെ അനന്തരഫലം ഈ സന്ധികളിൽ തന്നെ നടന്ന അരികുവത്ക്കരണവും ജീവസമൂഹത്തിന്റെ നശോന്മുഖതയുമായിരുന്നു. പുരുഷസമൂഹം വിവാഹത്തിലൂടെ സ്ത്രീയുടെ ശരീരത്തിനുമേൽ ഉടമസ്ഥാവകാശം നിലനിർത്തിയപ്പോൾ ഭൂമിക്ക് മേൽ പണാധിപത്യം ഉടമസ്ഥാവകാശം തുടർന്നു. കൊളോണിയൽ അധിനിവേശങ്ങളും ആധുനിക ഉപഭോഗസംസ്കൃതിയും സാമൂഹിക വനവത്കരണ മടക്കമുള്ള സർക്കാർ പദ്ധതികളും പ്രകൃതിയുടെ ശരീരത്തെ ഊഷരമാക്കിക്കൊണ്ടിരുന്നു. ഇതോടൊപ്പം പ്രകൃതിയോടിണങ്ങി ജീവിതം നയിച്ച ആദിവാസിജനതയെ ആധുനിക വികസനത്തിൽ നിന്ന് ബാഹ്യവത്കരിച്ചു.

മാറുന്ന കാലഘട്ടങ്ങൾക്കനുസരിച്ച് ലിംഗകേന്ദ്രിതമായ പണാധിപത്യം പുതിയ രൂപമാറ്റങ്ങൾക്ക് വിധേയമായി. ജൈവകൃഷിരീതിക്ക് പകരം കടന്നു വന്ന രാസവളകൃഷിയും പേറ്റന്റിന്റെ ഉത്ഭവവും മൂന്നാം ലോകത്തിലെ പ്രകൃതിയെ അധിനിവേശപ്പെടുത്തുന്ന സാഹചര്യമാണ് ഇന്ന് നിലനില്ക്കുന്നത്. എൻഡോസൾഫാൻ ദുരന്തബാധയ്ക്ക് വിധേയമായവർ നീതിക്ക് വേണ്ടി ശബ്ദമുയർത്തുന്ന സാഹചര്യം ഈ പണാധിപത്യത്തിന്റെ സൃഷ്ടി കൂടിയാണ്. നമ്മുടെ നെൽവയലുകളുടെ നഷ്ടവും, കാവുകൾ, കുളങ്ങൾ എന്നിവയുടെ തിരോധാനവും ഈ പണാധിപത്യത്തിന്റെ സൃഷ്ടി തന്നെയാണ്. ആത്യന്തികമായി ഈ പരിണതികൾ ഏകപക്ഷീയമായി അടിസ്ഥാനപ്പെടുത്തുന്നത് പ്രകൃതിക്കും സ്ത്രീക്കും മേൽ തുടരുന്ന ലിംഗാധിപത്യത്തെയാണ്. ആഗോളതലത്തിൽ രൂപപ്പെട്ട പരിസ്ഥിതി, സ്ത്രീവാദ അനുകൂല കാലാവസ്ഥയെ തുടർന്നാണ് മലയാളകവിത പ്രകൃതി, സ്ത്രീപക്ഷത്ത് നിന്നുകൊണ്ട് ഈ വിഷയങ്ങളെ കൈകാര്യം ചെയ്യാൻ തുടങ്ങുന്നത്. മൂന്നാമത്തെ അദ്ധ്യായത്തിലാണ് ആധുനിക വികസനത്തിന്റെ ഭാഗമായി സ്ത്രീയും പ്രകൃതിയും അഭിമുഖീകരിക്കുന്ന

പ്രശ്നങ്ങൾ മലയാള കവിത എപ്രകാരമാണ് ഉൾക്കൊള്ളുന്നതെന്ന് അന്വേഷണ വിധേയമാക്കിയിട്ടുള്ളത്. അറുപതുകൾക്കു ശേഷമുള്ള മലയാള കവിതയിലെ സ്ത്രീ-പ്രകൃതി സൗഹാർദപരമായ കവിതകളെയാണ് പഠനത്തിനായി ആശ്രയിക്കുന്നത്.

പ്രകൃതി, സ്ത്രീ പ്രതിനിധാനത്തിലൂടെയാണ് ഈ കാലയളവിൽ നഗരവത്കരണത്തിന്റെ കെടുതികൾ അവതരിപ്പിക്കപ്പെടുന്നത്. അടിസ്ഥാനപരമായി ഉത്പാദനവ്യവസ്ഥിതിയ്ക്കകത്തെ പരിണാമമാണ് ഈ കാലയളവിലെ സ്ത്രീ, പ്രകൃതി പ്രതിനിധാനത്തിന്റെ സ്വഭാവത്തെ നിർണയിക്കുന്നത്. ആധുനിക വികസനത്തിനെ മുൻനിർത്തിയിട്ടുള്ള ഗ്രാമത്തിന്റെ നഷ്ടത്തെ വിലയിരുത്തിക്കൊണ്ടാണ് ഈ ഘട്ടത്തിൽ സ്ത്രീയും പ്രകൃതിയും കടന്നു വരുന്നത്. നഗരം അപഹരിച്ച ഭൂവിഭാഗങ്ങളുടെ വരൾച്ചയും ഊഷരതയും സ്ത്രൈണമായ ഉടലിലൂടെയാണ് അവതരിപ്പിക്കുന്നത്. ആധുനിക അറിവുകൾക്ക് പിറകിൽ നഷ്ടപ്പെടുന്ന പ്രകൃതിയും മനുഷ്യജീവിതവുമാണ് കക്കാടിന്റെ കവിതകളുടെ ഉള്ളടക്കം. കടമ്മനിട്ട ദളിത്പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ടാണ് പ്രകൃതിയുടെ നഷ്ടത്തെ വിലയിരുത്തുന്നത്. സച്ചിദാനന്ദൻ, കെ.ജി. ശങ്കരപ്പിള്ള എന്നിവരുടെ കവിതകളിലെത്തുമ്പോൾ കവിത സ്ത്രീ, പ്രകൃതി, ദളിത് പക്ഷത്ത് നിന്നുകൊണ്ട് വിപുലപ്പെടുന്നുണ്ട്.

എഴുപതുകളോടെയാണ് മലയാള കവിത സ്ത്രീ, പ്രകൃതി പക്ഷത്ത് നിന്നു കൊണ്ട് വിപുലപ്പെടുന്നത്. എൺപതുകളോടെ ഈ സമീപനം കൂടുതൽ ദൃഢപ്പെടുന്നുണ്ട്. സച്ചിദാനന്ദന്റെ കവിതകൾ ജനസാമാന്യത്തിന്റെ തിക്തമായ ജീവിതാവസ്ഥകളെ വെളിപ്പെടുത്തിക്കൊണ്ടാണ് കടന്നു പോയിട്ടുള്ളത്. നമ്മളിൽ നിന്നകറ്റപ്പെട്ട സ്വച്ഛമായ പ്രകൃതിയനുഭവങ്ങൾ നമ്മളോരോരുത്തരിലും സൃഷ്ടിക്കുന്ന അന്യതാബോധവും ന്യൂനതയുമാണ് കെ.ജി.എസ്സിന്റെ പരിസ്ഥിതി കവിതകളുടെ പ്രത്യേകത.

എൺപതുകൾക്ക് ശേഷം ആധുനിക വികസനത്തിന്റെ വിമർശനപാഠങ്ങളായി, ഉപഭോഗസംസ്കാരത്തിന്റെ എതിർപ്പുകളായി പി.പി.രാമചന്ദ്രനും, സാവിത്രിരാജീവനും, സ്ത്രീയെയും പ്രകൃതിയെയും കവിതയിൽ നിലനിർത്തുന്നത്. കവിതയിലെ പ്രബോധനപരമായ തലങ്ങളിൽ നിന്ന് ഭൗതിക ജീവിതത്തിലധിഷ്ഠിതമായ സമത്വാവബോധത്തിനാണ് ഈ കാലയളവിൽ കവിത ഊന്നൽ നൽകുന്നത്.

വാണിജ്യാടിസ്ഥാനത്തിൽ അപഹരിക്കപ്പെടുന്ന പ്രകൃതിയനുഭവങ്ങളെ പകർത്തിക്കൊണ്ട് ഈ കവിതകൾ സ്വരൂപിച്ചെടുക്കുന്ന ചിന്തകൾ ജൈവികസമത്വത്തിന്റേതാണ്. യഥാർത്ഥത്തിൽ അറുപതുകൾ തൊട്ടുള്ള കവിതകളിൽ ഈ മാറ്റം പ്രകടമാണ്. പക്ഷെ സമീപനത്തിൽ കവിത ഊന്നൽ നൽകുന്നത് പ്രകൃതിയെ ശക്തിസ്വരൂപണിയായി, സ്ത്രീയായി ആരാധിക്കുന്ന സമൂഹമനസ്സിനെ ഉണർത്തിയെടുക്കുന്നതിനാണ്. എന്നാൽ എൺപതുകളോടെ കവിത സ്ത്രീ, പ്രകൃതി പ്രശ്നങ്ങളുടെ കാരണമായി ലിംഗകേന്ദ്രിത സമൂഹിക ക്രമത്തെ ചൂണ്ടികാണിക്കുന്നുണ്ട്. എൺപതുകൾക്ക് ശേഷം ഈ സമീപനം കൂടുതൽ ദൃഢപ്പെടുന്നുണ്ട്. ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് നാല്, അഞ്ച്, ആറ് അദ്ധ്യായങ്ങളിൽ സുഗതകുമാരി, വിജയലക്ഷ്മി, ലളിതാലെനിൻ, റോസ്മേരി, വി.എം.ഗിരിജ എന്നിവരുടെ കവിതകളെ പാരിസ്ഥിതിക സ്ത്രീവാദപരിപ്രേക്ഷ്യത്തിൽ പഠിക്കുന്നത്.

നാലാമത്തെ അദ്ധ്യായത്തിൽ സുഗതകുമാരിയുടെ കവിതകളാണ് പാരിസ്ഥിതിക സ്ത്രീവാദപരിപ്രേക്ഷ്യത്തിൽ പഠന വിധേയമാക്കുന്നത്. സ്ത്രൈണസ്വത്വത്തിലൂന്നിക്കൊണ്ട് പ്രകൃതിയിലെ ഇതര ജീവസമൂഹത്തിലേയ്ക്ക് വ്യാപിക്കുന്ന സഹജാവബോധമാണ് സുഗതകുമാരി കവിതയുടെ കാതൽ. എഴുപതുകളോടെയാണ് സുഗതകുമാരി കവിത സ്ത്രീ, പ്രകൃതി പക്ഷത്ത് നിന്നുകൊണ്ട് വിപുലപ്പെടുന്നത്. എൺപതുകളോടെ ഈ സ്ത്രൈണാനുഭവങ്ങളിലെ കീഴായ്മ പ്രകൃതിപക്ഷ സമീപനങ്ങളോട് ചേരുന്നു. ഈ കാലയളവിൽ കവിതയ്ക്കകത്തെ സാമൂഹ്യപരത കടപ്പെട്ട് നിൽക്കുന്നത് ആധുനിക വികസനം മുന്നോട്ട്വെച്ച പരിസ്ഥിതി പ്രശ്നങ്ങളോടാണ്. തൊണ്ണൂറുകളോടെയാണ് സുഗതകുമാരിയുടെ കവിത പാരിസ്ഥിതിക സ്ത്രീവാദപ്രത്യയശാസ്ത്രത്തെ ഉൾക്കൊണ്ട് പെൺപക്ഷത്ത് നിന്നുകൊണ്ട് പ്രകൃതിക്ക് വേണ്ടി ഒരു സുന്ദരസങ്കല്പത്തെ മുന്നോട്ട് വെക്കുന്നത്. പക്ഷെ സുഗതകുമാരിയുടെ കവിത ആദ്യന്തം ഈ നിലപാടിൽ ഉറച്ച് നിൽക്കുന്നില്ല. അതുകൊണ്ട് തന്നെ സ്ത്രീയ്ക്കും പ്രകൃതിയ്ക്കും വേണ്ടി തപിച്ചുകൊണ്ടിരിക്കുന്ന ഒരു പെൺമനസ്സിന്റെ ആകുലതകളായെ സുഗതകുമാരി കവിതകളെ കാണാൻ കഴിയൂ.

സ്ത്രീവാദപരമായി കരുത്തുറ്റ ഒരു പെൺമാതൃകയെ ഈ കവിതകളിൽ നിന്ന് കണ്ടെടുക്കാൻ കഴിയില്ല. ദുഃഖത്തിന്റെ പരകോടിയിൽ ദൈവസ്ഥാനത്തെ

കാമുകസ്ഥാനമായും രക്ഷാസ്ഥാനമായും നിലനിർത്തുന്നു. കവയിത്രി തന്നെ താൻ എന്തുകൊണ്ട് ഒരു സ്ത്രീവാദിയല്ല എന്ന് വ്യക്തമാക്കുന്നുണ്ട്. കുടുംബത്തെ സ്ത്രീയുടെ സുരക്ഷിത സ്ഥാനമായിട്ടാണ് കവയിത്രി നോക്കിക്കാണുന്നത്. അതുകൊണ്ട് തന്നെ സ്ത്രീ, പ്രകൃതി പ്രശ്നങ്ങൾക്ക് ഗാർഹികപരിസരത്ത് നിന്നുകൊണ്ട് തന്നെ ഒരു രക്ഷാസ്വരൂപത്തെ കണ്ടെത്തുന്നു. അതുകൊണ്ടുതന്നെ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയസംഹിതക്കിണങ്ങുന്ന കവിതകളല്ല സുഗതകുമാരിയുടേത്. എന്നാൽ അതിൽ പ്രകടകമാകുന്ന സാമൂഹിക പരിസ്ഥിതി വാദ ആശയങ്ങൾ ഈ കവിതകളെ ജനകീയമാക്കുന്നു. കൂടെ സവർണകേന്ദ്രിത ഗുണാനുഭവങ്ങൾക്ക് കാരണമായ കൃഷ്ണസങ്കല്പവും ഈ കവിതകളുടെ ജനകീയ അടിത്തട്ടിനെ രൂപപ്പെടുത്തുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. തന്റെ കവിതക്ക് സ്നേഹത്തിന്റെ, അമ്പാടിയിലെ ഇടയപ്പെണ്ണിന്റെ മുഖമാണുള്ളതെന്ന് കവയിത്രി തന്നെ സ്വയം വ്യക്തമാക്കുന്നുണ്ട്. ഈ സങ്കലിതമായ ജീവിതാവബോധത്തിലേയ്ക്ക് സ്ത്രീയെയും പ്രകൃതിയെയും ഇതരജീവസമൂഹത്തേയും സഹജാവബോധത്തോടെ ചേർത്ത് നിർത്തുകയാണ് സുഗതകുമാരി ചെയ്യുന്നത്.

അഞ്ചാമത്തെ അദ്ധ്യായത്തിലാണ് വിജയലക്ഷ്മി കവിതകൾ പാരിസ്ഥിതിക സ്ത്രീവാദപരിപ്രേക്ഷ്യത്തിൽ പഠനവിധേയമാക്കുന്നത്. എൺപതുകളിൽ പ്രത്യക്ഷപ്പെട്ട വിജയലക്ഷ്മിയുടെ കവിതകൾ ലിംഗകേന്ദ്രിത സാമൂഹ്യവ്യവസ്ഥിതിയ്ക്കകത്തെ പെണ്ണിന്റെ ദുരവസ്ഥകളെയാണ് ചിത്രീകരിക്കുന്നത്. സ്ത്രീ ജീവിതത്തിലെ അടിമാവസ്ഥയെ ഒരേ സമയം ചോദ്യം ചെയ്യുകയും അതിന് കീഴ്പ്പെടുകയും ചെയ്യുന്ന അവസ്ഥാന്തരങ്ങളാണ് ഈ കവിതകളുടെ പ്രത്യേകത. തൊണ്ണൂറുകളിൽ സ്ത്രൈണ പക്ഷത്ത് നിലനിന്ന ഈ പ്രതിലോമപരതയിൽ നിന്ന് ഒരു വിമോചനത്തിനായി വിജയലക്ഷ്മിയുടെ കവിതകൾ ശ്രമിക്കുന്നുണ്ട്. പുതിയ തൊഴിലിടങ്ങളിലേക്കുള്ള സ്ത്രീയുടെ കാൽവെയ്പ്പും, പ്രകൃതിയുടെ ദൈന്യതയും ഈ കാലയളവിൽ കവിതയ്ക്ക് വിഷയങ്ങളാണ്. വിജയലക്ഷ്മിയുടെ പിൽക്കാല കവിതകളിൽ പ്രകൃതിക്കുവേണ്ടി ശക്തമായ നിലപാട് ഉയർന്നു വരുന്നുണ്ട്. ഈ നിലപാട് സ്ത്രൈണതയിൽ ഊന്നിക്കൊണ്ടുള്ളതാണ്. അതോടൊപ്പം കവിത പെണ്ണിന്റെ അടുക്കള വൃത്താന്തങ്ങൾക്കപ്പുറത്ത് സ്ത്രീയെയും പ്രകൃതിയെയും മൂലധനാധിഷ്ഠിത കമ്പോള വ്യവസ്ഥിതിയുമായി ബന്ധിപ്പിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ പാരിസ്ഥിതിക

സ്ത്രീവാദ പ്രത്യയശാസ്ത്രത്തിന് മലയാള പെൺകവിതയിൽ കരുത്ത് ലഭിക്കുന്നത് വിജയലക്ഷ്മി കവിതകളിലൂടെയാണെന്ന് നിസ്സംശയം പറയാം.

ആറാമത്തെ അദ്ധ്യായത്തിലാണ് ലളിതാലെനിൻ, റോസ്മേരി, വി.എം. ഗിരിജ, എന്നിവരുടെ കവിതകൾ പഠനവിധേയമാക്കുന്നത്. ലളിതാലെനിന്റെ ആദ്യകാല കവിതകളുടെ ഒരു പ്രത്യേകത വിഷാദാത്മകതയാണ്. ഉള്ളിലെ വിഷാദത്തെ പൊതിഞ്ഞ് കെട്ടി തീർത്ഥാടനത്തിനിറങ്ങുന്ന ഒരു സ്ത്രൈണസത്ത ഈ കവിതകളിൽ നിലനില്ക്കുന്നുണ്ട്. ഈ സ്ത്രൈണസത്ത സ്വാതന്ത്ര്യത്തെ ആഗ്രഹിക്കുന്നവളാണ്. തന്റെ ദുഃഖങ്ങളെ പിന്നിലേയ്ക്ക് തള്ളി മുന്നോട്ട് പോകുന്ന പെൺകുട്ടിയുടെ സൃഷ്ടിയിലൂടെ ലളിതാലെനിൻ സ്ത്രീ സമൂഹത്തിനൊന്നാകെ ഒരു പുതിയ വഴി വെട്ടിയെടുക്കുന്നതിനായി ആഗ്രഹിക്കുന്നുണ്ട്. സ്ത്രീസമൂഹത്തിന്റെ പരിമിതികളെ ഇരുട്ടായിട്ടാണ് ഈ ഘട്ടത്തിൽ കവിത അടയാളപ്പെടുത്തുന്നത്. എൺപതുകളിലാണ് ലളിതാലെനിന്റെ കവിതകളിലെ ഈ സ്ത്രൈണസത്ത പരിസ്ഥിതി, സ്ത്രീ പക്ഷത്ത് നിന്നു കൊണ്ട് വികസിതമാകുന്നത്. നാഗരിക സംസ്കൃതിയെ വിമർശിച്ചുകൊണ്ടാണ് കവിത ഈ പരിണതിയിലേയ്ക്ക് കടക്കുന്നത്.

തൊണ്ണൂറുകളിലെ കവിതകളിൽ ഈ മാറ്റം പ്രകടമാണ്. തൊണ്ണൂറുകളിലെ കവിതകളിൽ സ്ത്രീയെയും പ്രകൃതിയെയും മുൻനിർത്തിയിട്ടുള്ള വ്യവസ്ഥാപിത മൂല്യങ്ങളെ ലളിതാലെനിൻ അസ്ഥിരപ്പെടുത്തുന്നുണ്ട്. മാതൃത്വത്തിന്റെ ആദർശവത്കരണത്തെയും അധികാരത്തിന്റെ ഇടപെടലുകളെയും പരസ്പരം അഭിമുഖമായി നിർത്തിക്കൊണ്ടാണ് ലളിതാലെനിന്റെ കവിതകൾ വ്യത്യസ്തമാകുന്നത്. സ്ത്രീസമൂഹത്തിന്റെ വിധേയത്വത്തിന്റെ കാരണം മുഖ്യധാരാസമൂഹം മുന്നോട്ട് വെക്കുന്ന സ്ത്രീ മാതൃകയിൽ നിന്ന് വ്യതിചലിക്കാൻ പെൺസമൂഹത്തിന് കഴിയാത്തതുകൊണ്ടാണെന്ന് ലളിതാലെനിന്റെ കവിത അടിവരയിടുന്നു. ഈ അർത്ഥപരിസരത്തിലാണ് ലളിതാലെനിന്റെ കവിതകൾ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പരിപ്രേക്ഷ്യത്തിൽ ഉൾപ്പെടുന്നത്. സ്ത്രീയെ നിലവിലുള്ള ലിംഗകേന്ദ്രിത വ്യവസ്ഥിതിയുടെ അധികാര പരിസരങ്ങളിൽ നിന്ന് വേർപ്പെടുത്തി സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ടുള്ള സാംസ്കാരികമായ ഒരു പുനർനിർമ്മിതി ഈ കവിതകൾ ആവശ്യപ്പെടുന്നുണ്ട്. എന്നാൽ മലയാള കവിതയിൽ റോസ്മേരി പൂരിപ്പിക്കുന്ന ഇടം പാരിസ്ഥിതിക

സ്ത്രീവാദത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്നില്ല. സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ട് സ്വതന്ത്രാഖ്യാനത്തിലൂടെ എത്തിച്ചേരേണ്ട വിമോചനപരമായ തലത്തിലേയ്ക്ക് ഈ കവിത വളർന്നിട്ടില്ല. അരികുവത്ക്കരിക്കപ്പെടുന്ന ജനവിഭാഗത്തെയൊട്ടാകെയുൾക്കൊണ്ട് വന്നു ചേരേണ്ട ബഹുസ്വരതയിലേയ്ക്ക് റോസ്മേരിയുടെ കവിതകൾ കടന്നിട്ടില്ല. അതുകൊണ്ട് തന്നെ പാരിസ്ഥിതിക സ്ത്രീവാദത്തിന് ഒരു തുടർച്ച നൽകാൻ റോസ്മേരി കവിതകൾക്ക് കഴിഞ്ഞിട്ടില്ല.

സ്ത്രീത്വത്തിന്റെ ലിംഗകേന്ദ്രിതമായ സാമൂഹ്യവത്കരണത്തിന് എതിർദിശയിലാണ് വി.എം. ഗിരിജയുടെ കവിതയിലെ സ്ത്രീയും പ്രകൃതിയും സ്ഥാനപ്പെടുന്നത്. പെണ്ണിന് സമൂഹം അനുശാസിക്കുന്ന അടക്കത്തെയും ഒതുക്കത്തെയും മറികടന്ന് നൈസർഗികമായ സ്വത്വബോധമാണ് ഈ കവിതകളിലെ സ്ത്രീസമൂഹം പ്രകടിപ്പിക്കുന്നത്. സ്വന്തം ആഗ്രഹങ്ങളെ ദമനം ചെയ്യുന്ന സ്ത്രീകളെയല്ല വി.എം.ഗിരിജയുടെ കവിതകളിൽ കാണാൻ കഴിയുക. ശരീരകേന്ദ്രിതമായ കാമനകളെ ഒരു സ്ത്രീക്ക് അടക്കിവെക്കേണ്ടിവരുന്ന സാമൂഹ്യസാഹചര്യത്തെ ബാഹ്യവത്ക്കരിച്ചുകൊണ്ടാണ് വി.എം. ഗിരിജയുടെ കവിതകൾ ജനകീയമാകുന്നത്. തൊണ്ണൂറുകൾക്ക് ശേഷമുള്ള കവിതകളിൽ വി.എം.ഗിരിജ സ്ത്രീക്ക് ഒരു സ്വതന്ത്രയിടത്തെ വിഭാവനം ചെയ്യുന്നുണ്ട്. സ്ത്രീ, പ്രകൃതി താദാത്മ്യം മാത്രമല്ല ഈ ഘട്ടത്തിൽ കവിതയുടെ പ്രത്യേകത. സർവജീവ ജാലങ്ങളും സമതുലിതമായ ജീവിതാന്തരീക്ഷത്തിൽ സ്ഥാനവത്ക്കരിക്കപ്പെടുന്ന ഒരു ഇടത്തിന്റെ സൃഷ്ടിയിലൂടെ സ്ത്രീയും പുരുഷനും പ്രകൃതിയ്ക്കകത്തെ ജൈവിക ചക്രത്തിലെ ഒരു കണ്ണിമാത്രമാണെന്ന് കൂടി വി.എം.ഗിരിജ ഓർമ്മപ്പെടുത്തുന്നു. ഇത്തരത്തിൽ കവിതയിലൂടെ മനുഷ്യ പ്രജ്ഞയിൽ സ്ത്രീ, പ്രകൃതി, പുരുഷ വിമോചനത്തെ സാധ്യമാക്കുന്ന ഒരു സ്വതന്ത്ര ഇടത്തെ ആലേഖനം ചെയ്തുകൊണ്ടാണ് വി.എം.ഗിരിജയുടെ കവിതകൾ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പരിപ്രേക്ഷ്യത്തിൽ ഉൾച്ചേരുന്നത്.

യഥാർത്ഥത്തിൽ മലയാളത്തിലെ പെൺകവിതയിൽ പാരിസ്ഥിതിക സ്ത്രീവാദപ്രത്യയശാസ്ത്രത്തിന് വിജയലക്ഷ്മി കവിതകളിൽ നിന്ന് കരുത്തുറ്റ തുടർച്ച നൽകാൻ ലളിതാലെനിൻ, റോസ്മേരി, വി.എം.ഗിരിജ എന്നിവരുടെ കവിതകൾക്ക് സാധിച്ചിട്ടില്ല. വ്യത്യസ്ത അനുഭവതലങ്ങളിലൂടെയാണ് ലളിതാലെനിനും, വി.എം.

ഗിരിജയും സ്ത്രീ, പ്രകൃതി പ്രശ്നങ്ങളെ സമീപിക്കുന്നത്. സമത്വപരമായ ഒരു ജീവിതതലത്തെ ഈ കവിതകൾ പ്രതീക്ഷിക്കുന്നുണ്ട്. എന്നിരുന്നാലും പിതൃകേന്ദ്രീകൃതമായും, വാണിജ്യാടിസ്ഥാനത്തിലും ആഗോളതലത്തിൽ തുടരുന്ന ലിംഗകേന്ദ്രിതനയത്തിന് കീഴിൽ സ്ത്രീ, പ്രകൃതി പ്രശ്നങ്ങളെ നിർത്തിക്കൊണ്ട് ചർച്ച ചെയ്യുന്ന തലത്തിലേയ്ക്ക് മലയാളത്തിലെ പെൺ കവിത ഇനിയും പാകപ്പെടേണ്ടതുണ്ട്. ഒരു സാംസ്കാരിക പാഠവിമർശനമെന്ന നിലയിൽ പാരിസ്ഥിതിക സ്ത്രീവാദപരിസരത്തെ സ്ത്രീയെയും പ്രകൃതിയെയും മുൻനിർത്തിയിട്ടുള്ള കാല്പനികമായ ഭാവുകത്വ പരിസരങ്ങളിൽ നിന്ന് മോചിപ്പിക്കേണ്ടതുണ്ട്. ആത്യന്തികമായി ആധുനികാനന്തര പഠനമെന്ന നിലയിൽ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ രാഷ്ട്രീയം അപനിർമ്മാണത്തിന്റേതാണെന്ന് പറയാവുന്നതാണ്. സ്ത്രീയെയും പ്രകൃതിയെയും അപരവത്കരിക്കുന്ന സാംസ്കാരികപാഠങ്ങളെ ഇത് അപനിർമ്മിക്കുന്നു. സ്ത്രീ/പുരുഷൻ, പ്രകൃതി/സംസ്കൃതി, മനസ്സ്/ശരീരം എന്നിങ്ങനെ വ്യത്യസ്ത ദ്വന്ദ്വങ്ങളിലൂടെ ലിംഗകേന്ദ്രിതമായി വ്യാപരിക്കുന്ന കർതൃത്വം ആധുനികതയുടെ സവിശേഷതയാണ്. ഈ വിരുദ്ധ ദ്വന്ദ്വങ്ങളിലെ അരികുകളെ ദൃഢപ്പെടുത്തിയും സമതുലിതമായ അവസ്ഥയിലേക്ക് നയിച്ചുമാണ് പാരിസ്ഥിതിക സ്ത്രീവാദം ഒരു അപനിർമ്മാണത്തിന് ശ്രമിക്കുന്നത്.

ചുരുക്കത്തിൽ സ്ത്രീയും പുരുഷനും ഇതരജീവസമൂഹങ്ങളും വിപണിക്കകത്ത് ഉത്പന്നങ്ങൾ മാത്രമായി മാറിക്കൊണ്ടിരിക്കുന്ന സമീപകാലത്ത് സ്ത്രൈണപക്ഷത്ത് നിന്നു കൊണ്ടുള്ള പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ തുടർച്ചക്ക് ഏറെ പ്രസക്തിയുണ്ട്. അതുപക്ഷെ സ്ത്രീയെയും പ്രകൃതിയെയും മുൻനിർത്തിയുള്ള ലിംഗകേന്ദ്രിത പൂർവ്വ കല്പനകളെ മറികടക്കാൻ പര്യാപ്തമായിരിക്കണം. സ്ത്രീയെയും, പ്രകൃതിയെയും സർവ്വംസഹയായി ഇനി കവിതയിൽ നിലനിർത്തേണ്ടതില്ല. അടുക്കളയെ സ്ത്രീയുടെ കീഴായ്മയെ സൂചിപ്പിക്കുന്ന ഇടം എന്നതിനപ്പുറത്ത് ആഗോളതലത്തിൽ സ്ത്രീക്കും പ്രകൃതിക്കും മീതെ വാണിജ്യാടിസ്ഥാനത്തിൽ നിലനിൽക്കുന്ന അധിനിവേശങ്ങൾ ചർച്ച ചെയ്യപ്പെടുന്ന ഇടമായി മാറ്റേണ്ടതുണ്ട്. ഈയർത്ഥത്തിൽ തന്റെ കവിതകളിൽ പുരുഷകേന്ദ്രിതമായ ലോകക്രമത്തിൽ നിന്ന് സ്ത്രീയുടേയും പ്രകൃതിയുടേയും വിമോചനത്തിന് വിജയലക്ഷ്മി ശ്രമിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സാധ്യതകളെ ഉൾക്കൊള്ളുന്ന കവിതകളാണ് വിജയലക്ഷ്മിയുടേത്.

ലളിതാ ലെനിൻ, വി.എം.ഗിരിജ എന്നിവരും ഈ സമീപനത്തിനെ പിൻതുടരുന്നുണ്ട്. യഥാർത്ഥത്തിൽ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയപരിസരത്തിലേക്കുള്ള വളർച്ചയുടെ വ്യത്യസ്തഘട്ടങ്ങളെയാണ് ഈ കവിതകൾ ഉൾക്കൊള്ളുന്നത്. എന്നാൽ സുഗതകുമാരിയുടെ കവിത ഈ സമീപനത്തിൽ നിന്ന് വേറിട്ട് നില്ക്കുന്നു. സുഗത കുമാരിയുടെ കവിതയെ ജനകീയമാക്കുന്നത് കവിതയ്ക്കകത്തെ പ്രകൃതിയുടെയും സ്ത്രീയുടെയും ദൈന്യതയും ഇതര ജീവസമൂഹത്തോടുള്ള സഹജാവബോധവും സ്നേഹനിഷ്ഠയുമാണ്. സ്ത്രീക്കും പ്രകൃതിക്കും ഇതരജീവസമൂഹത്തിനും നേരിടേണ്ടി വരുന്ന ചൂഷണങ്ങളെ തുറന്നെഴുതുന്നതിനാണ് സുഗതകുമാരി മുൻ തൂക്കം നല്കുന്നത്. ഈ ചൂഷണങ്ങളുടെ മൂലകാരണങ്ങളിലേക്ക് കവിത ഇറങ്ങി ചെല്ലുന്നില്ല. അതുകൊണ്ട് തന്നെ സുഗതകുമാരിയുടെ കവിതകൾ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയസംഹിതയോട് കടപ്പെട്ട് നില്ക്കുന്നവയാണെന്ന് പറയാൻ കഴിയില്ല. ഈ വിശകലന പരിസരത്തിൽ നിന്നുകൊണ്ട് പ്രബന്ധത്തിനകത്തെ പ്രധാന കണ്ടെത്തലുകളെ താഴെ ക്രോഡീകരിക്കുന്നു.

1. സുഗതകുമാരിയുടെ കവിതയിൽ കുടുംബം ഒരേ സമയം അധികാരസ്ഥാനമായും പിതൃകേന്ദ്രീകൃതവ്യവസ്ഥ മുന്നോട്ട് വെക്കുന്ന സുരക്ഷിതസ്ഥാനമായും കടന്നു വരുന്നു.

2. അവാച്യമായ മൂല്യബോധമാണ് സുഗതകുമാരി കവിതയിലെ വിമോചന സങ്കല്പത്തെ നിർണയിക്കുന്നത്. ഈ മൂല്യബോധത്തെ രൂപപ്പെടുത്തിയിട്ടുള്ളത് സ്ത്രൈണ സങ്കല്പത്തിനകത്ത് പിൻതുടരുന്ന സവർണമായ സമീപനങ്ങളും ഇതര ജീവസമൂഹത്തിനോടുള്ള സഹിഷ്ണുതയും മമതയുമാണ്. സ്ത്രീക്ക് തങ്ങളെ ചൂഷണം ചെയ്യുന്ന ലിംഗകേന്ദ്രിതമായ അധികാരസ്ഥാനങ്ങളിൽ നിന്ന് മടങ്ങിപ്പോകാനുള്ള മാതൃസ്ഥാനമായി പ്രകൃതിയെ സുഗതകുമാരി കവിതയിൽ നിലനിർത്തുന്നു.

3. സുഗതകുമാരിയുടെ കവിതയ്ക്കകത്ത് സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ടുള്ള സ്വത്വപരമായ സാമൂഹിക മുന്നേറ്റം സാധ്യമാകുന്നില്ല. പാരിസ്ഥിതിക സ്ത്രീവാദത്തിനെക്കാൾ കവിതയെ ജനകീയമായി നിലനിർത്തുന്നത് കവിതയ്ക്ക കത്തെ സാമൂഹിക പാരിസ്ഥിതികാവബോധമാണ്.

4. വിജയലക്ഷ്മിയുടെ കവിതയിലെ സ്ത്രൈണസ്വത്വം വിപുലപ്പെടുന്നത് പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥിതിയുമായി സംഘർഷപ്പെട്ടാണ്. വിജയലക്ഷ്മി കവിതയിൽ വീട് പിതൃകേന്ദ്രീകൃത അധികാരരൂപമായിട്ടാണ് കടന്ന് വരുന്നത്.

5. വിജയലക്ഷ്മിയുടെ ആദ്യകാല കവിതകൾ സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ട് ഭയം നിറഞ്ഞ ജീവിതാവസ്ഥകളെയാണ് തുറന്നെഴുതുന്നത്. പിന്നീട് സ്ത്രീ സമൂഹം കീഴ്പ്പെട്ട് നില്ക്കുന്ന ലിംഗകേന്ദ്രിത ജീവിതാവസ്ഥകളിൽ നിന്നാണ് വിജയലക്ഷ്മിയുടെ കവിത സ്ത്രീ സമൂഹത്തിനെ കരുത്ത് നൽകി ഉണർത്തിയെടുക്കാൻ ശ്രമിക്കുന്നത്.

6. വിജയലക്ഷ്മി അരികുവത്ക്കരിക്കപ്പെടുന്ന ജനസമൂഹത്തിനെയൊന്നാകെ സ്ത്രീ സമൂഹത്തിന്റെ വിധേയത്വത്തോട് ചേർത്ത് നിർത്തി അവതരിപ്പിക്കുന്നു. സ്ത്രീ ജീവിതത്തിനകത്ത് പിൻതുടരേണ്ട കീഴായ്മയോടൊപ്പം വാണിജ്യവത്കരിക്കപ്പെടുന്ന പ്രകൃതിയെയും ആവിഷ്കരിച്ചുകൊണ്ടാണ് വിജയലക്ഷ്മിയുടെ കവിതകൾ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയപരിസരത്തിലേയ്ക്ക് കടക്കുന്നത്.

7. വിജയലക്ഷ്മിയുടെ കവിതകൾ ജാതി, വർഗ, ലിംഗ വിഭാഗീയതകൾക്കതീതമായി സ്ത്രൈണപക്ഷത്ത് നിന്നു കൊണ്ട് സാമൂഹിക സമത്വത്തിനും ജൈവികമായ സന്തുലിതാവസ്ഥയ്ക്കും ഊന്നൽ നൽകുന്നു. ഈ സമീപനത്തിലൂടെയാണ് വിജയലക്ഷ്മിയുടെ കവിതയ്ക്കകത്ത് പാരിസ്ഥിതിക സ്ത്രീവാദം കരുത്ത് നേടുന്നത്.

8. സ്ത്രീസമൂഹത്തിന് മീതെ മതപരമായും പിതൃകേന്ദ്രീകൃതമായും നിലനില്ക്കുന്ന അധികാരരൂപങ്ങളെ തുറന്നെഴുതിക്കൊണ്ടാണ് ലളിതാലെനിന്റെ കവിതകൾ സ്ത്രീ വാദപരിസരത്തിൽ നിലയുറപ്പിക്കുന്നത്. മുഖ്യധാരാസമൂഹത്തിനകത്ത് നിലനില്ക്കുന്ന ആൺകോയ്മയെ ലളിതാലെനിന്റെ കവിതകൾ സ്ത്രീജീവിതത്തിലെ പ്രതിലോമപരതയ്ക്ക് കാരണമായി ചൂണ്ടികാണിക്കുന്നു.

9. സ്ത്രീസമൂഹത്തിന് പിൻതുടരേണ്ടിവരുന്ന സവർണ സ്ത്രീമാതൃകയെ ലളിതാലെനിന്റെ കവിതകൾ വിമർശനാത്മകമായി സമീപിക്കുന്നു. ആധുനികത പിൻതുടരുന്ന സ്ത്രീ/പുരുഷൻ, സവർണപരം/ദളിത്പരം എന്നിങ്ങനെയുള്ള ദ്വന്ദ്വപരിസരങ്ങളെ വിമർശനാത്മകമായി സമീപിച്ചുകൊണ്ടാണ് ലളിതാലെനിന്റെ

10. സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ട് പ്രകൃതിയെയും സ്ത്രീയെയും വസ്തുവത്കരിക്കുന്ന ആധുനികസാഹചര്യങ്ങളെ വിമർശനാത്മകമായി സമീപിച്ചുകൊണ്ടാണ് ലളിതാലെനിന്റെ കവിതകൾ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയ പരിസരത്തിൽ നിലയുറപ്പിക്കുന്നത്.

11. സ്ത്രീസമൂഹത്തിന് അന്യമായ സ്വതന്ത്രമായ ചിന്തയുടെ, എഴുത്തിന്റെ, പ്രവൃത്തിയുടെ ഇടങ്ങളെ വിഭാവനം ചെയ്തുകൊണ്ടാണ് റോസ്മേരിയുടെ കവിതകൾ നില നില്ക്കുന്നത്. റോസ്മേരി കവിതയിൽ സ്ത്രീയും പ്രകൃതിയും നേരിടുന്ന ചൂഷണത്തിനെതിരെയുള്ള നിലപാടുകളെക്കാൾ പെണ്ണനുഭവങ്ങളെ പ്രകൃതിയെ ഭാഗഭാക്കാക്കിക്കൊണ്ട് അവതരിപ്പിക്കുന്ന കാവ്യസന്ദർഭങ്ങളാണ് അധികവും കാണാൻ കഴിയുക. അതുകൊണ്ടുതന്നെ പാരിസ്ഥിതിക സ്ത്രീവാദത്തെ സ്ത്രീക്കും പ്രകൃതിക്കും വേണ്ടിയുള്ള വിമോചന സങ്കല്പമായി ഈ കവിതകൾ സ്വീകരിക്കുന്നുണ്ട് എന്ന് പറയാൻ കഴിയില്ല.

12. പ്രകൃതിയിലെ ഇതരങ്ങളിലേയ്ക്കുള്ള സ്ത്രൈണതയുടെ വ്യാപനമാണ് വി.എം. ഗിരിജയുടെ കവിതയുടെ സവിശേഷത. പ്രകൃതിയുമായുള്ള തന്മയീഭാവത്തിലൂടെ സ്ത്രീജീവിതത്തിന്റെ അസ്ഥിരതയെ വി. എം. ഗിരിജയുടെ കവിതകൾ ബോധ്യപ്പെടുത്തുന്നു.

13. സ്ത്രീക്ക് നഷ്ടപ്പെടുന്ന സ്വതന്ത്ര ഇടങ്ങളെ വി.എം.ഗിരിജയുടെ കവിതകൾ ഓർമ്മപ്പെടുത്തുന്നു. സ്ത്രീ പുരുഷ സമത്വത്തെ സാധ്യമാക്കുന്ന ഇടമായി പ്രകൃതിയെ വിഭാവനം ചെയ്തുകൊണ്ടാണ് വി.എം.ഗിരിജയുടെ കവിതകൾ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയപരിസരത്തിലേയ്ക്ക് കടക്കുന്നത്.

ഗ്രന്ഥസൂചി

a. മലയാള കൃതികൾ

1. അച്ച്യുതൻ, എ. *പരിസ്ഥിതിപഠനത്തിന് ഒരാമുഖം.* തൃശ്ശൂർ : കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, 2013.

2. അജയകുമാർ, എൻ. *ആധുനികത മലയാളകവിതയിൽ.* തിരുവനന്തപുരം : സാഹിത്യ പ്രവർത്തക സഹകരണസംഘം, നാഷ്ണൽ ബുക്ക്സ്റ്റാൾ, 2013.

3. അജി, കുഴിക്കാട്. *സാമൂഹ്യപഠനങ്ങൾ സ്ത്രീ പരിസ്ഥിതി.* കോഴിക്കോട് : പ്രോഗ്രസ് പബ്ലിക്കേഷൻ, 2015.

4. അനഘ, ബി.കെ. *സ്ത്രീ സ്വത്വബോധവും മലയാള കവിതയും.* തൃശ്ശൂർ : ജി മോട്ടിവേഷൻ, 2015.

5. അനിത തമ്പി. *അഴകില്ലാത്തവയെല്ലാം.* തൃശ്ശൂർ : കറന്റ് ബുക്സ്, 2010.

6. അനിത തമ്പി. *മുറ്റമടിക്കുമ്പോൾ.* തൃശ്ശൂർ : കറന്റ് ബുക്സ്, 2004.

7. അനിൽകുമാർ, കെ. *പരിസ്ഥിതിയും രാഷ്ട്രീയ സമൂഹവും.* തിരുവനന്തപുരം : ദേശാഭിമാനി ബുക്ക് ഹൗസ്, 2008.

8. അബ്ദുൾഹക്കീം. *കവിമതം ആനന്ദാനുഭൂതിയോ ?.* കോഴിക്കോട് : ഒലീവ് പബ്ലിക്കേഷൻസ്, 2018.

9. അയ്യപ്പപ്പണിക്കർ, *അയ്യപ്പപ്പണിക്കരുടെ കൃതികൾ.* 1 ഭാ. കോട്ടയം : ഡി.സി. ബുക്സ്, 1974.

10. അയ്യപ്പപ്പണിക്കർ, *അയ്യപ്പപ്പണിക്കരുടെ കൃതികൾ.* 2 ഭാ. കോട്ടയം : ഡി.സി. ബുക്സ്, 1982.

11. അയ്യപ്പപ്പണിക്കർ, *അയ്യപ്പപ്പണിക്കരുടെ കൃതികൾ.* 3 ഭാ.കോട്ടയം : ഡി.സി. ബുക്സ്, 1989.

12. അയ്യപ്പപ്പണിക്കർ, *അയ്യപ്പപ്പണിക്കരുടെ കൃതികൾ.* 4 ഭാ.കോട്ടയം : ഡി.സി. ബുക്സ്, 2000.

13. അരുന്ധതിറോയ്. *അരുന്ധതിറോയിയുടെ ലേഖനങ്ങൾ*. വിവ., കെ.എം. വേണുഗോപാൽ. കോട്ടയം : ഡി.സി.ബുക്സ്, 2004.

14. അലോഷ്യസ്, ഡി.ഫെർണാന്റസ്. *ഒരു ഫെമിനിസ്റ്റാവുക*. തിരുവനന്തപുരം : പ്രഭാത് ബുക്ക് ഹൗസ്, 2007.

15. ആനന്ദ്. *പ്രകൃതി പരിസ്ഥിതി ദാരിദ്ര്യം ജലം ഊർജ്ജം*. കോട്ടയം : ഡി.സി. ബുക്സ്, 2007.

16. ആനന്ദ്, കാവാലം. *അയ്യപ്പപ്പണിക്കർ*. തിരുവനന്തപുരം : ചിന്ത പബ്ലിഷേഴ്സ്, 2015.

17. ആനന്ദ്, കാവാലം. *മലയാള കവിതയും പരിസ്ഥിതിയും*. തൃശ്ശൂർ : കറന്റ് ബുക്സ്, 2013.

18. ആനന്ദി, ടി.കെ. *മാർക്സിസവും ഫെമിനിസവും*. തൃശ്ശൂർ : സമത, 2017.

19. ആശാ നജീബ്. *പരിസ്ഥിതിബോധം പി. കുഞ്ഞിരാമൻ നായരുടെയും വൈലോപ്പിള്ളിയുടെയും കവിതകളിൽ*. തിരുവനന്തപുരം : ജീവൻ പബ്ലിക്കേഷൻസ്, 2010.

20. ആശാലത. പാരിസ്ഥിതിക സ്ത്രീമുന്നേറ്റത്തിന്റെ നാൾ വഴികൾ. തിരുവനന്തപുരം : മൈത്രി ബുക്സ്, 2013.

21. ആഷാമേനോൻ. *തനുമാനസി*. കോട്ടയം : ഡി.സി.ബുക്സ്, 1990.

22. ഇസ്മ, ടി.എസ്. വിവ., *മേധാപട്കർ അതിജീവനത്തിന്റെ സമരങ്ങൾ*. കോഴിക്കോട്: ഒലീവ് പബ്ലിക്കേഷൻസ്, 2004.

23. ഉഷ, ഒ.വി. അവലംബം. തിരുവനന്തപുരം : പ്രഭാത് ബുക്സ്, 2003.

24. ഉഷാകുമാരി, ജി. *ഉടൽ ഒരു നെയ്ത്ത് സംസ്കാരത്തിന്റെ സ്ത്രീവായന*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷ്ണൽ ബുക്ക് സ്റ്റാൾ, 2013.

25. കരുണാകരൻ, സി.കെ. *കേരളത്തിലെ വനങ്ങൾ നൂറ്റാണ്ടുകളിലൂടെ*. 2 ഭാ. തിരുവനന്തപുരം : കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1995.

26. കാപ്പൻ, എസ്. *പരിസ്ഥിതി സംസ്കൃതി*. ചങ്ങനാശ്ശേരി : മാനുഷം പ്രസിദ്ധീകരണം, 1988.

27. കുഞ്ഞൻപിള്ള, ഇളംകുളം. *ജന്മിസമ്പ്രദായം കേരളത്തിൽ*. കോട്ടയം : നാഷ്ണൽ ബുക്ക് സ്റ്റാൾ, 1959.

28. കുഞ്ഞിരാമൻ [പാനൂർ], *കേരളത്തിലെ അമേരിക്ക*. കോട്ടയം : നാഷ്ണൽ ബുക്ക് സ്റ്റാൾ, 1989.

29. *കൗടല്യൻ. അർത്ഥശാസ്ത്രം*. വിവ., കെ.വി.എം. സംശോ. എൻ.വി. കൃഷ്ണവാര്യർ. തൃശ്ശൂർ : കേരള സാഹിത്യഅക്കാദമി, 1935.

30. ഖദീജാ, മുംതാസ്. *പുരുഷനറിയാത്ത സ്ത്രീമുഖങ്ങൾ*. കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2012.

31. ഗണേഷ്, കെ.എൻ. *കേരളത്തിന്റെ ഇന്നലെകൾ*. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1990.

32. ഗണേഷ്, കെ.എൻ. *കേരളസമൂഹം ഇന്ന് നാളെ*. കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം. നാഷ്ണൽ ബുക്ക് സ്റ്റാൾ, 2012.

33. ഗണേഷ്, *കെ.എൻ. പ്രകൃതിയും മനുഷ്യനും*. തൃശ്ശൂർ : കേരളശാസ്ത്രസാഹിത്യ പരിഷത്ത്, 2014.

34. ഗിരിജ, വി.എം. *സമാന്തരം*. കൊച്ചി : ചിത്തിരപബ്ലിഷേഴ്സ്, 1997.

35. ഗിരിജ, വി.എം. *ജീവജലം*. തൃശ്ശൂർ : കറന്റ് ബുക്സ്, 2003.

36. ഗിരിജ, വി.എം. *പെണ്ണുങ്ങൾകാണാത്ത പാതിരാനേരങ്ങൾ*. കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2011.

37. ഗിരിജ, വി.എം. *ഇരുപക്ഷംപെടുമിന്ദുവല്ല ഞാൻ*. എറണാകുളം : സൈകതം ബുക്സ്, 2015.

38. ഗിരിജ, വി.എം. *കടലോരവീട്*. പാലക്കാട് : ലോഗോസ് ബുക്സ്, 2015.

39. ഗിരിജാകുമാരി, എസ്. *അപ്രത്യക്ഷമാകുന്ന തടാകങ്ങൾ*. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

40. ഗീത. *കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന് ?*. തൃശ്ശൂർ : കറന്റ് ബുക്സ്, 1917.

41. ഗീത. *ദേവദൂതികൾ മാഞ്ഞ്പോവത്*. കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം. നാഷ്ണൽ ബുക്ക് സ്റ്റാൾ, 1999.

42. ഗീത. *സ്ത്രീവിമോചനമെന്നാൽ മനുഷ്യവിമോചനം*. തിരുവനന്തപുരം : ദേശാഭിമാനി ബുക്സ്, 2000.

43. ഗീത. *ആധുനിക മലയാളകവിതയിലെ സ്ത്രീപക്ഷ സമീപനങ്ങൾ*. കോഴിക്കോട് : ലിപി പബ്ലിക്കേഷൻസ്, 2002.

44. ഗീത. എൻ. *കക്കാടിന്റെ കാവ്യകല*. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2002.

45. ഗീത. *സ്ത്രീവാദത്തിന്റെ കേരളപരിസരം*. തിരുവനന്തപുരം : മൈത്രിബുക്സ്, 2005.

46. ഗീത. *ആര്യനാകിലുമനാര്യനാകിലും*. തിരുവനന്തപുരം : പ്രഭാത് ബുക്ക് ഹൗസ്, 2006.

47. ഗോവിന്ദപ്പിള്ള, പി. *സംസ്കാരവും നവോത്ഥാനവും*. വിവ., പി.പി. സത്യൻ. തിരുവനന്തപുരം : ചിന്ത പബ്ലിഷേഴ്സ്, 2011.

48. ഗോവിന്ദൻ നായർ, ഇടശ്ശേരി, *ഇടശ്ശേരിക്കവിതകൾ*. തൃശ്ശൂർ : മാതൃഭൂമി ബുക്സ്, 1998.

49. ഗോവിന്ദൻമാസ്റ്റർ, *സ്വതന്ത്രരാഷ്ട്രീയത്തെപ്പറ്റി*. എഡി., ഗോവിന്ദൻ മാസ്റ്റർ, തിരുവനന്തപുരം : ചിന്ത പബ്ലിഷേഴ്സ്, 2010.

50. ഗംഗാധരൻ, എം. *സ്ത്രീയവസ്ഥ കേരളത്തിൽ*. തിരുവനന്തപുരം : സൈൻബുക്സ്, 2007.

51. ചന്ദ്രശേഖരൻ, മേലത്ത്. *കക്കാടിന്റെ കവിത*. കണ്ണൂർ : സമീക്ഷ, 1992.

52. ചന്ദ്രിക, സി.എസ്. *കേരളത്തിലെ സ്ത്രീ മുന്നേറ്റങ്ങളുടെ ചരിത്രം*. തൃശ്ശൂർ : കേരള സാഹിത്യഅക്കാദമി, 1998.

53. ചന്ദ്രിക, സി.എസ്. *ആർത്തവമുള്ള സ്ത്രീകൾ സ്ത്രീവാദപഠനങ്ങൾ*. മാവേലിക്കര: ഫേബിയൻ ബുക്സ്, 2008.

54. ചെറിയാൻ. കെ. ചെറിയാൻ. *ചെറിയാൻ. കെ. ചെറിയാന്റെ തിരഞ്ഞെടുത്ത*

കവിതകൾ. തിരുവനന്തപുരം : പ്രഭാത് ബുക്ക് ഹൗസ്, 2004.

55. ജയകുമാർ, വിജയാലയം. *ശ്രീനാരായണഗുരു ഒരു സമഗ്രപഠനം*. തിരുവനന്തപുരം: ജയകൃഷ്ണ പബ്ലിക്കേഷൻസ്, 1992.

56. ജയകൃഷ്ണൻ. എൻ. എഡി. *പെണ്ണെഴുത്ത്*. തിരുവനന്തപും : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2002.

57. ജയകൃഷ്ണൻ. എൻ. എഡി. *ഫെമിനിസം*. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000.

58. ജാൻസി ജെയിംസ്, എഡി. *ഫെമിനിസം സിദ്ധാന്തവും പ്രയോജനവും* 1.2 ഭാ. തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000.

59. *ജെൻസി, കെ. കെ.ജി.എസ് കവിതാപാഠങ്ങൾ പാഠഭേദങ്ങൾ*. എഡി., ജെൻസി. കെ.എ. കണ്ണൂർ : കൈരളി ബുക്സ്, 2017.

60. ജോൺബെല്ലമി ഫോസ്റ്റർ. *വ്രണിതഭൂമി*. വിവ., പി.കെ. ദേവൻ. തൃശ്ശൂർ : കേരള ശാസ്ത്രസാഹിത്യപരിഷത്ത്, 2013.

61. ജോൺബെല്ലമി ഫോസ്റ്റർ. *മുതലാളിത്തത്തിനെതിരെ പരിസ്ഥിതിവിജ്ഞാനം*. വിവ., എം.പി. പരമേശ്വരൻ തൃശ്ശൂർ : കേരള ശാസ്ത്രസാഹിത്യപരിഷത്ത്, 2008.

62. ജോർജ്ജ്, കെ.എം. *ആധുനികതയുടെ ദാർശനിക മാനങ്ങൾ*. തിരുവല്ല : ക്രൈസ്തവ സാഹിത്യസമിതി, 2007.

63. ജോർജ്ജ്, സി.ജെ. എഡി., *ആധുനികാനന്തര സാഹിത്യസമീപനങ്ങൾ*. തൃശ്ശൂർ : ബുക്ക്വേം, 1996.

64. ജോർജ്ജ്, കെ. അലക്സ്, *ഹരിതരാഷ്ട്രീയ ചരിത്രം സിദ്ധാന്തം പ്രയോഗം*. കോട്ടയം: ഡി. സി. ബുക്സ്. 2003.

65. ജോസഫ്, എസ്. *മീൻകാരൻ*. കോട്ടയം : ഡി.സി.ബുക്സ്, 2003.

66. ജോസഫ്, എസ്. *ഉപ്പന്റെ കൂവൽ വരയ്ക്കുന്നു*. കോട്ടയം : ഡി.സി. പ്രസ്സ്, 2009.

67. ടോണിമാത്യു. കാട്ടുകിളിയുടെ പാട്ട് സുഗതകുമാരി കവിതകളുടെ പഠനം.

സമ്പാ., ടോണിമാത്യു, തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

68. തിലക്, പി.കെ. *കവിതാപഠനങ്ങൾ*. കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2012.

69. ദാസ്, കെ.കെ.എസ്. *പരിസ്ഥിതിദർശനം ഭരണകൂടം മനുഷ്യാവകാശം*. തിരുവനന്തപുരം : പ്രഭാത് ബുക്ക് ഹൗസ്, 2017.

70. ദിനേശൻ, പുത്തലത്ത്. *പരിസ്ഥിതി നവോത്ഥാനം മാർക്സിസ്റ്റ് കാഴ്ചപ്പാടിൽ*. കായംകുളം : സിതാര ബുക്സ്, 2015.

71. ദിലീപ് രാജ്. *തണ്ടേടങ്ങൾ – കേരള സമൂഹ ഭൂപടം മുത്തങ്ങ സമരത്തിനുശേഷം*. എഡി., ദിലീപ് രാജ്. കോട്ടയം : ഡി.സി.ബുക്സ്, 2003.

72. ദേവിക, ജെ. *സ്ത്രീവാദം*. എഡി., വി.സി. ഹാരിസ്. കോട്ടയം : ഡി.സി.ബുക്സ്, 2000.

73. ദേവിക, ജെ. *ആണരശുനാട്ടിലെ കാഴ്ചകൾ*. കോട്ടയം : കറന്റ് ബുക്സ്, 2006.

74. നമ്പൂതിരി, എൻ.എം. *കക്കാട് കവിയും കവിതയും*. തൃശ്ശൂർ : കേരളസാഹിത്യ അക്കാദമി, 2008.

75. നാരായണൻ, നമ്പൂതിരി. കക്കാട്. *കക്കാടിന്റെ കവിത*. കാലിക്കറ്റ്: കേരളസാഹിത്യ സമിതി. പൂർണപബ്ലിഷേഴ്സ്, 1993.

76. നാരായണൻ, നമ്പൂതിരി. കക്കാട്. *കക്കാടിന്റെ കൃതികൾ*. തൃശ്ശൂർ : കറന്റ് ബുക്സ്, 2002.

77. നാരായണൻ, നമ്പൂതിരി. കക്കാട്. *കക്കാടിന്റെ കവിതകൾ*. കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2011.

78. നാരായണൻ, പാലക്കീഴ്, എഡി., *കടമ്മനിട്ടയുടെ കാവുകൾ*. കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണസംഘം, നാഷ്ണൽ ബുക്ക് സ്റ്റാൾ, 2011.

79. നിവേദിത മേനോൻ. എഡി., *അകമേ പൊട്ടിയ കെട്ടുകൾക്കപ്പുറം ഇന്ത്യൻ ഫെമിനിസത്തിന്റെ വർത്തമാനങ്ങൾ*. കോട്ടയം: സാഹിത്യപ്രവർത്തകസഹകരണ സംഘം, 2017.

80. പൊതുവാൾ, പി.പി.കെ. *പരിസ്ഥിതിബോധവും സംസ്കാരവും*. കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2007.

81. പോക്കർ, പി.കെ. *സ്വരാഷ്ട്രീയം*. കോഴിക്കോട് : പ്രോഗ്രസ്സ് പബ്ലിക്കേഷൻ, 2005.

82. പോക്കർ, പി.കെ. *ആധുനികോത്തരതയുടെ കേരളീയ പരിസരം*. കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷ്ണൽ ബുക്ക് സ്റ്റാൾ, 2000.

83. പോൾ, മണലിൽ. സമാ., *കക്കാട് കവിയും കവിതയും*. കോട്ടയം : നാഷ്ണൽ ബുക്ക് സ്റ്റാൾ, 1993.

84. പ്രതാപൻ, തായാട്ട്, എഡി., *പരിസ്ഥിതിദർശനം*. കോഴിക്കോട് : ഹരിതം പബ്ലിക്കേഷൻസ്, 2008.

85. പ്രശാന്തകുമാർ, എൻ. *സ്ത്രീരചനയുടെ സൗന്ദര്യശാസ്ത്രം*. ചെങ്ങന്നൂർ : റെയ്ൻബോ ബുക്ക് പബ്ലിഷേഴ്സ്, 2008.

86. പ്രശോഭൻ, കെ. *ശ്രീനാരായണഗുരു ബഹുസ്വരതയുടെ ആചാര്യനും കവിയും*. തിരുവനന്തപുരം : പ്രഭാത് ബുക്ക് ഹൗസ്, 2016.

87. പ്രസാദ്, സി.ആർ. *ഹരിതദർശനം ആധുനികാനന്തര കവിതയിൽ*. തിരുവനന്തപുരം : സെഡ് ലൈബ്രറി, 2007.

88. പ്രസന്നരാജൻ. *ഉത്തരാധുനിക ചർച്ചകൾ*. കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷ്ണൽ ബുക്ക് സ്റ്റാൾ, 2011.

89. ബിനീഷ്, പുതുപ്പണം. *കേരള നവോത്ഥാനത്തിന്റെ പരിമിതികൾ*. : വിദ്യാർത്ഥി പബ്ലിക്കേഷൻസ്, 2011.

90. ബെറ്റിമോൾ, മാത്യു. *കടമ്മനിട്ടയുടെ കവിതകൾ ഒരു സ്ത്രീപക്ഷവായന*, കോട്ടയം: ഡി.സി. ബുക്സ്, 2013.

91. ഭട്ടതിരിപ്പാട്, വി.ടി. *അടുക്കളയിൽ നിന്ന് അരങ്ങേത്തേക്ക്*, കോട്ടയം : ഡി.സി. ബുക്സ്, 1930.

92. ഭാസ്കരൻ ടി. സമ്പ., ശ്രീനാരായണ ഗുരു. *ശ്രീനാരായണ ഗുരുവിന്റെ സമ്പൂർണ കൃതികൾ.* കോഴിക്കോട് : മാതൃഭൂമി ബുക്സ്, 1985.

93. ഭാസ്കരനുണ്ണി, പി. *കേരളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ.* തൃശ്ശൂർ : കേരള സാഹിത്യഅക്കാദമി, 2012.

94. മധുസൂദനൻ, ജി. എഡി., *ഹരിതനിരൂപണം മലയാളത്തിൽ.* തൃശ്ശൂർ : കറന്റ് ബുക്സ്, 2002.

95. മധുസൂദനൻ, ജി. *നഷ്ടമാകുന്ന നമ്മുടെ സ്വപ്നഭൂമി.* കേരളത്തിന്റെ പാരിസ്ഥിതിക ചരിത്രം. തൃശ്ശൂർ : കേരള സാഹിത്യഅക്കാദമി, 2017.

96. മനില.സി.മോഹൻ. *മാധവ്ഗാഡ്ഗിലും പശ്ചിമഘട്ടസംരക്ഷണവും.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2014.

97. മനോജ്, എം.ബി. കാണുന്നീലൊരക്ഷരവും. കോട്ടയം : ഡി.സി.ബുക്സ്, 2007.

98. മന്നാടിയാർ, എൻ.എസ്. *കൗടില്യന്റെ അർത്ഥശാസ്ത്രം അന്തർധാരയും സമകാലിക പ്രസക്തിയും.* തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി, 2015.

99. മസനോബു ഫുക്കുവോക്ക. *ഒറ്റവൈക്കോൽ വിപ്ലവം.* വിവ., സി.പി. ഗംഗാധരൻ. തൃശ്ശൂർ : വാർഡൻ ഇരവ്, 1987.

100. മസനോബു ഫുക്കുവോക്ക. *പ്രകൃതിയിലേക്ക് മടങ്ങാൻ.* വിവ., മോഹൻ. കെ. എം.ആർ. കോട്ടയം : ഡി.സി. ബുക്സ്, 1999.

101. മാധവൻ, അയ്യപ്പത്ത്. *അയ്യപ്പത്തിന്റെ കവിതകൾ.* ശുകപുരം : വള്ളത്തോൾ വിദ്യാപീഠം, 2010.

102.മിനിപ്രസാദ്. *സ്ത്രീ പരിസ്ഥിതി ആത്മീയത.* തിരുവല്ല : ക്രൈസ്തവ സാഹിത്യ സമിതി, 2009.

103.മുഹമ്മദലി, എൻ. *മതവും മനുഷ്യനും.* തിരുവനന്തപുരം : ചിന്ത പബ്ലിഷേഴ്സ്, 2008.

104.മ്യൂസ്മേരി. ഇസ്പേഡുറാണി. എറണാകുളം : ഗ്രെഫ്രെയാർസ് പബ്ലിക്കേഷൻസ്, 2008.

105.യാക്കോബ് തോമസ്. *ആധുനികതയുടെ പാഠങ്ങൾ. മലയാള കവിതയുടെ സ്ത്രീപക്ഷ രാഷ്ട്രീയം.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

106. രഘുനന്ദൻ, വി.ആർ. സമ്പാ., *ഭൂമി ഒരു പൊതുസ്വത്ത്*, തൃശ്ശൂർ : കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, 2010.

107. രതിമേനോൻ, റേച്ചൽകാഴ്സൺ - *പ്രകൃതിയുടെ പരിവ്രാജിക.* തൃശ്ശൂർ : കേരള ശാസ്ത്രസാഹിത്യപരിഷത്ത്, 2008.

108. രവികുമാർ, കെ.എസ്. *ആധുനികതയുടെ അപാവരണങ്ങൾ.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷ്ണൽ ബുക്സ്റ്റാൾ, 2014.

109. രവികുമാർ, കെ.എസ്. *കടമ്മനിട്ടയിലെ കവി.* കോട്ടയം : ഡി.സി.ബുക്സ്, 1995.

110. രവീന്ദ്രൻ, എൻ.കെ. *പെണ്ണെഴുതുന്ന ജീവിതം.* കോട്ടയം : മാതൃഭൂമി ബുക്സ്,2010.

111. രവീന്ദ്രൻ, പി.പി. *ഇടപെടലുകൾ സാഹിത്യം സിദ്ധാന്തം രാഷ്ട്രീയം.* കോട്ടയം : ഡി.സി.ബുക്സ്, 1997.

112. രവീന്ദ്രൻ.പി.പി. *ആധുനികാനന്തരം വിചാരം വായന.* തൃശ്ശൂർ : കറന്റ് ബുക്സ്,1999.

113. രശ്മി. ബിനോയ്, *ചരിത്രത്തിലെ പെണ്ണിടങ്ങൾ ആധുനിക സ്ത്രീപഠനത്തിന് ഒരാമുഖം.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008.

114. രാഘവൻ, അത്തോളി. *കണ്ടത്തി.* കോട്ടയം : കറന്റ് ബുക്സ്, 1996.

115. രാഘവവാര്യർ. അമ്മവഴി കേരളം. തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി, 2006.

116. രാജൻ കൈലാസ്. *ബുൾഡോസറുകളുടെ വഴി.* ആലപ്പുഴ : ഫേബിയൻ ബുക്സ്, 2004.

117. രാജൻ കൈലാസ്. *അകം കാഴ്ചകൾ.* കോഴിക്കോട് : സോളിഡാരിറ്റി പബ്ലിക്കേഷൻസ്, 1997.

118. രാജൻ കൈലാസ്. *ഒറ്റയിലത്തണൽ.* മാവേലിക്കര : ഫേബിയൻ ബുക്സ്, 2015.

119. രാജഗോപാലൻ. സി.ആർ. എഡി. *കൃഷിഗീത പരിസ്ഥിതി അറിവടയാളങ്ങൾ.* കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2013.

120. രാജലക്ഷ്മി. *പറഞ്ഞില്ല നിന്നോട്.* കോട്ടയം : കറന്റ് ബുക്സ്, 2000.

121. രാജശേഖരൻ, എസ്. *പരിസ്ഥിതിദർശനം മലയാള കവിതയിൽ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. 2010.

122. രാജശേഖരൻ, എസ്. എഡി., *പരിസ്ഥിതിക്കവിതകൾ.* കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണ സംഘം, 2006.

123. രാജീവൻ, ബി. *വാക്കുകളും വസ്തുതകളും.* കോട്ടയം : ഡി.സി.ബുക്സ്, 2009.

124. രാധാകൃഷ്ണൻ, ആർ. *സൈലന്റ് വാലി ചെറുത്തുനില്പിന്റെ നാൾവഴി.* തൃശ്ശൂർ : കേരള ശാസ്ത്രസാഹിത്യപരിഷത്ത്, 2010.

125. രാമകൃഷ്ണൻ, എം.കെ. *സ്ത്രീ വിമോചനം ചരിത്രം സിദ്ധാന്തം സമീപനം.* പത്തനംതിട്ട : പ്രസക്തി ബുക്ക് ഹൗസ്, 1989.

126. രാമകൃഷ്ണൻ, കടമ്മനിട്ട. *കടമ്മനിട്ടയുടെ കവിതകൾ.* കോട്ടയം : ഡി.സി. ബുക്സ്,1980.

127. രാമചന്ദ്രൻ, പി.പി. *പി.പി.രാമചന്ദ്രന്റെ കവിതകൾ.* കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2015.

128. രാജീവൻ, ടി.പി. *രാഷ്ട്രതന്ത്രം.* കോഴിക്കോട് : ഹരിതം ബുക്സ്, 2001.

129. രാജേഷ്, എം.ആർ. *വിമർശനത്തിന്റെ വഴികൾ.* കണ്ണൂർ : പായൽ ബുക്സ്, 2010.

130. ലതികാ നായർ, ബി. *ഭാരതസ്ത്രീകൾ നൂറ്റാണ്ടുകളിലൂടെ.* കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2010.

131. ലളിതാലെനിൻ. *പുതിയവായന.* തൃശ്ശൂർ : കേരള ശാസ്ത്രസാഹിത്യപരിഷത്ത്,1997.

132. ലളിതാലെനിൻ, കർക്കിടകവാവ്. തിരുവനന്തപുരം : പരിധി പബ്ലിക്കേഷൻസ്,1995.

133. ലീലാവതി, എം. മലയാള കവിതാ സാഹിത്യചരിത്രം. തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി, 1980.

134. ലീലാവതി. എം. ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ ഒരു പഠനം.തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1993.

135. ലീലാവതി, എം. *കൊച്ചിയിലെ വൃക്ഷങ്ങൾ ഒരു പാരായണം*. കോട്ടയം : സാഹിത്യപ്രവർത്തകസഹകരണ സംഘം. നാഷ്ണൽ ബുക്ക് സ്റ്റാൾ, 1998.

136. ലീലാവതി, എം. *ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം*. തിരുവനന്തപുരം : പ്രഭാത് ബുക്ക് ഹൗസ്, 2000.

137. ലീലാവതി, എം. *സ്ത്രീ സ്വത്വാവിഷ്കാരം ആധുനിക മലയാളസാഹിത്യത്തിൽ*. തൃശ്ശൂർ : കേരള സാഹിത്യഅക്കാദമി, 2008.

138. ലീലാവതി. എം. *നവകാന്തം*. കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷ്ണൽ ബുക്ക് സ്റ്റാൾ, 2012.

139. ലൂയി അൽത്തൂസർ. *പ്രത്യയശാസ്ത്രം*. എഡി., പി.കെ. പോക്കർ, വിവ., പി.വി.സത്യൻ. കോഴിക്കോട് : പ്രോഗ്രസ് പബ്ലിക്കേഷൻസ്, 2010.

140. വത്സലൻ, വാതുശ്ശേരി. *ഒറ്റയാന്മാരുടെ വഴി*. കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷ്ണൽ ബുക്ക്സ്റ്റാൾ, 2001.

141. വന്ദനശിവ. *ആഗോളവത്കരണത്തിന്റെ പുതുയുദ്ധങ്ങൾ. വിത്ത് ജലം ജൈവരൂപങ്ങൾ*. വിവ., കെ.രമ. കോട്ടയം : ഡി.സി.ബുക്സ്, 2007.

142. വന്ദനശിവ. *ജൈവചോരണം*. വിവ., മനോജ്കുമാർ.പി.എസ്. പത്തനംത്തിട്ട : പ്രസക്തി ബുക്ഹൗസ്, 2003.

143. വന്ദനശിവ. *മണ്ണോ എണ്ണയോ* : വിവ., പ്രശാന്ത്കുമാർ. കോട്ടയം : ഡി.സി. ബുക്സ്, 2011.

144. വർഗീസ്, വി.ജെ. 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ. കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണ സംഘം, 2015.

145. വിജയൻ, എൻ.എം. *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം 1901-2000*. തൃശ്ശൂർ : കേരള സാഹിത്യഅക്കാദമി, 2000.

b. ENGLISH BOOKS

1. Ariel Salleh.Ecofeminism As politics. trans.,Vandanashiva. London: Zedbook, 1997.

2. Ceicle Jackson. Women/Nature or Gender/History ? A Critique of ecofeminist development:London: Frank cass, 1993.

3. Cheryll Glotfelty (ed). The Ecocriticism Reader: Landmarks in Literary Ecology. America: University of Georgia press, 1996.

4. David pepper. Modern Environmentalism an introduction. London: Routledge, 1996.

5. Greta Gaard (ed) . Ecofeminist literary criticism. Britain: Marston book services limited, 1951.

6. Judith Butler. Gender trouble feminism and the subversion of identify other. London:Routledge, 1990.

7. Karen.J.warren (ed). Ecofeminism. women culture nature. Jaipur: Rawat publication, 1997.

8. Lorraine Lode (ed). Encyclopedia of Feminist theories. London: Routledge, 2000.

9. Maria Mies.Ecofeminism. Jaipur: Rawat publication, 1993.

c. ആനുകാലികങ്ങൾ

1. മലയാളം

1. അജിത. 'ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ ഗതിവിഗതികൾ'. *സംഘടിത*, 3 , 5 (മെയ് 2012), 6-17.
2. അമ്മു ദീപ. 'ആണധികാരത്തിന്റെ സൈദ്ധാന്തിക പരിസരം'. *വിജ്ഞാന കൈരളി*, 44, 7, (ജൂലായ് 2013), 70-73.
3. അമ്പിളി ഓമനക്കുട്ടൻ. 'പെണ്ണും പ്രകൃതിയും'. *സംഘടിത*, 16, 1 (ജൂലായ് 2018), 6.
4. ആശാലത, വി. 'എൻ.വി.കൃഷ്ണവാര്യരും പാരിസ്ഥിതികാവബോധവും'. *വിജ്ഞാന കൈരളി*, 45, 12 (ഡിസംബർ 2015), 28-32.
5. ഇന്ദു, ആർ. 'ഉത്തരാധുനിക മലയാളകവിതയിലെ സ്വത്വനിർമ്മിതിയുടെ പാഠങ്ങൾ', *വിജ്ഞാനകൈരളി*, 44,1 (ജനുവരി 2013), 86-89
6. കുസുമം ജോസഫ്. 'അണക്കെട്ടിനുള്ളിൽ എന്റെ വീട് ഇപ്പോഴുമുണ്ട്' . *മാധ്യമം*, 21,7 (മെയ് 2018), 24-29.
7. കോശി, എ.ബി. 'ക്ഷീരപഥങ്ങളിലെ സഞ്ചാരി'. *ഭാഷാപോഷിണി*, 41,9 (സെപ്തംബർ 2017), 66-67.
8. ഖദീജ മുംതാസ്, 'കാസർകോടിന്റെ ദുഃഖം സ്ത്രീയുടെ ദുഃഖം'. *സംഘടിത*, 1, 6 (ജൂൺ 2011), 41-42.
9. ഗായത്രി, കെ.പി. 'സാറാജോസഫിന്റെ കഥകൾ ഒരു ഇക്കോഫെമിനിസ്റ്റ് പാരായണം'. *വിജ്ഞാന കൈരളി*, 40,9 (സെപ്തംബർ 2009), 41-51.
10. ഗീത. 'പെൺകവിതയുടെ രാഷ്ട്രീയ ദേശങ്ങൾ'. വിജയലക്ഷ്മിയുടെ തച്ചന്റെ മകളെ മുൻനിർത്തി ഒരു വിചാരം. *സംഘടിത*,1,6 (ജൂൺ 2011), 44-46.
11. ജോണി ലൂക്കോസ്. 'സുഗതകുമാരി എങ്ങനെ ചിരിക്കാതിരിക്കുന്നു ?' *ഭാഷാ പോഷിണി*, 42,1 (ജനുവരി 2018).

12. ദിവ്യ,കെ. 'മുറ്റമടിക്കുമ്പോൾ വെളിവാകുന്നത്.' *സംഘടിത*, 8, 4 (ഒക്ടോബർ 2014), 47-49.

13. ദേവിക, ജെ. 'കേരളത്തിൽ ഫെമിനിസത്തിന് ഇപ്പോൾ സംഭവിക്കുന്നത്'. *മാതൃഭൂമി ആഴ്ച്ച പതിപ്പ്*, 96, 6 (ഏപ്രിൽ 2018), 38.

14. ദേവിക, ജെ. 'മാർക്സിന്റെ പെണ്ണ്'. *മാതൃഭൂമി ആഴ്ച്ചപതിപ്പ്*, 96, 11 (മെയ്, ജൂൺ 2019), 62.

15. നന്ദകുമാർ, യു. 'ചങ്ങമ്പുഴയുടെയും കടമ്മനിട്ടയുടെയും ശാന്ത.' *ഭാഷാപോഷിണി*, 41, 9 (സെപ്തംബർ 2017), 48.

16. നാരായണൻ, എം.വി. 'ഉത്തരാധുനികതയുടെ വിധേയയുക്തി.' *ഭാഷാപോഷിണി*, 23,2 (ജൂലൈ 1999), 38.

17. പാർവ്വതി ദേവി, ആർ. 'സ്ത്രീപ്രശ്നം രാഷ്ട്രീയമാനങ്ങൾ'. *സാഹിത്യലോകം*, 21,1 (ഫെബ്രുവരി 1996), 37.

18. പ്രസാദ് സി.ആർ. 'വർത്തമാനകാല മലയാള കവിതയിലെ സ്ത്രീയനുഭവം'. *സാഹിത്യലോകം*, 37,2 (മാർച്ച്, ഏപ്രിൽ 2010), 73-84.

19. പ്രസീത, പി. 'പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ രാഷ്ട്രീയം'. *വിജ്ഞാനകൈരളി*, 40,9 (സെപ്തംബർ 2009), 10-22.

20. ബാലകൃഷ്ണൻ കല്പറ്റ. 'വിനയചന്ദ്രന്റെ കവിത'. *സാഹിത്യലോകം*, 8,3 (ജൂലൈ, സെപ്തംബർ 1983), 41,39.

21. ബാലാനന്ദൻ തേക്കുംമൂട്. 'സുഗതകുമാരിയുടെ കവിതയും ജീവിതദർശനവും'. *സാഹിത്യലോകം*, 36,4 (ജൂലൈ, ഓഗസ്റ്റ് 2009), 31

22. മാത്യു കാഴത്തേൽ. 'റോസ്മേരിക്കവിതയിലെ സ്വാതന്ത്ര്യസങ്കല്പം'. *സാഹിത്യലോകം*, 28,5 (സെപ്തം ബർ, ഒക്ടോബർ 2003), 66-72.

23. മിനി പ്രസാദ്. 'പാരിസ്ഥിതിക സ്ത്രീവാദം'. *സംഘടിത* 3,1 (ജനുവരി 2012), 16-17.

24. മിനി പ്രസാദ്. 'വെറും വേവുനിലമല്ലാത്ത അടുക്കളകൾ: പുതുകാലപെൺകവിതകൾക്കൊരു പഠനം'. *സംഘടിത*, 8,4 (ഒക്ടോബർ 2014), 8-12.

25. മൃത്യുഞ്ജയൻ, വി.എം. 'സച്ചിദാനന്ദന്റെ കവിത അതിരുകളില്ലാത്ത ഭൂപടം'. *സാഹിത്യലോകം*, 28,5 (സെപ്തംബർ, ഒക്ടോബർ, 2003), 44.

26. മേഴ്സി, കെ.വി. 'തച്ചന്റെ മകൾ ഒരു സ്ത്രീപക്ഷ സമീപനം'. *സാഹിത്യലോകം*, 28,1 (ജനുവരി, ഫെബ്രുവരി 2003), 84-88.

27. മ്യൂസ്മേരി ജോർജ്ജ്. 'ഇല്ലിക്കൂട്ടങ്ങൾ ഓരോന്നു പറഞ്ഞുതുടങ്ങി'. *ഭാഷാപോഷിണി*, 29,12 (മെയ് 2006), 41.

28. രവീന്ദ്രൻ, പി.പി. 'കൊളോണിയലിസം ആധുനികത'. *ഭാഷാപോഷിണി*, 22,5 (ഒക്ടോബർ 1998), 45.

29. രാജാ, വള്ളിക്കുന്നം. 'ഉത്തരാധുനികതയുടെ കാവ്യ നിർമ്മിതി'. *സാഹിത്യലോകം*, 21,6 (നവംബർ, ഡിസംബർ 1996), 78.

30. രാജൻ, കെ. 'കവിത ആഖ്യാനം നിർകോളനീകരണം'. *ഭാഷാപോഷിണി*, 25,11 (ഏപ്രിൽ 2002), 69.

31. രാജശ്രീ, എം. 'സീതാദർശനം ആദി കാവ്യത്തിനൊരു പാരസ്ഥിതിക സ്ത്രീപക്ഷ വായന'. *സംഘടിത*, 8,4. (ഒക്ടോബർ 2014), 45-46.

32. രാജേന്ദ്രൻ, സി. 'ആധുനികോത്തരയുടെ പ്രത്യയശാസ്ത്ര ഭൂമിക'. *സാഹിത്യലോകം*, 25,5 (സെപ്തംബർ, ഡിസംബർ 2000), 7.

33. രാധിക , എം.ഡി. 'സ്ത്രീവാദ സിദ്ധാന്തങ്ങൾ ഒരാമുഖം'. *ഭാഷാപോഷിണി*, 22,5 (ഒക്ടോബർ 1998), 62.

34. രേഖ, കെ. 'ഒളിപ്പോരെന്തെന്നു പഠിച്ചീലവർ'. *ഭാഷാപോഷിണി*, 41,8 (ഓഗസ്റ്റ് 2017), 6-15.

35. ശാന്തി, എസ്. 'ഭൂമി പ്രകൃതി സ്ത്രീ'. *സംഘടിത*, 2,2 (ഓഗസ്റ്റ് 2011), 52-55.

36. ഷീബ, കെ.എം. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്കും തിരിച്ചും ആധുനിക മലയാളിസ്ത്രീയുടെ കുടുംബിനി രൂപ നിർമ്മിതികൾ'. *സംഘടിത*, 8,4 (ഒക്ടോബർ 2014), 50-51.

37. ഷീബ, കെ.എം. 'ശരീരം അധിനിവേശം അധികാരം ലൈംഗികതയുടെ ചരിത്രമാനങ്ങൾ'. *സംഘടിത*, 9,1 (ജനുവരി 2015), 14-21.

38. ഷീബ ദിവാകരൻ. 'കവിതയിലെ പെണ്ണും പ്രകൃതിയും'. *സംഘടിത*, 1,6 (ജൂൺ 2011), 38-39.

39. സംഗീത തിരുവൾ, പി.പി. 'സ്ത്രീ വൈജ്ഞാനികതയും സാമൂഹ്യനിർമ്മിതിയും', *സംഘടിത*,12,5 (നവംബർ 2016), 15-17.

40. സച്ചിദാനന്ദൻ. 'എന്റെ കവിത'. *സാഹിത്യലോകം*, 8,4 (ഒക്ടോബർ, ഡിസംബർ 1983), 47.

41. സജിത കിഴിനിപ്പുറത്ത്. 'പാരിസ്ഥിതിക രാഷ്ട്രീയത്തിലെ പെണ്ണിടങ്ങൾ'. *സംഘടിത*, 2,3 (സെപ്തംബർ 2011), 60-61.

42. സാറാ ജോസഫ്. 'ഭൂമിയെ പൊതിയുന്ന പെൺപാവാട'. *എഴുത്ത്*, 1, 10 (ആഗസ്റ്റ്)

43. സുകുമാരൻ, ടി.പി. 'പരിസ്ഥിതി സൗന്ദര്യശാസ്ത്രം'. *സാഹിത്യലോകം*, 20,5 (സെപ്തംബർ, ഒക്ടോബർ 1995), 41-52.

44. സുഗതകുമാരി. 'എന്റെ കവിത.' *സാഹിത്യലോകം*, 8,3 (ആഗസ്ത് 1983), 16.

45. സുരേഷ്, പി. 'സുഗതകുമാരി : ദുഃഖവും രോഷവും കവിതയായ് പെയ്യുമ്പോൾ '. *മുൻസിപ്പൽ ന്യൂസ്*, 5,9 (സെപ്തംബർ 2016) 14-21.

46. സുൽഫത്ത്, എം. 'ഫെമിനിസം സാധ്യമാകും: സ്ത്രീവേദിയെ പുതുക്കിപ്പണിതു കൊണ്ടാവില്ല'. *സംഘടിത*, 3,5 (മെയ് 2012) 6-8.

47. സോമശേഖരൻ, 'ചിന്തയിലെ കോളനികൾ'. *ഭാഷാപോഷിണി*, 43,8 (ഓഗസ്ത് 2017), 66.

48. ഹരികുമാർ, പി.ആർ. 'കാവ്യഭാഷയുടെ വികാസം സ്വാതന്ത്ര്യാനന്തര മലയാള കവിതയിൽ'. *സാഹിത്യലോകം* 13,5 (നവംബർ, ഡിസംബർ, 1988), 10.

d. ONLINE REFERENCE

2. ENGLISH REFERENCE

1. Angelay. y.devis,woman race and class, Newyork: vintage. 1983.26 August.2019.<http://legal form .files.wordpress.com>.
2. Betty Fridan, The feminine mystique, united state: ww.Nortion and company.1963.26 August 2019. <https:// national humanities center. org>.
3. Carol J Adams, The sexual politics of Meat, Newyork: continuum.1983.26 August 2019.<https://we.rise up.net>assets>.
4. Greta Gaard, "Vegetarian Ecofeminism : a review essay" Frontiers: A Journals of woman studies .23.2 (2002): 117-146. 26 August 2019. <https://muse.jhu.edu>article>.
5. John Stuart Mill, The subjection of woman, London: Longmans, Green Reader and dyer, 1869.18 July 2019.<http://www.early.modern texts.com>.
6. Linda Alcoff, "cultural feminism versus post structuralism: The identity crisis in feminist theory", Journal of woman in culture and society. 13.3 (1988): 405.15 August 2019.<https://www.journals.uchicago.edu>.
7. Mary daly, Gyn/ecology: The metaethics of radical feminism, Boston:Beacon Press.1990. 23 August 2019. <https://www.feministes - radicales.org>.
8. Mary daly, Beyond God the father, Boston: Beacon press. 1993. 7 November 2019.<https://www.feministes-radicales.org>.
9. Mary daly, the church and the second sex, Boston:Beacon press. 1986.7 November2019.<https:/ www.womenstudiesrutgersnework.files. wordpress.com.

10. Mary Wollstone craft, A Vindication of the Right of Woman , London: Jonhnson, N°72, St.Paul'sChurch Yard.1792.15August 2019.<http://digital library. 1se.ac.k uic>.

11. S.Ravikumar, "Deep Ecology and Eco feminism and approach to sustainable development". Indian Journal of Research.3.10 (2014):38.23 August 2019.<http.www.world wide journal/>.

12. Shulamith Fire Stone, the dialectic of sex, united states: William Marrow and company, 1970.26 August 2019.<http://teoria evolutiva.files.world press.com>.

അനുബന്ധം - I

സ്ത്രൈണപക്ഷത്തിലെ പ്രകൃതിപക്ഷം: കവയിത്രി ലളിതാലെനിനുമായി നടത്തിയ അഭിമുഖം

ചോദ്യം 1. ടീച്ചറുടെ ആദ്യകാല കവിതകളിൽ സ്ത്രീസമൂഹത്തിന്റെ ജീവിതവ്യഥകളെ കറുപ്പുമായിബന്ധിപ്പിച്ചാണ് അവതരിപ്പിക്കുന്നത്. കൂരിരുൾ, കരിങ്കിളി, വിഷാദസൗഖ്യം എന്നീ തലക്കെട്ടുകൾ തന്നെ ഇതിന് തെളിവാണ്. കവിതയ്ക്കകത്തെ ഈ വിഷാദാത്മകതയെ ഒന്ന് വിശദീകരിക്കാമോ?

ഉത്തരം. കാർമേഘത്തെക്കാൾ വെണ്ണിലാവിനെയായിരുന്നു എനിക്കിഷ്ടം. കണ്ണീരിനേക്കാൾ പുഞ്ചിരിയേയും. പക്ഷേ കവിതയിൽ ജീവിതനിരീക്ഷണങ്ങൾ കയറി വരുമ്പോഴെല്ലാം ഒരു വിഷാദം എന്നെ ചൂഴ്ന്നു നിൽക്കും. അതു പ്രതിഫലിപ്പിക്കാനായി അറിയാതെത്തന്നെ വന്നു കൂടിയതായിരിക്കാം ഈ കറുപ്പ്.

ചോദ്യം 2. കവിതകളിൽ കിളി, ഗരുഡൻ തുടങ്ങിയ പക്ഷികളിലൂടെയാണ് സ്ത്രീവിഷയങ്ങൾ കൈകാര്യം ചെയ്തിട്ടുള്ളത്. ഈ തിരഞ്ഞെടുപ്പിന് പിറകിലെ യുക്തിയൊന്ന് വിശദീകരിക്കാമോ ?

ഉത്തരം. അതങ്ങനെ വന്നതാണ്. പക്ഷേ വീണ്ടും വായിക്കാൻ തുടങ്ങുമ്പോൾ കിളി മസൃണതയുടെയും ഗരുഡൻ ക്രൗര്യത്തിന്റെയും പ്രതീകങ്ങളായാണ് എന്റെ കവിതയിൽ പ്രത്യക്ഷപ്പെടുന്നതെന്നു തോന്നുന്നു.

ചോദ്യം 3. ടീച്ചറുടെ കവിതയിൽ വീട് ഒരധികാരസ്ഥാനമായും വീടനകത്തെ സ്ത്രീജീവിതം ക്രിസ്ത്യൻ മിത്തോളജിയുമായി ബന്ധപ്പെടുത്തിയും അവതരിപ്പിക്കുന്നുണ്ട്. ഈ അവതരണത്തിലെ സാംഗത്യം ഒന്ന് വിശദീകരിക്കാമോ ?

ഉത്തരം. വീട് ഒരു അധികാരസ്ഥാനമാണെന്ന ബോധം ചെറുപ്പത്തിലേ എന്നിൽ മുളച്ചിരുന്നു. എന്നാൽ അതിനോടു കലഹിക്കാനുള്ള സൂക്ഷ്മനിരീക്ഷണങ്ങളൊന്നും വശമായിരുന്നില്ല. ക്രമേണ ഞാനത് വ്യക്തമായി മനസ്സിലാക്കി. എല്ലാവീടുകളും അങ്ങനെത്തന്നെയാണ്. ഏറ്റക്കുറച്ചിലുണ്ടാകാമെന്ന് മാത്രം. എന്തുവായിക്കുമ്പോഴും ലഭിക്കുന്ന തിരിച്ചറിവുകൾ കവിതക്ക് പ്രമേയമാകാറുണ്ട്. അതിലൊന്നാണ് 'കള്ളംപറയുന്നവർ'. സ്ഥിരമായി ബൈബിൾ വായിച്ചുകൊണ്ടിരുന്നപ്പോഴാണ് അതെഴുതാനുള്ള പ്രേരണയുണ്ടായത്.

ചോദ്യം 4. ജന്മദേശം ടീച്ചറുടെ കവിതകളെ സ്വാധീനിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എപ്രകാരമാണ്? ഒന്ന് വിശദീകരിക്കാമോ?

ഉത്തരം. തീർച്ചയായും എന്റെ ദേശമായ തൃത്തല്ലൂർ പോലെ മറ്റൊരുദേശവും എന്നെ വശീകരിച്ചിട്ടില്ല. പക്ഷെ, കണ്ണും കാതുമുറച്ചപ്പോൾ ആകാശം വിസ്തൃതമായി, ലോകം വലുതായി. ഒഴുക്കിനിടയിൽ നിന്ന് തിരിച്ചോടിയെത്തുമ്പോൾ 'അന്യയായിത്തീർന്നോ' എന്ന് വ്യസനം.

ചോദ്യം 5. ടീച്ചറുടെ കവിതയ്ക്കകത്ത് സ്ത്രൈണസ്വത്വത്തെ സമൂഹത്തിനകത്തെ ഇതര ജീവസമൂഹത്തിനെ കൂടി ഉൾക്കൊണ്ട് വിപുലപ്പെടുത്താനുള്ള ഒരു ശ്രമം പ്രകടമാണ്. ഈ ശ്രമത്തെ എങ്ങിനെ വിലയിരുത്തുന്നു ?

ഉത്തരം. സ്ത്രൈണസ്വത്വം പലപ്പോഴും ഒറ്റപ്പെടുകയോ സ്ത്രീകളാൽത്തന്നെ അപഹസിക്കപ്പെടുകയോ ചെയ്യുന്നു. സമൂഹത്തിന്റെ അടിസ്ഥാനമാകേണ്ട ഒന്നാണത്. അതോടെ ലോകം കീഴ്മേൽമറിയുമോ എന്ന ആശങ്കയാണ് ഭൂരിപക്ഷംപേർക്കും. പക്ഷേ സാമൂഹികമായി അതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞുള്ള വിനിമയസാധ്യതകൾക്കാണ് കാലം കാതോർക്കുന്നത്.

ചോദ്യം 6. മലയാള കവിതയിൽ സ്ത്രീക്കും പ്രകൃതിക്കും വേണ്ടി രൂപപ്പെടേണ്ട പ്രജ്ഞാതലത്തെ ടീച്ചർ എങ്ങനെയാണ് നോക്കിക്കാണുന്നത് ?

ഉത്തരം. സ്ത്രീയെയും പ്രകൃതിയെയും എന്നും സഹനത്തിന്റെ മാതൃകകളായി

സമൂഹം അംഗീകരിച്ചിരുന്നു. അതുകൊണ്ട് സൃഷ്ടിക്കപ്പെടുന്ന ദുരന്തങ്ങൾ ഇന്നും തുടർന്നു കൊണ്ടേയിരിക്കുന്നു. രണ്ടിനും വേണ്ടി യുള്ള ഒരു പ്രജ്ഞാതലം ഹ്രസ്വകാല ബോധവത്കരണത്തിലൂടെ മാത്രം സൃഷ്ടിക്കാനാവില്ല. സർവതലസ്പർശിയായ അനുഭവങ്ങളും ചിന്തയും മനുഷ്യനെ പാകപ്പെടുത്തുമ്പൊഴേ അങ്ങനെയൊരു ഇക്കോഫെമിനിസ ത്തിന് അർത്ഥഗൗരവമുണ്ടാകൂ.

ചോദ്യം 7. ടീച്ചറുടെ എഴുത്തിൽ സുഗതകുമാരി കവിതകളുടെ സ്വാധീനം എങ്ങനെയാണ് അനുഭവപ്പെട്ടിട്ടുള്ളത് ?

ഉത്തരം. സുഗതകുമാരിടീച്ചറിന്റെ കവിതകൾ എനിക്കെന്നും ഇഷ്ടമായിരുന്നു. ബാലാമണിയമ്മയിൽ തുടങ്ങിയ അധികവായന പെട്ടെന്ന് അങ്ങോട്ട് പാഞ്ഞു. എവിടെയൊക്കെയോ ഞങ്ങൾക്ക് പൊരുത്തങ്ങളുണ്ടെങ്കിലും എന്റെ വഴി വ്യത്യസ്തം തന്നെ എന്നാണെന്റെ തോന്നൽ.

ചോദ്യം 8. തെറ്റും ശരിയും, അക്ഷരം എന്നീ കവിതകൾ ദളിത് പരിപ്രേക്ഷ്യത്തെ കൂടി ഉൾവഹിക്കുന്നുണ്ട്. പക്ഷെ ഈ പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് ഒരു തുടർച്ച കവിതകളിൽ കാണുന്നില്ല. അതിന്റെ കാരണമൊന്ന് വിശദീകരിക്കാമോ ?

ഉത്തരം. ശരിയാണ്. സ്ത്രീകളും കുട്ടികളും ദലിതരും ട്രാൻസുകളുമൊക്കെ പ്രാന്തവത്കരിക്കപ്പെട്ടവർ തന്നെയാണ്. അവർക്ക് വേണ്ടി സംസാരിച്ചത് പോരാ, പോരാ എന്നതും വളരെ ശരിയാണ്. ആനുകാലികങ്ങളിൽ വന്ന എന്റെ പിൽക്കാല കവിതകൾ സമാഹരിക്കപ്പെട്ടിട്ടില്ല. എഴുത്തിൽ വന്ന പന്ത്രണ്ടു വർഷത്തെ മാറ്റങ്ങൾ വലിയ വിടവാണ്. കാഴ്ചക്കുണ്ടായ അസുഖത്തെ തുടർന്നുണ്ടായ എഴുത്തിലെ ബ്ലോക്ക് എന്നെ നിസ്സഹായയാക്കി.

ചോദ്യം 9. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രത്യയശാസ്ത്രത്തെ ഉൾക്കൊള്ളു വാൻ മലയാള കവിത പാകപ്പെട്ടിട്ടുണ്ടോ ? ടീച്ചറുടെ അഭിപ്രായമെന്താണ്?

ഉത്തരം. ഇത്രയും മതിയോ? എടുത്തു പറയേണ്ട ചില ശക്തരായഎഴുത്തുകാരും

രചനകളുമുണ്ട്. അത് വിപുലമായിത്തീർന്ന് കവിതയിലെ മുഖ്യധാരയാകണം.

ചോദ്യം 10. മലയാള കവിതയിലെ സ്ത്രീ, പ്രകൃതി സമീപനങ്ങൾ പ്രധാനമായും കടപ്പെട്ട് നിൽക്കുന്നത് അമ്മദൈവ സങ്കല്പത്തോടാണ്. ലിംഗകേന്ദ്രിത സാമൂഹിക വിചാരങ്ങളിൽ നിന്ന് സ്ത്രീയുടെയും പ്രകൃതിയുടെയും പുരുഷന്റെയും വിമോചനം എന്ന ആശയപരിസരത്തിലേയ്ക്ക് കവിത എത്തിച്ചേരണമെങ്കിൽ ഈ വ്യവസ്ഥിതിയിൽ നിന്ന് സാമൂഹികമായ വിമോചനവും സമാന്തരമായി നടപ്പിലാക്കേണ്ടതില്ലേ ? ഈയർത്ഥത്തിലല്ലേ കവിത ജനകീയമാകുന്നത്. ഈ വിഷയത്തെക്കുറിച്ച് ടീച്ചറുടെ അഭിപ്രായമെന്താണ്.?

ഉത്തരം. അമ്മദൈവ സങ്കല്പത്തിലും പ്രശ്നങ്ങളുണ്ട്. ദൈവമാകുന്ന അമ്മ അധികാരസ്വരൂപമാണ്. നമ്മുടെ സമൂഹത്തിലെ മനുഷ്യനായ അമ്മയ്ക്കാകട്ടെ ദൈവാധികാരങ്ങൾ പോകട്ടെ, അമ്മയധികാരങ്ങൾ പോലുമില്ല. സമൂഹത്തിനുവേണ്ടി എന്തും ഏറ്റുവാങ്ങി ക്രൂശിതരാവാനുള്ള നിയോഗമാണ് അവരുടേത്. വിമോചനത്തിന് പ്രേരകമായ പരിസരം സൃഷ്ടിക്കാൻ കവിത പ്രാപ്തമാകണമെങ്കിൽ അത് ജനകീയംകൂടി ആകണം. എന്റെ 'കുഞ്ഞിപ്പെങ്ങൾ' എന്ന കവിതയുടെ ഉദ്ദേശ്യം അതായിരുന്നു. പെരുമ്പാവൂർവെച്ചുള്ള തൊഴിലാളി സ്ത്രീകളുടെ മീറ്റിംഗിൽ അതുചൊല്ലിയപ്പോൾ അല്പനേരത്തേക്കെങ്കിലും എന്റെ കയ്യിൽ നിന്ന് പുസ്തകം മേടിച്ച് കവിത പകർത്തിയെടുക്കാൻ അവർ കാണിച്ച ആവേശം ഇന്നും ഞാൻ മറന്നിട്ടില്ല.

ചോദ്യം 11. നിലവിലുള്ള സാമൂഹികസാഹചര്യങ്ങൾ കുടുംബം, സമൂഹം, തൊഴിലിടങ്ങൾ എന്നിവയൊക്കെ കവിതയെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട് ?

ഉത്തരം. അവ ശക്തമായി സ്വാധീനിച്ചിട്ടുണ്ട്, പോസിറ്റീവായും, നെഗറ്റീവായും. അതിൽനിന്ന് ഏറെ പഠിച്ചു. കുതറിമാറുമ്പോഴൊക്കെ അമ്പരപ്പായിരുന്നു. സ്നേഹബന്ധങ്ങളെ അപമാനിക്കുന്നുണ്ടോ എന്ന്.

ചോദ്യം 12. സീതയുടെ നിഴലിലാണെന്ന് എപ്പോൾ മുതലാണ് തോന്നിതുടങ്ങിയത്?

ഉത്തരം. സീതയെക്കുറിച്ച് ഏറെ ആലോചിച്ചിട്ടുണ്ട് പ്രത്യേകിച്ചും ആശാന്റെ 'ചിന്താവിഷ്ടയായ സീത' വായിച്ചപ്പോൾ. 'പുതിയ വായന' എന്നൊരു പുസ്തകം കേരളശാസ്ത്രസാഹിത്യപരിഷത്തിനുവേണ്ടി എഴുതിയപ്പോൾ വീണ്ടും മനസ്സിൽ കിടന്ന് സീത ഉരുകിത്തിളച്ചു. അങ്ങനെയൊരു സന്ദർഭത്തിലാണ് 'സീതയുടെ നിഴൽ' എഴുതിയത്.

ചോദ്യം 13. ഒരു പ്രണയസങ്കല്പത്തിന്റെ അഭാവം കവിതകളിൽ പ്രകടമാണ്. അതിനുള്ള കാരണം എന്താണ് ?

ഉത്തരം. അങ്ങനെയൊരു വിവാഹപൂർവ്വ പ്രണയമൊന്നും ഉണ്ടായിട്ടില്ല. വീട്ടിലെ യാഥാസ്ഥിതികമായ ചുറ്റുപാടിൽ പ്രണയം തെറ്റാണെന്നൊരുബോധം ഇളംപ്രായത്തിൽതന്നെ മനസ്സിൽ ഉറച്ചിരുന്നു. കൂടുതൽ വളർന്നപ്പോഴാകട്ടെ കുടുംബത്തിന്റെ അഭിമാനത്തെക്കാൾ സ്ത്രീയുടെ അഭിമാനമാണ് വലുതെന്ന ഒരു വാശിയും. ഇന്ന് അത് ആലോചിക്കുമ്പോൾ ചിരി വരുന്നു.

ചോദ്യം 14. സ്ത്രീക്ക് അനുഗുണമായ കുടുംബസങ്കല്പത്തെ ഒന്ന് വിശദീകരിക്കാമോ?

ഉത്തരം. സ്ത്രീയെ 'അമ്മ' മാത്രമായി ചവിട്ടിത്താഴ്ത്തുകയും ദൈവമായി ആരാധിക്കുകയും ചെയ്യുന്ന ഇടമാകരുത്. തുല്യതയുള്ള മനുഷ്യനായും നല്ല സുഹൃത്തായും അംഗീകരിക്കണം. കഷ്ടപ്പാടുകളും അദ്ധ്വാനവും പങ്കിട്ടും പോരായ്മകൾ നികത്തിയും കഴിവുകൾ വികസിപ്പിച്ചും ദാമ്പത്യത്തെയും കുടുംബത്തെയും സമൂഹത്തെയും മാനിക്കുന്ന നല്ല വ്യക്തികൾ ജീവിക്കുന്ന ഇടമായിരിക്കണം.

ചോദ്യം 15. കേരളത്തിലെ സൈലന്റ് വാലി പ്രക്ഷോഭത്തെയും 'മരക്കവിതകൾ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന കവിതകളെയും എങ്ങിനെയാണ് നോക്കിക്കാണുന്നത് ?

ഉത്തരം. അന്നത്തെ ആക്ഷേപങ്ങളെ ഇന്ന് സോഷ്യൽമീഡിയയിൽ വരുന്ന ട്രോളുകൾ പോലെ കണ്ടാൽ മതി. എന്തായാലും അത് സാമാന്യജനങ്ങ

ളുടെ ശ്രദ്ധ പിടിച്ചുപറ്റി. സുഗതകുമാരി, അയ്യപ്പപ്പണിക്കർ, വിഷ്ണു നാരായണൻ നമ്പൂതിരി എന്നിവരുടെ കവിതകൾ അതിൽ നല്ല പങ്കാണ് വഹിച്ചത്. ഞാൻ അതിനുമുൻപേ ഒരു 'കാട്ടുകവിത' എഴുതിയിരുന്നു - 'യജ്ഞം'. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ് ലൈബ്രേറിയനായിരിക്കെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുവനീറിന് വേണ്ടി എഴുതിയതായിരുന്നു. വനം, മഴക്കാട്, പുൽനിലങ്ങൾ, പക്ഷിമൃഗാദികൾ, പരിസ്ഥിതി തുടങ്ങി ചരാചരങ്ങളുടെ സൗകുമാര്യവും സ്നേഹവും ീവിതവും ഏറെ വായിച്ചറിയാനും കാണാനും അവസരങ്ങൾ കിട്ടി.

ചോദ്യം 16. കവിതയുമായി ബന്ധപ്പെട്ട് മറക്കാൻ കഴിയാത്ത ഒരനുഭവം ?

ഉത്തരം. കവികളായ വൈലോപ്പിള്ളി, കുഞ്ഞിരാമൻ നായർ എന്നിവരിൽ നിന്ന് അവിചാരിതമായി എന്റെ കവിതക്ക് നേരിട്ടുകിട്ടിയ പ്രശംസയും ആശംസയും ഇടയ്ക്ക് മനസ്സിൽ ഓളംവെട്ടാറുണ്ട്. എന്നാൽ അതിനെക്കാൾ അവിസ്മരണീയം മഹാകവി ജി. ശങ്കരക്കുറുപ്പിനെ ആദ്യം കണ്ടുമുട്ടിയതാണ്. ഞങ്ങൾ ലൈബ്രറി സയൻസ് വിദ്യാർത്ഥികൾ തിരുവനന്തപുരത്തുനിന്ന് കന്യാകുമാരിയിലേക്ക് ഒരു പിക്നിക് സംഘടിപ്പിച്ചതാണ്. കടൽക്കരയിൽ കടലകൊറിച്ച് വാചകമടിച്ചിരിക്കുമ്പോൾ സഹപാഠിയും സാഹിത്യകാരനുമായ കെ.ജി. കാർത്തികേയൻ ഓടിവന്നുപറഞ്ഞു. "ലളിതാലെനിൻ പെട്ടെന്നുവരൂ. അതാ, ദൂരെ ബെഞ്ചിലിരിക്കുന്നു ജി.യും ഭാര്യയും" ലക്ഷദ്വീപിൽ നിന്ന് പഠിക്കാനെത്തിയ ആറ്റക്കോയയുടെ കൈപിടിച്ച് കാർത്തികേയൻ അതിവേഗത്തിൽ നടന്നു. ഞാനും മണലിലൂടെ ഓടിയും നടന്നും അവിടെയെത്തി. ജി യെ ആദ്യമായി കാണുകയാണ്. കവിതക്ക് സമ്മാനമായി എനിക്ക് സുകുമാർ അഴിക്കോട് മൂത്തകുന്നം ട്രെയിനിംഗ് കോളേജിൽവെച്ച് തന്നിരുന്ന ' ഓടക്കുഴൽ' ഞാൻ പലയാവർത്തി വായിച്ചിരുന്നു. 'ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു' എന്ന കൃതി വായിച്ചിട്ട് എനിക്കത്ര മനസ്സിലായതുമില്ല.

"ജി ക്ക് എന്നെ അറിയുമോ കാർത്തി"?, ഞാൻ ഓട്ടത്തിനടയിൽ

ചോദിച്ചു. "ഉവ്വെന്നേ!" ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം വായിച്ചിട്ടുണ്ടെന്ന് പറഞ്ഞു. കാണാൻ താല്പര്യമുണ്ട്. മാതൃഭൂമി ആഴ്ചപതിപ്പ് ഞാൻ നിരന്തരം എഴുതിയിരുന്ന കാലമായിരുന്നു അത്. അല്പം സമാശ്വാസത്തോടെ അദ്ദേഹത്തിന്റെ സവിധത്തിലെത്തി. വെളുത്തമുടിയും ചിരിയും കറുത്തഫ്രെയിമിന്റെ കണ്ണടയും ചിത്രത്തിൽ കാണുന്ന അതേ വിശുദ്ധിയോടെ സാകൂതം ഞങ്ങളെ നിരീക്ഷിക്കുന്ന പ്രിയതമക്കൊപ്പം ഇരിക്കുന്നു. സ്നേഹപൂർവ്വം അദ്ദേഹത്തിന്റെ കുശലാന്വേഷണങ്ങൾ എന്റെ കവിതകൾ ശ്രദ്ധിച്ചിട്ടുണ്ടത്രെ. കവിത കൈമോശം വരാതെ വളർത്തിയെടുക്കണമെന്ന് പറഞ്ഞു. സൂര്യൻ മടങ്ങിത്തുടങ്ങി തണുപ്പു വന്നപ്പോൾ അദ്ദേഹം എഴുന്നേറ്റു അപ്രതീക്ഷിതമായി ആറ്റക്കോയയുടെ തോളിൽ തൂങ്ങിക്കിടക്കുന്ന ക്യാമറ ചൂണ്ടി അദ്ദേഹം പറഞ്ഞു "വെളിച്ചം പോകും മുമ്പ് നമുക്കൊരുപടം എടുത്തുകൂടേ?", പരിഭ്രാന്തിയോടെ ആറ്റക്കോയ ക്യാമറ എടുത്തു. ഞങ്ങൾ നാലുപേരുടേയും ഫോട്ടോ എടുത്തുകഴിഞ്ഞപ്പോൾ നന്ദി പറഞ്ഞുകൊണ്ട് അവർ യാത്രയായി. സൗമ്യമായ ചിരിയോടെ ഒന്നുകൂടി പറഞ്ഞു. "ഫോട്ടോയുടെ ഒരു കോപ്പി എനിക്കും അയച്ചുതരൂ" ഒരു സ്വപ്നത്തിൽ നിന്നുണർന്നപോലെ നിറഞ്ഞ ഹൃദയത്തോടെ ഞാൻ സമ്മതംമൂളി.

തിരിച്ചുനടന്നപ്പോൾ എനിക്കുണ്ടായ സന്തോഷം കാർത്തിക്കും ആറ്റക്കോയക്കും കണ്ടില്ല. ഫിലിം തീർന്നോ എന്നൊരു സംശയമായിരുന്നു അവർക്ക്. ഫിലിം ചുരുട്ടി ചെപ്പിലേക്ക് മാറ്റുമ്പോൾ ആറ്റക്കോയ നിരാശയോടെ പറഞ്ഞു. "ഇല്ല, കിട്ടിയില്ല ഒരു ഫ്രെയിം ബാക്കിയുണ്ടെന്നാ കരുതീത്" എന്റെ മനസ്സിടിഞ്ഞ ആ നിമിഷത്തിന്റെ ചിത്രം എനിക്കൊരിക്കലും മറക്കാനാകില്ല.

ചോദ്യം 17. സ്ത്രൈണപക്ഷത്ത് നിന്നുകൊണ്ടാണ് ടീച്ചറുടെ കവിതകൾ ആദിമധ്യാന്തം ജാതി, മതം, വർഗ്ഗ, ലിംഗ വിഭാഗീയതകൾക്കെതിരെ പ്രതിബോധത്തെ രൂപപ്പെടുത്തുന്നത്. ഈ സമീപനത്തിലേയ്ക്ക് നയിച്ച സാമൂഹിക ഘടകങ്ങളെയൊന്ന് വിശദീകരിക്കാമോ ?

ഉത്തരം. പൂക്കളെയും പൂമ്പാറ്റകളെയും സ്നേഹിച്ചുനടന്ന ബാല്യം കഴിഞ്ഞ് മുതിർന്നപ്പോഴാണ് ഞാൻ ഇവിടെപ്പറഞ്ഞ ജാതി,മത, വർഗ്ഗ, ലിംഗ വ്യത്യാസങ്ങളെക്കുറിച്ച് ശ്രദ്ധിക്കാൻ തുടങ്ങിയത്. എന്റെ പ്രൊഫഷണൽ സബ്ജക്റ്റിന്റെ ഭാഗമായി ഇൻഫോർമേഷൻ സയൻസും എനിക്ക് ചില ഉൾക്കാഴ്ചകൾ നൽകി. പല വിഷയങ്ങളിലൂടെയും പരന്നുള്ള വായന ഒരുതരത്തിൽ അപൂർണ്ണമായിരുന്നു. മനുഷ്യന്റെ പെരുമാറ്റം, ഭാഷ, വാക്കിന്റെ സത്യം എന്നിവ അന്വേഷിക്കാൻ തുടങ്ങിയപ്പോഴാണ് 'നഗ്നത', 'വാക്കിന്റെ വരി' എന്നീ കവിതകൾ ഉണ്ടായത്. (ഇതേക്കുറിച്ച് ഇനിയും പറയാനുണ്ട് പിന്നെയാകട്ടെ)

ചോദ്യം 18. മലയാളകവിതയിൽ എക്കാലത്തും സ്ത്രീക്കും പ്രകൃതിക്കും വേണ്ടി ഒരു പ്രതിരോധത്തെ രൂപപ്പെടുത്തുന്ന പ്രത്യയശാസ്ത്രമായി പാരിസ്ഥിതിക സ്ത്രീവാദത്തെ വിവക്ഷിക്കുന്നുണ്ടോ?

ഉത്തരം. മലയാളകവിതയിൽ പാരിസ്ഥിതിക സ്ത്രീവാദത്തിന് തീർച്ചയായും പ്രാധാന്യമുണ്ട്. പക്ഷേ, അതൊരു പ്രത്യയശാസ്ത്രം മാത്രമായി നിലനിന്നാൽപോരല്ലോ. കമ്പോളവത്കരണത്തിന്റെയും കോർപ്പറേറ്റ് ചൂഷണത്തിന്റെയും പരിസ്ഥിതി നാശത്തിന്റെയും സ്ത്രീപീഡനത്തിന്റെയും ഭീകരതകൾ അഴിഞ്ഞാടുന്ന ഭ്രാന്തമായ കാലത്ത്, മതവർഗ്ഗീയത അതിന് ചുക്കാൻപിടിക്കുമ്പോൾ എങ്ങനെയാണത് കവിതയിലൂടെ പ്രായോഗികമാക്കുക?. പ്രത്യേകിച്ചും കവിത സത്യാനന്തരകാലത്തേക്ക് മുക്കുകുത്തിവീണ് ചരിത്രത്തെയും മാനവികതയെയും നിർവ്വികാരതയോടെ നോക്കിക്കാണുന്ന ഇക്കാലത്ത്.

ചോദ്യം 19. ടീച്ചറുടെ കവിതകളുടെ തുടർച്ചയെ എങ്ങിനെയാണ് ഇനി പ്രതീക്ഷിക്കേണ്ടത് ?

ഉത്തരം. എന്റെ കവിതകളുടെ തുടർച്ചകൾ ചിലനിമിഷങ്ങളിൽ പൊട്ടിവിരിയാറുണ്ടെങ്കിലും ഉത്തരവാദിത്വങ്ങളുടെയും സ്നേഹപ്പകർച്ചകളുടെയും കാര്യത്തിൽ വിട്ടുവീഴ്ചകാണിക്കാൻ സാധിക്കാത്ത എനിക്ക് അതൊന്നും വേണ്ടവിധത്തിൽ കവിതയാക്കാൻ സാധിക്കാറില്ല. ആരോഗ്യപ്രശ്നങ്ങളും

വേണ്ടത്രകൂടെയുണ്ട്. ആദ്യമൊക്കെ എഴുതാനാവാതെ വീർപ്പുമുട്ടിയിരുന്നു. ഇപ്പോൾ അതില്ല. ചെറുപ്പക്കാർ ഏറെയുണ്ട്. അവർ എഴുതട്ടെ. വളരെ കാലമായി മനസ്സിൽ സൂക്ഷിക്കുന്ന മറ്റു ചില എഴുത്തുമോഹങ്ങളുണ്ട്. ഇരുപത്തിനാലുമണിക്കൂറും എന്റെതല്ലെന്ന തോന്നലാണെനിക്ക് പിന്നെയെങ്ങിനെ അതൊക്കെ നടക്കാൻ.! പലയിടത്തു കുഴിക്കുമ്പോൾ വെള്ളം കാണുക പ്രയാസമാണല്ലോ...!